

തൃശ്ശൂർ സുവോളജിക്കൽ പാർക്ക്

വന്യജീവി സംരക്ഷണ ഗവേഷണ കേന്ദ്രം, പുത്തൂർ

പരിശ്രമ ഘട്ടങ്ങൾ

എം.പീതാംബരൻ മാസ്റ്റർ



ഫ്രണ്ട്സ് ഓഫ് സൂ | സർവ്വോദയ ദർശൻ

തൃശ്ശൂർ സുവോളജിക്കൽ പാർക്ക്

വന്യജീവി സംരക്ഷണ ഗവേഷണ കേന്ദ്രം

പുത്തൂർ

പരിശ്രമ ഘട്ടങ്ങൾ

Malayalam

THRISSUR ZOOLOGICAL PARK
VANYAJEEVI SAMRAKSHANA KENDRAM
PUTHUR
PARISHRAMAGHATTANGAL

By **M. Peethambaran Master**

First Edition : February 2026

© : Reserved

Published By :
SARVODAYA DARSHAN
THRISSUR
680751

Layout & Cover Design :
VINOD K VIJAYAN, Ph: 9539284375
Printed at :
TECHNO BIND
Chiyyaram,Thrissur
PRICE**: ₹ 400/-**

തൃശ്ശൂർ സുവോളജിക്കൽ പാർക്ക്

വന്യജീവി സംരക്ഷണ ഗവേഷണ കേന്ദ്രം

പുത്തൂർ

പരിശ്രമ ഘട്ടങ്ങൾ

എം.പീതാംബരൻ മാസ്റ്റർ

ഫ്രണ്ട്സ് ഓഫ് സൂ

സർവ്വോദയ ദർശൻ



എം. പീതാംബരൻ മാസ്റ്റർ

ജനനം: തൃശൂർ ജില്ലയിലെ പുത്തൂർ ഗ്രാമപഞ്ചായത്തിൽ. മാതാവ് മഠത്തിൽ ശാരദമ്മ. പിതാവ് കാരപ്പുറത്ത് രാമൻ നായർ.

പുത്തൂർ ഗവ: എൽ.പി. സ്കൂൾ, കുട്ടനെല്ലൂർ അഗസ്റ്റിൻ അക്കര ഹൈസ്കൂൾ, തൃശൂർ സെന്റ് തോമാസ് കോളേജ്, ഒറ്റപ്പാലം എൻ.എസ്. എസ് ട്രെയിനിങ്ങ് കോളേജ് എന്നിവിടങ്ങളിൽ പഠിച്ചു. കേരള സർവ്വോദയ മണ്ഡലം സംസ്ഥാന ജനറൽ സെക്രട്ടറി, കുടുംബശ്രീ, സ്ത്രീപദവി പഠനം, സാക്ഷരതാ മിഷൻ എന്നിവയുടെ റിസോഴ്സ് പേഴ്സൺ, സാമൂഹ്യശാസ്ത്ര കൗൺസിൽ, വിദ്യാരംഗം കലാസാഹിത്യവേദി, ഗാന്ധിദർശൻ എന്നിവയുടെ ജില്ലാ കൺവീനർ, പുത്തൂർ ഗ്രാമപഞ്ചായത്ത് ജനകീയാസൂത്രണസമിതി, കലാകേന്ദ്രം എന്നിവയുടെ കൺവീനർ, മാതൃഭൂമി പ്രാദേശിക ലേഖകൻ, കൈനൂർ സമരം, ലാലൂർ സമരം എന്നിവയുടെ സഹായസമിതി ജനറൽ കൺവീനർ, കുട്ടനെല്ലൂർ മദ്യവിരുദ്ധസമിതി രക്ഷാധികാരി, വിദ്യാർത്ഥി-യുവജനസംഘടനാ ജില്ലാ-സംസ്ഥാനഭാരവാഹി, കോളേജ് യൂണിയൻ കൗൺസിലർ, കേരളഗ്രന്ഥശാലസംഘം ജില്ലാ ഉപദേശകസമിതി അംഗം, സർവ്വോദയ ട്രസ്റ്റ് ചെയർമാൻ, നെഹ്രു യുവക് കേന്ദ്ര ജില്ലാ ഉപദേശക സമിതി അംഗം, സംസ്കാര വിദ്യാഭ്യാസ ഗവേഷണ കേന്ദ്രം ഡയറക്ടർ എന്നീ ചുമതലകൾ വഹിച്ചു.

മായന്നൂർ സെന്റ് തോമസ് ഹയർ സെക്കന്ററി സ്കൂൾ, മാന്ദാമംഗലം സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂൾ എന്നിവിടങ്ങളിൽ പ്രധാന അദ്ധ്യാപകനായിരുന്നു. 2019 മാർച്ചിൽ ഔദ്യോഗിക സേവനത്തിൽനിന്ന് വിരമിച്ചു. സർവ്വോദയ ദർശന്റെ ചെയർമാനും ഫ്രണ്ട്സ് ഓഫ് സൂ സെക്രട്ടറിയുമാണ്.

അവാർഡുകൾ : അദ്ധ്യാപനരംഗത്തെ സേവനങ്ങളെ പരിഗണിച്ചുകൊണ്ട് ദേശീയ അദ്ധ്യാപക പുരസ്കാരത്തിന് തെരഞ്ഞെടുക്കപ്പെട്ടു. 2014ലെ അദ്ധ്യാപകദിനത്തിൽ രാഷ്ട്രപതി പ്രണബ് മുഖർജി ദേശീയ അദ്ധ്യാപക അവാർഡ് സമ്മാനിച്ചു. കേന്ദ്ര മാനവശേഷി വികസനമന്ത്രാലയത്തിന്റെ ഭാഗമായ നെഹ്രു യുവകേന്ദ്രയുടെ യൂത്ത് അവാർഡ്(1994), യുവ സാംസ്കാരിക പ്രവർത്തകനുള്ള സാംസ്കാരിക സദസ്സ് അവാർഡ്(2000), സാമൂഹ്യപ്രവർത്തകനായ അദ്ധ്യാപകനുള്ള സഹൃദയവേദിയുടെ ജി.കെ. കുറുപ്പുമാസ്റ്റർ സ്മാരക അവാർഡ് (2002), ശ്രീനാരായണ സാഹിത്യപരിഷത്ത് ആദരം (2007), കണ്ണൂർ മഹാത്മാ സെന്റിനറി മെമ്മോറിയൽ സൊസൈറ്റി ഏർപ്പെടുത്തിയ ബാലകണ്ടി രാമുണ്ണിസ്മാരക സേവന അവാർഡ്, രാമുണ്ണി സേവന അവാർഡ് (2018), തൃശ്ശൂർ ആദരണീയം സാംസ്കാരിക പൗരാവലിയുടെ ആദരം (2025) എന്നീ പുരസ്കാരങ്ങൾ ലഭിച്ചു.

കൃതികൾ : സർവ്വമതസമഭാവം സർവ്വോദയവീക്ഷണം, എങ്ങനെ പഠിക്കണം; പരീക്ഷ എഴുതണം, ജനകീയ സമരങ്ങളും മുന്നേറ്റങ്ങളും ഗാന്ധിമാർഗ്ഗ സമീപനം, സ്വാമി വിവേകാനന്ദനും മഹാത്മാ ഗാന്ധിയും, സർവ്വോദയത്തിലേക്ക്, സർവ്വോദയം സാദ്ധ്യമാണ്, പഠനം ആനന്ദകരമാക്കാൻ, അർച്ചന (എഡിറ്റർ), സർവോദയ ചിന്തകൾ, തൃശ്ശൂർ സുവോളജിക്കൽ പാർക്ക് : പരിശ്രമ ഘട്ടങ്ങൾ (ഇ - ബുക്ക്, പ്രിന്റഡ്)

ഭാര്യ : പ്രസന്ന. വി. (നവജ്യോതി ബി.എഡ്. കോളേജ്, ഒളരിക്കര)

മക്കൾ : ഹരിപ്രസാദ്, കൃഷ്ണപ്രസാദ്

വിലാസം : പ്രസന്നം, സർവ്വോദയ നഗർ, ഇരവിമംഗലം പി.ഒ., തൃശൂർ - 680 751

ഫോൺ : 0487-2353576, 9446401576

ഇ-മെയിൽ: sarvodayapeethambaran@gmail.com

ആമുഖം



പ്രപഞ്ചത്തിലെ സർവ്വ ജീവജാലങ്ങളുടെയും ഉദയത്തെ അഥവാ പുരോഗതിയെ ലക്ഷ്യം വെക്കുന്നതാണ് മഹാത്മാഗാന്ധിയുടെ സർവ്വോദയ ദർശനം. എല്ലാ ജീവജാലങ്ങളിലും ഈശ്വര സാന്നിധ്യം ഉണ്ട് എന്ന നിത്യ സത്യമാണ് ഈ ദർശനത്തിന് അടിസ്ഥാനമായി നിലകൊള്ളുന്നത്. പക്ഷിമൃഗാദികളെ മനുഷ്യൻ ഇണക്കി വളർത്തുമ്പോഴും അവയെ സംരക്ഷിക്കുമ്പോഴും ഗവേഷണം നടത്തുമ്പോഴും പരമാവധി മെച്ചപ്പെട്ട ആവാസ സൗകര്യം ഏർപ്പെടുത്തുക എന്നത് മനുഷ്യന്റെ ഉത്തരവാദിത്വമാണ്.

തൃശൂർ മൃഗശാലയിൽ കേവലം പതിമൂന്നര ഏക്കറിൽ അഞ്ഞൂറോളം പക്ഷിമൃഗാദികൾ ഇടുങ്ങിയ കൂടുകളിൽ പ്രയാസപ്പെട്ടു കഴിയുകയായിരുന്നു. ഇവയെ കാടുകളിലേക്ക് തുറന്നു വിട്ടാലും അവർക്ക് അതിജീവിക്കാൻ സാധിക്കില്ല. ഇത്തരമൊരു സാഹചര്യത്തിൽ ജീവികൾക്ക് പരമാവധി മെച്ചപ്പെട്ട ആവാസ ഇടങ്ങൾ ഒരുക്കി കൊടുക്കേണ്ടത് മനുഷ്യന്റെ കടമയാണ്. പ്രസ്തുത തിരിച്ചറിവിൽനിന്നാണ് ഫ്രണ്ട്സ് ഓഫ് സൂ എന്ന അനൗപചാരിക സംവിധാനം രൂപംകൊണ്ടത്. മൃഗശാല ആധുനികവൽക്കരണത്തിനായി തുടങ്ങിവെച്ച ശ്രമങ്ങൾ, ക്രമേണ 336 ഏക്കർ വിസ്തൃതിയുള്ള തൃശ്ശൂർ സുവോളജിക്കൽ പാർക്ക്: വന്യജീവി സംരക്ഷണ – ഗവേഷണ കേന്ദ്രം എന്ന തലത്തിലേക്ക് വികസിക്കുകയായിരുന്നു.

ഫ്രണ്ട്സ് ഓഫ് സൂവിന്റെ നേതൃത്വത്തിൽ നാലു പതിറ്റാണ്ടുകാലത്തെ, സത്യഗ്രഹ സമാനമായ നിരന്തര പരിശ്രമങ്ങൾക്ക്, താങ്ങും തണലുമായി പൊതുസമൂഹം എപ്പോഴും കൂടെ നിന്നു. മൃഗശാല അധികൃതർ, ശാസ്ത്രജ്ഞർ, ഗവേഷകർ, വിദഗ്ധർ, ജനപ്രതിനിധികൾ, മന്ത്രിമാർ, മാധ്യമപ്രവർത്തകർ, നാട്ടുകാർ എന്നിവരെല്ലാം ഇതിലുൾപ്പെടുന്നു. ജനകീയ പരിശ്രമങ്ങളുടെ ഹ്രസ്വമായ രേഖപ്പെടുത്തലാണ് ഈ പുസ്തകം.

ലക്ഷ്യം നിസ്വാർത്ഥവും പരിശ്രമം നിരന്തരവും ആണെങ്കിൽ ഏത് പ്രതിസന്ധിയേയും മറികടക്കാൻ സാധിക്കും എന്ന സന്ദേശം ഈ ജനകീയ ദൗത്യം പൊതുസമൂഹത്തിന് നൽകുന്നുണ്ട്. ക്ഷമാപൂർണ്ണമായ പ്രവർത്തനങ്ങളിലൂടെ എത്ര വൈകിയാലും ലക്ഷ്യത്തിൽ എത്തുക തന്നെ ചെയ്യും എന്ന ഗുണപാഠവും സുവോളജിക്കൽ പാർക്കിനായുള്ള ജനകീയ പരിശ്രമങ്ങൾ നമുക്ക് നൽകുന്നു. ജനകീയ ജാഗ്രതയും ഇച്ഛാശക്തിയും കർമ്മോത്സുകതയും ഉണ്ടെങ്കിൽ സമൂഹത്തിൽ ഗുണകരമായ മാറ്റങ്ങൾ ഉണ്ടാക്കാൻ സാധിക്കുമെന്ന് ഈ ദൗത്യം നമ്മെ ഓർമ്മപ്പെടുത്തുന്നു.

മാതൃകാപരമായ ഈ സാമൂഹ്യ ദൗത്യം പുസ്തകരൂപത്തിൽ രേഖപ്പെടുത്തി വക്കുന്നത് വർത്തമാനകാല സമൂഹത്തിനും വരും തലമുറകൾക്കും ഗുണം ചെയ്യും എന്നതുകൊണ്ടാണ് സർവോദയ ദർശൻ ഈ പുസ്തകം പ്രസിദ്ധീകരിക്കുന്നത്. സുവോളജിക്കൽ പാർക്ക് യാഥാർഥ്യമാക്കാനുള്ള ജനകീയ ശ്രമങ്ങൾക്ക് ഒപ്പം നിന്ന എല്ലാവർക്കും ആത്മാർത്ഥമായ നന്ദി രേഖപ്പെടുത്തുന്നു.

വി. പ്രസന്ന
കൺവീനർ
സർവ്വോദയ ദർശൻ

പുത്തൂർ
5.11.2025



സംതൃപ്തിയോടെ ഫ്രണ്ട്സ് ഓഫ് സൂ

കഠിനമായ അദ്ധ്വാനത്തിന്റെയും, ശക്തമായ ഇച്ഛാശക്തിയുടെയും ഫലമാണ് തൃശ്ശൂർ സുവോളജിക്കൽ പാർക്ക് എന്ന് എടുത്തുപറയേണ്ടതുണ്ട്. അതൊരു സംഘടിത ശ്രമഫലമാണെന്ന് പറയാമെങ്കിലും അതിനു പിന്നിലെ മുഖ്യ പ്രേരകശക്തി ശ്രീ എം. പീതാംബരന്റേതാണെന്ന് അനുസ്മരിക്കാനാണ് എനിക്ക് തോന്നുന്നത്.

കേവലം ഒരു ആശയമായി പലരുടേയും മനസ്സുകളിൽ നിറഞ്ഞുനിന്നതാണ് മൃഗശാല കൂടുതൽ വിശാലമായ ഒരിടത്തേക്ക് മാറ്റണമെന്നത്. പലരും പലവിധത്തിൽ ഈ ആശയം പ്രകടിപ്പിക്കുകയുണ്ടായി. സി. അച്യുതമേനോൻ പഴയ മൃഗശാലയുടെ ശതാബ്ദി വേളയിൽ അത് ശക്തമായി അവതരിപ്പിച്ചു. അതിനു പിന്നാലെയാണ് ഏതാനും കൃഷ്ണമൃഗങ്ങളെ നായ്ക്കൾ കടിച്ചു കൊന്നതും, മഹാകവി വൈലോപ്പിള്ളി അതൊരു വിലാപകാവ്യമാക്കിയതും. ഈ രണ്ട് സംഭവങ്ങളും മൃഗശാല കൂടുതൽ വിശാലമായ ഒരിടത്തേക്ക് മാറ്റണമെന്ന ആവശ്യം ശക്തിപ്പെടുത്തി. അത് ഫ്രണ്ട്സ് ഓഫ് തൃശ്ശൂർ സൂ എന്ന ആശയത്തിന് വിത്തു പാകി. അതിന്റെ പ്രസിഡന്റ് ഞാനും, സെക്രട്ടറി സർവോദയ പ്രവർത്തകനായ എം. പീതാംബരനും ആയിരുന്നു. അതുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും നിധിപോലെ അദ്ദേഹം ശേഖരിച്ചുവച്ചതാണ് ഇപ്പോൾ ഇ - ബുക്ക് രൂപത്തിലും പുസ്തകമായും പ്രസിദ്ധീകൃതമാകുന്നത്. തൃശ്ശൂർ സുവോളജിക്കൽ പാർക്കിന്റെ ഉദ്ഘാടനം 2025 ഒക്ടോബർ 28ന് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ശ്രീ പിണറായി വിജയൻ നിർവ്വഹിച്ചതോടെ വ്യത്യസ്തമായ രൂപഭാവങ്ങളോടെയുള്ള പുതിയ മൃഗശാല പിറവിയെടുത്തു കഴിഞ്ഞു.

കേവലം 13.5 ഏക്കർ സ്ഥലത്ത്, തൃശ്ശൂർ ചെമ്പുക്കാവിൽ പ്രവർത്തിക്കുന്ന മൃഗശാലയാണ് 336 ഏക്കർ വിസ്തൃതിയുള്ള ആധുനിക മൃഗശാലയായി പുത്തൂരിൽ പിറക്കുന്നത്. മൃഗശാല ചെമ്പുക്കാവിൽ ആരംഭിക്കുന്നതിന് മുൻപ് വിയ്യൂർ പാർക്ക് എന്ന പേരിൽ വിയ്യൂർ സെൻട്രൽ ജയിലിനടുത്തായിരുന്നു

സ്ഥാപിതമായത്. സ്വാഭാവികമായും ഈ മാറ്റം കാലം ആവശ്യപ്പെടുന്നതാണ്. മൃഗങ്ങൾക്ക് വിശ്രമിക്കാനും വിഹരിക്കാനുമുള്ള ഇടങ്ങൾ, മൃഗാശുത്രി, ക്വാറന്റൈൻ സൗകര്യങ്ങൾ, സന്ദർശകർക്ക് നടന്നും, വാഹനങ്ങളിലും സഞ്ചരിക്കാനുള്ള സൗകര്യങ്ങൾ എന്നിവയെല്ലാം സുവോളജിക്കൽ പാർക്കിൽ ലഭ്യമാണ്.

ഇത് നമുക്കെല്ലാവർക്കും ആഘോഷിക്കാനുള്ള അവസരമാണ്. പുത്തൂർ എന്ന ഗ്രാമത്തിന് കൈയ്യടിച്ച് ആമോദിക്കാനും, സീമാതീതമായി വളരുവാനുമുള്ള അവസരം പ്രദാനം ചെയ്യുന്നു. ഭാവനാപൂർണ്ണമായ വസതി മാറ്റത്തിലൂടെ പുത്തൂർ പുഷ്കലമാകട്ടെ എന്ന് ആശംസിക്കുന്നു. ഈ വലിയ മാറ്റത്തിന്റെ ചാലകശക്തിയായിത്തീരാൻ ഞങ്ങളുടെ ഒരുകൈ സഹായവും ഉണ്ടല്ലോ എന്ന് അഭിമാനപൂർവ്വം അനുസ്മരിക്കട്ടെ!

പ്രൊഫ. ജോൺ സിറിയക്
പ്രസിഡന്റ്
ഫ്രണ്ട്സ് ഓഫ് സൂ

ഉള്ളടക്കം

ആമുഖം / 05

സംതൃപ്തിയോടെ ഫ്രണ്ട്സ് ഓഫ് സൂ / 07

സവിശേഷതകൾ / 13

ജനകീയ ഇച്ഛാശക്തിയുടെ സാഫല്യം / 15

വിയ്യൂർ പാർക്ക് മുതൽ സുവോളജിക്കൽ പാർക്ക് വരെ / 30

കൃഷ്ണമൃഗങ്ങൾ / 32

ആധുനികവൽക്കരണം എന്തുകൊണ്ട് / 36

ആധുനികവൽക്കരണം എങ്ങിനെ / 42

സാക്ഷ്യപത്രം / 49

സാമൂഹ്യ സാമ്പത്തിക സർവ്വേ റിപ്പോർട്ട് / 51

വി.വി. രാഘവൻ എം.പി.യുടെ നിർദ്ദേശങ്ങൾ / 54

ആധുനികവൽക്കരണത്തിന് അഞ്ചു ലക്ഷം / 59

വണ്ടല്ലൂർ മാതൃക പുത്തൂരിൽ / 63

രാഷ്ട്രപതിയുടെ പ്രഖ്യാപനം പ്രതീക്ഷിച്ച് / 67

സ്പെഷ്യൽ ഓഫീസറെ നിയമിക്കുന്നു / 73

വലഞ്ഞ് വിദഗ്ധസമിതി / 81

മൃഗങ്ങളുടെ ചോദ്യങ്ങൾ / 83

50 ഏക്കറിൽ ഒതുക്കാൻ ശ്രമം / 89

ബജറ്റിൽ തുകയില്ല / 90

വെള്ളിമൂങ്ങകൾ മോഷണം പോയി / 91

കേന്ദ്ര അനുമതി ലഭിച്ചെന്നും ഇല്ലെന്നും / 98

ഡൽഹിയിലെ കൂടിക്കാഴ്ച / 99

ജന്തുക്ഷേമ ദിനത്തിൽ ചർച്ചായോഗം / 100

വനംവകുപ്പിനെ ഏൽപ്പിക്കണം / 108

പുതിയ മന്ത്രിസഭ, പുതിയ നിർദ്ദേശം / 109

വനം വകുപ്പ് മന്ത്രിയുടെ സന്ദർശനം / 112

വനംവകുപ്പിനെ ഏൽപ്പിക്കാൻ നിവേദനം / 115

കേന്ദ്ര വിദഗ്ധ സമിതി സന്ദർശനം / 117

ആസ്ട്രേലിയൻ സൂ ഡിസൈനർ ജോൺ കോ വന്നു / 120

മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ ശില്പശാല / 121

മെമ്പർ സെക്രട്ടറി പുത്തൂരിൽ / 122

കേന്ദ്ര മൃഗശാല അതോറിറ്റിയുടെ അംഗീകാരം / 123

മാസ്റ്റർ ലേ ഔട്ട് / 128

നിർമ്മാണ ഉദ്ഘാടനം / 133

മുഖ്യമന്ത്രി യോഗം വിളിക്കുന്നു / 134

നിർമ്മാണം ആരംഭിച്ചു / 143

മറ്റു വൻകരയിലെ മൃഗങ്ങൾക്ക് 60 ഏക്കർ ഭൂമി / 144

ആവാസവ്യവസ്ഥയ്ക്ക് CZA അംഗീകാരം / 148

ആവാസവ്യവസ്ഥ ഇങ്ങനെ / 149

കേന്ദ്ര പൊതുമരാമത്ത് വകുപ്പിന് നിർമ്മാണ ചുമതല / 158

നന്ദി രേഖപ്പെടുത്തി വിദ്യാർത്ഥികൾ / 176

വിദ്യാർത്ഥികളുടെ നിർദ്ദേശങ്ങൾ / 180

ജലവിതരണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തണം / 184

രണ്ടാംഘട്ട നിർമാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നു / 188

അഭിമാന പദ്ധതി / 189

ഒന്നാം ഘട്ടം പൂർത്തിയാകുന്നു / 193

മയിലുകൾ പുത്തൂരിലേക്ക് / 197

വന്യജീവി വാരം ഉദ്ഘാടനം / 199

ആദ്യമെത്തിയത് വൈഗ എന്ന കടുവ / 203

മന്ത്രിമാരുടെ വിലയിരുത്തൽ / 204

വയനാട്ടിൽ നിന്ന് മറ്റൊരു കടുവ / 205

പക്ഷിമൃഗാദികളെ പുത്തൂരിലേക്ക് മാറ്റുന്നതിൽ

അനിശ്ചിതത്വം / 213

വിദഗ്ധപരിശോധന വേണം / 213

മുഴുവൻ സമയ ഡയറക്ടർ വേണം / 214

സുരക്ഷാ ഓഡിറ്റിംഗ് ആവശ്യം / 219

സുവോളജിക്കൽ പാർക്ക് യാഥാർത്ഥ്യമാകുന്നു / 224

ഡിജിറ്റൽ ബുക്കും വീഡിയോയും / 226

ആഹ്ളാദകരമായ അന്തരീക്ഷത്തിൽ

സുവോളജിക്കൽ പാർക്കിന്റെ ഉദ്ഘാടനം 235

ആദ്യ സന്ദർശകർ വൈലോപ്പിള്ളി

സ്മാരക വിദ്യാലയത്തിൽനിന്ന് / 236

ഗാന്ധിമാർഗ്ഗം ഫലപ്രദം,

സർവ്വോദയം പ്രായോഗികം / 237

നന്ദിപൂർവ്വം ഫ്രണ്ട്സ് ഓഫ് സൂ / 243

സുവോളജിക്കൽ പാർക്ക്: സന്തോഷവും സംതൃപ്തിയും

നന്ദി രേഖപ്പെടുത്തി ഫ്രണ്ട്സ് ഓഫ് സൂ / 260

പരിശ്രമ ഘട്ടങ്ങൾ - നാൾവഴികൾ / 261

തൃശ്ശൂർ സുവോളജിക്കൽ പാർക്കിന്റെ സവിശേഷതകൾ

✔ പതിമൂന്നര ഏക്കർ സ്ഥലത്ത് ഇടുങ്ങിയ കൂടുകളിൽ കഴിഞ്ഞിരുന്ന പക്ഷിമൃഗാദികൾക്ക് 336 ഏക്കറിൽ പരമാവധി മെച്ചപ്പെട്ട ആവാസസ്ഥാനം ലഭ്യമാകുന്നു.

✔ വന്യജീവി സംരക്ഷണ – ഗവേഷണ സാധ്യതകൾ.

✔ മാൻ സഫാരി, ഹോളോഗ്രാം സൂ, പെറ്റിങ്ങ് സൂ.

✔ 40 വർഷക്കാലത്തെ ജനകീയ ഇച്ഛാശക്തിയുടെ സാഫല്യം.

✔ സത്യാഗ്രഹ സമാനമായ നിരന്തര പരിശ്രമങ്ങൾ.





തൃശ്ശൂർ സുവോളജിക്കൽ പാർക്ക്

ജനകീയ ഇച്ഛാശക്തിയുടെ സാഫല്യം

സംതൃപ്തിയോടെ ഫ്രണ്ട്സ് ഓഫ് സൂ

'ഒരു രാജ്യത്ത് മൃഗങ്ങൾ എങ്ങനെ പരിപാലിക്കപ്പെടുന്നു
എന്നതിൽനിന്ന് രാജ്യത്തിന്റെ മഹത്വവും
ധാർമിക പുരോഗതിയും വിലയിരുത്താനാവും.'

- മഹാത്മാഗാന്ധി

കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനമായ തൃശ്ശൂർ പട്ടണത്തിലെ മൃഗശാലയിൽ നിന്നുകൊണ്ട് ഗാന്ധിജിയുടെ ഈ വാക്കുകൾ ഓർത്താൽ നാം സ്വയം അലിഞ്ഞ് ഇല്ലാതാകുമായിരുന്നു. തൃശ്ശൂർ മൃഗശാലയിലെ ഇടുങ്ങിയ കൂടുകളിൽ പക്ഷിമൃഗാദികൾ അനുഭവിച്ചിരുന്ന ദുരിതങ്ങൾ കാണുമ്പോൾ നമ്മുടെ എല്ലാ മഹത്വവും ധാർമികതയും ചോർന്നുപോകുമായിരുന്നു. വന്യമൃഗങ്ങളെ കൂട്ടിലടച്ച് ബുദ്ധിമുട്ടിക്കുന്നതിനോട് ഗാന്ധിമാർഗ്ഗ - സർവോദയ

മനസ്സുള്ളവർ ഒരിക്കലും അനുകൂലിക്കുന്നില്ല. മനുഷ്യരുടെ ആനന്ദത്തിനു വേണ്ടിയും ഗവേഷണങ്ങൾക്ക് വേണ്ടിയും മൃഗങ്ങളെ കൂട്ടിൽ അടക്കുമ്പോൾ അവയ്ക്ക് പരമാവധി മെച്ചപ്പെട്ട ആവാസ സംവിധാനം ഒരുക്കിക്കൊടുക്കേണ്ടത് മനുഷ്യന്റെ ഉത്തരവാദിത്വമാണ്.

ഇത്തരമൊരു ധാർമികതയുടെ അടിസ്ഥാനത്തിലാണ് തൃശ്ശൂർ മൃഗശാലയിൽ ഇടുങ്ങിയ കൂട്ടിലടയ്ക്കപ്പെട്ട മൃഗങ്ങൾക്ക് മെച്ചപ്പെട്ട ആവാസസ്ഥാനം ഉണ്ടാക്കിക്കൊടുക്കുന്നതിനെക്കുറിച്ചുള്ള ചിന്ത ഉണ്ടായത്. കൂട്ടിലടച്ച മൃഗങ്ങളെ പിന്നീട് കാട്ടിലേക്ക് തുറന്നു വിട്ടാൽ അവയ്ക്ക് അധികകാലം ജീവിക്കാനാകില്ല എന്ന തിരിച്ചറിവും ഇതിന്റെ പിന്നിൽ ഉണ്ടായിരുന്നു. തൃശ്ശൂർ മൃഗശാല വിപുലീകരിക്കണം എന്ന് കാലാകാലങ്ങളിൽ പ്രകൃതിസ്നേഹികളും മൃഗസ്നേഹികളും സാംസ്കാരിക പ്രവർത്തകരും എല്ലാം ആവശ്യപ്പെട്ടിരുന്നു.

സുവോളജിക്കൽ പാർക്ക് എന്ന ആശയം

തൃശൂർ മൃഗശാലയുടെ ശതാബ്ദി വേളയിൽ (1985) മൃഗശാലയിൽ ഏതാനും കൃഷ്ണമൃഗങ്ങൾക്ക് ജീവനാശമുണ്ടായി. കൃഷ്ണമൃഗങ്ങളുടെ വാസസ്ഥലത്തേക്ക് തെരുവുനായ്ക്കൾ കടന്നുകയറിയാണ് അപകടം സംഭവിച്ചത്. അക്കാലത്ത് മൃഗശാല സന്ദർശിക്കാറുണ്ടായിരുന്ന മഹാകവി വൈലോപ്പിള്ളി ശ്രീധരമേനോൻ ഈ സംഭവം അറിഞ്ഞു. അദ്ദേഹം തന്റെ ദുഃഖം കൃഷ്ണമൃഗങ്ങൾ എന്ന പേരിൽ ഒരു കവിതയാക്കി മാറ്റി. ആനുകാലികങ്ങളിൽ പ്രസിദ്ധീകരിക്കപ്പെട്ട ഈ കവിത ഏറെ ചർച്ച ചെയ്യപ്പെട്ടു. മൃഗശാല തൃശ്ശൂർ നഗരത്തിന് പുറത്തേക്ക്, കൂടുതൽ വിസ്തൃതമായ സ്ഥലത്തേക്ക് മാറ്റണമെന്ന ആവശ്യം ശക്തമായി.

പട്ടണത്തിന്റെ തിരക്കിനിടയിൽ കേവലം 13.5 ഏക്കർ സ്ഥലത്താണ് അഞ്ഞൂറിലേറെ പക്ഷിമൃഗാദികൾ ഇടുങ്ങിയ കൂടുകളിൽ നരകയാതന അനുഭവിച്ചിരുന്നത്. തൃശ്ശൂർക്കാരനായ മുൻ മുഖ്യമന്ത്രി ശ്രീ.സി. അച്യുതമേനോൻ, സാഹിത്യ നിരൂപകനായ ഡോ. സുകുമാർ അഴീക്കോട് എന്നിവർ ഈ വിഷയം പൊതുജനശ്രദ്ധയിൽ കൊണ്ടുവന്നു. ഈ സന്ദർഭത്തിലാണ് ഗാന്ധിമാർഗ്ഗ പ്രവർത്തകരും മൃഗസ്നേഹികളുമായ ഏതാനും വ്യക്തികൾ തൃശ്ശൂർ മൃഗശാലയിൽ എത്തി സുവോളജിക്കൽ പാർക്കിനായുള്ള ശ്രമങ്ങൾക്ക് പിന്തുണ അറിയിച്ചത്. ഇതേതുടർന്ന് അന്നത്തെ മൃഗശാല സൂപ്രണ്ടായിരുന്ന കെ. വി. രവീന്ദ്രൻ ഇതിനായുള്ള രേഖകൾ തയ്യാറാക്കി ബന്ധപ്പെട്ടവർക്ക് സമർപ്പിച്ചു. പരിശ്രമങ്ങൾക്ക് പിന്തുണ നൽകുന്നതിനുവേണ്ടി ഫ്രണ്ട്സ് ഓഫ് സൂ എന്ന

ഒരു അനൗപചാരിക സംഘടനയും രൂപീകരിച്ചു. ആദ്യകാലത്ത് ഫ്രണ്ട്സ് ഓഫ് സൂ യോഗങ്ങളിൽ ജില്ലാകളക്ടർമാരാണ് അധ്യക്ഷത വഹിച്ചിരുന്നത്. അതാതുകാലത്തെ ജില്ലാ കളക്ടർമാരുടെ സമ്പൂർണ്ണ പിന്തുണയോടു കൂടി മൃഗശാല ഉപദേശകസമിതിയുടെ സഹകരണത്തോടെ ഫ്രണ്ട്സ് ഓഫ് സൂ മൃഗശാല വിപുലീകരണത്തിന് വേണ്ടിയുള്ള പരിശ്രമങ്ങൾ ആരംഭിച്ചു.

ആഗോള മൃഗശാല നയം

1992ൽ വേൾഡ് സൂ കോൺസർവേഷൻ സ്ട്രാറ്റജി (World Zoo Conservation Strategy) എന്ന രേഖ ഐക്യരാഷ്ട്രസഭയുടെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടു. ഈ രേഖ പ്രകാരം ലോക ത്തെവിടെയുമുള്ള മൃഗശാലയിലെ ഓരോ മൃഗങ്ങൾക്കും ആവശ്യമായ ആവാസസ്ഥലം, വിസ്തൃതി എന്നിവ നിർണയിക്കപ്പെട്ടു. ആഗോളതലത്തിൽ അംഗീകരിച്ച പ്രസ്തുത രേഖ പ്രകാരം തൃശ്ശൂർ മൃഗശാലയുടെ വിസ്തൃതി ഒരിക്കലും പര്യാപ്തമായിരുന്നില്ല. 1995 നു മുമ്പ് നിർദിഷ്ട സൗകര്യങ്ങൾ ഒരുക്കിയില്ലെങ്കിൽ ആഗോളതലത്തിലും ദേശീയതലത്തിലും നൽകുന്ന അംഗീകാരവും സാമ്പത്തികസഹായങ്ങളും നഷ്ടപ്പെടുമെന്നും മുന്നറിയിപ്പ് ഉണ്ടായിരുന്നു. ഈയൊരു ഘട്ടത്തിലാണ് ഫ്രണ്ട്സ് ഓഫ് സൂ പ്രവർത്തനങ്ങൾ സജീവമാക്കിയത്.

ജനകീയ പ്രവർത്തനങ്ങൾ

ഫ്രണ്ട്സ് ഓഫ് സൂവിന്റെ അഭ്യർത്ഥന പ്രകാരം അന്നത്തെ തൃശ്ശൂർ ജില്ലാ കളക്ടറായിരുന്ന ജി. രാജീവ് സദാനന്ദന്റെ നേതൃത്വത്തിൽ ഇതിനായി പല ശ്രമങ്ങളും നടന്നു. തൃശ്ശൂർ മൃഗശാല ഉപദേശകസമിതി ചേർന്ന് പുതിയ സ്ഥലം കണ്ടെത്തുന്നതിനു വേണ്ടിയുള്ള ഒരു കമ്മിറ്റിക്കും രൂപം നൽകി. തൃശ്ശൂർ-രാമവർമ്മപുരം, പീച്ചി, പുത്തൂർ എന്നിവിടങ്ങളിലാണ് സ്ഥലങ്ങൾ കണ്ടെത്തിയത്. മറ്റ് രണ്ട് സ്ഥലങ്ങളിലും പ്രാദേശികമായി ജനങ്ങൾ താല്പര്യം പ്രകടിപ്പിച്ചില്ല. ഇപ്രകാരം പുത്തൂർ നിർദ്ദേശിക്കപ്പെട്ടു.

1994ൽ ശ്രീ. കെ.കരുണാകരൻ മുഖ്യമന്ത്രിയായിരുന്ന സമയത്താണ് മൃഗ ശാലാ മാറ്റത്തിന് നിർദേശം നൽകിയത്. അന്നത്തെ പുത്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം. ശങ്കരൻ കുട്ടിയുടെ നേതൃത്വത്തിലുള്ള ഭരണസമിതി നിർദ്ദേശത്തെ സ്വാഗതം ചെയ്തു. 1995 ൽ നിർദിഷ്ട പ്രദേശം ഉൾപ്പെടുന്ന കൈനൂർ ഈസ്റ്റ് ഗ്രാമസഭാ യോഗവും സുവോളജിക്കൽ പാർക്കിനെ സ്വാഗതം ചെയ്തു കൊണ്ടും എല്ലാവിധ സഹായസഹകരണങ്ങൾ വാഗ്ദാനം ചെയ്തുകൊണ്ടും

പ്രമേയങ്ങൾ പാസാക്കി ബന്ധപ്പെട്ടവരെ അറിയിച്ചു. 1997ലെ ജനകീയാസൂത്ര ണ വേളയിലും, ഗ്രാമസഭ മുതൽ ജില്ലാ വികസന സെമിനാർ വരെ ഇക്കാര്യം പ്രമേയമായി അവതരിപ്പിച്ച് പാസ്സാക്കി. നിർദിഷ്ഠ സ്ഥലത്ത് മൃഗശാലക്കായി അനുമതിക്ക് അപേക്ഷിക്കണം എങ്കിൽ സ്ഥല ത്തിന്റെ കോണ്ടൂർ ഭൂപടവും ചുറ്റുപാടുമുള്ള പ്രദേശത്തെ സാമൂഹ്യ-സാമ്പ ത്തിക സർവ്വേ റിപ്പോർട്ടും ആവശ്യമായിരുന്നു.

1995 മെയ് മാസം പതിനാറാം തീയതി ജില്ലാ കളക്ടർ രാജീവ് സദാനന്ദൻ ഐ.എ.എസ്.ന്റെ അധ്യക്ഷതയിൽ ചേർന്ന ഫ്രണ്ട്സ് ഓഫ് സൂവിന്റേയും മൃഗശാല അധികൃതരുടെയും സംയുക്ത യോഗത്തിൽ വച്ച് കോണ്ടൂർ സർ വേയും സാമൂഹ്യ സാമ്പത്തിക സ്ഥിതിവിവര സർവേയും ജനകീയമായി നടപ്പാക്കാൻ തീരുമാനിച്ചു. ഫ്രണ്ട്സ് ഓഫ് സൂ, പുത്തൂർ ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ എൻജിനീയറിങ് കോളേജിലെ സിവിൽ വിഭാഗം, സംസ്കാര വിദ്യാ ഭ്യാസ ഗവേഷണ കേന്ദ്രം, അളഗപ്പ ത്യാഗരാജ പോളിടെക്നിക് കമ്മ്യൂണിറ്റി വിഭാഗം എന്നിവരുടെ സംയുക്ത ശ്രമത്താൽ രണ്ട് പ്രവർത്തനങ്ങളും ജനകീ യമായി പൂർത്തീകരിച്ചു.

പ്രസ്തുത രേഖകൾ അന്നത്തെ സംസ്ഥാന സൂ ഡയറക്ടറായിരുന്ന സി. എസ്. യേലാക്കി ഐ.എഫ്.എസ്.ന് കൈമാറി. മൃഗശാല സൂപ്രണ്ട് കെ.വി. രവീ ന്ദ്രൻ, ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് ഭാരവാഹികളായ എം. ശങ്കരൻകുട്ടി, ജോണി ചിറയത്ത്, വി.വി.മുരളീധരൻ, ഫ്രണ്ട്സ് ഓഫ് സൂ ഭാരവാഹികളായ എം. പീതാംബരൻ മാസ്റ്റർ, പ്രൊഫ. ജോൺസ് സിറിയക്ക്, കെ.വി. അബ്ദുൽ അസീസ് പത്രപ്രവർത്തകനായ ബാലകൃഷ്ണൻ കുന്നമ്പത്ത് എന്നിവർ പ്രസ്തുത ചടങ്ങിൽ സംബന്ധിച്ചു.

സർവ്വേയുടെ ജനകീയ പ്രവർത്തനങ്ങൾക്ക് ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് ജോണി ചിറയത്ത്, വൈസ് പ്രസിഡന്റ് കെ.നന്ദൻ കുന്നത്ത്, സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ടി.കെ. ശ്രീനിവാസൻ, ഗ്രാമപഞ്ചായത്ത് അംഗങ്ങളായ ടി. പി.വാസു, വി.ആർ. രമേശ്, വി.വി.മുരളീധരൻ, വി.ഡി. സുരേഷ്, കെ.ആർ. ഉണ്ണി, ലത വിശ്വംഭരൻ, മോളി മാത്യു, പി.വി.ജോർജ്ജ്, മിനിമോൾ, കെ. ഭാർഗവി, ബേബി ഡേവിസ്, മുൻ പഞ്ചായത്ത് അംഗം കെ.പി.ഔസേപ്പ് (കണ്ണൂ ക്കാടൻ ഔസേപ്പുണ്ണി) പൊതുപ്രവർത്തകരായ ടി.ആർ.പ്രഭാകരൻ, ഷാജൻ തോട്ടുങ്ങൽ, കെ.കെ. അയ്യപ്പകുട്ടി, പി.ജി. ഷാജി, എം.അരവിന്ദാക്ഷൻ, രവി കാട്ടുങ്ങൽ, കെ.കെ. വേലായുധൻ കുട്ടി, മുരിയാടൻ രവീന്ദ്രൻ, കെ.എം. ശിവദാസൻ, താണ്ടാശ്ശേരി വിജയൻ, ഡോ.പി. ഉണ്ണികൃഷ്ണ വാര്യർ, സൈമൺ നെല്ലിശ്ശേരി, അളഗപ്പ പോളിടെക്നിക് പ്രതിനിധി കെ. രാധാ കൃഷ്ണൻ, കെ.ബി. ബിജി, വി.കെ. സോമശേഖരൻ, എം.ആർ. മാധവൻ മാസ്റ്റർ എന്നിവർ നേതൃത്വം നൽകി.

വകുപ്പുകൾ തമ്മിലുള്ള തർക്കം

ആധുനിക മൃഗശാലയ്ക്ക് നിർദ്ദേശിക്കപ്പെട്ട സ്ഥലം വനംവകുപ്പിന്റെ കീഴിലും, മൃഗശാല, സൂ ആൻഡ് മ്യൂസിയം വകുപ്പിന്റെ കീഴിലും ആയിരുന്നു. രണ്ടു വകുപ്പുകൾ തമ്മിലുള്ള തർക്കം ഉയർന്നുവന്നത് ഈ ഘട്ടത്തിലാണ്. മൃഗശാല ആധുനികവൽക്കരിക്കാൻ വനഭൂമി വിട്ടുകിട്ടണമെന്ന് മൃഗശാല വകുപ്പ് ആവശ്യപ്പെട്ടു. നിർദ്ദിഷ്ട ഭൂമി വനംവകുപ്പിന്റേതായതുകൊണ്ട് മൃഗശാല യുടെ നടത്തിപ്പ് വനംവകുപ്പിനെ ഏൽപ്പിക്കണമെന്ന് വനംവകുപ്പും ആവശ്യ പ്പെട്ടു. മറ്റൊരു വകുപ്പിനുവേണ്ടി വനഭൂമി കൈമാറുന്നത് വനേതര ആവശ്യ മായി വ്യാഖ്യാനിക്കപ്പെടും. നിലവിലുള്ള വന നിയമങ്ങൾ അനുസരിച്ച് അതിന് സാധിക്കില്ല നിയമപരമായി അംഗീകാരം കിട്ടാനും പ്രയാസമാണ്. കിട്ടുന്നു എങ്കിൽ തന്നെ തത്തുല്യമായ റവന്യൂഭൂമി വനംവകുപ്പിന് നൽകു കയും അത്രയും സ്ഥലത്ത് പുതിയ വനവൽക്കരണത്തിനായുള്ള പണം കൈമാറുകയും വേണം. പ്രസ്തുത പദ്ധതി വനംവകുപ്പിനെ ഏൽപ്പിക്കുകയാ ണെങ്കിൽ ഈ സാങ്കേതികത്വങ്ങൾ മറികടക്കാൻ സാധിക്കും എന്നാണ് വനംവകുപ്പ് വ്യക്തമാക്കിയത്. ഇ.കെ. നായനാർ മുഖ്യമന്ത്രിയും ടി.കെ. രാമ കൃഷ്ണൻ സാംസ്കാരിക വകുപ്പ് മന്ത്രിയും പി.ആർ. കുറുപ്പ് വനംവകുപ്പ് മന്ത്രിയും ആയിരുന്ന കാലഘട്ടത്തിൽ 1996ൽ മൃഗശാല ആധുനികവൽക്കരി ക്കാനുള്ള തീരുമാനം സർക്കാർ കൈക്കൊണ്ടു. ഇക്കാര്യം സാംസ്കാരിക വകുപ്പിന്റെ പ്രസിദ്ധീകരണത്തിൽ രേഖപ്പെടുത്തുകയും ചെയ്തു.

1997 ഒക്ടോബർ നാലാം തീയതി ജന്തുക്ഷേമ ദിനത്തിൽ തൃശ്ശൂരിൽ വിപുല മായ കൺവെൻഷൻ നടന്നു. മൃഗശാല ആധുനികവൽക്കരണം ത്വരിതപ്പെടു ത്തണം എന്ന ആവശ്യം ഉന്നയിച്ചുകൊണ്ടുള്ള ജനകീയ കൺവെൻഷൻ ആയിരുന്നു അത്. അന്നത്തെ ജില്ലാ കളക്ടർ ടിക്കാറാം മീണ ഐ.എ. എസ്. പ്രസ്തുത കൺവെൻഷനിൽ അധ്യക്ഷത വഹിച്ചു. തൃശ്ശൂർ പാർലമെന്റ് നിയോജകമണ്ഡലം എം.പി. വി.വി.രാഘവൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. സർവോദയ മണ്ഡലത്തിന്റെയും ഫ്രണ്ട്സ് ഓഫ് സൂ വിന്റെയും സെക്രട്ടറി യായ എം.പീതാംബരൻ മാസ്റ്റർ തുടർപ്രവർത്തനരേഖ അവതരിപ്പിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട അധികൃതരുമായി നിരന്തരം ബന്ധപ്പെട്ട് സുവോളജിക്കൽ പാർക്ക് എന്ന ആശയത്തെ സജീവമാക്കാൻ / യാഥാർത്ഥ്യമാക്കാൻ കൺവെൻഷൻ തീരുമാനമെടുത്തു.

വാർഡ്, ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നീ തലങ്ങളിലെല്ലാം സുവോളജിക്കൽ പാർക്ക് നിർമ്മാണം എത്രയും പെട്ടെന്ന് ആരംഭിക്കണമെന്ന് പ്രമേയങ്ങൾ പാസാക്കി. മാറിമാറി വരുന്ന

മന്ത്രിസഭകളെ ഓരോ കാലഘട്ടങ്ങളിലും അതുവരെയുള്ള കാര്യങ്ങൾ ബോധ്യപ്പെടുത്തി ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് ഫ്രണ്ട്സ് ഓഫ് സൂവിന്റെ ഭാരവാഹികൾ നിരന്തരം ശ്രമിച്ചുകൊണ്ടിരുന്നു.

ബദൽ ഭൂമി നൽകാനുള്ള ശ്രമങ്ങൾ

വി.എസ്. അച്യുതാനന്ദന്റെ നേതൃത്വത്തിലുള്ള സംസ്ഥാന മന്ത്രിസഭ 2006 അധികാരമേറ്റപ്പോൾ റവന്യൂ വകുപ്പ് മന്ത്രി ആയിരുന്നത് തൃശ്ശൂർ ജില്ലക്കാരൻ കൂടിയായ കെ.പി. രാജേന്ദ്രൻ ആയിരുന്നു. പുത്തൂരിൽ ആധുനിക മൃഗശാല സ്ഥാപിക്കുന്നതിനായി വളരെ താൽപര്യപൂർവം കെ. പി. രാജേന്ദ്രൻ പ്രവർത്തിച്ചു. റവന്യൂ വകുപ്പ് അഡീഷണൽ സെക്രട്ടറിയായിരുന്ന സി.രഘുവിനെ ഇതിനായി ചുമതലപ്പെടുത്തി. ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിൽ ബദൽ വനവൽക്കരണത്തിന് ആയുള്ള റവന്യൂ ഭൂമി കണ്ടെത്തി. എന്നാൽ അത് ഭൂമി വനംവകുപ്പിന്റെ ഭൂമി തന്നെയാണ് എന്ന് പറഞ്ഞുകൊണ്ട് നിരസിച്ചു.

2006 ഡിസംബർ ഇരുപതാം തീയതി കേരളപ്പിറവിയുടെ സുവർണജൂബിലി ആഘോഷങ്ങളുടെ സംസ്ഥാനതല സമാപന സമ്മേളനം തൃശ്ശൂർ തോപ്പ് സ്റ്റേഡിയത്തിൽ വെച്ച് രാഷ്ട്രപതി എ.പി.ജെ. അബ്ദുൽ കലാം ആണ് ഉദ്ഘാടനം ചെയ്തത്. പ്രസ്തുത യോഗത്തിൽ കേരളത്തിന്റെ ഏതാനും അഭിമാന പദ്ധതികളെക്കുറിച്ച് രാഷ്ട്രപതി പ്രഖ്യാപിക്കുമെന്ന് അറിയിപ്പുണ്ടായിരുന്നു. എന്നാൽ, തൃശ്ശൂർ സുവോളജിക്കൽ പാർക്ക് സംബന്ധിച്ച പ്രഖ്യാപനം പ്രസ്തുത യോഗത്തിൽ ഉണ്ടായില്ല.

2007 ഡിസംബർ 25-ാം തീയതി പുത്തൂരിൽ വിപുലമായ ഒരു യോഗം ചേർന്നു. ഭൂമി കൈമാറുന്നതിനും ബദൽ ഭൂമിയുടെ രേഖ കൈമാറാനും സുവോളജിക്കൽ പാർക്കിന്റെ പ്രഖ്യാപനത്തിനും വേണ്ടിയായിരുന്നു യോഗം നടന്നെങ്കിലും ഭൂമി കൈമാറ്റം നടന്നില്ല. 2010 ജൂലൈ അഞ്ചാം തീയതി പരിസ്ഥിതി ദിനത്തിൽ ആധുനിക മൃഗശാലയുടെ നിർമ്മാണ ഉദ്ഘാടനവും ചുറ്റുമതിലിന്റെ ശിലാസ്ഥാപനവും പുത്തൂരിൽ ചേർന്ന യോഗത്തിൽ വച്ച് മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ നിർവഹിച്ചു. എന്നാൽ വനംവകുപ്പ് സ്ഥലം വിട്ടുകൊടുക്കാത്തതിനാൽ നിർമ്മാണം നടന്നില്ല.

വനംവകുപ്പിനെ ഏൽപ്പിക്കണം

സുവോളജിക്കൽ പാർക്ക് യാഥാർത്ഥ്യമാകുന്നതിന് പ്രസ്തുത പ്രൊജക്റ്റ് വനംവകുപ്പിനെ ഏൽപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഫ്രണ്ട്സ് ഓഫ് സൂവിന്റെ നേതൃത്വത്തിൽ തൃശ്ശൂരിൽ ജനകീയ കൺവൻഷൻ സംഘടിപ്പിച്ചു.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.വി.ദാസൻ ഉദ്ഘാടനം ചെയ്തു. ഫ്രണ്ട്സ് ഓഫ് സൂ സെക്രട്ടറി എം.പീതാംബരൻ മാസ്റ്റർ അദ്ധ്യക്ഷത വഹിച്ചു. പുത്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് ജോണി ചിറയത്ത്, അഡ്വ.എൻ.കെ.ഗംഗാധരൻ, അഡ്വ.ടി.ഗോപകുമാർ, വി.വി.മുരളീധരൻ, പി.വി.ഗംഗാധരൻ മാസ്റ്റർ, പി.കെ. ശ്രീനിവാസൻ, കെ.വി.അബ്ദുൾ അസീസ്, ടി.കെ.വാസു, പ്രൊഫ. കെ.ബി. ഉണ്ണിത്താൻ, കെ.കെ.കുട്ടൻ, ജെയിംസ് മുട്ടിക്കൽ എന്നിവർ പ്രസംഗിച്ചു. കൺവൻഷനിൽ അംഗീകരിച്ച പ്രമേയം സംസ്ഥാനത്ത് പുതുതായി ചുമതല യേറ്റ സർക്കാരിന് നേരിട്ട് നൽകാനും സാമൂഹ്യ സമ്മർദ്ദം ശക്തമാക്കാനും തീരുമാനിച്ചു.

പുതിയ മന്ത്രിസഭ, പുതിയ തീരുമാനം

2011 ൽ ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായി അധികാരമേറ്റ ഉടൻ തന്നെ ഒല്ലൂർ എം.എൽ.എ.ആയി തെരഞ്ഞെടുക്കപ്പെട്ട എം.പി. വിൻസെന്റിന്റെ നേതൃത്വ ത്തിൽ ശരിയായ ദിശയിലുള്ള നീക്കങ്ങൾ ആരംഭിച്ചു. ഫ്രണ്ട്സ് ഓഫ് സൂവിന്റെ ഭാരവാഹികളുമായി അദ്ദേഹം വിശദമായ ചർച്ചകൾ നടത്തി പ്രവർത്തന രൂപരേഖ തയ്യാറാക്കി. വകുപ്പുകൾ തമ്മിലുള്ള തർക്കങ്ങൾ പരിഹരിക്കാൻ സുവോളജിക്കൽ പാർക്ക് നിർമ്മാണം വനംവകുപ്പിനെ ഏൽപ്പി ക്കാമെന്ന ഫ്രണ്ട്സ് ഓഫ് സൂ നിർദ്ദേശം എം.പി. വിൻസെന്റ് എം.എൽ.എ. മുഖ്യമന്ത്രി ഉമ്മൻചാണ്ടിക്ക് നിവേദനമായി നൽകി. മുഖ്യമന്ത്രിയായി സ്ഥാനമേറ്റ ശേഷം ഉമ്മൻചാണ്ടിക്ക് ലഭിക്കുന്ന ആദ്യ നിവേദനം ആയിരുന്നു അത്.

തൃശ്ശൂർ ജില്ലയിലെ മുഴുവൻ എം.എൽ.എ.മാരുടെയും ഒപ്പു ശേഖരിച്ചുകൊ ണ്ടാണ് എം.പി. വിൻസന്റ് എം.എൽ.എ മുഖ്യമന്ത്രിക്ക് നിവേദനം നൽകി യത്. പ്രസ്തുത കാര്യം സജീവമായി പരിഗണിക്കാമെന്നും പരിഹാരം കണ്ടെത്താ മെന്നും അതിന് ആവശ്യമായ ക്രമീകരണങ്ങൾ ഉണ്ടാക്കാമെന്നും മുഖ്യമന്ത്രി ഉറപ്പു നൽകി. 2011 ജൂലൈ എട്ടിന് മുഖ്യമന്ത്രി തിരുവനന്തപുരത്ത് യോഗം വിളിച്ചു. വനം വകുപ്പ് മന്ത്രി കെ.ബി. ഗണേഷ് കുമാർ മൃഗശാല വകുപ്പ് മന്ത്രി പി.കെ. ജയലക്ഷ്മി, സഹകരണ വകുപ്പ് മന്ത്രി സി.എൻ. ബാല കൃഷ്ണൻ, തേറമ്പിൽ രാമകൃഷ്ണൻ എം.എൽ.എ., എം.പി വിൻസെൻറ് എം.എൽ.എ., ഫ്രണ്ട്സ് ഓഫ് സൂ സെക്രട്ടറി എം. പീതാംബരൻ മാസ്റ്റർ, ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് ജോണി ചിറയത്ത്, ഒല്ലൂക്കര ബ്ലോക്ക് പഞ്ചാ യത്ത് പ്രസിഡന്റ് ടി.പി. ജോർജ്, പുത്തൂർ പഞ്ചായത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ടി.കെ. ശ്രീനിവാസൻ, വിവിധ വകുപ്പുകളുടെ സെക്രട്ടറിമാർ എന്നിവരും യോഗത്തിൽ പങ്കെടുത്തു.



തൃശ്ശൂർ സുവോളജിക്കൽ പാർക്കിന്റെ നടത്തിപ്പ് വനംവകുപ്പിനെ ഏൽപ്പിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് 2011ൽ തൃശ്ശൂരിൽ നടന്ന ജനകീയ കൺവെൻഷനിൽ ഫ്രണ്ട്സ് ഓഫ് സൂ സെക്രട്ടറി എം.പീതാംബരൻ മാസ്റ്റർ അദ്ധ്യക്ഷ പ്രസംഗം നടത്തുന്നു.

പുത്തൂരിലെ സുവോളജിക്കൽ പാർക്കിന്റെ നിർമ്മാണം വനംവകുപ്പിനെ ഏൽപ്പിക്കാൻ പ്രസ്തുത യോഗം തീരുമാനിച്ചു. നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് തൃശൂർ മൃഗശാലയിലെ മൃഗങ്ങളെ പുത്തൂർ സുവോളജിക്കൽ പാർക്കിലേക്ക് മാറ്റാനും മൃഗശാല വകുപ്പ് തീരുമാനമെടുത്തു. പ്രസ്തുത പ്രവർത്തനങ്ങൾക്കായി നോഡൽ ഓഫീസറായി സി. എസ്. യേലാക്കി ഐ. എഫ്. എസ്. നിയമിക്കപ്പെട്ടു. 2011 ജൂലായ് 25ന് വനം വകുപ്പ് മന്ത്രി കെ.ബി. ഗണേഷ് കുമാറും സ്പെഷൽ ഓഫീസർ സി.എസ്. യേലാക്കി എന്നിവർ പുത്തൂരിലെ നിർദ്ദിഷ്ട സ്ഥലം സന്ദർശിച്ചു. ഡിസംബർ 13ന് തൃശ്ശൂർ രാമനിലയത്തിൽ വച്ച് സുവോളജിക്കൽ പാർക്ക് സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കാൻ യോഗം ചേർന്നു. വനം വകുപ്പ് മന്ത്രി കെ.ബി. ഗണേഷ് കുമാർ, സഹകരണ വകുപ്പ് മന്ത്രി സി.എൻ. ബാലകൃഷ്ണൻ, എം.എൽ.എ.മാരായ അഡ്വ. തേറമ്പിൽ രാമകൃഷ്ണൻ, എം.പി. വിൻസെന്റ് എന്നിവർ പങ്കെടുത്തു. ഈ യോഗത്തിൽ സമർപ്പിക്കപ്പെട്ട നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തി മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ തീരുമാനിച്ചു.

ജോൺ കോ വരുന്നു

സുവോളജിക്കൽ പാർക്കിന് ആധുനികരീതിയിലുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് ലോകപ്രശസ്ത സൂ ഡിസൈനറായ ഓസ്ട്രേലിയൻ




തൃശ്ശൂർ സുവോളജിക്കൽ പാർക്കിന്റെ നടത്തിപ്പ് വനംവകുപ്പിനെ ഏൽപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഫ്രണ്ട്സ് ഓഫ് സൂ 2011ൽ തൃശ്ശൂരിൽ സംഘടിപ്പിച്ച ജനകീയ കൺവെൻഷൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.വി. ദാസൻ ഉദ്ഘാടനം ചെയ്യുന്നു

വിദഗ്ധൻ ജോൺ കോവിനെ കേരള സർക്കാർ ക്ഷണിച്ചു വരുത്തി. 2012 മാർച്ച് രണ്ടാം തീയതി ഓസ്ട്രേ ലിയൻ സൂ ഡിസൈനറും നിരവധി സുവോളജിക്കൽ പാർക്കുകൾക്ക് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയ വിദഗ്ധനുമായ ജോൺ ചാൾസ് കോ പുത്തൂരിലെ നിർദ്ദിഷ്ട സ്ഥലം സന്ദർശിച്ചു. അദ്ദേഹത്തിന്റെ കൂടി നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ആധുനിക കാലഘട്ടത്തിന് അനുയോജ്യമായ ഒരു മാസ്റ്റർ പ്ലാൻ രൂപകൽപ്പന ചെയ്തു. ജില്ലാ കളക്ടർ ഡോ. എം. എസ്. ജയ ഐ.എ.എസ്. പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകി. ആസ്ത്രേലിയയിലെ ജോൺ കോ ഡിസൈൻസ് എന്ന സ്ഥാപനവും, കൊച്ചിയിലെ ഐഡിയ ഡിസൈൻ എന്ന സ്ഥാപനവും സംയുക്തമായി മാസ്റ്റർ പ്ലാൻ മുതൽ സി.ഡി.ആർ വരെയുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. ഐഡിയ ഡിസൈനിലെ ബിലെ



ആസ്ട്രേലിയൻ സൂ ഡിസൈനർ ജോൺ ചാൾസ് കോ



തൃശ്ശൂർ സുവോളജിക്കൽ പാർക്കിന് വേണ്ടി ആസ്ത്രേലിയൻ സൂ ഡിസൈനർ ജോൺ ചാൾസ് കോ തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ

മേനോൻ, ചിത്ര ബിലെ മേനോൻ, ഫോറസ്ട്രി കോളേജിലെ പരിസ്ഥിതി-കാലാവസ്ഥാ വിഭാഗത്തിലെ പ്രൊഫ. ഡോ. പി.ഒ. നമീർ, ജോ. ജേക്കബ് ചീരൻ എന്നിവർ സജീവമായി പങ്കെടുത്തു. 2012 ജൂൺ എട്ടാം തീയതി കേന്ദ്ര മൃഗശാല അതോറിറ്റി (സെൻട്രൽ സൂ അതോറിറ്റി) മെമ്പർ സെക്രട്ടറി ബി. എസ്. ബോണാൾ നിർദ്ദിഷ്ട സ്ഥലം സന്ദർശിച്ചു. 2012 ഓഗസ്റ്റ് 28-ന് സുവോളജിക്കൽ പാർക്ക് മാസ്റ്റർ പ്ലാൻ സെൻട്രൽ സൂ അതോറിറ്റി അംഗീകാരം നൽകി. കേവലം ഒരു മൃഗശാല എന്നതിനുപരിയായി പശ്ചിമഘട്ട നിരകളിലെ വംശനാശം നേരിടുന്ന മൃഗങ്ങളുടെയും സസ്യങ്ങളുടെയും സംരക്ഷണത്തിനും ഗവേഷണത്തിനുള്ള ഒരു കേന്ദ്രം (കോൺസർവേഷൻ ആൻഡ് റിസർച്ച് സെൻറർ) എന്ന നിലക്കുള്ള പുതിയ മാസ്റ്റർ പ്ലാൻ അംഗീകരിച്ചു.

നിർമ്മാണ ഉദ്ഘാടനം

കേന്ദ്ര മൃഗശാല അതോറിറ്റി അംഗീകരിച്ച മാസ്റ്റർപ്ലാനിന്റെ അടിസ്ഥാനത്തിൽ നിർമാണപ്രവർത്തനങ്ങൾ ആരംഭിക്കാൻ വനംവകുപ്പ് തീരുമാനമെടുത്തു.



തൃശ്ശൂർ സുവോളജിക്കൽ പാർക്കിനായി തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ പുത്തൂരിലെ നിർദ്ദിഷ്ട സ്ഥലത്ത് വച്ച് വിലയിരുത്തുന്നു. ഓസ്ട്രേലിയൻ ഡിസൈനർ ജോൺ കോ, ജില്ലാ കളക്ടർ എം.എസ്.ജയ, ഫ്രണ്ട്സ് ഓഫ് സൂ സെക്രട്ടറി എം. പീതാംബരൻ മാസ്റ്റർ, പുത്തൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡൻറ് ജോണി ചിറയത്ത് എന്നിവർ സമീപം

ആയതിന്റെ ഔപചാരികമായ ഉദ്ഘാടനം 2013 മാർച്ച് 16ന് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി നിർവ്വഹിച്ചു. ഇതിന്റെ ഭാഗമായ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ നിർമ്മാണം നടത്തുന്നതിന് കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ചുമതലപ്പെടുത്തി. നിർമ്മാണപ്രവർത്തനങ്ങൾ തുടങ്ങിവച്ചു

സംസ്ഥാനത്തിന്റെ അഭിമാന പദ്ധതി

കേരള മുഖ്യമന്ത്രിയായി ശ്രീ പിണറായി വിജയൻ 2016ൽ അധികാരമേറ്റു. ഒല്ലൂർ നിയോജക മണ്ഡലം എം.എൽ.എ. ആയി തെരഞ്ഞെടുക്കപ്പെട്ടത് അഡ്വ. കെ. രാജൻ ആണ്. സുവോളജിക്കൽ പാർക്കിനെ സംബന്ധിച്ച നാളിതുവരെയുള്ള പരിശ്രമ ഘട്ടങ്ങളെക്കുറിച്ച് അദ്ദേഹത്തിനു ഫ്രണ്ട്സ് ഓഫ് സൂ വിശദമായി ധരിപ്പിച്ചു. എല്ലാ കാര്യങ്ങളും എഴുതിയെടുത്ത് ഭാവി പ്രവർത്തനങ്ങളെക്കുറിച്ച് ഒരു രൂപരേഖ തയ്യാറാക്കി അദ്ദേഹം വനം വകുപ്പ് മന്ത്രിയായ അഡ്വ.



തൃശ്ശൂർ സുവോളജിക്കൽ പാർക്കിനായുള്ള മാസ്റ്റർപ്ലാൻ അംഗീകാരത്തിനായി കേന്ദ്ര മൃഗശാല അതോറിറ്റിക്ക് സമർപ്പിച്ചതിനെ തുടർന്ന് കേന്ദ്ര മൃഗശാല അതോറിറ്റി മെമ്പർ സെക്രട്ടറി ബി.എസ്. ബോണാൾ പുത്തൂരിലെ നിർദ്ദിഷ്ട സ്ഥലം സന്ദർശിക്കുന്നു. ഒല്ലൂർ എം.എൽ.എ എം.പി.വിൻസെന്റ്, സ്പെഷ്യൽ ഓഫീസർ സി.എസ്. യേലാക്കി, ഫ്രണ്ട്സ് ഓഫ് സൂ സെക്രട്ടറി എം. പീതാംബരൻ മാസ്റ്റർ, പുത്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജോണി ചിറയത്ത്, വി.വി.മുരളീധരൻ എന്നിവർ ഒപ്പം

കെ. രാജുവിനോട് വിശദമായി സംസാരിച്ചു. സംസ്ഥാനത്തിന്റെ അഭിമാന പദ്ധതിയായി തൃശ്ശൂർ സുവോളജിക്കൽ പാർക്കിനെ പരിഗണിക്കാൻ തീരുമാനിച്ചു. ഇതനുസരിച്ച് മുൻഗണന നൽകുന്ന പദ്ധതികളിൽ ഒന്നായി (കിഫ്ബി ഫണ്ട് നൽകുന്ന പദ്ധതിയായി) സുവോളജിക്കൽ പാർക്ക് മാറി.

ഓരോ വർഷവും സംസ്ഥാന ബഡ്ജറ്റ് വഴി കിട്ടുന്ന അഞ്ചോ ആറോ കോടി രൂപ വച്ചുകൊണ്ട് ഇത്രയും വലിയ പ്രോജക്റ്റിന്റെ നിർമ്മാണപ്രവർത്തനങ്ങൾ കൊണ്ടുപോകുക ബുദ്ധിമുട്ടായിരുന്നു. കിഫ്ബി ഏറ്റെടുക്കുന്ന പദ്ധതികളിൽ സുവോളജിക്കൽ പാർക്ക് വന്നതോടു കൂടി ധന സംബന്ധമായ അനിശ്ചിതത്വങ്ങൾ നീങ്ങി. പുതിയ സ്പെഷൽ ഓഫീസറായി കെ.ജെ. വർഗീസ് നിയമിക്കപ്പെട്ടു. തുടർന്ന് അതിവേഗത്തിൽ നിർമാണപ്രവർത്തനങ്ങൾ പുരോഗമിച്ചു. പുതിയ ആവാസ ഇടങ്ങളുടെ നിർമ്മാണ ഉദ്ഘാടനം 2018 ഫെബ്രുവരി 15ന് വനം വകുപ്പ് മന്ത്രി അഡ്വക്കേറ്റ് കെ.രാജു നിർവഹിച്ചു. രണ്ടാംഘട്ട നിർമാണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം 2019 മാർച്ച് രണ്ടാം തീയതി പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് നിർവഹിച്ചു. ഒന്നാംഘട്ട നിർമ്മാണപ്രവർത്തനങ്ങളുടെ പൂർത്തീകരണ പ്രഖ്യാപനം 2021 ഫെബ്രുവരി 13ന് വനം വകുപ്പ് മന്ത്രി കെ.രാജു നിർവ്വഹിച്ചു.



ഫ്രണ്ട്സ് ഓഫ് സൂവിന്റെ അഭ്യർത്ഥനപ്രകാരം തൃശ്ശൂർ സുവോളജിക്കൽ പാർക്കിന്റെ നിർമ്മാണ പുരോഗതി വിലയിരുത്താൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടി തിരുവനന്തപുരത്ത് യോഗം വിളിച്ചപ്പോൾ. ഒല്ലൂർ എം.എൽ.എ.എം.പി. വിൻസെന്റ്, ഗ്രാമപഞ്ചായത്ത് പ്രസിഡൻറ്, ജോണി ചിറയത്ത്, ഫ്രണ്ട്സ് ഓഫ് സൂ സെക്രട്ടറി എം. പീതാംബരൻ മാസ്റ്റർ, ഡെപ്യൂട്ടി കളക്ടർ എ.പി.ബാലകൃഷ്ണൻ എന്നിവരും പങ്കെടുത്തു

2021ൽ പുതുതായി അധികാരത്തിൽ വന്ന കേരള മന്ത്രിസഭയിൽ മുഖ്യ മന്ത്രിയായി പിണറായി വിജയൻ തന്നെ തുടർന്നു. വനം വകുപ്പ് മന്ത്രിയായി എ.കെ. ശശീന്ദ്രനും റവന്യൂ വകുപ്പ് മന്ത്രിയായി ഒല്ലൂരിന്റെ പ്രതിനിധി അഡ്വ. കെ. രാജനും നിയോഗിക്കപ്പെട്ടു. സുവോളജിക്കൽ പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങളെ കൂടുതൽ സജീവമാക്കാൻ ഇത് സഹായിച്ചു. 2023 ഒക്ടോബർ രണ്ടാം തീയതി, ഗാന്ധിജയന്തി ദിനത്തിൽ, സംസ്ഥാന വന്യജീവി വാരാ



തൃശ്ശൂർ സുവോളജിക്കൽ പാർക്കിന്റെ ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തിയിരുന്ന കേരള സംസ്ഥാന പോലീസ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ മാനേജിങ് ഡയറക്ടർ ഡോ. അലക്സാണ്ടർ ജേക്കബ് ഐ.പി.എസ്. പുത്തൂരിലെ നിർദ്ദിഷ്ട സ്ഥലം സന്ദർശിക്കുന്നു. ഫ്രണ്ട്സ് ഓഫ് സൂ സെക്രട്ടറി എം.പീതാംബരൻ മാസ്റ്റർ, വനംവകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ സമീപം



തൃശ്ശൂർ സുവോളജിക്കൽ പാർക്കിൽ ഹോളോഗ്രാം സൂവിന്റെ നിർമ്മാണ ഉദ്ഘാടനം സംസ്ഥാന റവന്യൂ വകുപ്പ് മന്ത്രി അഡ്വ. കെ.രാജൻ നിർവഹിച്ചപ്പോൾ. സുവോളജിക്കൽ പാർക്ക് സ്പെഷൽ ഓഫീസർ കെ.ജെ.വർഗ്ഗീസ് ഐ.എഫ്.എസ്., ഡയറക്ടർ ബി.എൻ.നാഗ രാജ ഐ.എഫ്.എസ്., പുത്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് മിനി ഉണ്ണികൃഷ്ണൻ ഫ്രണ്ട്സ് ഓഫ് സൂ സെക്രട്ടറി എം.പീതാംബരൻ മാസ്റ്റർ എന്നിവർ സമീപം

ഘോഷങ്ങളുടെ ഉദ്ഘാടനം പുത്തൂർ സുവോളജിക്കൽ പാർക്കിലാണ് നട ന്നത്. പ്രസ്തുത ദിനത്തിൽ തന്നെ തൃശൂർ മൃഗശാലയിൽ നിന്ന് ആദ്യമായി മയിലുകളെ തൃശ്ശൂർ സുവോളജിക്കൽ പാർക്കിൽ സജ്ജമാക്കിയ ആവാസ സ്ഥലത്തേക്ക് തുറന്നുവിട്ടു. തൃശൂർ മൃഗശാലയിൽ നിന്നും പുത്തൂർ സുവോളജിക്കൽ പാർക്കിലേക്കുള്ള പക്ഷിമൃഗാദികളുടെ മാറ്റം ഔപചാരി കമായി ആരംഭിച്ചു ഇതിനിടക്ക് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് യാദൃശ്ചികമായി പിടിക്കപ്പെട്ട ഏതാനും കടുവകളും പുള്ളി പ്പുലിയും പുത്തൂർ സുവോളജിക്കൽ പാർക്കിൽ ചികിത്സക്കും കരുതൽ വാസ ത്തിനുമായി എത്തി. 60 മാനുകൾക്കാണു സുവോളജിക്കൽ പാർക്കിൽ ആവാസ ഇടം ഉള്ളത്. ബാക്കിയുള്ള മാനുകളെ ഉൾപ്പെടുത്തിക്കൊണ്ട് സുവോളജിക്കൽ പാർക്കിനോട് ചേർന്നുതന്നെ ഒരു മാൻ സഫാരി പാർക്കും തയ്യാറാക്കാൻ തീരുമാനം ആയി. ഇതിന്റെ നിർമ്മാണ ഉദ്ഘാടനം 2025 ഓഗസ്റ്റ് പത്തിന് റവന്യൂ വകുപ്പ് മന്ത്രി അഡ്വ.കെ. രാജൻ നിർവഹിച്ചു.

സുവോളജിക്കൽ പാർക്കിൽ തന്നെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലെ മൃഗങ്ങളെ ഡിജിറ്റൽ സാങ്കേതിക വിദ്യ ഉപയോഗിച്ച് അടുത്ത് കാണാൻ സാധി ക്കുന്ന വിധത്തിൽ ഒരു ഹോളോഗ്രാം സൂ വും പെറ്റിംഗ് സൂവും തയ്യാറാക്കു ന്നുണ്ട്. തൃശ്ശൂർ സുവോളജിക്കൽ പാർക്കിന്റെ ഔപചാരികമായ ഉദ്ഘാടനം

ജോൺ കോയുടെ ആശയം; കിഫ്ബിയുടെ സഹായം

തൃശ്ശൂർ▸ നിർമാണം മുഴുവൻ പൂർത്തീകരിച്ച് പാർക്ക് തുറക്കുംമുമ്പേ തന്നെ പ്രശസ്ത ആസ്ട്രേലിയൻ സൂ ഡിസൈനറായ ജോൺകോയുടെ ആശയത്തിൽ പുത്തൂരിൽ യാഥാർഥ്യമാകുന്ന സുവോളജിക്കൽ പാർക്ക് ഇതിനകം രാജ്യാന്തരശ്രദ്ധ നേടിക്കഴിഞ്ഞു. ജോൺ കോ പുത്തൂരിലെത്തിയാണ് ഡിസൈൻ തയ്യാറാക്കിയത്. വിവിധ സംസ്ഥാനങ്ങളിലെ മൃഗശാലാ അധികൃതരാണ് ഇവിടെയെത്തുന്നത്.

വനത്തിന്റെ പശ്ചാത്തലത്തിൽ കുന്നും മലകളും പച്ചപ്പും നിറഞ്ഞ ഭൂപ്രകൃതിയാണ് പുത്തൂർ പാർക്കിന്റെ സവിശേഷത. 20 വർഷത്തെ സംസ്ഥാന ബജറ്റുകളിൽനിന്ന് മാത്രം ലഭിച്ച 40 കോടി മാത്രം ഉപയോഗിച്ച് ഇഴഞ്ഞും കിതച്ചും നീങ്ങിയ പദ്ധതിക്ക് ജീവൻ വെച്ചത് 2018-ലാണ്. സ്ഥലം എം.എൽ.എ.യായ കെ. രാജൻ ഗവ. ചീഫ് വിപ്പായ കാലത്താണ് കിഫ്ബി വഴി 269 കോടി രൂപ ലഭ്യമാക്കിയത്. പിന്നീട് നിർമാണം വേഗത്തിലായി.

ഇതിനിടെയുണ്ടായ പ്രളയവും മഹാമാരിയും പ്രതിസന്ധിയുണ്ടാക്കിയെങ്കിലും രണ്ടു വർഷം മുമ്പുതന്നെ ഒന്നാം ഘട്ടം പൂർത്തീകരിച്ചു. ഈ മാസത്തിൽത്തന്നെ രണ്ടാംഘട്ട നിർമാണവും കഴിയും. പുത്തൂർ സുവോളജിക്കൽ പാർക്ക് യാഥാർഥ്യമാക്കി പെൺകടുവയെ കൊണ്ടുവന്ന സാഹചര്യത്തിൽ ഇതിനുവേണ്ടി പ്രവർത്തിച്ചവരോട് സന്തോഷം രേഖപ്പെടുത്തുന്നതായി ഫ്രണ്ട്സ് ഓഫ് സൂ സെക്രട്ടറി എം. പീതാംബരൻ പറഞ്ഞു.

2025 ഒക്ടോബർ 28ന് ചൊവ്വാഴ്ച മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കുന്നു. മൂന്നര ദശാബ്ദമായി തളരാതെ തുടരുന്ന ഇച്ഛാശക്തിയോടു കൂടിയ ജനകീയ പ്രവർത്തനങ്ങളുടെ ഫലം കൂടിയാണ് ഇപ്പോൾ യാഥാർത്ഥ്യമാകുന്ന തൃശ്ശൂർ സുവോളജിക്കൽ പാർക്ക്: വന്യജീവി സംരക്ഷണ - ഗവേഷണ കേന്ദ്രം, പുത്തൂർ.

വിയ്യൂർ പാർക്ക് മുതൽ സുവോളജിക്കൽ പാർക്ക് വരെ

തൃശ്ശൂർ സുവോളജിക്കൽ പാർക്ക് : വന്യജീവിസംരക്ഷണ ഗവേഷണകേന്ദ്രം പുത്തൂർ - എന്ന വിപുലമായ സ്ഥാപനത്തിന്റെ ഔപചാരികമായ ഉദ്ഘാടനം 2025 ഒക്ടോബർ 28-ാം തിയതി ചൊവ്വാഴ്ച നടക്കുകയാണ്. തൃശ്ശൂർ മൃഗശാലയിലെ പക്ഷിമൃഗാദികൾ കൂടുതൽ മെച്ചപ്പെട്ട ആവാസ ഇടങ്ങളിലേക്ക് മാറുകയാണ്. കേവലം പതിമൂന്നര ഏക്കർ സ്ഥലത്ത് തൃശ്ശൂർ ചെമ്പൂക്കാവിൽ പ്രവർത്തിച്ചിരുന്ന മൃഗശാലയാണ് ഇപ്പോൾ 336 ഏക്കർ വിസ്തൃതി വരുന്ന പുത്തൂരിലേക്ക് മാറുന്നത്. പക്ഷിമൃഗാദികൾക്കും ഇതനുസരിച്ചുള്ള പരമാവധി മെച്ചപ്പെട്ട ആവാസ ഇടങ്ങൾ ലഭ്യമാകുന്നു എന്നതാണ് പ്രധാന ആശ്വാസം. തൃശ്ശൂർ മൃഗശാല ആദ്യമായി ആരംഭിച്ചത് വിയ്യൂരിലാണ്. 1885ൽ. ഇപ്പോൾ ജയിൽ സ്ഥിതിചെയ്യുന്ന സ്ഥലത്തിന് സമീപം വിയ്യൂർ പാർക്ക് എന്ന പേരിലാണ് പ്രസ്തുത മൃഗശാല ആരംഭിക്കുന്നത്. കൊച്ചി രാജകുടുംബാംഗങ്ങളുടെ വിനോദത്തിന് വേണ്ടിയായിരുന്നു ഇത്തരം ഒരു പാർക്ക് ആരംഭിച്ചത്.

പിന്നീട് പൊതുജനങ്ങൾക്കും സന്ദർശന അനുമതി ലഭിക്കുകയായിരുന്നു. കൊച്ചി രാജാവായിരുന്ന രാമവർമ്മ (14)ന്റെ കാലഘട്ടത്തിൽ അന്നത്തെ ദിവാൻ പേഷ്കാർ ശങ്കരയ്യർ മുൻകൈയെടുത്താണ് വിയ്യൂരിൽ വിയ്യൂർ പാർക്ക് ആരംഭിക്കുന്നത്. പിന്നീട് രാമവർമ്മ (15) ന്റെ കാലഘട്ടത്തിൽ ആക്ടിങ് ദിവാനായിരുന്ന കെ. നാരായണൻ മാരാർ മുൻകൈയ്യെടുത്ത് വിയ്യൂരിലെ മൃഗശാല 1913-14 ൽ തൃശൂരിലെ ചെമ്പൂക്കാവിലേക്ക് മാറ്റുകയായിരുന്നു

രാമവർമ്മ മഹാരാജാവിനെ ഭരണകാര്യങ്ങളിൽ പരിപൂർണമായും സഹായിച്ചിരുന്ന അദ്ദേഹത്തിന്റെ സഹധർമ്മിണി പാറുക്കുട്ടി നേത്യാരമ്മയുടെ പ്രത്യേക ശ്രദ്ധയും ഈ മൃഗശാലയുടെ ആദ്യകാല വളർച്ചയിൽ ഉണ്ടായിരുന്നു. വിയ്യൂർ പാർക്ക് സ്ഥാപിച്ചതിനുശേഷം 140 വർഷം പിന്നിടുമ്പോഴാണ് തൃശ്ശൂർ സുവോളജിക്കൽ പാർക്കായി അത് വികസിക്കുന്നത്. മൃഗപരിപാലനം, സംരക്ഷണം, ഗവേഷണം എന്നീ കാര്യങ്ങളിലെല്ലാം കാലാനുസൃതമായ നിരവധി മാറ്റങ്ങൾ വന്നുകഴിഞ്ഞു. ആധുനിക സങ്കല്പങ്ങൾക്ക് അനുസൃത

മായാണ് പുത്തൂരിലെ സുവോളജിക്കൽ പാർക്ക് സജ്ജമാക്കിയിട്ടുള്ളത്. മൃഗങ്ങൾക്ക് മെച്ചപ്പെട്ട ആവാസസ്ഥാനം, പരമാവധി തുറന്ന സ്ഥലങ്ങളിൽ വിശ്രമിക്കാനുള്ള ഇടങ്ങൾ, വിഹരിക്കാനും വിശ്രമിക്കാനുള്ള ഇടങ്ങൾ, മൃഗാശുപത്രി, ക്വാറന്റൈൻ സൗകര്യങ്ങൾ, സന്ദർശകർക്ക് നടന്നും വാഹനങ്ങളിലും മൃഗങ്ങളെ കാണാനുള്ള സൗകര്യം എന്നിവയെല്ലാം ഒരുക്കുന്നു. പഠന – ഗവേഷണത്തിനും ഇടമുണ്ട്. മൃഗങ്ങളുടെ ക്ഷേമത്തിനാണ് ഇവിടെ മുൻഗണന നൽകുന്നത്. ഓരോ ഇനം മൃഗങ്ങൾക്കും അവയ്ക്ക് അനുകൂലമായ ആവാസ സൗകര്യങ്ങൾ വളർത്തി എടുക്കുന്നതിനുള്ള പ്രത്യേക ശ്രദ്ധയും കൊടുക്കുന്നുണ്ട്. സുവോളജിക്കൽ പാർക്കിന് അനുബന്ധമായി സഫാരി പാർക്ക്, ഹോളോഗ്രാം സൂ, പെറ്റ് സൂ എന്നിവയും തയ്യാറായി വരുന്നു.

ശതാബ്ദി വേളയിൽ ഉയർന്നുവന്ന ആവശ്യം

1985 തൃശൂർ മൃഗശാലയുടെ ശതാബ്ദിയോട് അനുബന്ധമായി ഒരു വർഷക്കാലം (1985-86) നീണ്ടുനിൽക്കുന്ന പരിപാടികൾ ആസൂത്രണം ചെയ്യുകയുണ്ടായി.ശതാബ്ദി നാളുകളിൽ മൃഗശാലയിൽ ഉണ്ടായ ഒരു ദുരന്തമാണ് കൂടുതൽ മെച്ചപ്പെട്ട മൃഗശാല എന്ന ആശയത്തിനും ആവശ്യത്തിനും വഴിവച്ചത്. പുറത്ത് നിന്നും വന്ന ഏതാനും നായ്ക്കൾ മൃഗശാലയിലെ മാനുകളെ ആക്രമിച്ചു. ഏതാനും മാനുകൾക്ക് ജീവൻ നഷ്ടപ്പെട്ടു. ഇത് അക്കാലത്ത് ഏറെ ചർച്ചചെയ്യപ്പെട്ട കാര്യമായി മാറി. തൃശ്ശൂരിൽ സ്ഥിര താമസക്കാരനും മൃഗശാലയിൽ സന്ദർശകനുമായിരുന്ന മഹാകവി വൈലോപ്പിള്ളി ശ്രീധരമേനോന് ഈ സംഭവം വളരെ ഏറെ വേദനിപ്പിച്ചു. ശതാബ്ദി വേളയിൽ ശാലയിൽ കൃഷ്ണമൃഗങ്ങളുടെ മരണത്തെക്കുറിച്ച് അദ്ദേഹം ഒരു കവിത തയ്യാറാക്കി. 'കൃഷ്ണമൃഗങ്ങൾ' എന്നാണ് ആ കവിതയ്ക്ക് കൊടുത്ത പേര്. പ്രസ്തുത കവിത അക്കാലത്തെ ആനുകാലികങ്ങളിൽ വളരെ പ്രാധാന്യത്തോടെ പ്രസിദ്ധീകരിക്കപ്പെടുകയും ചെയ്തു.ഈ കവിത സാംസ്കാരിക മണ്ഡലത്തിൽ ഏറെ ചർച്ച ചെയ്യപ്പെട്ടു.

തൃശ്ശൂർ മൃഗശാലയിലെ സ്ഥലപരിമിതികളെ കുറിച്ചും സുരക്ഷാ കുറവിനെ കുറിച്ചുമെല്ലാം പൊതുജന ജാഗ്രത ഉണ്ടാകാൻ ഇടയായി. കൂടുതൽ മെച്ചപ്പെട്ട സൗകര്യം ഉള്ള വിസ്തൃതമായ സ്ഥലത്തേക്ക് മൃഗശാല മാറ്റേണ്ടത് അനിവാര്യമാണ് എന്ന് എല്ലാവരും അഭിപ്രായപ്പെട്ടു. തൃശ്ശൂരിലെ സാംസ്കാരിക രംഗത്ത് വളരെ സജീവമായിരുന്ന മുൻമുഖ്യമന്ത്രി സി. അച്യുതമേനോനും ആവശ്യം ഉന്നയിക്കുകയും ഉത്തരവാദിത്തപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തു. പിന്നീട് ഡോ. സുകുമാർ അഴീക്കോട് ഉൾപ്പെടെയുള്ള സാംസ്കാരികനേതൃത്വവും ഇക്കാര്യത്തിൽ ശ്രദ്ധ ക്ഷണിച്ചു.



കൃഷ്ണമൃഗങ്ങൾ

നീലയും മഞ്ഞയും ചോപ്പുമാം ബൗംബുകൾ
മാലയായ് നീളേ നിരന്നുകത്തി
പാതയിൽ മേൽവശം, മ്യൂസിയം തൊട്ടിങ്ങു
പാറമേക്കാവിൻ നടയിലോളം.
മ്യൂസിയം ഗെയ്റ്റു, മക്കാദമി ഗെയ്റ്റു മുദ്-
ഭാസിതമുന്നത തോരണത്താൽ
മുത്തുപോലാം വർണ ബൗംബുകൾ ചിമ്മുന്നു.
കത്തുന്നു, ചിമ്മുന്നു, തോരണത്തിൽ.
ചിത്രിത, മാർച്ചിന്റെ നെറ്റിമേലക്ഷര-
മിത്രമാത്രം,"വന്യപ്രാണിവാരം".
നൻമൃഗശാലയ്ക്കും കാഴ്ചബംഗ്ലാവിനു-
മിന്നഗരത്തിൽ ശതാബ്ദിയായി.
മേയ്മാസമല്ലയോ? മാനവർക്കുത്സവം,
ആ മാതിരിക്കൊരുല്ലാസ വാരം
സ്ഥായിയിൽ നാം വന്യജന്തു സഹോദരർ-
ക്കായി നടത്തുവതെത്ര യുക്തം!
മുത്തുകൾ പോലെഴും ബൗംബുകൾ ചിമ്മുന്നു,
കത്തുന്നു, ചിമ്മുന്നു, തോരണത്തിൽ.
ചിത്രമിക്കൺചിമ്മൽ, ഓർത്തു ഞാൻ കാലത്തു
പത്രങ്ങളെത്തിച്ച വർത്തമാനം.
'സംഭൃത കാനന ജീവസൗന്ദര്യമാ-
മമ്മൃഗശാലയിൽ പോയ നാളിൽ,
കൃഷ്ണമൃഗങ്ങളാറുണ്ടായിരുന്നതിൽ
കഷ്ടമാറെണ്ണവുമന്തരിച്ചു.'
മാനുകൾ മേയും വളപ്പിനു ചുറ്റിലും
കാണുമിഴക്കമ്പിവേലിയൂടേ
കേറിയ പട്ടികൾ നാലു മൃഗങ്ങളെ
കീറിപ്പിളർന്നങ്ങു തിന്നുപോലും.
ചത്തുപോൽ രണ്ടെണ്ണമമ്പര, ന്നാ വേലി-
ക്കുറ്റിയിൽ തൻതലയാഞ്ഞുതല്ലി
(ആ വിധമാണുപോൽ, തൻതല തല്ലീ, യീ-
ജീവികൾ ചാവും പരിഭ്രമിച്ചാൽ!)

കാതൊന്നനക്കാതയല്ലിലെസ്സിംഹോഗ്ര-
നാദം സഹിച്ച നന്മാനുകളേ,
നല്ലീവനജന്തുവാരമോ, മൂർദ്ധാവു
തല്ലി മരിക്കുവാൻ നിങ്ങൾ കണ്ടു?
നായ്ക്കൾ കടക്കാതെയിത്രനാൾ നിങ്ങളെ-
ക്കാക്കുവാൻ പോന്നൊരീക്കമ്പിവേലി
ഇന്നലെ ശത്രുവി,ന്നുള്ളിൽ കടക്കുവാൻ
തന്നറവാതിൽ തുറന്നുവെന്നോ?
പട്ടണത്തിൻെറയിരമ്പവും കമ്പവു-
മൊട്ടുമേശാത്തൊരൊഴിഞ്ഞ ദിക്കിൽ.
പട്ടിളം പുല്ലുകൾ തിന്നു, മസ്സേവകർ
തൊട്ടിയിൽ പാരും ജലം കുടിച്ചും
ഒട്ടു കളിച്ചും തണലിൽ കിട, ന്നയ-
വെട്ടിയും കാണികൾക്കിമ്പമേകി,
കാർവർണ്ണകേളീമുരളീരവം കേട്ടു
കാളിന്ദീ തീരത്തിലെന്നപോലെ.
കർണാമൃത, മുഷഃപൂജാമണി കേട്ടു
പർണാശ്രമത്തിങ്കലെന്നപോലെ,
അൽപം പിരിഞ്ഞു കൂർത്തുള്ള കൊമ്പാൽ ദര-
ശുഭ്രമുദരം ചൊറിഞ്ഞുകൊണ്ടും
ഉല്പലകുഡ്മളം പോലെഴും മോന്തയി-
ലല്പമാം മഞ്ഞുപോൽ വേർപ്പണിഞ്ഞും
കോമളഗാത്രിമാർ കണ്ടു കൊതിക്കുന്ന
വാർമിഴി പാതിയടച്ചുകൊണ്ടും
ചെന്നായ്ക്കളേയും തുരത്തിക്കുതിക്കുന്ന
ചെല്ലക്കുളമ്പുകൾ ചായ്ച്ചുവെച്ചും
നിഷ്പന്ദശാന്തിനിധികളീയേണങ്ങ-
ളുല്പന്ന വിശ്വാസമിങ്ങുവാഴ്കെ,
എങ്ങനെയിത്തെണ്ടിപ്പട്ടികൾ പാഞ്ഞെത്തി-
സ്സംഗതിയായീ കടിച്ചുകീറാൻ?
കേവലഭീരുക്കളാകുമിവറ്റയ്ക്കു
കാവലിനാരുമില്ലായിരുന്നോ?
പാടുകൾ നോക്കിനേനക്കമ്പിവേലിതൻ
ചോടുപൊളിഞ്ഞിട്ടു, ണ്ടങ്ങുമിങ്ങും
മുറ്റമടിക്കുന്ന വൃദ്ധയോടാരാഞ്ഞി-
ട്ടുത്തരമൊന്നുമതില്ല തെല്ലും
പുറ്റുമടിപ്പതു പട്ടികൾതൻ നിണ-
മുദ്രകൾ മാഞ്ഞു കളയുവാനോ?

മുറ്റുമൊരു മഹാമ്ലാനത, ശൂന്യത,
കെട്ടിനിന്നീടുന്നു ചുറ്റുപാടും.
മാനുഷരോരാത്ത മട്ടിൽ പ്രകൃത്യംബ
കേണിടാം മക്കൾ തൻ മാരണത്തിൽ.
മുത്തുകൾ പോലെഴും ബാംബുകൾ ചിമ്മുന്നു
കത്തുന്നു, ചിമ്മുന്നു, തോരണത്തിൽ
തോലി, നിറച്ചിക്കു, കൊമ്പിനു, കന്മഷ-
ശാലിക; ളാളുകൾ: കൊന്നതാമോ?
ഓമൽ ശിശുക്കളെപ്പോലെയീ മാനുകൾ,
ആ മനഃശുദ്ധിയെയാരു കൊല്ലും?
ആവോ, മനുഷ്യന്റെ ദുഷ്ടത തന്നാഴ-
മാമോ പിശാചിനും നിർണ്ണയിപ്പാൻ?


വാരംനിമിത്തം പ്രവേശനം സൗജന്യ-
മേറെയാളെന്നാലിവിടെയില്ല.
ഇങ്ങുള്ള കുണ്ടൻ കുളത്തിലിടയ്ക്കിടെ-
പ്പൊങ്ങുന്ന ചീങ്കണ്ണിയശ്രു വാർപ്പു!
ഗംഭീരമായൊരു മൗനം ഭജിക്കുന്നു
കണ്ഠീരവങ്ങൾ, തൻകൂട്ടിനുള്ളിൽ
കാലത്തും വൈകിയുമക്കാദമിയിലു-
ണ്ടാളെത്തിക്കൂടും സുദീർഘ ചർച്ച.
മേളത്തി, ലാനയെപ്പറ്റിയത്രെയിന്നു
കാലത്തു കാര്യ വിചാര ഘോഷം.
ഉണ്ടാ, യടുത്തസായത്തിൽ ശതാബ്ദിയെ
ക്കൊണ്ടാടിക്കൊണ്ടൊരെഴുന്നള്ളിപ്പും
കാലേയുറപ്പിച്ചൊരപ്പരിപാടിയെ
ചാലേ നടത്തുകയായിരിക്കാം.
എന്നാൽ നിഹതമാമേണങ്ങൾ തൻ മുന്നി-
ലെല്ലാം പ്രഹസനമെന്നു തോന്നും.
ആനയെക്കൊപ്പിട്ടെഴുനെള്ളിച്ചീടുന്നു,-
ണ്ടാന കളിപ്പിക്കയല്ലിനമ്മെ?

ചേലി, ലമ്മ്യൂസിയം നന്മൃഗശാലയും
പാലനം ചെയ്യുവോരുണ്ടു മുമ്പിൽ.
ലോകപ്രശസ്തരാം ശാസ്ത്രജ്ഞർ, പിന്നെയു
ദ്യോഗസ്ഥർ, നേതാക്കൾ, പത്രക്കാരും
മാനും മഹർഷിയും ചേർന്നപോൽ സംശുദ്ധ-
മാനസനാകും മുൻ മന്ത്രിവര്യ
ങ്ങയുമിജ്ജന ഗംഗയിലുണ്ടെന്ന

സംഗതിയെന്തു മഹാഭിമാനം!
അല്പമീ വന്യമാം ജീവികളെക്കുറി-
ച്ചുംപ്രിയമുള്ളവരാണു സർവ്വം.
ഈ വന്യ ജന്തുക്കൾക്കിത്ര സുഹൃത്തുക്കൾ
കൈവന്നതെന്തൊരു ഭാഗധേയം!
ഇഷ്ടമോടാമാനിനത്തിനെശാപ്പിട്ട
പട്ടികൾ പോലുമിവിടെയുണ്ടാം!

പട്ടണംചുറ്റി നടക്കാവിലൂടെയ-
പ്പുത്തനാംപൂരമന്തസ്സിൽ നീങ്ങി,
എങ്കിലും ചൂണ്ടുന്നു, മാനിനെയേന്തുന്ന
ശങ്കരൻ തൻ കോവിലാലിലകൾ:
"കൂട്ടക്കുരുതിയാക്കുട്ടികൾക്കേകിയ
നോട്ടക്കുറവിനെയെന്തു ചെയ്തു?"
പൊട്ടിച്ചിരിച്ചൂ പടക്കങ്ങ, ളാരെയും
ഞെട്ടിച്ചു ഗുണ്ടുനിറയൊഴിച്ചു,
മാനിൻ കൊലയ്ക്കൊരു സാക്ഷിയായ്മേവിയ
വാനിൻെറ നെഞ്ചിലേയ്ക്കെന്നപോലെ.
രണ്ടുപോയ് മാസങ്ങൾ, കൃഷ്ണമൃഗങ്ങളെ
രണ്ടിനെപ്പിന്നെയും കൊണ്ടുവന്നു.
ശ്രദ്ധവെച്ചിട്ടുണ്ടാ, മെമ്പാടും വേലികൾ
ഭദ്രമാക്കീട്ടുമുണ്ടായിരിക്കാം.
പണ്ടു കാണാത്തൊരധികൃതവക്ത്രങ്ങൾ
കണ്ടു പരിഭ്രമിച്ചായിരിക്കാം
മണ്ടയടിച്ചൊന്നു ചത്തു, മറ്റേതിനെ-
പ്പണ്ടു ഭവിച്ചപോൽ പട്ടിതിന്നു.
മറ്റുള്ളോ, രാദ്യത്തെപ്പാഠം മറന്നാലും
പട്ടികളാരുചിയോർമ്മിക്കുന്നു!
പട്ടടഞ്ഞീടുന്നു പാവങ്ങൾ മാനുകൾ,
പട്ടികൾ പേർത്തും പെരുകിടുന്നു!
പൗര മനസ്സാക്ഷി പിന്നീടുണ,ർന്നിതിൻ
കാരണ കാര്യങ്ങളന്വേഷിയ്ക്കേ,
ചൊല്ലീയധികൃതർ, പീഡബിംയുഡിക്കാർ-
ക്കല്ലീ ചുമതല, വേലിമൂട്ടാൻ?

എന്തുകൊണ്ട് മൃഗശാല ആധുനികവൽക്കരിക്കണം എന്നത് സംബന്ധിച്ച് തൃശ്ശൂർ മൃഗശാല സൂപ്രണ്ട് കെ.വി. രവീന്ദ്രൻ തയ്യാറാക്കിയത്



തൃശ്ശൂർ മൃഗശാല

തൃശ്ശൂർ മൃഗശാല ശൈശവാവസ്ഥയിലെത്തിയിട്ട് ഏതാണ്ട് പതിനഞ്ചുവർഷം കഴിഞ്ഞു. 5-6 മൊക്കൻ മാത്രം വിസ്തൃതി. ഇന്നുനിലവിലുള്ള ജനസംഖ്യയിൽ നിന്നുള്ള സന്ദർശകർക്കുപോലും മൃഗശാലയുടെ ഇന്നത്തെ ഉള്ളടക്കം തൃപ്തിപ്പെടുത്തുവാൻ കഴിയുന്നില്ല. സന്ദർശകർ കൂടുതൽ ഉള്ള ദിവസം ഉണ്ടാവുമ്പോൾ ടിക്കറ്റ് വിതരണം നിർത്തിവെക്കുന്നതിനെപ്പറ്റി ആലോചിക്കേണ്ട സ്ഥിതിയിലാണ് ഇന്ന്.

ഗവർമെൻറ് ഈ മൃഗശാല ഏറ്റെടുത്തിട്ടുള്ളത് വ്യവസ്ഥകൾ തമ്മിലുണ്ടാക്കിയിട്ടുള്ള ധാരണയിലാണ്. ഈ വ്യവസ്ഥകൾ പൂർണ്ണമായി പാലിക്കാൻ കാലതാമസമുണ്ടാകുമെന്നുള്ളതിനാൽ ഇതിന്റെ ചരിത്രത്തിലെ ഒരു ഏട് നിവർത്തിക്കുന്നത് ഉചിതമായിരിക്കും. ഈ അഭിപ്രായത്തിന്റെ വ്യവസ്ഥപാലിക്കുന്ന മൃഗശാലകൾക്കേ മൃഗങ്ങളെ വാങ്ങാനും വിൽക്കാനും കഴിയൂ. മൃഗശാല തുടങ്ങുവാനും - കോൺസർവേഷൻ തുടങ്ങി നിലനിർത്തുവാനും - തേടുന്ന സർക്കാരിന്റെ ഫണ്ട് ലഭിക്കും. 1992 നു മേഷം തൃശ്ശൂർ മൃഗശാലയ്ക്ക് ഈ ഫണ്ട് വാങ്ങാൻ കഴിഞ്ഞിട്ടില്ല. വംശനാശം വരുന്ന ജീവികളുടെ പ്രജനനം ഏറ്റെടുത്തു നടത്താൻ ഈ സ്ഥലം തീർത്തും അപര്യാപ്തമല്ല. നിലവിലുള്ള 60 കാരം സ്പെഷീസിൽ പെട്ട ജീവികൾക്ക് തുടർന്നുള്ള നിലനിൽപ്പിനുമായി പ്രത്യുൽപാദനം നടത്തുവാൻ ഇവർക്ക് വാസസ്ഥലം ഉണ്ടാക്കണം. വംശനാശം നേരിടുന്ന നീലഗിരിവരയാടിനെ ജീവികളുടെ സംരക്ഷണ പ്രജനനത്തിനും Ex-situ conservation Center തുടങ്ങിക്കൊണ്ട് സമയം തരുന്നു.

എന്തുകൊണ്ട് തുടർന്നുള്ള നിലനിൽപ്പിനുമായി മാറ്റിസ്ഥാപിക്കണം — തുടർന്നുള്ള നിലനിൽപ്പിനുമായി മാറ്റിസ്ഥാപിക്കണം.

1. തൃശ്ശൂർ മൃഗശാല തുടങ്ങിയിട്ടുള്ള മൃഗശാല അംഗീകാരത്തിനുള്ള നിയമം നടപ്പാക്കുക.
2. നഗരത്തിലെ ശബ്ദവും, അന്തരീക്ഷമലിനീകരണത്തിൽ നിന്നും വന്യജീവികളെ രക്ഷിക്കുക.
3. അവാസവ്യവസ്ഥയ്ക്ക് വിരുദ്ധമായ കൂട്ടുകളിൽ നിന്ന് മൃഗങ്ങളെ രക്ഷിക്കുക.
4. സന്ദർശകർക്ക് മൃഗങ്ങളെ പിടിച്ചുകൊടുക്കാൻ സൗകര്യമുള്ള കൂട്ടുകളിൽ നിന്നും മൃഗങ്ങളെ രക്ഷിക്കുക.
5. വർദ്ധിച്ചുവരുന്ന സന്ദർശകർക്ക് സ്ഥലപരിമിതി

മാവ് വംശനാശം വരുന്ന ജീവികളെ ദേശീയ തലത്തിൽ കൂടെ സംരക്ഷിച്ചു പ്രജനനം നടത്തുക.

7. കോൺസർവേഷൻ അസ്സ്റ്റഡ് സെൽഫ് സെന്റർ എന്നറിയപ്പെടുന്ന അത്യാധുനിക ഗവേഷണ - സ്റ്റഡി കേന്ദ്രവും ഒരു പ്രദേശത്തിന്റെ സാമ്പത്തിക വളർച്ച് സാധ്യതയും നൽകുക.

8. വിനോദ സഞ്ചാര പദ്ധതികളിൽ പ്രാധാന്യമർഹിക്കുന്ന CRC നഗരത്തിൽ ഏറ്റവും ഒടുവിൽ സ്ഥാപിച്ചു കൊണ്ട് സംസ്ഥാന അന്തർദേശീയ വിനോദ സഞ്ചാരികളെ കൂടുതൽ ആകർഷിക്കുക.

9. C.R.C. പദ്ധതി പ്രദേശത്തെ ജനങ്ങൾക്ക് പ്രത്യക്ഷ പരോക്ഷ തൊഴിലവസരം ലഭിക്കുന്നതിനവകാശമുണ്ടാകും.

10. C.R.C. യിൽ ദേശാടനകിളികളുടെ ഇടത്താവളം പ്രജനന കേന്ദ്രമായിത്തീരാൻ ഉതകുന്ന രീതിയിൽ കൃഷിക്കാർക്ക് ധനം ചെയ്യും.

11. വന്യജീവി സംരക്ഷണത്തിനായുള്ള ദേശീയ ഉപകരണമാക്കാൻ ഉദ്യാനം - C.R.C. യെ മാറ്റണം.

12. മറ്റു ഉദ്യാനങ്ങളുമായി സഹകരിച്ചുള്ള "ലയൺ സഫാരി പാർക്ക് സ്റ്റാറ്റസ്" നേടിയെടുക്കുക.

13. പരിസ്ഥിതി സംരക്ഷണ സഹായിയായ ഒരു വിദ്യാഭ്യാസ വിജ്ഞാനകേന്ദ്രമാക്കിമാറ്റുക.

14. വന്യപ്രാണി സംരക്ഷണത്തിലെ അത്യാധുനിക സങ്കേതങ്ങൾ - പ്രജനന സഹായ പ്രവർത്തനം - Assisted Reproduction ഇടത്തിയ കാര്യങ്ങളിൽ വിദഗ്ദ്ധ ഗവേഷണം, പ്രവർത്തനം, പഠനം എന്നീ സങ്കേതങ്ങൾ കൈവരിക്കുക.

15. K.F.R.I കോളേജ് ഓഫ് വൈൽഡ് ലൈഫ് മാനേജ്മെന്റ് കോളേജ് ഓഫ് ഫോറസ്ട്രി എന്നിവിടങ്ങളിലെ വിദ്യാർത്ഥികൾക്ക്, ഗവേഷകർക്കും പ്രയോജനപ്പെടുന്ന ഉദ്യാനം അത്യാധുനികവല്ക്കരണം നടപ്പിലാക്കുക.

വിശദീകരണം

1. ഉദ്യാനങ്ങളിലെ പരിണാമങ്ങൾ നിരീക്ഷിക്കുന്നതിനുവേണ്ടി, കണ്ണും, കണ്ണിനുമാത്രമായി ചുരുങ്ങിയിരിക്കുന്നു. ഓരോ വിഭാഗത്തിനും വേണ്ട മെസ്സേജുകൾ നിശ്ചയിച്ചിട്ടുണ്ട്. സെൻസർ സ്ക്രീനോടുകൂടിയ നിശ്ചയം അനുസരിച്ച് ആൾ ചെറിയ മാനോ ഒരു ഹൈടെക് ട്രിപ്പ് പോലെ. പുതിയത് അത്യാധുനികമായ.

ഭൂമി ഉണ്ടെങ്കിലെ ഒരു സ്കീൽ പാർക്ക് തുടങ്ങാൻ കഴിയുകയുള്ളൂ. വിദ്യാലയ അംഗീകാരം നിലവിൽ (1992) കഴിഞ്ഞതിനു ശേഷം വിദ്യാലയത്തിന്റെ പുറമേ നിന്നും ഡോക്ടർ, എഞ്ചിനീയർ, ചാർട്ടേർഡ് അക്കൗണ്ടന്റ്, പെട്രോളിയം കമ്പനികൾ തുടങ്ങിയ സ്ഥാപനങ്ങൾ, ഇടത്തരം കച്ചവടക്കാർ തുടങ്ങിയവരുടെ കത്തുകൾ വിദ്യാലയത്തിന് ലഭിച്ചിട്ടുണ്ട്. അവരുടെ ഏതെങ്കിലും ഒരു വിഭാഗം കുട്ടികൾക്ക് പഠനത്തിനുള്ള അവസരം ഒരുക്കിക്കൊടുക്കുവാൻ കഴിയുന്നതാണ്. എന്നാൽ ഇത്തരം വിദ്യാലയങ്ങൾ തുടങ്ങുവാൻ സ്ഥലം ലഭിക്കുന്നില്ല.

2. പൂരം വെടിക്കെട്ട്, ടെന്റൽ ഹാൾ, പള്ളികൾ, അമ്പലങ്ങൾ എന്നിവിടങ്ങളിലെ ഉച്ചഭാഷിണി വേണ്ടെന്നു വെയ്ക്കുക, കതിനയും, പ്ലാസ്റ്റിക്കും, സനാതനമില്ലാത്ത റോഡുകളിലൂടെ ഹെൽമറ്റ് ഇടാതെ ചെയ്യുന്ന ഡ്രൈവിംഗ് മനസ്സിലാക്കുന്ന ഭാരമുള്ള വാഹനങ്ങൾ, ടെലഫോൺ എക്സ്ചേഞ്ചിലെ ജനറേറ്ററും ഡീസൽ കണ്ടിഷൻ പ്ലാന്റും, ശബ്ദമലിനീകരണം നടത്തുന്നു, വായുമലിനീകരണവുമുണ്ട്. ഇടുങ്ങിയ കവിണകളുടെ ഇരുവശത്തെ കൂട്ടങ്ങളും, പരിസ്ഥിതിയും സ്വാഭാവിക വനത്തിന്റെ പ്രതീതി സൃഷ്ടിക്കാൻ കഴിയുകയില്ല. വിസ്തൃതമായ പരിസ്ഥിതികൾ ഇന്ന് അന്യമാണ്. പ്രകൃതിവിരുദ്ധമായ ഒരു ഫ്ലാസ്റ്റ് ലൈഫ് ജീവിതത്തെ ഇല്ലാതാക്കുന്നു കൊണ്ട് അന്തരീക്ഷ സ്പന്ദനം കുട്ടികളും വംശവർദ്ധന നിലക്കാൻ ഇടവരുകയും ചെയ്യുന്നു.

3. സ്വാഭാവികമായ ചുറ്റുപാടിൽ ജീവികൾ പ്രകൃതിസഹജമായ വാസനയും ജീവിതരീതിയും പ്രകടിപ്പിക്കുന്നു. അതുകൊണ്ടുതന്നെ പ്രകൃതിദത്ത വിദ്യാലയങ്ങളിലും ജീവികളുടെ വാസവ്യവസ്ഥയെ അനുസ്മരിപ്പിക്കാൻ വിദ്യാർത്ഥികൾ ബാധ്യസ്ഥരാണ്.

4. ഒരു നൂറാണ്ടു പഴക്കമുള്ള മല്ലൂഡൽ പ്രദേശത്തുടെ സഞ്ചരിക്കുന്നതിനും സ്വന്തമാക്കി അവരുടെ വിനോദത്തിനും, ഉല്ലാസത്തിനും വേണ്ടി നിർമ്മിച്ചതാണ് കൂടുകളാണ് ഇപ്പോൾ ഉള്ളത്, ഇത് സന്ദർശകരിലെ സാഡിസം ഉണർത്തുകയും, വിദ്യാർത്ഥികളെ പീഡിപ്പിക്കുന്നതിനിടവരുത്തുകയും ചെയ്യുന്നു. സന്ദർശകരിലെ പ്രകൃതിവാസന ഉണർത്താൻ അവസരം കൊടുക്കാത്ത ഫ്ലാസ്റ്റിക്കവരി വസ്തുക്കൾ ഉപയോഗിച്ച വിസ്തൃതമായ ഇടത്തേ സാധിക്കൂ.

5. സന്ദർശകർ കൂടിവരുകയാണ് 1995-96ൽ മുതൽ വിദ്യാലയത്തിൽ എട്ടുലക്ഷം സന്ദർശകരുണ്ടായിരുന്നു. ഒരു ഉത്സവദിവസം വിദ്യാലയത്തിലും ഉത്സവപറമ്പിന്റെ തിരക്കാണ്. ഇത് സന്ദർശകരിലെ വിനോദവും പരിസ്ഥിതി സംരക്ഷണ പഠനവും

ർ സന്ദർശകരെ ആകർഷിക്കുന്ന രീതിയിൽ ക്രമീകരിക്കുന്നതിനുള്ള പദ്ധതികൾ വിഭാവനം ചെയ്യേണ്ടതുണ്ട്.

6. നീലഗിരി താർ, നീലഗിരി മാനുകൾ, സിംഹവാലൻ കുരങ്ങ്, മലയണ്ണാൻ, ആനകൾ തുടങ്ങിയ മൃഗങ്ങൾക്കു വേണ്ടി ഇപ്പോൾ നീലഗിരി ബയോസ്ഫിയറിലെ വിശാലമായ പ്രദേശത്ത് സ്വതന്ത്രമായി വിഹരിക്കുന്ന ജീവികളിൽ നിന്നും ഇവയെ സംരക്ഷിക്കുന്നതിനുള്ള പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്. ഇത് നിലവിലുള്ള കൂടുകളുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനും പുതിയ സംരക്ഷണ കൂടുകൾ നിർമ്മിക്കുന്നതിനും ആവശ്യമായി വരുന്നു. ഇതിനായി ഏകദേശം 5 ഹെക്ടർ സ്ഥലം കണ്ടെത്തേണ്ടതുണ്ട്. ഇതിനായി ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ സഹകരണം ഉറപ്പുവരുത്തേണ്ടതുണ്ട്. ഇതിനായി ഒരു പ്രത്യേക ഉദ്യോഗസ്ഥനെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

7. ഇപ്പോഴുള്ള മൃഗശാലകൾ കോൺസർവേഷൻ ബ്രീഡിംഗ് സെന്റർ സ്ഥാപിക്കുന്നതിനുള്ള പ്രദേശങ്ങൾ സാമ്പത്തികമായി വരുന്നതും. മന്ദിരാരിയിലെ ചതുപ്പുകൾ, മൈസൂർ ബന്ദിപ്പൂർ വൈൽഡ് ലൈഫ് സാങ്ച്വറി എന്നിവിടങ്ങളിൽ ഇതിനുള്ള സ്ഥലം ലഭ്യമാണ്. ഇവിടെ ഇപ്പോൾ കാണപ്പെടുന്ന ചില ഇനം പക്ഷികളെ ഇവിടെ കൊണ്ടുവന്ന് പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കാം. CRC യിൽ ഉടലെടുക്കുന്ന തൊഴിലവസരങ്ങൾക്ക് പുറമെയാണിത്.

8. അന്താരാഷ്ട്രീയ ട്രീറ്റി പ്രകാരം ചില മൃഗങ്ങളെ ഇപ്പോൾ മൃഗശാല നടത്തിപ്പുകാർക്ക് കൈമാറ്റം ചെയ്യുന്നതിന് നിയന്ത്രണമുണ്ട്. സംസ്ഥാനത്തിനകത്തും പുറത്തുനിന്നും മാത്രമേ ഇപ്പോൾ വിദേശത്തുനിന്നുള്ള മൃഗങ്ങളെ ഇറക്കുമതി ചെയ്യാൻ കഴിയും. നിലവിലുള്ള നിന്റെ മൂന്നിരട്ടി സന്ദർശകരെ ഒന്നാം വർഷം ആകർഷിക്കാൻ കഴിയും. ഇത് ക്രമാനുഗതമായും, പടിപടിയായും അനുബന്ധ വ്യവസായ വളർച്ചയ്ക്ക് ഇടവരുത്തും.

9. C.R.C. യുടെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതോടെ പദ്ധതി പ്രദേശത്തെ ജനങ്ങൾക്ക് സ്വയംസ്വയം തൊഴിൽ കണ്ടെത്തുമാറ് പ്രയോജനപ്രദമായി മാറുന്നതിനുള്ള തൊഴിലവസരം ലഭ്യമാകും. പുരുഷന്മാർ, സ്ത്രീകൾ, കുടുംബങ്ങൾ എന്നിവർക്കുള്ള ഹോട്ടൽ, ഭക്ഷണശാല, ക്യാന്റീൻ, സ്റ്റോർ, ഫാസ്റ്റ്ഫുഡ് സ്റ്റോറുകൾ, പെട്രോൾ പമ്പ് സ്ഥാപനങ്ങൾ, ഇന്റർ പ്രൊട്ടക്ഷൻ ഏജൻസികൾ, ട്രാൻസ്പോർട്ടേഷൻ എന്നിവയിലൂടെ പ്രവർത്തനങ്ങൾക്ക് തൊഴിലവസരം ഉണ്ടാകുന്നതും, ഫോൺബൂത്തുകൾ, മാഗസിൻ സ്റ്റോളുകൾ എന്നിവയിലൂടെ കുടുംബങ്ങൾക്ക് വരുമാനം ലഭിക്കുന്നതുമാണ്. C.R.C. യിലെ പുതിയ പദ്ധതികളിൽ താമസിക്കുന്നവരും സാങ്കേതിക വിദഗ്ദ്ധരും നാലാം തരം ജീവനക്കാരും തുടങ്ങി വിവിധ വിഭാഗങ്ങൾക്ക് തൊഴിൽ ലഭ്യമാകുന്നതാണ്.


ഗല്ലം തപ്പുകയും ചെയ്തിട്ടുണ്ട്. ജലാശയങ്ങളുടെ ചിത്രികൾ കാണിച്ചു കാമ്പയിൻ നടത്തിയിട്ടുണ്ട്. ഒരു സംഘടിത ജലാശയം CRC രൂപീകരിച്ചു പോരുന്നുണ്ട്. ഇത് C.R.C. യുടെ പ്രവർത്തനങ്ങളിലെ തുടർച്ചക്കാർക്ക് സഹായകമായി വർത്തിക്കും. വേനലിൽ ജലത്തിന്റെ ക്ഷാമം അനുഭവിക്കുന്ന ഇടങ്ങളിൽ ടാങ്കർ ലോറി പ്രവർത്തനം ഉറപ്പാക്കാൻ കഴിയും.

11. ഗ്രന്ഥശാല CRC യായി മാറിയിട്ടുണ്ട്. അതിന്റെ ഉപയോഗവും, ഗുണവും സംബന്ധിച്ച അനുഭവങ്ങൾ വന്നു കൊണ്ടിരിക്കുന്നതാണ്. ഗ്രന്ഥശാലകൾ പ്രവർത്തനങ്ങളുടെ വിനോദത്തിനപ്പുറം കടന്നിരുന്നു. 1970 കളുടെ അവസാനം ഗ്രന്ഥശാസ്ത്രപഠനത്തിനപ്പുറം ഒരു ഉപകാരണമായി മാറി. കൂടുതൽ വിനോദത്തിനും - എന്നാൽ ഇന്നും പൈതൃകസംരക്ഷണ കേന്ദ്രങ്ങൾ തന്നെ. ഇതിന് നേതൃത്വം കൊടുത്തു സന്തോഷത്തോടെ പ്രവർത്തിച്ചതാണ്.

12. വിജ്ഞാനോത്സവ ഗ്രന്ഥശാല വിദ്യാർത്ഥികളും, പൈതൃകസംരക്ഷണത്തിൽ പ്രവർത്തിക്കുന്ന ശാസ്ത്രസാങ്കേതിക പ്രവർത്തനങ്ങളുടെ ചേർന്ന സഹായത്തിൽ "വേർഡ്സ് ഓഫ് കോൺസർവേഷൻ സ്റ്റഡി" ഗ്രന്ഥശാലകൾ മാർഗ്ഗനിർദ്ദേശം നൽകിയിരുന്നു. ഇത് നമുക്കും ഉപയോഗപ്രദമായി ഉപയോഗപ്പെടുത്തണം. അതിന് പ്രാദേശിക ചരിത്രസംഭവങ്ങൾ ഉള്ള ഗ്രന്ഥശാല ഉണ്ടാക്കണം.

13. കേരളത്തിലെ ഗ്രന്ഥശാലകളിൽ വിദ്യാർത്ഥിസംഘടനകൾ പ്രവർത്തിച്ചിരുന്നു. ചരിത്രം അത് പരിസ്ഥിതി വിഭവകരണ കേന്ദ്രം എന്ന നിലയിൽ പ്രവർത്തിക്കുന്നതിനെ ഒരു വിദ്യാർത്ഥിസംഘടനയുടെ പ്രവർത്തനത്തിലൂടെ ഇത് പ്രയോജനപ്പെടുത്താൻ കഴിയും. ഒരു C.R.C. യുടെ വിജയത്തിന്റെ അടുത്തോൾ അതിനെ വിദ്യാർത്ഥിസംഘടനയിലാണ്.

14. വനിതാപ്രാതിനിധ്യം പ്രവർത്തനം ഗ്രന്ഥശാലയിലൂടെ ആരോഗ്യവിഭാഗത്തിലെ വിദഗ്ദ്ധരുടെ പ്രവർത്തനങ്ങൾ ക്രമപ്പെടുത്തും. ഗ്രന്ഥശാലയിൽ ഉപകരണങ്ങളും ഇതിനായി കേന്ദ്രങ്ങളിൽ ഉണ്ടാക്കണം. മുതിർന്ന സന്തോഷത്തോടെ ഉപയോഗപ്പെടുത്തണം



വേൾഡ് സൂ കോൺസർവേഷൻ സ്ട്രാറ്റജി

മൃഗശാലകളിൽ മൃഗങ്ങളെ വളർത്തുകയോ സംരക്ഷിക്കുകയോ ചെയ്യുമ്പോൾ അവർക്ക് പരമാവധി മെച്ചപ്പെട്ട ആവാസ സൗകര്യങ്ങൾ നൽകണമെന്ന ചിന്താഗതി ലോകവ്യാപകമായി രൂപംകൊണ്ടു. ഇതിന്റെ അടിസ്ഥാനത്തിൽ 1990ൽ വേൾഡ് സൂ കോൺസർവേഷൻ സ്ട്രാറ്റജി എന്ന നയരേഖ ഐക്യ രാഷ്ട്രസഭയുടെ ബന്ധപ്പെട്ട സമിതികൾ അംഗീകരിച്ചു. ഓരോ ജീവിക്കും ലഭിക്കേണ്ട ആവാസ വിസ്തൃതി, സൗകര്യങ്ങൾ എന്നിവ സംബന്ധിച്ച് വ്യക്തത ഉണ്ടാക്കി. ഇത് പാലിക്കാത്ത മൃഗശാലകൾക്ക് തുടർന്ന് അംഗീകാരം ഉണ്ടാകില്ല എന്ന് നിർദേശിക്കുകയും ചെയ്തു. 1992-93 വർഷക്കാലം ആകുമ്പോഴേക്കും അടിസ്ഥാന സൗകര്യങ്ങൾ മൃഗശാലകളിൽ ഉണ്ടാകണമെന്ന് കർശനമായ നിയമം നിലവിൽ വന്നു. അക്കാലത്ത് തൃശ്ശൂർ മൃഗശാലയിൽ 50 ഇനങ്ങളിലായി 500ലേറെ പക്ഷിമൃഗാദികൾ ഉണ്ടായിരുന്നു. ഒരു കാരണവശാലും പതിമൂന്നര ഏക്കറിൽ ഇത്രയും പക്ഷിമൃഗാദികളെ പാർപ്പിക്കാൻ സാധിക്കില്ല. പുതിയൊരു ഇടം കണ്ടെത്തുക എന്നത് അനിവാര്യമായി.

ഫ്രണ്ട്സ് ഓഫ് സൂ

മൃഗശാല ആധുനികവൽക്കരണം എന്ന ആശയത്തെ ശക്തമാക്കുന്നതിനും പ്രസ്തുത പരിശ്രമങ്ങൾക്ക് ഉള്ള പിന്തുണ നൽകുന്നതിനും വേണ്ടിയാണ് ഫ്രണ്ട്സ് ഓഫ് സൂ എന്ന അനൗപചാരിക ജനകീയ സംവിധാനം രൂപീകരിച്ചത്. സർവോദയ മണ്ഡലത്തിന്റെ സംസ്ഥാന ഭാരവാഹിയായിയിരുന്ന എം. പീതാംബരൻ മാസ്റ്റർ തൃശ്ശൂർ മുനിസിപ്പൽ കൗൺസിലർ ആയിരുന്ന പ്രൊഫ. ജോൺ സിറിയക്ക്, വെറ്റിനറി കോളേജ് പ്രൊഫസർ ഡോ. ജേക്കബ് ചീരൻ, കെ.വി.അബ്ദുൾ അസീസ് എന്നിവർ മുൻകൈയെടുത്താണ് ഫ്രണ്ട്സ് എന്ന സംഘടനക്ക് രൂപം നൽകിയത്. മൃഗശാല അധികൃതരും അതാത് കാലത്തെ ജില്ലാ കളക്ടർമാരും സംഘടനയുടെ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകിയിരുന്നു.

തൃശൂർ മൃഗശാലയുടെ 1992 – 95 കാലഘട്ടത്തിലെ ഉപദേശക സമിതിയും മൃഗശാല ആധുനികവൽക്കരണ ത്തിനു സ്ഥലം കണ്ടെത്തണമെന്ന് പ്രമേയം പാസാക്കി ബന്ധപ്പെട്ടവർക്ക് അറിയിച്ചുകൊണ്ടിരുന്നു. മൃഗശാലയുടെ അന്നത്തെ സൂപ്രണ്ടായിരുന്ന കെ.വി. രവീന്ദ്രൻ ഇതിനായുള്ള ആദ്യത്തെ രേഖകൾ തയ്യാറാക്കി. മൃഗശാല സൂപ്രണ്ട് കെ.വി. രവീന്ദ്രൻ തയ്യാറാക്കിയ രേഖകളിൽ തൃശ്ശൂർ മൃഗശാല എന്തുകൊണ്ട് ആധുനികവൽക്കരിക്കണം? അതിനുള്ള മാർഗ്ഗങ്ങൾ എന്ത്? എന്ന് വ്യക്തമാക്കിയിരുന്നു.



കെ.വി.രവീന്ദ്രൻ



കെ.വി. രവീന്ദ്രൻ തയ്യാറാക്കിയ
പ്രപവർത്തന പരിപാടി

ക്വാറന്റൈൻ മൃഗശാല 5.6 ഹെക്ടർ സ്ഥലത്ത് താൽക്കാലിക ഷെഡുകൾ നിർമ്മിച്ചു. ഒരു നൂറാണ്ടിന്റെ പഴക്കമുള്ള ഈ മൃഗശാല മാറ്റി സ്ഥാപിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചുവെങ്കിലും ചിഡിയിലെ വനഭൂമി വിട്ടുകിട്ടുന്നതിൽ സാങ്കേതിക തടസ്സം ഉണ്ടായി. 1992-93 ലെ സ്റ്റേറ്റ് ഇൻവെസ്റ്റ്മെന്റ് പ്രോഗ്രാം കമ്മിറ്റി യോഗത്തിൽ മൃഗശാല മാറ്റുന്നതിനുള്ള നിർദ്ദേശം പരിഗണിച്ചു. പുതിയ മൃഗശാലയ്ക്ക് 1000 ഏക്കർ സ്ഥലം വേണമെന്നും ഇതിനായി ചിഡിയിലെ വനഭൂമി വിട്ടുകിട്ടുന്നതിന് നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടു. തുടർന്ന് ഇതിനായി ഒരു സ്പെഷ്യൽ ഓഫീസറെ നിയമിച്ചു. പുതിയ മൃഗശാലയ്ക്ക് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനും സ്ഥലത്തിന്റെ വിസ്തൃതിയും അതിന്റെ അതിരുകളും നിശ്ചയിക്കുന്നതിനുമായി ഒരു സ്പെഷ്യൽ ഓഫീസറെ നിയമിച്ചു. ഈ ഓഫീസർ പുതിയ മൃഗശാലയ്ക്ക് അനുയോജ്യമായ വനഭൂമി അന്വേഷിച്ചു. തുടർന്ന് ഇവാലുവേഷൻ നടത്തി. പുത്തൂരിലെ കുതിര ഫാമിലെ കുറച്ചു ഭാഗം മൃഗശാലയ്ക്കായി വിട്ടുകൊടുക്കുന്നതിനുള്ള നിർദ്ദേശം (റിസർവ്വ് ഫോറസ്റ്റ്) സ്വകാര്യ വ്യക്തികളുടെ ഭൂമികളും ഉൾപ്പെടുന്നതിനാൽ ഉചിതമാണെന്നു കണ്ടു, മാത്രമല്ല നാഷണൽ പെർമിറ്റ് ഓഫ് ബ്രീഡിംഗ് ഓഫ് റെയർ ആന്റ് എൻഡേഞ്ചേർഡ് സ്പീഷീസ് നിർദ്ദേശിച്ചതനുസരിച്ച് ഈ തോട്ടങ്ങൾ സി-റിസർവ്വ് ചെയ്തു കിട്ടുന്നതിന് അപേക്ഷ ഫോറസ്റ്റ് D.F.O വിന് സമർപ്പിയിട്ടുണ്ട്. ആകെ 124 ഹെക്ടർ റിസർവ്വ് ഫോറസ്റ്റ് ഭൂമിയിൽ 10 ഹെക്ടറോളം ഇറിഗേഷൻ വകുപ്പിന്റെ അധീനത്തിലാണ്. വൊണ്ടിവരുന്ന 112 ഹെക്ടറിൽ കോമ്പൻസേറ്ററി അഫോറസ്റ്റേഷൻ നടത്തണം. സ്വകാര്യ വ്യക്തികളുടെ ഭൂമി എന്തെങ്കിലും ഉപയോഗിക്കാനാവുമെന്ന് നിശ്ചയിക്കുന്നതിന് മൃഗശാല സ്ഥാപിക്കുന്നതിനായി ചെയ്യുന്ന വിദഗ്ധന്റെ സേവനം ഉപയോഗപ്പെടുത്തി മാസ്റ്റർ പ്ലാൻ തയ്യാറാക്കണം. വിദഗ്ധന്റെ നിർദ്ദേശം അനുസരിച്ചുള്ള വിശദാംശം ഭൂമി സി-റിസർവ്വ് ചെയ്തു കിട്ടുന്നതിന് ഫോറസ്റ്റ് സർക്കാരിനും സമർപ്പിക്കണം. മാസ്റ്റർ പ്ലാൻ അനുസരിച്ചുള്ള റോഡ് വിന്യാസം ഫോറസ്റ്റ് സർക്കാരിനും സമർപ്പിച്ചിട്ടുണ്ട്. ഫോറസ്റ്റ് വിഭാഗം ലഭിക്കുന്നതിനും സിലൈസേനയുടെ സേവനം ആവശ്യമാണ്. ആകെയുള്ള വനഭൂമിക്കു കോമ്പൻസേറ്ററി അഫോറസ്റ്റേഷൻ നടത്തുന്നതിന്, സ്വകാര്യ വ്യക്തികളുടെ ഭൂമി വൊണ്ടും വിലയ്ക്കെടുക്കുന്നതിന്, കോൺസർവേറ്റർ ഓഫ് റിസർവ് സൈറ്റ്സ് (ആക്സുനിക മൃഗശാല) ന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനും സർവ്വൈ സിലൈസേൻ ചെയ്യുന്നതിനും ~~സ്വകാര്യ~~ വനം, ധനം, തദ്ദേശ സ്വയംഭരണം, വിനോദസഞ്ചാരം എന്നീ വകുപ്പ് മന്ത്രിമാരുമായി ആലോചിച്ച് മൃഗശാല വകുപ്പ് മന്ത്രി തീരുമാനമെടുക്കണം. ഈ പദ്ധതിക്ക് ബഡ്ജറ്റിൽ വക തിരഞ്ഞിരിക്കണം.

തൃശ്ശൂർ മൃഗശാല നഗരത്തിലെ കൂടുകളിൽ നിന്ന് മാറ്റി അത്യുനികവൽ-
ക്കരിക്കുന്നതിനും വനം വകുപ്പിന്റെ അധീനത്തിലുള്ള ഭൂമി വിട്ടു
കിട്ടുന്നതിനും — അനിവാര്യമായ നടപടികൾ.

1 പുത്തൂരിലെ വനം വകുപ്പിന്റെ അധീനത്തിലുള്ള തോട്ടങ്ങളും,
സ്വകാര്യ വ്യക്തികളുടെ സ്ഥലങ്ങളും ഉൾപ്പെടുന്ന സ്ഥലത്തേക്ക് മൃ
മാറ്റി സ്ഥാപിക്കുന്നതിന് തീരുമാനിച്ച് സർക്കാർ ഉത്തരവ് ഇറക്കണം.
വനഭൂമി ഡി-റിസർവ് ചെയ്ത് കിട്ടുന്നതിന് ഇതാവശ്യമാണ്.

2 മേൽക്കാര്യങ്ങൾ വനം, മൃഗശാല, ധനം, തദ്ദേശ സ്വയം ഭരണം, ടൂറിസം
മന്ത്രിമാർ കൂട്ടായിരുന്ന് തീരുമാനമെടുക്കണം.

3 നിർദ്ദിഷ്ട ഭൂമിക്ക് നഷ്ട പരിഹാരത്തിനുള്ള വനവൽക്കരണ-
ത്തിനുള്ള സംഖ്യ മൃഗശാലാ വകുപ്പിന്റെ ബഡ്ജറ്റിൽ വക കൊ-
ള്ളിക്കണം. അതുപയോഗിച്ച് പി.സി.സി.എഫ് (ഇന്നാറലിന്) വിട്ടു കൊ-
ടുത്തുള്ള നിർദ്ദേശവും ബഡ്ജറ്റിൽ തന്നെ ഉണ്ടാവണം.

4 അവശ്യമായി വരുന്ന സ്വകാര്യ വ്യക്തികളുടെ ഭൂമി പൊന്നുംവില-
യ്ക്കെടുക്കുന്നതിന് തീരുമാനിച്ച് അതിന് ബഡ്ജറ്റിൽ പ്രൊവിഷൻ
ഉണ്ടാവണം.

5 പുത്തൂരിലെ വന ഭൂമിക്ക് കോംപൻസേറ്ററി വനവൽക്കരണം നട-
ത്തുന്നതാണെന്ന സർക്കാർ തീരുമാനം കേന്ദ്ര പരിസ്ഥിതി മന്ത്രാ-
ലയത്തെ അറിയിക്കണം.

6 മേൽ മന്ത്രിമാരെ മൃഗശാല മാറ്റാനിരിക്കുന്ന സ്ഥലം പരിശോധിച്ച്
ബോധ്യപ്പെടുത്തുന്നതിന് എം.എൽ.എ. ക്ഷണിക്കണം.

7 കേന്ദ്ര പരിസ്ഥിതി വനം മന്ത്രിയെ നിർദ്ദിഷ്ട സ്ഥലം
സന്ദർശിക്കുന്നതിന് മൃഗശാലാവകുപ്പു മന്ത്രി ക്ഷണിക്കണം. പദ്ധ-
തിയുടെ ഗുണം ബോദ്ധ്യപ്പെടുത്തണം.

8 സമയ ബന്ധിതമായി മൃഗശാല മാറ്റി സ്ഥാപിക്കുന്നതിന് നിശ്ചയിച്ച-
തിനും.

9 ജില്ലാ കളക്ടർ സെക്രട്ടറിയായുള്ള തൃശ്ശൂർ കോൺസർവേ-
ഷൻ അതൊറിറ്റി റിസർച്ച് സൊസൈറ്റി സ്ഥാപിക്കാമെന്ന
നിർദ്ദേശം വിലയിരുത്തണം.

10 വനഭൂമിയിൽ ചെയ്യുന്ന നിർമ്മാണ പ്രവർത്തന സ്ഥല-
ങ്ങളുടെ വ്യാപ്തി, പദ്ധതിയുടെ ചിലവ് തുടങ്ങിയവ
നിശ്ചയിക്കുന്നതിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കണം.
ഇതിനായി ഒരു സ്വതന്ത്ര ഡിസൈനറുടെ സേവനം ഉപയോഗപ്പെ-
ടുത്തുന്നതിന് വയനാട്ടുകാർ നിർദ്ദേശം നല്കണം.

വിശദീകരണം

1. a. സെക്രട്ടറി, വനം വകുപ്പ്, കേരളം
Lr no C845/FC1/90 Fc WLD
Dated - 8/10/90.

b. സെക്രട്ടറി, പരിസ്ഥിതി മന്ത്രാലയം
Lr no 8-190/90 FC
Dated 21/3/91.

കേരള സർക്കാർ പീച്ചിയിലുള്ള 24.873 ഹെക്ടർ വനഭൂമിയിൽ മൃഗശാല മാറ്റി സ്ഥാപിക്കുന്നതിന് പൂർണ്ണ അനുവാദത്തിന് കഴുതുന്നു. ഇതിനു പകരമായി അതേയും വനേതര ഭൂമി അതുപയർ ചെയ്തു കൊടുക്കുന്നതിന് അവശ്യപ്പെട്ടു. കൂടാതെ മൃഗശാലയുള്ള ഭൂമി പരിഷ്കരിച്ച്, നഗരത്തിന്റെ ശ്വാസകോശമാക്കുന്നതിന്, വനംവകുപ്പിന് കൈമാറാനും. മേൽ വ്യവസ്ഥകൾ സംസ്ഥാന സർക്കാർ അംഗീകരിച്ചാൽ ഔപചാരികമായ അംഗീകാര പത്രം നല്കുമെന്ന് അറിയിച്ചു. ഇത് മൃഗശാലാ വകുപ്പിന് സ്വീകരിക്കാൻ കഴിഞ്ഞില്ല.

കഴുപതാണ്ടോളം വർഗ്ഗത്തിൽ പെട്ട മരങ്ങളും മറ്റനേകം തരം ചെടികളുമുള്ള തോട്ടത്തിൽ നിന്ന് മൃഗശാല മാത്രമാണ് മാറ്റാൻ ഉദ്ദേശിക്കുന്നത്. രണ്ടു മ്യൂസിയങ്ങൾ - C കല, ജീവശാസ്ത്രം) നഗരത്തിലെ തോട്ടത്തിൽ സ്ഥിതി ചെയ്യും. പൊതുജന സൗകര്യവും അതാണ്.

ii. വനഭൂമി അവശ്യപ്പെടുന്നത് സ്വാഭാവിക വന പ്രതീതിയുള്ളിടത്ത് ജീവികളെ വളർത്താനാണ്. വനം നശിപ്പിക്കാനല്ല. വെച്ചു പിടിപ്പിക്കാനാണ്. കൂടാതെ 24.873 ഹെക്ടർ വനേതര ഭൂമി സാങ്കേതികമായി തൊട്ട്, തുടർച്ചയായി ലഭിക്കാൻ സാദ്ധ്യതയില്ല. പട്ടയം കിട്ടാത്ത കുടിയേറ്റക്കാരുടെ കൈവശത്തിലുള്ള ഭൂമിയേ കാണൂ. പരിസ്ഥിതി മന്ത്രാലയത്തിന്റെ നിർദ്ദേശം പുനഃപരിശോധിക്കുന്നതിന് ഡയറക്ടർ കഴുതിയെങ്കിലും നടപടി ഉണ്ടായില്ല.

3. ഇതിനിടയിൽ പീച്ചി റിസർവോയറിന്റെ ക്യാച്ച്മെന്റ് ഏരിയയിൽ പിനോൾ മറിഞ്ഞു. മൃഗശാലയിൽ "ലിവർ ഫ്ലൂക്കുള്ള് കരിമ്പുലി എത്തി. വേൾഡ് സൂ കോൺസർവേഷൻ സ്ട്രാറ്റജി" എന്ന മാർഗ്ഗ നിർദ്ദേശ രേഖ പുറത്തിറങ്ങി. പുതുതായി അനുഭവിക്കുന്ന കോൺസർവേഷൻ നാഷണൽ റിസർച്ച് സെന്ററുകൾ (മൃഗശാല) പരിമിതമായ സ്ഥലത്താവരുതെന്ന നിർദ്ദേശം നിലവിൽ വന്നു. സ്ഥല വിസ്തൃതി, പരിവർത്തന രൂപകല്പന, മൃഗങ്ങൾക്കുള്ള ചികിത്സാ സൗകര്യങ്ങൾ, പൊതുജനങ്ങൾക്കുള്ള സൗകര്യങ്ങൾ ഒപ്പം ഇൻഫോ സ്റ്റേഷനുകൾ തുടങ്ങിയ കാര്യങ്ങൾക്ക് പരിസ്ഥിതി മന്ത്രാലയത്തിന്റെ കീഴിലെ സ്റ്റാറ്റ്യൂട്ടറി ബോഡിയായ സെൻട്രൽ സൂ അതോറിറ്റിയുടെ അംഗീകാരം അനിവാര്യമാണ്.

മൃഗശാലാ ഉപദേശക സമിതി (1992-95) മേൽക്കാര്യങ്ങൾ വിലയിരുത്തി മൃഗശാല മാറ്റുന്നതിന് പരിസ്ഥിതി പ്രശ്നങ്ങൾ ഒഴിവാക്കാവുന്ന നഗരത്തി-

ഉള്ളൂരുള്ള മറ്റു വനഭൂമികൾ അന്വേഷിച്ചു തുടങ്ങി. C.F. സെൻറർ സർക്കിളിന്റെ സഹകരണത്തോടു കൂടി രണ്ട് വനഭൂമികൾ സൈറ്റ് ഇവാല്യുവേഷൻ നടത്തി. KFRI ഡയറക്ടറുടെ സഹായത്തോടെ അവിടത്തെ വൈൽഡ് ലൈഫ് ബയോളജിസ്റ്റ് വിഭാഗത്തിൽ അതതിന്റെ റിപ്പോർട്ട് കംപയിൽ ചെയ്തു. റിപ്പോർട്ട് പരിശോധിച്ച ഉപദേശക സമിതി പുന്നൂരിലെ കശുമാവ്, ഇല്ലി തോട്ടങ്ങൾ കൂടുതൽ ഉചിതമാണെന്നു കണ്ടെത്തി, ശുപാർശ ചെയ്തു. ഡയറക്ടർ 250 ഹെക്ടർ വനഭൂമി വിട്ടു കിട്ടുന്നതിനുള്ള അപേക്ഷ സമർപ്പിച്ചു. വനം വകുപ്പിന്റെ അധീനത്തിലുള്ള മുള (64 ഹെക്ടർ) കശുമാവ് (60 ഹെക്ടർ) തോട്ടങ്ങൾ 112 ഹെക്ടറോ വരും. അതുകൂടാതെയുള്ള 114 ഹെക്ടറിൽ 10 ഹെക്ടറോളം ഇറിഗേഷൻ വകുപ്പിന്റെ അധീനത്തിലുള്ളതാണ്. അതുകൊണ്ട് 114 ഹെക്ടർ വനഭൂമി വിട്ടുകിട്ടുന്നതിന് 228 ഹെക്ടർ ഡിഗ്രേഡഡ് ഫോറസ്റ്റ് അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള സംഖ്യ കോംപൻസേറ്ററി അഫോറസ്റ്റേഷന് നല്കണം. ഈ തുക മൃഗശാലാ വകുപ്പിന് നല്കി അതത് പിൻസിപ്പൽ ചീഫ് കോൺസർവേറ്റർ (ഇനറൽ) ന് വിട്ടു കൊടുത്തു കൊണ്ടുള്ള ബഡ്ജറ്റ് പ്രൊവിഷൻ ഉണ്ടാവണം.

4. പുന്നൂരിലെ വനഭൂമിയുടെ ഏഴോളം നാഴ്വരകൾ സ്വകാര്യ വ്യക്തികളുടെ പക്കലുള്ളവയാണ്. ഇതിനു പുറത്തായി പുന്നൂർ-മാന്ദാമംഗലം, പുന്നൂർ-കുന്നുമൂലപ്പടി വഴക്കാവ്, പുന്നൂർ-ചന്ദനക്കുന്ന്, പുന്നൂർ-തമ്പുരുട്ടി മൂല എന്നീ റോഡുകളാണ്. ഈ റോഡുകൾക്കും വനഭൂമിക്കും ഇടയിലായി കിടക്കുന്ന 156ഓളം ഏക്കർ ഭൂമിയിൽ ചെറുതും വലുതുമായ 235 ഓളം വീടുകൾ ഉണ്ട്. ഇതിൽ സൂ ഡിസൈനർ നിശ്ചയിക്കുന്ന ഭൂമികൾ പൊന്നും വിലകൊടുക്കേണ്ടതുണ്ട്. ഈ ആവശ്യത്തിലേക്ക് ബഡ്ജറ്റിൽ പ്രൊവിഷൻ ഉണ്ടാവണം.

5. പുന്നൂരിലെ വനഭൂമിക്ക് കോമ്പൻസേറ്ററി വനവൽക്കരണത്തിന് സംഖ്യ നികുതി വെക്കുന്നതാണെന്നും (പേട്ടയ ദാനത്തിൽ ചെയ്തതു പോലെ) 112 ഹെക്ടറിന് 224 ഹെക്ടർ നശിച്ച വനം മെച്ചപ്പെടുത്തുന്നതിനുള്ള തീരുമാനം സർക്കാർ കൈക്കൊള്ളണം. അത് കേന്ദ്ര പരിസ്ഥിതി-വനം മന്ത്രാലയത്തെ അറിയിക്കണം.

മൃഗശാല മാറ്റി സ്ഥാപിക്കുന്നതോടൊപ്പം അധുനികവൽക്കരണവും വംശനാശം നേരിടുന്ന തെക്കെ ഇന്ത്യയിലെ ജീവികളുടെ സംരക്ഷണം - പ്രജനന കേന്ദ്രം അരംഭിക്കുന്നതിനും സർക്കാറിന് ഉത്തരവാദിത്വമുണ്ട്. ഇത് ഒരു വകുപ്പിന്റെ മാത്രം കാര്യമല്ല. അതുകൊണ്ട് ധനം, റവന്യൂ, വിനോദ സഞ്ചാരം, തദ്ദേശ സ്വയം ഭരണം - എന്നിവയുടെ മന്ത്രിമാരെ പദ്ധതി സ്ഥലവും പ്രദേശവും സന്ദർശിക്കുന്നതിന് പ്രദേശത്തെ MLA മാർ മുൻകൈ എടുക്കണം. പദ്ധതിയുടെ അനിവാര്യത, യുക്തിഭദ്രത, അതു കൊണ്ടുള്ള നേട്ടങ്ങൾ എന്നിവ അവരെ ബോദ്ധ്യപ്പെടുത്തണം.


സംസ്ഥാനത്തെ ബന്ധപ്പെട്ട മന്ത്രിമാർ കേന്ദ്ര പരിസ്ഥിതി മന്ത്രിയെ പദ്ധതിക്ഷ പ്രദേശം സന്ദർശിക്കുന്നതിന് ക്ഷണിക്കണം. പദ്ധതിയുടെ ഗുണവും മേൻമയും ബോദ്ധ്യപ്പെടുന്നതി വനഭൂമി വിട്ടു കിട്ടുന്നതിനുള്ള

താമസം ഒഴിവാക്കുവാൻ. അവശ്യപ്പെടണം. ഭൂമി വിട്ടു കിട്ടിയതിനു ശേഷമേ സെൻട്രൽ സൂ അതോറിറ്റിക്ക് മാസ്റ്റർ പ്ലാൻ സമർപ്പിക്കാൻ കഴിയൂ.

ഒരു മൃഗശാല മാറ്റി സ്ഥാപിക്കുന്നതിന് പദ്ധതി ആരംഭിച്ചാൽ ചുരുങ്ങിയത് മൂന്നു മുതൽ അഞ്ചു വർഷം വരെ കഠിനമായി പ്രവർത്തിക്കണം. ഹൈദ്രബാദ്, മദ്രാസ് എന്നിവിടങ്ങളിലെ മൃഗശാലകളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ അനുഭവം അതാണ്. ശക്തമായ സർക്കാർ തീരുമാനവും, ബന്ധപ്പെട്ട മന്ത്രിമാരുടെ നിരന്തര ഇടപെടലുമാണ് ഇന്നു ചുരുങ്ങിയ സമയത്തിനുള്ളിൽ ഈ കാര്യം സാധിച്ചിച്ചത്. ഈ പദ്ധതിയുടെ കാര്യത്തിലും നിരന്തര ശ്രദ്ധ ആവശ്യമുണ്ട്. പദ്ധതിയുടെ ചിലവ് കൂടാതിരിക്കുന്നതിനും, മൃഗങ്ങളെ ലഭ്യമാക്കുന്നതിനും ഇതാവശ്യമാണ്.

തൃശൂർ മൃഗശാല മാറ്റി സ്ഥാപിക്കുന്ന കാര്യത്തിൽ വന്ന കാലതാമസം വിശേഷിച്ചും സാങ്കേതികതയുടെ നൂലാമാലകൾ കൊണ്ടാണ്. ഇത് സംബന്ധിച്ച് 16-5-95 ന് ഇല്ലാ കളക്ടർ മൃഗസ്നേഹികളുടെയും ഫോറസ്റ്റ് ഓഫീസ് തൃശൂർ സൂവിന്റെയും യോഗം വിളിച്ചു. സ്റ്റേറ്റ് മ്യൂസിയം അതാണ് സൂ ഉപദേശക സമിതി ശുപാർശ ചെയ്ത പുത്തൂരിലെ സ്ഥലം ഫീസു ചെയ്യുന്നതിന് സർക്കാരിലേക്ക് എഴുതുന്നതിന് കളക്ടർ തീരുമാനിച്ചു. സർക്കാർ നയത്തിനും ഡിപാർട്ട്മെന്റ് താത്പര്യത്തിനും വിരുദ്ധമാകാതെ കളക്ടർ സെക്രട്ടറിയായുള്ള ഒരു ചാരിറ്റബിൾ സൊസൈറ്റി രൂപീകരിക്കുന്നതിന് അനുവാദത്തിനു എഴുതാൻ തീരുമാനിച്ചു. അഞ്ചുപഞ്ചായത്തുകളിൽ ഡവലപ്മെന്റ് കമ്മറ്റികൾ നിർമ്മാണ പ്രവർത്തനങ്ങൾ ചെയ്തു കൊടുക്കുന്നതു പോലെ സഹായിക്കുന്ന സൊസൈറ്റിയുടെ കരട് ബൈലോ ഉണ്ടാക്കാൻ തീരുമാനിച്ചു. തല്പരരായ എല്ലാവരുടെയും ചർച്ചയ്ക്കും വിലയിരുത്തലിനും ശേഷം അതാര് സർക്കാരിന്റെ അംഗീകാരത്തിന് അയക്കാമെന്നു തീരുമാനിച്ചു. വണ്ണാവിന്റെ സ്ഥിതിയോ സർക്കാരിന്റെ നയങ്ങൾക്കോ കോട്ടം തട്ടാതെ പൊതുജന പങ്കാളിത്തത്തോടെ സർക്കാരിന്റെ താന്നെ നിയന്ത്രണത്തിൽ കാര്യങ്ങൾ ചെയ്യാൻ കഴിയുന്ന ഈ സംവിധാനം സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരണം.

വനഭൂമി വിട്ടു കിട്ടുന്നതിനുള്ള അപേക്ഷയിൽ അതിൽ നിർമ്മിക്കാനിരിക്കുന്ന റോഡ്, കെട്ടിടങ്ങൾ, മറ്റ് സൗകര്യങ്ങൾ എന്നിവയുടെ വിസ്തൃതി രേഖപ്പെടുത്തണം. വിട്ടു കിട്ടാത്ത ഭൂമിയിൽ ഈ കാര്യങ്ങൾ ഭാവന ചെയ്ത് എസ്റ്റിമേറ്റ് ഉണ്ടാക്കാൻ കഴിയുന്നതല്ല. വിശേഷിച്ചും ഒരു സൂ ഡിസൈനറുടെ സഹായത്തോടെ ചെയ്തിരിക്കേണ്ട സാമ്പത്തിക ബാദ്ധ്യതയുള്ള ഒരു ജോലിയാണിത്. ഈ ജോലി ചെയ്യുന്നതിന് ഭൂമിയുടെ കോണ്ടൂർ മാപ് അവശ്യമാണ്. ഇതിന് ഇല്ലാ കളക്ടർ ബാദ്ധ്യതപ്പെടുത്തുകയും ഫോറസ്റ്റ് ഓഫീസ് തൃശൂർ സൂവും, പുത്തൂർ പഞ്ചായത്തും സാമ്പത്തികമായും സേവനത്തിലൂടെയും ചെയ്യാമെന്നേറ്റു. തൃശൂർ എഞ്ചിനീയറിംഗ് കോളേജിലെ അദ്ധ്യാപകരും, വിദ്യാർത്ഥികളും അവരുടെ പ്രോജക്ടായി ചെയ്തു കഴിഞ്ഞു. ഇതു കൊണ്ട്, വകുപ്പു മന്ത്രിമാർ കൂട്ടായിരുന്ന് തീരുമാനമെടുത്താൽ സൂ ഡിസൈൻ ചെയ്യാൻ മഴക്കാലത്തു കൂടി സാധിക്കും.



5

അയതിനുള്ള നിർദ്ദേശം മൃഗശാലാ വകുപ്പ് ഡയറക്ടർക്ക് നല്കണം. സൂ ഡിസൈൻ ചെയ്യുന്നതോടു കൂടിയേ പ്രോജക്ടിന്റെ യഥാർത്ഥ ചിലവ് നിശ്ചയിക്കാൻ കഴിയൂ. പ്രപോസലിലിതേ റ്റീവും സബ്സ്റ്റാൻഷീവും അയ പ്രവർത്തനങ്ങൾക്ക് എന്നു സംഖ്യ വേണ്ടി വരുമെന്നു നിശ്ചയിച്ചാലെ പദ്ധതിയിൽ കൃത്യമായി വകകൊള്ളിക്കാൻ കഴിയൂ. കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കാനുള്ള പണത്തിന് അപേക്ഷിക്കുന്നതിന് മാസ്റ്റർ പ്ലാൻ ഉണ്ടാകണം. അയത് സെൻട്രൽ സൂ അതോറിറ്റി അംഗീകരിക്കണം. അംഗീകരിച്ചാൽ പ്രവർത്തനത്തിന്റെ ഫണ്ടിൽ ഒരു ഭാഗം ലഭിക്കും.

കോണ്ടൂർ സർവ്വേയും സാമൂഹ്യ-സാമ്പത്തിക സർവ്വേയും

മൃഗശാല ആധുനിക വൽക്കരണത്തിന് പുത്തൂരിലെ സ്ഥലമാണ് തെരഞ്ഞെടുക്കപ്പെട്ടത്. വനംവകുപ്പിന്റെ കീഴിലായിരുന്നു പ്രസ്തുത സ്ഥലം. ഈ സ്ഥലത്ത് മൃഗശാല സ്ഥാപിക്കാനുള്ള അനുമതി ലഭിക്കണമെങ്കിൽ പ്രസ്തുത സ്ഥലത്തിന്റെ കോണ്ടൂർ മാപ്പ് (ഭൂപടം) ഇതിനു ചുറ്റുമുള്ള പ്രദേശത്തെ ജനങ്ങളുടെ സാമൂഹ്യ സാമ്പത്തിക നിലവാരം സംബന്ധിച്ച് സർവ്വേ റിപ്പോർട്ട് എന്നിവ ആവശ്യമായിരുന്നു.

മൃഗശാല ആധുനികവൽക്കരണം എന്നത് ഔദ്യോഗികമായ ഒരു പ്രോജക്ട് ആയി അംഗീകരിക്കപ്പെടാത്തതുകൊണ്ട് കോണ്ടൂർ സർവേക്കും സാമൂഹ്യ സാമ്പത്തിക സർവ്വേക്കും ആവശ്യമായ പണം നൽകാൻ സർക്കാർ ഏജൻസിക്ക് സാധിക്കുമായിരുന്നില്ല. ഈ ഘട്ടത്തിൽ ഫ്രണ്ട്സ് ഓഫ് സൂ മുൻകൈയെടുത്ത് മൃഗശാല ഉപദേശകസമിതി, പുത്തൂർ ഗ്രാമപഞ്ചായത്ത്, അളഗപ്പ നഗർ ത്യാഗരാജ പോളിടെക്നിക് കമ്മ്യൂണിറ്റി വിഭാഗം, തൃശ്ശൂർ എൻജിനീയറിങ് കോളേജ് സിവിൽ വിഭാഗം, പുത്തൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന സംസ്കാര വിദ്യാഭ്യാസ ഗവേഷണ കേന്ദ്രം എന്നിവയുടെ സഹകരണത്തോടെ കോണ്ടൂർ സർവ്വേയും സാമൂഹ്യ സാമ്പത്തിക സർവ്വേയും നടത്താൻ തീരുമാനിച്ചു. തൃശൂർ ജില്ലാ കളക്ടർ രാജീവ് സദാനന്ദൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ പ്രവർത്തന പരിപാടികൾ ആവിഷ്ക്കരിച്ചു.

ACKNOWLEDGEMENTS

This report on the particulars of dwellers around the proposed Trichur Conservation and Research Centre at Puthur is made with the co-operation and support of Samskara Centre for Educational Research and Training [SCERT] and its volunteers. The President of the Grama Panchayath, I sincerely thank Sri M. Peethambaran, the Director and Sri M. Aravindakshan, the Secretary of the SCERT for having volunteered to take up this work for us. Thanks are also due to all the people in the survey area who helped the volunteers by furnishing the data. Without acknowledging the president and members of the last panchayath who enitiated thought in this line, I will be falling shut in my responsibility and so I acknowledge my sincere sincere thanks to them also.

Puthur,
31-3-1996

Johny Chirayath
President
Puthur Grama Panchayath
Puthur P.O.

സാമൂഹ്യ-സാമ്പത്തിക സർവ്വേ റിപ്പോർട്ടിന് പുത്തൂർ ഗ്രാമപഞ്ചായത്തിന്റെ അംഗീകാരപത്രം


INTRODUCTION

The long discussed subject of the zoo in State Museum And Zoo, Thrissur being transfered to a nature stimulated and the spacious site had always been a point that had been keenly followed by the people on the out skirts of the Thrissur town. The information that the Advisory Committee for the State Museum and Zoo have recommended the bamboo and cashew plantations and adjacent lands in Puthur Panchayath as suitable for a modern zoo have made the Grama Panchayath, stydy about the possible effects on the people in and around the proposed site.

The proposed site encircled by the Puthur – Mannamangalam Road, Puthur – Valakkavu Road, Puthur Thampurattimoola Road and Puthur Chandanakunnu Road have resident and non-resident land holders. The Grama Panchayath felt it necessaryto conduct a socio-economic survey of this area so that a clear picture will be available to the local body for any duty that will be its share in the proposed project. At the same time, it is also felt that a survey will be useful to furnish any detail regarding the total or partialarea that will have to be taken over bythe Zoo Department. So all parameters, that may possibly be necessary for consideration in the execution of the project, in future, has been taken in to account while formulating the questionaire,for us by SCERT [Samskara Centre for Educational Research and Training] voluntary organisation in the panchayath.

The Panchayath is confident that this survey will help us in deciding the plans to be formulated. And it is hoped that the department of Zoos,Revenue, Forest and any other involved in execution of the transfer of the zoo and establishment of a modern tourist centre will find it easier to decide and proceed in their work as far as the private land around the R.F. land is concerned.

This, also, is a venture for considing the ways and means of avoiding the usual confusion, anxiety and uncertainity that a group of peopole to be evicted for a project endures. The Panchayath desires that, as far as possible, all the people who wishes should be settled in Puthur itself and for this plans and projects should be formulated, simultaneously. It is hoped that this survey will benifit the people in outside the project area, as the Panchayath is provided with the necessary details for considering preperations of plan and schemes for the people.



PARTICULARS OF DWELLERS
AROUND THE PROPOSED TRICHUR CONSERVATION AND RESEARCH CENTRE AT PUTHUR
[The Survey conducted by SCERT, PUTHUR for Puthur Grama Panchayath]

	NO. OF HOUSES	AREA OF LAND (in Acre)
Left of Puthur-Mannamangalam road	170	50
Right of Puthur valakkavu road	24	25
Right of Thampurattimoola road	40	42
Left of Chandanakunnu road	46	20
Total	280	147 Acres

Resident: 280 Non-resident: 45

Population: 1271 Male: 622 Female: 649

Education:-
LP: 276 UP: 261 HS: 332 Under Graduation:62 Graduate: 15 PG:

Occupation:-
Coolie: 430 Govt. Emp.: 14 Pvt. Emp.: 15 Business: 13
Students: 226

Land Nature:-
Garden: 143 Acres Field: 1 Acre Fallow: 3 Acres

Water Source:-
Well: 156 Tank: 78

House:-
Single Storied: 277 Double:3

Thatched: 11 Tiled: 249 Concrete: 20

Small Size: 180 Medium: 96 Large: 4

Electrified: 166 Not Electrified: 114

Annual Income:-
upto Rs. 10,000 : 268
upto Rs. 20,000 : 11
upto Rs. 30,000 : 1

തൃശൂർ സുവോളജിക്കൽ പാർക്കിനായി നിർദ്ദേശിക്കപ്പെട്ട സ്ഥലത്തിന് ചുറ്റുമുള്ള പ്രദേശത്തിന്റെ സാമൂഹ്യ - സാമ്പത്തിക സർവ്വെ 1996ൽ നടത്തിയതിന്റെ സംക്ഷിപ്ത റിപ്പോർട്ട്. സംസ്ക്കാര വിദ്യാഭ്യാസ ഗവേഷണ കേന്ദ്രം ഡയറക്ടർ എം. പീതാംബരൻ മാസ്റ്റർ, സെക്രട്ടറി എം. അരവിന്ദാക്ഷൻ, കമ്പ്യൂട്ടർ വിഭാഗം പ്രധാന അദ്ധ്യാപകൻ കെ.ബി. ബിജി, വി.കെ. സോമശേഖരൻ, എം.ആർ. മാധവൻ മാസ്റ്റർ, കെ. രാധാകൃഷ്ണൻ (ആളഗപ്പനഗർ ത്യാഗരാജ പോളിടെക്നിക്) എന്നിവർ നേതൃത്വം നൽകി.

ആധുനിക മൃഗശാലക്കായി ജനകീയ സമ്മർദ്ദം

തൃശ്ശൂർ മൃഗശാല വിപുലീകരിച്ച് പക്ഷിമൃഗാദികൾക്ക് കൂടുതൽ മെച്ചപ്പെട്ട ആവാസസ്ഥലവും ക്ഷേമവും സാധ്യമാക്കുന്നതിന് വേണ്ടി ഫ്രണ്ട്സ് ഓഫ് സൂ എന്ന സംഘടനക്ക് ഒപ്പം മറ്റ് സന്നദ്ധസംഘടനകളും ഒത്തുചേർന്നു. കേരള സർവോദയ മണ്ഡലം ഇതിനായി ചർച്ചാ യോഗം സംഘടിപ്പിച്ചു. 'മൃഗശാല ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ' എന്നവിഷയത്തെ ആസ്പദമാക്കിയാണ് 1996 ഒക്ടോബർ പതിനാലാം തീയതി ചർച്ചാ യോഗം സംഘടിപ്പിച്ചത്. സമ്മേളനത്തിൽ സർവോദയ മണ്ഡലം ജില്ലാ സെക്രട്ടറി കൂടിയായ എം. പീതാംബരൻ മാസ്റ്റർ അധ്യക്ഷത വഹിച്ചു.



'മൃഗശാല തൃശൂരിന് അപമാനം'

തൃശൂർ: പരിഷ്കൃതവും ശാസ്ത്രീയവുമായ സംവിധാനങ്ങളില്ലാത്ത തൃശൂർ മൃഗശാല കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനത്തിന് അപമാനമാണെന്നു ജില്ലാ സർവോദയ മണ്ഡലത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന മൃഗശാല 21-ാം നൂറ്റാണ്ടിൽ എന്ന ചർച്ചാ യോഗം അഭിപ്രായപ്പെട്ടു.

രാജ്യത്തെ മറ്റെല്ലാ മൃഗശാലകളും ആധുനികവൽക്കരിക്കപ്പെട്ടപ്പോഴും ഇവിടെ പക്ഷിമൃഗാദികൾ ഇടുങ്ങിയ കൂടുകളിൽ കിടന്നു യാതന അനുഭവിക്കുകയാണ്.

ശാസ്ത്രീയ ഘടന ഇല്ലാത്തതുകൊണ്ടു നിരവധി അന്താരാഷ്ട്ര ഫണ്ടുകൾ മൃഗശാലയ്ക്കു നഷ്ടപ്പെടുന്നു.

മൃഗശാലയ്ക്കായി ജില്ലയിലെ ജനപ്രതിനിധികൾ നിർദേശിച്ച, പുത്തൂർ പഞ്ചായത്തിലെ 400 ഏക്കർ പ്ലാന്റേഷനിൽ കോൺടൂർ സർവേ നടന്നുകഴിഞ്ഞു. സാങ്കേതിക തടസങ്ങൾ ഒഴിവാക്കി മൃഗശാല ആധുനികവൽക്കരിക്കാനുള്ള സത്വര നടപടികളുണ്ടാകണമെന്നു യോഗം സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടു.

സർവോദയ മണ്ഡലം ജില്ലാ സെക്രട്ടറി എം. പീതാംബരൻ മാസ്റ്റർ അധ്യക്ഷത വഹിച്ചു.

കെ.വി. അബ്ദുൽ അസീസ്, ശ്രീധരൻ തേറമ്പിൽ [പി.യു.സി.എൽ.], ടി.ഒ. ജോർജ് [മദ്യനിരോധന സമിതി], എം. അരവിന്ദാക്ഷൻ [സാംസ്കാരിക വിദ്യാഭ്യാസ ഗവേഷണ കേന്ദ്രം], ടി.കെ. വിജയൻ [ഭാരത് കൃഷക് സമാജ്], എ.കെ. ശിവരാമൻ [ഗാന്ധി യുവമണ്ഡലം] എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

15-10-1996

കെ.വി. അബ്ദുൽ അസീസ്, ശ്രീധരൻ തേറമ്പിൽ (pucl), ടി. ഒ.ജോർജ് (മദ്യനിരോധന സമിതി), എം.അരവിന്ദാക്ഷൻ (സംസ്കാര വിദ്യാഭ്യാസ ഗവേഷണ കേന്ദ്രം) ടി.കെ. വിജയൻ (ഭാരത് കൃഷക് സമാജം) എ.കെ.ശിവരാമൻ (ഗാന്ധി യുവമണ്ഡലം), എന്നീ വിവിധ സംഘടനകളെ പ്രതിനിധീകരിച്ച് ചർച്ചയിൽ പങ്കെടുത്തു. മൃഗശാല ആധുനികവൽക്കരണത്തിനായുള്ള സാമൂഹ്യ സമ്മർദം ശക്തമാക്കാൻ യോഗം തീരുമാനിച്ചു. മൃഗശാല ആധുനികവൽക്കരണത്തിനായി പുത്തൂരിൽ നിർദേശിക്കപ്പെട്ട സ്ഥലം വന്യജീവി - വനം സംരക്ഷണ മേഖലയായി (വൈൽഡ് ലൈഫ് സാങ്ചറി) ആയി രേഖപ്പെടുത്തിയിട്ടുണ്ട് എന്ന് 1996 ഏപ്രിൽ മാസത്തിൽ വനംവകുപ്പ് അറിയിച്ചു. ഒരു സാങ്ചറി മേഖലയിൽ മറ്റൊരു വകുപ്പിന്റെ പ്രൊജക്റ്റ് നടത്താൻ നിലവിലെ വനനിയമങ്ങൾ വച്ചുകൊണ്ട് വളരെ പ്രയാസകരമായി മാറി.

കുട്ടികളുടെ ദീപിക
വിജ്ഞാനവും വിനോദവും ഒരുമിച്ച്

ദീപിക
THE FIRST MALAYALAM DAILY ★ ESTD IN 1887 ★ PUBLISHED FROM THRISSUR KOTTAYAM KANNUR & KOCHI
14 പേജ് 2.25 രൂപ തൃശൂർ 1996 ജൂലൈ 7 ഞായർ

ഇവിടെ മൃഗങ്ങൾ തടവുപുള്ളികൾ

ഫ്രാങ്കോ ലൂയിസ്



Plan to shift Thrissur zoo hanging fire

From Our Staff Reporter

THRISSUR, Dec. 17.

Animals do not form a vote bank. Nor do they set up unions demanding better service conditions or at least humane living environment. That, perhaps, explains the fate of a proposal mooted decades back to shift the zoo from the claustrophobic town centre to a more humane atmosphere outside.

In fact, everybody is for a more humane treatment to the beings trapped eternally in the squalour of the rusty cages in the State Museum and Zoo here. But nobody seems interested in moving even their little finger to see that more liveable surroundings provided to them.

The latest of the proposals, one to relocate a major portion of the zoo on the forest land available in Puthur panchayat, eight km from here, and just 3 km off N.H. 47, has also been languishing in a limbo.

The proposal initiated long ago, seems to have ended up in the dusty files of the several departments involved. That the issue is connected with several departments could be its major bane. The Department of Culture runs the zoo and it has initiated steps at the director's level to have it moved outside the city. The land to which it is to be shifted belongs to the Departments of Forest and Wildlife and they have to release the land. Again the Revenue Department plays the key coordinating role in the whole exercise.

The proposed site in Puthur is a 250-hectare expanse of the foothills of the Western Ghats that is easily accessible from the N.H. But it is removed enough from the din and bustle of the town to give it the atmosphere required of a centre that at least pretends a nodding acquaintance with conservation ethics.

According to the panchayat president, Mr. Johny Chirayath, the panchayat committee had adopted a number of resolutions demanding the relocation of the zoo on this land. The land had been identified by a committee headed by the District Collector and comprising the Forest and Culture Departments' representatives. The land that sprawls over three hillocks in the Puthur and Kainur villages of Thrissur taluk has been covered by cashew and bamboo plantations of the Forest Department.



The sprawling cashew and bamboo plantations in Puthur that have been identified for relocating the Thrissur zoo.

The Thrissur MP, Mr. P. C. Chacko, and the Assembly Speaker, Mr. Therambil Ramakrishnan, had shown a keen interest in the project. Mr. Chacko said he had plans to talk to officials and people's representatives to see what could be done to hasten the matter.

The problem, according to him, would be of finding an alternative non-forest land for compensatory afforestation. This, conservationists say, could be solved by forming a charitable society that could raise the money needed to buy land to be handed over for compensatory afforestation.

The new set up could be a conservation centre where animals could be kept in an environment close to their natural habitat in consonance with the changing concept of zoo the world over.

While the shifting of the zoo to Puthur would make it more accessible to the people of Central Kerala, it would also hasten the development of the panchayat as a tourist-cum-conservation centre.

The sprawling landscape, if handled imaginatively, would become the ultimate in picnic spot, even while reducing the stress on the animals which are now reduced to shadows of their selves in the dungeons of the present zoo.

വി. വി. രാഘവൻ എം. പി., മേനക ഗാന്ധി എന്നിവരുടെ നിർദ്ദേശങ്ങൾ

1997 ജൂൺ മാസത്തിൽ CPCSEA യുടെ (Committe for the Purpose of Control and Supervision of Experiments on Animals) ചെയർ പേഴ്സൺ മേനക ഗാന്ധി മൃഗശാല സന്ദർശിച്ച് ആധുനിക വൽക്കരണത്തിനു നിദ്ദേശങ്ങങ്ങൾ നൽകി. മൃഗശാല ആധുനിക വൽക്കരണത്തിനു വേണ്ടിയുള്ള നിരന്തരമായ പരിശ്രമങ്ങളും ഫ്രണ്ട്സ് ഓഫ് സൂവിന്റെ നേതൃത്വത്തിൽ 1997ൽ സജീവമായി തുടർന്നു. ഇതിനായി ബന്ധപ്പെട്ട വകുപ്പ് മന്ത്രിമാരെയും നിയമസഭാംഗങ്ങളെയും എം.പി.മാരെയും നിരന്തരം ഓർമിപ്പിച്ചുകൊണ്ടിരുന്നു. ഇവരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള സെമിനാറുകളും സംഘടിപ്പിച്ചു. വനം വകുപ്പും സാംസ്കാരിക വകുപ്പും തമ്മിലുള്ള തർക്കമാണ് മൃഗശാല ആധുനിക വൽക്കരണത്തിന് തടസ്സമായി തീരുന്നത് എന്ന യാഥാർത്ഥ്യം മന്ത്രിമാരെയും ജനപ്രതിനിധികളെയും അറിയിക്കാൻ ഫ്രണ്ട്സ് ഓഫ് സൂവിനു സാധിച്ചു. വന്യജീവി വാരത്തോടനുബന്ധിച്ച് തൃശൂരിൽ മൃഗശാല ഓഡിറ്റോറിയത്തിൽ വച്ച് തന്നെ വിപുലമായ സെമിനാർ സംഘടിപ്പിച്ചു.

തൃശ്ശൂർ എം.പി.പാർലമെന്റ് അഗം വി.വി. രാഘവൻ സെമിനാർ ഉദ്ഘാടനം ചെയ്തു. ജില്ലാ കളക്ടർ ടിക്കാറാം മീണ സെമിനാറിൽ അധ്യക്ഷത വഹിച്ചു. മൃഗശാല മാറ്റം എത്രയും പെട്ടെന്ന് യാഥാർഥ്യമാക്കണം എന്ന് വി. വി. രാഘവൻ എം.പി. ആവശ്യപ്പെട്ടു. മൃഗങ്ങളോട് ഇത്രയും ക്രൂരത കാണിക്കുന്നത് കേരളത്തിലാണെന്ന് സെമിനാറിൽ അധ്യക്ഷത വഹിച്ച ജില്ലാ കലക്ടർ ടിക്കാറാം മീണ പറഞ്ഞു. തൃശൂർ മൃഗശാലയുടെ ആധുനിക വൽക്കരണത്തിന്റെ ചുമതല വനംവകുപ്പിനെ ഏല്പിക്കുന്നതാണ് കൂടുതൽ അനുയോജ്യം എന്ന് സെമിനാറിൽ അഭിപ്രായമുയർന്നു.

മുനിസിപ്പൽ കൗൺസിലർ കെ. കെ. വിനോദിനി, പ്രൊഫ. ജോൺ സിറിയക്ക്, പി. ആർ. വർഗീസ് മാസ്റ്റർ, ഡോ. ജേക്കബ് ചീരൻ, ഡോ. പി.എസ്. ഈസ, ഫോറസ്റ്റ് ഓഫീസർ എം. ഐ. വർഗീസ്, ഫ്രണ്ട്സ് ഓഫ് സൂ സെക്രട്ടറി എം. പീതാംബരൻ മാസ്റ്റർ എന്നിവർ പ്രബന്ധങ്ങളവതരിപ്പിച്ചു. മൃഗശാല ആധുനിക വൽക്കരണത്തിനായി പുത്തൂർ ഗ്രാമപഞ്ചായത്തിലെ സ്ഥലം വനം വകുപ്പിൽ നിന്നും ലഭ്യമാക്കാൻ ഗവൺമെന്റിനോട് അഭ്യർത്ഥിച്ചിട്ടുണ്ട് എന്ന് സാംസ്കാരിക വകുപ്പിന്റെ പ്രസിദ്ധീകരണത്തിൽ വ്യക്തമാക്കിയിരുന്നു.

മൃഗശാല മാറ്റണം

'മൃഗശാലയ്ക്ക് വാർധക്യം', 'വികസനവും നിലനില്പും വഴിമുട്ടിനിൽക്കുന്ന തൃശൂർ മ്യൂസിയം' എന്നീ തലക്കെട്ടുകളിൽ 'മാതൃഭൂമി'യിൽ വന്ന വാർത്തകൾ കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനത്തെ അപ്രിയസത്യങ്ങളാണ്. ഇത് വെളിച്ചത്തുകൊണ്ടുവരാൻ തയ്യാറായ 'മാതൃഭൂമി'ക്ക് അഭിനന്ദനങ്ങൾ. മ്യൂസിയത്തിന്റെയും മൃഗശാലയുടെയും നിലനില്പിന് അടിയന്തരമായി വേണ്ടത് അനുയോജ്യമായ സ്ഥലത്തേക്ക് മൃഗശാല മാറ്റുക എന്നതാണ്.

ആധുനിക മൃഗശാലകൾക്ക് ആവശ്യമായ ഭൗതിക സാഹചര്യങ്ങളെക്കുറിച്ച് 1992ൽ സെൻട്രൽ സൂ അതോറിറ്റി വ്യക്തമായ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. അതനുസരിച്ച് തൃശൂരിൽ മൃഗശാല സ്ഥിതി ചെയ്യുന്ന സ്ഥലം പത്ത് മാനുകളുള്ള ഒരു ഡീർ പാർക്കിന് മാത്രമേ തികയുകയുള്ളൂ. ഇരുമ്പുകൂടുകളിൽ ഇടുങ്ങിയ സ്ഥലത്താണ്, ശബ്ദകോലാഹലങ്ങളുടെ മധ്യത്തിൽ പ്രാകൃതമായ കൂടുകളിൽ 66 ഇനങ്ങളിൽപ്പെട്ട വലുതും ചെറുതുമായ മൃഗങ്ങളെ തളച്ചിട്ടിരിക്കുന്നത്. സാംസ്കാരിക തലസ്ഥാനത്തിന്റെ ക്രൂരവിനോദം!

പ്രതിവർഷം ശരാശരി എട്ട് ലക്ഷം സന്ദർശകരാണ് തൃശൂർ മൃഗശാലയിലെത്തുന്നത്. ഇത്രയേറെ സന്ദർശകരുള്ള ഈ സ്ഥാപനം ആധുനികവത്കരിക്കാനുള്ള നടപടികൾ ആരംഭിക്കണമെന്ന് സെൻട്രൽ സൂ അതോറിറ്റി ആവർത്തിച്ച് ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. സംസ്ഥാന ഭരണാധികാരികൾ ഇത് ചെവികൊള്ളാതിരുന്നതിനാൽ 1992ശേഷം കേന്ദ്രസർക്കാരിൽനിന്നുള്ള പല ഫണ്ടുകളും അനുവദിക്കുന്നില്ല. 1998 മാർച്ചിന് മുമ്പായി ആധുനികവത്കരണം നടത്തിയില്ലെങ്കിൽ അംഗീകാരം റദ്ദാക്കുമെന്ന അന്ത്യശാസനം നൽകിയിട്ട് വർഷം രണ്ടു കഴിഞ്ഞു. ഭരണാധികാരികളുടെ സമീപനത്തിൽ വലിയ മാറ്റമൊന്നും ഇനിയും ഉണ്ടായിട്ടില്ല.

അതേ സമയം, രണ്ടു വർഷം മുമ്പ്, സംസ്ഥാന സർക്കാരിന്റെ നിർദ്ദേശമനുസരിച്ച് ജില്ലയിലെ ജനപ്രതിനിധികളുടേയും വന്യജീവി—പരിസ്ഥിതി സംരക്ഷണ സംഘടനാ പ്രതിനിധികളുടെയും സംയുക്ത യോഗം ജില്ലാ കളക്ടർ വിളിച്ചുചേർത്തിരുന്നു. പ്രസ്തുതയോഗത്തിന്റെ തീരുമാനപ്രകാരം പുത്തൂർ പഞ്ചായത്തിലെ നിർദ്ദിഷ്ട സ്ഥലത്തേക്ക് മൃഗശാല മാറ്റുന്നതിനുള്ള സാധ്യതകളെക്കുറിച്ച് പഠിക്കാൻ ഒരു സമിതിയെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. ഈ സമിതി ഒരാഴ്ചയ്ക്കകം തന്നെ റിപ്പോർട്ട് സമർപ്പിച്ചു. മൊത്തം ചെലവിന്റെ പകുതിയോളം കേന്ദ്രസർക്കാരിൽനിന്നും ലഭിക്കും. ബാക്കി തുക സ്പോൺസർമാർ വഴിയോ, താൽക്കാലിക എഗ്രിമെന്റുകരം വഴിയോ സംഘടിപ്പിക്കാമെന്നാണ് സൂചിപ്പിച്ചിരുന്നത്. ഈ നിർദ്ദേശങ്ങളും പ്രായോഗികമാക്കാവുന്നതാണെന്ന് തെളിയിക്കുന്ന ഏതാനും പ്രവർത്തനങ്ങളും ഇതിനകം നടന്നു. പുത്തൂരിലുള്ള സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന കേന്ദ്രത്തിന്റെ സ്വന്തം ചെലവിൽ നിർദ്ദിഷ്ട സ്ഥലത്തുള്ള കുടുംബങ്ങളുടെ സാമൂഹ്യ—സാമ്പത്തിക സർവ്വെ നടത്തി റിപ്പോർട്ട് സമർപ്പിച്ചു. പുത്തൂർ ഗ്രാമപ്പഞ്ചായത്ത് രേണസമിതി, തൃശൂർ ഗവണ്മെന്റ് എഞ്ചിനീയറിംഗ് കോളേജ് സിവിൽ വിഭാഗം, ഫ്രണ്ട്സ് ഓഫ് സൂ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ഏകദേശം നൂറ്റി അമ്പത് ഹെക്ടർ സ്ഥലത്തിന്റെ കോണ്ടൂർ സർവ്വെ നടത്തി. ജനകീയ ആസൂത്രണത്തിന്റെ ഭാഗമായി പുത്തൂർ പഞ്ചായത്തിലെ ഗ്രാമസഭായോഗങ്ങളും വികസന സമിതി നാരും മൃഗശാല ആധുനികവത്കരണ പ്രവർത്തനങ്ങൾക്ക് എല്ലാവിധ പിന്തുണയും വാഗ്ദാനം ചെയ്തിട്ടുണ്ട്.

ജനകീയ പരിപാടിയായി ആധുനികവത്കരണം നടക്കുന്നതോടൊപ്പം ഇപ്പോൾ മൃഗശാല സ്ഥിതി ചെയ്യുന്ന സ്ഥലംകൂടി ഉപയോഗപ്പെടുത്തിക്കൊണ്ട് മ്യൂസിയത്തെ വികസിപ്പിക്കാനും സാധിക്കും. സാംസ്കാരിക തലസ്ഥാനത്തിന് ഏറ്റെടുക്കാവുന്ന ഏറ്റവും നല്ല പാപപരിഹാര കർമ്മമായിരിക്കും അത്. കനിണയുള്ള ഏതൊരുവനും ഇച്ഛാശക്തിയുള്ള മനസ്സും രേണ നേതൃത്വത്തിനുണ്ടെങ്കിൽ ഇത് യാഥാർത്ഥ്യമാക്കുകതന്നെ ചെയ്യും.

—എം. പീതാംബരൻ, സെക്രട്ടറി, ജില്ലാ സർവ്വോദയമണ്ഡലം

നിന്നും പാഠം പഠിച്ചു കൊണ്ട് യൂണിവേഴ്സിറ്റി അധികാരികൾ ഗുരുകുലത്തിനെ സമീപിക്കുകയുണ്ടായി. ഇത് ഗുരുകുലത്തിന് അഭിമാനാർഹമായ ഒരു നേട്ടമാണ്.

മ്യൂസിയം, മൃഗശാല

നൂറ്റാണ്ടിലേറെ പഴക്കമുള്ള തിരുവനന്തപുരം മ്യൂസിയങ്ങളും മൃഗശാലയും അത്രതന്നെ പഴക്കമുള്ള തൃശൂരിലെ മൃഗശാലയും വിദേശത്തു നിന്നും ഇന്ത്യയിലെ മറ്റുഭാഗത്തു നിന്നും ഉള്ള നിരവധി സഞ്ചാ

രുപക്ഷികൾ നിരവധിപേർക്കുള്ള വിനോദ കേന്ദ്രമായി മാറിയിട്ടുണ്ട്. ഇവയുടെ പരിപാലനത്തിന് വേണ്ടിയുള്ള ഏർപ്പാടുകൾ ചെയ്യുന്നതാണ്. തൃശൂർ മൃഗശാല കൂടുതൽ സ്ഥലസൗകര്യമുള്ള മറ്റൊരിടത്തേക്കു മാറ്റി നവീകരിക്കുവാൻ തീരുമാനിക്കുകയും ഇതിനുവേണ്ടി തൃശൂർ ജില്ലയിലെ തന്നെ പുത്തൂർ പ്രദേശത്തു നിന്നും 250 ഹെക്ടർ വനഭൂമി വകുപ്പിന് ലഭ്യമാക്കുവാൻ സർക്കാരിനോട് അഭ്യർഥിക്കുകയും ചെയ്തിട്ടുണ്ട്. ഭൂമി ലഭിച്ചു കഴിഞ്ഞാലുടൻ തന്നെ തൃശൂർ മൃഗശാല അവിടേക്കു മാറ്റി നവീകരിക്കുവാൻ നടപടി തുടങ്ങുന്നതാണ്.

'മൃഗശാലാ സംരക്ഷണം വനം വകുപ്പിനു കീഴിലാക്കണം'

തൃശൂർ: തൃശൂർ മൃഗശാലയുടെ സംരക്ഷണം സാംസ്കാരിക മന്ത്രാലയത്തിന്റെ കീഴിൽനിന്നു മാറ്റി വനംവകുപ്പിന്റെ കീഴിലാക്കണമെന്ന് മൃഗശാലാ പ്രേമികൾ.

വന്യജീവി വാരാചരണത്തോടനുബന്ധിച്ച് മൃഗശാല 21-ാം നൂറ്റാണ്ടിൽ എന്ന വിഷയത്തെക്കുറിച്ച് മൃഗശാല ഓഡിറ്റോറിയത്തിൽ നടന്ന സെമിനാറിൽ ഉരുത്തിരിഞ്ഞതാണ് ഈ ആവശ്യം. ഫ്രൻഡ്സ് ഓഫ് തൃശൂർ സൂ ആണ് സെമിനാർ സംഘടിപ്പിച്ചത്. മന്ത്രാലയമാറ്റം ആവശ്യപ്പെടുന്ന പ്രമേയം സെമിനാർ പാസാക്കി.

തൃശൂരിലെ മൃഗശാല കൂടുതൽ സൗകര്യപ്രദമായ പുത്തൂരിൽ കണ്ടെത്തിയിട്ടുള്ള സ്ഥലത്തേക്ക് മാറ്റാൻ വൈകുന്നത് മന്ത്രാലയങ്ങൾ തമ്മിലുള്ള അഭിപ്രായവ്യത്യാസംമൂലമാണ്.

പുത്തൂരിലേത് മൃഗസംരക്ഷണവും ഗവേഷണവും ഉദ്ദേശിച്ചുകൊണ്ടുള്ള മൃഗശാലയാണ്. ഇത് വനംവകുപ്പിന്റെ കീഴിലേ സാധിക്കൂ. എന്നാൽ, ഇപ്പോൾ തൃശൂരിലെ മൃഗശാല സാംസ്കാരികവകുപ്പിന്റെ കീഴിലാണ്. ഇതിനാലാണ് തൃശൂരിൽനിന്നും പുത്തൂരിലേക്കുള്ള മാറ്റം വൈകുന്നത്. രാജ്യത്തെ മറ്റെല്ലാ സംസ്ഥാനങ്ങളിലും മൃഗശാലകൾ വനംവകുപ്പിന്റെ കീഴിലാണ്.

സെമിനാർ വി.വി.രാഘവൻ എംപി ഉദ്ഘാടനം ചെയ്തു. മൃഗശാല തൃശൂരിൽ തുടരുന്നത് മൃഗങ്ങളോടു മാത്രമുള്ള ക്രൂരതയല്ല; മറിച്ച് തൃശൂർ പൗരാവലിയോടുകൂടി ചെയ്യുന്ന ക്രൂരതയാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

ശോചനീയാവസ്ഥയിലുള്ള മൃഗശാലയുടെ സ്ഥലം മാറ്റം 21-ാം നൂറ്റാണ്ടിലേക്കു നീട്ടാതെ ഉടൻ നടപ്പാക്കണം. മൃഗങ്ങൾക്ക് അവയുടെ സ്വാഭാവിക സ്വാതന്ത്ര്യം വിനിയോഗിച്ച് ജീവിക്കാൻ കഴിയുന്ന സ്ഥലത്തായിരിക്കണം പുതിയ മൃഗശാല സ്ഥാപിക്കേണ്ടത്- അദ്ദേഹം പറഞ്ഞു.

മൃഗങ്ങളോട് ഏറ്റവുമധികം ക്രൂരത കാണിക്കുന്നത് കേരളത്തിലാണെന്ന് സെമിനാറിൽ അധ്യക്ഷനായിരുന്ന ജില്ലാ കളക്ടർ ടിക്കാറാം മീണ പറഞ്ഞു. മൃഗശാല വനംവകുപ്പിന്റെ പരിധിയിൽ വരുത്തണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

അശാസ്ത്രീയവും അപരിഷ്കൃതവുമായ ഇപ്പോഴത്തെ മൃഗശാല കൂടുതൽ സൗകര്യപ്രദമായ സ്ഥലത്തേക്കു മാറ്റണമെന്നാവശ്യപ്പെടുന്ന പ്രമേയം സെമിനാർ പാസാക്കി. തൃശൂർ മുനിസിപ്പൽ ചെയർമാൻ സെലിൻ കാക്കശേരി പ്രമേയം അവതരിപ്പിച്ചു.

അഞ്ച് ഹെക്ടർ സ്ഥലത്താണ് മൃഗശാല ഇപ്പോൾ സ്ഥിതിചെയ്യുന്നത്. ഇത് തീരെ അപര്യാപ്തമാണ്. പുതുങ്ങിയപക്ഷം 50 ഹെക്ടറെങ്കിലും സ്ഥലം ആവശ്യം വരും. പുത്തൂരിൽ സർവെ നടത്തി കണ്ടെത്തിയിട്ടുള്ള ഭൂമി 120 ഹെക്ടർ വരും.

മുനിസിപ്പൽ കൗൺസിലർ കെ.കെ.വിനോദിനി, പി.ആർ.വർഗീസ് എന്നിവർ ആശംസകളർപ്പിച്ചു. ഡോ. ജേക്കബ് ചിറൻ, പി.എസ്.ഈസാ, ജീയോ ഫോറസ്റ്റ് ഓഫീസർ എം.ഐ.വർഗീസ് എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

ഫ്രൻഡ്സ് ഓഫ് തൃശൂർ സൂ സെക്രട്ടറി പ്രഫ. ജോൺ സിറിയക് സ്വാഗതവും ട്രഷറർ എം.പീതാംബരൻ നന്ദിയും പറഞ്ഞു.

മൃഗശാല മാറ്റണം: വി.വി.

തൃശൂർ: മൃഗശാല എത്രയും പെട്ടെന്ന് പുത്തൂരിലേക്ക് മാറ്റണമെന്ന് വി.വി. രാഘവൻ എം.പി. അഭിപ്രായപ്പെട്ടു. വന്യജീവി വാരാചരണത്തോടനുബന്ധിച്ച് 'ഫ്രണ്ട്സ് ഓഫ് തൃശൂർ സൂ' മൃഗശാല ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച 'മൃഗശാല 21-ാം നൂറ്റാണ്ടിൽ' എന്ന സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സാംസ്കാരിക വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മൃഗശാല അടിയന്തിരമായി വനംവകുപ്പിന് കൈമാറണം. മൃഗശാല മാറ്റുന്നതിനു വേണ്ട നടപടികളിൽ തനിക്കാവുന്നതായ എല്ലാ സഹകരണവും എം.പി. വാഗ്ദാനം ചെയ്തു.

ഫ്രണ്ട്സ് ഓഫ് തൃശൂർ സൂവിന്റെ ചെയർമാൻ കൂടിയായ കളക്ടർ ടിക്കാറാം മീണ അധ്യക്ഷത വഹിച്ചു. തൃശൂരിലെ മൃഗശാലയെങ്കിലും വനംവകുപ്പിനു കൈമാറണമെന്ന് അദ്ദേഹം പറഞ്ഞു. പുത്തൂരിലെ 50 ഹെക്ടർ സ്ഥലത്തേക്ക് മൃഗശാല മാറ്റുന്നതിനെപ്പറ്റി സാംസ്കാരികവകുപ്പ് സെക്രട്ടറി ഡി. ബാബു പോളുമായി സംസാരിച്ചിട്ടുണ്ടെന്നും കളക്ടർ പറഞ്ഞു.

തൃശൂർ മുനിസിപ്പൽ ചെയർമാൻ സെലിൻ ജോസഫ് കാക്കശ്ശേരി പ്രമേയം അവതരിപ്പിച്ചു. മുനിസിപ്പൽ കൗൺസിലർ മാരായ പ്രൊഫ. ജോൺ സിറിയക്, കെ. കെ. വിനോദിനി എന്നിവർ സംസാരിച്ചു. തൃശൂർ ഡി.എഫ്.ഒ. എ.എം.ഐ. വർഗ്ഗീസ്, ഡോ. ജേക്കബ് ചിറൻ എന്നിവർ പ്രബന്ധങ്ങളവതരിപ്പിച്ചു.



തൃശ്ശൂർ മൃഗശാല പൂട്ടേണ്ടിവരും

തൃശ്ശൂർ: സർക്കാരിന്റെ അനങ്ങാപ്പാറ നയം കാരണം തൃശ്ശൂർ മൃഗശാല അടച്ചുപൂട്ടേണ്ടിവരുമെന്ന് സൂചന.

മൃഗശാലാ വികസനത്തെപ്പറ്റി കൂടിയാലോചിക്കാൻ ജില്ലാ കളക്ടർ വിളിച്ചുകൂട്ടിയ യോഗത്തിലാണ് സർക്കാർ നിലപാടും സാംസ്കാരിക വകുപ്പ് മന്ത്രിയുടെ പിടിവാശിയും കാരണം പ്രശ്നം ഗുരുതരമാകുമെന്ന് വ്യക്തമായത്.

മൃഗശാലയ്ക്ക് നിർദേശിക്കപ്പെട്ട സ്ഥലസൗകര്യങ്ങൾക്കും നിബന്ധനകൾക്കും അനുസൃതമായി വികസന പ്രവർത്തനങ്ങൾ നടത്താത്തപക്ഷം തൊണ്ണൂറിയെട്ട് മാർച്ചിനു മുമ്പ് തൃശ്ശൂർ മൃഗശാല അടച്ചുപൂട്ടാൻ ഉത്തരവിറക്കും എന്ന് സെൻട്രൽ സൂ അതോറിറ്റി, സാംസ്കാരി വകുപ്പുധിക്കുതന്നെ മൂന്നരവർഷം മുമ്പ് അറിയിച്ചിരുന്നതത്രെ. അതോറിറ്റിയുടെ അംഗീകാരത്തിനു വേണ്ട വികസന പ്രവർത്തനങ്ങൾക്ക് മൃഗശാല ഇപ്പോൾ പ്രവർത്തിക്കുന്ന സ്ഥലം മതിയാകാത്തിനാൽ മറ്റ് വല്ലയിടത്തേക്കും മാറ്റി സ്ഥാപിക്കണമെന്നും മൃഗശാലാ ഉപദേശക സമിതി ശുപാർശ ചെയ്തിരുന്നു. എന്നാൽ മൃഗശാല മാറ്റി സ്ഥാപിക്കാൻ തൽക്കാലം ആലോചനയില്ല എന്നാണ് മന്ത്രി ഈയിടെ പറഞ്ഞത്. ഇതോടെ മൃഗശാല അടുത്ത മാർച്ചോടെ പൂട്ടേണ്ടിവരുമെന്ന സ്ഥിതിയിലായിരിക്കുകയാണ്.

മറ്റ് സംസ്ഥാനങ്ങളിൽ മൃഗശാല കാര്യം വനംവകുപ്പിന് കീഴിൽ പ്രവർത്തിക്കുമ്പോഴും കേരളത്തിലേത് സാംസ്കാരിക വകുപ്പിന് കീഴിലാണ്. മൃഗശാല വിപുലീകരിച്ച് സ്വന്തമായി ഏറ്റെടുത്ത് നടത്താൻ വനംവകുപ്പ് മുമ്പേ തയ്യാറായിരുന്നു. വനംവകുപ്പിന്റെ സ്ഥലവും വിവിധ ഫണ്ടുകളും ഉപയോഗിച്ച് വികസന പ്രവർത്തനങ്ങളും ആധുനിക സജ്ജീകരണങ്ങളും പൂർത്തിപ്പെടുത്താൻ കഴിയും. എന്നാൽ സാംസ്കാരിക വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മൃഗശാലയ്ക്ക് വേണ്ടി സ്ഥലം വിട്ടുകൊടുക്കാൻ വനംവകുപ്പ് തയ്യാറല്ല. വകുപ്പുകൾ തമ്മിലുള്ള തർക്കവും ഈ കാര്യത്തിൽ അന്തിമ തീരുമാനം ഉണ്ടാകാത്തതിന് കാരണമായി.

വനംവകുപ്പിന് മൃഗശാല വിട്ടുകൊടുത്താൽ തന്റെ വകുപ്പിന്റെ 'പ്രത്യേക മഹിമ' നഷ്ടപ്പെടുമെന്ന സാംസ്കാരിക വകുപ്പ് മന്ത്രിയുടെ അപകർഷതാബോധമാണ് പ്രശ്നത്തിന്റെ പ്രധാന കാരണമെന്ന് 'സ്പ്രൗട്ട്സ്' മാസിക പ്രവർത്തകർ കുറ്റപ്പെടുത്തുന്നു.

നാല് എം.എൽ.എമാർ, വനംവകുപ്പിന്റെയും കാർഷിക സർവകലാശാലയുടെയും പ്രതിനിധികൾ, ജില്ലാ കളക്ടർ, യൂണിവേഴ്സിറ്റി ഡീൻ, സാംസ്കാരിക വകുപ്പിന്റെ ഓഫീസർ, സെക്രട്ടറി എന്നിവരടങ്ങുന്നതാണ് മൃഗശാലാ ഉപദേശക സമിതി. സെൻട്രൽ സൂ അതോറിറ്റിയുടെ മുന്നറിയിപ്പ് പരിഗണിച്ച് മൃഗശാല മാറ്റി സ്ഥാപിക്കണമെന്ന സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ വനംവകുപ്പിന്റെ പ്രതിനിധി തളിയപ്പാറ, പുത്തൂർ എന്നീ സ്ഥലങ്ങളും മൃഗശാലാമാറ്റത്തിന് ഉചിതമാണെന്ന് അഭിപ്രായപ്പെട്ടു. ഇതിൽ അനുയോജ്യമായ സ്ഥലം നിർണയിക്കാൻ ഒരു വിദഗ്ധ സമിതിയെ നിയോഗിക്കുകയും വനംവകുപ്പിന്റെ പുത്തൂരിലുള്ള 124 ഹെക്ടർ സ്ഥലം സമിതി ഉചിതമാണെന്ന് കണ്ടെത്തുകയും ചെയ്തു. ആധുനികവൽക്കരണത്തോടൊപ്പം മൃഗശാലയെ ഒരു ഉന്നത പഠന-ഗവേഷണ കേന്ദ്രമാക്കി മാറ്റാനുള്ള സാധ്യതകളും ഇവിടെയുണ്ടെന്ന് അഭിപ്രായപ്പെട്ടിരുന്നു.

മൃഗശാലയുടെ വികസന സാധ്യതകളെ തെളിഞ്ഞതോടെ സർക്കാരിന്റെ അനുകൂല തീരുമാനം പ്രതീക്ഷിച്ച് ആസൂത്രണം ചെയ്ത മാറ്റിപാർപ്പാടികൾ ഇപ്പോഴും അവതാളത്തിലായിരിക്കുകയാണ്. പദ്ധതിക്കുവേണ്ടി കുടിയൊഴിപ്പിക്കപ്പെടുന്ന പുത്തൂർ പഞ്ചായത്തധികൃതരും തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജിന്റെ സോഷ്യൽ സർവീസ് ലീഗും 'ഫ്രണ്ട്സ് ഓഫ് സൂ' എന്ന സംഘടനയും മുൻകയ്യെടുത്ത് കോൺ-ടൂർ സർവേ നടത്താൻ തീരുമാനിച്ചതും അനുകൂല തീരുമാനം ഉടൻ വരും എന്ന ധാരണയിലായിരുന്നു. (മൃഗശാലയുടെ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന് സൂ ഡിസൈനർക്ക് അവശ്യം വേണ്ട, സ്ഥലത്തിന്റെ നിരനോനാതി കാണിക്കുന്ന സ്കെച്ച് തയ്യാറാക്കുന്നതാണ് കോൺ ടൂർ സർവേ.

വനംവകുപ്പിന്റെ കീഴിലേക്ക് മാറ്റാതെ ജനപങ്കാളിത്തത്തോടെ വരാൻ പോകുന്ന മൃഗശാലക്കാണ് പുത്തൂരിലെ സ്ഥലം നിർണയിച്ചിരിക്കുന്നത് എന്ന് ബോധ്യമായതോടെ വനംവകുപ്പധികൃതർ തടസ്സങ്ങളുമായി മുന്നോട്ട് വന്നു. 96 ഏപ്രിൽ മുതൽ പുത്തൂരിലെ നിർദിഷ്ട സ്ഥലം വനംവകുപ്പ് രേഖകളിൽ "സാങ്ച്വറിയുടെ പരിധിയിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. സാങ്ച്വറി പ്രദേശം വിട്ടുകിട്ടാൻ കേന്ദ്രാനുമതി ലഭിക്കണമെങ്കിൽ വനപ്രദേശത്തിനുതന്നെ തത്തുല്യമായ സ്ഥലത്ത് വനവൽക്കരണം നടത്തിക്കൊടുക്കണം എന്നാണ് നിയമം. ഈ സ്ഥലം വന്യജീവി സംരക്ഷണത്തിനായതിനാൽ കേന്ദ്രാനുമതിക്ക് അധികമൊന്നും വേണ്ടിവരില്ലെന്ന് പഞ്ചായത്തധികൃതർ പറയുന്നു.

വനംവകുപ്പിന്റെ തടസ്സങ്ങളെ അതിജീവിച്ച് 4 ലക്ഷത്തിലേറെ രൂപ മുടക്കിയാണ് കോൺ ടൂർ സർവേ നടത്തിയത്. ഇതിനായി തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജിലെ 60 വിദ്യാർഥികളും അക്ഷീണം പരിശ്രമിച്ചിരുന്നു. സർവേ നടത്തിയ വകയിൽ 48,000 രൂപ ഇപ്പോഴും കടമുണ്ട്. ഈ തുക മുൻ ജില്ലാ കളക്ടർ ടി ജീവ് സദാനന്ദൻ നൽകാമെന്ന് പറഞ്ഞിരുന്നെങ്കിലും അദ്ദേഹം സ്ഥലം മാറിയതോടെ കാര്യങ്ങൾ വീണ്ടും മുടങ്ങി.

വനംവകുപ്പിന്റെ പുത്തൂരിലെ മുള, കശുമാവ് തോട്ടങ്ങളുടെ തൊട്ട് മൃഗശാലക്ക് ആവശ്യമാകാവുന്ന സ്ഥലങ്ങളിലെ താമസക്കാരുടെ സാമൂഹ്യ-സാമ്പത്തിക സർവെയും ഇതോടൊപ്പം പൂർത്തിയാക്കി. ഈ റിപ്പോർട്ടും പഞ്ചായത്തധികൃതർ ജില്ലാ കളക്ടർക്ക് സമർപ്പിച്ചതാണ്. എന്നാൽ ഇതെപ്പറ്റി ഇന്നുവരെ കലക്ടറേറ്റിൽ നിന്ന് യാതൊരു വിശദീകരണവും സർക്കാരിന് നൽകിയിട്ടില്ല എന്ന് കൂടിയാലോചനാ യോഗത്തിൽ എഡിഎം വെളിപ്പെടുത്തി.

ഒരു നൂറ്റാണ്ടിന് മുമ്പ് രാജാക്കന്മാരുടെ വിനോദത്തിന് വേണ്ടി സ്ഥാപിച്ച മൃഗശാല മൃഗങ്ങൾക്ക് അവശ്യംവേണ്ട സ്ഥലസൗകര്യമോ പരിസ്ഥിതിയോ അനുയോജ്യമായ കൂടുകളോ ഇല്ലാതെയാണ് പ്രവർത്തിക്കുന്നത്.

മൃഗശാലയുടെ പരിമിതികളും പ്രശ്നങ്ങളും മാതൃഭൂമി മുമ്പ് റിപ്പോർട്ട് ചെയ്തിരുന്നു.

പുത്തൂരിലെ നിർദിഷ്ട സ്ഥലം മൃഗശാലാ വികസനത്തിന് പുതിയ ടൂറിസം വികസനത്തിനും സാധ്യതകം ഉള്ളതാണ്. റിസർവോയറിനും ബോട്ടിങ്ങിനും വെവ്വേറെ ഉപയോഗിക്കാവുന്ന തരത്തിൽ രണ്ട് പൊക്ക് ഡാമുകം നിർമിക്കാൻ ഇവിടെ സൗകര്യമുണ്ട്. മൃഗസംരക്ഷണത്തെ ബാധിക്കാത്ത തരത്തിൽ രണ്ട് മലകളെയും ബന്ധിപ്പിച്ചു ടൂറിസ്റ്റുകൾക്ക് വേണ്ടി റോപ്-വേ സ്ഥാപിക്കനും കഴിയും.

പാടശേഖരങ്ങം ഇല്ലാതായി കൊണ്ടിരിക്കുന്ന ഇന്നത്തെ അവസ്ഥയിൽ നീലഗിരിക്കാടുകളിൽ നിന്ന് വരുന്ന പക്ഷികൾക്ക് ഇടത്താവളമായി ഈ പ്രദേശത്തെ വികസിപ്പിക്കാനും കഴിയുമെന്ന് വിദഗ്ധർ പറയുന്നു. പദ്ധതി പ്രദേശത്ത് ആദിവാസികളും ഗിരിജനങ്ങളും ഇല്ലാത്തതിനാൽ അവരെ ഒഴിപ്പിക്കുന്ന പ്രശ്നവും ഉദിക്കുന്നില്ല.

കഴിഞ്ഞവർഷം ഏപ്രിൽ മെയ് മാസങ്ങളിൽ തൃശ്ശൂർ മൃഗശാല സന്ദർശിച്ചു എന്നാണ് കണക്ക്. പുത്തൂരിലെ നിർദിഷ്ട പദ്ധതി പൂർത്തിയാകുമ്പോൾ തൃശ്ശൂർ, പീച്ചി, അതിരപ്പിള്ളി, വാഴച്ചാൽ, വിലങ്ങിനി എന്നീ സ്ഥലങ്ങളിലേയ്ക്ക് ഒരു ടൂറിസ്റ്റ് ബെൽറ്റ് രൂപപ്പെടുകയും ഇതുപഞ്ചായത്തിലെ ഏറ്റവും പ്രധാനപ്പെട്ട വരുമാനമാർഗമായി മാറുകയും ചെയ്യും. ഇത് ടൂറിസം വികസനത്തിനും ഏറെ സാധ്യതകം വരുത്താനും ചെയ്യുന്നു.

മാതൃഭൂമി 1997 നവംബർ 26

1997 മാർച്ച് 18 മാതൃഭൂമി 1997

മൃഗശാലയുടെ വികസനം അനിവാര്യം

തൃശ്ശൂരിൽ പൊതുക്കാവിൽ ശാസംമുട്ടി കഴിയുന്ന മൃഗശാല പുത്തൂരിലെ വിശാലമായ സ്ഥലത്തേക്ക് മാറ്റിസ്ഥാപിക്കുമെന്ന് പറഞ്ഞുകൊണ്ടാൻ തുടങ്ങിയിട്ട് വർഷങ്ങളായി. എന്തുകാരണമായാലും അക്കാര്യത്തിൽ ഇന്നുവരെ ഒരു തീരുമാനവും എടുക്കാൻ അധികാരികൾക്കു തയ്യാറായിട്ടില്ല. മൃഗങ്ങളോട് മാത്രമല്ല, തൃശ്ശൂർ പരിസരവിഭാഗത്തുള്ള ഒരു ക്രൂരതയായി വേണം ഇതിനെ കാണാൻ.

വന്യജീവി ആക്ടിന്റെ കീഴിൽ അംഗീകാരം നൽകുന്നതു സംബന്ധിച്ച നിയമവ്യവസ്ഥകൾ (1992) അനുസരിച്ച് മൃഗശാലകളെ ഫാർമ്, മീഡിയം, സ്മാൾ, മിനി എന്നിങ്ങനെ തിരിച്ചിട്ടുണ്ട്. 20 ഹെക്ടർ താഴെ മാത്രം സ്ഥലമുള്ളവയാണ് മിനി വിഭാഗത്തിൽ. അങ്ങനെ നോക്കിയാൽ 5 ഹെക്ടർ മാത്രം കൈവശമുള്ള തൃശ്ശൂർ മൃഗശാലയെ 'മിനിമിനി' വിഭാഗത്തിൽ വേണം ഉൾപ്പെടുത്താൻ.

മിനി വിഭാഗത്തിൽ 200-ൽ താഴെ മൃഗങ്ങളാണുണ്ടാവുക. എന്നാൽ ഇവിടെ 500-ൽ താഴെ മൃഗങ്ങളുള്ളതുകൊണ്ട് അക്കാര്യത്തിൽ തൃശ്ശൂർ സ്വയം വിരോധതിലാണ് പെടുക. ഒരു വർഷം ഏതുന്ന സന്ദർശകരുടെ എണ്ണം കണക്കിയാൽ തൃശ്ശൂർ ഫാർമ് വിഭാഗത്തിലും ഉൾപ്പെടും. മിനി വിഭാഗത്തിൽ രണ്ടു ചക്രത്തിൽ താഴെ സന്ദർശകർ മതി. എന്നാൽ തൃശ്ശൂരിൽ എത്തുന്നത് മാരെ വർഷവും ഏഴു ലക്ഷത്തിൽ കൂടുതലാണ്. എന്നിട്ടും തൃശ്ശൂർ മൃഗശാലയെ എന്തിനാണ് മിനിയിലും താഴെയാക്കി വീർപ്പുമുട്ടിക്കുന്നത്?

നിയമം അനുശാസിക്കുന്ന മിനിമം സൗകര്യങ്ങൾ പോലും തൃശ്ശൂർ മൃഗശാലയിൽ ഇല്ല. അതുകൊണ്ടുതന്നെ സെൻട്രൽ സൂ അതോറിറ്റി ഈ മൃഗശാലയ്ക്ക് അംഗീകാരം നൽകിയിട്ടില്ല. അംഗീകാരം നൽകണമെങ്കിൽ മൃഗശാല കൂടുതൽ വിസ്തൃതിയുള്ള സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കണമെന്നാണ് അതോറിറ്റി അധികൃതർ സ്ഥലപരിശോധനയ്ക്കുശേഷം നിർദ്ദേശിച്ചത്.

പുത്തൂരിലാണെങ്കിൽ ഒട്ടനവധി സാധ്യതകളുണ്ട്. ഫ്ലോറസ് മോഡൽ മൃഗശാല സൂ എന്ന സംഘടനയും പുത്തൂർ പഞ്ചായത്തും ഇതുസംബന്ധിച്ച് സംയുക്തമായി വിശദമായ ഒരു സർവ്വെ നടത്തിയിരുന്നു. 160 ഹെക്ടറോളം സ്ഥലം അവിടെ ലഭ്യമാണ് എന്നാണറിഞ്ഞത്. നിർദ്ദിഷ്ട സ്ഥലത്തുനിന്നു വാഴച്ചാൽ റോഡിലേക്കുള്ള ദൂരം 4 കിലോമീറ്റർ മാത്രം അകലമേയുള്ളൂ. പഞ്ചായത്തും ഇക്കാര്യത്തിൽ പൂർണ്ണ സഹകരണമാണ് വാഗ്ദാനം ചെയ്തിട്ടുള്ളത്. മൃഗശാല പുത്തൂരിലേക്ക് മാറ്റാൻ അനുകൂലമാണ്. അപ്പീസ് മെൻറ് പാർക്ക്, ഗോപുരം, വാട്ടർ ഗെയിംസ് എന്നിവയുൾപ്പെടെ പുത്തൂരിൽ സൗകര്യപ്രദമാണ്. പുത്തൂരിൻ മുള്ള കുറവാണ് എന്നിവയുടെ തെരഞ്ഞെടുപ്പ് മാത്രമാണുള്ളത്. അതുകൊണ്ട് വനം ശിക്ഷണം സംഘടിക്കില്ല. മൃഗങ്ങൾക്കൊരുക്കേണ്ട സ്വാഭാവിക സാഹചര്യത്തിൽ വളരാനും സാധിക്കും.

ഒരു സൂ അതോറിറ്റി രൂപീകരിക്കുകയും സമഗ്രവും മേഖലയുടെ സഹകരണം തേടുകയും ചെയ്താൽ തൃശ്ശൂർ മൃഗശാലയെ രാജ്യത്തെ നൊന്തരം മൃഗശാലകളിൽ ഒന്നാക്കി ഉയർത്തിയെടുക്കാൻ നിഷ്പ്രയാസം കഴിയും. പക്ഷേ, അതിന് തടസ്സം നിൽക്കുന്നത് രണ്ടു സർക്കാർ വകുപ്പുകളെ തന്നെയാണെന്നതാണ് സങ്കടകരം.

മറ്റെല്ലാ സംസ്ഥാനങ്ങളിലും മൃഗശാലകളെ വനംവകുപ്പിന്റെ കീഴിലാണെങ്കിൽ കേരളത്തിൽ അത് സാംസ്കാരിക വകുപ്പിന്റെ കീഴിലാണ്. പുത്തൂരിലെ നിർദ്ദിഷ്ട സ്ഥലം വനംവകുപ്പിന്റേതും. മൃഗശാല വിട്ടുകൊടുക്കാൻ സാംസ്കാരികവകുപ്പും സ്ഥലം വിട്ടുകൊടുക്കാൻ വനംവകുപ്പും തർക്കിക്കുകയാണത്രെ.

മൃഗശാല അടുത്ത നൂറ്റാണ്ടിൽ' എന്ന സെമിനാർ തൃശ്ശൂരിൽ ഈയിടെ നടന്നിരുന്നു. ആ സെമിനാറിൽ മൃഗശാല പുത്തൂരിലേക്ക് മാറ്റണം എന്ന പ്രമേയം പാസ്സാക്കുകയും ചെയ്തു. പക്ഷേ, സർക്കാർ വകുപ്പുകളെ തമ്മിലുള്ള കടിപിടി തീർന്നില്ല. സാംസ്കാരികവകുപ്പിന് നമ്മുക്കൊരു മന്ത്രിയുണ്ട്. വനംവകുപ്പിനും മന്ത്രിയുണ്ട്. രണ്ടു പേരും തനിച്ച് ഒരു മണിക്കൂർ തൃശ്ശൂർ മൃഗശാലയിൽ തനിച്ചിരുന്നാൽ ചർച്ച ചെയ്താൽ തീർക്കാവുന്നതേയുള്ളൂ ഈ കടിപിടി! മൃഗങ്ങളോടുള്ള ക്രൂരത അവസാനിപ്പിക്കണമെങ്കിൽ തൃശ്ശൂർ മൃഗശാല വളർന്നുവലുതാകണോ? ആരാണതിനു തയ്യാറാകുന്നത്? ആരുമില്ലെങ്കിൽ പിന്നെന്താണ് പ്രശ്നം?

തൃശ്ശൂർ പരിസ്ഥിതിപ്രവർത്തകരുടെ മുഴുവൻ ആവശ്യമാണ് മൃഗശാല കുറുൽ സൗകര്യമുള്ള സ്ഥലത്തേക്ക് മാറ്റണം എന്നത്. അതിനു സർക്കാർ വകുപ്പുകളെ വിഴുങ്ങുന്നത് സൃഷ്ടിക്കുന്നത് അസ്വാഭാവികതയാണെന്ന്. അതുകൊണ്ട് ഇനിയെങ്കിലും മേലധികാരികൾ ഇക്കാര്യത്തിൽ ഒരു തീരുമാനം ചെയ്യണം. അല്ലെങ്കിൽ മൃഗശാലപോലും കൂടിച്ചെന്നുവരില്ല.

മൃഗശാല പുത്തൂരിലേക്ക് മാറ്റണം

പുത്തൂർ: തൃശ്ശൂർ മൃഗശാല പുത്തൂർ പഞ്ചായത്തിലെ കോൺടൂർ സർവ്വെ നടന്ന സ്ഥലത്തേക്ക് മാറ്റി സ്ഥാപിച്ച് ആധുനിക വത്കരണം ത്വരിതപ്പെടുത്തണമെന്ന് സിപിഎം പുത്തൂർ ലോക്കൽ കമ്മിറ്റി സമ്മേളനം ആവശ്യപ്പെട്ടു.

പുത്തൂർ പാലം പുതുക്കിപ്പണിയുക; മലയോരകർഷകർക്ക് പട്ടയം നൽകുന്നതിനു തടസ്സമായി നിൽക്കുന്ന സുപ്രീം കോടതി വിധി മാറ്റിക്കിട്ടുന്നതിന് നിയമപരമായി ഇടപെടുക എന്നീ ആവശ്യങ്ങളും സമ്മേളനം ഉന്നയിച്ചു.

കെ.എൻ. ഗോപാലൻ അധ്യക്ഷനായിരുന്നു. ജില്ലാ സെക്രട്ടറി കെ.കെ. മാമക്കുട്ടി സമ്മേളനം ഉദ്ഘാടനം ചെയ്തു.

പൊന്നൂക്കരയിൽ പ്രകടനത്തിനുശേഷം നടന്ന പൊതുസമ്മേളനം യുവജനക്ഷേമ മന്ത്രി കെ.രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ഡിവൈഎഫ്ഐ സംസ്ഥാന ജോയിന്റ് സെക്രട്ടറി ടി. ശശിധരൻ, കെ. വി. രാമു, കെ.എം. ശിവദാസൻ, എം. രഘുനാഥ് എന്നിവർ പ്രസംഗിച്ചു.

ലോക്കൽ കമ്മിറ്റി സെക്രട്ടറിയായി കെ. വി. രാമുവിനെ തിരഞ്ഞെടുത്തു.

തൃശ്ശൂർ മൃഗശാല പൂട്ടില്ല

7-6-97

—മന്ത്രി

തൃശ്ശൂർ: തൃശ്ശൂർ മൃഗശാല പൂട്ടാനുള്ള സാഹചര്യം ഒഴിവാക്കുമെന്ന് മന്ത്രി ടി. കെ.രാമകൃഷ്ണൻ പറഞ്ഞു. അധികൃതരുടെ നിലപാടുകളുടെ അതോറിറ്റിയുടെ നിബന്ധനകളുടെയുള്ള സാഹചര്യം പരിഹരിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്താനുള്ള നടപടികൾ ഉണ്ടാകുമെന്നും സാഹചര്യം പുരോഗമിച്ചുവരുമെന്നും സാഹചര്യം പുരോഗമിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തിയപ്പോഴാണ് മന്ത്രി ഇങ്ങനെ പറഞ്ഞത്.

മൃഗശാല മാറ്റി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട കാര്യത്തിൽ ഇനിയും തീരുമാനമായിട്ടില്ല. വനംവകുപ്പും സാംസ്കാരികവകുപ്പുമായി ഈ കാര്യത്തിൽ അഭിപ്രായവ്യത്യാസമൊന്നും നിലവിലില്ലെന്നും മന്ത്രി പറഞ്ഞു. മൃഗശാലകളെ വനംവകുപ്പിന്റെ കീഴിലേക്ക് മാറ്റുവാൻ ആലോചിച്ചിട്ടില്ല. സംസ്ഥാനത്തെ മൃഗശാലകളുടെ വികസനത്തെപ്പറ്റി പഠിക്കാൻ ഒരു വിദഗ്ധസമിതിയെ നിയമിക്കാൻ ആലോചനയുണ്ട്.

പരിസ്ഥിതിവാദികളുടെ അഭിപ്രായങ്ങൾക്ക് സർക്കാർ പ്രാധാന്യം നൽകുമെന്ന് മന്ത്രി പറഞ്ഞു. മേനകാ ഗാന്ധി സംസ്ഥാനത്തെ മൃഗശാലകൾ സന്ദർശിക്കാൻ ജൂൺ 30ന് വരുമെന്ന് അദ്ദേഹം പറഞ്ഞു.

പുലികളുടെ മരണം ആധുനികവൽക്കരണത്തിന് അഞ്ച് ലക്ഷം

മൃഗശാല ആധുനികവൽക്കരണത്തിനായി 1988ലെ ബഡ്ജറ്റ് അഞ്ച് ലക്ഷം രൂപ വകയിരുത്തി. തൃശൂർ മൃഗശാലയിലെ പുലികൾക്ക് പകർച്ചവ്യാധി പിടിപ്പെട്ട് 1988ൽ ജീവൻ നഷ്ടപ്പെട്ടു. രോഗം മാറുന്നതിനും പ്രതിരോധിക്കുന്നതിനും മരുന്നുകൾ ഉണ്ടായിട്ടും ഇവ പുലികളിലേക്ക് പകർന്നുനൽകാനുള്ള ഉപകരണങ്ങൾ ഇല്ലാത്തതുമൂലം മരുന്ന് നൽകാനായില്ല. മൃഗശാലയിലെ അപര്യാപ്തതകളെക്കുറിച്ച് വീണ്ടും ചർച്ച വ്യാപകമായി. ആധുനികവൽക്കരണം അത്യാവശ്യമാണ് എന്ന് ഓർമ്മിപ്പിക്കുന്ന നിരവധി ലേഖനങ്ങൾ പത്രങ്ങൾ പ്രസിദ്ധീകരിച്ചു.

മാതൃഭൂമി TCR 1998 മാർച്ച് 31 ചൊവ്വാഴ്ച RT7

മൃഗശാല മാറ്റൽ: തുടർ നടപടികൾ എടുക്കേണ്ടത് സർക്കാർ

തൃശൂർ: തൃശൂർ മൃഗശാല നഗര മധ്യത്തിൽ നിന്ന് മാറ്റി സ്ഥാപിക്കുന്ന കാര്യം വീണ്ടും സജീവമാകുന്നു. മൃഗശാല മാറ്റുന്ന പ്രവർത്തനങ്ങൾക്കായി സംസ്ഥാന സർക്കാർ ബജറ്റിൽ അഞ്ചു ലക്ഷം രൂപ നീക്കി വെച്ചതാണ് പ്രതീക്ഷ ഉണർത്തുന്നത്. ഇതാദ്യമായാണ് ഇരുമ്പുയും തുക ഈ ഇനത്തിലേക്ക് വകകൊള്ളിക്കുന്നത്. പക്ഷേ കാര്യമായ നടപടി ഉണ്ടാകേണ്ടത് സർക്കാരിന്റെ ഭാഗത്തു നിന്നുതന്നെയാണ്.

നഗരത്തിലെ ഇടുങ്ങിയ പരിതസ്ഥിതിയിൽ നിന്ന് പുത്തൂർ കുന്നിന്റെ ഹരിത വിശാലതയിലേക്ക് മൃഗശാല മാറ്റാനുള്ള നിർദ്ദേശവും പ്രോജക്ട് റിപ്പോർട്ടും മറ്റ് പഠന റിപ്പോർട്ടുകളുമെല്ലാം മൃഗസംരക്ഷണ വകുപ്പ് വർഷങ്ങൾക്ക് മുമ്പ് സംസ്ഥാന സർക്കാരിന് സമർപ്പിച്ചതാണ്. പക്ഷേ കേന്ദ്ര പരിസ്ഥിതി വകുപ്പിന്റെയും സംസ്ഥാന വനം വകുപ്പിന്റെയും സാങ്കേതിക തടസ്സവാദങ്ങളും ഒഴിവാക്കിയെടുക്കാൻ സർക്കാരിന് കഴിഞ്ഞിട്ടില്ല.

തൃശൂരിൽ നിന്ന് മൃഗശാല മാറ്റുന്നതിനെ അനുകൂലിക്കാത്ത ഒരു ലോബി അണിയറയിൽ ചരടുവലി നടത്തുന്നതായും ആരോപണമുണ്ട്. മൃഗശാല സ്ഥാപിച്ചാൽ പരിസര മലിനീകരണ പ്രശ്നങ്ങളുണ്ടാകുമെന്ന് പ്രചാര വേല നടത്തി പുത്തൂരിൽ ജനങ്ങളെ പ്രകോപിതരാക്കാനും ശ്രമം ഉണ്ട്. മുമ്പ് പീച്ചിയിലേക്ക് മൃഗശാല മാറ്റാനുണ്ടായ നീക്കം തകർന്നത് പരിസര മലിനീകരണ പ്രശ്നത്തിന്റെ പേരിലാണ്.

മാർച്ച് 31ന് മൃഗശാല അടച്ചുപൂട്ടുമെന്ന സെൻട്രൽ സൂ അതോറിറ്റിയുടെ അന്ത്യശാസനം ഒഴിവായിട്ടുണ്ട്.

മൃഗശാല ആധുനിക സൗകര്യങ്ങളോടെ ഉടനെ മാറ്റി സ്ഥാപിക്കണമെന്ന വ്യവസ്ഥയിൽ താൽക്കാലിക അംഗീകാരം നൽകാമെന്നാണ് അതോറിറ്റി മൃഗശാലാ അധികൃതരെ അറിയിച്ചിട്ടുള്ളത്. അതനുസരിച്ച് അധികൃതർ അപേക്ഷ സമർപ്പിച്ചിട്ടുമുണ്ട്.

മറ്റു സംസ്ഥാനങ്ങളിലെപ്പോലെ മൃഗശാല വനംവകുപ്പിന്റെ കീഴിലേക്ക് മാറ്റിയാൽ വനഭൂമി ലഭിക്കുന്നതു സംബന്ധിച്ച തടസ്സങ്ങൾ ഒരളവോളം ഒഴിവായേനെ. പക്ഷേ ഇവിടെ മൃഗശാലയും മ്യൂസിയവും സാംസ്കാരിക വകുപ്പിനു കീഴിലാണ്. ഇതിനിടെ മ്യൂസിയം–സൂ വിഭാഗത്തെ വിഭജിക്കാനുള്ള നീക്കമുണ്ട്.

ഒരു നൂറ്റാണ്ടിലധികം പഴക്കമുള്ള മൃഗശാല തുടങ്ങിയ കാലത്തെ അതേ പരിമിത സൗകര്യങ്ങളിൽ തുടരുകയാണ്.

മൃഗശാല അറവുശാലയാകുമ്പോൾ

തൃശൂർ മൃഗശാലയിൽ രണ്ട് വയസായ പുലികൾ പകർച്ച വ്യാധി മൂലം പത്തു ദിവസം സേവ' എന്ന പകർച്ചവ്യാധിയാണ് കാരണമെന്ന് അധികൃതർക്ക് കണ്ടെത്താനായിട്ടില്ല. വൻതുക ചെലവഴിച്ചുകൊണ്ടിരുന്നു. ഭാഗ്യം ബാധിച്ച മൃഗമാണ് ഒരു പുലിയെയും രക്ഷിക്കാനാ ണ്.

പുലികളുടെ മരണം ബാധിച്ച ദുരന്തങ്ങളും അക്ഷാർത്ഥ ത്തിൽ ഞെട്ടിക്കുന്നതും, ചെറ്റു നാളുകൾ മുൻപുവരെ നടത്തി കൃഷിമന്ത്രിയുടെ കുടുംബാം പെരിയ സംഭവത്തിന് ശേഷം തൃശൂർ മൃഗശാലയിലുണ്ടാകുന്ന ഏറ്റവും വലിയ ദുരന്തമായിരു ന്നു പുലികളുടെ മരണമെന്നു പറയാം. വെബ്സൈറ്റിലൂടെ പ്രസിദ്ധമായ കുഷ്ഠമൃഗങ്ങൾ അനേകം കുട്ടികളുടെ ഒരു നഷ്ടമായിരുന്നു.

വംശനാശം സംഭവിച്ചുകൊണ്ടി രിക്കുന്ന പുലികളുടെ മരണം ലഘൂകരിക്കുന്നതിൽ ഒരു തെറ്റിദ്ധാ രണമാണ് അപഹാസ്യമായ സഭ കം. വന്യമൃഗങ്ങളുടെ മരണത്തി നിടയാക്കിയതിലെ അധികൃത രോ ത്തുന്നതും വീഴ്ചയുണ്ടായിട്ടു ണ്ടോ എന്നതൊക്കെ അന്വേ ഷിച്ചു വിശദമായ അന്വേഷണം വേണ്ടതാണ്. ഇതിനു പുലി കൾ ചത്തത്. 'ടിപ്പുനാസേ' ആണ് രോഗമെന്നു കണ്ടെത്തിയ ത് ബുധനാഴ്ച രാവിലെ വെറ്റിന രി കോളേജ് ലാബിൽ നടത്തിയ പ രിശോധനയിലൂടെയാണ്. കണ്ണു നീരുവരുന്നതിനാൽ രോഗം ബാധിച്ച പുലികൾക്ക് ഭക്ഷണം കൊടുക്കുന്നതിനും ബുദ്ധിമുട്ടു നേരിട്ടിരുന്നു. ഇതിനിടയിൽ ഒരു പുലി ചത്തു കഴിഞ്ഞു. ഇതിനിടയിൽ ഒരു പുലി കൂടി ചത്തു. ഇതിനിടയിൽ ഒരു പുലി കൂടി ചത്തു. ഇതിനിടയിൽ ഒരു പുലി കൂടി ചത്തു.

പുലികളുടെ മരണത്തിനിടയാക്കിയ വിഴുപ്പ് മുഴുവൻ ചെന്നു പതിച്ചത് മൃഗശാല സൂപ്രണ്ടിന്റെ തലയിലാണ്. അതിനാൽ ഡോക്ടർമാരുടെ സംഘം പരിശോധിച്ചു. പുലികളുടെ മരണത്തിന് കാരണം 'ടിപ്പുനാസേ' ആണെന്ന് കണ്ടെത്തിയതിനെ തുടർന്ന് മൃഗശാലയിലെ മുഴുവൻ പുലികൾക്കും ഇതിനെതിരെ പ്രതിരോധ കുത്തിവയ്പ് നൽകുവാൻ തീരുമാനിച്ചു. ഇതിനിടയിൽ ഒരു പുലി കൂടി ചത്തു. ഇതിനിടയിൽ ഒരു പുലി കൂടി ചത്തു. ഇതിനിടയിൽ ഒരു പുലി കൂടി ചത്തു.

പുലികളുടെ മരണത്തിനിടയാക്കിയ വിഴുപ്പ് മുഴുവൻ ചെന്നു പതിച്ചത് മൃഗശാല സൂപ്രണ്ടിന്റെ തലയിലാണ്. അതിനാൽ ഡോക്ടർമാരുടെ സംഘം പരിശോധിച്ചു. പുലികളുടെ മരണത്തിന് കാരണം 'ടിപ്പുനാസേ' ആണെന്ന് കണ്ടെത്തിയതിനെ തുടർന്ന് മൃഗശാലയിലെ മുഴുവൻ പുലികൾക്കും ഇതിനെതിരെ പ്രതിരോധ കുത്തിവയ്പ് നൽകുവാൻ തീരുമാനിച്ചു. ഇതിനിടയിൽ ഒരു പുലി കൂടി ചത്തു. ഇതിനിടയിൽ ഒരു പുലി കൂടി ചത്തു. ഇതിനിടയിൽ ഒരു പുലി കൂടി ചത്തു.

തേക്കിൻകാടിനുചുറ്റും

പുലികളുടെ മരണത്തിനിടയാക്കിയ വിഴുപ്പ് മുഴുവൻ ചെന്നു പതിച്ചത് മൃഗശാല സൂപ്രണ്ടിന്റെ തലയിലാണ്. അതിനാൽ ഡോക്ടർമാരുടെ സംഘം പരിശോധിച്ചു. പുലികളുടെ മരണത്തിന് കാരണം 'ടിപ്പുനാസേ' ആണെന്ന് കണ്ടെത്തിയതിനെ തുടർന്ന് മൃഗശാലയിലെ മുഴുവൻ പുലികൾക്കും ഇതിനെതിരെ പ്രതിരോധ കുത്തിവയ്പ് നൽകുവാൻ തീരുമാനിച്ചു. ഇതിനിടയിൽ ഒരു പുലി കൂടി ചത്തു. ഇതിനിടയിൽ ഒരു പുലി കൂടി ചത്തു. ഇതിനിടയിൽ ഒരു പുലി കൂടി ചത്തു.

എഴുത്തുകാരനും പൊതുനി കണ്ടെത്തി ചികിത്സിക്കാനായതിനാൽ ഒരു പുലിയെ രക്ഷിക്കാനായെ നും അധികൃതർക്കു അവകാശ

എ തൃശൂർ 11-1-1998 കേരളി



'താഴുവിഴാൻ മണിക്കുറുകളെണ്ണി.... തൃശൂർ മൃഗശാലയുടെ കവാടം. -പി.ആർ.രാജേഷ്, രാഷ്ട്രദീപിക



സട കൊഴിഞ്ഞ സിംഹരാജൻ;
ഇഴയാനിടമില്ലാതെ രാജവെമ്പാല

മിണ്ടാപ്രാണികളുടെ തടവറ



കൊഴുത്ത വെള്ളത്തിൽ
കൊഴുക്കാത്ത ഹിപ്പോ

മിണ്ടാപ്രാണികളുടെ തടവറ – 2



മൃഗശാലയുടെ പൂട പൊഴിക്കാൻ
വകുപ്പുകൾ തമ്മിൽ അടികലശൽ

മിണ്ടാപ്രാണികളുടെ തടവറ – 4

മുൻഷിദ് ഇബ്രാഹിം

കോലിട്ടു ചികുമില്ല.... തൃശൂർ മൃഗശാലയിലെ പെൺകടൽ പക്ഷികൾ. ഇവിൽ ഒരു പക്ഷിക്ക് ഒരു കാലിന്റെ മുട്ടിനിന് മീതെയും മറ്റേതിന് പിന്നിലുമായി ചിരകും നഷ്ടമായിരിക്കുന്നു

25-4-1998

Printed and Published by Rev. Dr. James Aerthayil on behalf of M/s. Rashtra Deepika Ltd., at Carmel Litho Printers Pvt. Ltd. P.B. No. 32, Thrissur - 680001. Managing Director & Managing Editor



രാഷ്ട്രീയം

1998 ഏപ്രിൽ 24 വെള്ളി

രാജവാഴ്ച നിർത്തിയാലും രാജാവിന്റെ ആസ്വാദനമുറ

മിണ്ടാപ്രാണികളുടെ തടവറ-3

മുൻഷിർ ഇബ്രാഹിം



രാഷ്ട്രീയം

1998 ഏപ്രിൽ 30 വ്യാഴം

മൃഗശാല മരണശാലയാകുമോ?

മിണ്ടാപ്രാണികളുടെ തടവറ – 7

മുൻഷിർ ഇബ്രാഹിം

കേരള സർക്കാർ

മൃഗവകുപ്പ്, ജില്ലാ ഓഫീസ്, കണ്ണൂർ

വണ്ടല്ലൂർ മാതൃക പുത്തൂരിൽ

തൃശ്ശൂർ മൃഗശാല പുത്തൂർ ഗ്രാമപഞ്ചായത്തിലെ സ്വാഭാവിക വനത്തിലേക്ക് മാറ്റി ചെന്നൈയിലെ വണ്ടല്ലൂർ സുവോളജിക്കൽ പാർക്ക് മാതൃകയിൽ വിപുലീകരിക്കുമെന്ന് മന്ത്രി ടി.എം. ജേക്കബ് 2003 സെപ്റ്റംബർ 25ന് തൃശ്ശൂരിൽ അറിയിച്ചു. കാഴ്ച ബാംഗ്ലാവ് - മൃഗശാല വകുപ്പിന്റെ ചുമതലയുള്ള അദ്ദേഹം തൃശൂർ മൃഗശാല & കാഴ്ച ബാംഗ്ലാവ് സന്ദർശിച്ച ശേഷമാണ് ഇക്കാര്യം അറിയിച്ചത്. മൃഗശാല പുത്തൂരിലേക്ക് മാറ്റുമ്പോൾ തൃശ്ശൂരിലെ കാഴ്ച ബാംഗ്ലാവ് കൂടുതൽ വികസിപ്പിക്കുമെന്ന് അദ്ദേഹം പറഞ്ഞു.

എ.കെ. ആൻറണി മുഖ്യമന്ത്രിയും ടി.എം.ജേക്കബ് ജലസേചനത്തിനും മൃഗശാല - കാഴ്ചബംഗ്ലാവ് വകുപ്പുകളുടെയും ചുമതല വഹിക്കുകയും കെ. സുധാകരൻ വനം വകുപ്പ് മന്ത്രി ആയിരിക്കുകയും ചെയ്യുന്ന കാലഘട്ടത്തിലാണ് ഇത്തരമൊരു നിർദ്ദേശം ഉണ്ടായത്. 2003 സെപ്റ്റംബർ മാസത്തിൽ ഉണ്ടായ നിർദ്ദേശത്തെ വളരെ സന്തോഷപൂർവ്വം തൃശ്ശൂർ നിവാസികൾ സ്വാഗതം ചെയ്തു.

മന്ത്രിസഭയുടെ തീരുമാനത്തെ സ്വാഗതം ചെയ്തുകൊണ്ട് സർവോദയ ട്രസ്റ്റ് ന്റെ ആഭിമുഖ്യത്തിൽ വിവിധ ജനകീയ സംഘടനകളുടെ സംയുക്ത യോഗം നടന്നു. മൃഗശാല മാറ്റത്തെ സ്വാഗതം ചെയ്ത പ്രസ്തുത യോഗത്തിൽ സർവോദയ ട്രസ്റ്റ് ചെയർമാൻ എം. പീതാംബരൻ മാസ്റ്റർ അധ്യക്ഷത വഹിച്ചു. മുൻ പി.എസ്.സി. അംഗം അഡ്വ. എൻ. കെ.ഗംഗാധരൻ, മുൻ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടുമാരായ എം. ശങ്കരൻകുട്ടി, ജോണി ചിറയത്ത്, പുത്തൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡൻറ് സാവിത്രി ദാസ്, ടി.കെ. ജോർജ് (വ്യാപാരി - വ്യവസായി സമിതി പ്രസിഡൻറ്) ഗ്രാമപഞ്ചായത്ത് അംഗം പെണ്ണമ്മ ജോൺ, വി.വി. നാരായണൻ മാസ്റ്റർ (പ്രസിഡൻറ്, എസ്.എൻ.ഡി.പി). ടി. കെ. വിജയൻ (ഭാരത് കൃഷക്ക് സമാജ്) എം. അരവിന്ദാക്ഷൻ (സംസ്കാര വിദ്യാഭ്യാസ ഗവേഷണ കേന്ദ്രം) കെ.കെ. വേലായുധൻ കുട്ടി (ഫാർമേഴ്സ് ഫോറം) ഈ. ടി.സാംസൺ (പൗരസമിതി കൺവീനർ) ഡോ. പി. ഉണ്ണികൃഷ്ണൻ വാര്യർ, മുൻ ഗ്രാമപഞ്ചായത്ത് അംഗം കെ.പി. ഔസേപ്പ് എന്നിവർ പ്രസംഗിച്ചു.

2003 വർഷത്തിലെ വന്യജീവി വാരത്തിലും മൃഗശാല മാറ്റത്തെ സംബന്ധിച്ച് വ്യാപകമായ പ്രചാരണ പ്രവർത്തനങ്ങൾ നടന്നു. 'ആധുനിക മൃഗശാല സങ്കൽപം' എന്ന വിഷയത്തെ ആസ്പദമാക്കി വന്യജീവി വാരത്തിൽ പുത്തൂർ ഗ്രാമ പഞ്ചായത്തിന്റെയും സർവോദയ ട്രസ്റ്റിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ സെമിനാർ സംഘടിപ്പിച്ചു.



പി.പി. ജോർജ് എം.എൽ.എ സെമിനാർ ഉദ്ഘാടനം ചെയ്തു. സംസ്ഥാന മൃഗശാല ഉപദേശക സമിതി അംഗം ഡോ. ജേക്കബ് ചീരൻ മുഖ്യ പ്രബന്ധം അവതരിപ്പിച്ചു. വന്യജീവി സംരക്ഷണം, ഗവേഷണം, വിദ്യാഭ്യാസം, വിനോദം എന്നീ നാലു ധർമ്മങ്ങൾ നിർവ്വഹിക്കുന്നതായിരിക്കണം ആധുനിക മൃഗ ശാലകൾ എന്ന് അദ്ദേഹം വ്യക്തമാക്കി.

പുത്തൂരിൽ സ്ഥാപിതമാകുന്ന മൃഗശാല സുപ്രധാന വിനോദസഞ്ചാര കേന്ദ്രം ആകും എന്ന് അദ്ദേഹം പറഞ്ഞു. പുത്തൂർ ഗ്രാമപഞ്ചായത്ത് പ്രസി ഡൻറ് സാവിത്രി ദാസ് അധ്യക്ഷത വഹിച്ചു. മുൻ പ്രസിഡണ്ടുമാരായ എം. ശങ്കരൻകുട്ടി, ജോണി ചിറയത്ത്, സർവോദയ ട്രസ്റ്റ് ചെയർമാൻ എം. പീതാം ബരൻ മാസ്റ്റർ, മുൻ പി. എസ്.സി.അംഗം അഡ്വ. എൻ.കെ. ഗംഗാധരൻ, കെ.വി. രാമു, കെ.എൻ ഗോപാലൻ, എം. രഘുനാഥ്, രവി കാട്ടുങ്ങൽ, ടി.കെ. വിജയൻ എന്നിവർ പ്രസംഗിച്ചു.

മാതൃഭൂമി • 2003 സപ്തംബർ 23 • ചൊവ്വാഴ്ച

പുത്തൂർ ഇന്ത്യയിലെ രണ്ടാമത്തെ സ്വാഭാവിക വന്യജീവികേന്ദ്രമാകും

പുത്തൂർ: തൃശൂർ മൃഗശാല പുത്തൂർ ഗ്രാമപഞ്ചായത്തിലെ സ്വാഭാവിക വനത്തിലേക്ക് മാറുന്നതോടെ വിനോദസഞ്ചാര ശൃംഖലയിലെ പ്രധാന കേന്ദ്രമായി ഇവിടം മാറും. 124 ഹെക്ടർ വനത്തിനെറ വിശാലതയാണ് മൃഗങ്ങൾക്ക് ലഭിക്കുക. മൃവിസ് തൃതീയിലും ഇന്ത്യൻവൈവിധ്യത്തിലും ഇന്ത്യയിലെ രണ്ടാമത്തെ വന്യമൃഗസംരക്ഷണ ഗവേഷണകേന്ദ്രം എന്ന ബഹുമതിയും പുത്തൂരിന് സ്വന്തമാകും.

140 ഹെക്ടർ വിസ്തൃതിയുള്ള ഹൈദരാബാദ് നെഹ്റു സുവോളജിക്കൽ പാർക്കാണ് ഇന്ത്യയിലെ ഏറ്റവും വലിയ വന്യജീവികേന്ദ്രം. രണ്ട് തടാകങ്ങൾ, മോട്ടോസഫാരിക്കുവേണ്ടുള്ള പ്രദേശനകേന്ദ്രം എന്നിവയടക്കമുള്ള വിപുലസംവിധാനം പുത്തൂർ കേന്ദ്രത്തിനെറ പ്രത്യേകതയാകും.

1885ൽ കൊച്ചി രാജകുടുംബം അവരുടെ സ്വകാര്യ വിനോദകേന്ദ്രമായി ആരംഭിച്ചതാണ് തൃശൂർ മൃഗശാല. സ്ഥലപരിമിതിയും മറ്റും മൃഗങ്ങൾക്ക് പീഡനമായതോടെ മൃഗശാല മാറണമെന്ന ആവശ്യമുയർന്നു. 1992ൽ മൃഗശാലാ ഉപദേശകസമിതിയാണ് വന്യജീവിവാസത്തിന് പുത്തൂർ കുരിശുമൂലവനം അനുയോജ്യമെന്ന് കണ്ടെത്തിയത്. തൃശൂർ എഞ്ചിനീയറിങ് കോളേജ് സിവിൽ വിഭാഗം, പുത്തൂർ ഗ്രാമപഞ്ചായത്ത്, സംസ്ഥാനഗവേഷണകേന്ദ്രം, ഫ്രണ്ട്സ് ഓഫ് ടിച്ചൂർ സൂ എന്നിവയുടെ ആഭിമുഖ്യത്തിൽ 1997ൽ കോൺടൂർ സർവ്വെയും സോഷ്യോ ഇക്കണോമി സർവ്വെയും നടന്നു. എന്നാൽ കേന്ദ്രപരിസ്ഥിതിവകുപ്പിന്റെ അനുമതി ലഭിക്കാത്തതിനാൽ മൃഗശാലാ മാറ്റം നീണ്ടു.

അന്തരാഷ്ട്രനിലവാരത്തിലുള്ള വന്യജീവികേന്ദ്രം വരുന്നതോടെ കിഴക്കൻ മലയോരഗ്രാമമായ പുത്തൂരിന്റെ വികസനത്തിനു വഴി തെളിയുകയാണ്. പീച്ചി, വിൽവിനി ഡാമുകളിലേക്കും തോട്ടിച്ചാൽ വെള്ളച്ചാട്ടത്തിലേക്കും നഗരത്തിൽനിന്ന് എളുപ്പം എത്താൻ കഴിയുന്ന തൃശൂർ മാന്ദാമംഗലം റോഡിന് ഗതാഗതപ്രാധാന്യവുമേറും.



പുത്തൂരിൽ നിർദ്ദിഷ്ട സ്വാഭാവിക വന്യജീവികേന്ദ്രത്തിന് തിരഞ്ഞെടുത്ത പ്രദേശം. തൃശൂർ മൃഗശാലയിലെ മൃഗങ്ങളെ ഇവിടേക്ക് മാറ്റും.

തൃശൂർ മൃഗശാല പ്രധാന വിനോദസഞ്ചാര കേന്ദ്രമാകും

തൃശൂർ മാനവ സംസ്കാര ശാലകൾ. ഈ ലക്ഷ്യം വെച്ചുകൊണ്ട് സെൻട്രൽ സൂ അതോറിറ്റി നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾക്കനുസൃതമായി പുത്തൂരിൽ സ്ഥാപിതമാകുന്ന മൃഗശാല കേരള സംസ്ഥാന മൃഗശാലാ ഉപദേശകസമിതി അംഗം ഡോ.ജേക്കബ് ഉതുപ്പിനെ സുപ്രധാന വിനോദസഞ്ചാരകേന്ദ്രമാക്കുമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. വന്യമൃഗസംരക്ഷണം, പഠനം, വിദ്യാഭ്യാസം, വിനോദം എന്നീ നാലുലക്ഷ്യങ്ങൾ നിറവേറ്റുന്ന സർവ്വോന്നതമായിരിക്കണം ആധുനിക മൃഗശാലകൾ. ഈ ലക്ഷ്യം വച്ചുകൊണ്ട്



Just now

മൃഗശാലാമാറ്റം സ്വാഗതാർഹം

തൃശൂർ: മൃഗശാല പുത്തൂരിലേക്ക് മാറ്റുന്നതിനും വിപുലീകരിക്കുന്നതിനുമുള്ള തീരുമാനത്തെ സർവോദയ ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ പുത്തൂരിൽ ചേർന്ന യോഗം സ്വാഗതം ചെയ്തു.

പക്ഷിമൃഗാദികളെ സ്വാഭാവികമായ ആവാസസ്ഥാനത്തേക്ക് മാറ്റാനും പ്രാദേശിക സാമ്പത്തിക വികസനം സാധ്യമാക്കുന്നതുമായ തീരുമാനം അഭിനന്ദനാർഹമാണെന്ന് യോഗം വിലയിരുത്തി.

സർവോദയ ട്രസ്റ്റ് ചെയർമാൻ എം.പീതാംബരൻ അധ്യക്ഷത വഹിച്ചു. മുൻ പി.എസ്.സി.അംഗം അഡ്വ.എൻ.കെ.ഗംഗാധരൻ, മുൻ പഞ്ചായത്ത് പ്രസിഡണ്ടുമാരായ എം.ശങ്കരൻകുട്ടി, ജോണി ചിറയത്ത്, ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് സാവിത്രിദാസ്, ടി.കെ. ജോർജ് (പ്രസി.വ്യാപാരി വ്യവസായി സമിതി), നിർദിഷ്ട സ്ഥലത്തെ ഗ്രാമപഞ്ചായത്തംഗം പെണ്ണമ്മ ജോൺ, വി.വി.നാരായണൻ മാസ്റ്റർ(പ്രസി, എസ്.എൻ.ഡി.പി.ശാഖ), ടി.കെ.വിജയൻ(ഭാരത് കൃഷക് സമാജ്, എം.അവിനാശൻ) (സംസ്കാര വിദ്യഭ്യാസ ഗവേഷണ കേന്ദ്രം), കെ.കെ.വേലായുധൻ കുട്ടി(ഫാർമേഴ്സ് ഫോറം), ഇ.ടി.സാംസൺ(കൺ.പൗരസമിതി), ഡോ. പി.ഉണ്ണികൃഷ്ണവാര്യർ, കെ.പി.ഔസേഫ് എന്നിവർ സംസാരിച്ചു.



മൃഗശാലമാറ്റം സ്വാഗതം ചെയ്തു

പുത്തൂർ: മൃഗശാല വിപുലീകരിച്ച് പുത്തൂരിലേക്ക് മാറ്റുന്ന തീരുമാനത്തെ സർവോദയ ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ ചേർന്ന പൊതു പ്രവർത്തക നേതൃത്വയോഗം സ്വാഗതം ചെയ്തു. ട്രസ്റ്റ് ചെയർമാൻ എം. പീതാംബരൻ അധ്യക്ഷത വഹിച്ചു. മുൻ പി.എസ്.സി. അംഗം അഡ്വ. എൻ.കെ. ഗംഗാധരൻ, എം. ശങ്കരൻകുട്ടി, ജോണി ചിറയത്ത്, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സാവിത്രി ദാസ്, ടി.കെ. ജോർജ്, പെണ്ണമ്മ ജോൺ, വി.വി. നാരായണൻ, ടി.കെ. വിജയൻ, എം. അവിനാശൻ, കെ.കെ. വേലായുധൻ, ഇ.ടി. സാംസൺ, ഡോ. പി. ഉണ്ണികൃഷ്ണ വാര്യർ, കെ.പി. ഔസേഫ് എന്നിവർ പ്രസംഗിച്ചു.



മൃഗശാലാ മാറ്റം സ്വാഗതാർഹം

തൃശൂർ: മൃഗശാല പുത്തൂരിലേക്ക് മാറ്റുന്നതിനും വിപുലീകരിക്കുന്നതിനുമുള്ള തീരുമാനത്തെ സർവോദയ ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ പുത്തൂരിൽ ചേർന്ന യോഗം സ്വാഗതം ചെയ്തു.

പക്ഷിമൃഗാദികളെ സ്വാഭാവികമായ ആവാസസ്ഥാനത്തേക്ക് മാറ്റാനും പ്രാദേശിക സാമ്പത്തിക വികസനം സാധ്യമാക്കുന്നതുമായ തീരുമാനം അഭിനന്ദനാർഹമാണെന്ന് യോഗം വിലയിരുത്തി.

സർവോദയ ട്രസ്റ്റ് ചെയർമാൻ എം. പീതാംബരൻ അധ്യക്ഷത വഹിച്ചു. മുൻ പി.എസ്.സി അംഗം അഡ്വ. എൻ.കെ. ഗംഗാധരൻ, മുൻ പഞ്ചായത്ത് പ്രസിഡൻറുമാരായ എം. ശങ്കരൻകുട്ടി, ജോണി ചിറയത്ത്, ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് സാവിത്രിദാസ്, ടി.കെ. ജോർജ് (പ്രസി, വ്യാപാരി വ്യവസായി സമിതി), നിർദിഷ്ട സ്ഥലത്തെ ഗ്രാമപഞ്ചായത്തംഗം പെണ്ണമ്മ ജോൺ, വി.വി. നാരായണൻ മാസ്റ്റർ (പ്രസി, എസ്.എൻ.ഡി.പി ശാഖ), ടി.കെ. വിജയൻ (ഭാരത് കൃഷക് സമാജ്., എം. അവിനാശൻ, (സംസ്കാര വിദ്യാഭ്യാസ ഗവേഷണ കേന്ദ്രം), കെ.കെ. വേലായുധൻ കുട്ടി (ഫാർമേഴ്സ് ഫോറം), ഇ.ടി. സാംസൺ (കൺ, പൗരസമിതി), ഡോ. പി. ഉണ്ണികൃഷ്ണവാര്യർ, കെ.പി. ഔസേഫ് എന്നിവർ സംസാരിച്ചു.



മാതൃഭൂമി
16-9-2003 - ചൊവ്വ

◆ നാട്ടുവർത്തമാനം ◆

ശക്തൻകൊട്ടാരം ജനവരിയിൽ തുറക്കും

മൃഗശാല പുത്തൂരിലേക്ക് മാറ്റാൻ അനുമതി

തൃശൂർ: നഗരത്തിൽനിന്ന് മൃഗശാല പുത്തൂരിലേക്ക് മാറ്റുന്ന നടപടികൾ ഒരുവർഷത്തിനകം പൂർത്തിയാകുമെന്നും ശക്തൻകൊട്ടാരം അടുത്ത ജനവരി 26ന് സന്ദർശകർക്കായി തുറന്നു കൊടുക്കുമെന്നും മന്ത്രി ടി.എം. ജേക്കബ്ബ് വെളിപ്പെടുത്തി.

ശക്തൻകൊട്ടാരത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങളും വിലയിരുത്താൻ എത്തിയ മന്ത്രി പത്രലേഖകരോട് സംസാരിക്കുകയായിരുന്നു. കേന്ദ്ര വനം-പാരിസ്ഥിതിക മന്ത്രാലയം പുത്തൂർ പ്രദേശത്തെ വനം വനേതര കാര്യങ്ങൾക്ക് വിനിയോഗിക്കാൻ അനുമതി നൽകിയിട്ടുണ്ട്. തുറന്ന കൂട്ടിൽ മൃഗങ്ങളെ പാർപ്പിക്കുന്ന രീതിയായിരിക്കും പുതിയ മൃഗശാലയിൽ നടപ്പാക്കുക. ദേശീയ മൃഗശാലാ അതോറിറ്റി ഇതിനുള്ള അനുമതി നൽകി. തിരുവനന്തപുരം മൃഗശാലയിൽ സിംഹവാലൻ കുരങ്ങുകളുടെ പ്രജനനകേന്ദ്രം ആരംഭിച്ചതുപോലെ പുത്തൂരിൽ ആരംഭിക്കുന്ന പുതിയ മൃഗശാലയിലും ചില വിഭാഗങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിന് മൃഗശാലാ അതോറിറ്റിയുടെ അനുമതി ലഭിക്കണം. തിരുവനന്തപുരം മൃഗശാലയിൽനിന്ന് ഒരു കണ്ടാമൃഗത്തെ തൃശൂരിലേക്ക് കൊണ്ടുവരുമെന്നും മന്ത്രി പറഞ്ഞു.

മൃഗശാല മാറ്റുന്ന സാഹചര്യത്തിൽ നിലവിലുള്ള മ്യൂസിയം വികസിപ്പിക്കും. അമൂല്യമായ പുരാവസ്തുശേഖരം വരുംതലമുറയ്ക്ക് പ്രയോജനപ്പെടുന്ന തരത്തിൽ പ്രദർശിപ്പിക്കാൻ സംവിധാനം ഉണ്ടാകുമെന്നും മന്ത്രി പറഞ്ഞു.

ശക്തൻകൊട്ടാരം പുതുക്കിപ്പണിയാൻ 48 ലക്ഷം രൂപയാണ് ചെലവ്. ജനവരിയോടെ അറ്റകുറ്റപ്പണികൾ പൂർത്തിയാകും. ഇതിനുള്ള ടെണ്ടർ ഒക്ടോബറിൽ നിശ്ചയിക്കും. കൊട്ടാരവളപ്പിലെ ഹെറിറ്റേജ് പാർക്കിന്റെയും ഉദ്യാനത്തിന്റെയും നിർമാണത്തിനായി 49 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഏകദേശം 30 ലക്ഷത്തോളം രൂപ ചെലവായി കഴിഞ്ഞു എന്നും മന്ത്രി അറിയിച്ചു.

രാഷ്ട്രപതിയുടെ പ്രഖ്യാപനം പ്രതീക്ഷിച്ച്

കേരളപിറവിയുടെ സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ സമാപന സമ്മേളനത്തിൽ വച്ച് രാഷ്ട്രപതി എ.പി.ജെ. അബ്ദുൽ കലാം തൃശൂർ മൃഗശാലയുടെ ആധുനികവൽക്കരണം സംബന്ധിച്ച് പ്രഖ്യാപനം നടത്തുമെന്ന് സംഘാടക സമിതിയുടെ ചുമതലയുള്ള മന്ത്രി പത്രസമ്മേളനത്തിൽ അറിയിച്ചിരുന്നു. ഈ വാർത്ത പ്രകൃതിസ്നേഹികൾക്കും മൃഗസ്നേഹികൾ സുവോളജിക്കൽ പാർക്കിനായി ജനകീയ പ്രവർത്തനം നടത്തുന്നവർ എന്നിവർക്കെല്ലാം വലിയ ആഹ്ലാദം പകർന്നിരുന്നു. രാഷ്ട്രപതിയുടെ പ്രഖ്യാപനം പ്രതീക്ഷിച്ച് 2006 ഡിസംബർ ഇരുപതാം തീയതി തൃശ്ശൂർ തോപ്പ് സ്റ്റേഡിയത്തിൽ നടന്ന വമ്പിച്ച സമ്മേളനത്തിലേക്ക് എത്തിയവർക്ക് നിരാശയായിരുന്നു ഫലം. രാഷ്ട്രപതി എ.പി.ജെ. അബ്ദുൽ കലാം അത്തരത്തിലൊരു പ്രഖ്യാപനം നടത്തിയില്ല. രാഷ്ട്രപതിയുടെ പ്രസംഗത്തിൽ അവസാനഘട്ടത്തിൽ ചില മാറ്റങ്ങൾ വന്നതുകൊണ്ടാണ് ഇപ്രകാരം സംഭവിച്ചത് എന്ന് ചുമതലപ്പെട്ട മന്ത്രി പിന്നീട് പത്രക്കാരോട് വിശദീകരിക്കുകയുണ്ടായി.

മൃഗശാല ആധുനിക വൽക്കരണത്തിന് സ്ഥലം കൈമാറുന്നത് സംബന്ധിച്ച് വ്യക്തമായ നടപടിക്രമങ്ങൾ ഉണ്ടാകാതിരുന്നത് കൊണ്ടാണ് അത്തരം ഒരു പ്രഖ്യാപനം നടത്താൻ സാധിക്കാതിരുന്നത്. ഇത് സംബന്ധിച്ച് ഫ്രണ്ട്സ് ഓഫ് സൂ പിറ്റേദിവസം തന്നെ കേരള മുഖ്യമന്ത്രിക്ക് കത്ത് നൽകി. മൃഗശാല ആധുനികവൽക്കണത്തിനായി അടിയന്തരമായി മുഖ്യമന്ത്രി തന്നെ നേരിട്ട് ഇടപെടണം എന്ന് പ്രസ്തുത കത്തിലൂടെ അഭ്യർത്ഥിച്ചു. തുടർന്ന് തൃശ്ശൂരിൽ സന്നദ്ധ സംഘടനാ പ്രതിനിധികളുടെ വിപുലമായ സമ്മേളനം ചേർന്നു. മൃഗശാല ആധുനികവൽക്കരണം പങ്കാളിത്ത വികസന പദ്ധതിയായി നടപ്പാക്കണമെന്ന് പ്രസ്തുത സമ്മേളനം കേരള ഗവൺമെന്റി നോട് അഭ്യർത്ഥിച്ചു. നെടുമ്പാശ്ശേരി വിമാനത്താവളത്തിനായി സ്വീകരിച്ച മാതൃക ഇക്കാര്യത്തിലും പിന്തുടരാം എന്ന് ചൂണ്ടിക്കാട്ടി. മൃഗശാല ആധുനിക വൽക്കരണം സംബന്ധിച്ച് മാസ്റ്റർപ്ലാൻ സെൻട്രൽ അതോറിറ്റി അംഗീകരിച്ചാൽ 70 ശതമാനം വരെ നിർമ്മാണച്ചെലവ് കേന്ദ്രത്തിൽ നിന്ന് ലഭിക്കും എന്നതുകൊണ്ട് ബാക്കി തുക സംഭരിക്കാൻ സംസ്ഥാനത്തിനകത്ത് വ്യാപാരികൾ, നിർമ്മാണ കമ്പനികൾ, സന്നദ്ധസംഘടനകൾ എന്നിവയുടെ പങ്കാളിത്തം ഉറപ്പുവരുത്താൻ സാധിക്കുമെന്ന് യോഗം അഭിപ്രായപ്പെട്ടു. സംസ്ഥാന ഗവൺമെൻറിന്റെ സമ്പൂർണ്ണ നിയന്ത്രണം നിലനിർത്തിക്കൊണ്ടുള്ള

പങ്കാളിത്ത വികസന പദ്ധതിയുടെ നടത്തിപ്പിനായി പ്രഗൽഭനായ ഒരു സ്പെഷ്യൽ ഓഫീസറെ ഉടൻ നിയമിക്കണമെന്ന് യോഗം ആവശ്യപ്പെട്ടു. തൃശ്ശൂർ ചേംബർ ഓഫ് കൊമേഴ്സ് പ്രസിഡൻറ് ടി.എസ്. അനന്തരാമൻ സമ്മേളനം ഉദ്ഘാടനം ചെയ്തു.

ഫ്രണ്ട്സ് ഓഫ് സൂ ഭാരവാഹി പ്രൊഫ. ജോൺ സിറിയക്ക് പ്രവർത്തന രേഖ അവതരിപ്പിച്ചു. സർവോദയ ട്രസ്റ്റ് ചെയർമാൻ എം പീതാംബരൻ അധ്യക്ഷത വഹിച്ചു. ടി.കെ.വിജയൻ, വി.എ. മാത്യു, മുൻ ഫോറസ്റ്റ് ഓഫീസർ പി. കെ. വേലായുധൻ, എൻ. കുഞ്ഞുമോൻ, ടി.കെ. സോമൻ, കെ.കെ. വേലായുധൻ കുട്ടി, രവി കാട്ടുങ്ങൽ, എം.കെ. രംഗസൂത്, കെ.ജി. ഭഗീരഥൻ, അഡ്വ. എൻ.കെ. ഗംഗാധരൻ എന്നിവർ പ്രസംഗിച്ചു

കേരളകൗമുദി

വനം വകുപ്പിന് ദേവികുളത്ത് ഭൂമി നൽകും

മൃഗശാല മാറ്റം ജനുവരി അവസാനം

തൃശൂർ : തൃശൂരിൽ നിന്ന് പുത്തൂരിലേക്ക് മൃഗശാല മാറ്റുന്നതിന്റെ ഉദ്ഘാടനം ജനുവരി അവസാനം നടക്കും.

ഇതിനുമുന്നോടിയായുള്ള നടപടികൾ ഒരുമാസത്തിനുള്ളിൽ പൂർത്തിയാക്കുമെന്ന് അധികൃതർ അറിയിച്ചു. ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിൽ നിന്നാണ് വനം വകുപ്പിന് പകരം ഭൂമി നൽകുന്നത്. ഒരു മാസത്തിനുള്ളിൽ ഈ ഭൂമിയുടെ സർവേ നടപടികൾ പൂർത്തിയാക്കാൻ വെള്ളിയാഴ്ച ചേർന്ന ഉന്നത തലയോഗം സർവേ ഡയറക്ടർ പി. പി. ഗോപിക്ക് നിർദ്ദേശം നൽകി. ഒരു മാസത്തിനുള്ളിൽ ഭൂമിയുടെ സ്കെച്ചും പ്ലാനും മാപ്പും തയ്യാറാക്കി നൽകണമെന്നാണ് നിർദ്ദേശം.

ശബരിമല വികസനത്തിനായി ഏറ്റെടുത്ത ഭൂമിക്ക് പകരം വനം വകുപ്പിന് നൽകിയ ഭൂമിയുടെ സമീപത്താണ് പുത്തൂരിന് പകരമായി ഭൂമിനൽകുന്നതെന്ന് അധികൃതർ വിശദീകരിച്ചു. മൃഗശാലമാറ്റത്തിനുള്ള സ്പെഷ്യൽ ഓഫിസറുടെ നിയമനം അടുത്ത മന്ത്രിസഭായോഗത്തിലുണ്ടാവുമെന്നും അധികൃതർ പറഞ്ഞു. മന്ത്രി കെ.പി. രാജേന്ദ്രന്റെ അധ്യക്ഷതയിൽ ചേർന്ന ഉന്നത തലയോഗത്തിൽ റവന്യു വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി നിവേദിത പി. ഹരൻ, സർവേ ഡയറക്ടർ പി. പി. ഗോപി, ഇടുക്കി ജില്ലാ കളക്ടർ എ. ജെ. രാജൻ, വനം വകുപ്പ് അഡിഷണൽ സെക്രട്ടറി എൻ. സുകുമാരൻ, റവന്യു വകുപ്പ് അഡിഷണൽ സെക്രട്ടറി എച്ച്. സുബൈദ തുടങ്ങിയവർ പങ്കെടുത്തു.

മൃഗശാല: രാഷ്ട്രപതി പ്രഖ്യാപിക്കാത്തത് പരിപാടിയിൽ വരുത്തിയ മാറ്റംകാരണം

തൃശൂർ : മൃഗശാലമാറ്റം സംബന്ധിച്ച് രാഷ്ട്രപതിയുടെ പ്രഖ്യാപനം ഉണ്ടാവാതിരുന്നത് അദ്ദേഹത്തിന്റെ പ്രസംഗത്തിൽ അവസാന നിമിഷം വന്ന മാറ്റം കാരണമാണെന്ന് മന്ത്രി കെ.പി. രാജേന്ദ്രൻ പറഞ്ഞു.

കേരളപ്പിറവിയുടെ സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ സമാപനസമ്മേളനം ഉദ്ഘാടനം ചെയ്യാനെത്തുന്ന രാഷ്ട്രപതി തൃശൂരിൽ നിന്ന് മൃഗശാല പുത്തൂരിലേക്ക് മാറ്റുന്നതും വിജ്ഞാന സാഗർ പദ്ധതിയും പ്രഖ്യാപിക്കുമെന്നാണ് സർക്കാർ ആദ്യം അറിയിച്ചിരുന്നത്. എന്നാൽ ഡിസംബർ 20 ന് തൃശൂരിൽ എത്തിയ രാഷ്ട്രപതി പ്രഖ്യാപനം നടത്തിയില്ല.

രാഷ്ട്രപതിഭവനിൽ നിന്ന് ആദ്യം അധികൃതർ സംസ്ഥാന സർക്കാരുമായി ബന്ധപ്പെട്ടപ്പോൾ ഏഴിനങ്ങളുടെ പ്രഖ്യാപനം രാഷ്ട്രപതിയുടെ പ്രസംഗത്തിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഇവയുടെ എണ്ണം അഞ്ചാക്കി ചുരുക്കണമെന്ന് രാഷ്ട്രപതിഭവൻ അധികൃതർ നിർദ്ദേശിച്ചു. തുടർന്ന് വിജ്ഞാന സാഗർ പദ്ധതി, മൃഗശാലമാറ്റം എന്നിവയുൾപ്പെടെ അഞ്ചു പ്രഖ്യാപനങ്ങൾ ഉൾക്കൊള്ളിക്കാൻ സംസ്ഥാന സർക്കാർ അഭ്യർത്ഥിച്ചു.

പിന്നീട് വിജ്ഞാന സാഗർ പദ്ധതിയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ രാഷ്ട്രപതി ഭവനിൽ നിന്ന് ആരാഞ്ഞിരുന്നു.

ജില്ലാ പഞ്ചായത്തുമായി ബന്ധപ്പെട്ട് സർക്കാർ ഈ പദ്ധതിയുടെ വിവരങ്ങൾ എത്തിച്ചുകൊടുത്തിരുന്നു. എന്നാൽ അവസാനനിമിഷം രാഷ്ട്രപതി കേരളത്തിന്റെ പൊതുവായ കാര്യങ്ങളെക്കുറിച്ച് മാത്രമേ സംസാരിക്കുന്നുള്ളുവെന്ന് രാഷ്ട്രപതി ഭവനിൽ നിന്ന് അറിയിക്കുകയായിരുന്നു.

മൃഗശാല മാറ്റത്തിൽ മറ്റുസാങ്കേതിക പ്രശ്നങ്ങളൊന്നും നിലവിലില്ലെന്നും മന്ത്രി കെ.പി. രാജേന്ദ്രൻ കേരളകൗമുദിയോട് പറഞ്ഞു.

കേരളകൗമുദി 24-12-2006

മൃഗശാല ആധുനികവത്ക്കരണം
ജനകീയ ഇച്ഛാശക്തിയുടെ സാഫല്യം


കേരളപ്പിറവിയുടെ സുവർണ്ണജൂബിലി ആഘോഷങ്ങളുടെ സമാപന സമ്മേളനത്തിൽ വച്ച് താഴ്ട്രപ്തി എ. പി. ജെ. അബ്ദുൾകലാം തൃശ്ശൂർ മൃഗശാല ആധുനികവൽക്കരണം സംബന്ധിച്ച പ്രഖ്യാപനം നടത്തുന്നത് മുഴുവൻ പ്രകൃതിസ്നേഹികൾക്കും, ജനകീയപ്രവർത്തകർക്കും ആഹ്ലാദം നല്കുന്നു. പട്ടണത്തിന്റെ തിരക്കിലും തിരക്കിലും പെട്ട് സ്വാഭാവികമരണം സംഭവിക്കുമായിരുന്ന തൃശ്ശൂർ മൃഗശാലയെ പുത്തൂരിലെ വിസ്തൃതമായ സ്ഥലത്തേക്ക് മാറ്റി വിപുലീകരിക്കാനുള്ള തീരുമാനം ഉണ്ടായത് നിരന്തരമായ ജനകീയ ഇടപെടലുകൾ മൂലമാണ്.

രാജഭരണ കാലത്ത്, 1885 ൽ, ആരംഭിച്ച മൃഗശാലയുടെ വിപുലീകരണത്തെ സംബന്ധിച്ച് ആവശ്യമുയർന്നു തുടങ്ങിയിട്ട് വർഷങ്ങളേറെയായി. മൃഗശാലയുടെ ശതാബ്ദി ആഘോഷവേളയിൽ തന്നെ, പരിമിതമായ സ്ഥലത്ത് നിങ്ങിഞെരുങ്ങി ജീവിക്കാൻ വിധിക്കപ്പെട്ട പുള്ളിമാനുകൾ കൂട്ടത്തോടെ ചത്തൊടുങ്ങുന്നതു കണ്ടപ്പോഴുണ്ടായ വ്യഥയെ പ്രകടിപ്പിക്കാൻ മഹാകവി വൈലോപ്പിള്ളി ശ്രീധരമേനോൻ എഴുതിയ കവിത സാംസ്കാരിക കേരളത്തിന്റെ മനസാക്ഷിയെ തൊട്ടുണർത്തി. തുടർന്ന് മാധ്യമങ്ങളും പ്രകൃതിസ്നേഹികളും ജനകീയ സംഘടനകളും മൃഗശാല വിപുലീകരണമെന്ന ആവശ്യത്തെ ശരണകർത്താക്കളുടെ ശ്രദ്ധയിൽപ്പെടുത്തികൊണ്ടിരുന്നു. മൃഗശാല മറ്റെന്തിനേക്കാളുമായി പീച്ചിയും, രാമവർമ്മപുരവും പരിഗണിക്കപ്പെട്ടുവെങ്കിലും പല കാരണങ്ങളാൽ ആ നീക്കം ഉപേക്ഷിച്ചു.

തൊണ്ണൂറുകളുടെ ആദ്യത്തിലാണ് " വേൾഡ് സൂ കോൺസർവേഷൻ സ്ട്രാറ്റജി" എന്ന മാർഗ്ഗരേഖ പുറത്തിറങ്ങിയത്. ഇന്ത്യയിലെ മൃഗശാലകൾക്ക് അംഗീകാരം നല്കുന്നതിനും, കാലാനുസൃതമായ മാറ്റങ്ങൾ നിർദ്ദേശിക്കുന്നതിനും അധികാരമുള്ള സ്റ്റാറ്റ്യൂട്ടറി സമിതിയായ സെൻട്രൽ സൂ അതോറിറ്റി (CZA) ഈ രേഖ അംഗീകരിച്ചു. ഓരോ മൃഗത്തെയും വളർത്തുന്നതിന് ആവശ്യമായ സ്ഥലം, മറ്റു ഭൗതിക സൗകര്യങ്ങൾ എന്നിവയെ സംബന്ധിച്ച വ്യക്തമായ നിർദ്ദേശങ്ങൾ അടങ്ങുന്നതായിരുന്നു പ്രസ്തുത രേഖ. ഈ നിയമം അനുസരിച്ച് ഒരു വീർ പാർക്ക് തുടങ്ങണമെങ്കിൽ തന്നെ 5 ഹെക്ടർ സ്ഥലം വേണം. നിരവധി മാനുകളും മറ്റ് വിവിധ തരം മൃഗങ്ങളും, ഉരഗങ്ങളും, പക്ഷികളും ഉള്ള തൃശ്ശൂർ മൃഗശാല ഇപ്പോൾ പ്രവർത്തിക്കുന്നത് വെറും 5.6 ഹെക്ടർ (ഏകദേശം 13 ഏക്കർ) സ്ഥലത്താണ്. സെൻട്രൽ സൂ അതോറിറ്റിയുടെ വ്യവസ്ഥകൾ പാലിക്കാൻ സാധിക്കാത്തതുമൂലം 1992 മുതൽ കേന്ദ്രത്തിൽ നിന്നുള്ള ഗ്രാന്റ് നിലച്ചു. മറ്റു മൃഗശാലകളിൽ നിന്നുള്ള മൃഗങ്ങളെ ഇങ്ങോട്ടു കൈമാറുന്നതും സാധിക്കാതെയായി.

ഇത്തരമൊരു ഘട്ടത്തിലാണ് മൃഗശാലയും വിദഗ്ധ സജീവ ചർച്ചാവിഷയമാക്കിയത്. സർക്കാർ സംവിധാനത്തിൽ സ്വാഭാവികമായും ഉണ്ടാകാവുന്ന കാലതാമസം ഒഴിവാക്കാൻ ജില്ലാ കളക്ടർ ഇക്കാര്യത്തിൽ നേരിട്ട് ഇടപെടണമെന്ന് ജനകീയ സംഘടനകൾ ആവശ്യമുന്നയിച്ചു. ഇതേ തുടർന്ന്, മൃഗശാല ഉപദേശകസമിതി അംഗങ്ങൾ, വിവിധ പ്രകൃതി സംരക്ഷണ സംഘടന പ്രതിനിധികൾ, എന്നിവരുടെ സംയുക്ത യോഗം 16-05-1995 ൽ കളക്ടറുടെ ചേംബറിൽ നടന്നു. രാജീവ് സദാനന്ദനായിരുന്നു കളക്ടർ. മൃഗശാലാ മാറ്റവും വിപുലീകരണവും ത്വരിതപ്പെടുത്തുന്നതിനായി "ഫ്രണ്ട്സ് ഓഫ് ട്രിച്ചൂർ സൂ" എന്ന പേരിൽ ജനകീയ സഹായമുള്ള സമിതിക്ക് രൂപം നൽകി. കളക്ടർ രാജീവ് സദാനന്ദൻ (ചെയർമാൻ), അന്നത്തെ മുനിസിപ്പൽ കൗൺസിലർ പ്രൊഫ: ജോൺ സിറിയക് (സെക്രട്ടറി), സർവ്വോദയമണ്ഡലം സെക്രട്ടറി എം. പീതാംബരൻ (ട്രഷറർ) എന്നിവർ ഭാരവാഹികളായുള്ള പ്രസ്തുത സമിതിയുടെ പ്രവർത്തനഫലമായാണ് മൃഗശാല പുത്തൂരിലേക്ക് മാറ്റുക എന്ന ആശയം സജീവമായത്.

പതിനെട്ടേക്കർ സ്ഥലത്ത് പ്രവർത്തിക്കുന്ന തൃശ്ശൂർ മൃഗശാല 325 ഏക്കർ വിസ്തൃതിയുള്ള പുത്തൂരിലെ നിർദ്ദിഷ്ട സ്ഥലത്തേക്ക് മാറ്റാനുള്ള തീരുമാനം സ്റ്റേറ്റ് മ്യൂസിയം ആന്റ് സൂ ഉപദേശക സമിതി അംഗീകരിച്ചു. മൃഗശാല ആധുനികവൽക്കരണം എന്ന പ്രോജക്ട് നടപ്പാക്കാൻ 100 കോടി (നൂറ് കോടി രൂപ) യിലധികം രൂപ ആവശ്യമാണ്. ഇത്രയും സംഖ്യ സംസ്ഥാനസർക്കാരിന് തനിയെ വഹിക്കാനാവില്ല. എന്നാൽ പ്രസ്തുത പ്രോജക്ടിന്റെ മാസ്റ്റർ പ്ലാൻ സെൻട്രൽ സൂ അതോറിറ്റി അംഗീകരിക്കുകയാണെങ്കിൽ പ്രോജക്ടിന്റെ അറുപത് ശതമാനം തുക കേന്ദ്രത്തിൽനിന്ന് ലഭിക്കുമെന്ന് നിർദ്ദേശമുണ്ടായി. പക്ഷെ, മാസ്റ്റർ പ്ലാൻ തയ്യാറാക്കണമെങ്കിൽ നിർദ്ദിഷ്ട സ്ഥലത്തെ ആസ്പദമാക്കിയുള്ള സൂ ഡിസൈനിങ്ങ് നടക്കണം. ഇതിനായി പ്രസ്തുത സ്ഥലത്തിന്റെ കോണ്ടൂർ സർവ്വെ നടക്കണം. അനുബന്ധ സ്ഥലത്തെ സംബന്ധിച്ച സാമൂഹ്യ സാമ്പത്തിക സർവ്വെയും നടക്കണം. ഏതെങ്കിലും ഏജൻസികളെ ഈ പ്രവർത്തനങ്ങൾ ഏൽപിക്കുകയാണെങ്കിൽ ഭീമമായൊരു തുക പ്രതിഫലമായി നൽകണം. ഇതിനായി സർക്കാർ ഫണ്ട് മുൻകൂറായി ഉപയോഗിക്കാനുള്ള അനുമതിയും ഇല്ല. ഈ പ്രതിസന്ധിയെ മറികടക്കുന്നതും ജനകീയ സംരംഭം വഴിയാണ്. പുത്തൂർ ഗ്രാമ പഞ്ചായത്ത്, തൃശ്ശൂർ ഗവ: എൻജിനീയറിംഗ് കോളേജ് സിവിൽ വിഭാഗം, ഫ്രണ്ട്സ് ഓഫ് തൃശ്ശൂർ സൂ മറ്റു സന്നദ്ധ സംഘടനകൾ എന്നിവർ സംയുക്തമായി നീറ്റലയിൽ നടത്തി. മൂന്നാഴ്ചകൊണ്ട് കോണ്ടൂർ സർവ്വെ പൂർത്തിയായി. കോണ്ടൂർ ഭൂപടം തയ്യാറാക്കി സംസ്ഥാന മൃഗശാലാ ഡയറക്ടറെ ഏൽപിച്ചു. സംസ്ക്കാര വിദ്യാഭ്യാസ ഗവേഷണകേന്ദ്രം, അളഗപ്പനഗർ ആനപ്രേമികൾ കമ്മ്യൂണിറ്റി പോളിടെക്നിക്ക് എന്നീ സ്ഥാപനങ്ങൾ സംയുക്തമായി നിർദ്ദിഷ്ട സ്ഥലത്തിന് ചുറ്റും താമസിക്കുന്നവരെ സംബന്ധിച്ച് സാമൂഹ്യ സാമ്പത്തിക സർവ്വെയും നടത്തി. ഇതരം പങ്കാളിത്ത - വികസന പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുമ്പോഴാണ്



1997- ൽ [illegible] ചെയർമാനായിരിക്കുമ്പോൾ, തിരുവില്വാമല പഞ്ചായത്ത് വികസന സെമിനാറും കൈതച്ചാൽ ഇരട്ടച്ചിറയിലെ ഗ്രാമസഭയും പുത്തൂർ ഗ്രാമ പഞ്ചായത്ത് വികസന സെമിനാറും മൃഗശാല മാറ്റത്തെ സ്വാഗതം ചെയ്തു. സംസ്ഥാന സർക്കാരിന്റെ കൂടി പങ്കാളിത്തത്തോടെ നടപ്പാക്കേണ്ടതായ സുപ്രധാന പ്രോജക്ടറായി തൃശ്ശൂർ ജില്ലാ പഞ്ചായത്തും, ഇതിനെ സ്വാഗതം ചെയ്തു. 1997 ൽ ഭിക്കാരം തീരെ ജില്ലാ കളക്ടർ ആയിരിക്കുമ്പോൾ, വന്യജീവി വാരത്തിൽ, "മൃഗശാല - 21 -ാം നൂറ്റാണ്ടിൽ " എന്ന വിഷയത്തെ ആസ്പദമാക്കി ശിൽപശാല നടത്തി. അന്നത്തെ എം. പി. ആയിരുന്ന വി. വി. രാഘവനാണ് ശിൽപശാല ഉൽഘാടനം ചെയ്തത്. സാംസ്കാരിക വകുപ്പും വനംവകുപ്പും തമ്മിൽ നിലനിന്നിരുന്ന ആശയകുഴപ്പത്തെ മറികടക്കുവാൻ വി. വി. രാഘവന്റെ നിർദ്ദേശങ്ങളും സഹായകരമായി.

സാംസ്കാരിക വകുപ്പിന്റെ അന്നത്തെ മന്ത്രിയായിരുന്ന ടി. കെ. രാമകൃഷ്ണനും, വനംവകുപ്പ് മന്ത്രിയായിരുന്ന പി. ആർ. കുറുപ്പും ഇത് സംബന്ധിച്ച് വ്യക്തതയുണ്ടാക്കാൻ ശ്രമിച്ചു.

1997 ൽ സാംസ്കാരിക വകുപ്പിന്റെ പ്രസിദ്ധീകരണത്തിൽ, മൃഗശാല പുത്തൂരിലേക്ക് മാറ്റുമെന്ന് വ്യക്തമാക്കിയിരുന്നു. തുടർന്ന് ടി. എം. ജേക്കബ് മൃഗശാലയുടെ പുരോഗതിയുള്ള മന്ത്രിയായി വന്നകാലത്ത്, 2003 ൽ, തമിഴ്നാട്ടിലെ വണ്ടല്ലൂർ മൻസൂകയിലുള്ള ഒരു കേന്ദ്രമാക്കി മാറ്റുമെന്ന് പ്രഖ്യാപനം ഉണ്ടായത്.

മാറി മാറി വരുന്ന മന്ത്രിമാരുടെ ശ്രദ്ധയിൽ മൃഗശാല, ആധുനീകവൽക്കരണം എന്ന വിഷയം പെടുത്താനും പ്രതിസന്ധികളെ ജനകീയസഹകരണത്തിലൂടെ തരണം ചെയ്യാനുമാണ് "ഫ്രണ്ട്സ് ഓഫ് സ്രിച്ചൂർ സൂ" രൂപീകരിച്ചിട്ടുള്ളത്. ജില്ലയിലെ രാഷ്ട്രീയ പാർട്ടികളുടെ നേതൃത്വം, പത്ര - ദൃശ്യ മാധ്യമങ്ങൾ, സർവ്വോദയ - പ്രകൃതി സംരക്ഷ പ്രസ്ഥാനങ്ങൾ, പുത്തൂർ ഗ്രാമ പഞ്ചായത്ത് ഭരണസമിതി എന്നിവയുടെ സജീവമായ പങ്കാളിത്തം ഇതിനോടൊപ്പം ഉണ്ടായിരുന്നു. ഇതോടൊത്തെ സംസ്ഥാന മന്ത്രിസഭ ഇക്കാര്യത്തിൽ എടുത്ത പ്രത്യേക താൽപര്യം അഭിനന്ദനാർഹമാണ്.

രാഷ്ട്രപതിയുടെ പ്രഖ്യാപനം വൻസാധ്യതകളാണ് സംസ്ഥാനത്തിന് മുമ്പിൽ തുറക്കുന്നത്. തൃശ്ശൂരിലെ മൃഗശാല പുത്തൂരിലേക്ക് മാറ്റുക എന്ന കേവലമായ പ്രക്രിയയല്ല നടക്കുന്നത്. 325 ഏക്കർ സ്ഥലത്ത് ആധുനിക രീതിയിലുള്ള "കൺസർവ്വേഷൻ ആന്റ് റിസർച്ച് സെന്റർ" (Thrissur Conservation and Research Centre) സ്ഥാപിതമാകുന്നു. ഇതുമൂലം - - - - - - - - - - -

1. മൃഗങ്ങൾക്ക് പരമാവധി അനുയോജ്യമായ ആവാസസ്ഥലം ലഭ്യമാകുന്നു.
2. സെൻട്രൽ സൂ അതോറിറ്റിയുടെ അംഗീകാരം ലഭിക്കുന്നു. നേഷ്ണൽ സൂ കൺസർവ്വേഷൻ സ്ട്രാറ്റജിയിൽ പങ്കാളിത്തം ലഭിക്കുന്നു.
3. ഇപ്പോൾ പ്രതിവർഷം 7 ലക്ഷം സന്ദർശകർ എന്നത് 20 ലക്ഷമായി എങ്കിലും ഉയരുന്നു.
4. മലമ്പുഴ - പീച്ചി - പുത്തൂർ - വിയ്യൂർ ഡാം - അതിരപ്പിള്ളി ടൂറിസ്റ്റ് മേഖല രൂപപ്പെടുന്നു.
5. നീലഗിരി ബയോസ്ഫിയറിലെ നീലഗിരിതാർ, നീലഗിരി കുരങ്ങ്, സിംഹവാലൻ കുരങ്ങ്, ചെന്തലൻ, ഇത്തിൾപന്നി എന്നിങ്ങനെ വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന മൃഗങ്ങളുടെ സംരക്ഷണ കേന്ദ്രമായി ഇത് മാറും.
6. വെറ്റിനറി കോളേജ്, ഫോറസ്ട്രി കോളേജ്, കേരള വനഗവേഷണകേന്ദ്രം എന്നിവിടങ്ങളിലെ അദ്ധ്യാപകർക്കും, വിദ്യാർത്ഥികൾക്കും ഗവേഷണ സൗകര്യം ലഭിക്കുന്നു.
7. പ്രത്യക്ഷമായും പരോക്ഷമായും ആയിരക്കണക്കിന് തൊഴിലവസരങ്ങൾ അതുവഴി പ്രാദേശിക സാമ്പത്തിക വികസനം.

ഒരു സിംഹത്തിൻ ആഫ്രിസറുടെ നേതൃത്വത്തിൽ സ്വതന്ത്ര പ്രവർത്തനശേഷിയുള്ള സമിതി രൂപീകരിച്ച് ജനപങ്കാളിത്തത്തോടെ, സുതാര്യമായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുകയാണെങ്കിൽ പരിസ്ഥിതി സംരക്ഷണവും സാമ്പത്തിക വികസനവും സാധ്യമാക്കാം.

എം. പീതാംബരൻ
മണക്കാടി
ത്രിശ്ശൂർ കോർപ്പ
(2006- ൽ
തൃശ്ശൂർ മൃഗശാല
പുത്തൂരിൽ തുടങ്ങുമ്പോൾ)



ദീപിക 22-12-2006 TCR 2006 ഡിസംബ

തൃശൂർ മൃഗശാല: ആശയക്കുഴപ്പം അകറ്റണം

തൃശൂർ: മൃഗശാല പുത്തൂരിലേക്ക് മാറ്റുകയും വിപുലീകരിക്കുകയും ചെയ്യുമെന്ന പ്രഖ്യാപനത്തെ സംബന്ധിച്ച ആശയക്കുഴപ്പം അകറ്റാൻ സർക്കാർ വിശദീകരണം നൽകണമെന്ന് കേരള സർവോദയ മണ്ഡലം സംസ്ഥാന സെക്രട്ടറിയും ഫ്രണ്ട്സ് ഓഫ് തൃശൂർ സുഭാരവാഹിയുമായ എം. പീതാംബരൻ ആവശ്യപ്പെട്ടു.

കേരളപ്പിറവി സുവർണജൂബിലി ആഘോഷങ്ങളുടെ സമാപനസമ്മേളനത്തിൽവച്ച് രാഷ്ട്രപതി ഇതുസംബന്ധിച്ച പ്രഖ്യാപനം നടത്തുമെന്നാണ് ആഘോഷ പരിപാടികളുടെ ചെയർമാനും റവന്യു മന്ത്രിയുമായ കെ.പി.രാജേന്ദ്രൻ പത്രസമ്മേളനത്തിൽ അറിയിച്ചിരുന്നത്. സമ്മേളനത്തിൽ സ്വാഗതപ്രസംഗം നടത്തിയ മന്ത്രി കെ.പി രാജേന്ദ്രൻ മൃഗശാല വിപുലീകരണത്തെ സംബന്ധിച്ച് സൂചന നൽകിയെങ്കിലും രാഷ്ട്രപതിയുടെ പ്രസംഗത്തിലോ മുഖ്യമന്ത്രിയുടെ പ്രസംഗത്തിലോ മൃഗശാലയുടെ ചുമതലയുള്ള മന്ത്രി എം.എ. ബേബി യുടെ പ്രസംഗത്തിലോ ഇതുസംബന്ധിച്ച യാതൊരു പരാമർശവും ഉണ്ടാകാതിരുന്നത് ആശയക്കുഴപ്പം സൃഷ്ടിച്ചിരിക്കയാണ്.

മൃഗശാല ആധുനികവത്കരണ പ്രോജക്ട് എത്രയും പെട്ടെന്ന് നടപ്പാക്കണമെന്നാവശ്യപ്പെട്ട് പീതാംബരൻ മുഖ്യമന്ത്രിക്കും റവന്യു മന്ത്രിക്കും കത്തയച്ചു.



മൃഗശാലാമാറ്റം: പങ്കാളിത്ത വികസന പദ്ധതി ആവിഷ്ക്കരിക്കണം

തൃശൂർ മൃഗശാല പുത്തൂരിലേക്ക് മാറ്റി ആധുനികവത്കരിക്കുന്നതിന് പങ്കാളിത്തവികസന പദ്ധതി തയ്യാറാക്കണമെന്ന് തൃശൂരിൽ ചേർന്ന സന്നദ്ധസംഘടനാ പ്രതിനിധികളുടെ യോഗം നിർദ്ദേശിച്ചു.

ഗവൺമെന്റ് വകുപ്പിന്റെ സമ്പൂർണ്ണ നിയന്ത്രണം നിലനിർത്തിക്കൊണ്ടുതന്നെ ഇത്തരം പങ്കാളിത്ത വികസന പദ്ധതി നടപ്പാക്കുന്നതിനായി പ്രത്യേകമായ ഒരു സ്പെഷൽ ഓഫീസറെ നിയമിച്ച് പ്രവർത്തനങ്ങൾ സമയബദ്ധമായി പൂർത്തീകരിക്കണമെന്ന് യോഗം ആവശ്യപ്പെട്ടു.

മൃഗശാല ആധുനികവത്കരിക്കാൻ കേരള സർക്കാർ എടുക്കുന്ന താൽപര്യത്തെ യോഗം അഭിനന്ദിച്ചു.

തൃശൂർ ചേംബർ ഓഫ് കോമേഴ്സ് പ്രസിഡന്റ് ടി. എസ്. അനന്തരാമൻ സ്വാഗതം ആശംസിച്ച യോഗത്തിൽ ഫ്രണ്ട്സ് ഓഫ് തൃശൂർ സു സെക്രട്ടറി പ്രൊഫ. ജോൺ സിറിയക് പ്രവർത്തനരേഖ അവതരിപ്പിച്ചു. സർവ്വോദയ ട്രസ്റ്റ് ചെയർമാൻ എം. പീതാംബരൻ അദ്ധ്യക്ഷനായിരുന്നു.

ടി.കെ. വിജയൻ, വി.എ. മാത്യു, പി.വി. ഗംഗാധരൻ മാസ്റ്റർ, പി.കെ. വേലായുധൻ, എൻ. കുഞ്ഞുമോൻ, ടി.കെ. സോമൻ, കെ.കെ. വേലായുധൻകുട്ടി, രവി കാട്ടുങ്ങൽ, എം.കെ. രംഗസ്വാമി, കെ.ജി. ഉദിഹാൻ, അഡ്വ. എൻ.കെ. ഗംഗാധരൻ എന്നിവർ പ്രസംഗിച്ചു.

മൃഗശാലാമാറ്റം: പദ്ധതി ആവിഷ്ക്കരിക്കണം

തൃശൂർ മൃഗശാല പുത്തൂരിലേക്ക് മാറ്റി ആധുനികവത്കരിക്കുന്നതിന് പങ്കാളിത്തവികസന പദ്ധതി തയ്യാറാക്കണമെന്ന് സന്നദ്ധസംഘടനാ പ്രതിനിധികളുടെ യോഗം നിർദ്ദേശിച്ചു. ഗവൺമെന്റ് വകുപ്പിന്റെ സമ്പൂർണ്ണ നിയന്ത്രണം നിലനിർത്തിക്കൊണ്ടുതന്നെ ഇത്തരം പങ്കാളിത്തവികസന പദ്ധതി നടപ്പാക്കുന്നതിനായി പ്രത്യേകമായ ഒരു സ്പെഷൽ ഓഫീസറെ നിയമിച്ച് പ്രവർത്തനങ്ങൾ സമയബദ്ധമായി പൂർത്തീകരിക്കണമെന്ന് യോഗം ആവശ്യപ്പെട്ടു. മൃഗശാല ആധുനികവത്കരിക്കാൻ കേരള സർക്കാർ എടുക്കുന്ന താൽപര്യത്തെ യോഗം അഭിനന്ദിച്ചു.

തൃശൂർ ചേംബർ ഓഫ് കോമേഴ്സ് പ്രസിഡന്റ് ടി.എസ്. അനന്തരാമൻ സ്വാഗതം ആശംസിച്ച യോഗത്തിൽ ഫ്രണ്ട്സ് ഓഫ് തൃശൂർ സു സെക്രട്ടറി പ്രൊഫ. ജോൺ സിറിയക് പ്രവർത്തനരേഖ അവതരിപ്പിച്ചു. സർവ്വോദയ ട്രസ്റ്റ് ചെയർമാൻ എം.പീതാംബരൻ അദ്ധ്യക്ഷനായിരുന്നു.

ടി.കെ. വിജയൻ, വി.എ. മാത്യു, പി.വി. ഗംഗാധരൻ, പി.കെ. വേലായുധൻ, എൻ. കുഞ്ഞുമോൻ, ടി.കെ. സോമൻ, കെ.കെ. വേലായുധൻകുട്ടി, രവി കാട്ടുങ്ങൽ, എം.കെ. രംഗസ്വാമി, കെ.ജി. ഉദിഹാൻ, അഡ്വ. എൻ.കെ. ഗംഗാധരൻ എന്നിവർ പ്രസംഗിച്ചു.

മൃഗശാല മാറ്റം: പങ്കാളിത്ത വികസന പദ്ധതി ആവിഷ്കരിക്കണം

തൃശൂർ മൃഗശാല പുത്തൂരിലേക്ക് മാറ്റി ആധുനികവത്കരിക്കുന്നതിന് പങ്കാളിത്തവികസന പദ്ധതി തയ്യാറാക്കണമെന്ന് സന്നദ്ധസംഘടനാ പ്രതിനിധികളുടെ യോഗം നിർദ്ദേശിച്ചു. ഗവൺമെന്റ് വകുപ്പിന്റെ സമ്പൂർണ്ണ നിയന്ത്രണം നിലനിർത്തിക്കൊണ്ടുതന്നെ ഇത്തരം പങ്കാളിത്തവികസന പദ്ധതി നടപ്പാക്കുന്നതിനായി പ്രത്യേകമായ ഒരു സ്പെഷൽ ഓഫീസറെ നിയമിച്ച് പ്രവർത്തനങ്ങൾ സമയബദ്ധമായി പൂർത്തീകരിക്കണമെന്ന് യോഗം ആവശ്യപ്പെട്ടു. മൃഗശാല ആധുനികവത്കരിക്കാൻ കേരള സർക്കാർ എടുക്കുന്ന താൽപര്യത്തെ യോഗം അഭിനന്ദിച്ചു.

തൃശൂർ ചേംബർ ഓഫ് കോമേഴ്സ് പ്രസിഡന്റ് ടി.എസ്. അനന്തരാമൻ സ്വാഗതം ആശംസിച്ച യോഗത്തിൽ ഫ്രണ്ട്സ് ഓഫ് തൃശൂർ സു സെക്രട്ടറി പ്രൊഫ. ജോൺ സിറിയക് പ്രവർത്തനരേഖ അവതരിപ്പിച്ചു. സർവ്വോദയ ട്രസ്റ്റ് ചെയർമാൻ എം.പീതാംബരൻ അദ്ധ്യക്ഷനായിരുന്നു.



മാതൃഭൂമി 23-12-2006

മൃഗശാലാമാറ്റം: പങ്കാളിത്ത വികസന പദ്ധതി ആവിഷ്‌ക്കരിക്കണം

തൃശൂർ: മൃഗശാല പുത്തൂരിലേക്ക് മാറ്റി ആധുനികവത്കരിക്കുന്നതിന് പങ്കാളിത്ത വികസന പദ്ധതി തയ്യാറാക്കണമെന്ന് സന്നദ്ധ സംഘടനാ പ്രതിനിധികളുടെ യോഗം നിർദ്ദേശിച്ചു.

നെടുമ്പാശ്ശേരി വിമാനത്താവളത്തിന്റെ മാതൃക ഇക്കാര്യത്തിലും പിന്തുടരാം. മൃഗശാല ആധുനികവത്കരണം സംബന്ധിച്ച മാസ്റ്റർ പ്ലാൻ സെൻട്രൽ സൂ അതോറിറ്റി അംഗീകരിച്ചാൽ ഏഴുപത് ശതമാനം വരെ സംഖ്യ കേന്ദ്രത്തിൽ നിന്ന് ലഭിക്കും. ബാക്കി തുക സംഭരിക്കാൻ സംസ്ഥാനത്തിനകത്തെ വ്യാപാരികൾ, നിർമ്മാണ കമ്പനികൾ, സന്നദ്ധ സംഘടനകൾ എന്നിവയുടെ പങ്കാളിത്തം ഉണ്ടാക്കണം. ഇതിനായി സ്പെഷൽ ഓഫീസറെ നിയമിക്കും. പെട്ടെന്നാശേരി വിമാനത്താവളത്തിനു സമീപമുള്ള മൃഗശാലയുടെ സ്ഥലം കൈമാറുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ഇതിനായി പത്തുകോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. പകരമായി നല്കുന്ന സ്ഥലത്ത് മരങ്ങൾ വച്ചുപിടിപ്പിച്ച് തൽക്കാലമെന്നാണ് വ്യവസ്ഥ. ഇതുചെയ്യാമെന്ന് സർക്കാർ ഉറപ്പ് നൽകിയതോടെയാണ് സ്ഥലം കൈമാറുന്നതു സംബന്ധിച്ച അനിശ്ചിതത്വം നീങ്ങിയത്.

1991ലാണ് തൃശൂരിലെ മൃഗശാലയുടെ സമകർഷം വർധിപ്പിച്ചില്ലെങ്കിൽ ഗ്രാന്റ് അനുവദിക്കില്ലെന്ന് കർശനമായ നിർദേശം വന്നത്.

പിന്നീട് ഇന്നുവരെ ഓരോ വർഷവും താൽക്കാലികമായ അംഗീകാരത്തോടെയാണ് മൃഗശാല പ്രവർത്തിച്ചുവന്നത്. 248 വ്യത്യസ്ത തരത്തിലുള്ള മൃഗങ്ങൾ ഇവിടെ ഉണ്ടായിരുന്നു. സെൻട്രൽ സൂ അതോറിറ്റിയുടെ നിബന്ധനകളനുസരിച്ച് അവയുടെ മാതൃകകളെ മാത്രം പാർപ്പിക്കാനുള്ള സ്ഥലമാണ് ഇപ്പോഴത്തെ മൃഗശാലയിലുള്ളത്. ഇപ്പോൾ മറ്റ് മൃഗങ്ങളെ കൂടാതെ അനുവദിയിലധികം മാനുകൾ മാത്രം ഇവിടെയുണ്ട്.

1994ലാണ് മൃഗശാല പുത്തൂരിലേക്ക് മാറ്റാൻ നിർദേശം വന്നത്. മൃഗശാലമാറ്റത്തിനായി വിയ്യൂർ രാമവർമപുരത്തും പീച്ചിയിലും സ്ഥലം നോക്കിയെങ്കിലും അവസാനം പുത്തൂരിലെ വനം കുടുതൽ യോജിച്ചതാണെന്ന് കണ്ടെത്തുകയായിരുന്നു. മൃഗശാലാമാറ്റത്തിന്റെ മുന്നോടിയായി ഇവിടെ 'കോണ്ടൂർ സർവേ' നടത്തിയിരുന്നു. സാധാരണ മൃഗശാലയെന്നതിലുപരി നിലവിൽ മേഖലയിൽ വംശനാശം വന്നുകൊണ്ടിരിക്കുന്ന സിംഹവാലൻ കുരങ്ങുകൾ ഉൾപ്പെടെയുള്ള മൃഗങ്ങളെ സംരക്ഷിക്കാനും വംശവർധനയ്ക്കും ഉതകുന്ന തരത്തിലുള്ള കാലാവസ്ഥയാണ് പുത്തൂരിലുള്ളതെന്ന് സർവേയിൽ കണ്ടെത്തിയിരുന്നു. കൂടാതെ നിർദിഷ്ട സ്ഥലത്തിന്റെ കിഴക്കും വടക്കും ഭാഗത്ത് സ്വാഭാവിക തടങ്ങൾ ഉണ്ടാക്കാനാകുമെന്നതിനാൽ പക്ഷികളുടെ ആവാസ കേന്ദ്രമായും പുത്തൂർ മാറുമെന്ന് സർവേയിൽ വ്യക്തമാക്കിയിട്ടുണ്ട്.

എല്ലാ സാഹചര്യങ്ങളും ഒത്തിണങ്ങുന്ന സ്ഥലമെന്നതിൽ രാജ്യത്തെ മറ്റ് മൃഗശാലകൾക്കില്ലാത്ത പ്രത്യേകതയും വിദഗ്ധർതന്നെ ചൂണ്ടിക്കാണിക്കുന്നുണ്ട്.

മൃഗശാല പുത്തൂരിലേക്ക് മാറ്റുന്നതോടൊപ്പം മലമ്പുഴ ഡാം, പീച്ചി ഡാം, കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, പിമിനി ഡാം, അതിരപ്പിള്ളി എന്നിവയെ കോർത്തിണക്കി ബന്ധിപ്പിക്കുന്നതിനും സാധിക്കും. കൂടാതെ ദേശീയ പാതയിൽ മണ്ണുത്തിയിൽനിന്ന് നാലു കിലോമീറ്റർ മാത്രമാണ് പുത്തൂർ മൃഗശാലയിലേക്കുള്ളത്. വെറ്ററിനറി കോളജും അടുത്തായതിനാൽ പഠിക്കുന്ന വെറ്ററിനറി കോളജ് വിദ്യാർഥികൾക്ക് ഗവേഷണസൗകര്യവും ഏറ്റുപ്രധാനം.

അടുത്തവർഷം കൊണ്ട് പൂർണമായും മൃഗശാല പുത്തൂരിലേക്ക് മാറ്റാനാകുമെന്നാണ് പ്രതീക്ഷ.

മൃഗശാലാ മാറ്റം: പങ്കാളിത്ത വികസന പദ്ധതി വേണം

തൃശൂർ: മൃഗശാല പുത്തൂരിലേക്കു മാറ്റി ആധുനികവത്കരിക്കുന്നതിനു പങ്കാളിത്ത വികസനപദ്ധതി തയാറാക്കണമെന്നു സന്നദ്ധസംഘടനാ പ്രതിനിധിയോഗം ആവശ്യപ്പെട്ടു.

ഇതിനു സ്പെഷൽ ഓഫിസറെ നിയമിക്കണം. നെടുമ്പാശേരി വിമാനത്താവളത്തിനു സമീപമുള്ള മൃഗശാലയുടെ സ്ഥലം കൈമാറുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ഇതിനായി പത്തുകോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. പകരമായി നല്കുന്ന സ്ഥലത്ത് മരങ്ങൾ വച്ചുപിടിപ്പിച്ച് തൽക്കാലമെന്നാണ് വ്യവസ്ഥ. ഇതുചെയ്യാമെന്ന് സർക്കാർ ഉറപ്പുനൽകിയതോടെയാണ് സ്ഥലം കൈമാറുന്നതു സംബന്ധിച്ച അനിശ്ചിതത്വം നീങ്ങിയത്.

1991ലാണ് തൃശൂരിലെ മൃഗശാലയുടെ സമകർഷം വർധിപ്പിച്ചില്ലെങ്കിൽ ഗ്രാന്റ് അനുവദിക്കില്ലെന്ന് കർശനമായ നിർദേശം വന്നത്.

പിന്നീട് ഇന്നുവരെ ഓരോ വർഷവും താൽക്കാലികമായ അംഗീകാരത്തോടെയാണ് മൃഗശാല പ്രവർത്തിച്ചുവന്നത്. 248 വ്യത്യസ്ത തരത്തിലുള്ള മൃഗങ്ങൾ ഇവിടെ ഉണ്ടായിരുന്നു. സെൻട്രൽ സൂ അതോറിറ്റിയുടെ നിബന്ധനകളനുസരിച്ച് അവയുടെ മാതൃകകളെ മാത്രം പാർപ്പിക്കാനുള്ള സ്ഥലമാണ് ഇപ്പോഴത്തെ മൃഗശാലയിലുള്ളത്. ഇപ്പോൾ മറ്റ് മൃഗങ്ങളെ കൂടാതെ അനുവദിയിലധികം മാനുകൾ മാത്രം ഇവിടെയുണ്ട്.

1994ലാണ് മൃഗശാല പുത്തൂരിലേക്ക് മാറ്റാൻ നിർദേശം വന്നത്. മൃഗശാലമാറ്റത്തിനായി വിയ്യൂർ രാമവർമപുരത്തും പീച്ചിയിലും സ്ഥലം നോക്കിയെങ്കിലും അവസാനം പുത്തൂരിലെ വനം കൂടുതൽ യോജിച്ചതാണെന്ന് കണ്ടെത്തുകയായിരുന്നു. മൃഗശാലാമാറ്റത്തിന്റെ മുന്നോടിയായി ഇവിടെ 'കോണ്ടൂർ സർവേ' നടത്തിയിരുന്നു. സാധാരണ മൃഗശാലയെന്നതിലുപരി നിലവിൽ മേഖലയിൽ വംശനാശം വന്നുകൊണ്ടിരിക്കുന്ന സിംഹവാലൻ കുരങ്ങുകൾ ഉൾപ്പെടെയുള്ള മൃഗങ്ങളെ സംരക്ഷിക്കാനും വംശവർധനയ്ക്കും ഉതകുന്ന തരത്തിലുള്ള കാലാവസ്ഥയാണ് പുത്തൂരിലുള്ളതെന്ന് സർവേയിൽ കണ്ടെത്തിയിരുന്നു. കൂടാതെ നിർദിഷ്ട സ്ഥലത്തിന്റെ കിഴക്കും വടക്കും ഭാഗത്ത് സ്വാഭാവിക തടങ്ങൾ ഉണ്ടാക്കാനാകുമെന്നതിനാൽ പക്ഷികളുടെ ആവാസ കേന്ദ്രമായും പുത്തൂർ മാറുമെന്ന് സർവേയിൽ വ്യക്തമാക്കിയിട്ടുണ്ട്.

എല്ലാ സാഹചര്യങ്ങളും ഒത്തിണങ്ങുന്ന സ്ഥലമെന്നതിൽ രാജ്യത്തെ മറ്റ് മൃഗശാലകൾക്കില്ലാത്ത പ്രത്യേകതയും വിദഗ്ധർതന്നെ ചൂണ്ടിക്കാണിക്കുന്നുണ്ട്.

മൃഗശാല പുത്തൂരിലേക്ക് മാറ്റുന്നതോടൊപ്പം മലമ്പുഴ ഡാം, പീച്ചി ഡാം, കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, പിമിനി ഡാം, അതിരപ്പിള്ളി എന്നിവയെ കോർത്തിണക്കി ബന്ധിപ്പിക്കുന്നതിനും സാധിക്കും. കൂടാതെ ദേശീയ പാതയിൽ മണ്ണുത്തിയിൽനിന്ന് നാലു കിലോമീറ്റർ മാത്രമാണ് പുത്തൂർ മൃഗശാലയിലേക്കുള്ളത്. വെറ്ററിനറി കോളജും അടുത്തായതിനാൽ പഠിക്കുന്ന വെറ്ററിനറി കോളജ് വിദ്യാർഥികൾക്ക് ഗവേഷണസൗകര്യവും ഏറ്റുപ്രധാനം.

അടുത്തവർഷം കൊണ്ട് പൂർണമായും മൃഗശാല പുത്തൂരിലേക്ക് മാറ്റാനാകുമെന്നാണ് പ്രതീക്ഷ.

പുത്തൂരിലേക്ക് മാറ്റം; തൃശൂർ മൃഗശാല ദേശീയശ്രദ്ധ നേടും

ചോൾ മാത്യു

തൃശൂർ: പുത്തൂരിലേക്ക് മാറ്റുന്നതോടെ തൃശൂർ മൃഗശാല ദേശീയ പ്രാധാന്യം നേടും. അതോടൊപ്പം തൃശൂരിന് വിനോദസഞ്ചാര മേഖലയിൽ അസൂയാവഹമായ നേട്ടം കൈവരിക്കാനുള്ള ഗ്രാഹ്യത കണ്ടമേറും.

ഭക്ഷിണേന്ത്യയിൽ ഇപ്പോൾ ഒന്നാം സ്ഥാനത്തു നിൽക്കുന്ന തമിഴ്നാട്ടിലെ വെണ്ടലൂർ മൃഗശാലയും, ഹൈദരബാദിലെ നെഹ്റു സുവോളജിക്കൽ പാർക്കും മൊക്കെ പുത്തൂരിലെ മൃഗശാല പൂർണതോതിലാകുന്നതോടെ പിന്നിലുള്ളപ്പെടും. വെറുമൊരു മൃഗശാല എന്നതിലുപരി മൃഗസംരക്ഷണ ഗവേഷണ കേന്ദ്രമായി പുത്തൂരിലെ മൃഗശാല മാറുന്നതോടെ ദേശീയതലത്തിൽതന്നെ ഏറെ പ്രാധാന്യമുള്ള മൃഗശാലകളിലൊന്നായി ഇതു സ്ഥാനം പിടിക്കും.

2007 തൃശൂരിലെത്തുന്ന രാഷ്ട്രപതി എ.പി.ജെ. അബ്ദുൾകലാമാണ് തൃശൂരിലെ മൃഗശാല പുത്തൂരിലേക്ക് മാറ്റി സ്ഥാപിക്കുന്നതിന്റെ പ്രഖ്യാപനം നടത്തുക. കേരളപ്പിറവി സുവർണജൂബിലിയാഘോഷങ്ങളുടെ സമാപന സമ്മേളന ഉദ്ഘാടന വേദിയാണ് പ്രഖ്യാപനം.

നഗരമധ്യത്തിൽ ഇപ്പോൾ 18 ഏക്കറിൽ ശ്വാസം മുട്ടുന്ന മൃഗശാല പുത്തൂരിലെ 335 ഏക്കറിലധികം വരുന്ന വനഭൂമിയിലേക്കാണ് മാറ്റുന്നത്. വനംവകുപ്പിന്റെ ഉടമസ്ഥതയിലുള്ളതാണ് ഈ സ്ഥലം. മൃഗശാലയ്ക്ക് പുതുതുടക്കുന്ന സ്ഥലത്തിനു പകരമായി റവന്യൂ വകുപ്പ് സ്ഥലം നൽകാമെന്ന ധാരണയിലാണ് പുത്തൂരിലെ സ്ഥലം കൈമാറിയിട്ടുള്ളത്. ഇതിനായി പത്തുകോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. പകരമായി നല്കുന്ന സ്ഥലത്ത് മരങ്ങൾ വച്ചുപിടിപ്പിച്ച് തൽക്കാലമെന്നാണ് വ്യവസ്ഥ. ഇതുചെയ്യാമെന്ന് സർക്കാർ ഉറപ്പ് നൽകിയതോടെയാണ് സ്ഥലം കൈമാറുന്നതു സംബന്ധിച്ച അനിശ്ചിതത്വം നീങ്ങിയത്.

1991ലാണ് തൃശൂരിലെ മൃഗശാലയുടെ സമകർഷം വർധിപ്പിച്ചില്ലെങ്കിൽ ഗ്രാന്റ് അനുവദിക്കില്ലെന്ന് കർശനമായ നിർദേശം വന്നത്.

പിന്നീട് ഇന്നുവരെ ഓരോ വർഷവും താൽക്കാലികമായ അംഗീകാരത്തോടെയാണ് മൃഗശാല പ്രവർത്തിച്ചുവന്നത്. 248 വ്യത്യസ്ത തരത്തിലുള്ള മൃഗങ്ങൾ ഇവിടെ ഉണ്ടായിരുന്നു. സെൻട്രൽ സൂ അതോറിറ്റിയുടെ നിബന്ധനകളനുസരിച്ച് അവയുടെ മാതൃകകളെ മാത്രം പാർപ്പിക്കാനുള്ള സ്ഥലമാണ് ഇപ്പോഴത്തെ മൃഗശാലയിലുള്ളത്. ഇപ്പോൾ മറ്റ് മൃഗങ്ങളെ കൂടാതെ അനുവദിയിലധികം മാനുകൾ മാത്രം ഇവിടെയുണ്ട്.

1994ലാണ് മൃഗശാല പുത്തൂരിലേക്ക് മാറ്റാൻ നിർദേശം വന്നത്. മൃഗശാലമാറ്റത്തിനായി വിയ്യൂർ രാമവർമപുരത്തും പീച്ചിയിലും സ്ഥലം നോക്കിയെങ്കിലും അവസാനം പുത്തൂരിലെ വനം കൂടുതൽ യോജിച്ചതാണെന്ന് കണ്ടെത്തുകയായിരുന്നു. മൃഗശാലാമാറ്റത്തിന്റെ മുന്നോടിയായി ഇവിടെ 'കോണ്ടൂർ സർവേ' നടത്തിയിരുന്നു. സാധാരണ മൃഗശാലയെന്നതിലുപരി നിലവിൽ മേഖലയിൽ വംശനാശം വന്നുകൊണ്ടിരിക്കുന്ന സിംഹവാലൻ കുരങ്ങുകൾ ഉൾപ്പെടെയുള്ള മൃഗങ്ങളെ സംരക്ഷിക്കാനും വംശവർധനയ്ക്കും ഉതകുന്ന തരത്തിലുള്ള കാലാവസ്ഥയാണ് പുത്തൂരിലുള്ളതെന്ന് സർവേയിൽ കണ്ടെത്തിയിരുന്നു. കൂടാതെ നിർദിഷ്ട സ്ഥലത്തിന്റെ കിഴക്കും വടക്കും ഭാഗത്ത് സ്വാഭാവിക തടങ്ങൾ ഉണ്ടാക്കാനാകുമെന്നതിനാൽ പക്ഷികളുടെ ആവാസ കേന്ദ്രമായും പുത്തൂർ മാറുമെന്ന് സർവേയിൽ വ്യക്തമാക്കിയിട്ടുണ്ട്.

എല്ലാ സാഹചര്യങ്ങളും ഒത്തിണങ്ങുന്ന സ്ഥലമെന്നതിൽ രാജ്യത്തെ മറ്റ് മൃഗശാലകൾക്കില്ലാത്ത പ്രത്യേകതയും വിദഗ്ധർതന്നെ ചൂണ്ടിക്കാണിക്കുന്നുണ്ട്.

മൃഗശാല പുത്തൂരിലേക്ക് മാറ്റുന്നതോടൊപ്പം മലമ്പുഴ ഡാം, പീച്ചി ഡാം, കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, പിമിനി ഡാം, അതിരപ്പിള്ളി എന്നിവയെ കോർത്തിണക്കി ബന്ധിപ്പിക്കുന്നതിനും സാധിക്കും. കൂടാതെ ദേശീയ പാതയിൽ മണ്ണുത്തിയിൽനിന്ന് നാലു കിലോമീറ്റർ മാത്രമാണ് പുത്തൂർ മൃഗശാലയിലേക്കുള്ളത്. വെറ്ററിനറി കോളജും അടുത്തായതിനാൽ പഠിക്കുന്ന വെറ്ററിനറി കോളജ് വിദ്യാർഥികൾക്ക് ഗവേഷണസൗകര്യവും ഏറ്റുപ്രധാനം.

അടുത്തവർഷം കൊണ്ട് പൂർണമായും മൃഗശാല പുത്തൂരിലേക്ക് മാറ്റാനാകുമെന്നാണ് പ്രതീക്ഷ.

ദീപിക – 15-12-2006

സ്പെഷ്യൽ ഓഫീസറെ നിയമിക്കുന്നു

തൃശ്ശൂർ മൃഗശാല പുത്തൂരിലെ നിർദിഷ്ട സ്ഥലത്തേക്ക് മാറ്റി വിപുലീകരിക്കുമെന്നും പ്രവർത്തനത്തിനായി ഒരു സ്പെഷ്യൽ ഓഫീസറെ നിയോഗിച്ചുകൊണ്ട് സംസ്ഥാന സർക്കാർ തീരുമാനമെടുത്തു. ഗവൺമെൻറ് പ്രിൻസിപ്പൽ സെക്രട്ടറി ജിജി തോംസൺ ഐ.എ.എസ്. ആണ് സ്പെഷ്യൽ ഓഫീസറായി നിയമിക്കപ്പെട്ടത്. മറ്റു ചുമതലകൾക്ക് ഒപ്പമാണ് സ്പെഷൽ ഓഫീസറുടെ ചുമതലയും അദ്ദേഹത്തെ ഏൽപ്പിച്ചത്. 2007 ജനുവരി ഒമ്പതിനാണ് നിയമന ഉത്തരവ്. ജനുവരി 29-ാം തീയതി തൃശ്ശൂർ രാമനിലയത്തിൽ മൃഗശാല ആധുനികവൽക്കരണം സംബന്ധിച്ച് ഉന്നതതല യോഗം നടന്നു.

റവന്യൂ വകുപ്പ് മന്ത്രി കെ.പി.രാജേന്ദ്രൻ, സി.കെ. ചന്ദ്രപ്പൻ എം.പി.,രാജാജി മാത്യു തോമസ് എം.എൽ.എ., സ്പെഷൽ ഓഫീസർ ജിജി തോംസൺ എ.ഡി. എം.സി. എം. ഫ്രാൻസിസ്, ഡെപ്യൂട്ടി കലക്ടർ മേരിക്കുട്ടി, മൃഗശാല ആശുപത്രി വെറ്റിനറി സർജൻ ഡോക്ടർ ഗിരിദാസ് തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു. ഉന്നതതല സംഘം പുത്തൂരിലെ നിർദ്ദിഷ്ട സ്ഥലവും സന്ദർശിച്ചു. ഒരു വർഷത്തിനകം മൃഗശാല മാറ്റമുണ്ടാകുമെന്ന് യോഗശേഷം അറിയിച്ചു.

വിദഗ്ധ സമിതി രൂപീകരണം

മൃഗശാല ആധുനികവൽക്കരണത്തിന് സാങ്കേതിക സഹായം നൽകുന്നതിനു വേണ്ടി ഒരു വിദഗ്ധ സമിതി രൂപീകരിച്ചു. മൃഗശാല രൂപകല്പന രംഗത്ത് ശ്രദ്ധേയനായ എസ്.കെ. മുഖർജി ചെയർമാനും സംസ്ഥാന മൃഗശാല ഡയറക്ടർ കൺവീനറുമായി സമിതിയാണ് രൂപീകരിച്ചത്.

(എൽസി ജോർജ്, പി. വിജയകുമാരി അമ്മ എന്നിവ കൺവീനർ ആയി പ്രവർത്തിച്ചു) ഡോ. ബി.സി. ചൗധരി, ടി.രാമകൃഷ്ണൻ, എസ്. കെ.പട്നായിക്, പ്രൊഫ. എം. കെ. പ്രസാദ്, സി.എസ്. യേലാക്കി, ഡോ. ജേക്കബ് ചീരൻ, മൃഗശാല സൂപ്രണ്ട് കെ. വി.രവീന്ദ്രൻ, ആർ.കെ. രമേശ് എന്നിവരായിരുന്നു വിദഗ്ധ സമിതി അംഗങ്ങൾ. വിദഗ്ധ സമിതി രാമനിലയത്തിൽ യോഗം ചേർന്നു.

മാസ്റ്റർ പ്ലാനും പ്രോജക്ടും തയ്യാറാക്കുന്നതിന് പ്രാരംഭ ചർച്ചകൾ നടത്തി. 2007 നവംബർ ഏഴാം തീയതി മൃഗശാല ആധുനികവൽക്കരണത്തിനായുള്ള സ്പെഷ്യൽ ഓഫീസറുടെ ഓഫീസ് രാമനിലയത്തിൽ ഉദ്ഘാടനം ചെയ്തു.

മന്ത്രിമാരായ കെ.പി. രാജേന്ദ്രൻ, എം.എ. ബേബി എന്നിവർ പങ്കെടുത്തു. എന്നാൽ സ്പെഷ്യൽ ഓഫീസർ ജിജി തോംസൺ എത്തിയിരുന്നില്ല. 2007 നവംബർ മാസത്തിൽ കേന്ദ്ര മൃഗശാല അതോറിറ്റിയുടെ (CZA) ഇവാലുവേഷൻ ഉദ്യോഗസ്ഥൻ ബ്രിജേഷ് കിഷോർ ഗുപ്ത നിർദ്ദിഷ്ട സ്ഥലം സന്ദർശിച്ചു. വിദഗ്ധ സമിതി അംഗങ്ങൾ ഈ അവസരത്തിൽ ഉണ്ടായിരുന്നില്ല.

2007 നവംബർ 13ന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ പുതിയ തീരുമാനം ഉണ്ടായി. ഇതിനനുസരിച്ച് വനഭൂമിയിൽ വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ മൃഗശാല ആധുനികവൽക്കരണം നടത്തുകയാണെങ്കിൽ പകരം ഭൂമി നൽകേണ്ടതില്ല എന്ന തീരുമാനം ഉണ്ടായി. ചീഫ് വൈൽഡ് ലൈഫ് വാർഡന് ഇത് സംബന്ധിച്ച അപേക്ഷ നൽകേണ്ടതാണ്. പുത്തൂരിലെ വനഭൂമിക്ക് പകരം ഇടുക്കി ജില്ലയിലെ കോട്ടഗംപൂരിലെ 124 ഹെക്ടർ കുറിഞ്ഞിമല വനംവകുപ്പിന് വിട്ടുകൊടുക്കാൻ റവന്യൂ വകുപ്പ് തീരുമാനമെടുത്തു. പ്രസ്തുത സ്ഥലത്തിന്റെ ഭൂരിഭാഗവും നീലക്കുറിഞ്ഞി മേഖലയാണെന്നും അത് ഇപ്പോൾ തന്നെ വനംവകുപ്പിന്റെ ഉടമസ്ഥതയിൽ ഉള്ളതാണെന്നും വനം വകുപ്പ് മറുപടി നൽകി. റവന്യൂ വകുപ്പ് നൽകിയ തായത്ത ഭൂമിയുടെ ഭൂരിഭാഗവും ചിന്നാർ വൈൽഡ് ലൈഫ് സാങ്ചറിയുടെ ഭാഗമാണെന്ന് വനംവകുപ്പ് വ്യക്തമാക്കി. പിന്നീട് ഇടുക്കി ജില്ലയിൽ ദേവികുളം താലൂക്കിലെ കീഴാവൂർ വില്ലേജിൽ 124 ഹെക്ടർ ഭൂമി വനംവകുപ്പിന് നൽകാമെന്ന് ധാരണയുണ്ടാക്കുന്നു.

വിവാദമായി ഭൂമി കൈമാറ്റം

2007 ഡിസംബർ 25 ക്രിസ്തുമസ് ദിനത്തിൽ വളരെ വിപുലമായ ഒരു സമ്മേളനം പുത്തൂരിലെ നിർദ്ദിഷ്ട സ്ഥലത്ത് നടന്നു. വനഭൂമിക്ക് പകരം റവന്യൂ ഭൂമി നൽകുന്നതിനെതിന്റെ രേഖകൾ പ്രസ്തുത സമ്മേളനത്തിൽ കൈമാറ്റം നടക്കുമെന്നാണ് അറിയിച്ചിരുന്നത്. നിയമസഭാ സ്പീക്കർ, റവന്യൂ വകുപ്പ് മന്ത്രി, വനം വകുപ്പ് മന്ത്രി, സാംസ്കാരിക വകുപ്പ് മന്ത്രി തുടങ്ങിയവർ പങ്കെടുക്കും എന്നാണ് അറിയിച്ചിരുന്നത്. യോഗത്തിൽ സാംസ്കാരിക വകുപ്പ് മന്ത്രിയും വനം വകുപ്പ് മന്ത്രിയും പങ്കെടുത്തില്ല. റവന്യൂ വകുപ്പ് മന്ത്രി ജില്ലാ കളക്ടർക്ക് (ഡോ. എം. ബീന) ഒരു കവർ കൈമാറുക മാത്രമാണ് ചെയ്തത്

കേന്ദ്ര അനുമതി ലഭിക്കുന്ന മുറയ്ക്ക് എത്രയും പെട്ടെന്ന് മൃഗശാല ആധുനിക വൽക്കരണ പ്രവർത്തനങ്ങൾ ആരംഭിക്കുമെന്നാണ് യോഗത്തിൽ മന്ത്രി അറിയിച്ചത്. കൈമാറിയ കവറിൽ ആവശ്യമായ രേഖകൾ ഉണ്ടായിരുന്നില്ല എന്ന ചർച്ചയും വിവാദവും ഉണ്ടായി. ദേവികുളം താലൂക്കിലെ ഭൂമി കൈമാറി കൊണ്ടുള്ള ഉത്തരവ് ഉണ്ടായത് 2008 ഓഗസ്റ്റ് നാലിനാണ്. കവർ കൈമാറ്റം നടന്ന് ഏഴുമാസം പിന്നിട്ട ശേഷം.

മൃഗശാല മാറ്റം: കേന്ദ്രാനുമതി കിട്ടിയാൽ മാർച്ചിനകം നടപടി: റവന്യൂ മന്ത്രി



തൃശൂർ മൃഗശാലക്കുള്ള ഭൂമി കൈമാറ്റ ചടങ്ങ് നിയമസഭാ സ്പീക്കർ കെ. രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു

തൃശൂർ: കേന്ദ്രാനുമതി ലഭിച്ചാൽ മാർച്ച് 31-നകം പുത്തൂരിലെ വനഭൂമിയിൽ മൃഗശാല മാറ്റി സ്ഥാപിക്കാൻ നടപടിയെടുക്കുമെന്ന് റവന്യൂ മന്ത്രി കെ.പി. രാജേന്ദ്രൻ പറഞ്ഞു. മൃഗശാല മാറ്റം ഘട്ടം ഘട്ടമായി പൂർത്തിയാക്കാനാണ് തീരുമാനം.

തൃശൂർ മൃഗശാലയുടെ ഭൂമി ദേവികുറ്റ ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സമ്മേളനം നിയമസഭാ സ്പീക്കർ കെ. രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു.

പുത്തൂരിലെ 207 ഏക്കർ വനഭൂമിയാണ് കൈമാറാൻ തീരുമാനിച്ചിട്ടുള്ളത്. ഇതിന് പകരമായി അത്രയും റവന്യൂ ഭൂമി വനം വകുപ്പിന് നൽകും. ദേവികുളം താലൂക്കിലാണ് ഈ ഭൂമി നൽകുന്നത്. ഇതിനാവശ്യമായ രേഖകൾ അദ്ദേഹം ജില്ലാ കലക്ടർ ഡോ. എ. ബീനക്ക് കൈമാറി. തൃശൂർ മൃഗശാല മാറ്റുന്ന ഭൂമിയിൽ സാംസ്കാരിക സമുച്ചയം നിർമിക്കും. ഇതിനായി ആലോചനാ യോഗം രണ്ടാഴ്ചക്കകം തിരുവനന്തപുരത്ത് നടക്കുമെന്ന് അദ്ദേഹം പറഞ്ഞു.

രാജാജി മാത്യു തോമസ് എം.എൽ.എ അധ്യക്ഷത വഹിച്ചു. എം പിമാരായ സി.കെ. ചന്ദ്രപ്പൻ, ജോസഫ് തത്തുവാൻ, പി. ആർ. രാജൻ, മേയർ ആർ. ബിന്ദു, എം.എൽ.എമാരായ വി. രവീന്ദ്രനാഥ്, ഗീതാഗോപി രാമകൃഷ്ണൻ, എ.കെ. ചന്ദ്രൻ, വി.എസ്. സുനിൽകുമാർ, മുരളി പെരുനെല്ലി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഗീതാ ഗോപിനാഥ് എന്നിവർ സംസാരിച്ചു. കലക്ടർ ഡോ. എ. ബീന സ്വാഗതവും ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം. രാജുനാഥ് നന്ദിയും പറഞ്ഞു.

ഭൂമി കൈമാറ്റത്തിൽ അവ്യക്തത

തൃശൂർ: ഇടുങ്ങിയ സ്ഥലത്തിൽ മൃഗങ്ങളുടെ 'സുഖവാസ'മായി മാറിയ തൃശൂർ മൃഗശാല പുത്തൂരിലേക്ക് മാറ്റുന്നതിനെ ചൊല്ലിയുള്ള ഭൂമി കൈമാറ്റ ചടങ്ങ് അവസാനിച്ചത് അവ്യക്തതകൾ ബാക്കിയാക്കി. 207 ഏക്കർ വനഭൂമി കൈമാറുമെന്നായിരുന്നു പ്രഖ്യാപനമെങ്കിലും വനഭൂമിയുടെ ഭൂമിശാസ്ത്രപരമായ വനം മന്ത്രിയോ മൃഗശാലയുടെ പുതിയക്കാര്യമായ സാങ്കേതിക മന്ത്രിയോ ചടങ്ങിൽ പങ്കെടുത്തില്ല. വനം വകുപ്പ്, മൃഗശാല ഉദ്യോഗസ്ഥരുടെ അസാന്നിധ്യവും ശ്രദ്ധിക്കപ്പെട്ടു.

മില്ലിഭാഗത്തായ കെ.പി. രാജേന്ദ്രൻ മാത്രമാണ് ചടങ്ങിൽ പങ്കെടുത്ത മന്ത്രി. വനഭൂമി മൃഗശാലക്ക് കൈമാറുന്ന ചടങ്ങ് നടന്നുവെങ്കിൽ, അതേസമയം വനഭൂമിയിൽ പകരം വനം വകുപ്പിന് നൽകുന്ന 207 ഏക്കർ റവന്യൂ ഭൂമിയുടെ കൈമാറ്റമാണ് മന്ത്രി പ്രഖ്യാപിച്ചത്. ദേവികുളം താലൂക്കിൽ ഭൂമി നൽകുമെന്ന് പ്രഖ്യാപിച്ചുകിലും എവിടെയാണ് ഭൂമിയെന്നോ ഇതുസംബന്ധിച്ച് നൽക്കാൻ ഉത്തരവ് പുറപ്പെടുവിച്ചതായോ മന്ത്രി പറഞ്ഞില്ല. ഫലത്തിൽ മൃഗശാല പുത്തൂരിലേക്ക് മാറ്റുന്നത് സംബന്ധിച്ച പ്രഖ്യാപന ചടങ്ങായിമാത്രമേ മാറി. വനഭൂമി കൈമാറുന്നത് സംബന്ധിച്ച് കേന്ദ്രാനുമതി ലഭിക്കേണ്ടതുണ്ട്. ഇതിന് റവന്യൂ മന്ത്രി തന്നെ പ്രഖ്യാപിച്ചതോടെ ഏതാണ് പ്രതീക്ഷകളോടെ സമീപത്തെ ഉന്നതിനിന്നിയ തമിഴ്നാടുകാരുടെ മൃഗശാല കാണിരിപ്പിന് ഇനിയും ദൈർഘ്യമേറുമെന്ന് വ്യക്തമായി. നൂറ്റാണ്ടിൽ നിന്ന് സമ്മേപത്തെ കിടങ്ങുണ്ടാക്കുന്നതിനും അതിനു കിടുന്ന മുറക്ക് സിമന്റ് വേലി കെട്ടി തിരിക്കാനുള്ള നടപടി തുടങ്ങുമെന്നുമായിരുന്നു പ്രഖ്യാപനം. സാംസ്കാരിക വകുപ്പ് മന്ത്രിയുടെ ഓഫീസ് സെക്രട്ടറി സന്ദർശിച്ച ഉന്നതിനിന്നുവെങ്കിലും മൃഗശാല വനം വകുപ്പ് അധികൃതരുടെയും അസാന്നിധ്യവും ശ്രദ്ധിക്കപ്പെട്ടു.



GENERAL DAILY, THRISSUR 2007 ഡിസംബർ 26 ബുധൻ

മൃഗശാല: ശാസ്ത്രീയ സമീപനം വേണം

തൃശൂർ: മൃഗശാല ആധുനികവൽക്കരണത്തിനായി നിയോഗിക്കപ്പെട്ട സ്പെഷൽ ഓഫീസറെ മറ്റു ചുമതലകളിൽ നിന്ന് ഒഴിവാക്കണമെന്നും വിദഗ്ധ സമിതിയെ നോക്കുകുത്തിയാക്കി മാറ്റരുതെന്നും 'ഫ്രണ്ട്സ് ഓഫ് തൃശൂർ സു' റവന്യൂ വകുപ്പ് മന്ത്രി കെ. പി. രാജേന്ദ്രനും സാംസ്കാരിക വകുപ്പ് മന്ത്രി എം.എ. ബേബിക്കും സമർപ്പിച്ച നിവേദനത്തിൽ ആവശ്യപ്പെട്ടു.

ഫ്രണ്ട്സ് ഓഫ് തൃശൂർ സു ഭാരവാഹിയും സർവ്വോദയമണ്ഡലം സംസ്ഥാന സെക്രട്ടറിയുമായ എം. പീതാംബരൻ, പ്രൊഫ. ജോൺ സിറിയക് എന്നിവരാണ് ഇത് സംബന്ധിച്ച നിവേദനം നൽകിയത്.

മൃഗശാല ആധുനികവൽക്കരണ പ്രവർത്തനങ്ങളുടെ സ്പെഷൽ ഓഫീസറായി ജിജി തോംസണെ ഒരു വർഷം മുമ്പ് നിയോഗിച്ചെങ്കിലും ഒരേ ഒരു തവണമാത്രമാണ് അദ്ദേഹത്തിന് പുത്തൂരിലെത്താൻ കഴിഞ്ഞത്. സ്പെഷൽ ഓഫീസറുടെ ഓഫീസ്, മന്ത്രിമാരുടെ സാന്നിധ്യത്തിൽ തൃശൂരിൽ ഉഴിഞ്ഞും ചെയ്യുന്ന സമയത്തുപോലും അദ്ദേഹത്തിന് ഹാജരാകാനായില്ലെന്ന് നിവേദനത്തിൽ ചൂണ്ടിക്കാട്ടി.

ആധുനികവൽക്കരണവുമായി ബന്ധപ്പെട്ട് ഒരു വിദഗ്ധ സമിതി മാസങ്ങൾക്ക് മുമ്പ് രൂപീകരിച്ചെങ്കിലും ഇതുവരെയും ഒരു യോഗം പോലും ചേർന്നിട്ടില്ല. പുതിയ മൃഗശാലയ്ക്കുള്ള പ്രോജക്ടും മാസ്റ്റർ പ്ലാനും തയ്യാറാക്കി അയച്ചിട്ടുണ്ട് എന്ന് മന്ത്രിമാർ പറയുന്നുണ്ടെങ്കിലും ഇതിനു വേണ്ടിയും ടെക്നിക്കൽ കമ്മിറ്റി ചേർന്നിട്ടില്ല. ഡൽഹിയിൽ നിന്ന് സെൻട്രൽ സൂ അതോറിറ്റിയുടെ ഫാക്കൽറ്റി അംഗം ബ്രിജേഷ് കിഷോർ ഗുപ്ത പുത്തൂർ സന്ദർശിച്ചപ്പോഴും സ്പെഷൽ ഓഫീസറോ വിദഗ്ധ സമിതി അംഗങ്ങളോ കൂടെ ഉണ്ടായിരുന്നില്ല. പല സമിതിക പ്രത്യാഘാതങ്ങൾ ഉണ്ടാകാത്ത വിധം ആധുനിക രീതിയിലുള്ള ഒരു മൃഗശാല രൂപീകൃതമാകണമെങ്കിൽ ഇതിനും അശാസ്ത്രീയമായ രീതിയിൽ കാര്യങ്ങളെ കൈകാര്യം ചെയ്യരുതെന്നാണ് നിവേദനത്തിൽ ആവശ്യപ്പെട്ടിരിക്കുന്നത്.

പുത്തൂരിൽ കൈമാറി കിട്ടിയ 307 ഏക്കർ സ്ഥലത്ത് ഉടൻ തന്നെ ചുറ്റുമതിൽ കെട്ടണമെന്നും തൃശൂരിൽ ഒഴിവാക്കുന്ന 18 ഏക്കർ സ്ഥലത്ത് ദേശീയ നിലവാരത്തിലുള്ള പൈതൃക കേന്ദ്രം (ഹെറിറ്റേജ് സെന്റർ) സ്ഥാപിക്കാനുള്ള നടപടികൾ ഉടൻ ആരംഭിക്കണമെന്നും നിവേദനത്തിൽ ചൂണ്ടിക്കാട്ടുന്നുണ്ട്.

മൃഗശാല: കമ്മിറ്റി യോഗം നടത്തിയിട്ടില്ലെന്ന് ഫ്രണ്ട്സ് ഓഫ് സൂ

തൃശൂർ പുത്തൂർ മൃഗശാലയ്ക്കായി നിയോഗിച്ച കമ്മിറ്റി ഒരു യോഗംപോലും ഇതുവരെ ചേർന്നിട്ടില്ലെന്ന് ഫ്രണ്ട്സ് ഓഫ് സൂ ഭാരവാഹികൾ പറഞ്ഞു.

ഇതിനു നിയോഗിച്ച സ്പെഷൽ ഓഫീസർ ഒരു തവണ മാത്രമാണ് ഇവിടെ എത്തിയത്. സെൻട്രൽ സൂ അതോറിറ്റി ഉദ്യോഗസ്ഥർ വന്നപ്പോൾപോലും അദ്ദേഹം എത്തിയില്ല. പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് തയാറാക്കിയപ്പോഴും പ്രകടനക്കുറിപ്പിലുൾപ്പെടെ അവർ ചൂണ്ടിക്കാട്ടി.

മൃഗശാല ഭൂമിക്കൈമാറ്റത്തിന്റെ പേരിൽ എംപിമാരും പഞ്ചായത്ത് പ്രസിഡന്റും ജനങ്ങളെ വിഡ്ഢികളാക്കിയെന്ന് എൻസിപി നിയോജക മണ്ഡലം കമ്മിറ്റി ആരോപിച്ചു.

വനംമന്ത്രി വിട്ടുകൊടുക്കാൻ സർക്കാരിന് അധികാരമില്ലെന്നിരിക്കെ എങ്ങനെയാണ് മുൻ കൈമാറിയതെന്ന് എൻസിപിമണ്ഡലം യോഗം ചോദിച്ചു.

മൃഗശാല വിദഗ്ധ സമിതിയെ നോക്കുകുത്തിയാക്കി മാറ്റരുത്

തൃശൂർ: മൃഗശാല ആധുനികവൽക്കരണത്തിനായി നിയോഗിക്കപ്പെട്ട സ്പെഷൽ ഓഫീസറെ മറ്റ് ചുമതലകളിൽ നിന്ന് ഒഴിവാക്കണമെന്ന് വിദഗ്ധ സമിതിയെ നോക്കുകുത്തിയാക്കി മാറ്റരുതെന്ന് ഫ്രണ്ട്സ് ഓഫ് തൃശൂർ സു. മന്ത്രിമാരായ കെ.പി രാജേന്ദ്രനും എം.എ ബേബിക്കും നൽകിയ നിവേദനത്തിൽ ആവശ്യപ്പെട്ടു. എം.പീതാംബരൻ, പ്രൊഫ.ജോൺ സിറിയക് എന്നിവരാണ് നിവേദനം നല്കിയത്. പുത്തൂരിൽ കൈമാറി കിട്ടിയ സ്ഥലത്ത് ഉടൻ ചുറ്റുമതിൽ കെട്ടണമെന്നും തൃശൂരിൽ ഒഴിവാക്കുന്ന 18 ഏക്കർ സ്ഥലത്ത് ദേശീയ നിലവാരത്തിലുള്ള പൈതൃക കേന്ദ്രം സ്ഥാപിക്കണമെന്നും ആവശ്യപ്പെട്ടു.

മൃഗശാല മാറ്റം: സ്പെഷൽ ഓഫീസറു

തൃശൂർ മൃഗശാല ആധുനിക വൽക്കരണ പ്രവർത്തനങ്ങൾക്ക് മുഴുവൻ സമയ നേതൃത്വം നൽകാൻ സാധിക്കുന്ന വിധം സ്പെഷൽ ഓഫീസറുടെ ഉത്തരവാദിത്തങ്ങൾ ക്രമീകരിക്കണമെന്നാവശ്യപ്പെട്ട് ഫ്രണ്ട്സ് ഓഫ് തൃശൂർ സു ഭാരവാഹികൾ നിവേദനം നൽകി.

തൃശൂർ മൃഗശാല പുത്തൂരിലേക്ക് മാറ്റി സ്ഥാപിക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനും തീരുമാനമായിട്ടുണ്ട്.

എന്നാൽ സ്പെഷൽ ഓഫീസറായി നിയമിതനായ ജിജി തോംസൺ ഐഎഫ്എസ് ഒരേ ഒരു തവണ മാത്രമാണ് തൃശൂരിലെത്തിയത്. ആധുനികവൽക്കരണവുമായി ബന്ധപ്പെട്ട് രൂപീകരിക്കപ്പെട്ട കമ്മിറ്റി യോഗങ്ങളിലും ഇക്കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിലും പൂർണമായും അദ്ദേഹം പരാജയപ്പെട്ടിരിക്കുകയാണെന്നും നിവേദനത്തിൽ പറയുന്നു.

പ്രോജക്ട് റിപ്പോർട്ടും മാസ്റ്റർ പ്ലാനും തയ്യാറാക്കുന്നതിന് പോലും ഒരു ചർച്ചയും നടന്നിട്ടില്ല. സെൻട്രൽ സൂ അതോറിറ്റിയിലെ ഉദ്യോഗസ്ഥനായ ബ്രജേഷ് കിഷോർ ഗുപ്ത പുത്തൂരിലെത്തിപ്പോഴും സ്പെഷൽ ഓഫീസറോ, സെൻട്രൽ സൂ കമ്മിറ്റിയിലെ മെമ്പറോ പോലുമോ അദ്ദേഹത്തിന്റെ കൂടെയുണ്ടായിരുന്നില്ല. കൈമാറിക്കിട്ടിയ 307 ഏക്കർ സ്ഥലത്ത് ഉടൻ ചുറ്റുമതിൽ കെട്ടി സംരക്ഷിക്കണമെന്നും ഒഴിവാക്കുന്ന 18 ഏക്കർ സ്ഥലത്ത് ദേശീയ നിലവാരത്തിലുള്ള പൈതൃക കേന്ദ്രം സ്ഥാപിക്കണമെന്നും നിവേദനത്തിൽ ആവശ്യപ്പെടുന്നു.

സാമൂഹ്യ - പരിസ്ഥിതി മേഖലയിലും മൃഗസംരക്ഷണ മേഖലയിലും പ്രവർത്തന പരിചയവും അനുഭവ സമ്പത്തും ഉള്ളവരുടെ സമിതിയും ഒരു വർഷത്തിനകമായി മൃഗശാല ആധുനികവൽക്കരണത്തിന്റെ അന്തിമരൂപം അധികാരികളെ നിരന്തരമായി ബോധ്യപ്പെടുത്തി കൊണ്ടിരിക്കുന്ന 'ഫ്രണ്ട്സ് ഓഫ് തൃശൂർ സു'വിന്റെ യോഗം ഒന്നുമാത്രമായിരുന്നുവെന്നും നിവേദനത്തിൽ പറയുന്നു. സാധ്യതകളെ ഉപയോഗപ്പെടുത്താൻ വേണ്ടിയുള്ള പ്രവർത്തനങ്ങൾക്കായി ഒരു സ്പെഷൽ ഓഫീസറുടെ നേതൃത്വത്തിൽ സമിതി പ്രവർത്തനമാരംഭിക്കേണ്ടതുള്ള സമിതി രൂപീകരിച്ച് ജനപങ്കാളിത്തത്തോടെ, സുതാര്യമായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കണമെന്നും പരിസ്ഥിതി സംരക്ഷണവും സമ്പത്തിക വികസനവും സാധ്യമാക്കണമെന്നും നിവേദനത്തിൽ ആവശ്യപ്പെടുന്നു.

തൃശൂരിലെ 18 ഏക്കർ സ്ഥലത്ത് നിലവിലുള്ള

ബദൽ ഭൂമി വനവത്കരണത്തിന് 10 കോടി

മൃഗശാലമാറ്റം ഒരുവർഷത്തിനകം

തൃശ്ശൂർ: തൃശ്ശൂർ മൃഗശാല ഒരുവർഷത്തിനുള്ളിൽ പുത്തൂരിലേക്ക് മാറ്റി സ്ഥാപിക്കുമെന്ന് മന്ത്രി കെ.പി. രാജേന്ദ്രൻ അറിയിച്ചു. മൃഗശാലമാറ്റം സംബന്ധിച്ച ഉന്നതാധികാരയോഗത്തിനുശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം. പുത്തൂരിലെ വനഭൂമിക്കു പകരം റവന്യൂഭൂമി വിട്ടുകൊടുക്കാനുള്ള നടപടി മാർച്ചിൽ പൂർത്തിയാക്കും. ഇടുക്കി ജില്ലയിലെ ദേവികുളത്തിനടുത്തുള്ള സ്ഥലമാണ് വനംവകുപ്പിന് കൈമാറാൻ ഉദ്ദേശിക്കുന്നത്.

പുത്തൂരിലെ 307 ഏക്കർ സ്ഥലത്തിന് പകരം ഇരട്ടിസ്ഥലം വനംവകുപ്പിന് കൈമാറും. വനവത്കരണത്തിനായി 10 കോടിയോളം രൂപ ബജറ്റിൽ വകയിരുത്തുമെന്നും മന്ത്രി അറിയിച്ചു. ഇപ്പോഴത്തെ മൃഗശാല സാംസ്കാരികകേന്ദ്രമാക്കി മാറ്റാനാണ് ആലോചിക്കുന്നതെന്ന് മന്ത്രി പറഞ്ഞു.



വലിയ വായിൽ ഒരു നിവേദനം: തൃശ്ശൂർ മൃഗശാല പുത്തൂരിലേക്ക് മാറ്റുന്നതുമായി ബന്ധപ്പെട്ട് മന്ത്രി കെ. പി. രാജേന്ദ്രന്റെ നേതൃത്വത്തിലുള്ള ഉന്നതതലസംഘം മൃഗശാല സന്ദർശിച്ചപ്പോൾ

മൃഗശാലമാറ്റത്തിന് കേന്ദ്ര സർക്കാരിൽനിന്നുള്ള അനുമതി നേടിയെടുക്കുന്നതിനാണ് മുൻഗണന നൽകുന്നതെന്ന് സ്പെഷൽ ഓഫീസർ ജിജി തോംസൺ പറഞ്ഞു. ചർച്ചയിൽ സി.കെ. രാഘവൻ എം.പി., രാജാജി മാത്യു തോമസ് എം.എൽ.എ., എ.ഡി.എം. പി.എ. ഫ്രാൻസിസ് തുടങ്ങിയവർ പങ്കെടുത്തു.

സംഘം മൃഗശാലയും പുത്തൂരിലെ നിർദിഷ്ടസ്ഥലവും സന്ദർശിച്ചു.

പുത്തൂരിലെ സ്ഥലത്തിനു ചുറ്റുള്ള മണ്ണെടുപ്പ് ഉടനെ നിർത്തണമെന്ന് സംഘം ആവശ്യപ്പെട്ടു. ഇതിന് ആർ.ഡി.ഒ.യ്ക്ക് നിർദ്ദേശം നല്കി.

Easy
Personal
Loan
Contact :
93870 87700,
0487 - 3257700

മാതൃഭൂമി 30-1-2007

സ്പെഷൽ ഓഫീസറെ നിയമിച്ചു

മൃഗശാല മാറ്റം യാഥാർഥ്യമാകുന്നു

ഒല്ലൂർ: മൃഗശാല പുത്തൂരിലേക്കുള്ള മാറ്റം യാഥാർഥ്യമാകുന്നു. ഇതിന്റെ ആദ്യ നടപടിയെന്ന നിലയിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള സ്പെഷൽ ഓഫീസറെ നിയമിച്ച് സർക്കാർ ഉത്തരവിറക്കി. ഗവ. പ്രിൻസിപ്പൽ സെക്രട്ടറി ജിജി തോംസണെയാണ് ആഫീസറായി നിയമിച്ചിട്ടുള്ളത്.

പുത്തൂരിലെ 312 ഏക്കർ വനഭൂമിയാണ് മൃഗശാലക്കായി ഏറ്റെടുക്കുന്നത്. ഇവിടെ ലോകോത്തര നിലവാരമുള്ള മൃഗശാല നിർമിക്കാനാണ് പദ്ധതി. മൃഗങ്ങളെ തുറന്നുവിടുള്ള പ്രകൃതിദത്തമായ വിധത്തിലാണ് മൃഗശാല നിർമിക്കുന്നത്. ഇതിന്റെ ആദ്യപടിയെന്ന നിലയിൽ ഭൂമി ഏറ്റെടുത്ത് സാംസ്കാരിക വകുപ്പിന് കൈമാറും. വനം വകുപ്പിന് പകരം ഭൂമി എന്ന നിലയിൽ ഇടുക്കി ജില്ലയിൽ നൽകാനും വനം വെച്ചുപിടിപ്പിക്കാൻ പത്തു കോടി രൂപയും നൽകും. ഈ നടപടികൾ മാർച്ച് 31നകം പൂർത്തീകരിക്കും. 2008 മാർച്ചോടെ മൃഗശാല മാറ്റം പൂർണമാക്കാനും ലക്ഷ്യമുണ്ട്.

രാജഭരണകാലത്ത് 1885ലാണ് മൃഗശാല ആരംഭിച്ചത്. നഗരത്തിരക്കിനിടയിൽ പരിമിതമായ സ്ഥലത്ത് പ്രവർത്തിക്കുന്ന മൃഗശായ മാറ്റിസ്ഥാപിക്കണമെന്ന ആവശ്യത്തിന് വർഷങ്ങളുടെ പഴക്കമുണ്ട്. 90കളിൽ വേൾഡ് സൂ കോൺസർവേഷൻ സ്ട്രാറ്റജി മൃഗശാലകൾക്ക് മാർഗരേഖ പുറത്തിറക്കി. ഇന്ത്യൻ സെഡ്രൽ സൂ അതോറിറ്റി രേഖ അംഗീകരിച്ചു. ഈ മാർഗരേഖപ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കാത്തത് മൂലം 1992 മുതൽ കേന്ദ്ര ഗ്രാന്റ് നിലച്ചു. മറ്റു മൃഗശാലകളിൽ നിന്ന് മൃഗങ്ങളെ കൊണ്ടുവരാൻ കഴിയാത്ത സ്ഥിതിയുമായി. ഇതോടെ മൃഗശാല മാറ്റം അനിവാര്യമായി.

1995 ൽ അന്നത്തെ കളക്ടർ ചെയർമാനായി 'ഫ്രണ്ട്സ് ഓഫ് ട്രിച്ചൂർ സൂ' എന്ന ജനകീയ സമിതി രൂപീകരിച്ച് ചില ശ്രമങ്ങൾ നടത്തി. മൃഗശാല പുത്തൂരിലേക്ക് മാറ്റുന്നതിനായി ജനകീയ സർവെ നടത്തുകയും ചെയ്തു. എന്നാൽ പിന്നീട് അധികൃതരുടെ ഭാഗത്തു നിന്നും യാതൊരു നടപടിയും ഉണ്ടായില്ല.

പുതുതായി എൽ ഡി എഫ് സർക്കാർ അധികാരത്തിൽ വന്നതോടെ മൃഗശാല മാറ്റം ഗൗരവമായി ചർച്ച ചെയ്തു. രാജാജി മാത്യു തോമസ് എംഎൽഎയുടെ ഗൗരവതരമായ ഇടപെടൽ വന്നതോടെ പദ്ധതി യാഥാർഥ്യമാവുകയാണ്.

കേന്ദ്ര സർക്കാരിൽ നിന്നുള്ള ഫണ്ടാണ് മുഖ്യമായും മൃഗശാല മാറ്റത്തിന് ലഭ്യമാകുന്നത്. നൂറു കോടി രൂപ ചെലവ് വരുന്ന പദ്ധതി പൂർത്തിയാകുന്നതോടെ പുത്തൂരിൽ വൻ വികസന സാധ്യതയാണ് രൂപം കൊള്ളുന്നത്. മൈസൂരിനും തിരുവനന്തപുരത്തിനും മധ്യേയുള്ള പ്രധാന ടൂറിസ്റ്റ് കേന്ദ്രമായി മൃഗശാല മാറും. പീച്ചി ഡാം, ചിമ്മിനി ഡാം എന്നിവയെ ബന്ധിപ്പിച്ചാൽ വൻ ടൂറിസം സാധ്യതയും തെളിയുകയാണ്.



പുത്തൂർ മൃഗശാലക്കായി ഏറ്റെടുത്ത വനപ്രദേശം (തോണിപ്പാറ കുന്നിൻ മുകളിൽനിന്നുള്ള ദൃശ്യം)

കേരളകൗമുദി 10-1-2007

മൃഗശാല ഒരു വർഷത്തിനകം പുത്തൂരിലേക്ക് മാറ്റും: മന്ത്രി



പുത്തൂരിലേക്ക് മാറ്റുന്ന തൃശൂർ മൃഗശാലയുടെ സ്ഥലം മന്ത്രി കെ പി രാജേന്ദ്രൻ സന്ദർശിക്കുന്നു

സ്വന്തം ലേഖകൻ

തൃശൂർ: തൃശൂരിലെ മൃഗശാല ഒരുവർഷത്തിനകം പുത്തൂരിലേക്ക് മാറ്റുമെന്ന് മന്ത്രി കെ പി രാജേന്ദ്രൻ വാർത്താസമ്മേളനത്തിൽ പറഞ്ഞു. മൃഗശാലയ്ക്കായി പുത്തൂരിലെ വനഭൂമി ഏറ്റെടുക്കുന്നതിനുപകരം വനംവകുപ്പിന് റവന്യൂവകുപ്പ് താലൂക്കിലെ 307 ഏക്കർ ഭൂമി വിട്ടുകൊടുക്കുമെന്നും മന്ത്രി പറഞ്ഞു.

ഭൂമി കൈമാറുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരികയാണ്. മാർച്ച് 31നകം ഇതു പൂർത്തിയാകും. ഇതുമായി ബന്ധപ്പെട്ട് കേന്ദ്രത്തിൽ കെട്ടിവെക്കേണ്ട പത്തുകോടി രൂപ അടുത്തവർഷത്തെ ബജറ്റിൽ വകയിരുത്തും. കേന്ദ്രത്തിന്റെ അനുമതി വാങ്ങുകയാണ് ആദ്യമായി ചെയ്യേണ്ടത്. ഇതിന് നേരത്തേ അപേക്ഷ നൽകിയിട്ടുണ്ട്. പുതിയത് നൽകണമെങ്കിൽ അക്കാര്യവും പരിശോധിക്കും. മൃഗശാലാ കൈമാറ്റം സംബന്ധിച്ച് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ ജിജി തോംസണെ സ്പെഷൽ ആപ്പീസറായി നിയമിച്ചിട്ടുണ്ട്.

അഞ്ചുവർഷംകൊണ്ട് പുത്തൂരിൽ വിപുലമായ മൃഗശാല സ്ഥാപിക്കുകയാണ് ലക്ഷ്യം. ഇതിനാവശ്യമായ ഫണ്ട് വിവിധ കേന്ദ്രങ്ങളിൽനിന്ന് ലഭ്യമാക്കാൻ കഴിയും.

നഗരത്തിൽനിന്നും മൃഗശാല മാറ്റുമ്പോൾ ഒഴിവുവരുന്ന നിലവിലുള്ള മൃഗശാലാവളപ്പിലെ 8 സെന്ത് ഏക്കറോളം ഭൂമി കുട്ടികളുടെ പാർക്ക് അടക്കമുള്ള സാംസ്കാരികകേന്ദ്രമാക്കി മാറ്റാനാണുദ്ദേശിക്കുന്നതെന്ന് മന്ത്രി പറഞ്ഞു. ന്യൂ ദില്ലിയിലെ ബാലഭവൻ മാതൃകയിൽ ഉദ്യാനം സ്ഥാപിക്കുന്നതിനെപ്പറ്റിയും ആലോചിക്കും.

മൃഗശാലാമാറ്റത്തെപ്പറ്റി രാവിലെ രാമനിലയത്തിൽ വനം-മൃഗസംരക്ഷണ റവന്യൂ ഉദ്യോഗസ്ഥരും ജനപ്രതിനിധികളുമായി മന്ത്രി ചർച്ചനടത്തി. സി കെ പദ്മനാഭൻ എംപി, രാജാജി മാത്യു തോമസ് എംഎൽഎ, സ്പെഷൽ ആപ്പീസർ ജിജി തോംസൺ, എഡിഎം പി എം ഫ്രാൻസിസ്, ഡെപ്യൂട്ടി കലക്ടർ മേരിക്കുട്ടി, മൃഗശാലാ ആശുപത്രി വെറ്ററിനറി സർജൻ ഡോ. ഗിരിദാസ് തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു.

പിന്നീട് മന്ത്രിയും ജനപ്രതിനിധികളും ഉദ്യോഗസ്ഥരും പുത്തൂരിലെ നിർദിഷ്ട മൃഗശാലാകേന്ദ്രവും നഗരത്തിലെ മൃഗശാലയും സന്ദർശിച്ചു.

എക്സ്പ്രസ്

മൃഗശാല മാറ്റം സമയബന്ധിതമാക്കണം

ഒരുപാട് മന്ത്രിമാരെ കണ്ടിട്ടുള്ളതുകൊണ്ടാവണം അവരെന്തു പറഞ്ഞാലും ജനത്തിന് പുഛമാണ്. മിമിക്രി വിദ്വാന്മാർക്ക് അവതരിപ്പിക്കാനുള്ള മോഡലുകളാക്കി അവരെ പരുവപ്പെടുത്തിയിരിക്കുകയാണ്. പക്ഷെ മന്ത്രി ടി.എം.ജേക്കബ് കഴിഞ്ഞ ദിവസം പഞ്ഞൊരു കാര്യം തൃശൂരിന് അമൃതവർഷംപോലെയായി. തൃശൂർ മൃഗശാല പുത്തൂരിലേക്കു മാറ്റുവാൻ കേന്ദ്രവനം പരിസ്ഥിതി വകുപ്പുകളുടെ അനുമതി കിട്ടിയെന്നും ഒരു വർഷം കൊണ്ട് മൃഗശാലാമാറ്റം നടക്കുമെന്നുമാണ് മന്ത്രി പറഞ്ഞത്. ഒരു വ്യാഴവട്ടത്തിലേറെയായി ഇത്തരമൊരു സദ്വാർത്തക്കുവേണ്ടി ഈ നഗരം കാതോർക്കുകയായിരുന്നു. മന്ത്രി ജേക്കബിന്റെ പ്രസ്താവന യാഥാർത്ഥ്യമാക്കേണ്ടത് തൃശൂരിന്റേയും കേരളത്തിന്റെ തന്നെയും വികസന സ്വപ്നങ്ങൾക്ക് നിർണ്ണായകമാണ്.

ഒന്നര നൂറ്റാണ്ടിലേറെ പഴക്കമുള്ളതാണ് തൃശൂർ മൃഗശാല. നഗരമധ്യത്തിൽ ചെമ്പുക്കാവിൽ കഷ്ടിച്ച് പതിനഞ്ച് ഏക്കർ സ്ഥലത്ത് തുരുമ്പെടുത്ത് ദ്രവിച്ച തടവറകളിലെ കൂറെ മൃഗങ്ങളും പക്ഷികളുമാണ് തൃശൂർ മൃഗശാല. എല്ലും തോലുമായവയാണ് അധികവും. മൃഗശാലയുടെ മുന്നു ചുറ്റിനും മധ്യത്തിൽ മൃഗശാലയേയും മ്യൂസിയത്തേയും നടുവെ വകഞ്ഞുകൊണ്ടും ധാരാളം വാഹനഗതാഗതമുള്ള റോഡുകളാണ്. അവയുടെ ശബ്ദമോലിന്യവും അന്തരീക്ഷമലിനീകരണവും ഈ പക്ഷിമൃഗാദികളെ വീർപ്പുമുട്ടിക്കുന്നുമുണ്ട്. അവയെ സ്നേഹിക്കുന്നവർ വിളിച്ചുകൂകാൻ തുടങ്ങിയത് 1990ലാണ്. അതിനെതുടർന്നാണ് മൃഗശാല പീച്ചി വനത്തിലേക്ക് മാറ്റണമെന്ന നിർദ്ദേശം ഉയർന്നുവന്നത്. മൃഗഹിംസനം കണ്ടു മടുത്തിട്ടാണ് തൃശൂർ മൃഗശാല അടച്ചുപൂട്ടണമെന്ന് സെൻട്രൽ സൂ അതോറിറ്റിതന്നെ നിർദ്ദേശിച്ചത്!

എന്നാൽ നഗരത്തിന്റെ കുടിവെള്ള സ്രോതസ്സ് പീച്ചി ആയതുകൊണ്ടും നിബിഡവന നശീകരണത്തിന് സാധ്യതയേറുന്നതുകൊണ്ടും വളരെ പെട്ടെന്നുതന്നെ ആ ആശയം തിരസ്കൃതമായി. പിന്നെ 1992 ലാണ് പുത്തൂരിലേക്ക് മൃഗശാല മാറ്റണമെന്ന ആശയമുയർന്നത്. 'ഫ്രണ്ട്സ് ഓഫ് തൃശൂർ സൂ' പോലുള്ള സന്നദ്ധസംഘടനകൾ ക്രമേണ രംഗത്തിറങ്ങുകയും 1996-97 കാലത്ത് ഏതാണ്ട് അരലക്ഷം രൂപ മുടക്കി പുത്തൂർ പഞ്ചായത്തുമായി സഹകരിച്ച് തൃശൂർ എഞ്ചിനീയറിംഗ് കോളേജ് സിവിൽ വിഭാഗത്തെ പങ്കെടുപ്പിച്ച് അവർ നിർദ്ദിഷ്ടസ്ഥലത്തിന്റെ വിശദമായ കോണ്ടൂർ സർവ്വെയും പരിസരത്തെ സാമൂഹ്യ-സാമ്പത്തിക സർവ്വെയും നടത്തുകയുണ്ടായി. (സർവ്വെ ജോലിക്കെത്തിയ എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥികളേയും സാമൂഹ്യപ്രവർത്തകരേയും പ്രസ്തുത ഘട്ടത്തിൽത്തന്നെ നാട്ടുകാർ തടഞ്ഞു. ഒടുവിൽ കളക്ടർ രാജീവ് സദാനന്ദന്റെ കർശന നിലപാട് മൂലം വനംവകുപ്പ് നിലപാടിൽ അയവുവരുത്തുകയായിരുന്നു.)

മനോഹരമായൊരു കുന്നാണ് പുത്തൂരിലെ നിർദ്ദിഷ്ട സ്ഥലം. വനവിഭവം എന്നു പറയാവുന്നതൊന്നുമില്ല. നട്ടുപിടിപ്പിച്ച ഇല്ലിക്കാടുകളും കശുമാവിൻ തൈകളുമാണ് സ്ഥലത്തുള്ളത്. ചുറ്റും വീടുകളും, തൃശൂർ നഗരത്തിൽ നിന്ന് പത്തൊണ്ടു കിലോമീറ്റർ മാത്രം ദൂരമുള്ള ഇവിടെ വികസനത്തിന് ധാരാളം സാധ്യതകളുണ്ട്. കുടികിടപ്പുകളെ ഒന്നും ബാധിക്കാത്ത തരത്തിൽ 125 ഹെക്ടർ സ്ഥലം ലഭ്യമാണ്. കുന്നുകളും തടാകങ്ങളും നീർച്ചാലുകളുംകൊണ്ട് പ്രകൃതി പുത്തൂരിനെ പുതപ്പിച്ച് പച്ചലേസ്പോലെ സുന്ദരം. അല്പം ഭാവനയും ധീരമായ കാൽവെപ്പും ഉണ്ടായാൽ കേരളത്തിൽ കാണാൻ കൊതിക്കുന്ന

വെള്ളിക്കുറിഷ്

പ്രൊഫ.ജോൺ സിറിയക്

ഏറ്റവും മനോഹര സങ്കേതമാക്കി പുതിയ മൃഗശാലയേയും പുത്തൂർ ഗ്രാമത്തേയും വളർത്തിയെടുക്കാം.

പുത്തൂരിൽ 'ഓപ്പൺ സൂ' ആണ് വിഭാവനം ചെയ്യുന്നത്. അതായത് മൃഗങ്ങൾ അവയുടെ സ്വാഭാവിക സങ്കേതങ്ങളിൽ വളരുന്നു. അതുകൊണ്ടുതന്നെ കൂറ്റൻ ചെടികൾപോലും അധികമൊന്നും വെട്ടിക്കളയേണ്ടിവരില്ല. രണ്ട് തടാകങ്ങൾക്കുള്ള സാധ്യതയുണ്ട്. ചെറിയ ചെക് ഡാമുകൾ കെട്ടി മഴവെള്ളം സംഭരിക്കുകയും പീച്ചി ഡാമിൽനിന്നുള്ള കനാൽ കാര്യക്ഷമമാക്കുകയും ചെയ്താൽ ജലക്ഷാമമേ ഉണ്ടാവില്ലെന്നു മാത്രമല്ല പരിസരപ്രദേശങ്ങളിലെ ജലനിരപ്പ് ഉയരുകയും ചെയ്യും. ഈ തടാകങ്ങളിൽ ഒന്ന് ബോട്ടിംഗിന് ഉപയോഗിക്കാവുന്നതാണ്. അതുപോലെ കുന്നുകളെ ബന്ധിച്ചു കൊണ്ടുള്ള റോപ്പ് വേ സംവിധാനം മൃഗങ്ങളുടെയും പ്രകൃതിയുടെയും മനോഹരമായ ആകാശക്കാഴ്ചക്ക് സൗകര്യമൊരുക്കും. താഴ്വരയിൽ മൃഗങ്ങൾക്കൊട്ടും ശബ്ദശല്യമുണ്ടാവാത്ത വിധത്തിൽ ഒരു അമ്യൂസ്മെന്റ് പാർക്കും സംവിധാനം ചെയ്യാവുന്നതാണ്.

പ്രതിവർഷം ഒമ്പതു ലക്ഷത്തോളം പേർ, പ്രത്യേകിച്ച് ഒരാകർഷകതയുമില്ലാത്ത തൃശൂർ മൃഗശാലകാണാനെത്താറുണ്ട്. പുത്തൂരിൽ ആധുനിക സംവിധാനങ്ങളുണ്ടാവുമ്പോൾ സന്ദർശക സംഖ്യ ഇരുപത്തിയഞ്ചു ലക്ഷമെങ്കിലുമാകും. ഒരു ഗ്രാമത്തിന്റെ വികസനത്തിന് ഈ 'ഡൊമസ്റ്റിക് ടൂറിസം' ചെയ്യുന്ന സംഭാവന വളരെ വലുതായിരിക്കും. ആയിരക്കണക്കിനാളുകൾക്ക് സ്വയം തൊഴിൽ കണ്ടെത്താം. കാർഷിക മേഖലയായ പുത്തൂർ ഗ്രാമം ജൈവകൃഷിയിലുന്നി കൃഷിവികസിപ്പിക്കുകയാണെങ്കിൽ വൻ കുതിച്ചു ചാട്ടത്തിനും ഈ പദ്ധതി സഹായകമാകും. പരിസരങ്ങളിലെ ഇഷ്ടികകളങ്ങൾ പോലും ജലവിനോദ കേന്ദ്രങ്ങളായി വളരാനുള്ള സാധ്യത ധാരാളമുണ്ട്.

മൃഗസ്നേഹികളെ സംബന്ധിച്ചിടത്തോളം പുത്തൂർ ഒരു പറുദീസയാവാൻ പോവുകയാണ്. വന്യമൃഗസംരക്ഷണം, പ്രജനനം പ്രകൃതി സംരക്ഷണം, പക്ഷിനിരീക്ഷണം തുടങ്ങിയ ശാസ്ത്ര ധർമ്മങ്ങൾ വിരിയാൻ ഇടം ഇവിടെ ധാരാളമുള്ളതുകൊണ്ട് ദക്ഷിണേന്ത്യയുടെ നാനാഭാഗങ്ങളിൽ നിന്നും പഠന സംഘങ്ങൾ കൗതുകപൂർവ്വം ഇവിടെ എത്തും എന്നതിന് സംശയമില്ല.

ഇതൊരു ദിവാസ്വപ്നമല്ല. കാഴ്ചപ്പാടും കർമ്മശേഷിയും ഉണ്ടായാൽ യാഥാർത്ഥ്യമാക്കാവുന്നതേയുള്ളൂ. മൃഗശാല മാറ്റത്തിന് പകുതി ചിലവ് കേന്ദ്ര സർക്കാർ വഹിക്കും. ഗവേഷണ പരിവേഷങ്ങൾക്ക് സമീപിക്കാവുന്ന നിരവധി സർക്കാർ വകുപ്പുകൾ വേറെയുണ്ട്. അന്താരാഷ്ട്രീയ ഫണ്ടിംഗിനു സാധ്യത ധാരാളം. കുടാതെ ഇന്ത്യൻ കമ്പനികളെ ഇങ്ങോട്ടാകർഷിക്കുകയും, ഭാഗികമായ സ്വകാര്യവത്ക്കരണത്തിലൂടെ ഇന്ത്യൻ മൂലധനം ലഭ്യമാക്കുകയും ചെയ്യാനുള്ള സാധ്യതയും ധാരാളം. നമ്മുടെ പ്രവാസികൾക്കും ഈ പദ്ധതിയിൽ താൽപര്യമുണ്ടാക്കാവുന്നതാണ്.

സർക്കാർ ആദ്യം ചെയ്യേണ്ടത് ഒരു സ്പെഷ്യൽ ഓഫീസറെ നിയമിക്കുക എന്നതാണ്. അതോടൊപ്പം ഈ രംഗത്ത് പ്രവർത്തിക്കുന്നവരെയും വിദഗ്ധരെയും ഉൾപ്പെടുത്തി ഒരു പ്രാദേശിക സമിതിക്കുരൂപം നൽകി സമയബന്ധിതമായി കാര്യങ്ങൾ നിശ്ചയിക്കണം. വസ്തുനിഷ്ഠമായ ഒരു ആക്ഷൻ പ്ലാനും, കാട്ടാനകുത്തിയാലും ഉലയാത്ത നിശ്ചയദാർഢ്യവുമാണ്. തൃശൂർ മൃഗശാല പുത്തൂരിലേക്ക് മാറ്റി സ്ഥാപിക്കാൻ നമുക്കാവശ്യം. ആർ പാരവെച്ചാലും എതിക്കാത്ത തരത്തിലുള്ള നിലപാട് സർക്കാർ കൈക്കൊള്ളുകയും വേണം.



GENERAL DAILY, THRISSUR 2007 ഡിസംബർ 26 ബുധൻ

മൃഗശാല: ശാസ്ത്രീയ സമീപനം വേണം

മൃഗശാല: കമ്മിറ്റി യോഗം നടത്തിയിട്ടില്ലെന്ന് ഫ്രണ്ട്സ് ഓഫ് സൂ

മൃഗശാല മാറ്റം: സ്പെഷൽ ഓഫീസറു



27-12-2007

മൃഗശാല കൈമാറ്റ ചടങ്ങ് പ്രഹസനം; ജനത്തെ വിഡ്ഢികളാക്കി

സ്പെഷൽ ഓഫീസറെ മറ്റു ചുമതലകളിൽ നിന്ന് ഒഴിവാക്കണമെന്ന് ആവശ്യം

വലഞ്ഞ് വിദഗ്ദസമിതി

മൃഗശാല ആധുനിക വൽക്കരണത്തിന് ആവശ്യമായ സാങ്കേതിക സഹായം നൽകുന്നതിന് ഒരു വിദഗ്ദസമിതി രൂപീകരിച്ചിരുന്നു. എങ്കിലും പ്രസ്തുത സമിതിക്ക് കാര്യമായി പ്രവർത്തിക്കാൻ സാധിച്ചില്ല. 2007 ഡിസംബർ 25ന് പുത്തൂരിൽ പ്രഖ്യാപന സമ്മേളനവും രേഖ കൈമാറ്റ സമ്മേളനവും നടന്നെങ്കിലും വനംവകുപ്പിന്റെ പക്കലുള്ള നിർദ്ദിഷ്ട ഭൂമിയിൽ ഡിജിറ്റൽ സർവ്വേ അടക്കമുള്ള പഠനങ്ങൾ നടത്താൻ വിദഗ്ദ സമിതിക്ക് അനുവാദം ലഭിച്ചില്ല.

ആധുനികവൽക്കരണ പ്രവർത്തനങ്ങൾക്കായി നിയോഗിച്ച സ്പെഷ്യൽ ഓഫീസർ ക്ക് നിരവധി ചുമതലകൾ ഉണ്ടായിരുന്നതുകൊണ്ട് ഇക്കാര്യത്തിൽ കാര്യമായി ശ്രദ്ധിക്കാൻ സാധിച്ചതുമില്ല. ഇടക്കാലത്ത് വെച്ച് അദ്ദേഹം സംസ്ഥാനത്തു നിന്ന് മാറി മറ്റ് ഔദ്യോഗിക ചുമതല നിർവഹിക്കാൻ പോവുകയും ചെയ്തു. 2008 മാർച്ച് മാസം ഒമ്പതാം തീയതി ചേർന്ന് ഫ്രണ്ട്സ് ഓഫ് സൂ യോഗം ഇക്കാര്യങ്ങൾ വിലയിരുത്തുകയും പ്രശ്നപരിഹാരത്തിന് ഗവൺമെന്റിന്റെ ശ്രദ്ധ ക്ഷണിക്കുകയും ചെയ്തു.

തനതു വർഷത്തെ ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ മൃഗശാല ആധുനിക വൽക്കരണത്തിന് പ്രത്യേകം ഫണ്ട് ഉൾപ്പെടുത്തണമെന്നും യോഗം തീരുമാന പ്രകാരം ബന്ധപ്പെട്ട മന്ത്രിമാർക്ക് അഭ്യർത്ഥന കത്തുകൾ നൽകി. മൃഗശാല യുടെ സ്ഥലം സംബന്ധിച്ച കാര്യത്തിൽ അനിശ്ചിതത്വം ഒഴിവാക്കണമെന്നും ഫ്രണ്ട്സ് ഓഫ് സൂ അഭ്യർത്ഥിച്ചു.

ശില്പശാല

മൃഗശാല ആധുനിക വൽക്കരണം സംബന്ധിച്ച കാര്യത്തിലേക്ക് സാമൂഹ്യ സമ്മർദ്ദം ശക്തമാക്കുന്നതിന്റെ ഭാഗമായി 2008 മാർച്ച് ഇരുപതാം തീയതി തൃശ്ശൂർ സാഹിത്യ അക്കാദമി വൈലോപ്പിള്ളി ഹാളിൽ ഒരു ശില്പശാല സംഘടിപ്പിച്ചു.

'മൃഗശാലാമാറ്റം പ്രശ്നങ്ങളും പ്രതിവിധികളും' എന്ന വിഷയത്തെ ആസ്പദമാക്കിയാണ് ശില്പശാല നടത്തിയത്. അഡ്വ. തേറമ്പിൽ രാമകൃഷ്ണൻ എം.എൽ.എ. ശില്പശാല ഉദ്ഘാടനം ചെയ്തു. രാജാജി മാത്യു തോമസ് എം.എൽ.എ മുഖ്യപ്രഭാഷണം നടത്തി. പുത്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് എം. രഘുനാഥ് ആശംസ അർപ്പിച്ചു. ആധുനിക മൃഗശാല സങ്കൽപം എന്ന വിഷയത്തെ ആസ്പദമാക്കി ഡോ. ജേക്കബ് ചീരൻ, വനനിയമങ്ങളും വകുപ്പും എന്ന വിഷയത്തെ ആസ്പദമാക്കി റിട്ടയേർഡ്

ഡെപ്യൂട്ടി കൺസർവേറ്റർ എം.ഐ. വർഗീസ്, സാമ്പത്തിക സമാഹരണത്തിന് പങ്കാളിത്തം എന്ന വിഷയത്തെ ആസ്പദമാക്കി ചേമ്പർ ഓഫ് കോമേഴ്സ് പ്രസിഡൻറ് ടി. എസ്. അനന്തരാമൻ, ആധുനിക മൃഗശാല ഭരണസംവിധാനം എന്ന വിഷയത്തെ ആസ്പദമാക്കി മുൻ പി.എസ്.സി അംഗവും മുൻ ഗവൺമെൻറ് അസിസ്റ്റൻറ് സെക്രട്ടറിയുമായ അഡ്വ. എൻ. കെ. ഗംഗാധരൻ പ്രാദേശിക സാമ്പത്തിക വികസന സാധ്യതകൾ എന്ന വിഷയത്തെ ആസ്പദ മാക്കി സർവോദയ മണ്ഡലം സെക്രട്ടറിയും ഫ്രൻഡ്സ് ഓഫ് സൂ സെക്രട്ടറി യുമായ എം. പീതാംബരൻ എന്നിവർ പ്രബന്ധങ്ങളവതരിപ്പിച്ചു.

പ്രൊഫ. ജോൺ സിറിയക്ക് പുത്തൂർ ഗ്രാമപഞ്ചായത്ത് മുൻ പ്രസിഡന്റ് ജോണി ചിറയത്ത്,അന്തിക്കാട് ഗ്രാമപഞ്ചായത്ത് മുൻ പ്രസിഡന്റ് വി.എ. മാത്യു എന്നിവർ സംസാരിച്ചു. ശിൽപ്പശാലയിലെ കണ്ടെത്തലുകൾ ബന്ധ പ്പെട്ട അധികൃതർക്ക് സമർപ്പിക്കുകയും ചെയ്തു. 2008 മാർച്ച് 25-ാം തീയതി വിദഗ്ദ സമിതിയുടെ യോഗം തൃശ്ശൂർ രാമനിലയത്തിൽ നടന്നു. ആറുമാസ ത്തിനകം ഒരു സമഗ്ര രൂപരേഖ തയ്യാറാക്കാനും മാസ്റ്റർപ്ലാൻ തയ്യാറാക്കാനും തീരുമാനിച്ചു.

ഒരു മാസത്തിനുള്ളിൽ ഇക്കാര്യത്തിൽ ഒരു സംക്ഷിപ്ത രേഖയ്ക്ക് രൂപം കൊടുക്കാനും തീരുമാനമുണ്ടായി. ഇത്തരം പ്രവർത്തനങ്ങൾക്കായി വിദഗ്ധ സമിതിയിൽ ഒരു ഉപസമിതിയെ നിയോഗിക്കുകയും ചെയ്തു. മൃഗശാല ഡയ റക്ടർ സി.എസ്. യേലാക്കി, ഡോ.ജേക്കബ് ചീരൻ, ഹൈദരാബാദ് സുവോളജി ക്കൽ പാർക്ക് എക്സിക്യൂട്ടീവ് ഡയറക്ടർ ടി. രാമകൃഷ്ണ എന്നിവരായിരുന്നു ഉപസമിതി അംഗങ്ങൾ. വിദഗ്ധ സമിതി യോഗത്തിൽ ചെയർമാൻ എസ്. കെ. മുഖർജി അധ്യക്ഷത വഹിച്ചു. അംഗങ്ങളായ ഡോക്ടർ ബി.സി. ചൗധരി, ടി. രാമകൃഷ്ണ, എസ്.കെ. പട്നായക്, പ്രൊഫസർ എം. കെ പ്രസാദ് സി. എസ്. യേലാക്കി, ഡോക്ടർ ജേക്കബ് ചീരൻ, കെ.വി. രവീന്ദ്രൻ, ആർ.കെ. രമേശ്, ജിജി തോംസൺ തുടങ്ങിയവർ പങ്കെടുത്തു

ഔഷധ ഉദ്യാനം

2008 ഓഗസ്റ്റ് മാസത്തിൽ മൃഗശാല ആധുനികവൽക്കരണം ആയി നിർദേശിക്കപ്പെട്ട പ്രദേശത്ത് സംസ്ഥാന വനം വകുപ്പ് ഔഷധചെടികൾ വച്ചുപിടിപ്പിക്കുന്ന പ്രോജക്റ്റ് ആരംഭിച്ചു. ഇതിന്റെ ഭാഗമായി ഔഷധ ഉദ്യാനം തയ്യാറാക്കി. ആധുനികവൽക്കരണത്തിനായി വനഭൂമി മറ്റൊരു വകുപ്പിന് കൈമാറുകയില്ല എന്ന പരോക്ഷമായ സൂചനയായിരുന്നു അത്. 2008 സെപ്റ്റം

ബർ 13ന് സാംസ്കാരിക വകുപ്പ് മന്ത്രി എം.എ. ബേബി റവന്യൂ വകുപ്പ് മന്ത്രി കെ.പി. രാജേന്ദ്രൻ ഉൾപ്പെടെയുള്ളവർ നിർദ്ദിഷ്ട സ്ഥലം സന്ദർശിച്ചു എങ്കിലും അനിശ്ചിതാവസ്ഥയെ കുറിച്ച് വ്യക്തമായ മറുപടി പറയാൻ സാധിച്ചില്ല. കേന്ദ്ര സർവ്വകലാശാലയ്ക്ക് വേണ്ടി സ്ഥലം നോക്കുന്നതിനുവേണ്ടി തടിയൻ പാറ മലയിലേക്ക് പോകുമ്പോഴാണ് നിർദ്ദിഷ്ട സ്ഥലത്തും അവർ സന്ദർശനം നടത്തിയത്. സെപ്റ്റംബർ മാസത്തിൽ സ്പെഷൽ ഓഫീസർ ഇല്ലാതായി. താൽക്കാലിക ചുമതല ജില്ലാ കളക്ടർ വി.കെ. ബേബിക്ക് നൽകാനുള്ള നിർദേശം ഉണ്ടായെങ്കിലും ഉത്തരവാദിത്വ ബാഹുല്യം നിമിത്തം അദ്ദേഹം ഒഴിവാകുകയായിരുന്നു. പിന്നീട് ഡെപ്യൂട്ടി കളക്ടർ ആയ പി.കെ. ജയശ്രീക്ക് താൽക്കാലിക ചുമതല നൽകി.

മൃഗങ്ങളുടെ ചോദ്യങ്ങൾ

2008 വന്യജീവി വാരത്തിൽ തൃശ്ശൂർ മൃഗശാലയ്ക്ക് മുന്നിൽ 10 ചോദ്യങ്ങളു മായി ഫ്രണ്ട്സ് ഓഫ് സൂ പുതുമയാർന്ന പരിപാടി സംഘടിപ്പിച്ചു. ശാലയ്ക്ക് ഉള്ളിലെ ജീവികൾ സംസ്കാരസമ്പന്നരായ മനുഷ്യരോട് ഉന്നയിക്കുന്ന 10 ചോദ്യങ്ങളായിരുന്നു പ്രദർശിപ്പിച്ചിരുന്നത്. സവിശേഷമായ ഈ പരിപാടി മുൻ വിദ്യാഭ്യാസ ജോയിന്റ് ഡയറക്ടർ പി. ചിത്രൻ നമ്പൂതിരിപ്പാട് ഉദ്ഘാടനം ചെയ്തു. പ്രസിഡൻറ് പ്രൊഫ. ജോൺ സിറിയക് അധ്യക്ഷതവഹിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി എം.പീതാംബരൻ, അഡ്വ. ടി. ഗോപകുമാർ, വി.എ. മാത്യു, ജോണി ചിറയത്ത്, റിട്ട. ഫോറസ്റ്റ് ഓഫീസർ പി. കെ. വേലായു ധൻ, മുരിയാടൻ രവീന്ദ്രൻ, ശ്രീനിവാസൻ ഇറക്കത്ത്, തോമസ് ആന്റണി, ചെമ്പിൽ രാജൻ, കെ.എസ്. ഫ്രാൻസിസ് എന്നിവർ പ്രസംഗിച്ചു.

മുഖ്യമന്ത്രിക്ക് നിവേദനം

2008 ഒക്ടോബർ മാസം പതിനാറാം തീയതി സംസ്ഥാന മുഖ്യമന്ത്രിയ്ക്ക് ഫ്രണ്ട്സ് ഓഫ് സൂ നൽകിയ നിവേദനത്തിൽ മുഴുവൻ സമയ സ്പെഷ്യൽ ഓഫീസറെ നിയമിക്കണമെന്ന കാര്യം പ്രത്യേകം അഭ്യർത്ഥിച്ചിരുന്നു. ഒക്ടോബർ 22-ാം തീയതി റവന്യൂ വകുപ്പ് സെക്രട്ടറി സി.രഘുവിന് സ്പെഷൽ ഓഫീസറുടെ ചുമതല നൽകി കൊണ്ട് ഉത്തരവുണ്ടായി. 2008ൽ തൃശ്ശൂർ മൃഗശാലയിൽ സസ്തനികൾ 356, പക്ഷികൾ 109, ഉരഗങ്ങൾ 27 അങ്ങിനെ ആകെ 492 ജീവികളാണ് ഉള്ളത്.



മൃഗങ്ങളേ മാപ്പ്

തൃശൂർ മൃഗശാല പുത്തൂരിലേക്ക് മാറ്റുന്നുവെന്ന് പറഞ്ഞുകേൾക്കാൻ തുടങ്ങിയിട്ട് കാലം കുറേയായി. ഏതാണ് പത്തിരുപത് കൊല്ലം... അന്തർദേശീയ തലത്തിൽ നോക്കിയാൽ റഷ്യ തകർന്നതും വേൾഡ് ട്രേഡ് സെന്റർ തകർത്തതും, ആഗോളവത്കരണം ഇന്ത്യയിലേക്ക് കടന്നുവന്നതുമൊക്കെ മൃഗശാലാ മാറ്റം പറഞ്ഞുകേട്ടതിനൊക്കെ വളരെ പിന്നീടായിരുന്നു. 'മാറ്റമില്ലാത്തതായി ഒന്നേയുള്ളൂ; മാറ്റം മാത്രം' എന്ന വചനം തൃശൂർ മൃഗശാലയുടെ കാര്യത്തിൽ അന്വർത്ഥമായി.

മൃഗീയം ഈ മൃഗശാല

എം. പീതാംബരൻ

കുതിച്ചും കിതച്ചും തൃശൂർ മൃഗശാല

കവിയുടെ കണ്ണുനീർ

മാതൃഭൂമി 30-10-2008

മൃഗശാലാമാറ്റം ശരിയായ ദിശയിലായോ?

സർക്കാരിന് ഗൗരവം ഇല്ല

തേറമ്പിൽ രാമകൃഷ്ണൻ എം.എൽ.എ.



മൃഗശാല മാറ്റുന്ന കാര്യം സർക്കാർ ഗൗരവമായി എടുക്കുന്നില്ല. വിവിധവകുപ്പുകളെ ഏകോപിപ്പിക്കാൻ മുഴുവൻ സമയവും പ്രവർത്തിക്കുന്ന പ്രത്യേക ഓഫീസർ വേണം.

അദ്ദേഹത്തിന് വേണ്ടവണ്ണം കാര്യങ്ങൾ നിർവ്വഹിക്കാൻ മുഴുവൻ സമയച്ചുമതല അനിവാര്യമാണ്. പക്ഷേ സർക്കാർ ഇത് കാര്യമായി പരിഗണിച്ചിട്ടില്ല.

ഈ നിലയ്ക്ക് പോയാൽ മൃഗശാലാമാറ്റം സംബന്ധിച്ച് പലരും ഉയർത്തിയ ആശങ്കകൾ അസ്ഥാനത്തല്ലെന്ന് തെളിയും. ഒച്ചിന്റെ വേഗത്തിലാണ് കാര്യങ്ങളുടെ പോക്ക്.

ഫലപ്രദമായി നീങ്ങുന്നില്ല

എം.പീതാംബരൻ (ഫ്രണ്ട്സ് ഓഫ് സൂ)



മൃഗശാലാ മാറ്റം സംബന്ധിച്ച കാര്യങ്ങൾ ഫലപ്രദമായി നീങ്ങുന്നില്ല. 2 വർഷം മുമ്പ് ടെക്നിക്കൽ കമ്മിറ്റി ഉണ്ടാക്കി. പക്ഷെ 2008 മാർച്ചിലാണ് അത് കൂടിയത്.

കോണ്ടൂർ മാപ്പിങ്ങും ഡിജിറ്റൽ സർവ്വേയും രണ്ടുമാസത്തിനകം പൂർത്തീകരിക്കാനാണ് തീരുമാനിച്ചത്. പക്ഷെ ഒന്നും നടന്നില്ല. പിന്നീട് കമ്മിറ്റി കൂടിയിട്ടുമില്ല. ഇതിനിടെയാണ് സ്പെഷൽ ഓഫീസർ ഇല്ലാതായത്.

ഇപ്പോൾ ഒരാളെ നിയമിച്ചെങ്കിലും കാര്യങ്ങൾ ഭംഗിയായി പോകാൻ സ്പെഷൽ ഓഫീസർക്ക് സ്വതന്ത്ര്യാധികാരം വേണം.

മൂന്നു മാസംകൊണ്ട് തടസ്സങ്ങൾ നീക്കും

രാജാജി മാത്യു തോമസ് എം.എൽ.എ



മൃഗശാല പുത്തൂരിലേക്ക് മാറ്റുന്നതിനുള്ള തടസ്സങ്ങൾ മൂന്നു മാസംകൊണ്ട് നീക്കാനാവുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നതെന്ന് രാജാജി മാത്യു തോമസ് എംഎൽഎ വ്യക്തമാക്കി.

റവന്യു വകുപ്പിലെ ഒരു ഉദ്യോഗസ്ഥനെ സ്പെഷൽ ഓഫീസറായി നിയമിച്ചത് ഇത് കണക്കിലെടുത്താണ്.

വനം-റവന്യു വകുപ്പുകളിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് കേന്ദ്രസർക്കാരിന് ആവശ്യമായ രേഖകൾ ഉടൻ ഹാജരാക്കാനാണ് സ്പെഷൽ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുള്ളത്.

FRIENDS OF THRISSUR ZOO

ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്ചുതാനന്ദൻ അവർകൾ മുമ്പാകെ സമർപ്പിക്കുന്നത്.

സർ,

തൃശൂർ മൃഗശാല പുത്തൂരിലേക്ക് മാറ്റി ആധുനികവൽക്കരിക്കുന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി മുഴുവൻ സമയം പ്രവർത്തിക്കുന്ന ഒരു സ്പെഷൽ ഓഫീസറെ നിയോഗിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

നേരത്തെ ശ്രീ. ജിജി തോംസൺ ഐ. എ. എസ്. നെ നിയോഗിച്ചിരുന്നു. അദ്ദേഹത്തിനായി ഒരു ഓഫീസും തൃശൂർ രാമനിലയത്തിൽ ഉദ്ഘാടനം ചെയ്തിരുന്നു. ജിജി തോംസൺ സ്ഥാനത്തു നിന്നു മാറി. ഓഫീസ് പ്രവർത്തനവും ഇല്ലാതായി.

തൃശൂർ ജില്ലാകളക്ടറോട് പ്രസ്തുത കാര്യങ്ങൾക്ക് നേതൃത്വം നൽകണമെന്നാണ് നിർദ്ദേശിച്ചിരിക്കുന്നത്. എത്രതന്നെ താല്പര്യവും ആത്മാർത്ഥതയും ഉള്ള വ്യക്തിയാണെങ്കിലും കളക്ടർ എന്നനിലയിൽ മറ്റു ചുമതലകൾ എറെയുള്ളപ്പോൾ മൃഗശാലാ ആധുനിക വൽക്കരണമെന്ന ബൃഹത്തായ പ്രോജക്ടിന് ഫലപ്രദമായി നേതൃത്വം നൽകാൻ അദ്ദേഹത്തിന് സാധിക്കില്ല.

ഇത്തരുണത്തിൽ താങ്കളുടെ പരിഗണനക്കായി എതാനും നിർദ്ദേശങ്ങൾ സമർപ്പിക്കുന്നു.

- മൃഗശാല ആധുനികവൽക്കരണ പ്രവർത്തനങ്ങൾക്കായി മുഴുവൻ സമയം പ്രവർത്തിക്കുന്ന ഒരു ഒരു സ്പെഷൽ ഓഫീസറെ നിയമിക്കുക.
- അദ്ദേഹത്തെ സഹായിക്കുന്നതിനായി ഈ മേഖലയിൽ സാങ്കേതിക പരിജ്ഞാനം കൂടിയുള്ള അഞ്ച് അംഗങ്ങൾ ഉൾപ്പെടുന്ന ഒരു ടാസ്ക് ഫോഴ്സിനെ (കർമ്മസമിതിയെ) ഏർപ്പെടുത്തുക.
- സ്വതന്ത്രമായി പ്രവർത്തിക്കുന്നതിനുള്ള അവസരം സൃഷ്ടിക്കുക.
- സാംസ്ക്കാരിക വകുപ്പ്, വനംവകുപ്പ്, റവന്യൂ വകുപ്പ് എന്നിങ്ങനെ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട കാര്യമായതുകൊണ്ട് ബന്ധപ്പെട്ട മന്ത്രിമാർ നേരത്തെ സൂചിപ്പിച്ച ടാസ്ക് ഫോഴ്സ് അംഗങ്ങൾ വകുപ്പിലെ പ്രധാന ഉദ്യോഗസ്ഥർ എന്നിവരുടെ സംയുക്ത യോഗം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ എത്രയും പെട്ടെന്ന് ചേർന്ന് കാര്യങ്ങൾ വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുക.

2

തൃശൂരിൽ ഇപ്പോഴുള്ള കൂടുകളിൽ തിങ്ങിഞെരുങ്ങി മൃഗങ്ങൾ ഓരോന്നായി ചത്തൊടുങ്ങുകയാണ്. മനുഷ്യർക്ക് വേണ്ടി അവർ യാതന അനുഭവിക്കുന്നു. എത്രയും പെട്ടെന്ന് പുത്തൂരിലേക്ക് മാറ്റി കുറേകൂടി മെച്ചപ്പെട്ട ആവാസം ഉറപ്പുവരുത്തുന്നത് വലിയൊരു കാരുണ്യ പ്രവർത്തനമാകും.

സർക്കാരിന്റെ സാമ്പത്തിക വരുമാനവും വർദ്ധിക്കും.

ആധുനിക വൽക്കരിക്കപ്പെട്ട മൃഗശാല യാഥാർത്ഥ്യമാക്കുന്നതിന് മേൽ പറഞ്ഞ നിർദ്ദേശങ്ങൾ അങ്ങ് പരിഗണിച്ച് ആവശ്യമായ നടപടികൾ നിർദ്ദേശിക്കണമെന്ന് സവിനയം അഭ്യർത്ഥിച്ചുകൊള്ളുന്നു.

സ്നേഹപൂർവ്വം

തൃശൂർ
16-10-2008

എം. പീതാംബരൻ
സെക്രട്ടറി
ഫ്രണ്ട്സ് ഓഫ് തൃശൂർ സൂ
&
സംസ്ഥാന ജനറൽ സെക്രട്ടറി
കേരള സർവ്വോദയ മണ്ഡലം
പി. ഒ. ഇരവിമംഗലം
തൃശൂർ - 680751
ഫോൺ : 9446401576



കേരളകൗമുദി

പ്രാദേശികം

2008 ഒക്ടോബർ 5

തൃശൂർ 2008

ലോകോത്തര മൃഗശാല

വഞ്ചനയായിരുന്നോ?

സ്വന്തം ലേഖകൻ



മൃഗശാല ആധുനികവത്കരണം: സ്പെഷൽ ഓഫീസറെ ഉടൻ നിയമിക്കും

തൃശൂർ: തൃശൂർ മൃഗശാല പുത്തൂരിലേക്ക് മാറ്റി ആധുനികവത്കരിക്കുന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ പുതിയ സ്പെഷൽ ഓഫിസറെ ഉടൻ നിയമിക്കുമെന്ന് മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദനും റവന്യൂമന്ത്രി കെ. പി. രാജേന്ദ്രനും അറിയിച്ചു. ഫ്രൺസ് ഓഫ് തൃ ശൂർ സു ഭാരവാഹികൾ നൽകിയ നിവേദനത്തിനുമറുപടിയായാണ് ഇവർ ഇക്കാര്യം അറിയിച്ചത്.

മുൻ സ്പെഷൽ ഓഫിസർ ജിജി തോംസൺ സ്ഥാനമൊഴിഞ്ഞശേഷം ജില്ലാ കളക്ടർ ഡോ. വി. കെ. വേണുവിന് താൽക്കാലിക പുതലവ നൽകുകയായിരുന്നു. ആധുനികവത്കരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ മുഴുവൻ സമയ പ്രവർത്തിക്കുന്ന സ്പെഷൽ ഓഫിസറെ നിയമിക്കണമെന്നാവശ്യപ്പെട്ടാണ് നിവേദനം നൽകിയിരുന്നത്. സ്പെഷൽ ഓഫിസറെ സഹായിക്കാൻ സാങ്കേതിക പരിജ്ഞാനമുള്ള അഞ്ചംഗങ്ങളുൾപ്പെടുന്ന മാസ്റ്റർപ്ലാൻ കമ്മിറ്റിയെ നിയമിക്കണമെന്നും ഇവർക്ക് സ്വതന്ത്രമായി പ്രവർത്തിക്കാനുള്ള അവസരം സൃഷ്ടിക്കണമെന്നും ആവശ്യപ്പെട്ടിരുന്നു. ഫ്രൺസ് ഓഫ് സു കൺവീനർ എം. പീതാംബരൻ, ഭാരവാഹികളായ വി.എ. മാത്യു, പി.കെ. വേലായുധൻ എന്നിവരാണ് മുഖ്യമന്ത്രിക്കും റവന്യൂമന്ത്രിക്കും നിവേദനങ്ങൾ നൽകിയത്.

ലിസും നടപടി സ്വീകരിക്കണമെന്ന് യോഗം ആവശ്യപ്പെട്ടു. പുതുക്കിയ ടാക്സി ചാർജ് വിജ്ഞാപനം ഇറക്കാൻ സർക്കാർ കാലതാമസം വരുത്തുന്നതിൽ യോഗം പ്രതിഷേധം രൈപ്പെടുത്തി. ജില്ലാ പ്രസിഡന്റ് ടി.വി. ചന്ദ്രമോഹൻ അധ്യക്ഷത വഹിച്ചു. പി.ജെ. വാറുണ്ണി, പി.വി. തോമസ്, എ.എൻ. സുനിൽ, സി.കെ. ഫ്രാൻസിസ്, കെ.ഡി. ആന്റണി എന്നിവർ സംസാരിച്ചു.

സ്കൂളിനു മുകളിൽ തെങ്ങ് വീണു; വിദ്യാർഥികൾ അത്ഭുതകരമായി രക്ഷപ്പെട്ടു

പാവറട്ടി: പാവറട്ടി പുത്തമനശ്ശേരി എ.എം എൽ.പി സ്കൂളിനു മുകളിൽ തൊട്ടടുത്ത സ്വകാര്യ വ്യക്തിയുടെ പറമ്പിലെ തെങ്ങ് കടപുഴകി വീണു. വിദ്യാലയത്തിൽ എഴുപതോളം വിദ്യാർഥികൾ പരീക്ഷ എഴുതിക്കൊണ്ടിരിക്കുമ്പോഴാണ് അപകടമുണ്ടായത്. വിദ്യാലയത്തിന്റെ ആസ്ബസ്റ്റോസ് ഷീറ്റുകൾ തകർന്നു. ശബ്ദം കേട്ട് വിദ്യാർഥികളും അധ്യാപകരും പുറത്തേക്ക് ഓടിയിറങ്ങിയതിനാൽ വലിയൊരു ദുരന്തം ഒഴിവായി. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സി.കെ ജോർജ്, ബി.പി.ഒ എൽ.കെ വിജയൻ എന്നിവർ സ്ഥലത്തെത്തി മേൽനടപടികൾ സ്വീകരിച്ചു.

മൃഗശാല ആധുനികവത്കരണം: സ്പെഷ്യൽ ഓഫിസറെ നിയമിക്കുമെന്ന് മുഖ്യമന്ത്രി

തൃശൂർ: തൃശൂർ മൃഗശാല പുത്തൂരിലേക്ക് മാറ്റി ആധുനീകവത്കരിക്കുന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ പുതുയൊരു സ്പെഷ്യൽ ഓഫിസറെ ഉടൻ നിയമിക്കുമെന്ന് മുഖ്യമന്ത്രി വി എസ് അച്യുതാനന്ദനും റവന്യൂ മന്ത്രി കെ പി രാജേന്ദ്രനും ഫ്രൺസ് ഓഫ് തൃശൂർ സു ഭാരവാഹികളെ അറിയിച്ചു. ഫ്രൺസ് ഓഫ് തൃശൂർ നല്കിയ നിവേദനത്തെ തുടർന്നാണ് ഈ നടപടി.

മുൻ സ്പെഷ്യൽ ഓഫിസർ ജിജി തോംസൺ സ്ഥാനമൊഴിഞ്ഞശേഷം ജില്ലാ കലക്ടർക്കാർ വി കെ വേണുവിക്കായിരുന്നു താൽകാലിക ചുമതല. ഇതുമാറ്റി മുഴുവൻ സമയ ഓഫിസറെ നിയമിക്കണമെന്നാവശ്യപ്പെട്ടായിരുന്നു സു ഭാരവാഹികൾ നിവേദനം സമർപ്പിച്ചത്. കൺവീനർ എം പീതാംബരൻ, ഭാരവാഹികളായ വി എ മാത്യു, പി കെ വേലായുധൻ, എന്നിവരാണ് മുഖ്യമന്ത്രിക്കും റവന്യൂ മന്ത്രിക്കും നിവേദനം സമർപ്പിച്ചത്.

17-11-08

മൃഗശാല മാറ്റം: സ്പെഷൽ ഓഫീസറെ നിയമിക്കുമെന്ന് മുഖ്യമന്ത്രി

തൃശൂർ: മൃഗശാല പുത്തൂരിലേക്കുമാറ്റി ആധുനീകവത്കരിക്കുന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ പുതിയ സ്പെഷൽ ഓഫിസറെ ഉടൻ നിയമിക്കുമെന്ന് മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദനും, റവന്യൂ മന്ത്രി കെ.പി. രാജേന്ദ്രനും ഫ്രൺസ് ഓഫ് തൃശൂർ സു ഭാരവാഹികളെ അറിയിച്ചു.

മുൻ സ്പെഷൽ ഓഫിസർ ജിജി തോംസൺ സ്ഥാനമൊഴിഞ്ഞശേഷം കലക്ടർ വി.കെ. വേണുവിന് താൽകാലിക ചുമതല .മുഴുവൻ സമയം പ്രവർത്തിക്കുന്ന സ്പെഷൽ ഓഫിസറെ നിയമിക്കണമെന്നാവശ്യപ്പെട്ട് ഫ്രൺസ് ഓഫ് തൃശൂർ സു ഇന്നലെ രാമനിലയത്തിൽ വച്ചാണ് മുഖ്യമന്ത്രിക്കും റവന്യൂമന്ത്രിക്കും നിവേദനം നൽകിയത്. ഫ്രൺസ് ഓഫ് തൃശൂർ സു കൺവീനർ എം. പീതാംബരൻ, വി.എ. മാത്യു, പി.കെ വേലായുധൻ എന്നിവരാണ് നിവേദനം നൽകിയത്. മൃഗശാലയുടെ പുനരുദ്ധാരണത്തിനുള്ള നടപടികൾക്ക് വേഗം കൂട്ടാൻ ഒരു സ്പെഷ്യൽ ഓഫിസറെ നിയമിക്കണമെന്നും നിവേദനത്തിൽ ആവശ്യപ്പെട്ടു. സ്വതന്ത്രമായി പ്രവർത്തിക്കാനുള്ള സംവിധാനമുണ്ടാക്കണം. മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ യോഗം ചേർന്ന് സമയബന്ധിതമായി നടപടിയെടുക്കാനും നിവേദനത്തിൽ അഭ്യർത്ഥിച്ചു.

മൃഗശാല നവീകരണം: സ്പെഷൽ ഓഫീസറെ ഉടൻ നിയമിക്കും

തൃശൂർ മൃഗശാല പുത്തൂരിലേക്ക് മാറ്റുന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ സ്പെഷൽ ഓഫീസറെ ഉടൻ നിയമിക്കുമെന്നും പ്രത്യേക ഓഫീസ് ഉടൻ പ്രവർത്തനം സജ്ജമാകുമെന്നും മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദനും റവന്യൂമന്ത്രി കെ.പി.രാജേന്ദ്രനും ഫ്രൺസ് ഓഫ് തൃശൂർ സു ഭാരവാഹികളെ അറിയിച്ചു.

മുൻ സ്പെഷൽ ഓഫിസർ ജിജി തോംസൺ സ്ഥാനമൊഴിഞ്ഞശേഷം കലക്ടർ ഡോ.വി.കെ. വേണുവിന് താൽക്കാലിക ചുമതല നൽകിയിരുന്നു. നവീകരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ മുഴുവൻ സമയം പ്രവർത്തിക്കുന്ന സ്പെഷൽ ഓഫിസറെ നിയമിക്കണമെന്നാവശ്യപ്പെട്ട് ഫ്രൺസ് ഓഫ് തൃശൂർ സു ഭാരവാഹികൾ മുഖ്യമന്ത്രിക്കും റവന്യൂ മന്ത്രിക്കും നിവേദനം നൽകിയിരുന്നു. കൺവീനർ എം. പീതാംബരൻ, ഭാരവാഹികളായ വി.എ. മാത്യു, പി.കെ വേലായുധൻ എന്നിവരാണ് നിവേദക സംഘത്തിലുണ്ടായിരുന്നത്.

17-11-2008

മൃഗശാലാ ആധുനികവൽക്കരണം: സ്പെഷൽ ഓഫിസറെ ഉടൻ നിയമിക്കും

തൃശൂർ: തൃശൂർ മൃഗശാല പുത്തൂരിലേക്ക് മാറ്റി ആധുനികവൽക്കരിക്കുന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കാൻ പുതിയൊരു സ്പെഷൽ ഓഫിസറെ ഉടൻ നിയമിക്കുമെന്ന് മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദനും മന്ത്രി കെ.പി.രാജേന്ദ്രനും ഫ്രൺസ് ഓഫ് തൃശൂർ സു ഭാരവാഹികളെ അറിയിച്ചു. മുൻസ്പെഷൽ ഓഫീസർ ജിജിതോംസൺ സ്ഥാനമൊഴിഞ്ഞശേഷം ജില്ലാകളക്ടർ വി.കെ.വേണുവിന് താല്കാലിക ചുമതല നല്കുകയായിരുന്നു. ആധുനികവൽക്കരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കാൻ മുഴുവൻ സമയം പ്രവർത്തിക്കുന്ന സ്പെഷൽ ഓഫിസറെ നിയമിക്കണമെന്നാവശ്യപ്പെട്ട് ഫ്രൺസ് ഓഫ് തൃശൂർ സു കൺവീനർ മുഖ്യമന്ത്രിക്കും റവന്യൂമന്ത്രിക്കും നിവേദനം നല്കിയിരുന്നു. ഫ്രൺസ് ഓഫ് തൃശൂർ സു കൺവീനർ എം.പീതാംബരൻ, ഭാരവാഹികളായ വി.എ. മാത്യു, പി.കെ വേലായുധൻ, എന്നിവരാണ് മുഖ്യമന്ത്രിക്കും റവന്യൂമന്ത്രിക്കും നിവേദനം നൽകിയത്.



മൃഗശാലയ്ക്കു മുമ്പിൽ 10 ചോദ്യങ്ങൾ

2 TCR 2008 കെടോബർ 5 ഞായർ

ചോദ്യശരങ്ങളുമായി 'ഫ്രൻഡ്സ് ഓഫ് സൂ'

മൃഗശാലയ്ക്കു മുമ്പിൽ ചോദ്യങ്ങളുമായി ഫ്രൻഡ്സ് ഓഫ് തൃശൂർ സൂ

ജന്തുക്കൾ മന്ത്രിമാരോട് ചോദിക്കുന്നു എന്തിനീ വഞ്ചന

50 ഏക്കറിൽ ഒതുക്കാൻ ശ്രമം

മൃഗശാല ആധുനികവൽക്കരണത്തിനായി വനഭൂമി വിട്ടു കിട്ടാൻ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടുള്ള അപേക്ഷ മൃഗശാല വകുപ്പിൽ നിന്നും വനം വകുപ്പിന് ലഭിച്ചിട്ടില്ല എന്ന വകുപ്പ് മന്ത്രി ബിനോയ് വിശ്വം ജനുവരി ആദ്യവാരത്തിൽ വ്യക്തമാക്കുകയുണ്ടായി. ഇത് ഏറെ ചർച്ചകൾക്ക് കാരണമായി. പിന്നിട്ട രണ്ടു വർഷക്കാലമായി മന്ത്രിമാരും ജനപ്രതിനിധികളും പറഞ്ഞിരുന്ന കാര്യത്തിൽ നിന്നും വിരുദ്ധമായിരുന്നു ഈ തുറന്നുപറച്ചിൽ. അപേക്ഷകളെല്ലാം നൽകിയിട്ടുണ്ട് കേന്ദ്ര മൃഗശാല പരിസ്ഥിതി വകുപ്പിന്റെ അംഗീകാരം ലഭിച്ചാൽ മൃഗശാല ആധുനികവൽക്കരണം ആരംഭിക്കാം എന്നാണ് എല്ലാ മന്ത്രിമാരും പറഞ്ഞത്.

വകുപ്പുകൾ തമ്മിലുള്ള തർക്കങ്ങൾ നിലനിൽക്കുന്നതുകൊണ്ട് നിലവിൽ തൃശൂരിൽ പ്രവർത്തിക്കുന്ന മൃഗശാലക്ക് ആവശ്യമായ പരിചരണം നൽകാൻ പലപ്പോഴും അധികൃതർ താൽപര്യം കാണിച്ചില്ല. അതുകൊണ്ടു തന്നെ തൃശൂർ

മൃഗശാലയിൽ നിലവിലുള്ള മൃഗങ്ങൾക്ക് നിരവധി സുരക്ഷാ പ്രശ്നങ്ങളും ഉടലെടുക്കാൻ തുടങ്ങി.

ബഡ്ജറ്റിൽ തുകയില്ല

2009–10 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ മൃഗശാല ആധുനിക വൽക്കരണത്തിന് പ്രത്യേകം ഫണ്ട് വകയിരുത്തിയതായി കണ്ടില്ല. മുൻവർഷം ചെറിയ ഒരു സംഖ്യ വകയിരുത്തിയിരുന്നു. ഇക്കാര്യം ഫ്രണ്ട്സ് ഓഫ് സൂ ശ്രദ്ധയിൽപ്പെടുത്തി. ബജറ്റിൽ പണമില്ലെങ്കിലും മൃഗശാല ആധുനികവൽക്കരണം സർക്കാരിന്റെ നയം ആയതുകൊണ്ട് നടപ്പിലാക്കുമെന്ന് വിശദീകരണമാണ് മന്ത്രിമാരിൽ നിന്നും ഉണ്ടായത്. മൃഗശാല ആധുനികവൽക്കരണത്തിനായി നിയോഗിക്കപ്പെട്ട സ്പെഷ്യൽ ഓഫീസർക്ക് മറ്റ മാറ്റ് വകുപ്പുകളുടെ കൂടി ചുമതലയുള്ള അതുകൊണ്ട് ഇക്കാര്യത്തിൽ ശ്രദ്ധ കൊടുക്കാൻ സാധിച്ചിരുന്നില്ല അതുകൊണ്ട് ഒരു മുഴുവൻ സമയ സ്പെഷ്യൽ ഓഫീസറെ ഇക്കാര്യത്തിൽ നിയോഗിക്കണമെന്ന് ഫ്രണ്ട്സ് ഓഫ് സൂവും സർവോദയ മണ്ഡലവും ബന്ധപ്പെട്ട മന്ത്രിമാർക്ക് നൽകിയ നിവേദനത്തിൽ അഭ്യർത്ഥിച്ചു.

സ്ഥലം കൈമാറാൻ സർക്കാർ തീരുമാനം

2009 മെയ് മാസത്തെ മെയ് മാസം പതിനാറാം തീയതി മൃഗശാല ആധുനിക വൽക്കരണത്തിനായി പുത്തൂരിലെ 124 ഹെക്ടർ സ്ഥലം കൈമാറാനായി സംസ്ഥാന സർക്കാർ തീരുമാനമെടുത്തു. നിലവിൽ വനഭൂമിയും വനംവകുപ്പിനെ രേഖകളിൽ സാങ്ങ്ചുറിയും രേഖപ്പെടുത്തപ്പെട്ടിട്ടുള്ള സ്ഥലം മറ്റൊരു വകുപ്പിന്റെ പ്രവർത്തനങ്ങൾക്കായി വിട്ടുകൊടുക്കാൻ വനനിയമങ്ങൾ അനുവദിക്കുന്നില്ല. 50 ഏക്കറിൽ മൃഗശാല സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും മൃഗശാല ഡയറക്ടർക്ക് സെപ്റ്റംബർ മാസം 29 ആം തീയതി ലഭിച്ച നിർദ്ദേശം ഏവർക്കും നിരാശ പടർത്തി 300 ഏക്കർ സ്ഥലത്ത് ആധുനിക രീതിയിലുള്ള മൃഗശാല സ്ഥാപിക്കുന്നു എന്ന പ്രതീക്ഷയെ ആട്ടിമറിക്കുന്നതാണ് പുതിയ നിർദ്ദേശം. ഇതിനെതിരെ പ്രതികരിക്കാൻ തൃശ്ശൂരിൽ വിപുലമായ ജനകീയ കൺവെൻഷൻ നടന്നു. എം.എൽ.എ.മാരായ അഡ്വ. തേറമ്പിൽ രാമകൃഷ്ണൻ, രാജാജി മാത്യു തോമസ്, എന്നിവർ പങ്കെടുത്തു.

വെള്ളിമൂങ്ങകൾ മോഷണം പോയി

തൃശൂർ മൃഗശാലയിലെ രണ്ട് വെള്ളിമൂങ്ങകൾ 2009 നവംബർ മൂന്നാം തീയതി രാത്രി മോഷ്ടിക്കപ്പെട്ടു. മൃഗശാലയിലെ സുരക്ഷാ സൗകര്യങ്ങളുടെ അപര്യാപ്തതയാണ് ഇതിന് പ്രധാനകാരണം. ഇക്കാര്യത്തെക്കുറിച്ച് വിശദമായി അന്വേഷിച്ച് ആവശ്യമായ പരിഹാരനടപടികൾ ഉണ്ടാകണമെന്ന് ഫ്രണ്ട്സ് ഓഫ് സൂ ആവശ്യപ്പെട്ടു.

FRIENDS OF TRICHUR ZOO

TRICHUR - 5

President
Prof. John Cyriac
9447360871

Secretary
M. Peethambaran
9446401576

സുഹൃത്തെ,

ഒരു വന്യജീവിവാരം കൂടി കടന്നുപോയ പശ്ചാത്തലത്തിൽ, തൃശൂർ മൃഗശാലയുടെ ദുർഗതിക്ക് അറുതിയില്ലല്ലോ എന്നോർത്ത് ദു:ഖിക്കുകയാണ് മൃഗസ്നേഹികൾ. സെൻട്രൽ സൂ അതോറിറ്റിയുടെ അംഗീകാരമില്ലാതെ, വീർപ്പുമുട്ടിക്കുന്ന അന്തരീക്ഷത്തിൽ, മൃഗങ്ങളെ തകർന്ന കൂടുകളിലടച്ചിട്ട്, ഏതാണ്ട് ഒന്നര നൂറ്റാണ്ട് പഴക്കമുള്ള ഈ സ്ഥാപനത്തിൽ പീഡിപ്പിച്ചുകൊണ്ടിരിക്കുകയാണ്. പുത്തൂരിലെ 303 ഏക്കർ സ്ഥലത്തേക്ക് മൃഗശാല മാറ്റുമ്പോൾ മൃഗങ്ങളും മൃഗശാലയും രക്ഷപ്പെടുമെന്നാണ് നമ്മൾ പ്രതീക്ഷിച്ചിരുന്നത്. അതിനായി നിരന്തരം സമ്മർദ്ദം ചെലുത്തുകയും ചെയ്തു.

എന്നാൽ ആ പ്രതീക്ഷകളെ തകർക്കുന്ന വാർത്തകളാണ് ഇപ്പോൾ കേൾക്കുന്നത്. കേവലം അമ്പതേക്കർ സ്ഥലത്തേക്ക് മൃഗശാല മാറ്റാനുള്ള നീക്കങ്ങൾ ചില നിക്ഷിപ്ത കേന്ദ്രങ്ങളിൽ നിന്നുയർന്നിരിക്കുന്നു. ഇത് ആധുനിക മൃഗശാല എന്ന തൃശൂരിന്റെ സ്വപ്നപദ്ധതിയെ തകർക്കുന്നതാണ്. പഴയ കൂടുകൾ പുതിയ ചായം പൂശി പുനസ്ഥാപിക്കുന്നതുകൊണ്ട് മൃഗപീഡനങ്ങൾ അവസാനിക്കുകയില്ല. കേന്ദ്ര സൂ അതോറിറ്റിയുടെ അനുമതി ലഭിക്കാനും ഇടയില്ല.

ഈ സാഹചര്യത്തിൽ തൃശൂർ മൃഗശാലയുടെ മോചനത്തിന് കൂട്ടായ യജ്ഞം ആവശ്യമാണ്. ഇതിനെക്കുറിച്ചാലോചിക്കാൻ തൃശൂരിലെ വിവിധ സാമൂഹ്യ സാംസ്കാരിക സംഘടനാ പ്രവർത്തകരുടെ ഒരു ഒത്തുചേരൽ 2009 ഒക്ടോബർ 9 ന് വെള്ളിയാഴ്ച വൈകീട്ട് 5 മണിക്ക് സാഹിത്യ അക്കാദമി വൈലോപ്പിള്ളി ഹാളിൽ സംഘടിപ്പിക്കുകയാണ്. തൃശൂർ എം.എൽ.എ. അഡ്വ. തേറമ്പിൽ രാമകൃഷ്ണൻ സംഗമം ഉദ്ഘാടനം ചെയ്യുന്നതായിരിക്കും.

താങ്കളുടെ സംഘടനയിലെ പ്രധാന പ്രവർത്തകരോടൊപ്പം താങ്കളും ഈ കൂട്ടായ്മയിൽ പങ്കെടുക്കണമെന്ന് ആദരവോടെ അഭ്യർത്ഥിക്കുന്നു.

എന്ന്

തൃശൂർ
4.10.2009

പ്രൊഫ. ജോൺ സിറിയക്
പ്രസിഡണ്ട്

എം. പീതാംബരൻ
സെക്രട്ടറി



മൃഗശാല: മന്ത്രിമാർ കാരണം ഭൂവില ഇരട്ടിച്ചു

മൃഗശാല: മന്ത്രി യാഥാർത്ഥ്യം പറയണം – കേരള സർവോദയമണ്ഡലം

മൃഗശാല ആധുനികവത്കരണം: മന്ത്രി യാഥാർത്ഥ്യം തുറന്നുപറയണം – സർവ്വോദയമണ്ഡലം

മൃഗശാലാ മാറ്റം: മന്ത്രി യാഥാർത്ഥ്യം വ്യക്തമാക്കണമെന്ന് കേരള സർവോദയ മണ്ഡലം

26-1-2009

മൃഗശാല ആധുനികവത്കരണം: റവന്യുമന്ത്രി യാഥാർത്ഥ്യം തുറന്നുപറയണമെന്ന് സർവോദയമണ്ഡലം

DELAY IN PAYMENT OF AFFORESTATION COST

SHIFTING OF ZOO KICKS UP A ROW

Express News Service
Thrissur, January 23

According to sources, the Department of Zoo is not ready to give an undertaking for payment of Rs 10 crore to the Forest Department unless it is assured of the amount by the Cultural Ministry

മൃഗശാല നവീകരണം: മന്ത്രി യാഥാർത്ഥ്യം പറയണം



തൃശൂർ മൃഗശാല: ലോകോത്തരമാക്കുമെന്ന പ്രഖ്യാപനങ്ങൾ പാഴ്‌വാക്കാകുന്നു

മൃഗശാല ആധുനികവത്കരണം അട്ടിമറിക്കുന്നെന്ന്

മൃഗശാല പുത്തൂരിൽ അമ്പത് ഏക്കറിലേക്ക് ഒതുക്കുന്നു

പുത്തൂരിലെ മൃഗശാല 50 ഏക്കറിൽ ഒതുക്കാൻ നീക്കം

പുത്തൂർ മൃഗശാല 50 ഏക്കറിൽ മതിയെന്നു സാംസ്കാരികവകുപ്പ്

മൃഗശാല ആധുനികവത്കരണം അട്ടിമറിക്കപ്പെടുന്നുവെന്ന്


മൃഗശാലയിൽ കൂട് പൊളിച്ച്
2 വെള്ളിമൂങ്ങകളെ മോഷ്ടിച്ചു
2 വെള്ളിമൂങ്ങകളെ മോഷ്ടിച്ചു...
മൃഗശാലയിലെ വെള്ളിമൂങ്ങകൾ മോഷണം പോയി
മൃഗശാലയിലെ കൂടറുത്ത് രണ്ട് വെള്ളിമൂങ്ങകളെ മോഷ്ടിച്ചു
വെള്ളിമൂങ്ങ മോഷണം: വിശദമായ അന്വേഷണം വേണം- 'ഫ്രണ്ട്സ് ഓഫ് സൂ'
മൃഗശാലയ്ക്ക് പോലീസ് സംരക്ഷണം നൽകാൻ നീക്കം



12 TCR

മൃഗശാല മാറ്റം: വ്യക്തതയില്ലാതെ മന്ത്രിമാർ

മൃഗശാല പുത്തൂരിലേക്ക് മാറ്റും: മന്ത്രി

തെറ്റിദ്ധരിപ്പിക്കൽ അവസാനിപ്പിക്കണം: സർവോദയ മണ്ഡലം

മൃഗശാല മാറ്റുമെന്നു മന്ത്രിമാർ വീണ്ടും




മൃഗശാല മാറ്റം:

വ്യക്തമായ ഉത്തരമില്ലാതെ വനംമന്ത്രി, കാര്യം നടക്കുമെന്ന് റവന്യൂമന്ത്രി

തെറ്റിദ്ധരിപ്പിക്കുന്ന പ്രസ്താവനകൾ അവസാനിപ്പിക്കണമെന്ന് സർവോദയമണ്ഡലം

തൃശൂർ മൃഗശാലമാറ്റം മന്ത്രിമാർ തടിതപ്പുന്നു

മന്ത്രിമാരുടെ പാഴ്വാക്കെന്ന് സർവ്വോദയമണ്ഡലം



മാതൃഭൂമി 17-5-2009

തിരുമാനം സ്വാഗതാർഹം -സർവ്വോദയ മണ്ഡലം

തൃശൂർ മൃഗശാല ആധുനികവത്കരണത്തിനായി പുത്തൂർ വില്ലേജിലെ 124 ഹെക്ടർ വനഭൂമി സാസ്കാരിക വകുപ്പിന് കൈമാറാൻ സംസ്ഥാന മന്ത്രിസഭ കൈക്കൊണ്ട തീരുമാനം സ്വാഗതാർഹമാണെന്ന് സർവ്വോദയ മണ്ഡലം സംസ്ഥാന ജനറൽ സെക്രട്ടറി എം. പീതാംബരൻ അറിയിച്ചു. മുഴുവൻ സമയം പ്രവർത്തിക്കാൻ സൗകര്യമുള്ള ഒരു സീനിയർ ഓഫീസറെ നിയമിച്ച് മൃഗശാല ആധുനികവത്കരണ നടപടികൾ ത്വരിതപ്പെടുത്തണമെന്ന് സർവ്വോദയ മണ്ഡലം ആവശ്യപ്പെട്ടു.

ഓഫിസറെ നിയമിക്കണം

തൃശൂർ മൃഗശാല ആധുനികവത്കരണ നടപടികൾ ത്വരിതപ്പെടുത്താൻ മുഴുവൻ സമയം പ്രവർത്തിക്കുന്ന സ്പെഷൽ ഓഫിസറെ നിയമിക്കണമെന്ന് കേരള സർവോദയ മണ്ഡലം സംസ്ഥാന ജനറൽ സെക്രട്ടറി എം. പീതാംബരൻ ആവശ്യപ്പെട്ടു.

17-5-2009

മുഴുവൻ സമയ ഓഫീസർ വേണമെന്ന സർവ്വോദയ മണ്ഡലം

തൃശൂർ: മുഴുവൻ സമയവും പ്രവർത്തിക്കാൻ സൗകര്യമുള്ള സ്പെഷ്യൽ ഓഫീസറെ നിയമിച്ച് മൃഗശാല ആധുനിക വൽക്കരണ നടപടികൾ ത്വരിതപ്പെടുത്തണമെന്ന് സർവ്വോദയ മണ്ഡലം സംസ്ഥാന ജന.സെക്രട്ടറി എം പീതാംബരൻ ആവശ്യപ്പെട്ടു.പുത്തൂർ വില്ലേജിലെ 124 ഹെക്ടർ വന ഭൂമി സാസ്കാരിക വകുപ്പിന് കൈമാറാൻ മന്ത്രിസഭ കൈകൊണ്ട തീരുമാനത്തെഅദ്ദേഹം സ്വാഗതംചെയ്തു.

17-5-2009

മാതൃഭൂമി 23-2-2009

■ മൃഗശാല ആധുനികവത്കരണം

തെറ്റിദ്ധരിപ്പിക്കുന്ന പ്രസ്താവനകൾ അവസാനിപ്പിക്കണം

തൃശൂർ: മൃഗശാലാ ആധുനികവത്കരണം സംബന്ധിച്ച് മന്ത്രിമാരും എം.എൽ.എമാരും നടത്തിവരുന്ന പ്രസ്താവനകൾ വാസ്തവവിരുദ്ധമാണെന്ന് സംസ്ഥാന ബജറ്റ് അവതരണത്തോടെ വ്യക്തമായെന്ന് സർവ്വോദയ മണ്ഡലം. ഇക്കാര്യത്തിൽ വകുപ്പുകൾ തമ്മിൽ ഒരു ധാരണ ഉണ്ടാക്കാനോ കൂട്ടായ തീരുമാനത്തിലെത്താനോ സാധിച്ചിട്ടില്ല.

ആധുനിക മൃഗശാലയ്ക്കി വനം വകുപ്പിന്റെ സ്ഥലം വിട്ടുകിട്ടുന്നതിന് പൂർണ്ണമായ ഒരു അവകാശവാദവും ഇവരുമായും കൊടുത്തിട്ടില്ല. ഇത് മുതിലച്ചുകൊണ്ട് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന പ്രസ്താവനകളിൽ നിന്ന് ജനപ്രതിനിധികളും മന്ത്രിമാരും പിൻതിരിയണമെന്ന് സർവ്വോദയ മണ്ഡലം സംസ്ഥാന ജനറൽ സെക്രട്ടറി പീതാംബരൻ ആവശ്യപ്പെട്ടു.

മൃഗങ്ങളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനും ജില്ലയുടെ സാമ്പത്തിക വികസനം സാധ്യമാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ സ്വരൂപിക്കുന്നതിന് ഇക്കാര്യത്തിൽ താൽപര്യമുള്ള സന്നദ്ധ സംഘടന പ്രതിനിധികളുടെ യോഗം വിളിച്ചു ചേർക്കും.

കേന്ദ്ര അനുമതി ലഭിച്ചെന്നും ഇല്ലെന്നും

മൃഗശാല ആധുനികവൽക്കരണത്തിന്റെ ചുമതല ആർക്കായിരിക്കണം എന്നതിനെക്കുറിച്ചുള്ള തർക്കം തുടർന്നുകൊണ്ടിരിക്കുകയാണ്. പുതിയ മൃഗശാലയ്ക്ക് വേണ്ടിയുള്ള വാദകോലാഹലങ്ങൾ നടന്നുകൊണ്ടിരിക്കുമ്പോൾ തൃശ്ശൂരിൽ നിലവിലുള്ള മൃഗശാലക്ക് ആവശ്യമായ ശ്രദ്ധയും പരിരക്ഷയും കിട്ടുന്നുണ്ടോ എന്ന കാര്യത്തിൽ സംശയമായി. കാര്യമായ നവീകരണ പ്രവർത്തനങ്ങൾ ഒന്നും തന്നെ വർഷങ്ങളായി തൃശ്ശൂരിൽ നടന്നിരുന്നില്ല.പുതിയ ഇടത്തിലേക്ക് മാറ്റുമെന്ന പ്രതീക്ഷയാണ് ഇതിന് കാരണം. 2009 ഡിസംബറിൽ തൃശൂർ മൃഗശാലയിലെ റാണി എന്ന പെൺ കടുവയും 2010 മെയ് 17ന് ഭരത് എന്ന ആൺ കടുവയും മെയ് 25ന് രാഘവ് എന്ന പുള്ളിപ്പുലിയും ചത്തു. രണ്ട് വെള്ളിമൂങ്ങകൾ നഷ്ടപ്പെടുകയും ചെയ്തു. പുതിയ സ്ഥലത്തിനായുള്ള അന്വേഷണ തിരക്കിൽ നിലവിലുള്ള മൃഗശാലയ്ക്ക് ആവശ്യമായ പരിരക്ഷയും ശ്രദ്ധയും കൊടുക്കുന്നതിൽ ഉദാസീനത കാണിക്കരുത് എന്ന് ആവശ്യപ്പെട്ടുകൊണ്ട് ഫ്രണ്ട്സ് ഓഫ് സൂ ബന്ധപ്പെട്ട മന്ത്രിമാർക്കും അധികൃതർക്കും നിവേദനം നൽകി. ഇക്കാര്യം നിരന്തരമായി ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽ പെടുത്തുകയും ചെയ്തു.

ചുറ്റുമതിൽ ശിലാസ്ഥാപനം

2010 ജൂൺ 5ന് ലോക പരിസ്ഥിതി ദിനത്തിൽ പുത്തൂരിലെ നിർദ്ദിഷ്ട സ്ഥലത്ത് മറ്റൊരു പൊതു പരിപാടിയും നടന്നു. തൃശ്ശൂർ മൃഗശാല മാറ്റുന്ന പദ്ധതിയുടെ നിർമ്മാണ പ്രവർത്തി ഉദ്ഘാടനവും ചുറ്റുമതിലിന് ശിലാസ്ഥാപനവും ആയിരുന്നു പരിപാടി. മുഖ്യമന്ത്രി വി.എസ് അച്യുതാനന്ദൻ ശിലാസ്ഥാപനം നിർവഹിച്ചു. സാംസ്കാരിക വകുപ്പിന്റെ ചുമതലയുള്ള മന്ത്രി എം.എ. ബേബി അധ്യക്ഷത വഹിക്കുകയും റവന്യൂ വകുപ്പ് മന്ത്രി കെ.പി. രാജേന്ദ്രൻ മുഖ്യ പ്രഭാഷണം നടത്തുകയും ആധുനിക മൃഗശാലയ്ക്ക് ഉള്ള കരട് മാസ്റ്റർ പ്ലാനിന്റെ പ്രകാശനം നിർവഹിക്കുകയും ചെയ്തു. ആദ്യഘട്ടത്തിൽ 90 ഏക്കറിൽ മൃഗശാല ആധുനികവൽക്കരണം നടക്കുമെന്നാണ് പ്രസ്തുത യോഗത്തിൽ അറിയിച്ചത് കൂടാതെ നിർദ്ദിഷ്ട സ്ഥലത്തിന് അനുബന്ധമായുള്ള 32 ഏക്കർ സ്ഥലത്ത് സയൻസ് സിറ്റി സ്ഥാപിക്കുമെന്നും അറിയിപ്പുണ്ടായി. നിർദ്ദിഷ്ട സ്ഥലം അപ്പോഴും വനംവകുപ്പിന്റെ ഉടമസ്ഥതയിൽ തന്നെയായിരു

ന്നു. വനം വകുപ്പ് മന്ത്രിയോ വനം വകുപ്പ് ഉദ്യോഗസ്ഥരോ യോഗത്തിൽ പങ്കെടുത്തില്ല. പൊതുമരാമത്ത് വകുപ്പ് പിന്നീട് ടെണ്ടർ ക്ഷണിച്ചു. ടെണ്ടർ ഉറപ്പിച്ചു എങ്കിലും നിർമ്മാണം നടത്താൻ സാധിച്ചില്ല. വനംവകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് നിർമ്മാണം അനുവദിക്കുകയില്ല എന്ന കാര്യം വനം വകുപ്പ് പൊതുമരാമത്ത് വകുപ്പിനെ അറിയിക്കുകയായിരുന്നു. തുടർന്ന് ടെണ്ടർ ഉറപ്പിച്ച വ്യക്തി പ്രസ്തുത ടെണ്ടർ ഉപേക്ഷിക്കുകയും ചെയ്തു.

സയൻസ് സിറ്റിക്കു വേണ്ടി 2011 മാർച്ച് ഒന്നാംതീയതി ശിലാസ്ഥാപനം നിർവഹിച്ചു. സ്ഥലം വിട്ടുകിട്ടാത്തതുകൊണ്ട് പുത്തൂർ കുരിശു മൂലയിലുള്ള പഞ്ചായത്ത് ഷോപ്പിങ് കോംപ്ലക്സ് ഹാളിൽ വെച്ചാണ് ശിലാസ്ഥാപനം നടന്നത്. പ്രസ്തുത പദ്ധതി ഇവിടെ നടപ്പായില്ല.

ഡൽഹിയിലെ കൂടിക്കാഴ്ച

2010 ജൂലൈ ഇരുപത്തിമൂന്നാം തീയതി സംസ്കാരിക വകുപ്പിന്റേയും മൃഗശാല വകുപ്പിന്റേയും ചുമതലയുള്ള മന്ത്രി എം.എ ബേബി ഡൽഹിയിൽ കേന്ദ്ര വനം – പരിസ്ഥിതി മന്ത്രി ജയറാം രമേശുമായി സംസാരിച്ചു. തുടർന്ന് ഡൽഹിയിൽ അദ്ദേഹം പത്രക്കാരെ കണ്ടപ്പോൾ തൃശ്ശൂർ മൃഗശാല ആധുനിക വൽക്കരണത്തിന് ഉണ്ടായിരുന്ന തടസ്സങ്ങൾ നീങ്ങിയെന്നും കേന്ദ്ര അനുമതി വാക്കാൽ ലഭിച്ചു എന്നും അറിയിക്കുകയുണ്ടായി. എന്നാൽ രണ്ടാഴ്ചക്കുള്ളിൽ മൃഗശാല ആധുനികവൽക്കരണത്തിനായി നൽകിയ അപേക്ഷ നിരസിച്ചുകൊണ്ട് കേന്ദ്ര പരിസ്ഥിതി വനം വകുപ്പിന്റെ അറിയിപ്പ് ലഭിക്കുകയും ചെയ്തു. ശരിയായ ക്രമങ്ങൾ പാലിച്ചുകൊണ്ടുള്ള അപേക്ഷ ആയിരുന്നില്ല അത് എന്നാണ് പരിസ്ഥിതി മന്ത്രാലയം പറഞ്ഞത്. ജൂൺ അഞ്ചിന് മുഖ്യമന്ത്രി പങ്കെടുത്ത യോഗത്തിൽ പ്രകാശനം ചെയ്ത കരട് മാസ്റ്റർ പ്ലാൻ വച്ചുകൊണ്ടാണ് അനുമതിക്കായി അപേക്ഷിച്ചിരുന്നത്.

മാസ്റ്റർ പ്ലാൻ തയ്യാറാക്കി കഴിഞ്ഞാൽ കേന്ദ്ര മൃഗശാല അതോറിറ്റിയുടെയും സംസ്ഥാന വിദഗ്ധ സമിതിയുടെയും അംഗീകാരം തേടേണ്ടതുണ്ട്. ഈ രണ്ടു പ്രവർത്തനങ്ങളും പൂർത്തീകരിച്ചിരുന്നില്ല. അതിനേക്കാൾ ഉപരിയായി, വനംവകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് മറ്റൊരു വകുപ്പിന് പ്രോജക്റ്റുകൾ നടത്താൻ അനുമതി ലഭിക്കില്ല എന്നതും പ്രധാന തടസ്സമായി തുടർന്നു. മൃഗശാല ആധുനികവൽക്കരണം യാഥാർത്ഥ്യം ആകണമെങ്കിൽ പ്രസ്തുത പദ്ധതി വനംവകുപ്പിനെ ഏൽപ്പിക്കുന്നത് ആയിരിക്കും കൂടുതൽ ഉചിതം എന്ന ചിന്ത എല്ലാവരിലും ഉണ്ടാകാൻ ഇടയായി.

ജന്തുക്ഷേമ ദിനത്തിൽ ചർച്ചാ യോഗം

2010 ഒക്ടോബർ നാലിന്, ലോക ജന്തുക്ഷേമ ദിനത്തിൽ, തൃശൂർ ഗാന്ധി പീസ് ഫൗണ്ടേഷൻ ഹാളിൽ വിപുലമായ ചർച്ചായോഗം സംഘടിപ്പിച്ചു. 'മൃഗശാല ആധുനികവൽക്കരണം : പ്രതീക്ഷകളും പ്രവർത്തനങ്ങളും' എന്ന വിഷയത്തെ ആസ്പദമാക്കി യാണ് ചർച്ച യോഗം നടന്നത്. സർവോദയ മണ്ഡലം സംസ്ഥാന വൈസ് പ്രസിഡണ്ടും ഫ്രണ്ട്സ് ഓഫ് സൂ കൺവീനറുമായ എം. പീതാംബരൻ മാസ്റ്റർ ചർച്ചാ യോഗത്തിൽ അധ്യക്ഷത വഹിച്ചു. ഫ്രണ്ട്സ് ഓഫ് സൂ പ്രസിഡൻറ് പ്രൊഫ. ജോൺ സിറിയക്ക്, മുൻ പി.എസ്.സി. അംഗം അഡ്വ. എൻ. കെ.ഗംഗാധരൻ, പി.വി. ഗംഗാധരൻ മാസ്റ്റർ, അഡ്വ. ടി. ഗോപ കുമാർ, സി.എൻ. ഗോപിനാഥൻ, ടി. കെ. വാസു, ശ്രീധരൻ തേറമ്പിൽ, അഡ്വ. പി. കെ. ജോൺ, ഡേവിസ് വളർക്കാവ്, വി.എ. മാത്യു, പുനം റഹീം, പി.എസ്. സുകുമാരൻ, ജോൺ തെക്കൂടൻ, വിത്സൻ പണ്ടാരവളപ്പിൽ എന്നിവർ ചർച്ച യിൽ പങ്കെടുത്തു.

മുഖ്യമന്ത്രിക്ക് തുറന്ന കത്ത്

മൃഗശാല ആധുനികവൽക്കരണം സംബന്ധിച്ച അനിശ്ചിതത്വം തുടരുന്ന സാഹചര്യത്തിൽ മുഖ്യമന്ത്രി അടിയന്തിരമായി ഇടപെടണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് മുഖ്യമന്ത്രിക്ക് ഒരു തുറന്ന കത്ത് ഫ്രണ്ട്സ് ഓഫ് സൂ നൽകുകയുണ്ടായി അടിയന്തരമായി ചെയ്യേണ്ടതായ ചില കാര്യങ്ങൾ കത്തിൽ സൂചിപ്പിച്ചിരുന്നു.

1. മുഖ്യമന്ത്രി, പ്രതിപക്ഷ നേതാവ്, കേരളത്തിൽ നിന്നുള്ള കേന്ദ്ര മന്ത്രിമാർ, ബന്ധപ്പെട്ട സംസ്ഥാന മന്ത്രിമാർ, തൃശൂർ എം.പി, എന്നിവരുടെ ഒരു സംഘം ഡൽഹിയിൽ ചെന്ന് പ്രധാനമന്ത്രി, വനം – പരിസ്ഥിതി വകുപ്പ് മന്ത്രി എന്നിവരെ കണ്ട് വനഭൂമി വിട്ടു കിട്ടുന്നതിനും പ്രോജക്റ്റുകൾ അനുവദിക്കുന്നതിനും സമ്മർദ്ദം ചെലുത്തണം.

2. സംസ്ഥാനത്തും കേന്ദ്രത്തിലും വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് മൃഗശാല ആധുനികവൽക്കരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാൻ ഐ.എ.എസ്. കേഡറിൽ ഉള്ള ഒരു ഉദ്യോഗസ്ഥനെ മുഴുവൻ സമയം സ്പെഷ്യൽ ഓഫീസറായി ഉടൻ നിയമിക്കണം.

3. ഡോക്ടർ എസ്.കെ.മുഖർജി ചെയർമാനായി രൂപീകരിച്ചിട്ടുള്ള വിദഗ്ധ സമിതി ഉടൻ വിളിച്ചുചേർത്ത പ്രോജക്ടുകൾക്ക് രൂപം നൽകണം.

4. സംസ്ഥാന തലത്തിൽ മുഖ്യമന്ത്രി ചെയർമാനായി ബന്ധപ്പെട്ട വകുപ്പുകളുടെ മന്ത്രിമാർ ഉൾപ്പെടുന്ന ഉപസമിതി രൂപീകരിച്ചു മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തണം.



വാർത്ത Metro 18-5-2010 TCR

മൃഗശാല മാറ്റം ഇനിയെന്ന്?

തൃശൂർ

മൃഗങ്ങൾ ചത്തൊടുങ്ങുമ്പോഴും തൃശൂർ മൃഗശാലയുടെ നവീകരണം സാങ്കേതിക കുരുക്കിൽ. മൃഗശാല പുത്തൂരിലേക്കു മാറ്റുമെന്നു പ്രഖ്യാപിച്ചിട്ടു മൂന്നു വർഷം. പുത്തൂരിലെ വനം വകുപ്പിന്റെ നൂറേക്കർ തൃശ്സാംസ്കാരിക വകുപ്പിനു കൈമാറുന്ന ചടങ്ങു വളരെ കൊട്ടിഘോഷിച്ചു നടത്തിയെങ്കിലും കൈമാറ്റം ഇതുവരെ നടന്നിട്ടില്ല.

ഇടക്കിടയിലെ നവീകരണത്തിനു വകുപ്പിന്റെ സ്ഥലം വനം വകുപ്പിനു നൽകി പുത്തൂരിലെ വനം വകുപ്പിന്റെ സ്ഥലം ഏറ്റെടുക്കാനാണു തീരുമാനം. സെൻട്രൽ മൃഗശാല അതോറിറ്റി കർശന നിർദേശം നൽകുന്ന സാഹചര്യത്തിലാണു മൃഗശാലമാറ്റുന്ന വാർത്തയെന്നു സർക്കാർ എത്രനാളെത്തന്നാണ് ആക്ഷേപം. മൃഗങ്ങൾ ചത്തൊടുങ്ങുന്നതിനു കാരണം പരിചയ സമ്പന്നരായ പരിചാരകരില്ലാത്തതാണെന്നും പരാതി.

മൃഗശാലയിൽ 11 സ്ഥിരം പരിചാരകർ വേണ്ടിടത്ത് ഉള്ളത് അഞ്ചു പേർ മാത്രം. മാത്രമല്ലയും താൽക്കാലിക ജീവനക്കാർ. മൃഗങ്ങളെ പരിചരിക്കുന്നതിനു സ്ഥിരമായി ഒരു ഡോക്ടറില്ലെന്നതാണു മറ്റൊരു പ്രശ്നം. കൊക്കാലയിലെ വെറ്ററിനറി കോളേജിൽനിന്നു വേണം ആവശ്യപ്പെടുന്നസമയത്തുനൽകാനെന്ന വ്യവസ്ഥയിലാണ് ഒരു ഡോക്ടർ വരുന്നത്. അതുമല്ലാതുള്ള മൃഗങ്ങളെ മറ്റിപ്പാർപ്പിക്കാൻ കൂടുകളുടെ സൗകര്യവും കുറഞ്ഞിരിക്കുകയാണ്.

അവശ്യമായ സൗകര്യമില്ലാത്തതാണു മൃഗങ്ങൾ ചത്തൊടുങ്ങാൻ കാരണമെന്ന് ഫ്രന്റ്സ് ഒഫ് തൃശൂർ സു കൺവീനർ എം. പീതാംബരൻ പറഞ്ഞു. പക്ഷികളടക്കം 550ഓളം മൃഗങ്ങളാണു തൃശൂർ മൃഗശാലയിലുള്ളത്. ഇതിൽ മാൻ, മ്ലാവ്, പന്നിമാൻ, കുരങ്ങുകൾ എന്നിവയുടെ എണ്ണം സംരക്ഷിക്കാവുന്നതിലും വളരെ കൂടുതലാണെന്നാണു സെൻട്രൽ സൂ അതോറിറ്റി വിലയിരുത്തിയത്. മാനുകൾ-184, മ്ലാവ്-70, പന്നിമാൻ-35, കുരങ്ങ്- 97 എന്നിങ്ങനെയാണുള്ളത്. ഇവയിൽ പത്തെണ്ണം വീതം മാത്രം നിർത്തി ബാക്കിയെല്ലാത്തിനെയും കാട്ടിൽ വിടണമെന്നും നിർദേശിച്ചിരുന്നു. എന്നാൽ സ്ഥലം പോലും കൈമാറാത്ത പുത്തൂർ മൃഗശാലയുടെ പേരു പറഞ്ഞാണു സർക്കാർ ഇതിനു തയാറാകാത്തത്.

പുത്തൂരിലേക്കു മൃഗശാലമാറ്റാൻ പുതിയതു അഞ്ചു വർഷമെടുക്കുമെന്നു അധികൃതർ തന്നെ സമ്മതിക്കുന്നു. സ്ഥലം കൈമാറുന്നീണ്ടാൽ അതിലധികം വർഷമെടുക്കും. ആവശ്യമായ മൃഗപരിചരണമില്ലെന്നപേരിൽ 1994ൽ തൃശൂർ മൃഗശാലയുടെ അംഗീകാരം നഷ്ടപ്പെടുന്നു. ഇപ്പോൾ സെൻട്രൽ സൂ അതോറിറ്റിയുടെ മൃഗം അന്വേഷിക്കണമെന്നും ദേവഹീകൾ ആവശ്യപ്പെട്ടു 2009 മാർച്ചിൽ മൃഗശാല പുത്തൂരിലേക്കുമാറ്റുമെന്നായിരുന്നു വാഗ്ദാനം.

2010 ആയിട്ടും പുത്തൂരിലെ സ്ഥലം വനം വകുപ്പ് ഉപയോഗിച്ചു കൊണ്ടിരിക്കുകയാണ്. ഈ സ്ഥലം കണ്ടെത്തിയിട്ടു 13 വർഷം കഴിഞ്ഞെങ്കിലും ഇതുവരെ പ്രാഥമിക നടപടികൾ പൂർത്തിയാക്കിയിട്ടില്ലെന്നും ദേവഹീകൾ ആരോപിച്ചു.

കടുവ ചത്തത് അന്വേഷിക്കണം: ഫ്രന്റ്സ് ഒഫ് തൃശൂർ സു

തൃശൂർ

മൃഗശാലയിൽ കഴിഞ്ഞദിവസം കടുവ ചത്തതിനെപ്പറ്റി അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ട് ഫ്രന്റ്സ് ഒഫ് തൃശൂർ സു, വകുപ്പു മന്ത്രിക്കും മൃഗശാലാ ഡയറക്ടർക്കും നിവേദനം നൽകി. അവധ്യത്തിനു സന്ദർശകരും പരിശോധനയും കിട്ടാത്ത സാഹചര്യത്തിലാണു കടുവ ചത്തത്.

തൃശൂർ മൃഗശാലയിൽ നിലവിൽ എന്തൊക്കെ സൗകര്യങ്ങളുണ്ടെന്നോ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതെന്നോ അറിയാൻ ഒരു പഠനം നടത്തണമെന്നും ഫ്രന്റ്സ് ഒഫ് തൃശൂർ സു ആവശ്യപ്പെട്ടു. മൃഗശാലയുടെ പ്രവർത്തനം

മൃഗങ്ങളെ കൂട്ടിലിടുന്നതിനും തുറസ്സായ സ്ഥലത്തുള്ള സംരക്ഷണത്തിനുമായി അധികൃതർ നിർദേശിച്ചു. എന്നാൽ 15 ഏക്കർ സ്ഥലത്തിനുള്ളിൽ ഇത്ര സ്വാധ്യമാക്കാൻ സാധിച്ചു വംശനാശ ഭീഷണി നേരിടുന്ന മൃഗങ്ങളുടെ 36 ഓളം ഇനം തൃശൂരാണു മൃഗശാലയിലുള്ളത്. വിദേശത്തിൽ അനേകം മൃഗങ്ങൾ ചത്തുപോകുന്ന തൃശൂർ മൃഗശാലയെ അഭിമുഖീകരിക്കുന്നു. നഷ്ടപ്പെടുന്നു. നഷ്ടപ്പെടുന്നു. നഷ്ടപ്പെട



നാട്ടുവർത്തമാനം 3

മുഖ്യമന്ത്രി തറക്കല്ലിട്ടു

പുത്തൂരിലെ മൃഗശാല ആദ്യഘട്ടം 90 ഏക്കറിൽ

സഫാരി പാർക്ക് 5 കോടി അനുവദിക്കും- മന്ത്രി രാജേന്ദ്രൻ

4 [illegible] 2010 [illegible] പ്രാദേ


മൃഗശാലകളിൽ മൃഗങ്ങൾക്കും പക്ഷികൾക്കും സ്വാതന്ത്ര്യം നൽകണം – മുഖ്യമന്ത്രി

കാടിന് മതിൽ കെട്ടി മുഖ്യമന്ത്രിയും മന്ത്രിമാരും 'കാടു കയറുന്നു'



മൃഗശാല വന്യജീവി സങ്കേതമാകും; പുത്തൂരിലേക്ക് മാറ്റാൻ കേന്ദ്രാനുമതി ഉടൻ

മൃഗശാല പുത്തൂരിലേക്കു മാറ്റാൻ കേന്ദ്രാനുമതി



No.D8.1549/10.

Office of the Superintending Engineer,
PWD Buildings & Local Works,
Central Circle, Thrissur.
Dated: 30.03.2011

From

The Superintending Engineer.

To

The Executive Engineer,
PWD Buildings Division,
Thrissur.

Sir,

Sub: Construction of compound wall around the Land earmarked for Thrissur Zoo at Puthur – Phase I

Ref: 1. That office Lr.No.D2-1983/10 Dt.9.2.2011.
2. Lr.No. Nil Dt.14.12.2010 of Contractor Sri.M.K.Rajan, Mulangattukara House, P.O. Ponnukkara.

.....

The work was tendered hoping that land, which is in the possession of forest department, one of another department of Govt.of Kerala, will be available in time. But as per the vide reference cited above, it is informed that the land has not so far been handed over by the forest department for starting the above work. The work already tendered is cancelled. You are requested to follow up for getting land from the forest department at the earliest and report to this office.

Yours faithfully,
Sd/
Superintending Engineer.

Forwarded/By Order

Executive Engineer (GI)

EXECUTIVE ENGINEER (GENERAL)

ഒക്ടോബർ 4 - ലോക ജന്തുക്ഷേമ ദിനം

മൃഗശാലാ ആധുനീകവൽക്കരണം
പ്രതീക്ഷകളും പ്രവർത്തനങ്ങളും

ചർച്ചായോഗം

04-10-2010 തിങ്കളാഴ്ച 4.30 PM
ഗാന്ധി പീസ് ഫൗണ്ടേഷൻ ഹാളിൽ

സുഹൃത്തേ,

സാംസ്കാരിക നഗരിയിൽ ഓടുങ്ങിയ കൂടുകളിൽ
ആറുനൂറോളം പക്ഷി മൃഗാദികൾ
ദുരിതമനുഭവിക്കുന്നു.
ഇത് ഭൂഷണമാണോ?
ഇതിന് ഒരു മാറുതി വരുമോ?
നമുക്ക് എന്ത് ചെയ്യാനാകും?

സാംസ്കാരിക പ്രവർത്തകരുടെ കൂട്ടായ ചർച്ച.
2010 ഒക്ടോബർ 4 തൈക്കീഴ് 4.30 ന്. വടക്കേ പ്രദക്ഷിണ
വഴിയിൽ കൊച്ചിൻ ദേവസ്വം ബോർഡിന്റെ
കെട്ടിടത്തിലുള്ള ഗാന്ധി പീസ് ഫൗണ്ടേഷൻ ഹാളിൽ.

താങ്കളും പങ്കെടുക്കുക

സംഘാടകർ : **സർവ്വോദയ മണ്ഡലം**
ഫ്രണ്ട്സ് ഓഫ് സൂ
ഫോൺ : 9446401576

FRIENDS OF THRISSUR ZOO

ബഹുമാനപ്പെട്ട് മുഖ്യമന്ത്രി ശ്രീ.വി.എസ്. അച്ചുതാനന്ദൻ അവർകൾക്ക്,

തൃശ്ശൂർ മൃഗശാലയുടെ ആധുനികവൽക്കരണത്തിനായി പുത്തൂരിൽ വനംവകുപ്പ് വക സ്ഥലം വിട്ടുകിട്ടുന്നതിന് ബദലായി ഇടുക്കി ജില്ലയിൽ ദേവികുളം താലൂക്കിൽ തത്തുല്യമായ സ്ഥലം കണ്ടെത്താൻ സാധിച്ചതും പ്രസ്തുതഭൂമി വനംവകുപ്പിന് കൈമാറാൻ 4.8.2008 ഗവൺമെന്റ് ഉത്തരവ് ഇറക്കിയതും താങ്കളുടെ നേതൃത്വത്തിലുള്ള മന്ത്രിസഭയുടെ പ്രശംസനീയമായ നടപടിയാണ്.

അതേ സമയം, മൃഗശാല ആധുനിക വൽക്കരണം സംബന്ധിച്ച് ജനങ്ങൾക്ക് നിരാശയുണ്ടാകുന്ന നിരവധി സംഭവങ്ങൾ ഈ കാലയളവിൽ ഉണ്ടായി എന്നത് ഖേദകരമാണ്. ഏതാനും കാര്യങ്ങൾ താഴെകൊടുക്കുന്നു.

- കേരളപ്പിറവിയുടെ സുവർണ്ണ ജൂബിലി സമാപന സമ്മേളനം തൃശ്ശൂരിൽ നടക്കുന്ന വേളയിൽ (20.12.2006) ആധുനിക മൃഗശാല സംബന്ധിച്ച് പ്രഖ്യാപനം ബഹുമാനപ്പെട്ട രാഷ്ട്രപതി ശ്രീ. എ.പി.ജെ. അബ്ദുൾ കലാം നിർവ്വഹിക്കുമെന്ന് റവന്യൂവകുപ്പ് മന്ത്രി പത്രസമ്മേളനത്തിൽ അറിയിക്കുകയുണ്ടായി. അത്തരം ഒരു പ്രഖ്യാപനം ഉണ്ടായില്ല.
- 2007 ഡിസംബർ 25ന് മൃഗശാലക്കുള്ള ഭൂമി വനംവകുപ്പിൽനിന്ന് മൃഗശാലവകുപ്പിന് കൈമാറുന്നതിനായുള്ള വിപുലമായ സമ്മേളനം പുത്തൂരിൽ നടന്നു. ഭൂമി കൈമാറ്റം നടന്നില്ല. ഇതുവരേയും ഭൂമി ലഭിച്ചിട്ടില്ല.
- 2010 ജൂൺ 5ന് – ആധുനിക മൃഗശാലയുടെ നിർമ്മാണ ഉദ്ഘാടനവും ചുറ്റുമതിലിന്റെ തറക്കല്ലിടൽ ചടങ്ങും അങ്ങ് നിർവ്വഹിച്ചു. ഭൂമി ലഭിച്ചിട്ടില്ലാത്തതിനാൽ ഇതുവരേയും നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടില്ല.
- 2010 ജൂലായ് 23ന് ഡൽഹിയിൽവെച്ച് സംസ്ഥാന സാംസ്കാരിക വകുപ്പുമന്ത്രി പത്രസമ്മേളനം നടത്തി. ആധുനിക മൃഗശാലക്ക് കേന്ദ്രവനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചു എന്നാണ് അറിയിച്ചത്. വനംപരിസ്ഥിതി വകുപ്പിന് പൂർണ്ണമായ അപേക്ഷപോലും നല്കാതെയാണ് ഇപ്രകാരം പ്രഖ്യാപിച്ചത്. രണ്ടാഴ്ചക്കുശേഷം അപൂർണ്ണമായ അപേക്ഷ നിരസിക്കുകയും ചെയ്തു.

ഇത്തരം അനിഷ്ടസംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ പ്രത്യേക ശ്രദ്ധ നല്കേണ്ടതുണ്ട്. വനംവകുപ്പിൽനിന്ന് ഭൂമി ലഭ്യമാക്കുക എന്നത് ശ്രമകരമായ ജോലിയാണ്. കേന്ദ്ര വനംവകുപ്പിൽ ശക്തമായ സമ്മർദ്ദം ആവശ്യമാണ്.

മൃഗശാല ആധുനികവൽക്കരണത്തിന് ചുരുങ്ങിയത് 150 കോടി രൂപയെങ്കിലും വേണം. വന്യമൃഗസംരക്ഷണത്തിനും പരിപാലനത്തിനുമായുള്ള വിവിധ പ്രോജക്ടുകൾക്ക് അംഗീകാരം നേടുക വഴിയാണ് ഇത്രയും തുക കേന്ദ്രമൃഗശാല അതോറിറ്റിയിൽനിന്നും, വനം പരിസ്ഥിതി മന്ത്രാലയത്തിൽനിന്നും സമാഹരിക്കാനാകുക.

ഇതിന് നിരന്തരവും കാര്യക്ഷമവുമായ പ്രവർത്തനം വേണം. സംസ്ഥാന മൃഗശാല വകുപ്പിന്റെ ഇപ്പോഴത്തെ സംവിധാനം ഉപയോഗിച്ച് ഇത്രയും ഭാരിച്ച പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്താനാകില്ല.

അടുത്തകാലത്ത് സംസ്ഥാന ഗവൺമെന്റ് പ്രഖ്യാപിച്ച സയൻസ് സിറ്റി, കേന്ദ്രസർവ്വ കലാശാല എന്നിവക്കും വനംവകുപ്പിന്റെ സ്ഥലം തന്നെയാണ് വിട്ടുകിട്ടേണ്ടത്.

ആധുനിക മൃഗശാല, സയൻസ് സിറ്റി, കേന്ദ്ര സർവ്വകലാശാല എന്നിവ കേരളത്തിന്റെ വിനോദസഞ്ചാര വിജ്ഞാന-ഗവേഷണ മേഖലയിൽ വൻസാധ്യതകളുള്ളതാണ്. ഇത് യാഥാർത്ഥ്യമാകാൻ മുഖ്യമന്ത്രി തന്നെ മുൻകയ്യെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

അടിയന്തിരമായി ചെയ്യേണ്ടതായ ചിലകാര്യങ്ങൾ നിർദ്ദേശിക്കട്ടെ.

- മുഖ്യമന്ത്രി, പ്രതിപക്ഷ നേതാവ്, കേരളത്തിൽനിന്നുള്ള കേന്ദ്രമന്ത്രിമാർ ബന്ധപ്പെട്ട സംസ്ഥാന മന്ത്രിമാർ, തൃശ്ശൂർ എം.പി. എന്നിവരുടെ ഒരു സംഘം ഡൽഹിയിൽചെന്ന് പ്രധാനമന്ത്രി, വനം പരിസ്ഥിതി വകുപ്പ് മന്ത്രി എന്നിവരെ കണ്ട് വനംഭൂമി വിട്ടുകിട്ടുന്നതിനും പ്രോജക്ടുകൾ അനുവദിക്കുന്നതിനും സമ്മർദ്ദം ചെലുത്തണം.
- സംസ്ഥാനത്തും, കേന്ദ്രത്തിലും വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് മൃഗശാല ആധുനികവൽക്കരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാൻ ഐ.എ.എസ്. കേഡറിലുള്ള ഒരു വ്യക്തിയെ മുഴുവൻ സമയ സ്പെഷ്യൽ ഓഫീസറായി ഉടൻ നിയമിക്കണം.
- ഡോ. എസ്.കെ. മുഖർജി ചെയർമാനായി നേരത്തെ രൂപീകരിച്ചിട്ടുള്ള വിദഗ്ധസമിതി ഉടൻ വിളിച്ച് ചേർത്ത് പ്രോജക്ടുകൾക്ക് രൂപം നല്കണം.
- സംസ്ഥാനതലത്തിൽ മുഖ്യമന്ത്രി ചെയർമാനായി ബന്ധപ്പെട്ട വകുപ്പുകളുടെ മന്ത്രിമാർ ഉൾപ്പെടുന്ന ഉപസമിതി രൂപീകരിച്ച് മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തണം.

ആദർശാധിഷ്ഠിതവും ജനകീയവുമായ പ്രവർത്തനത്തിലൂടെ മുന്നേറുന്ന താങ്കളിൽ ഞങ്ങൾ പ്രതീക്ഷ അർപ്പിക്കുന്നു.

ഇതുവരെയുള്ള വീഴ്ചകൾ പരിഹരിച്ച്, ആധുനിക മൃഗശാല യാഥാർത്ഥ്യമാക്കാനുള്ള സത്വര നടപടികൾ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

തൃശ്ശൂർ
12.12.2010

പ്രൊഫ:ജോൺസിറിയക്
പ്രസിഡന്റ്
ഫ്രണ്ട്സ് ഓഫ് തൃശ്ശൂർ സൂ

എം.പീതാംബരൻ
സെക്രട്ടറി
ഫ്രണ്ട്സ് ഓഫ് തൃശ്ശൂർ സൂ
പി.ഒ.ഇരവിമംഗലം
തൃശ്ശൂർ - 680 751
ഫോൺ : 9446401576

വനംവകുപ്പിനെ ഏൽപ്പിക്കണം

മൃഗശാല ആധുനികവൽക്കരണ പ്രവർത്തനങ്ങൾ സംബന്ധിച്ച അപേക്ഷ കേന്ദ്ര മൃഗശാല അതോറട്ടിക്ക് ലഭിച്ചതിനെത്തുടർന്ന് കേന്ദ്ര മൃഗശാല അതോറിറ്റിയുടെ വിദഗ്ധ സമിതി അംഗങ്ങളായ ഡോ. എസ്.സി. ശർമ്മ, ഡോ. ബ്രിജ് കിഷോർ ഗുപ്ത എന്നിവർ നിർദ്ദിഷ്ട സ്ഥലം സന്ദർശിച്ചു. ആധുനിക മൃഗശാലയ്ക്ക് ഏറ്റവും അനുയോജ്യമായ പ്രദേശമാണ് ഇതെന്ന് അവർ കണ്ടെത്തി. മണ്ണുത്തി വെറ്റിനറി കോളേജ്, പീച്ചി, കെ.എഫ്.ആർ.ഐ, ഫോറ സ്റ്ററി കോളേജ് എന്നിവയുടെ സാമ്യപ്യവും സംയുക്ത ഗവേഷണ സാധ്യത കളും കൂടി മനസ്സിൽ കണ്ടുകൊണ്ടാണ് ഇത്തരം ഒരു അഭിപ്രായം അവർ മുന്നോട്ട് വെച്ചത്. അനുകൂലമായ റിപ്പോർട്ട് പിന്നീട് അവർ നൽകു കയും ചെയ്തു. നിർദ്ദിഷ്ട സ്ഥലം മുഴുവനായും എടുത്തുകൊണ്ട് സുവോളജി ക്കൽ പാർക്കിനായുള്ള രൂപകൽപന ചെയ്യണമെന്ന് ഫ്രണ്ട്സ് ഓഫ് സൂ അവർക്ക് നൽകിയ കത്തിൽ അഭ്യർത്ഥിച്ചു.

ഇപ്രകാരം രൂപകല്പന ചെയ്യുമ്പോൾ ഉണ്ടാകുന്ന സാധ്യതകളെക്കുറിച്ചും ഫ്രണ്ട്സ് ഓഫ് സൂ സാങ്കേതിക വിദഗ്ധർക്ക് നൽകിയ കത്തിൽ വിശദീകരിച്ചി രുന്നു. 2011 ഫെബ്രുവരി മാസത്തിലും വനംവകുപ്പിൽ നിന്ന് പലതരത്തിലുള്ള വിശദീകരണം തേടിക്കൊണ്ടുള്ള കത്തുകൾ വനം വകുപ്പിന്റെ മധ്യമേഖല വിഭാഗത്തിന് ലഭിച്ചിരുന്നു. ഭൂമി വിട്ടുകൊടുക്കുന്നത് സംബന്ധിച്ച് ഒരു തീരുമാനവും വനംവകുപ്പ് എടുത്തിട്ടില്ല എന്നാണ് ഈ കത്തുകൾ സൂചിപ്പി ച്ചത്. 2011ലെ സംസ്ഥാന ബഡ്ജറ്റ് അവതരിപ്പിച്ചപ്പോഴും മൃഗശാല ആധുനിക വൽക്കരണത്തിന് തുക വകയിരുത്തിയതായി കണ്ടില്ല.ഇക്കാര്യം അധികൃത രുടെ ശ്രദ്ധയിൽ പെടുത്തുന്നതിന് ഫ്രണ്ട്സ് ഓഫ് സൂ നിവേദനങ്ങൾ സമർ പ്പിച്ചു. മൃഗശാല ആധുനികീകരണത്തിനായുള്ള ഫണ്ട് ബജറ്റിൽ ഉൾപ്പെടു ത്തണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് ഫ്രണ്ട്സ് ഓഫ് സൂവിന്റെയും സർവോ ദയ മണ്ഡലത്തിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ തൃശ്ശൂരിൽ കൺവെൻ ഷൻ നടന്നു. യോഗത്തിൽ ഫ്രണ്ട്സ് ഓഫ് സൂ ഭാരവാഹികളായ എം. പീതാം ബരൻ മാസ്റ്റർ, പ്രൊഫ. ജോൺ സിറിയക്ക്, പുത്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് ജോണി ചിറയത്ത്, മുൻ പ്രസിഡണ്ടുമാരായ വി.വി.മുരളീധരൻ, എം. ശങ്കരൻ കുട്ടി, പി.വി. ഗംഗാധരൻ മാസ്റ്റർ, ടി.ആർ. വിജയകുമാർ കെ.വി. അബ്ദുൽ അസീസ്, അഡ്വ. എൻ.കെ. ഗംഗാധരൻ, ശ്രീധരൻ തേറമ്പിൽ, ടി.കെ. വാസു, ഗബ്രിയേൽ എന്നിവർ പ്രസംഗിച്ചു. മുഴുവൻ സമയ സ്പെഷ്യൽ ഓഫീ സറെ നിയമിക്കണമെന്നും യോഗം ആവശ്യപ്പെട്ടു. മൃഗശാല ചുറ്റുമതിലിന് ആയി പി.ഡബ്ല്യു.ഡി വച്ച ടെൻഡർ 2011 ഏപ്രിൽ മാസത്തിൽ റദ്ദായി.

ഇപ്രകാരമൊരു ചുറ്റുമതിൽ പണിയാൻ വനംവകുപ്പിൽ നിന്ന് സ്ഥലം വിട്ടു കിട്ടാത്ത സാഹച ര്യത്തിലാണ് പൊതുമരാമത്ത് വകുപ്പ് ചുറ്റുമതിൽ കരാർ റദ്ദാക്കിയത്. വനം വകുപ്പിനെ മാറ്റിനിർത്തിക്കൊണ്ട് മൃഗശാല ആധുനിക വൽക്കരണം സാധ്യമാകില്ല എന്ന് തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ ഫ്രണ്ട്സ് ഓഫ് സൂ വ്യക്തമായ നിർദ്ദേശവുമായി മുന്നോട്ടുവന്നു.

പുത്തൂരിലെ നിർദ്ദിഷ്ഠ ആധുനിക മൃഗശാല നടത്തിപ്പിന്റെ ചുമതല വനംവകുപ്പിനെ ഏൽപ്പിക്കണം എന്നാണ് ഫ്രണ്ട്സ് ഓഫ് സൂവും സർവ്വോദയ മണ്ഡലവും തുടർന്ന് ആവശ്യപ്പെട്ടത്. ഈ ആവശ്യം മുൻനിർത്തിക്കൊണ്ട് തൃശ്ശൂരിൽ ഗാന്ധി പീസ് ഫൗണ്ടേഷൻ ഹാളിൽ 2011 മേയ് ഒൻപതാം തീയതി വിപുലമായ കൺവെൻഷൻ നടന്നു. ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് കെ.വി. ദാസൻ കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. ഫ്രണ്ട്സ് ഓഫ് സൂ സെക്രട്ടറി എം. പീതാംബരൻ അധ്യക്ഷത വഹിച്ചു. പുത്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജോണി ചിറയത്ത്, അഡ്വ. എൻ. കെ. ഗംഗാധരൻ, അഡ്വ. ടി. ഗോപകുമാർ, വി. വി. മുരളീധരൻ, പി.വി. ഗംഗാധരൻ മാസ്റ്റർ, ടി.കെ. ശ്രീനിവാസൻ, കെ. വി. അബ്ദുൽ അസീസ്, കെ.രാധാകൃഷ്ണൻ, ടി. കെ. വാസു, പ്രൊഫ. കെ. ബി. ഉണ്ണിത്താൻ, ജെയിംസ് മുട്ടിക്കൽ എന്നിവർ പ്രസംഗിച്ചു.

പുതിയ നിയമ സഭ, പുതിയ നിർദ്ദേശം

2011 ഏപ്രിൽ മാസത്തിൽ കേരള നിയമസഭയിലേക്ക് തെരഞ്ഞെടുപ്പ് നടന്നതിനെ തുടർന്ന് പുതിയ ജനപ്രതിനിധികൾ വന്നു. ഒല്ലൂരിന്റെ ജനപ്രതിനിധിയായി എം.പി.വിൻസെൻറ് തെരഞ്ഞെടുക്കപ്പെട്ടു. എം.എൽ.എയായി സത്യപ്രതിജ്ഞ നടത്തുന്നതിനു മുമ്പ് തന്നെ അദ്ദേഹം മണ്ഡലത്തിലെ പ്രശ്നങ്ങൾ ആഴത്തിൽ അറിയാൻ ഒരു സുപ്രധാന യോഗം 2011 മെയ് 17ന് തൃശ്ശൂർ രാമനിലയത്തിൽ നടത്തി. പ്രസ്തുത യോഗത്തിൽ ഫ്രണ്ട്സ് ഓഫ് സൂ പുതിയ നിർദ്ദേശം മുന്നോട്ടുവെച്ചു. മൃഗശാല വനംവകുപ്പിന് കൈമാറിക്കൊണ്ട് സുവോളജിക്കൽ പാർക്കായി വികസിപ്പിക്കുക എന്ന നിർദ്ദേശം.


പുതിയ മുഖ്യമന്ത്രിയായി ഉമ്മൻചാണ്ടി സത്യപ്രതിജ്ഞ ചെയ്തു. ഏറ്റവും ആദ്യമായി അദ്ദേഹത്തിനു ലഭിച്ച നിവേദനവും തൃശ്ശൂർ മൃഗശാല യെ സംബന്ധിച്ചുള്ളതായിരുന്നു. എം.പി. വിൻസെൻറ് എംഎൽഎയുടെ നേതൃത്വത്തിൽ തൃശ്ശൂർ ജില്ലയിലെ മറ്റ് എം.എൽ.എ.മാരുടെ കൂടി ഒപ്പ് ശേഖരിച്ചു കൊണ്ട് മൃഗശാല ആധുനികവൽക്കരണം തൃശ്ശൂരിന്റെ സുപ്രധാനമായ ആവശ്യമാണെന്ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടിയെ ബോധിപ്പിച്ചു. ആദ്യമായി കിട്ടിയ നിവേദനത്തിന് സമ്പൂർണ പിന്തുണയും പരിഗണനയും നൽകുമെന്ന്

അദ്ദേഹം ഉറപ്പു നൽകുകയും ചെയ്തു. തുടർന്ന് നടപടികൾ വളരെ വേഗത്തിൽ ആയി. ജനങ്ങളുടെ അഭിപ്രായവും ഫ്രണ്ട്സ് ഓഫ് സൂ വിന്റെ നിലപാടും എല്ലാം മനസ്സിലാക്കിയ വനംവകുപ്പും പുത്തൂരിൽ സുവോളജിക്കൽ പാർക്ക് നായുള്ള ചർച്ചകൾ ആരംഭിക്കുകയും ചെയ്തു. ഫ്രണ്ട്സ് ഓഫ് സൂ മുഖ്യമന്ത്രിക്ക് വിശദാംശങ്ങൾ വച്ചുകൊണ്ടുള്ള കത്ത് നൽകിയിരുന്നു.

ഒല്ലൂർ എം.എൽ.എ എം.പി.വിൻസെന്റ് ന്റേയും ഫ്രണ്ട്സ് ഓഫ് സൂ വിന്റെയും തൃശ്ശൂരിലെ എം.എൽ.എ.മാരുടെയും അഭ്യർത്ഥന മാനിച്ചുകൊണ്ട് ഇക്കാര്യത്തിൽ തീരുമാനം എടുക്കുന്നതിനായി ഒരു ഉന്നതതലയോഗം 2011 ജൂലൈ 8ന് മുഖ്യമന്ത്രി തിരുവനന്തപുരത്ത് വിളിച്ചു ചേർത്തു. മുഖ്യമന്ത്രി ഉമ്മൻചാണ്ടി, വനം വകുപ്പ് മന്ത്രി കെ. ബി.ഗണേഷ് കുമാർ, മൃഗശാല – കാഴ്ചബംഗ്ലാവ് വകുപ്പ് മന്ത്രി പി.കെ. ജയലക്ഷ്മി, സഹകരണ വകുപ്പ് മന്ത്രി തൃശ്ശൂർ ജില്ലയിൽ നിന്നുള്ള സി.എൻ. ബാലകൃഷ്ണൻ എന്നീ മന്ത്രിമാരും ബന്ധപ്പെട്ട വകുപ്പുകളുടെ സെക്രട്ടറിമാരും യോഗത്തിൽ പങ്കെടുത്തിരുന്നു.

പ്രസ്തുത യോഗത്തിൽ വച്ച് ആധുനിക മൃഗശാല നിർമ്മിക്കാനുള്ള ചുമതല വനം വകുപ്പിന് നൽകുകയായിരുന്നു. സുവോളജിക്കൽ പാർക്ക് നിർമാണം പൂർത്തിയാകുമ്പോൾ തൃശൂർ മൃഗശാലയിലെ മൃഗങ്ങളെ അങ്ങോട്ട് കൈമാറാനും യോഗത്തിൽ തീരുമാനമായി. സുവോളജിക്കൽ പാർക്ക് എന്ന പുതിയ പ്രോജക്ട് ന്റെ നോഡൽ ഓഫീസറായി മുൻ മൃഗശാല ഡയറക്ടർ സി.എസ്. യെലാക്കി ഐ.എഫ്. എസ് നെ നിയോഗിക്കുകയും ചെയ്തു. കേന്ദ്രവനംപരിസ്ഥിതി വകുപ്പുമായി ചർച്ച ചെയ്യാൻ രണ്ടാഴ്ചയ്ക്കകം തന്നെ ഡൽഹിയിൽ ബന്ധപ്പെട്ട മന്ത്രിമാരും വകുപ്പും സെക്രട്ടറിമാരും പോകുന്നതിനു യോഗത്തിൽ ധാരണയായി. സംസ്ഥാന വനം വകുപ്പ് മന്ത്രിയുടെ ഓഫീസിൽ ചേർന്ന യോഗത്തിൽ മുഖ്യമന്ത്രിക്ക് പുറമേ മന്ത്രി കെ.ബി. ഗണേഷ് കുമാർ, മന്ത്രി പി.കെ. ജയലക്ഷ്മി സഹകരണ മന്ത്രി സി.എൻ. ബാലകൃഷ്ണൻ, എംഎൽഎമാരായ എം.പി. വിൻസെന്റ്, അഡ്വ. തേറമ്പിൽ രാമകൃഷ്ണൻ, തൃശ്ശൂർ കോർപ്പറേഷൻ മേയർ ഐ.പി. പോൾ പ്രിൻസിപ്പൽ സെക്രട്ടറി സാജൻ പീറ്റർ, പ്രിൻസിപ്പൽ ഫോറസ്റ്റ് കൺസർവേറ്റർ ടി.എം. മനോഹരൻ, ചീഫ് വൈൽഡ് ലൈഫ് വാർഡൻ രാജരാജവർമ്മ, പുത്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജോണി ചിറയത്ത്, ഫ്രണ്ട്സ് ഓഫ് സൂ സെക്രട്ടറി എം. പീതാംബരൻ മാസ്റ്റർ, ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് ടി.പി. ജോർജ്, വി. വി. മുരളീധരൻ, ടി.കെ. ശ്രീനിവാസൻ, പോൾസൺ കണ്ണൂക്കാടൻ എന്നിവർ പങ്കെടുത്തു. സുപ്രധാനമായ തീരുമാനത്തിൽ എത്തിച്ച മുഖ്യമന്ത്രിയേയും വകുപ്പ് മന്ത്രിമാരെയും ഒല്ലൂർ എം.എൽ.എ. യേയും അഭിനന്ദിക്കാൻ ഫ്രണ്ട്സ് ഓഫ് സൂ പുത്തൂരിൽ അഭിനന്ദന യോഗം ചേർന്നു. മുഖ്യമന്ത്രി

ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിൽ നടത്തിയ ചർച്ചകൾക്കുശേഷം സുവോളജിക്കൽ പാർക്ക് യാഥാർഥ്യമാക്കുന്നതിൽ പുത്തൂരിലെ തൃശ്ശൂരിലെയും ജനങ്ങൾ വളരെ ഏറെ സന്തോഷിച്ചു. സുവോളജിക്കൽ പാർക്കിന് ആവശ്യമായ സാഹചര്യങ്ങൾ ഒരുക്കാൻ പുത്തൂരിൽ ചേർന്ന യോഗം തീരുമാനിച്ചു. ഗവൺമെൻറിനെ അഭിനന്ദിച്ചുകൊണ്ട് പുത്തൂരിൽ നടന്ന യോഗം എം.പി. വിൻസെന്റ് എംഎൽ.എ ഉദ്ഘാടനം ചെയ്തു. ജോണി ചിറയത്ത് അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് അംഗം ടി. ജെ.സനീഷ് കുമാർ, ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് ടി. പി. ജോർജ്ജ്, ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡൻറ് മിനി റെജി, ഫ്രണ്ട്സ് ഓഫ് സൂ സെക്രട്ടറി എം. പീതാംബരൻ മാസ്റ്റർ എന്നിവർ പ്രസംഗിച്ചു.



Meeting urgent

GOVERNMENT OF KERALA

3769/B2/11/CAD. Cultural Affairs (B) Department
Thiruvananthapuram, 30.06.2011.

From

The Secretary to Government

To

Sri. M. Peethambaran
Secretary
Friends of Thrissur Zoo.
Eravimangalam. P.O.
Thrissur- 680751

Sir,

Sub:- Cultural Affairs Department- Shifting of Thrissur Zoo to Puthur-
Meeting on 8.07.2011 at 12.30 PM-reg.

The Hon'ble Chief Minister desires to convene a meeting at 12.30 PM on 8.07.2011 in Chief Minister's Conference Hall, Secretariat, Thiruvananthapuram in order to discuss the matter of shifting up of Thrissur Zoo to Puthur.

I am to request you to make it convenient to attend the meeting

Yours faithfully

B.S. PAVANAKUMARI
JOINT SECRETARY
for Secretary to Government

വനം വകുപ്പ് മന്ത്രിയുടെ സന്ദർശനം

തൃശ്ശൂർ സുവോളജിക്കൽ പാർക്ക് സംബന്ധമായ സുപ്രധാന തീരുമാനം മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിൽ കൈകൊണ്ടതിനുശേഷം വനംവകുപ്പ് മന്ത്രി കെ. ബി.ഗണേഷ് കുമാർ 2011 ജൂലായ് 25ന് പുത്തൂരിലെ നിർദ്ദിഷ്ട സ്ഥലം സന്ദർശിച്ചു. നിർമാണപ്രവർത്തനങ്ങൾ വളരെ വേഗത്തിൽ ആരംഭിക്കുമെന്ന് അദ്ദേഹം അറിയിച്ചു.

കാലതാമസം ഒഴിവാക്കുന്നതിന് എംഎൽഎ എം.പി. വിൻസെൻറ് അധ്യക്ഷനും തദ്ദേശ സ്ഥാപന പ്രതിനിധികൾ, ഫ്രണ്ട്സ് ഓഫ് സൂ പ്രവർത്തകർ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ അടങ്ങുന്ന പ്രാദേശിക സമിതിക്ക് രൂപം നൽകുമെന്നും അദ്ദേഹം അറിയിച്ചു. സുവോളജിക്കൽ പാർക്ക് സുഗമമായ നിർമ്മാണത്തിനായി സ്പെഷൽ ഓഫീസർ സി.എസ്. യേലാക്കിയെ തൃശ്ശൂർ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ചുമതലകൂടി നൽകിയതായി മന്ത്രി കെ.ബി. ഗണേഷ് കുമാർ അറിയിച്ചു. സുവോളജിക്കൽ പാർക്കിനെ സംബന്ധിച്ച 10 നിർദേശങ്ങൾ ഫ്രിണ്ട്സ് ഓഫ് സൂ മന്ത്രി ഗണേഷ് കുമാറിന് കൈമാറി. രാമനിലയത്തിൽ നടന്ന യോഗത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് കെ. വി. ദാസൻ ജില്ലാ പഞ്ചായത്ത് അംഗം ടി. ജെ. സനീഷ് കുമാർ പുത്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് ജോണി ചിറയത്ത്, സ്പെഷ്യൽ ഓഫീസർ സി.എസ്. യേലാക്കി തൃശ്ശൂർ ഡി.എഫ്. ഓ. ഷേക്ക് ഹൈദർ ഹുസൈൻ, എം. പീതാംബരൻ മാസ്റ്റർ എന്നിവർ പങ്കെടുത്തു. 2011 ഡിസംബർ മാസം പത്താം തീയതി വനംവകുപ്പ് മന്ത്രി കെബി ഗണേഷ് കുമാറിൻറെ നേതൃത്വത്തിൽ തൃശ്ശൂർ രാമനിലയത്തിൽ ഒരു അവലോകന യോഗം നടന്നു. മൃഗശാല ആധുനികവൽക്കരണം സംബന്ധിച്ച കാര്യങ്ങൾ വിശദമായി ചർച്ച ചെയ്യാൻ ഈ യോഗം പ്രയോജനപ്പെട്ടു.

കേവലം മൃഗശാല അല്ല തൃശ്ശൂർ സുവോളജിക്കൽ പാർക്ക്

വന്യമൃഗസംരക്ഷണ-ഗവേഷണ കേന്ദ്രമായി വികസിപ്പിക്കുമെന്ന് പ്രസ്തുത യോഗത്തിൽ മന്ത്രി ഗണേഷ് കുമാർ ഉറപ്പുനൽകി. സഹകരണ വകുപ്പ് മന്ത്രി സി.എൻ. ബാലകൃഷ്ണൻ എം.എൽ.എ. എം.എൽ.എ.മാരായ അഡ്വ. തേറമ്പിൽ രാമകൃഷ്ണൻ എം.പി. വിൻസെന്റ് തൃശൂർ മേയർ ഐ.പി. പോൾ എന്നിവരും പ്രസ്തുത യോഗത്തിൽ പങ്കെടുത്തു.



പുത്തൂർ മൃഗശാല: വനംവകുപ്പ് സ്ഥലം നൽകിയില്ല; കരാറുകാരൻ പിന്മാറി

കരാർ റദ്ദായി; മൃഗശാലാമാറ്റം പ്രഖ്യാപനത്തിൽ മാത്രം

പുത്തൂർ മൃഗശാല: ചുറ്റുമതിൽ ടെൻഡർ റദ്ദായി



തൃശൂർ പൂരം

പുത്തൂരിൽ സുവോളജിക്കൽ പാർക്കിന് വനംവകുപ്പ് ശ്രമം

ഉദ്യോഗസ്ഥരുടെ പിടിവാശി; ദുരിതം പേറിയത് മിണ്ടാപ്രാണികൾ

സുവോളജിക്കൽ പാർക്ക് വന്നാലുള്ള ഗുണങ്ങൾ

- വംശനാശ ഭീഷണി നേരിടുന്ന ഇനങ്ങളെ പ്രത്യേകമായി സജ്ജമാക്കിയ പാർക്കിൽ പാർപ്പിക്കാൻ കഴിയും.

Metro

7

THE STATE MUSEUM.

Thrissur may Get a Zoological Park

The functioning of the zoo is continuing only by providing extension each year

REGION



മാതൃകാ ഗൃഹപാഠം

പുത്തൂരിന്റെ ജനപ്രതിനിധിയായി തിരഞ്ഞെടുക്കപ്പെട്ട എം.പി.വിൻസന്റ് സത്യപ്രതിജ്ഞയ്ക്കുപോലും കാത്തുനിൽക്കാതെ കണ്ടാണത്തിലെ പ്രവൃത്തികൾ ആഴ്ചയിലെയോ മാസത്തെയോ പിന്നിലാക്കിയത്. പതിനാറ് കൊല്ലം പുത്തൂർ ചർച്ച ചെയ്തു

മൃഗശാല വനംവകുപ്പിന് കൈമാറണം

എം. പീതാംബരൻ
സംസ്ഥാന വൈസ് പ്രസിഡണ്ട്
കേരള സർവ്വോദയ മണ്ഡലം
സെക്രട്ടറി, ഫ്രണ്ട്സ് ഓഫ് സൂ
സർവ്വോദയ നഗർ
പി.ഒ. ഇരവിമംഗലം
തൃശൂർ-680751
ഫോൺ: 9446401576

ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി അവർകൾക്ക്,

തൃശൂർ പട്ടണത്തിൽ 13 ഏക്കർ സ്ഥലത്ത് സ്ഥിതിചെയ്യുന്ന മൃഗശാലയിൽ 573 പക്ഷിമൃഗാദികൾ ഇടുങ്ങിയ കൂടുകളിൽ നിത്യദുരിതം അനുഭവിക്കുകയാണ് കേന്ദ്ര മൃഗശാല അതോറിറ്റി (Central Zoo Authority) നിർദ്ദേശിച്ച സ്ഥല സൗകര്യ മാനദണ്ഡങ്ങൾ പാലിക്കാൻ സാധിക്കാത്തതുകൊണ്ട് 1994 മുതൽ ഈ മൃഗശാലക്ക് കേന്ദ്ര മൃഗശാല അതോറിറ്റിയിൽ നിന്നോ വനംപരിസ്ഥിതി മന്ത്രാലയത്തിൽനിന്നോ ഗ്രാന്റോ മറ്റ് ആനുകൂല്യങ്ങളോ ലഭിക്കുന്നില്ല.

ഈ പ്രതിസന്ധി പരിഹരിക്കുന്നതിനുവേണ്ടിയാണ് തൃശൂർ ടൗണിൽ നിന്ന് 8 കിലോ മീറ്റർ മാത്രം (നാഷണൽ ഹൈവേ ബൈപാസ്സിൽ നിന്ന് 3 കിലോ മീറ്റർ) അകലെയുള്ള പുത്തൂരിലെ 337 ഏക്കർ സ്ഥലത്തേക്ക് മൃഗശാല മാറ്റാനും ആധുനികവൽക്കരിക്കാനും സംസ്ഥാന സർക്കാർ 17 വർഷം മുമ്പ് തീരുമാനിച്ചത്.

കേരളത്തിന്റെ വിനോദസഞ്ചാര മേഖലയിലും സാമ്പത്തിക മേഖലയിലും ഗുണകരമായ സംഭാവനകൾ ചെയ്യാൻ ഈ പ്രോജക്ടിന് സാധിക്കും.

പുത്തൂരിലെ നിർദ്ദിഷ്ടസ്ഥലം വനംവകുപ്പിന്റേതാണ്. ഇന്ത്യയിലെ വനനിയമ പ്രകാരം വനഭൂമി മറ്റേതെങ്കിലും വകുപ്പിന് കൈമാറാൻ എളുപ്പമല്ല.

ഈ പ്രോജക്ടിന്റെ നടത്തിപ്പ് സംബന്ധിച്ച് വനംവകുപ്പും മൃഗശാലവകുപ്പും തമ്മിൽ നടക്കുന്ന ശീതസമരം കാരണം 16 വർഷമായിട്ടും മൃഗശാല ആധുനികവൽക്കരണം എങ്ങുമെത്തിയില്ല.

പ്രശ്നപരിഹാരത്തിന് ഒരു സാധ്യതയാണുള്ളത്. തൃശൂർ മൃഗശാല പുത്തൂരിലേക്ക് മാറ്റി ആധുനികവൽക്കരിക്കാനുള്ള ചുമതല വനംവകുപ്പിനെ എല്പിക്കുക.

ആധുനികവൽക്കരണ പ്രോജക്ടിന് ആവശ്യമായ വനഭൂമി ലഭ്യമാക്കാനും നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് നേടിയെടുക്കാനും വനംവകുപ്പിന് സാധിക്കും.

ചുരുക്കത്തിൽ, സംസ്ഥാന സർക്കാറിന് കാര്യമായ യാതൊരു സാമ്പത്തിക ബാധ്യതയും ഇല്ലാതെ ദക്ഷിണേന്ത്യയിലെതന്നെ ഏറ്റവും മികച്ച സ്ഥാപനം കേരളത്തിൽ സ്ഥാപിക്കാനാകും.

ഈ പ്രോജക്ട് യാഥാർത്ഥ്യമാക്കുന്നതിന് അങ്ങയുടെ അടിയന്തിര ശ്രദ്ധയും ശ്രമവും ഉണ്ടാകണമെന്ന് സവിനയം അഭ്യർത്ഥിക്കുന്നു.

തൃശൂർ
21/05/2011

എം. പീതാംബരൻ
സെക്രട്ടറി, ഫ്രണ്ട്സ് ഓഫ് സൂ
വൈസ് പ്രസിഡണ്ട്, കേരള സർവ്വോദയ മണ്ഡലം





സുവോളജിക്കൽ പാർക്ക് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് പുത്തൂരിൽ ദർശിച്ചു ചേർന്ന സർവകക്ഷി യോഗം എം.പി. വിൻസന്റ് എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു.

സുവോളജിക്കൽ പാർക്കിനെ സ്വീകരിക്കാൻ പുത്തൂർ ഒരുങ്ങി

പുത്തൂർ മുൻസിപ്പാലിറ്റിയുടെ നേതൃത്വത്തിൽ നടത്തിയ ചർച്ചകൾക്കു ശേഷം ഉണ്ടാവുമായ സുവോളജിക്കൽ പാർക്കിനെ സ്വീകരിക്കാൻ പുത്തൂർ ഒരുങ്ങി. ഇതിന്റെ ഭാഗമായി എംഎൽഎയുടെ നേതൃത്വത്തിൽ ഇന്നലെ സർവകക്ഷി യോഗം വിളിച്ചു.

പുത്തൂരിൽ പാർക്കിനു വേണ്ട നൈതിക സാഹചര്യങ്ങൾ ഒരുക്കാനുള്ള നടപടികൾ ആരംഭിക്കാൻ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഒരു കമ്മിറ്റിക്കു രൂപംനൽകും.

പുത്തൂരിലെ നിർദിഷ്ട വനഭൂമിയിൽ പാർക്ക് സ്ഥാപിക്കാനുള്ള നീക്കത്തിന്റെ ഭാഗമായി വനം വകുപ്പ് മന്ത്രി കെ.പി. ഗണേഷ്കുമാർ പുത്തൂരിൽ തിങ്കളാഴ്ച നടത്തുന്ന സന്ദർശനത്തിനു പൂർണ പിന്തുണ നൽകാനും യോഗം തീരുമാനിച്ചു. എം.പി. വിൻസന്റ് എംഎൽഎ യോഗം ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് പ്രസിഡന്റ് ജോണി പിറയത്ത് അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്തംഗം ടി. ജെ. സനീഷ്കുമാർ, ഒല്ലൂക്കര ബ്ലോക് പഞ്ചായത്ത് പ്രസിഡന്റ് ടി.പി. ജോർജ്, പഞ്ചായത്ത് പ്രതിപക്ഷ നേതാവ് പി.ജി. ഷാജി, വൈസ് പ്രസിഡന്റ് ജിനി റെജി, ഫ്രൻസ് ഓഫ് സു പ്രസിഡന്റ് എം. പീതാംബരൻ എന്നിവർ പ്രസംഗിച്ചു.

20/7/11, 23-7-11

പുത്തൂരിൽ സുവോളജിക്കൽ പാർക്ക്: യോഗം സ്വാഗതം ചെയ്തു

പുത്തൂർ: പുത്തൂരിൽ സുവോളജിക്കൽ പാർക്ക് സ്ഥാപിക്കാനുള്ള തീരുമാനത്തെ പുത്തൂർ പഞ്ചായത്തിലെ വിവിധ രാഷ്ട്രീയപാർട്ടികളുടെയും സന്നദ്ധ സംഘടനകളുടെയും പ്രതിനിധികളുടെയും സംയുക്ത യോഗം സ്വാഗതം ചെയ്തു. എല്ലാ പ്രവർത്തനങ്ങൾക്കും പുത്തൂർ പഞ്ചായത്തിലെ എല്ലാ ജനങ്ങളുടെയും പിന്തുണയും പ്രഖ്യാപിച്ചു. 2011 ഉച്ചരിയിഞ്ഞ് 3ന് വനം വകുപ്പ് മന്ത്രി കെ.പി. ഗണേഷ്കുമാർ നിർദ്ദിഷ്ട സ്ഥലം സന്ദർശിക്കും എന്ന് യോഗത്തിനെത്തിയ എം.പി. വിൽസന്റ് എംഎൽഎ. അറിയിച്ചു. പഞ്ചായത്ത് പ്രസിഡന്റ് ജോണി പിറയത്ത് അധ്യക്ഷത വഹിച്ചു. ബ്ലോക് പ്രസിഡന്റ് ടി.പി. ജോർജ്ജ്, ജില്ലാപഞ്ചായത്തംഗം സനീഷ്കുമാർ, മുൻ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, വാർഡ് അംഗങ്ങൾ, വിവിധ രാഷ്ട്രീയ കക്ഷി നേതാക്കൾ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

23-7-2011 -മാധ്യമം



• സെൻട്രൽ സൂ അതോറിറ്റി വിദഗ്ദ്ധസമിതി അംഗങ്ങൾ നിർദ്ദിഷ്ട മൃഗശാലക്കുള്ള പുത്തൂരിലെ സ്ഥലം സന്ദർശിക്കുന്നു

തൃശൂർ മൃഗശാല

നിർദ്ദിഷ്ട സ്ഥലം ഏറ്റവും അനുയോജ്യം

കേന്ദ്ര വിദഗ്ദ്ധ സമിതി അംഗങ്ങൾ

പുത്തൂർ: തൃശൂർ മൃഗശാലയുടെ ആധുനികവൽക്കരണത്തിനായി നിർദ്ദേശിക്കപ്പെട്ട പുത്തൂരിലെ സ്ഥലം മൃഗങ്ങളുടെ സംരക്ഷണത്തിനു മാത്രമല്ല ഗവേഷണത്തിനുകൂടി പറ്റിയതാണെന്ന് സെൻട്രൽ സൂ അതോറിറ്റി വിദഗ്ദ്ധസമിതി അംഗങ്ങളായ എസ്.സി. ശർമ, ബ്രിജ് കിഷോർ ഗുപ്ത എന്നിവർ അഭിപ്രായപ്പെട്ടു.

നിർദ്ദിഷ്ട സ്ഥലത്തിന് സമീപമുള്ള കേരള വനഗവേഷണകേന്ദ്രം, വെറ്ററി കോളേജ്, ഫോറസ്ട്രി കോളേജ് എന്നിവിടങ്ങളിലെ അധ്യാപകർക്കും വിദ്യാർഥികൾക്കുമുള്ള ഒരു ഗവേഷണം സ്ഥാപനമായികൂടി ഈ സ്ഥാപനത്തെ ഉയർത്തിക്കൊണ്ടുവരാനാകും.

പ്രകൃതിമനോഹരമായ അന്തരീക്ഷവും, വിവിധതരം മൃഗങ്ങൾക്ക് അനുയോജ്യമാകുവിധം വൈവിധ്യമുള്ള ഭൂപ്രദേശങ്ങൾ, ദേശാടന പക്ഷികളെ ആകർഷിക്കാനാകുന്ന തടാകങ്ങൾ ശ്രമികർക്കാനുള്ള സൗകര്യം എന്നിങ്ങനെ നിരവധി സാധ്യതകളുള്ളതാണ് നിർദ്ദിഷ്ട സ്ഥലം എന്ന് കേന്ദ്ര മൃഗശാല അതോറിറ്റി വിദഗ്ദ്ധ സമിതി അംഗങ്ങൾ പറഞ്ഞു. നിർദ്ദിഷ്ട സ്ഥലം പരിശോധിച്ച് റിപ്പോർട്ട് നല്കുന്നതിനാണ് സംഘം തൃശൂരിലെത്തിയത്., അനുകൂലമായ റിപ്പോർട്ടാണ് തങ്ങൾ നൽകുന്നതെന്നും എസ്.സി. ശർമയും ബ്രിജ് കിഷോർ ഗുപ്തയും സൂചിപ്പിച്ചു.

പുത്തൂരിലെത്തിയ വിദഗ്ദ്ധസമിതി അംഗങ്ങളെ ജനപ്രതിനിധികളും വിവിധ വകുപ്പുകളുടെ ഉദ്യോഗസ്ഥരും ചേർന്ന് സ്വീകരിച്ചു. സന്ദർശനത്തിനുശേഷമായ ഹൃസ്വമായ യോഗവും നടന്നു. രാജാജി മാത്യു തോമസ് എം.എൽ.എ., ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.വി. രാമൻ, മൃഗശാല ഡയറക്ടർ ഡോ.ഉദയവർമൻ, സുപ്രണ്ട് ഗംഗാധരൻ, പുത്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജോണി ചിറയത്ത്, ഫ്രണ്ട്സ് ഓഫ് സൂ സെക്രട്ടറി എം. പിതാംബരൻ, പ്രൊഫ. ജോൺ സിറിയക്, ഡോ. ജെക്കബ് ചീരൻ, ടി.ജെ. സതീഷ്കുമാർ, പി.ജി. രാജി, എം.കെ. അർജുനൻ എന്നിവർ പ്രസംഗിച്ചു.

Mathrubhumi - 29-1-2011

ഫ്രണ്ട് ഓഫ് സൂ നിവേദനം നൽകി

പുത്തൂർ: പുത്തൂരിൽ ലഭ്യമാകുന്ന 307 ഏക്കർ സ്ഥലം മുഴുവനായും പ്രയോജനപ്പെടുത്തികൊണ്ടുള്ള മാസ്റ്റർപ്ലാനും മൃഗശാല സ്ഥാപനവുമാണ് വേണ്ടത് എന്ന് ആവശ്യപ്പെട്ടുകൊണ്ട് ഫ്രണ്ട് ഓഫ് സൂ, വിദഗ്ദ്ധസമിതി അംഗങ്ങൾക്ക് നിവേദനംനൽകി. നൂറ് ഏക്കർ സ്ഥലം മാത്രം ഉപയോഗപ്പെടുത്തി മൃഗശാല മാറ്റാനുള്ള നീക്കം തുടർന്നുള്ള വികസനത്തെ പ്രതികൂലമായി ബാധിക്കുമെന്ന് നിവേദനത്തിൽ പറഞ്ഞു.

ഫ്രണ്ട്സ് ഓഫ് സൂ സെക്രട്ടറി എം. പീതാംബരൻ, പ്രസിഡന്റ് പ്രൊഫ. ജോൺ സിറിയക് എന്നിവരാണ് നിവേദനംനല്കിയത്.



ഫ്രണ്ട് ഓഫ് സൂ നിവേദനം നൽകി

തൃശൂർ മൃഗശാല
നിർദ്ദിഷ്ട സ്ഥലം ഏറ്റവും അനുയോജ്യം
കേന്ദ്ര വിദഗ്ദ്ധ സമിതി അംഗങ്ങൾ

കാട്ടാനക്കൂട്ടമിറങ്ങി കൃഷി നശിപ്പിച്ചു

പുത്തൂരിലെ മൃഗശാല: അനുകൂല റിപ്പോർട്ട് നൽകും - ഡോ. എച്ച്.സി.ശർമ

Book festival

Officials visit proposed site for zoo

Staff Reporter

THRISSUR: The technical committee members from the Zoo Authority of India visited the proposed site for the zoo at Puthoor on Friday.

Brij Kishore Gupta and B.C. Sarma, the panel members, told the reporters that the proposed site was ideal for setting up a zoo.

The site is rich in greenery and has sufficient area, the officials said.

Report to be submitted

"The site is rich in greenery and has sufficient area. We will submit a positive report to the Zoo Authority of India," they said.

The zoo was a multidisciplinary organisation and the cooperation of various departments, panchayat and the public was necessary for its smooth functioning, Mr. Sarma said.

Zoo director K. Udayakumar, Rajaji Mathew Thomas, MLA, and District Panchayat President K.V. Daisy were among others who accompanied the technical members on the visit to the site.

NEW PROJECT: *Technical committee members from the Zoo Authority of India visiting the proposed site for the zoo at Puthoor on Friday.* - PHOTO: K.C. SOMMISH

THE HINDU 29-1-2011

Film on

പുതിയ മൃഗശാലയ്ക്ക് പുത്തൂർ യോജ്യം



പുത്തൂരിൽ നിർദിഷ്ട മൃഗശാല സ്ഥാപിക്കുന്ന സ്ഥലം സെൻട്രൽ സൂ അതോറിറ്റി അംഗം ഡോ. എച്ച്. സി ശർമ്മ സന്ദർശിച്ചപ്പോൾ

പുത്തൂരിലെ മൃഗശാല: അനുകൂല റിപ്പോർട്ട് നൽകും - ഡോ. എച്ച്.സി.ശർമ

തൃശൂർ: പുത്തൂരിൽ നിർദിഷ്ട മൃഗശാല സ്ഥാപിക്കുന്നതിന് ഭൗതിക സാഹചര്യങ്ങൾ അനുകൂലമെന്ന് കാണിച്ച് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് റിപ്പോർട്ട് നൽകുമെന്ന് സെൻട്രൽ സൂ അതോറിറ്റി അംഗം ഡോ. എച്ച്.സി. ശർമ. പുത്തൂരിൽ മൃഗശാല സ്ഥാപിക്കാൻ കണ്ടെത്തിയ സ്ഥലം സന്ദർശിച്ച ശേഷം മാധ്യമ പ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

പുത്തൂരിൽ ദേശീയ നിലവാരത്തിലുള്ള മൃഗശാല ആരംഭിക്കാൻ പറ്റിയ ചുറ്റുപാടുകളാണുള്ളത്. തൃശൂരിലെ മൃഗശാലയിൽ നിന്ന് വ്യത്യസ്തമായി ഒട്ടേറെ സൗകര്യങ്ങൾക്ക് ഇടമുണ്ട്. അധികൃതരും ജനങ്ങളും ഒന്നിച്ചുപ്രവർത്തിച്ചാൽ പദ്ധതി ഉടൻ യാഥാർഥ്യമാവും. പീച്ചിയിലെ കെ.എഫ്.ആർ.ഐ, മണ്ണുത്തി വെറ്ററിനറി കോളജ്, ഫോറസ്ട്രി കോളജ് എന്നിവയുടെ സാങ്കേതിക സഹകരണവും പദ്ധതിക്ക് ലഭ്യമാക്കാനാവും. ഈ അനുകൂല സാഹചര്യങ്ങൾ പൂണ്ടിക്കാണിച്ചായിരിക്കും റിപ്പോർട്ട് സമർപ്പിക്കുകയെന്നും അദ്ദേഹം വ്യക്തമാക്കി. സെൻട്രൽ സൂ അതോറിറ്റി ഇവാല്യുവേഷൻ ആൻഡ് മോണിറ്ററിങ് ഓഫിസറായ ഇദ്ദേഹത്തോടൊപ്പ മറ്റൊരംഗം ഡോ. ബ്രിജി കിഷോർ ഗുപ്തയും പുത്തൂരിലെത്തിയിരുന്നു.

ആസ്ട്രേലിയൻ സൂ ഡിസൈനർ ജോൺ കോ വന്നു

തൃശൂർ സുവോളജിക്കൽ പാർക്ക് യാഥാർത്ഥ്യമാക്കുന്നതിന് ഏറ്റവും കൂടുതൽ സഹായിച്ച സുപ്രധാനമായ തീരുമാനമാണ് 2011 ജൂലൈ എട്ടാം തീയതി തിരുവനന്തപുരത്ത് വച്ച് ഉണ്ടായത്. സുവോളജിക്കൽ പാർക്കിന്റെ നിർമാണ ചുമതല വനംവകുപ്പിനെ ഏൽപ്പിക്കുകയും തൃശൂർ മൃഗശാലയിലെ മൃഗങ്ങളെ പുത്തൂരിലേക്ക് മാറ്റാൻ തീരുമാനിക്കുകയും ചെയ്തു. 17 വർഷക്കാലമായി നിലനിന്നിരുന്ന അനിശ്ചിതത്വം ഒഴിവാക്കാൻ ഈ ഒരു തീരുമാനം കൊണ്ട് സാധിച്ചു. തുടർന്നുള്ള മാസങ്ങൾ അല്പം മന്ദഗതിയിൽ ആയിരുന്നെങ്കിലും 2012 സുവോളജിക്കൽ പാർക്കിന്റെ നിർമാണത്തിലെ സുപ്രധാന ഘട്ടത്തിലേക്ക് കടന്നു.

ഓസ്ട്രേലിയൻ ഡിസൈനറായ ജോൺ കോ 2012 മാർച്ച് രണ്ടാം തീയതി പുത്തൂരിലെ നിർദ്ദിഷ്ട സ്ഥലത്ത് എത്തി. സംസ്ഥാന ഗവൺമെൻറി ന്റെ പ്രത്യേക അഭ്യർത്ഥനപ്രകാരം ആണ് അദ്ദേഹം ഇവിടെ എത്തിയത്. അന്താരാഷ്ട്രതലത്തിൽ അറിയപ്പെടുന്ന സൂ ഡിസൈനറാണ് ജോൺ കോ. (Jon Charle Coe, Jon Coe Design Pvt. Ltd., Heals Ville, Victoria, Ausrtalia - www.joncoedesign.com)വിവിധ രാജ്യങ്ങളിൽ നിരവധി സുവോളജിക്കൽ പാർക്കുകൾക്ക് അദ്ദേഹം രൂപക ല്പന നൽകിയിട്ടുണ്ട്. അഫ്ഗാനിസ്ഥാനിലെ കാബുൾ സൂ, ഓസ്ട്രേലിയ യിലെ സൂ വിക്ടോറിയ, സിഡ്നി വൈൽഡ് ലൈഫ് വേൾഡ്, കാനഡയിലെ വാലി സൂ, ജർമ്മനിയിലെ ഫ്രാങ്ക്ഫർട്ട് സൂ, ചൈനയിലെ ഓഷ്യൻ പാർക്ക്, എന്നിവയുടെയെല്ലാം ഡിസൈനർ കൂടിയായ ജോൺ കോ ഓസ്ട്രേലിയയിൽ ഏഴ് സുവോളജിക്കൽ പാർക്കുകളും കാനഡയിൽ മൂന്നെണ്ണവും ചൈനയിൽ അഞ്ച് എണ്ണവും അമേരിക്കയിൽ 53 എണ്ണവും ഡിസൈൻ ചെയ്തു. ഇന്ത്യ യിൽ 1994 കോയമ്പത്തൂർ മൃഗശാലയും 2006 ൽ ഭുവനേശ്വരിലെ സെൻട്രൽ മൃഗശാലയും ജോൺ കോയുടെ രൂപകല്പനയിൽ പിറന്നതാണ്.

നിർദ്ദിഷ്ട സ്ഥലം നടന്നുകണ്ട ജോൺ കോ വളരെ സന്തോഷവാനായിരുന്നു. അദ്ദേഹം പറഞ്ഞത് ഇപ്രകാരമാണ്: "ജീവികളെ കമ്പി അഴികൾക്കുള്ളിൽ ഇടുന്ന ഒരു മൃഗശാല ആവരുത് പുത്തൂരിലെ നിർദ്ദിഷ്ട സുവോളജിക്കൽ പാർക്ക്. പരമാവധി കൂടുകൾ ഇല്ലാതെ മൃഗങ്ങളെ സ്വൈര വിഹാര ത്തിന് അനുവദിക്കുന്ന വിധമാകണം അത്. കിടങ്ങുകളും മറ്റും നിർമ്മിച്ചാണ് കാണി

കളിൽ നിന്ന് അകലം പാലിക്കേണ്ടത്. പുത്തൂരിലെ നിർദ്ദിഷ്ട സ്ഥലം മൃഗങ്ങൾക്ക് ഉചിതമായ സ്ഥലം തന്നെയാണ്. പക്ഷേ ഇവിടെ മൃഗങ്ങളെ തടവിൽ ഇടരുത്. സ്വാഭാവിക ചുറ്റുപാടിൽ അവ ജീവിക്കട്ടെ...” അദ്ദേഹം പറഞ്ഞു. പുത്തൂരിൽ എത്തിയ ജോൺ കോവിന് ഹൃദ്യമായ സ്വീകരണമാണ് നൽകിയത്. നിർദ്ദിഷ്ട പ്രദേശം നടന്ന് കാണുന്നതിന് ജോൺ കോയോടൊപ്പം സുവോളജിക്കൽ പാർക്കിന്റെ സ്പെഷ്യൽ ഓഫീസർ സി.എസ്. യേലാക്കി, ടി. എൻ. പ്രേമചന്ദ്രൻ പട്ടിക്കാട് റേഞ്ച് ഓഫീസർ കെ. ആർ. സോമൻ, ഫ്രണ്ട്സ് ഓഫ് സൂ ഭാരവാഹികളായ എം. പീതാംബരൻ മാസ്റ്റർ, അബ്ദുൽ അസീസ് പുത്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജോണി ചിറയത്ത്, മൃഗശാല സൂപ്രണ്ട് കെ. സദാശിവൻ പിള്ള എന്നിവരും ഉണ്ടായിരുന്നു പുത്തൂരിലെ സന്ദർശനത്തിന് ശേഷം തൃശ്ശൂരിൽ നിലവിലുള്ള മൃഗശാലയും ജോൺ സന്ദർശിക്കുകയുണ്ടായി.

മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ ശില്പശാല

പുത്തൂരിലെ സാധ്യതകളെ വിലയിരുത്തിയശേഷം അനുയോജ്യമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന്റെ മുന്നോടിയായി മണ്ണുത്തിയിലെ ഫോറസ്ട്രി കോളേജ് ഹാളിൽ വിദഗ്ധരെ പങ്കെടുപ്പിച്ചുകൊണ്ട് ഉള്ള ശില്പശാല നടന്നു. 2012 മാർച്ച് മൂന്നാം തീയതിയാണ് ശില്പശാല നടത്തിയത്. പുത്തൂരിലെ നിർദ്ദിഷ്ട സുവോളജിക്കൽ പാർക്കിൽ കേരളത്തനിമയും ആധുനിക സങ്കേതങ്ങളും സമന്വയിപ്പിച്ചുകൊണ്ടുള്ള രൂപകല്പനയാകും നടത്തുക എന്ന് ഓസ്ട്രേലിയൻ സൂ ഡിസൈനർ ജോൺ കോ അറിയിച്ചു.

മൃഗങ്ങളുടെ ആവാസസ്ഥാനം, പരിശീലനം, പരിപാലനം എന്നീ കാര്യങ്ങളിൽ കഴിഞ്ഞ രണ്ടു നൂറ്റാണ്ടുകളിൽ വന്ന മാറ്റങ്ങൾ, ആധുനിക തന്ത്രങ്ങൾ എന്നിവ വിശദമായി ചർച്ച നടത്തി. ജലലഭ്യത, നാട്ടുകാരുടെ സഹകരണം എന്നിവ മികച്ച സാധ്യതകൾ ആയി വിലയിരുത്തി. പ്രതിവർഷം 25 ലക്ഷം സന്ദർശകർ എങ്കിലും പുത്തൂരിൽ എത്തും. ഇത്തരം ഒരു സാഹചര്യത്തിൽ മാലിന്യസംസ്കരണം, ജലപരിപാലനം എന്നീ കാര്യങ്ങളിൽ ഏറ്റവും ഫലപ്രദമായ മാർഗങ്ങൾ സ്വീകരിക്കണം എന്നും രൂപകല്പനയിലും നിർമാണത്തിലും നേതൃത്വം നൽകുന്നതിന് വിദഗ്ധരുടെ കമ്മറ്റി ഉടൻ രൂപീകരിക്കണമെന്നും ശില്പശാലയിൽ അഭിപ്രായമുയർന്നു. ലോകത്തെ പ്രധാന സുവോളജിക്കൽ പാർക്കുകളുടെ പ്രദർശനവും നടന്നു. മണ്ണുത്തി ഫോറസ്റ്ററി

കോളേജ് ഹാളിൽ നടന്ന ശില്പശാലയിൽ സ്പെഷൽ ഓഫീസർ സി. എസ്. യേലാക്കി, ഡോ. ജേക്കബ് ചീരൻ, ആർ.ആർ. ശുക്ല, നാഗേഷ് പ്രഭു, പി.ടി. പ്രസാദ്, എം.പീതാംബരൻ മാസ്റ്റർ, ജോണി ചിറയത്ത്, ബെയിലി ഇ. മേനോൻ, ഡോ. പി.ഒ. നമീർ, ഷെഖ് ഹൈദർ ഹുസൈൻ, കെ.ആർ. തോമസ് എന്നിവർ നിർദേശങ്ങൾ സമർപ്പിച്ചു. ജോൺകോ ഡിസൈൻസ്, കൊച്ചിയിലെ ഐഡിയ ഡിസൈൻസ് എന്നിവർ ചേർന്ന് മാസ്റ്റർ പ്ലാൻ, ഡി.പി.ആർ എന്നിവ തയ്യാറാക്കി.

ജോൺ കോ തയ്യാറാക്കിയ കരട് മാസ്റ്റർ പ്ലാൻ 2012 മാർച്ച് 9 തീയതി സംസ്ഥാന സർക്കാരിന് സമർപ്പിച്ചു. തിരുവനന്തപുരത്ത് നടന്ന ചടങ്ങിൽ ജോൺ കോ യിൽ നിന്നും കരട് മാസ്റ്റർ പ്ലാൻ വനം വകുപ്പ് മന്ത്രി കെ.ബി. ഗണേഷ് കുമാർ ഏറ്റുവാങ്ങി. എം.എൽ.എ.മാരായ തേറമ്പിൽ രാമകൃഷ്ണൻ എം.പി. വിൻസെന്റ് മൃഗശാല നോഡൽ ഓഫീസർ സി. എസ്.യേലാക്കി, ചീഫ് വൈൽഡ് ലൈഫ് വാർഡൻ വി. ഗോപിനാഥൻ എന്നിവരും പങ്കെടുത്തു കരട് മാസ്റ്റർ പ്ലാൻ സഹിതം സംസ്ഥാന സർക്കാർ കേന്ദ്ര മൃഗശാല അതോറിറ്റിക്ക് മൃഗശാല നിർമ്മാണത്തിനുള്ള നിർമ്മാണത്തിനുള്ള അനുമതിക്കായി അപേക്ഷിച്ചു.

മെമ്പർ സെക്രട്ടറി ബി.എസ്. ബൊണാൾ പുത്തൂരിൽ

കരട് മാസ്റ്റർ പ്ലാൻ സഹിതം സംസ്ഥാന സർക്കാരിന്റെ അപേക്ഷ പരിഗണിച്ചുകൊണ്ട് കേന്ദ്ര മൃഗശാല അതോറിറ്റിയുടെ മെമ്പർ സെക്രട്ടറി ബി.എസ്. ബൊണാൾ ഐ.എഫ്.എസ് 2012 ജൂൺ 8ന് തൃശ്ശൂർ സുവോളജിക്കൽ പാർക്കിനുള്ള നിർദ്ദിഷ്ട സ്ഥലം സന്ദർശിച്ചു. സുവോളജിക്കൽ പാർക്കിന് ഏറ്റവും അനുയോജ്യമായ പ്രകൃതിദത്ത സ്ഥലമാണ് പുത്തൂരിലേത് എന്ന് മെമ്പർ സെക്രട്ടറി അഭിപ്രായപ്പെട്ടു.

നിർമ്മാണ പ്രവർത്തനത്തിന്റെ മുൻഗണനയെ സംബന്ധിച്ച് രണ്ട് നിർദ്ദേശങ്ങൾ അദ്ദേഹം മുന്നോട്ടുവച്ചു. അതിനുസരിച്ച് മാറ്റങ്ങൾ വരുത്തിക്കൊണ്ട് മാസ്റ്റർപ്ലാൻ ഉടനെ കേന്ദ്ര മൃഗശാല അതോറിറ്റിക്ക് സംസ്ഥാന വനംവകുപ്പ് നൽകിയാൽ അഗീകാരം ലഭിക്കുമെന്നും അദ്ദേഹം അറിയിച്ചു. സുവോളജിക്കൽ പാർക്കിന്റെ സ്പെഷൽ ഓഫീസർ സി.എസ്. യെലാക്കി, എം.പി. വിൻസെൻറ് എം.എൽ.എ. ഫ്രണ്ട്സ് ഓഫ് സൂ സെക്രട്ടറി എം. പീതാംബരൻ പുത്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് ജോണി ചിറയത്ത്, മുൻ പ്രസിഡൻറ്

വി.വി. മുരളീധരൻ, രവി കാട്ടുങ്ങൽ, വനം വകുപ്പ് ഉദ്യോഗസ്ഥരായ പി.എൻ. പ്രേമചന്ദ്രൻ ഷെയ്ഖ് ഹൈദർ ഹുസൈൻ എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

കേന്ദ്ര മൃഗശാല അതോറിറ്റിയുടെ അംഗീകാരം

കേവലമൊരു സുവോളജിക്കൽ പാർക്ക് എന്നതിലുപരിയായി പശ്ചിമഘട്ട മലനിരകളിൽ വംശനാശം നേരിടുന്ന ജീവികളുടെ സംരക്ഷണത്തിനും ഗവേഷണത്തിനുമുള്ള സ്ഥാപനമായി പുത്തൂരിലെ സുവോളജിക്കൽ പാർക്ക് മാറുക, ദേശാടനപക്ഷികളെ ആകർഷിക്കാനുള്ള സൗകര്യങ്ങൾ ഒരുക്കുക, മൃഗങ്ങ ൾക്ക് തുറസ്സായ ആവാസ സ്ഥാനങ്ങൾ നൽകുക, സസ്യങ്ങളുടെയും വൃക്ഷ ങ്ങളുടെയും സംരക്ഷണ കേന്ദ്രമായി കൂടി ഈ സ്ഥാപനത്തെ മാറ്റുക എന്നീ നാല് നിർദ്ദേശങ്ങൾ മാസ്റ്റർപ്ലാൻ സംബന്ധിച്ച് ഫ്രണ്ട്സ് ഓഫ് സൂ വച്ചിരുന്നു. ഈ നാല് നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള മാസ്റ്റർ പ്ലാൻ കേന്ദ്ര മൃഗശാല അതോറിറ്റി അംഗീകരിച്ചു.

2012 ഓഗസ്റ്റ് 25ന് കേന്ദ്ര മൃഗശാല അതോറിറ്റിയുടെ അംഗീകാരം തൃശ്ശൂർ സുവോളജിക്കൽ പാർക്കിന് ലഭിച്ചു. ഇതോടെ നിർമ്മാണ പ്രവർത്തന ങ്ങളിലേക്ക് കടക്കാൻ അനുവാദവും ലഭിച്ചു. വിദഗ്ധരുടെ നിർദേശങ്ങൾ കൂടി സ്വീകരിച്ച് തയ്യാറാക്കിയ സമ്പൂർണ്ണ മാസ്റ്റർപ്ലാൻ 2012 ഒക്ടോബർ 15ന് വനം വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.



8 പ്രാദേശികം www.manoramaonline.com/local 2012 മാർച്ച് 9 വെള്ളി

മൃഗശാല: കരടുപ്ലാൻ സർക്കാരിനു സമർപ്പിച്ചു

ആർക്കിടെക്റ്റ് ജോൺ കോ 15 ദിവസത്തിനുള്ളിൽ പ്ലാനിന്റെ അന്തിമ രൂപം അയച്ചുകൊടുക്കും

പ്ലാൻ 100

പുത്തൂരിലെ 328 ഏക്കർ സ്ഥലത്തിൽ 100 ഏക്കർ

DAY, MARCH 3, 2012

Kunnamkulam Yesterday 34/24 Peechi Yesterday 34/24 Thrissur Yesterday 35/25

Page 6

ements: Page 7

Master plan being drafted for Puthur Zoo

Zoo designer Jon Coe impressed by the place



Zoo designer Jon Coe visiting the proposed site of the Zoological Park at Puthur on Friday. S.B. Yelaki, the nodal officer of the park, is at left.

Staff Reporter

THRISSUR: Jon Coe, leading international zoo designer, paid a visit on Friday to the site of the proposed Zoological Park at Puthur. Addressing the media, he appeared pretty impressed by what he saw at Puthur. "I have no doubt that the place will be perfect for the zoological park. Now, the challenge is to create a forest-like ambience for the wild animals so that they would have a lot more breathing space than they are provided with in the existing zoo in the city."

The Zoological Park would be designed without disturbing the lush greenery of the area, Mr. Coe said. The objective was to immerse the visitor in the same natural habitat as the animal, he added. The park would come up in the 150-acres of forest land at Puthur. "The key to keeping zoo animals healthy is to replicate as much of their natural environment as possible. The animals will be provided with enough space and cover to hide behind, so they feel less exposed and vulnerable."

The visitors also should have the opportunity to understand the behaviour of animals in their natural environment instead of exhibiting them in cages, he pointed out. To make feeding more interesting, he suggested providing animals with the opportunity to hunt for their prey.

"Students of Botany and Zoology should be encouraged to take up the job of zoo keepers. The park will provide huge learning experience for them," Mr. Coe noted. The authorities plan to develop the Zoological Park in a phased manner. The habitat for the animals would be developed in the first phase. Visitors' amenities and other structures would come in the later stage.

The team is expected to submit the master plan in three weeks.

Mr. Coe, an internationally-famed Australian landscape architect, has designed over 80 zoos, aquariums, botanical gardens, theme parks and nature parks over the last 45 years. Former zoo director S.B. Yelaki, the nodal officer of the proposed park, officials of the zoo and forest departments accompanied Mr. Coe.



പുത്തൂരിൽ നിർദ്ദിഷ്ട സുവോളജിക്കൽ പാർക്കിനായി സ്ഥലം ആസ്തുലിയൻ വിദഗ്ധൻ ജോൺ കെയ് സന്ദർശിക്കുന്നു

മൃഗങ്ങൾക്ക് രക്ഷകനായി ജോൺ കെയ്

തൃശൂർ: "ലിവർപൂൾ കമ്പിശേഷമുള്ളിലുള്ള ഒരു ഉദ്യാനമായാവുമ് പുത്തൂരിലെ നിർദ്ദിഷ്ട സുവോളജിക്കൽ പാർക്ക്. പദ്ധതി കൂടുകൾ ഇല്ലാതെ മൃഗങ്ങളെ സ്വതന്ത്ര വിഹാരത്തിന് അനുവദിക്കുന്നവിധമാകണം. അത് കിടങ്ങുകളും മറ്റും നിർമിച്ചാണ് കാണികളിൽ നിന്ന് അകലം പാലിക്കേണ്ടത്.

പാർക്കിന്റെ സമഗ്ര രൂപരേഖ തയ്യാറാക്കുന്നതിനായി തൃശൂരിലെത്തിയ വിദഗ്ധൻ ജോൺ കെയ് നടത്തിയ പ്രസ്താവനയാണിത്. പുത്തൂരിലെ പ്രകൃതിയുടെ സ്വാഭാവികത നിലനിർത്തിക്കൊണ്ടുതന്നെ പാർക്ക് ഒരുക്കണമെന്നും അദ്ദേഹം പറഞ്ഞു.

ഇവിടെ മൃഗങ്ങൾക്ക് ഉചിതമായ സ്ഥലം നൽകണം. പക്ഷേ ഇവിടെ മൃഗങ്ങളെ അവിടെയുള്ള സൗകര്യങ്ങൾ അവ ജീവിക്കുന്ന അന്തരീക്ഷം പരമാവധി ഒരുക്കുന്നതിന് വേണ്ടിയാണ് ഇവിടെ ഒരു സന്ദർശന വേണമെന്ന് ജോൺ കെയ് വന്യജീവികളെ കൂടുകളിൽനിന്ന് തുറന്നുവിടുന്നതിനുപകരം അവയുടെ സ്വാഭാവിക ഇരതേടൽ ഉൾപ്പെടെയുള്ള പാർക്കിൽ ഒരുക്കണമെന്നും അദ്ദേഹം പറഞ്ഞു. ഇതിനായി ഇരകളെ കൂടുകളിൽ നിന്ന് തുറന്നുവിടുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കണം. ഇതിനായി സന്ദർശകർക്ക് അവസരമുണ്ടാകണം. വിദ്യാർത്ഥികൾക്ക് പാർക്കിനെ കുറിച്ച് പഠിക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കണം. ഇതിനായി ഇരകളെ കൂടുകളിൽ നിന്ന് തുറന്നുവിടുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കണം. ഇതിനായി സന്ദർശകർക്ക് അവസരമുണ്ടാകണം. വിദ്യാർത്ഥികൾക്ക് പാർക്കിനെ കുറിച്ച് പഠിക്ക

ദീപിക TCR കേരളം 2012 മാർച്ച് 3 ശനി 3

സുവോളജിക്കൽ പാർക്കിനു ലോകോത്തരമുഖം നല്കാൻ പുത്തൂരിൽ ജോൺ കോ





ജോൺകോ, പുത്തൂർ കാട് കണ്ടു,മൃഗശാലക്ക് പറ്റിയ സ്ഥലമെന്ന്



പുത്തൂർ പാർക്കിലേയ്ക്ക് യുഎസ് – സിങ്കപ്പൂർ മോഡൽ



● പുത്തൂർ മൃഗശാല

കാട്ടിൽ മൃഗങ്ങളെ കാണുന്ന പ്രതീതിയൊരുക്കും





സുവോളജിക്കൽ പാർക്കിൽ മൃഗങ്ങൾക്ക് സ്വൈരജീവിതം സാധ്യമാക്കും: ജോൺ കോ

മാതൃഭൂമി നഗരം

III

മൃഗശാലയ്ക്ക് പച്ചക്കൊടി







സുവോളജിക്കൽ പാർക്ക്

കേരളത്തനിമയും ആധുനികതയും സംയോജിപ്പിക്കും -ജോൺ കെയ്

പൊതുവിശേഷം

സുവോളജിക്കൽ പാർക്ക്

ആധുനിക സങ്കേതങ്ങളെയും കേരള തനിമയെയും സമന്വയിപ്പിക്കും



Kerala Forest Department
Government of Kerala


THRISSUR ZOOLOGICAL PARK
WILDLIFE CONSERVATION &
RESEARCH CENTRE, Puthur

(RELOCATION OF STATE MUSEUM & ZOO, THRISSUR)

MASTER LAY-OUT








CONSERVATION ZONE
ENTRANCE AND ORIENTATION ZONE
ARRIVAL PARKING ZONE
EVERGREEN ZONE
CONSERVATION ZONE
SEMI DECIDUOUS ZONE
CONSERVATION ZONE
SITE STUDY SYNTHESIS
ZONING CONCEPT



THRISSUR ZOOLOGICAL PARK
FOREST AREA
LEGEND


LEGEND
PRIMARY PATH
SECONDARY PATH
TRAM ROAD
SERVICE RD.
PHASE 1 & CIRCULATION
PHASE 2 & CIRCULATION
Countersigned
B. S. BONAL
Member Secretary
Central Zoo Authority
V. GOPINATHAN, IFS.
Chief Wildlife Warden


VISITOR FACILITIES
Human Habitations
ARRIVAL ZONE
TAR ROAD
ENTRY
ORIENTATION
TRAM STATION
HYAENA
DHOLE
Wolf
Jackal
BIODIVERSITY CENTER
AVIARY
SPOTTED DEER
PRIMATES
SAMBHAR
NILGAI BLACK BUCK
LEOPARD
TIGER
LION
NATURE CONSERVATION ZONE
REST ROOM
EXOTIC BIRDS
BIRDS
VULTURE
NILGIRI TAHR
BEARS
AFRICAN FAUNA
Directorate & Staff Quarters
Zoo Hospital Zoo Store etc.
TRAM STATION WATER POND
BOUNDARY
ROAD
TRAM ROAD
VISITOR CIRCULATION
Toilets ,Drinking Water etc


WATER SUPPLY PLAN
Human Habitations
PRIVATE LAND
OPEN WELL
STORAGE TANK
OFF-EXHIBIT CONSERVATION BREEDING FACILITIES
EXISTING WATER POND
BOUNDARY
ROAD
WATER FEEDER LINE
WATER DISTRIBUTION LINE
B. S. SONAL
Member Secretary
Central Zoo Authority
Ministry of Environment & Forests
Govt. of India, New Delhi
V. GOPINATHAN, IFS.
Chief Wildlife Warden
Forest Headquarters


SECTION THROUGH ORIENTATION COURT
FREE FLIGHT AVIARY
CANAL
WADING BIRDS
POND
SECTION THROUGH WALK-IN AVIARY


PARKING ZONE

നിർമ്മാണ ഉദ്ഘാടനം

തൃശൂർ സുവോളജിക്കൽ പാർക്ക് : വനൃജീവി സംരക്ഷണ ഗവേഷണ കേന്ദ്രം, പുത്തൂർ എന്ന സ്ഥാപനത്തിന്റെ നിർമ്മാണ ഉദ്ഘാടനം 2013 മാർച്ച് 16ന് കേരള മുഖ്യമന്ത്രി ഉമ്മൻചാണ്ടി നിർവഹിച്ചു. വനം വകുപ്പും മൃഗശാല വകുപ്പും സംയുക്തമായി നടത്തിയ ആദ്യത്തെ ഉദ്ഘാടന പരിപാടിയാണ് ഇത്. മുൻ പരിപാടികളിൽ വനം വകുപ്പിന്റെയോ വനം വകുപ്പ് മന്ത്രിയുടെയോ വനം വകുപ്പ് ഉദ്യോഗസ്ഥന്മാരുടെയോ സാന്നിദ്ധ്യം ഉണ്ടാകാറില്ല. വനം വകുപ്പും മൃഗശാല വകുപ്പും സംയുക്തമായി നടത്തിയ ആദ്യത്തെ ഉദ്ഘാടന പരിപാടിയാണ് ഇത്. മാർച്ച് 16ന് നടന്ന ഉദ്ഘാടന സമ്മേളനത്തിൽ മുഖ്യ മന്ത്രിക്ക് ഒപ്പം വനം വകുപ്പ് മന്ത്രി കെ.ബി. ഗണേഷ് കുമാർ മ്യൂസിയം & മൃഗശാല വകുപ്പ് മന്ത്രി പി.കെ. ജയലക്ഷ്മി എന്നിവർ പങ്കെടുത്തിരുന്നു. മാർച്ച് 14,15,16 തീയതികളിലാണ് ഉദ്ഘാടന പരിപാടി നടന്നത്. ഉദ്ഘാടന ത്തോടോപ്പം വിവിധ സെമിനാറുകളും ഉണ്ടായിരുന്നു.


തൃശ്ശൂരിൽ നിന്ന് മൃഗശാല പുത്തൂർ സുവോളജിക്കൽ പാർക്കിലേക്ക് മാറ്റുന്നതിന് സമയബന്ധിതമായി പ്രവർത്തനം നടക്കുമെന്ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി പറഞ്ഞു. നിർമ്മാണ പ്രവർത്തനത്തിന് വനംവകുപ്പ് ആവശ്യ പ്പെട്ട 25 കോടി രൂപ ബജറ്റിൽ അനുവദിച്ചിട്ടുണ്ട് എന്ന് അദ്ദേഹം അറിയിച്ചു. മൃഗ സംരക്ഷണ പ്രൊജക്റ്റുകൾക്കായി കൂടുതൽ കേന്ദ്ര ഫണ്ട് ലഭിക്കുമെ ന്നും അദ്ദേഹം സൂചിപ്പിച്ചു. ഉദ്ഘാടനസമ്മേളനത്തിൽ വനംവകുപ്പ് മന്ത്രി കെ.ബി. ഗണേഷ് കുമാർ അധ്യക്ഷത വഹിച്ചു. മൃഗശാല വകുപ്പ് മന്ത്രി പി.കെ. ജയലക്ഷ്മി, പി.സി. ചാക്കോ എം.പി, എം.എൽ.എമാരായ തേറമ്പിൽ രാമ കൃഷ്ണൻ, എം.പി. വിൻസെന്റ് ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് കെ.വി. ദാസൻ, വനംവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചന്ദ്രകുമാർ റാവു, ഒ.അബ്ദുറഹ്മാൻ കുട്ടി, രാജാജി മാത്യു തോമസ്, ടി. ജെ. സനീഷ് കുമാർ, പുത്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ജോണി ചിറയത്ത് ജില്ലാ കളക്ടർ പി.എം. ഫ്രാൻസിസ്, ഫ്രണ്ട്സ് ഓഫ് സൂ സെക്രട്ടറിയും സ്വാഗത സംഘം കോർഡിനേറ്ററുമായ എം.പീതാംബരൻ മാസ്റ്റർ, ബ്ലോക്ക് പഞ്ചായത്ത് പ്രസി ഡൻറ് ടി.പി. ജോർജ്, ജയ്ജു സെബാസ്റ്റ്യൻ, ദേവകി ചന്ദ്രൻ, വിജയ മനോജ്, എം.കെ. കണ്ണൻ എന്നിവർ ആശംസകളർപ്പിച്ചു. നിർമ്മാണ ഉദ്ഘാടനം നട ത്തുന്നതിനു മുമ്പ് നിർമ്മാണത്തിന് ചുമതല ഒരു പൊതുമേഖലാ സ്ഥാപ നത്തെ ഏൽപ്പിക്കണമെന്ന് ഫ്രണ്ട്സ് ഓഫ് സൂ അഭ്യർത്ഥിച്ചിരുന്നു. ധനകാര്യ വകുപ്പിന്റെ അനുകൂല സമീപനം ഇല്ലാത്തതിനാൽ അത്തരമൊരു നടപടി

പൂർത്തീകരിക്കാൻ സാധിച്ചില്ല. ഇതുസംബന്ധിച്ച് മൂന്നു കത്തുകൾ ഫ്രണ്ട്സ് ഓഫ് സൂ സെക്രട്ടറി മുഖ്യമന്ത്രിക്ക് നൽകിയിരുന്നു. എന്നിട്ടും നടപടികൾ ഇല്ലാത്ത സാഹചര്യത്തിൽ ഉദ്ഘാടന ദിവസം പൂർണമായും ഉപവസിച്ചു കൊണ്ടാണ് ഫ്രണ്ട്സ് ഓഫ് സൂ സെക്രട്ടറി ഉദ്ഘാടന ചടങ്ങുകളിൽ പങ്കെടുത്തിരുന്നത്.

ജനകീയ സമ്മർദം ശക്തമാക്കാനുള്ള പരിപാടികൾ

സുവോളജിക്കൽ പാർക്ക് നിർമ്മാണ ഉദ്ഘാടനം കഴിഞ്ഞിട്ട് ആറുമാസം പിന്നിട്ടിട്ടും നിർമ്മാണ പ്രവർത്തനങ്ങളിൽ കാര്യമായ പുരോഗതി ഉണ്ടാകാത്ത സാഹചര്യത്തിൽ 2013 ഒക്ടോബർ നാലാം തീയതി ലോക ജന്തുക്ഷേമ ദിനം മുതൽ സാമൂഹിക സമ്മർദത്തിനായി പ്രത്യക്ഷ പരിപാടികൾ ആരംഭിക്കുമെന്ന് ഫ്രണ്ട്സ് ഓഫ് സൂ മുഖ്യമന്ത്രിയേയും ബന്ധപ്പെട്ട മന്ത്രിമാരെയും അറിയിച്ചിരുന്നു. പ്രശ്നത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് മുഖ്യമന്ത്രി തിരുവനന്തപുരത്ത് അടിയന്തിര യോഗം വിളിച്ചു ചേർത്തു. സുവോളജിക്കൽ പാർക്കിന് ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി രണ്ടാഴ്ചക്കകം പുത്തൂരിൽ ക്യാമ്പ് ഓഫീസ് ആരംഭിക്കുമെന്ന് പ്രസ്തുത യോഗത്തിൽ മുഖ്യമന്ത്രി അറിയിച്ചു. നിർമ്മാണ നടപടികൾ അതേ മാസം പത്തിന് ആരംഭിക്കു മെന്നു മന്ത്രി അറിയിച്ചു.

തിരുവനന്തപുരത്ത് നടന്ന ഉന്നതതല യോഗത്തിൽ എം.പി. വിൻസെന്റ് എംഎൽഎ, വനം വകുപ്പ് സെക്രട്ടറി പി.കെ. മോഹന്തി വനം- ധനകാര്യ വകുപ്പ് ഉദ്യോഗസ്ഥർ സ്പെഷൽ ഓഫീസർ സി.എസ്. ഏലാക്കി ഡെപ്യൂട്ടി കളക്ടർ പി. ബാലകൃഷ്ണൻനായർ പുത്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് ജോണി ചിറയത്ത്, ഫ്രണ്ട്സ് ഓഫ് സൂ സെക്രട്ടറി എം. പീതാംബരൻ, ടി.കെ. ശ്രീനിവാസൻ ജയജു സെബാസ്റ്റ്യൻ എന്നിവർ പങ്കെടുത്തു മുഖ്യമന്ത്രിയുടെ ഉറപ്പിനെ തുടർന്ന് ഫ്രണ്ട്സ് ഓഫ് സൂ ഒക്ടോബർ നാലു മുതൽ നടത്താൻ നിശ്ചയിച്ചിരുന്ന ജനകീയ സമ്മർദ്ദ പരിപാടികൾ ഉപേക്ഷിച്ചു.


കേരള സർക്കാർ
പുത്തൂർ സുവോളജിക്കൽ
പാർക്ക് (മൃഗശാല)
നിർമ്മാണോദ്ഘാടനം
ഉദ്ഘാടനം
ശ്രീ. ഉമ്മൻചാണ്ടി
(ബഹു. മുഖ്യമന്ത്രി)
അദ്ധ്യക്ഷൻ
ശ്രീ. കെ. ബി. ഗണേഷ്കുമാർ
(ബഹു. വനം വകുപ്പ് മന്ത്രി)
2013
മാർച്ച് 14,15,16
പുത്തൂരിൽ

e National Daily in Malayalam
...ram • Kollam • Palakkad • Alappuzha • Mumbai • Chennai • Bangalore • Delhi
വില: ₹ 5.50 ടൈംസ്ഓഫ് ഇന്ത്യ ഉംപ്പെടെ ₹ 9.00 (മാത്രമുള്ള ₹ 5.50 + ടൈംസ് ഓഫ് ഇന്ത്യ ₹ 3.50)
തൃശൂർ • പേജ് 26

MVM HVM Ayurvedic Research Lab
കുഴിനഖ തുളസി ഹെയർ ടോണിക്ക്

സുവോളജിക്കൽ പാർക്ക് നിർമ്മാണത്തിന് തുടക്കമായി

തൃശൂർ: 17 വർഷത്തെ കാത്തിരിപ്പിന് വിരാമമിട്ട് ഒരു ഗ്രാമം ഒരുക്കിയ ആഘോഷത്തിമിർപ്പിൽ പുത്തൂരിൽ സുവോളജിക്കൽ പാർക്കിന്റെ നിർമാണോദ്ഘാടനം മുഖ്യമന്ത്രി ഉമ്മൻചാണ്ടി നിർവഹിച്ചു. മൂന്ന് വർഷംകൊണ്ട് ഇന്ത്യയിലെ തന്നെ ഏറ്റവും മികച്ച സുവോളജിക്കൽ പാർക്കായി ഇതിനെ പൂർത്തിയാക്കാൻ എല്ലാ പരിശ്രമങ്ങളും നടത്തുമെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച വനംവകുപ്പ് മന്ത്രി കെ.പി.ഗണേഷ്കുമാറും മുഖ്യാതിഥിയായ പട്ടികവർഗക്ഷേമ വകുപ്പ് മന്ത്രി പി.കെ. ജയലക്ഷ്മിയും വ്യക്തമാക്കി.

പുത്തൂരിലെ പട്ടയം ലഭിക്കാത്ത കുടുംബങ്ങളുടെ പ്രശ്നങ്ങൾ അദാലത്ത് നടത്തി പരിഹരിക്കുമെന്ന് മുഖ്യമന്ത്രി ഉദ്ഘാടനപ്രസംഗത്തിൽ വ്യക്തമാക്കി. ജോയിന്റ് വെരിഫിക്കേഷൻ കഴിഞ്ഞ എല്ലാ കേസുകളിലും പെട്ടെന്ന് പരിഹാരത്തിന് വഴിയൊരുക്കും. ജോയിന്റ് വെരിഫിക്കേഷൻ എത്രയും വേഗം പൂർത്തിയാക്കാൻ നടപടി കൈക്കൊള്ളുമെന്നും മുഖ്യമന്ത്രി പറഞ്ഞു. എം.പി.വിൻസെന്റ് എം.എൽ.എ. സ്വാഗതപ്രസംഗത്തിൽ നടത്തിയ പരാമർശത്തിന് മറുപടിയായിട്ടായിരുന്നു മുഖ്യമന്ത്രിയുടെ വിശദീകരണം.

സുവോളജിക്കൽ പാർക്കിന് സംസ്ഥാന ബജറ്റിൽ 25 കോടി അനുവദിച്ചിട്ടുണ്ടെന്നും ധനമന്ത്രി ബജറ്റ് പ്രസംഗത്തിൽ ഇക്കാര്യം പറയാൻ വിട്ടുപോയതാണെന്നും മന്ത്രി കെ.പി. ഗണേഷ്കുമാർ അധ്യക്ഷപ്രസംഗത്തിൽ പറഞ്ഞു.

പട്ടയപ്രശ്നം അദാലത്ത് നടത്തി പരിഹരിക്കുമെന്ന് മുഖ്യമന്ത്രി

ഭൂമികൈമാറ്റം സംബന്ധിച്ച് നിലനിന്നിരുന്ന പ്രശ്നം വകുപ്പുമാറ്റത്തെ തുടർന്ന് ഈ സർക്കാരിന്റെ തുടക്കത്തിലേ പരിഹരിക്കാനായി.

മന്ത്രി പി.കെ. ജയലക്ഷ്മി തന്റെ അധികാരപരിധിയിൽപ്പെടുന്ന മൃഗശാലയും വനംവകുപ്പിന് വിട്ടുതരാൻ സന്നദ്ധത പ്രകടിപ്പിച്ചതാണ് ഏറ്റവും നിർണ്ണായകമായത്. ഇന്ത്യയിൽ 20 വർഷത്തിനിടയിൽ ഒരു മേജർ മൃഗശാലയ്ക്ക് ഉന്നതതലത്തിൽ അനുമതി കിട്ടുന്നതുതന്നെ ആദ്യമാണ്.

മുഖ്യമന്ത്രി മുഖേന നൽകിയ നിവേദനപ്രകാരം 130 കോടി രൂപ നൽകുന്നത് കേന്ദ്രം പരിഗണിച്ചിട്ടുണ്ടെന്ന് മന്ത്രി പറഞ്ഞു.

പി.സി. ചാക്കോ എം.പി., മേയർ ഐ.പി. പോൾ, തേറമ്പിൽ രാമകൃഷ്ണൻ എം.എൽ.എ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.വി.ദാസൻ, വനംവകുപ്പ് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ സി.എസ്. യാലാക്കി, സെൻട്രൽ സർക്കിൾ കൺസർവേറ്റർ ഫണീന്ദ്രകുമാർ റാവു, ഡി.സി.സി. പ്രസിഡന്റ് ഒ. അബ്ദുറഹിമാൻകുട്ടി, രാജാജി മാത്യു തോമസ്, ജില്ലാ പഞ്ചായത്തംഗം ടി.ജെ. സനീഷ് കുമാർ, പുത്തൂർ പഞ്ചായത്ത് പ്രസിഡന്റ് ജോണി ചിറയത്ത്, ജില്ലാ കളക്ടർ പി.എം. ഫ്രാൻസിസ്, എം.പീതാംബരൻ, ടി.പി. ജോർജ്, ജെയ്ജു സെബാസ്റ്റ്യൻ, ദേവകി ചന്ദ്രൻ, വിജയ മനോജ്, വർഗ്ഗീസ് കണ്ടംകുളത്തി, എം.കെ. കണ്ണൻ എന്നിവർ ആശംസകളർപ്പിച്ചു.



പുത്തൂർ സുവോളജിക്കൽ പാർക്കിന്റെ നിർമ്മാണോദ്ഘാടനം മുഖ്യമന്ത്രി ഉമ്മൻചാണ്ടി നിർവഹിക്കുന്നു


കേരള സർക്കാർ
പുത്തൂർ
ZOOLOGICAL PARK
നിർമ്മാണോദ്ഘാടനം
2013 മാർച്ച് 14,15,16 പുത്തൂരിൽ
ഉദ്ഘാടനം
ശ്രീ. ഉമ്മൻ ചാണ്ടി
ബഹു. മുഖ്യമന്ത്രി
ശ്രീ. C.N.ബാലകൃഷ്ണൻ
ശ്രീ. P.C. ചാക്കോ
ശ്രീ. M.P. വിൻസെന്റ്
അദ്ധ്യക്ഷൻ
ശ്രീ. കെ.ബി. ഗണേഷ്കുമാർ
ബഹു. വനം വകുപ്പ് മന്ത്രി
ശ്രീ. I.P. പോൾ
ശ്രീ. K.V. ദാസൻ
ശ്രീ. ടി.ജെ. സനീഷ് കുമാർ



സുവോളജിക്കൽ പാർക്ക് നിർമ്മാണത്തിന് തുടക്കമായി

പുത്തൂരിൽ പട്ടയം ഉടൻ: മുഖ്യമന്ത്രി



Rs.25 crore earmarked for Puthur Zoological Park

Rs.130 crore from the Central fund expected for the project

Central Grant for Zoological Park Without Delay: CM



പുത്തൂരിൽ സുവോളജിക്കൽ പാർക്കിനും നിർമാണോദ്ഘാടനവും ശിലാസ്ഥാപനവും മുഖ്യമന്ത്രി ഉമ്മൻചാണ്ടി നിർവഹിക്കുന്നു

comfortable north... The sky was an instant source...

Stir planned against delay in setting up zoological park

Staff Reporter

THRISSUR: The Friends of Zoo, an organisation backing the setting up of a Zoological Park at Puthur, has threatened to launch an indefinite agitation from October 4, World Animal Day, if authorities fail to start work on the project.

The foundation stone for the park, aimed at providing better facilities for animals and birds at Thrissur Zoo, was laid with much fanfare in March this year.

M. Peethambaran, convenor of the organisation, said they decided to take the path of protest as authorities failed to start work even after six months of laying the foundation stone. The zoological park was declared one of the dream projects of the State government.

Though the decision to set up the park was taken at a meeting in July, 2011 convened by then Minister for Forest K.B. Ganesh Kumar, the Cabinet gave the green signal only one year ago.

The Thrissur zoo, situated in 13 acres of land in the heart of the city, will be shifted to Puthur once the park is ready. Jon Coe, an acclaimed Australian landscape architect, had prepared the master plan of the park. He had paid a visit to the site along with team of landscape architects.



The proposed site for the zoological park at Puthur. – FILE PHOTO

Mr. Coe has designed over 80 zoos, aquariums, botanical gardens, theme parks and nature parks over the last 45 years. Former Zoo Director S.B. Yelaki was appointed as nodal officer for the project.

Research centre

There is a proposal to set up a research centre at the proposed park for conducting studies on endangered species of plants and animals of the Western Ghats.

സുവോളജിക്കൽ പാർക്കിന് ശിലയിട്ടു

പുത്തൂർ ഉദയനഗറിൽ പുതുതായി ഒരുങ്ങുന്ന സുവോളജിക്കൽ പാർക്കിന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി ശിലയിട്ടു. സംസ്ഥാന സർക്കാർ 23 കോടി അനുവദിച്ചിട്ടുണ്ടെന്നും 150 കോടിയുടെ കേന്ദ്രസഹായം ഉടൻ ലഭ്യമാകുമെന്നാണ് പ്രതീക്ഷയെന്നും മുഖ്യമന്ത്രി പറഞ്ഞു. പാർക്ക് നിർമാണം സമയബന്ധിതമായി പൂർത്തിയാക്കും. പുത്തൂർ മൃഗശാലക്ക് പകരം സജ്ജമാവുന്നതുവരെ ആരോപണം ശരിയല്ല. പദ്ധതിയുടെ പ്രവർത്തനത്തിൽ ഉണ്ടായിട്ടുള്ള കാലതാമസം പൂർണ ഉത്തരവാദിത്തത്തോടെ മുഖ്യമന്ത്രി ഏറ്റെടുക്കുന്നതായും പറഞ്ഞു.

കേരള സർവ്വോദയ മണ്ഡലം

സംസ്ഥാന സമിതി

ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി അവർകൾക്ക്,

തൃശൂർ ജില്ലയിൽ പുത്തൂരിൽ സംസ്ഥാന വനംവകുപ്പ് ആരംഭിക്കുന്ന സുവോളജിക്കൽ പാർക്കിന്റെ നിർമ്മാണ ഉദ്ഘാടനം 16-03-2013 ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിക്കുമെന്ന് തീരുമാനിച്ചിരിക്കുകയാണല്ലോ. തൃശൂർ ജില്ലയിലെ കിഴക്കൻ മേഖലയിലെ വലിയൊരു ആഘോഷമാക്കി ഈ ഉദ്ഘാടനത്തെ മാറ്റാൻ ജനങ്ങൾ വാർഡുതലത്തിൽ സംഘാടക സമിതികൾ ചേർന്ന് പരിപാടികൾ തയ്യാറാക്കി വരികയാണ്. ജനങ്ങൾ വലിയ ഉത്സാഹത്തിലാണ്.

പക്ഷെ, സുവോളജിക്കൽ പാർക്കിന്റെ നിർമ്മാണത്തിനായി ടെണ്ടർ ഉറപ്പിക്കാനോ ഏതെങ്കിലും ഒരു ഏജൻസിയെ ഔദ്യോഗികമായി ഏൽപിക്കാനോ ഇന്നുവരെ കഴിഞ്ഞിട്ടില്ല. (25/02/2013 ന് ഇതു സംബന്ധിച്ച കത്ത് അയച്ചിരുന്നു. എന്നിട്ടും നടപടി ഉണ്ടായില്ല.)

നിർമ്മാണ പ്രവർത്തനങ്ങൾ ബി.എസ്.എൻ.എൽ. വഴി ഗവൺമെന്റിന്റെ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് തന്നെ നടപ്പാക്കാൻ ഫോറസ്റ്റ് വകുപ്പ് തീരുമാനിച്ചു. ഇക്കാര്യം ധനകാര്യ വകുപ്പിനെ അറിയിക്കുകയും ചെയ്തിരുന്നു. ധനകാര്യ വകുപ്പിൽ നിന്ന് അനുമതിക്കായി അപേക്ഷ സമർപ്പിച്ചിട്ട് ഒരു മാസത്തോളമായി. ഇതിന് മുമ്പ് സംഖ്യ അനുവദിച്ചു കിട്ടാൻതന്നെ ആറുമാസം ധനവനകാര്യ വകുപ്പ് വൈകിപ്പിച്ചു.

ധനകാര്യവകുപ്പിൽ നിന്ന് അനുമതി ലഭിക്കാത്തതുകൊണ്ട് പ്രസ്തുത നിർമ്മാണ പ്രവർത്തനം ബി.എസ്.എൻ.എൽ. നെ ഏൽപിച്ചുകൊണ്ടുള്ള ഒരു ഗവൺമെന്റ് ഉത്തരവ് ഇറക്കാൻ പോലും കഴിഞ്ഞിട്ടില്ല.

നിർമ്മാണം സംബന്ധിച്ച് ഒരു ജി.ഒ. പോലും ഇറക്കാതെ നിർമ്മാണ ഉദ്ഘാടനം മുഖ്യമന്ത്രി നിർവ്വഹിക്കുക എന്നത് തികച്ചും അനീതിയാണ്. സർക്കാരിന്റെ കൂട്ടുത്തരവാദിത്തമില്ലായ്മയും പരാജയവുമാണ് ഇത് കാണിക്കുന്നത്.

പ്രാഥമികമായി ചെയ്യേണ്ട കാര്യങ്ങൾ ചെയ്യാതെ നിർമ്മാണ ഉദ്ഘാടനം നിർവ്വഹിക്കുന്നത് ജനങ്ങളോടുള്ള അവഹേളനവും അനാദരവുമല്ലെ.

ഇക്കാര്യത്തിൽ എത്രയും പെട്ടെന്ന് അങ്ങ് ഇടപെടണമെന്നും ധനകാര്യ വകുപ്പിന്റെ അനുമതി ലഭ്യമാക്കികൊണ്ട് 16-03-2013 ലെ നിർമ്മാണ ഉദ്ഘാടനത്തിനുമുമ്പ് വനം വകുപ്പിന് ഇതു സംബന്ധിച്ച ഒരു ഉത്തരവെങ്കിലും ഇറക്കാൻ അടിയന്തിര നടപടിയുണ്ടാകണമെന്നും അഭ്യർത്ഥിക്കുന്നു.

ഇത്തരം ഒരു അനുകൂല അന്തരീക്ഷം ഉണ്ടാകുന്നില്ലെങ്കിൽ സദ്ബുദ്ധിക്കും സദ്വ്യത്തിക്കുമായി അന്നേ ദിവസം ഉപവാസ പ്രാർത്ഥന അനുഷ്ഠിക്കുമെന്ന് അറിയിച്ചുകൊള്ളുന്നു.

മേൽഷറഞ്ഞ പ്രശ്നത്തിന് സജീവ പരിഗണന നൽകുകയും ഉചിത നടപടി എടുക്കുകയും ചെയ്തുകൊണ്ട് വിശ്വാസ്യത നിലനിർത്തണമെന്ന് അപേക്ഷിക്കുന്നു.

പുത്തൂർ
06/03/2013

എം. പീതാംബരൻ
സംസ്ഥാന വൈസ് പ്രസിഡണ്ട്
കേരള സർവ്വോദയ മണ്ഡലം
സെക്രട്ടറി, ഫ്രണ്ട്സ് ഓഫ് സൂ
ഇരവിമംഗലം പി.ഒ., തൃശൂർ- 680751
ഫോൺ: 9446401576

പുത്തൂർ മൃഗശാല നിർമ്മാണം: മൃഗസ്നേഹികൾ പ്രത്യക്ഷസമരത്തിലേക്ക്

തൃശ്ശൂർ: പുത്തൂർ മൃഗശാല നിർമ്മാണം അനിശ്ചിതമായി വൈകുന്നതിൽ പ്രതിഷേധിച്ച് ഫ്രണ്ട്സ് ഓഫ് സൂവിന്റെ ആഭിമുഖ്യത്തിൽ പ്രത്യക്ഷസമരത്തിന് തയ്യാറെടുക്കുന്നു. ലോക വന്യജീവിദിനമായ ഒക്ടോബർ നാലു മുതൽ സമരം ആരംഭിക്കുമെന്ന് സംഘടന കൺവീനർ എം. പീതാംബരൻ മുഖ്യമന്ത്രിയെ അറിയിച്ചു. മൃഗശാലയ്ക്കുള്ള നിർദിഷ്ട സ്ഥലത്ത് സത്യാഗ്രാഹസമരം തുടങ്ങാനാണ് ഉദ്ദേശിക്കുന്നത് എന്നും അദ്ദേഹം പറഞ്ഞു.

പണം അനുവദിച്ചിട്ടും മാസ്റ്റർപ്ലാൻ അംഗീകാരം ലഭിച്ചിട്ടും രണ്ടുതവണ നിർമ്മാണപ്രവർത്തനങ്ങളുടെ ഉദ്ഘാടനം നടത്തിയിട്ടും പദ്ധതി തുടങ്ങാൻ വൈകുന്നതിനെതിരെയാണ് സമരം തുടങ്ങുന്നത്. നിർമ്മാണപ്രവർത്തനങ്ങൾ ആരെ ഏൽപ്പിക്കുമെന്നതു സംബന്ധിച്ച തർക്കമാണ് വൈകലിന് കാരണമെന്ന് സംഘടന ആരോപിക്കുന്നു. നിർമ്മാണം ബി.എസ്.എൻ.എല്ലിനെ ഏൽപ്പിക്കാമെന്നായിരുന്നു ആദ്യധാരണ. എന്നാൽ ഇപ്പോൾ ഇത് സ്വകാര്യവ്യക്തികൾക്ക് കൈമാറാനുള്ള ശ്രമങ്ങളുണ്ട്. ആസ്ട്രേലിയൻ സൂ ഡിസൈനറായ ജോൺകോയുടെ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയാണ് മാസ്റ്റർപ്ലാൻ തയ്യാറാക്കിയത്. കേന്ദ്ര സൂ അതോറിറ്റി അംഗീകരിച്ചതാണിത്. എന്നാൽ ഇപ്പോൾ വീണ്ടും ഒരു മാസ്റ്റർ പ്രൊജക്ട് ഉ[illegible] ശ്രമം നടക്കുന്നുണ്ട്.

150 കോടി രൂപ ഏഴുവർഷം[illegible] ന്നുഘട്ടങ്ങളായി ചെലവാക്കാനാ[illegible] യിട്ടിരുന്നത്. ഇതിൽ കഴിഞ്ഞ [illegible] വർഷം സംസ്ഥാന സർക്കാർ [illegible] അഞ്ചുകോടിയിൽ രണ്ടര കോടി[illegible] തികളൊന്നും ഒന്നും തുടങ്ങാനാ[illegible] നാൽ നഷ്ടപ്പെട്ടു. ഈ സാമ്പത്[illegible] ത്തെ ബജറ്റിൽ 25 കോടി രൂപയ[illegible] വദിച്ചിരിക്കുന്നത്. ജോലികൾ ത[illegible] സാഹചര്യത്തിൽ ഇതും എന്താകു[illegible] യാനാവില്ല.

സുവോളജിക്കൽ പാർക്ക്: പുത്തൂരിൽ ക്യാംപ് ഓഫിസ് രണ്ടാഴ്ചയ്ക്കകം

പുത്തൂർ ● സുവോളജിക്കൽ പാർക്കിന്റെ ആദ്യഘട്ടനിർമാണ പ്രവർത്തനങ്ങളുടെ ഭാഗമായി രണ്ടാഴ്ചയ്ക്കകം പുത്തൂരിൽ ക്യാംപ് ഓഫിസ് ആരംഭിക്കുമെന്ന് മുഖ്യമന്ത്രി. ടെൻഡർ നടപടികൾ ഈ മാസം 10 ന് ആരംഭിക്കുമെന്നും മന്ത്രി അറിയിച്ചു.

ശിലാസ്ഥാപനം നടത്തി ഏഴു മാസം പിന്നിട്ടിട്ടും നിർമാണം വൈകുന്ന സാഹചര്യത്തിൽ പ്രമിനസ് ഓഫ് സുവിന്റെ നേതൃത്വത്തിൽ പ്രതിഷേധം ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചതിനെ തുടർന്ന് എം.പി. വിൻസന്റ് എംഎൽഎയുടെ നേതൃത്വത്തിൽ മുഖ്യമന്ത്രിയുടെ ഓഫിസിൽ ചർച്ചയ്ക്ക് വഴിയൊരുക്കുകയായിരുന്നു.



പുത്തൂർ സുവോളജിക്കൽ പാർക്കിന്റെ നിർമാണവുമായി ബന്ധപ്പെട്ടു മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ നടന്ന ചർച്ച.

സംസ്ഥാന ബജറ്റിൽ വകയിരുത്തിയ 25 കോടി രൂപ ചെലവഴിക്കാൻ മറ്റ് സാങ്കേതിക തടസങ്ങളില്ലെന്നും ഈ സാമ്പത്തിക വർഷം തന്നെ ആദ്യഘട്ട പ്രവൃത്തികൾ പൂർത്തിയാക്കുമെന്നും തീരുമാനമായി. നിലവിലുള്ള മാസ്റ്റർ പ്ലാനും ലേഔട്ടും പ്രകാരമുള്ള ആദ്യഘട്ടത്തിൽ സ്റ്റാഫ് ഹൗസ്, കിച്ചൻ, സൂ ഹോസ്പിറ്റൽ എന്നിവയാണ് ഉൾപ്പെടുക. നിർമാണ പ്രവർത്തനങ്ങൾ സുതാര്യമാക്കുന്നതിന് തുടർന്നു ചേർന്നവലോകനയോഗത്തിൽ പൊതുമരാമത്ത് നിരത്തുകൾ വിഭാഗത്തിന്റെയും പ്രത്യേക നിരീക്ഷണമുണ്ടാകുമെന്നും മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന ചർച്ചയിൽ എം.പി. വിൻസന്റ് എംഎൽഎ അധ്യക്ഷതവഹിച്ചു. വനംവകുപ്പ് സെക്രട്ടറി പി.കെ. മൊഹന്തി, വനം, ധനകാര്യ വകുപ്പ് ഉദ്യോഗസ്ഥർ, സ്പെഷൽ ഓഫിസർ സി.എസ്. രാജൻ, വടക്കാഞ്ചേരി എംഎൽഎ മുരളി പെരുനെല്ലി, പുത്തൂർ പഞ്ചായത്ത് പ്രസിഡന്റ് ബോണി ചിറയത്ത്, പഞ്ചായത്തംഗം ടി.കെ. ശ്രീനിവാസൻ, പ്രമിനസ് ഓഫ് സൂ സെക്രട്ടറി എം. പീതാംബരൻ, വിജിലിസി ജെയ്സു സെബാസ്റ്റ്യൻ എന്നിവർ പ്രസംഗിച്ചു.



നിർമ്മാണം ആരംഭിച്ചു

സുവോളജിക്കൽ പാർക്കിന്റെ നിർമാണപ്രവർത്തനങ്ങൾക്ക് മുഖ്യമന്ത്രി ഉമ്മൻചാണ്ടി ഉദ്ഘാടനം നിർവ്വഹിച്ചത് 2013 മാർച്ച് മാസം പതിനാറാം തീയതിയാണ്. ആറുമാസം പിന്നിട്ടിട്ടും നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കാത്ത ഘട്ടത്തിലാണ് ഫ്രണ്ട്സ് ഓഫ് സൂ പ്രത്യക്ഷ പ്രതിഷേധ പ്രവർത്തനങ്ങളുമായി രംഗത്തുവരാൻ തീരുമാനിച്ചത്.

മുഖ്യമന്ത്രി ഉമ്മൻചാണ്ടി ഒക്ടോബർ ഒന്നാം തീയതി വീണ്ടും തിരുവനന്തപുരത്ത് യോഗം വിളിച്ചുചേർത്ത് നടപടിക്രമങ്ങൾ വേഗത്തിലാക്കുമെന്ന് ഉറപ്പുനൽകിയിരുന്നു. വീണ്ടും മൂന്നുമാസം കൂടി പിന്നിട്ടു. ഇത്തരമൊരു ഘട്ടത്തിലാണ് പ്രത്യക്ഷ പ്രതിഷേധ പരിപാടികൾ ആരംഭിക്കാൻ ഫ്രണ്ട്സ് ഓഫ് സൂ തീരുമാനിക്കുന്നത്. പ്രതിഷേധസൂചകമായി വരാനിരിക്കുന്ന തെരഞ്ഞെടുപ്പിൽ 'നോട്ട' രേഖപ്പെടുത്താനും ചർച്ചയുണ്ടായി. നിർമ്മാണപ്രവർത്തനങ്ങളുടെ ചുമതല ബി.എസ് എൻ. എൽ. കൺസ്ട്രക്ഷൻ വിഭാഗത്തെ ഏൽപ്പിക്കാനുള്ള നിർദ്ദേശം സംസ്ഥാന ധനകാര്യ വകുപ്പ് തടയുകയായിരുന്നു.

ചില സ്വകാര്യ ഏജൻസികളുടെ സ്വാധീനമാണ് ഇതിന് കാരണം എന്ന് പറയപ്പെട്ടു. മുഖ്യമന്ത്രിക്കും വകുപ്പ് മന്ത്രിക്കും ഫ്രണ്ട്സ് ഓഫ് സൂ ശ്രദ്ധക്ഷണിക്കൽ കത്ത് നൽകി. സുവോളജിക്കൽ പാർക്കിന്റെ നിർമ്മാണപ്രവർത്തനം പൊതുമേഖലാസ്ഥാപനമായ കേരള പോലീസ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് ഏൽപ്പിക്കാൻ മന്ത്രിസഭാ യോഗത്തിൽ ധാരണയായി. ഇത് സംബന്ധിച്ച ഉത്തരവ് ഇറങ്ങാനും നാളുകൾ നീണ്ടു. ഇതും ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽ പെടുത്തി സമ്മർദം ചെലുത്തിയപ്പോഴാണ് പോലീസ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ചുമതലപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവ് ഇറങ്ങിയത്. സുവോളജിക്കൽ പാർക്കിന് ആവശ്യമായ സ്റ്റോർ റൂം, അടുക്കള, മൃഗശാല ആശുപത്രി അഡ്മിനിസ്ട്രേറ്റീവ് ബിൽഡിംഗ്, ജീവനക്കാർക്ക് വേണ്ടിയുള്ള കോർട്ടേഴ്സ് തുടങ്ങിയവയുടെ നിർമാണം ആണ് പോലീസ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഏൽപ്പിച്ചത്.

പോലീസ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ ഡി.ജി.പി ഡോ. അലക്സാണ്ടർ ജേക്കബ് ഐ.പി.എസ്. 2014 മാർച്ച് പതിനാറാം തീയതി

നിർദ്ദിഷ്ട സ്ഥലം സന്ദർശിച്ചു. നിർമ്മാണപ്രവർത്തനങ്ങൾ നാലുമാസം കൊണ്ട് പൂർത്തീകരിക്കുമെന്ന് അദ്ദേഹം അറിയിച്ചു. ഡോക്ടർ അലക്സാണ്ടർ ജേക്കബ് നോടൊപ്പം ഫോറസ്റ്റ് കൺസർവേറ്റർ പണിഫാരീന്ദ്ര കുമാർ കൂടെ ഉണ്ടായിരുന്നു പട്ടിക്കാട് ഫോറസ്റ്റ് റേഞ്ച് ഓഫീസർ പി.ആർ.എൻ രവീന്ദ്രൻ ഡി.എഫ്.ഓ. ശശി പ്രകാശ്, എം.പി. വിൻസെന്റ് എം.എൽ.എ., പുത്തൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് ജോണി ചിറയത്ത് ജില്ലാ പഞ്ചായത്ത് അംഗം ടി.ജെ. സനീഷ് കുമാർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് നന്ദൻ കുന്നത്ത്, ഫ്രണ്ട്സ് ഓഫ് സൂ സെക്രട്ടറി എം. പീതാംബരൻ മാസ്റ്റർ, കൺസ്ട്രക്ഷൻ കോർപ്പ റേഷൻ പ്രോജക്ട് എൻജിനീയർ കെ.എൻ. കൃഷ്ണൻ എന്നിവർ സന്നിഹിത രായിരുന്നു.

മറ്റ് വൻകരകളിലെ മൃഗങ്ങൾക്ക് 60 ഏക്കർ ഭൂമി

പുത്തൂർ സുവോളജിക്കൽ പാർക്കിന്റെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് 60 ഏക്കറോളം സ്ഥലം മറ്റു ചില മൃഗങ്ങളെയും ജീവികളെയും പുനരധിവസിപ്പിക്കുന്നതിന് ഉപയോഗപ്പെടുത്തുമെന്ന് സുവോളജിക്കൽ പാർക്ക് സ്പെഷ്യൽ ഓഫീസർ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ സി.എസ്.യേലാക്കി അറിയിച്ചു. പുത്തൂരിലെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നിർദ്ദിഷ്ട സ്ഥലം സ്ഥാന നിർണ്ണയം നടത്തി തിരിച്ച് കൊടുക്കുന്നതിനുവേണ്ടി എത്തിയതായിരുന്നു അദ്ദേഹം ഫോറസ്റ്റ് സി.സി.എഫ് ഹരീന്ദ്ര കുമാർ, ഫണീന്ദ്ര കുമാർ റാവു, ഡി.എഫ്. ഒ.ആർ. ശശികുമാർ, റേഞ്ച് ഓഫീസർ പി. രവീന്ദ്രൻ, ഓഫീസ് സെക്രട്ടറി എം. പീതാം ബരൻ മാസ്റ്റർ എന്നിവർ സന്നിഹിതരായിരുന്നു.



മാധ്യമം 3

മിണ്ടാപ്രാണികളോടുള്ള അവഗണന മൃഗീയം

● രണ്ടാംഘട്ട ശിലാസ്ഥാപനം വാർഷികമായി; സുവോളജിക്കൽ പാർക്ക് കടലാസിൽ തന്നെ

12

സുവോളജിക്കൽ പാർക്ക്

60 ഏക്കർ ഭൂമി മറ്റു വൻകരകളിലെ മൃഗങ്ങൾക്ക്

www.rashtradeepika.com രാഷ്ട്രദീപിക

സുവോളജിക്കൽ പാർക്കിന്റെ നിർമാണം ഇഴഞ്ഞു തുടങ്ങിയിട്ടു

മൃഗങ്ങൾക്ക് വോട്ടുണ്ടായിരുന്നെങ്കിൽ; കൂട്ടത്തോടെ നിഷേധ വോട്ടു ചെയ്യാമായിരുന്നു...



MONDAY • 17 MARCH 2014 • THRISSUR

കാത്തിരിപ്പിനൊടുവിൽ സുവോളജിക്കൽ പാർക്ക് നിർമാണം തുടങ്ങി

● നാല് മാസത്തിനുള്ളിൽ നിർമാണം പൂർത്തിയാക്കും

പെരിന്തൽമണ്ണ: മലപ്പുറം ജില്ലയിലെ ആദ്യത്തെ സുവോളജിക്കൽ പാർക്ക് നിർമാണം പുരോഗമിക്കുന്നു. പെരിന്തൽമണ്ണ നഗരസഭയുടെ കീഴിലുള്ള പാർക്കിന്റെ നിർമാണം ഇന്നലെ ചെയർമാൻ എം മുഹമ്മദ് സലീമിന്റെ അധ്യക്ഷതയിൽ ചേർന്ന കൗൺസിൽ യോഗം വിലയിരുത്തി. പാർക്കിന്റെ നിർമാണത്തിനായി 2.5 കോടി രൂപയാണ് ഇതുവരെ അനുവദിച്ചിട്ടുള്ളത്. ഇതിൽ 1.5 കോടി രൂപ ഉപയോഗിച്ചുള്ള നിർമാണം പൂർത്തിയായിട്ടുണ്ട്. ഇതിൽ 1.5 കോടി രൂപ ഉപയോഗിച്ചുള്ള നിർമാണം പൂർത്തിയായിട്ടുണ്ട്. ഇതിൽ 1.5 കോടി രൂപ ഉപയോഗിച്ചുള്ള നിർമാണം പൂർത്തിയായിട്ടുണ്ട്.

THRISSUR ZOOLOGICAL PARK CONSTRUCTION STUCK IN AN IMPASSE

By Vaisakh E Hari

THRISSUR: It has been a year since the Chief Minister Oommen Chandy inaugurated the construction of the zoological park. No noticeable developments in the construction have been witnessed since.

Sarvodaya Mandalam blamed the inefficiency of the authorities and the public representatives for the time delay in the construct ion procedures. Chief Minister had announced in the inaugural ceremony that the public sector telecom company BSNL would commence the construction within a month. The Sarvodaya council further alleged that the vested interests of the private lobbies, who did not appreciate a public sector company landing the contract, were behind the inordinate delay in the construction procedures.

The main construction procedures were then passed on to the private agencies, with a minimum time of six or seven months to complete all the procedures. The amount allowed in the budget would lapse by that time.

Sarvodaya Mandalam and Friends of Zoo agencies had demanded that at least a part of the construction procedures be handed over to the public sector organizations. In accordance with the requests, a decision was made to hand over a part to the construction to the Kerala Police construction sections. The council also opined that the construction procedures were just crawling along even after a special Tahsildar was appointed to obtain the lands from a private owner nearby. The council remarked that the presence of real estate groups, who buy out the properties of the residents at a very low sum, also contributed to the above problems.

The Sarvodaya Mandalam council proclaimed its intent to hold a protest, hunger strike and the use of NOTA vote in the Thrissur constituency unless the problems were redressed in a speedy and efficient manner.

"An EOI was announced on the project, which could have been easily passed on a public sector company like BSNL. The justification of the authorities was that the public sector companies like BSNL could apply with an EOI. Now, the companies have to be chosen, their designs submitted and tendered. The two and a half crore funds, about to lapse at the end of this financial year, can be easily used in the construction of staff quarters, which are not related with the works of the zoo. The funds will not be lapsed and the construction can be done in a parallel manner", says M Peethambaran, the state general secretary of Sarvodaya Mandalam.

City Journal – 3-3-2014

THE HINDU • MONDAY, MARCH 3, 2014

Delay in setting up zoo decried

People's forum plans to launch a series of protests

Staff Reporter

THRISSUR: Friends of Zoo, a people's forum, is planning a series of protests against the inordinate delay in beginning work on Puthur zoological park.

M. Peethambaran, convenor of the forum, alleged that the lackadaisical attitude of elected representatives and officials was the reason behind the delay. "Chief Minister Oommen Chandy had laid the foundation stone for the zoological park on March 16 last year. Even after one year, no work has begun. During his speech, the Chief Minister had announced that BSNL would undertake the work within a month. But the pressure from the private lobby against giving the work to the public sector company is delaying the project," said Mr. Peethambaran.

Though it was decided that private agencies be allotted main works, the procedures will take another six to seven months. "By that time, the amount allotted in the budget for the project will lapse," the forum noted.

Friends of Zoo and Sarvodhaya Mandalam have been pressuring the authorities to start work so that the budgetary allocation would not lapse. "Though the government recently decided to entrust the work to the construction wing of the Kerala Police, a government order has not been issued. A special tahsildar has been assigned the task of acquiring five acres of land close to the proposed land for the park. But land acquisition has also been delayed," the forum said.

The forum is planning a series of protests including fasting and protest meetings to get the government to issue the order with immediate effect and begin work before March 16.

The zoological park was declared as a dream project of the State government. The Thrissur zoo, now situated on 13 acres in the heart of the city, will be shifted to the park once it is ready.

സുവോളജിക്കൽ പാർക്ക്: നിർമാണം തുടങ്ങി

● നിർമാണ പ്രവർത്തനം: പ്രാരംഭ ഘട്ടത്തിൽ അഞ്ചു കോടി രൂപ




മാതൃഭൂമി
17
മാർച്ച് 2014
തിങ്കളാഴ്ച
നഗരം
തൃശൂരിന്റെ സ്വന്തം...
JCB
പുത്തൂരിൽ പാർക്കിനു ജീവൻ

ആവാസവ്യവസ്ഥയ്ക്ക് C Z A യുടെ അംഗീകാരം

സുവോളജിക്കൽ പാർക്കിന്റെ ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ സംസ്ഥാന പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ആരംഭിച്ചു വെങ്കിലും യഥാസമയം പണം കൈമാറുന്നതിന് ധനകാര്യവകുപ്പ് പലപ്പോഴും തടസ്സം സൃഷ്ടിച്ചു കൊണ്ടിരുന്നു. നിർമ്മാണ പ്രവർത്തനങ്ങളിൽ ഇത് അനിശ്ചിതത്വം ഉണ്ടാക്കി. നിർമ്മാണ പ്രവർത്തനങ്ങൾക്ക് പണം ലഭ്യമാക്കാൻ മുഖ്യമന്ത്രി അടിയന്തരമായി ഇടപെടണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഫ്രണ്ട്സ് ഓഫ് സൂ 2015 ഫെബ്രുവരി എട്ടിന് മുഖ്യമന്ത്രി ക്ക് നിവേദനം സമർപ്പിച്ചു. ഇത്ത വണ അവതരിപ്പിക്കാനിരിക്കുന്ന ബജറ്റിൽ 50 കോടി രൂപയെങ്കിലും സുവോളജിക്കൽ പാർക്കിന്റെ പ്രവർത്തനങ്ങൾക്കായി വകയിരുത്തണം എന്നും നിവേദനത്തിൽ അഭ്യർത്ഥിച്ചിരുന്നു. എന്നാൽ ബജറ്റ് അവതരിപ്പിച്ച പ്പോൾ കേവലം രണ്ടു കോടി രൂപ മാത്രമാണ് സുവോളജിക്കൽ പാർക്കിനായി വകയിരുത്തി യിരിക്കുന്നത്.

പ്രശ്നത്തിന്റെ ഗുരുതരാവസ്ഥ മുഖ്യമന്ത്രിയേയും ബന്ധപ്പെട്ട വകുപ്പ് മന്ത്രി മാരെയും ജനപ്രതിനിധികളെയും അറിയിച്ചുകൊണ്ടിരുന്നു. മാർച്ച് 2015 മാർച്ച് 18ന് ഒല്ലൂർ എംഎൽഎ എം.പി.വിൻസെന്റ് മുൻകൈയെടുത്തു കൊണ്ട് മുഖ്യ മന്ത്രിയുടെ ചേമ്പറിൽ മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ ഉദ്യോഗസ്ഥന്മാരുടെ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ നിർമാണപ്രവർത്തനം തടസ്സം കൂടാതെ മുന്നോട്ടു പോകാൻ തീരുമാനിച്ചു. ആവശ്യമായ ഫണ്ട് കൈമാറാനും നിർദ്ദേശങ്ങൾ നൽകി. മുൻവർഷങ്ങളിൽ ബജറ്റിൽ അവതരിപ്പിച്ച തുക ഈ ആവശ്യങ്ങൾക്കായി ഉപയോഗിക്കാനും തീരുമാനമുണ്ടായി. 2015 ജൂലൈ പതിനാറാം തീയതി തൃശ്ശൂർ സുവോളജിക്കൽ പാർക്ക് മാസ്റ്റർ പ്ലാനിന് കേന്ദ്ര മൃഗശാല അതോറിറ്റി അന്തിമമായി അംഗീകാരം നൽകി. ഇതനുസരിച്ച് നിർമ്മാണപ്രവർത്തനങ്ങൾ ഉർജ്ജിതപ്പെടുത്താനുള്ള സാധ്യതയും തെളിഞ്ഞു. ആവാസ ഇടങ്ങളുടെ നിർമ്മാണം എന്ന രണ്ടാം ഘട്ടത്തിലേക്ക് പോകാനുള്ള അവസരമായി. മൊത്തം 170 കോടി ചെലവ് പ്രതീക്ഷിക്കുന്ന പ്രോജക്ടിന് വേണ്ടി മുൻകാലങ്ങളിൽ ബജറ്റിൽ അവതരിപ്പിച്ച വകയിരുത്തിയ തുക എല്ലാംകൂടി 32 കോടി രൂപ ഈ ആവശ്യത്തിനായി നിലവിലുണ്ട്. ജലസേചന ജലവിതരണ സംവിധാനത്തിന് സാധ്യതകൾ പഠിക്കാനായി കൺസൾട്ടൻസി ആയി ചെന്നൈയിലെ വാഡിയ ഏജൻസിയെ ഏൽപ്പിച്ചു പരിസ്ഥിതി ആഘാത പഠനം സംബന്ധിച്ച പ്രവർത്തനങ്ങൾക്കു കിറ്റ് കോ വിനെ ചുമതല പ്പെടുത്തി.

പുത്തൂരിൽ ഒരുക്കുന്ന ആവാസവ്യവസ്ഥ ഇങ്ങനെ

✔ സസ്തനികൾ, ഉരഗങ്ങൾ പക്ഷികൾ, എന്നിവയ്ക്ക് വേറെ വേറെ സൗകര്യങ്ങൾ സിംഹവാലൻ കുരങ്ങ്, മലയണ്ണാൻ, പുള്ളിപ്പുലി തുടങ്ങിയ വന്യജീവികളെ കൃത്രിമ മഴക്കാടുകളിൽ പാർപ്പിക്കും.

✔ കൃത്രിമമായി ഒരുക്കിയ ഇലപൊഴിയും കാടുകൾ ഉള്ള ഭാഗത്ത് മാനുകൾ, കരടി, കാട്ടുപോത്ത് കടുവ എന്നിവയെ കാണാം.

✔ പർവ്വത മേഖലകളിൽ കാണപ്പെടുന്ന വരയാടുകളെ വരയാടുകളെ കൃത്രിമ ചെറു പർവ്വതങ്ങൾ തലങ്ങളിൽ പാർപ്പിക്കും. ജിറാഫ്, ഹിപ്പോപൊട്ടാമസ്, സീബ്ര, കങ്കാരു തുടങ്ങിയ മൃഗങ്ങൾക്കായി ആഫ്രിക്കൻ വനമേഖല ഒരുക്കും

✔ മലയണ്ണാൻ മുതൽ സിംഹം വരെ ഉള്ള 25 ഇനങ്ങളിൽപ്പെട്ട 220 സസ്തനികളാണ് പാർക്കിൽ ഉണ്ടാക്കുക.

✔ രാജ വെമ്പാല മുതൽ കടലാമ വരെ ഉരഗവിഭാഗത്തിൽ ഉണ്ടാകും. ഭീമൻ പല്ലി വിദേശത്തുനിന്നും എത്തും.

✔ 24 ഇനത്തിൽപ്പെട്ട 150 പക്ഷികളെ പക്ഷി വിഭാഗത്തിൽ കാണാം. ഇതിൽ പത്തോളം ഇനങ്ങൾ വിദേശ പക്ഷികളാണ്.

✔ ജിറാഫ്, സീബ്ര, ഹിപ്പോപൊട്ടാമസ് എന്നിവയാണ് വിദേശികളായ സസ്തനികൾ.

✔ സുവോളജിക്കൽ പാർക്കിനായി നീക്കിവച്ചിട്ടുള്ള 300 ഏക്കർ ഭൂമിയുടെ പകുതിയോളം ഭാഗത്ത് മരങ്ങൾ നട്ടു പിടിപ്പിക്കും.

✔ പ്രകൃതിക്ക് ഇണങ്ങുന്ന തരത്തിൽ കേരളത്തിലെ തനത് ശൈലിയിൽ നിർമ്മാണം നടത്തണമെന്നും രൂപരേഖ നിഷ്കർഷിക്കുന്നു.

✔ സന്ദർശകരുടെ സുരക്ഷയ്ക്ക് കിടങ്ങുകളും കമ്പിവേലികളും നിർമിച്ചാണ് മൃഗങ്ങളെ പാർപ്പിക്കുന്നത്.

✔ സന്ദർശകരുടെ വാഹനങ്ങളുടെ പാർക്കിംഗ് അടക്കം വിപുലമായ സൗകര്യങ്ങൾ രൂപരേഖ ഉദ്ദേശിക്കുന്നുണ്ട്.

67 വിഭാഗങ്ങളിൽപ്പെട്ട 444 വന്യ ജീവികളുടെ വാസസ്ഥലം കൃത്യമായി വിശദീകരിച്ച് ഓസ്ട്രേലിയൻ ആർക്കിടെക്റ്റ് ജോൺ കോ സമർപ്പിച്ച സമ്പൂർണ്ണ രൂപരേഖ യ്ക്കാണ് കേന്ദ്ര മൃഗശാല അതോറിറ്റി അംഗീകാരം നൽകിയത്.

Zone Concept :

1. Animal Parking Area
2. Entrance and Orientation
3. Green Zone
4. Rain Forest Zone
5. Semi Decisuous Zone
6. Grassy Wetland Zone
7. Mountain Grassland Zone
8. Conservation Zone
9. Administration and Service Zone

സുവോളജിക്കൽ പാർക്കിന് പാര

മുഖ്യമന്ത്രി പറഞ്ഞാലും ഫണ്ട് അനുവദിക്കില്ലെന്ന് ധനവകുപ്പ്

● സർക്കാർ പ്രത്യേക ഉത്തരവ് ഇറക്കണമെന്നാണ് ആവശ്യം

സ്വന്തം ലേഖകൻ

തൃശൂർ: നിർദിഷ്ട പുത്തൂർ സുവോളജിക്കൽ പാർക്കിന്റെ നിർമാണപ്രവർത്തനത്തിന് മുഖ്യമന്ത്രി പ്രത്യേക താൽപര്യമെടുത്ത് അനുവദിച്ച 1.3 കോടി രൂപ നൽകാനാവില്ലെന്ന് ധനവകുപ്പ്. സ്റ്റാഫ് ഹൗസ്, കിച്ചൻ, മൃഗാശുപത്രി, ഡയറക്ടറേറ്റ് ഹൗസ്, സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നിവയുടെ നിർമാണത്തിനാണ് തുക അനുവദിച്ചത്. പൊലീസ് കൺസ്ട്രക്ഷൻ കോർപറേഷനെയാണ് ഇതിന്റെ നിർമാണച്ചുമതല ഏൽപിച്ചിരിക്കുന്നത്. ഈ ചുമതല സ്വകാര്യ ഏജൻസിയെ ഏൽപിക്കാനുള്ള കുതന്ത്രത്തിന്റെ ഭാഗമാണ് ധനവകുപ്പിന്റെ ഈ കടുംപിടിത്തം എന്ന് ആക്ഷേപമുണ്ട്. സർക്കാറിന്റെ ഏം പാനൽ ഏജൻസിയാണ് പൊലീസ് കൺസ്ട്രക്ഷൻ കോർപറേഷൻ.

1.3 കോടി രൂപ സംസ്ഥാന സർക്കാർ നേരത്തെ വകയിരുത്തിയതാണ്. ഈ തുക അനുവദിക്കണമെന്ന് മുഖ്യമന്ത്രി നിർദേശം നൽകിയതുമാണ്. ഇങ്ങനെയൊരു നിർദേശത്തിന്റെ പേരിൽ ഫണ്ട് അനുവദിക്കാൻ പറ്റില്ലെന്നാണ് ധനവകുപ്പ് പറയുന്നത്. അതിന് സർക്കാർ പ്രത്യേക ഉത്തരവ് ഇറക്കണമെന്നാണ് ഇവരുടെ ആവശ്യം. സുവോളജിക്കൽ പാർക്കിന്റെ നിർമാണം അനിശ്ചിതത്വത്തിലായപ്പോൾ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കണമെന്ന ആവശ്യത്തെത്തുടർന്നാണ് പണി തുടങ്ങാൻ സർക്കാർ തീരുമാനിച്ചത്. വനം വകുപ്പിന്റെ ഉത്തരവാദിത്തത്തിലും മേൽനോട്ടത്തിലുമാണ് പണി. അതിൽ ധനവകുപ്പ് ഇപ്പോഴേങ്ങ ആവശ്യമില്ലെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. പണം അനുവദിക്കാതിരിക്കാൻ ധന വകുപ്പ് ചൂണ്ടിക്കാണിക്കുന്ന തടസ്സങ്ങൾ സംശയാസ്പദമാണെന്നും സമഗ്ര അന്വേഷണം നടത്തി ഇതിനെ കാരണം പുറത്തുകൊണ്ടുവരണമെന്നും ഫ്രൻഡ്സ് ഓഫ് സു ഡയറക്ടർ എം. പീതാംബരൻ മുഖ്യമന്ത്രിക്ക് അയച്ച കത്തിൽ ആവശ്യപ്പെട്ടു. 2013 മാർച്ച് 16നാണ് പാർക്കിന്റെ നിർമാണ പ്രവർത്തനങ്ങൾ മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തത്.

സുവോളജിക്കൽ പാർക്കിന്റെ രൂപകൽപന പൂർത്തിയായിട്ടുണ്ട്. മൃഗശാല രൂപകൽപനയിൽ പ്രശസ്തനായ ആസ്ട്രേലിയക്കാരൻ ജോൺ കോയും എറണാകുളത്തുള്ള ഐഡിയ ഡിസൈനേഴ്സും പേർന്നാണ് ഈ ജോലി ചെയ്തത്. ഇനി ടെൻഡർ ക്ഷണിക്കാനുള്ള നടപടിയിലേക്ക് നീങ്ങാം.

വംശനാശം നേരിടുന്ന മൃഗങ്ങളെ പരിപാലിക്കാനുള്ള പുതിയൊരു പദ്ധതി കൂടി തയാറാക്കി കേന്ദ്ര മൃഗശാല അതോറിറ്റിക്ക് അംഗീകാരത്തിന് നൽകിയിട്ടുണ്ട്.

അംഗീകാരമാകുന്നതോടെ പൂർണമായും പദ്ധതിക്ക് ടെൻഡർ ക്ഷണിക്കാം. ഈ നിലക്ക് അടിസ്ഥാന സൗകര്യങ്ങൾ പൂർപ്പിക്കുന്നതിന് അടുത്ത സാമ്പത്തിക വർഷം 50 കോടി വകയിരുത്തണമെന്നാണ് ആവശ്യം.





തൃശൂർ metrotcr@mm.co.in

മെട്രോ മനോരമ

2015 ജൂലൈ 17 വെള്ളി
1190 കർക്കടകം 01

പുത്തൂർ സുവോളജിക്കൽ പാർക്കിൽ മൃഗങ്ങൾക്കായി ഒരുക്കുന്ന ആവാസവ്യവസ്ഥയ്ക്ക് കേന്ദ്ര മൃഗശാല അതോറിറ്റി അംഗീകാരം നൽകി. പാർക്കിന്റെ സമ്പൂർണ രൂപരേഖയും അതോറിറ്റി അംഗീകരിച്ചു. ഇതോടെ പാർക്ക് നിർമാണത്തിനുള്ള ടെൻഡർ നടപടികൾ ഉടനെ ആരംഭിക്കും.

പുത്തൂർ സുവോളജിക്കൽ പാർക്ക്

ആവാസ വ്യവസ്ഥയ്ക്ക് അംഗീകാരം

പുത്തൂരിൽ ഒരുക്കുന്ന ആവാസവ്യവസ്ഥ ഇങ്ങനെ

ഇനി ടെൻഡർ നടപടികളിലേക്ക്

മാതൃഭൂമി 17-7-2015

സുവോളജിക്കൽ പാർക്ക്: കൂടുകളുടെ നിർമ്മാണത്തിന് അനുമതി

ഒല്ലൂർ: പുത്തൂരിലെ സുവോളജിക്കൽ പാർക്കിൽ മൃഗങ്ങൾക്കും മറ്റു ജീവജാലങ്ങൾക്കും വേണ്ടി നിർമ്മിക്കുന്ന കൂടുകളുടെ 'എൻക്ലോഷർ പ്ലാൻ' സെൻട്രൽ സൂ അതോറിറ്റി അംഗീകരിച്ചു.

പ്രശസ്ത സൂ ഡിസൈനർ ജോൺകോ തയ്യാറാക്കിയ പ്ലാനിൽ നേരിയ മാറ്റങ്ങൾ വരുത്താനും നിർദ്ദേശിച്ചിട്ടുണ്ട്.

നവംബർ 10ന് കൂടുകളുടെ നിർമ്മാണം തുടങ്ങാൻ തിരുവനന്തപുരത്തു ചേർന്ന ഉന്നതതല യോഗത്തിൽ തീരുമാനമായി. ആഗസ്റ്റ് ആദ്യവാരത്തിൽ ഇതിന് ടെൻഡർ ക്ഷണിക്കും. ബുധനാഴ്ച തൃശ്ശൂർ രാമനിലയത്തിൽ വനംവകുപ്പു സെക്രട്ടറി മാനേജിങ്ങ് ഡയറക്ടർ, ഡയറക്ടർ, പ്രൊഫസർ സി.എസ്. യേലാക്കി, ഡി.എഫ്.ഒ. സജികുമാർ, എം.പി. വിൻസെന്റ് എം.എൽ.എ, പോലീസ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ എം.ഡി. അനിൽകാന്ത് എന്നിവരാണ് യോഗത്തിൽ സംബന്ധിച്ചത്.

ആഫ്രിക്കൻ ജീവികളായ ചീറ്റ, ജിറാഫ് തുടങ്ങിയവയ്ക്കുള്ള കൂടുകളുടെ നിർമ്മാണത്തിനാണ് ആദ്യം അനുമതി നൽകിയിരിക്കുന്നത്. ഇവയ്ക്കുള്ള കൂടുകൾ നിർമ്മിക്കുന്നതിന് ആഫ്രിക്കൻ മരങ്ങളും സസ്യങ്ങളും ഇവിടെ നട്ടുപിടിപ്പിക്കലും ഉടനെ തുടങ്ങും. സുവോളജിക്കൽ പാർക്കിന് പ്രതിദിനം 2.5 ലക്ഷം ലിറ്റർ വെള്ളമാണ് വേണ്ടിവരുന്നത്. ജലലഭ്യതയുള്ള ലോകത്തിലെ വാഹിയ എൻജിനീയറിങ് കമ്പനിയെയാണ് ഏല്പിച്ചിരിക്കുന്നത്. അടുത്തയാഴ്ച ഇവർ പുത്തൂരിലെത്തി നിർമ്മാണപ്രവർത്തനങ്ങൾ തുടങ്ങും. ഒരു വർഷത്തിനുള്ളിൽ പാർക്കിന്റെ ഒന്നാംഘട്ടം പൂർത്തീകരിക്കാൻ കഴിയുമെന്ന് അധികൃതർ പറഞ്ഞു. ആദ്യഘട്ട നിർമ്മാണം കഴിഞ്ഞാൽ തന്നെ തൃശൂർ മൃഗശാലയിലെ മൃഗങ്ങളെയും ജീവജാലങ്ങളെയും പുത്തൂരിലേക്ക് മാറ്റാനാകുമെന്നും അധികൃതർ പറഞ്ഞു.

കേരളകൗമുദി പ്രാദേശികം 14-7-2015

സുവോളജിക്കൽ പാർക്കിന് കിട്ടിയത് ചില്ലറക്കാശ്



4 പ്രാദേശികം TCR 7474A www.mana

ബജറ്റ് പറ്റിച്ചു; മൃഗങ്ങൾക്കു 'കാട്ടിൽ' പോകാൻ പറ്റില്ല

● പ്രതീക്ഷിച്ചത് 35 കോടി; കിട്ടിയത് രണ്ടു കോടി. സുവോളജിക്കൽ പാർക്കിലേക്ക് മൃഗങ്ങളെ മാറ്റൽ വൈകും

ഫ്രണ്ട്സ്ഓഫ് സൂ
തൃശ്ശൂർ-680751

ബഹുമാനപ്പെട്ട പ്രിൻസിപ്പൾ ചീഫ് കൺസർവേറ്റർ അവർകൾക്ക്,
സർ,

വിഷയം: തൃശ്ശൂർ സുവോളജിക്കൽ പാർക്കിന്റെ സ്പെഷൽ ഓഫീസറെ മറ്റ് ഔദ്യോഗിക ചുമതലകളിൽ നിന്ന് ഒഴിവാക്കുന്നത് സംബന്ധിച്ച്.

വിനോദസഞ്ചാര രംഗത്തും വന്യജീവി സംരക്ഷണ-ഗവേഷണ രംഗത്തും അന്താരാഷ്ട്ര ശ്രദ്ധയാകർഷിക്കാൻ സാധിക്കുന്ന കേരളത്തിന്റെ അഭിമാന പദ്ധതിയാണ് "തൃശ്ശൂർ സുവോളജിക്കൽ പാർക്ക്-വന്യജീവി സംരക്ഷണ ഗവേഷണ കേന്ദ്രം".

കേരള വനംവകുപ്പ് ഏറ്റെടുത്തിരിക്കുന്ന ഈ പ്രോജക്ടിന്റെ പ്രധാന നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയാണ്.

ഈ ഘട്ടത്തിൽ, സുവോളജിക്കൽ പാർക്കിന്റെ സ്പെഷൽ ഓഫീസറായ ശ്രീ. സി. എസ്. യാലാക്കി ഐ.എഫ്.എസ്. അവർകളുടെ മുഴുവൻ സമയ ശ്രദ്ധയും നേരിട്ടുള്ള നേതൃത്വവും അനിവാര്യമാണ്.

അതുകൊണ്ട്ശ്രീ. സി. എസ്. യാലാക്കി ഐ.എഫ്.എസ്. അവർകളെ മറ്റ് ചാർജ്ജ് ഔദ്യോഗിക ഉത്തരവാദിത്വങ്ങളിൽ നിന്ന് ഒഴിവാക്കികൊണ്ട് സുവോളജിക്കൽ പാർക്കിന്റെ പ്രവർത്തനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുവാൻ അവസരമുണ്ടാക്കികൊടുക്കണമെന്ന്വിനീതമായി അഭ്യർത്ഥിച്ചുകൊള്ളുന്നു.

സ്നേഹപൂർവ്വം
എം. പീതാംബരൻ
സെക്രട്ടറി
ഫ്രണ്ട്സ് ഓഫ് സൂ
സംസ്ഥാന ഓഫീസ് പ്രസിഡണ്ട്
കേരള സർവ്വോദയ മണ്ഡലം
തൃശ്ശൂർ- 680751
9446401576

പ്രൊഫ. ജോൺ സിറിയക്
പ്രസിഡണ്ട്
ഫ്രണ്ട്സ് ഓഫ് സൂ

തൃശ്ശൂർ
13-09-2015

സുവോളജിക്കൽ പാർക്ക്: മുഖ്യമന്ത്രി യോഗം വിളിക്കണമെന്ന് ആവശ്യം

തൃശൂർ: പുത്തൂർ സുവോളജിക്കൽ പാർക്കിന്റെ പ്രധാന നിർമാണ പ്രവർത്തനങ്ങൾക്കായുള്ള ടെൻഡർ നടപടികൾ ഉടൻ ആരംഭിക്കണമെന്ന് ഫ്രണ്ട്സ് ഓഫ് സൂ ആവശ്യപ്പെട്ടു. പാർക്കിന്റെ നിർമാണത്തിനു വേണ്ടി കോടി രൂപയാണു നടപ്പു സാമ്പത്തിക വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തിയത്. എന്നാൽ 30 കോടി രൂപയെങ്കിലും വേണമെന്നും ആവശ്യമായ ബജറ്റ് വിഹിതം ഇല്ലാത്തതിനാൽ ടെൻഡർ നടത്തേണ്ടതില്ലെന്നാണു വനംവകുപ്പിന്റെ നിലപാട്. ബജറ്റ് അനുകൂലമാണെങ്കിൽ വരുന്ന മുന്പ് 30 കോടി വകയിരുത്തണമെന്നു വനംവകുപ്പും ഫ്രണ്ട്സ് ഓഫ് സൂ വും വനംവകുപ്പിനോട് അഭ്യർഥിച്ചിരുന്നതാണ്.

ഇക്കാര്യം മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചു ചേർത്തിരുന്നു. പാർക്കിന്റെ നിർമാണത്തിനു പണം തടസമാകില്ലെന്നു വനംവകുപ്പ് സെക്രട്ടറി പങ്കെടുത്ത യോഗത്തിൽ തീരുമാനിച്ചിരുന്നു. ഇതു പാലിക്കപ്പെടുന്നില്ലെന്നു മനസിലാക്കിയാണ് മുഖ്യമന്ത്രി അടിയന്തരമായി ഇടപെടണമെന്ന് ഫ്രണ്ട്സ് ഓഫ് സൂ സെക്രട്ടറി നിവേദനത്തിൽ ആവശ്യപ്പെടുന്നു. അനുകൂല നടപടി ഉണ്ടായില്ലെങ്കിൽ സമരപരിപാടികൾ ആരംഭിക്കുമെന്നും ഭാരവാഹികളായ എം. പീതാംബരൻ, പ്രഫ. ജോൺ സിറിയക് എന്നിവർ അറിയിച്ചു.

മാതൃഭൂമി 25-8-2015

സുവോളജിക്കൽ പാർക്ക്: മുഖ്യമന്ത്രി യോഗം വിളിക്കണം -ഫ്രൻഡ്സ് ഓഫ് സൂ

തൃശൂർ: പുത്തൂർ സുവോളജിക്കൽ പാർക്ക് നിർമാണത്തിന് ടെൻഡർ നടപടികൾ ഉടൻ ആരംഭിക്കണമെന്ന് ഫ്രൻഡ്സ് ഓഫ് സൂ ആവശ്യപ്പെട്ടു. പാർക്കിന്റെ നിർമാണത്തിനു പണം തടസമാകില്ലെന്നു വനംവകുപ്പ് സെക്രട്ടറി പങ്കെടുത്ത യോഗം തീരുമാനിച്ചിരുന്നു. ഇതു പാലിക്കപ്പെടുന്നില്ലെന്നു മനസിലാക്കിയാണ് മുഖ്യമന്ത്രി അടിയന്തരമായി ഇടപെടണമെന്ന് ഫ്രൻഡ്സ് ഓഫ് സൂ സെക്രട്ടറി നിവേദനത്തിൽ ആവശ്യപ്പെടുന്നു. അനുകൂല നടപടി ഉണ്ടായില്ലെങ്കിൽ സമരപരിപാടികൾ ആരംഭിക്കുമെന്നും ഭാരവാഹികളായ എം. പീതാംബരൻ, പ്രഫ. ജോൺ സിറിയക് എന്നിവർ അറിയിച്ചു.

മാതൃഭൂമി 25-8-2015



വീണ്ടും കളിത്തോക്ക്

ബജറ്റിൽ പുത്തൂർ സുവോളജിക്കൽ പാർക്കിന് ലഭിച്ചത് വെറും രണ്ട് കോടി. നാൽപ്പതു കോടിയെങ്കിലും ഇല്ലാതെ പദ്ധതിയുടെ ഒന്നാം ഘട്ടം പൂർത്തിയാക്കാനാവില്ല. തൃശൂർ മൃഗശാലയിലെ മൃഗങ്ങളെ പുത്തൂരിലേക്കു മാറ്റാനും.

ലേസറിന് ബജറ്റിൽ പണം



സുവോളജിക്കൽ പാർക്കിന് ശുഭസൂചന

TIMES C

THE TIMES OF INDIA, THRISSUR | PALAKKAD | KOTTAYAM | ALAPPUZHA |

21-3-2015

509 ESSENTIAL DRUGS TO COST MORE FROM APRIL 1; REVISION BASED ON WHOLESALE PRICE INDEX | P4

ABU WITH
BIJIMOL A

Puthur zoo construction begins after a long wait

Project To Cost ₹170cr, Only ₹7cr Sanctioned So Far

Ramavarman.T@timesgroup.com

Thrissur: The construction work of the proposed zoological park and conservation centre at Puthur which is expected to be the new location for the animals and birds at Thrissur Zoo began on Friday after a prolonged wait for 18 years.

The park to be set up at an area of 320 acres near forest land is expected to provide a natural habitat for the animals and birds.

It will have advanced facilities for housing the animals as well for providing an educative and comfortable viewing experience for the visitors

The whole project is estimated to cost Rs 170 crore, but currently, the construction has begun only on the administrative wing of the park.

The government has sanctioned only Rs 7 crore so far, including the Rs 2 crore earmarked in the just-presented state budget for 2015-16.

Campaigns are already on to enhance the allocation. "The government must allocate at least Rs 35 crore in the budget for the coming year as a large part of the construction work of the project is to be completed in the coming year as per the original plan," says M Peethambaran, secretary of the Friends of Zoo, a Thrissur-based NGO spearheading the campaign for shifting Thrissur zoo to the proposed zoological park at Puthur.



The park to be set up in an area of 320 acres near forest land is expected to provide a natural habitat for animals and birds. The work includes construction of quarters for the staff of the proposed park and zoo hospital

The contract for the construction of the administrative wing has been awarded to the Kerala Police Housing Construction Corporation (KPHCC).

The work include construction of the quarters for the staff of the proposed park and zoo hospital. "We hope to complete this portion of the work in about ten months' time," K N Krishnan, project engineer of the KPHCC said.

Jon Coe, leading international zoo designer, has prepared the master plan of the park which has already been approved by the Central Zoo Authority. The micro-level design is also in the final stages of preparation.

The forest department had suggested some changes in the draft design, and after incorporating those suggestions, the final draft will be submitted to the authority soon.

"We hope to get the approval for it in the next meeting of the authority scheduled in May," said Biley M Menon of Idea Consultants which is collaborating with Jon Coe in the zoological park design.



Protest against inadequate allocation for Puthur zoo

Staff Reporter

THRISSUR: The amount of Rs. 2 crore earmarked in the State budget is inadequate to begin work on the much awaited Puthur zoological park, Friends of Zoo activists have said.

"The preliminary works of the zoological park have to be started in 2013-14. It is a reminder to the government, the Forest Department had urged it to allocate Rs. 25 crore for the park. The high-level meeting convened by the Chief Minister to review the works of the park had agreed to this demand. But, the meagre Rs. 2 crore allocated in the budget for the financial year[illegible]," said

The procedure for shifting Thrissur Zoo to Puthur has been going on at a snail's pace since 2001.

The government had signed a contract with an Australia-based design company for the design and planning of the zoo, and the technical experts for the company had visited the proposed site. Puttaraju, director D.F. Udali was appointed as nodal officer for the project.

The Thrissur Zoo currently situated in 27 acres of land in the heart of the city, will be shifted to the park once it is ready.

He held that any delay in the procedure has been inviting a series of protests from the people.

was invited in 2012. Chief Minister Oommen Chandy laid the foundation for the work in March 2013.

THE HINDU 17-3-2005

മായുതം 3

പുത്തൂർ സുവോളജിക്കൽ പാർക്ക്: ആവശ്യം 35 കോടി; കിട്ടിയത് രണ്ട് കോടി

● പ്രാരംഭ നിർമാണങ്ങൾ ഇഴയാൻ തുടങ്ങി



ഫണ്ട് തടഞ്ഞു പുത്തൂർ മൃഗശാല കല്ലിലൊതുങ്ങി

സ്വന്തം ലേഖകൻ

സമഗ്ര അന്വേഷണം വേണം

സുവോളജിക്കൽ പാർക്ക്: ധനവകുപ്പ് പാരവച്ചത് അന്വേഷിക്കണമെന്നാവശ്യം

കേന്ദ്ര പൊതുമരാമത്ത് വകുപ്പിന് (സി.പി.ഡബ്ല്യു.ഡി.) നിർമ്മാണ ചുമതല

സുവോളജിക്കൽ പാർക്കിന്റെ ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ സംസ്ഥാന പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷന് നൽകിയിരുന്നു. മറ്റു നിർമ്മാണ പ്രവർത്തനങ്ങൾ മറ്റൊരു പൊതുമേഖലാ സ്ഥാപനമായ കേന്ദ്ര പൊതുമരാമത്ത് വകുപ്പിന് (സി.പി.ഡബ്ല്യു.ഡി.) നൽകാൻ തത്വത്തിൽ ധാരണയായി. നിർദ്ദിഷ്ട സ്ഥലത്ത് പുതിയ കെട്ടിടത്തിൽ സ്പെഷ്യൽ ഓഫീസറുടെ ഓഫീസ് പ്രവർത്തനം ആരംഭിക്കുമെന്നും 2016 ഫെബ്രുവരി ഇരുപതാം തീയതി എം.പി.വിൻസെന്റ് എം.എൽ.എ. പത്ര സമ്മേളനത്തിൽ അറിയിച്ചിരുന്നു. തുടർന്നുള്ള മാസങ്ങളിൽ സംസ്ഥാന നിയമസഭ തെരഞ്ഞെടുപ്പ് വന്നു. അഡ്വ. കെ. രാജൻ ഒല്ലൂരിലെ എം.എൽ. എയായി തെരഞ്ഞെടുക്കപ്പെട്ടു.

അഡ്വക്കേറ്റ് കെ. രാജൻ എം.എൽ.എ.യുടെ ഓഫീസിൽ ഫ്രണ്ട്സ് ഓഫ് സൂ ഭാരവാഹികൾ എത്തുകയും അദ്ദേഹത്തിന് സുവോളജിക്കൽ പാർക്കിന്റെ നിലവിലുള്ള സ്ഥിതി ബോധ്യപ്പെടുത്തുകയും ചെയ്തു. സുവോളജിക്കൽ പാർക്ക് യാഥാർത്ഥ്യം ആകണമെങ്കിൽ ഇനി സ്വീകരിക്കേണ്ട പ്രവർത്തന പദ്ധതി (ആക്ഷൻ പ്ലാൻ)സദ്ദേഹത്തിനു സമർപ്പിച്ചു. ദീർഘസമയം ഈ വിവരങ്ങൾ ശ്രമിച്ച അദ്ദേഹം പ്രധാന കാര്യങ്ങളെല്ലാം ഡയറിയിൽ കുറിച്ച് എടുക്കുകയും ചെയ്തു. തുടർന്നുള്ള ശ്രമങ്ങൾക്ക് എല്ലാവിധ പിന്തുണയും ഫ്രണ്ട്സ് അദ്ദേഹത്തിന് ആശംസിക്കുകയും ചെയ്തു.

പുതിയ മന്ത്രിമാരുടെ സന്ദർശനം

നിയമസഭ തെരഞ്ഞെടുപ്പിന് ശേഷം മുഖ്യമന്ത്രിയായി ശ്രീ പിണറായി വിജയൻ ചുമതല ഏറ്റു. വനംവകുപ്പിന്റെ ചുമതല അഡ്വ. കെ. രാജുവിനും കൃഷി വകുപ്പിന്റെ ചുമതല തൃശ്ശൂർ ജില്ലയിൽ നിന്നുള്ള അഡ്വ. വി.എസ്. സുനിൽകുമാറിനും ലഭിച്ചു. വനം വകുപ്പ് മന്ത്രിയും കൃഷി വകുപ്പ് മന്ത്രിയും എംഎൽഎ അഡ്വ. കെ. രാജനും ഉൾപ്പെടെയുള്ളവർ 2016 ജൂലായ് 26 -ാം തീയതി പുത്തൂരിലെ നിർദ്ദിഷ്ഠ സ്ഥലം സന്ദർശിച്ചു. ഫ്രണ്ട്സ് ഓഫ് സൂ സന്തോഷ പൂർവ്വം അവർക്ക് സ്വാഗതം ആശംസിച്ചു കൊണ്ടുള്ള പത്രികകൾ നൽകി.

തുടർന്ന് ചെയ്യേണ്ട കാര്യങ്ങളെകുറിച്ചുള്ള ലഘു കുറിപ്പും ഇവർക്ക് കൈമാറുകയുണ്ടായി. സുവോളജിക്കൽ പാർക്കിനായി 150 കോടി രൂപയുടെ പദ്ധതി തയ്യാറാക്കുന്നതായി വനം വകുപ്പ് മന്ത്രി അഡ്വ.കെ.രാജു പുത്തൂരിൽ അറിയിച്ചു. ആദ്യഘട്ടമെന്ന നിലയിൽ 15 കോടി രൂപ ഈ പ്രവർത്തനത്തിന് വേണ്ടി അനുവദിച്ചതായും അദ്ദേഹം വ്യക്തമാക്കി. രണ്ടുവർഷത്തിനുള്ളിൽ ആദ്യഘട്ട നിർമാണം പൂർത്തീകരിച്ച് തൃശൂരിലെ മൃഗങ്ങളെ പുത്തൂരിൽ ലേക്ക് മാറ്റം മാറ്റുംഎന്നും അദ്ദേഹം സൂചിപ്പിച്ചു.

ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് ഷീല വിജയകുമാർ ജില്ലാ കളക്ടർ വി. രതീശൻ, തൃശൂർ കോർപ്പറേഷൻ ഡപ്യൂട്ടി ചെയർമാൻ വർഗീസ് കണ്ടം കുളത്തി, പുത്തൂർ പഞ്ചായത്ത് പ്രസിഡന്റ് മിനി ഉണ്ണികൃഷ്ണൻ, ഫ്രണ്ട്സ് ഓഫ് സൂ സെക്രട്ടറി എം. പീതാംബരൻ മാസ്റ്റർ, പി.ജി. ഷാജി എന്നിവരും സന്നിഹിത രായിരുന്നു. മന്ത്രിമാരുടെ സന്ദർശനവേളയിൽ ഫ്രണ്ട്സ് ഓഫ് സൂ നൽകിയ കത്തിൽ പ്രധാനമായും ആറ് കാര്യങ്ങളാണ് സൂചിപ്പിച്ചിരുന്നത്.

1. നിർമ്മാണപ്രവർത്തനങ്ങൾ കേന്ദ്ര പൊതുമരാമത്ത് വകുപ്പിന് ഏൽപ്പിക്കുന്ന ഗവൺമെൻറ് ഉത്തരവ് ഇറക്കുക.

2.സുവോളജിക്കൽ പാർക്കിന്റെ ഓഫീസ് നിർദ്ദിഷ്ട സ്ഥലത്ത് നിർമാണം പൂർത്തീകരിച്ച കെട്ടിടത്തിൽ ആരംഭിക്കുക.

3.പുത്തൂരിലെ ഓഫീസിലേക്ക് അത്യാവശ്യമായി സ്റ്റാഫംഗങ്ങളെ വർക്ക് അറേഞ്ച്മെൻറ് വ്യവസ്ഥയിലോ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലോ നിയമിക്കുക.

4.നിലവിലുള്ള സ്പെഷ്യൽ ഓഫീസറെ മറ്റ് ചുമതല കളിൽ നിന്ന് ഒഴിവാക്കുക.

5. അന്താരാഷ്ട്ര പ്രസിദ്ധനായ ആസ്ട്രേലിയൻ സൂ ഡിസൈനർ ജോൺ കോയുടെ സേവനം തുടർന്നും സ്വീകരിക്കുക.

6.തൃശ്ശൂർ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ സുവോളജിക്കൽ പാർക്ക് നിർമാണ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനും ത്വരിതപ്പെടുത്തുന്നതിനും ആയി ഒരു സമിതി രൂപീകരിക്കുക.

2016 ഡിസംബർ മാസം പകുതി ആയിട്ടും നിർമ്മാണ പ്രവർത്തനങ്ങളിൽ കാര്യമായ പുരോഗതി കൈവരിക്കാത്ത സാഹചര്യത്തിൽ ഫ്രണ്ട്സ് ഓഫ് സൂ പ്രത്യക്ഷ ശ്രദ്ധ ക്ഷണിക്കൽ പരിപാടികളിലേക്ക് നീങ്ങാൻ തീരുമാനിച്ചു.

ഡിസംബർ 31 ആം തീയതിയ്ക്കകം നിർമ്മാണ പ്രവർത്തനങ്ങളെ സംബന്ധിച്ച് വ്യക്തത കൈവരുന്നില്ല എങ്കിൽ 2017 ജനുവരി ഒന്നാം തീയതി മുതൽ പ്രത്യക്ഷ ശ്രദ്ധക്ഷണിക്കൽ പരിപാടികൾ ആരംഭിക്കാൻ ഫ്രണ്ട്സ് ഓഫ് സൂ തീരുമാനിച്ചു.ഇക്കാര്യം മന്ത്രിമാരെയും ജനപ്രതിനിധികളെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും അറിയിക്കുകയും ചെയ്തു.

പുതിയ ജനപ്രതിനിധികൾക്ക് സുവോളജിക്കൽ പാർക്കിനെ സംബന്ധിച്ച് ഫ്രണ്ട്സ് ഓഫ് സൂ സമർപ്പിച്ച പ്രവർത്തന പദ്ധതി (ആക്ഷൻ പ്ലാൻ)

കാഴ്ച്ചപ്പാട്:

"ഒരു രാജ്യത്തെ മൃഗങ്ങൾ എങ്ങിനെ പരിപാലിക്കപ്പെടുന്നു എന്നതിൽ നിന്ന് ആ രാജ്യത്തിന്റെ മഹത്വും ധാർമ്മിക പുരോഹതിയും വിലയിരുത്താനാകും"- **മഹാത്മാ ഗാന്ധി.**

1 നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാ ഗാന്ധിയുടെ മേൽ പറഞ്ഞ വാക്കുകൾ സുവോളക്കിൽ പാർത്തിന്റെ നിർമ്മാണവേളയിൽ ബന്ധപ്പെട്ടവരുടെ മനസ്സിൽ ഉണ്ടാകണമെന്ന് ആശിക്കുന്നു.

മനുഷ്യന്റെ വിനോദത്തിന് വേണ്ടി മൃഗങ്ങൾ പീഡിപ്പിക്കപ്പെടരുത്.അവയ്ക്ക് പരമാവധി മെച്ചപ്പെട്ട ആവാസസ്ഥാനം നൽകാൻ മനുഷ്യന് കടപ്പാടുണ്ട്.

സംരക്ഷണ- പഠന ഗവേഷണകേന്ദ്രം

2. ലോകപൈതൃക പട്ടികയിൽ സ്ഥാനം പിടിച്ചിരിക്കുന്ന പശ്ചിമഘട്ട നിരകളിലെ വംശനാശം നേരിടുന്ന ജീവികളേയും ,സസ്യങ്ങളേയും സംരക്ഷിക്കാനും പഠനം നടത്താനുമുള്ള ഒരു ആസ്ഥാനമായി സുവോളക്കിൽ പാർക്ക് മാറണം. കേവലം വന്യജീവി പ്രദർശന കേന്ദ്രമായി അത് മാറരുത്. ധാരാളം സസ്യങ്ങളും വൃക്ഷങ്ങളും ഇവിടെ ഉണ്ടാകണം.

വെറ്റിനറി കോളേജ്, ഫോർക്കികൾച്ചർ കോളേജ്, കേരള വനഗവേക്ഷണ കേന്ദ്രം, ഫോറസ്റ്ററി കോളേജ് എന്നി സ്ഥാപനത്തിലുള്ള വിദ്യാർത്ഥികൾക്കും, അധ്യാപകർ എന്നിവർക്ക് പഠന-ഗവേക്ഷണ പ്രവർത്തനങ്ങൾക്ക് വേദിയാകണം.

കുടിവെള്ളവും ജലസേചനവും

3. പുത്തൂരിലെ 330 ഏക്കർ സ്ഥലത്ത് വിന്യസിക്കപ്പെടുന്ന വൈവിധ്യമാർന്ന ജീവികൾ, മൃഗങ്ങൾ, പ്രതിവർഷം സന്ദർശനത്തിനെത്തുന്ന 30 ലക്ഷം ജനങ്ങൾ എന്നിവർക്കെല്ലാമുള്ള വെള്ളം ലഭ്യമാകുന്നതിനുള്ള പ്രത്യേര പദ്ധതികൾ വേണം.പുത്തൂർ മേഖലയിൽ നിലവിലുള്ള കുടിവെള്ള ജലസേചന പദ്ധതികളെ ബാധിക്കാത്ത വിധമായിരിക്കണം പുതിയ പദ്ധതി.

- നിർദ്ദിഷ്ട സ്ഥലത്തിന്റെ വടക്ക് ഭാഗത്തും കിഴക്കുഭാഗത്തുമായി മഴവെള്ളം സംര

ഭിച്ച് രണ്ട് തടാകങ്ങൾ സൃഷ്ടിക്കാം.

- നിർദ്ദിഷ്ട സ്ഥലത്ത് നിർമ്മിക്കുന്ന കിണറുകളിൽ വെള്ളം ലഭിക്കാൻ ഇത് സഹായകമാകും
- പീച്ചി ഡാമിൽ നിന്നും മണലിപ്പുഴയിൽ നിന്നുമുള്ള വെള്ളം ഉപയോഗപ്പെടുത്താം. കുടിവെള്ള സംരക്ഷണ നടപടിയുടെ ഭാഗമായി പുത്തൂർ ഗ്രാമപഞ്ചായത്തിൽ കുന്നുകൾ ഇടിയ്ക്കൽ , വയലുകൾ നികത്തൽ എന്നി പ്രവർത്തനങ്ങൾ നിരോധിക്കണം. നീർത്തടാധിഷ്ഠിത പദ്ധതികൾ സജീവമാക്കണം.

മാലിന്യ നിർമ്മാജനം

4. നിർദ്ദിഷ്ഠ സ്ഥലത്തിനുള്ളിൽ തന്നെ ജൈവ മാലിന്യങ്ങളെ അതതുസ്ഥലങ്ങളിൽ തന്നെ സംസ്കരിക്കുന്നതിനുള്ള ആധുനിക സംവിധാനം ഉണ്ടാകണം .

- ഖരമാലിന്യങ്ങൾ കുമിഞ്ഞുകൂടാതിരിക്കാനുള്ള പ്രത്യേക സംവിധാനം ഏർപ്പെടുത്തണം.
- പ്ലാസ്റ്റിക് വിമുക്ത മേഖലയാണെന്ന് ഉറപ്പുവരുത്തികൊണ്ടിരിക്കണം. ആവശ്യമായ കുടിവെള്ളം പാർക്കിനുള്ളിൽ തന്നെ ലഭ്യമാക്കികയാണെങ്കിൽ ബോട്ടിലുകളെ നിരോധിക്കാം.
- പാർക്കിംങ് സ്ഥലത്തും റോഡുകളിലും മാലിന്യം കുമിഞ്ഞു കൂടാതിരിക്കാനുള്ള പ്രത്യേക നടപടികൾ ഗ്രാമപഞ്ചാത്തിന്റെ ഭാഗത്തു നിന്നും ഉറപ്പുവരുത്തണം. ഇതിനായി ഒരു നിശ്ചിത ശതമാനം സംഖ്യ സുവോളക്കിൽ പാർക്കിൽ നിന്ന് ഈടാക്കുന്നതാണ്.

പാർക്കിങ്- വിശ്രമ- സൗകര്യങ്ങൾ

5. പ്രതിദിനം ശരാശരി എണ്ണായിരം സന്ദർശകരുണ്ടാകും. ഇവരുടെ വാഹനങ്ങൾക്കുള്ള പാർക്കിങ് സൗകര്യവും , സന്ദർശകർക്കുള്ള അത്യാവശ്യ ആശ്വാസ സൗകര്യങ്ങളും ഗ്രാമ പഞ്ചായത്ത് ഒരുക്കണം.ഇത് പഞ്ചായത്തിന്റെ സാമ്പത്തിക വികസനത്തിനും സഹായകമാകും. ഇതിനായി പർക്കിങ് ഏരിയ ഇപ്പാൾ തന്നെ കണ്ടെത്തണം.
പാർക്കിംഗ് സ്ഥലത്തിനും മറ്റു സൗകര്യങ്ങൾക്കുള്ള ഫണ്ട് പന്ത്രണ്ടാം പഞ്ചവത്സരപദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തണം.

റോഡ് വികസനം(BOT വേണ്ട)

6 കുട്ടനെല്ലൂർ നാഷണൽ ഹൈവേ-ബൈപാസ് മുതൽ സുവോളജിക്കൽ പാർക്കവരെയുള്ള റോഡ് ഗതാഗതത്തിന് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തണം.

- പീച്ചി-വിലങ്ങന്നൂർ-മാന്ദാമംഗലം-പുത്തൂർ റോഡ് വികസിപ്പിക്കണം. വലക്കാവിൽ നിന്ന് പുത്തൂരിലേയ്ക്കുള്ള റോഡ് വികസിപ്പിക്കണം (അടിയന്തിര ഘട്ടങ്ങളിൽ ഉപയോഗിക്കാൻ)
- പുത്തൂർ- പൊന്നുക്കര-തൃശ്ശൂർ നാഷണൽ ഹൈവെ ബൈപാസ് റോഡ് വികസിപ്പി

ക്കണം (അടിയന്തിരഘട്ടങ്ങളിൽ ഉപയോഗിക്കാൻ)

- പുത്തൂർ-ഇരവിമംഗലം-പുച്ചട്ടി റോഡ് വികസിപ്പിക്കണം.
  റോഡ് നിർമ്മാണത്തിന് , PWD ജില്ലാ പഞ്ചായത്ത് ഫണ്ട്, സംസ്ഥാന ഹൈവേഫണ്ട്, ബ്ലോക്ക് പഞ്ചായത്ത് ഫണ്ട്, എം.എൽ.എ, എം.പി. ഫണ്ട്, എന്നിവ മാത്രം ഉപയോഗിക്കുക

(BOT വ്യവസ്ഥയിൽ റോഡുകൾ നിർമ്മിച്ച് വരും തലമുറയെ കഷ്ടപെടുത്തരുത്.)

7. വൈദ്യുതി

സുവോളജിക്കൽ പാർക്കിലേക്കും അനുബന്ധറോഡുകളിലേക്കും വൈദ്യുതി വേണ്ടിവരും. ഇതിനായി സൗരോർജ്ജത്തിൽ നിലന്നും വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തണം.

- കൂടാതെ K.S.E.Bയുടെ പ്രത്യേക പദ്ധതികളും ഇതിനായി ആവിഷ്ക്കരിക്കണം. ചിലവുകുറഞ്ഞതും മേന്മയേറിയതുമായ തെരുവുവിളക്കുകൾ ഉറപ്പുവരുത്തണം.ഇതിനായി ജില്ലാപഞ്ചായത്ത്, വനം വകുപ്പ് എന്നിവർ മുൻകയ്യെടുക്കണം.

തൊഴിൽ സാധ്യതകൾ

8. സുവോളജിക്കൽ പാർക്കിലേക്കും അവിടേക്ക് വരുന്ന സന്ദർശകർക്കും ആവശ്യമായ വിവിധ കാര്യങ്ങളുമായി ബന്ധപ്പെട്ട് നിരവധി തൊഴിൽ അവസരങ്ങൾ ഉണ്ടാകും.

- ഗ്രാമപഞ്ചായത്ത് പ്രദേശത്തെ വനിതാ- പുരുഷ സ്വയം സഹായ സംഘങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവർക്ക് ആവശ്യമായ മാർഗ്ഗവിർദ്ദേശങ്ങൾ നൽകാൻ ഗ്രാമപഞ്ചാത്ത് മുൻകൈ എടുക്കണം.
- മൃഗങ്ങൾക്ക് ആവശ്യമായ തീറ്റി സാധനങ്ങൾ, സന്ദർശകർക്ക്ുള്ള നാടൻ ഭക്ഷ്യവസ്തുക്കൾ, ഇളംനീർ, പഴച്ചാറുകൾ പോലുള്ള പാനിയങ്ങൾ, കരകൗശലവസ്തുക്കൾ, സ്റ്റേഷനറി വസ്തുക്കൾ എന്നിവയുടെ നിർമ്മാണം, വിപണനം, പാർക്കിനുള്ളിലും പുറത്തും സാങ്കേതിക പരിജ്ഞാനം ആവശ്യമില്ലാത്ത തൊഴിലുകൾ എന്നിരംഗങ്ങളിൽ ഏറെ തൊഴിൽ സാധ്യതകൾ ഉണ്ടാക്കും. ഈ അവസരങ്ങൾ സാധാരണക്കാരന് പ്രയോജനപ്പെടുത്താനുള്ള ഘടനാപരമായ സൗകര്യങ്ങൾ ഗ്രാമ-ബ്ലോക്ക്-ജില്ലാപഞ്ചായത്തുകളും കുടിയോലോചിച്ച് ഒരുക്കികൊടുക്കണം.
  ഇതിനായി ഗ്രാമപഞ്ചായത്ത് മുൻകയ്യെടുക്കണം.

ലഹരി വിമുക്ത മേഖല

സുവോളജിക്കൽ പാർക്കും പരിസരവും ലഹരിവിമുക്തവും പ്ലാസ്റ്റിക്കു-മാലിന്യ വിമുക്തവുമായി പ്രഖ്യപിക്കാനും അത് നടപ്പാക്കാനും പ്രത്യേകം ശ്രദ്ധ വേണം.

പക്ഷികൾക്കായി ഫലവൃക്ഷങ്ങൾ

സുവോളജിക്കൽ പാർക്കിലേക്ക് ദേശാടനപക്ഷികളെ ആകർഷിക്കുന്നതിനായി, പക്ഷികൾക്കുള്ള ഭക്ഷ്യവസ്തുക്കൾ ലഭ്യമാക്കുന്ന ഫലവൃക്ഷങ്ങൾ നിർദ്ദിഷ്ഠ സ്ഥലത്തും അഞ്ച് കിലോമീറ്റർ ചുറ്റളവിലും വെച്ചുപിടിപ്പിക്കാനുള്ള ജനകീയപദ്ധതിയിലേക്ക് വനം വകുപ്പും സന്നദ്ധസംഘടനകളും മുൻകയ്യെടുക്കണം.

നമ്മുടെ പ്രദേശത്തിന്റെ വികസനത്തിനായി മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ പരിഗണിക്കണമെന്ന് സവിനയം അഭ്യർത്ഥിക്കുന്നു.

State to be self-sufficient in anti-rabies vaccine soon

Work on Puthur Zoological Park to begin soon, says Minister

STAFF REPORTER

THRISSUR: The State will become self-sufficient in anti-rabies vaccine production within three years, Minister for Forests, Animal Husbandry and Zoos K. Raju has said.

He was speaking after inaugurating the Animal Birth Control Centre of the Thrissur Corporation at Paravattani on Tuesday.

"Necessary steps are being taken at the Palode laboratory of the Animal Husbandry Department for the production of anti-rabies vaccine. Once the Rs. 62-crore project becomes functional, the State can even provide anti-rabies vaccine to other States," he said. 24X7 service will be ensured at 20 veterinary hospitals in the State. In the initial stage, full-time service will be provided at two hospitals in Thrissur. Kaipamangalam panchayat in Thrissur district will be upgraded as a model panchayat in the sector of animal welfare.

Kerala will become self-sufficient in milk production in two years. Funds have been earmarked for that, the Minister said.

He said work on the Puthur Zoological Park would be started soon. Of the Rs.150 crore allotted in the budget, Rs. 15 crore will be given as advance.

Minister for Agriculture V.S. Sunil Kumar said a modern convention centre would come up in the city at an estimated cost of Rs. 40 crore once the current zoo is shifted to Puthur.

The Minister said a Rs.250-crore project has been envisaged to solve drinking water shortage in Thrissur.

The Thrissur Corporation has started a modern Animal Birth Control centre at Paravatti in association with the Animal Husbandry Department This is the first of its kind in the State, according to the Corporation sources. Mayor Ajitha Jayarajan presided over the function.



Minister for Forest K. Raju and Minister for Agriculture V.S. Sunil Kumar visit the proposed site of the zoological park at Puthur in Thrissur on Tuesday. — PHOTO: K.K. NAJEEB

THE HINDU 27-7-2016

സുവോളജിക്കൽ പാർക്കിന് പണം അനുവദിക്കാമെന്ന് മുഖ്യമന്ത്രി ഉറപ്പ് നൽകി -എം.എൽ.എ

ഒല്ലൂർ: പുത്തൂരിലെ നിർദിഷ്ട സുവോളജിക്കൽ പാർക്ക് നിർമാണത്തിന് ടെൻഡർ പ്രകാരം വേണ്ടിവരുന്ന പണം ബജറ്റിൽ ഉൾപ്പെടുത്തി അനുവദിക്കുമെന്ന് മുഖ്യമന്ത്രി ഉറപ്പ് നൽകിയെന്ന് എം.പി. വിൻസെൻറ് എം.എൽ.എ. പാർക്കിൻെറ ഓഫിസ് നിർമാണം പൂർത്തിയായ കെട്ടിടത്തിലേക്ക് മാറ്റാൻ നടപടിയായ വിവരം അറിയിക്കാൻ വിളിച്ച വാർത്താസമ്മേളനത്തിലാണ് എം.എൽ.എ ഇക്കാര്യം പറഞ്ഞത്.

ഓഫിസിലേക്ക് വേണ്ട ജീവനക്കാരെയും വാഹനങ്ങളും അനുവദിക്കണമെന്ന ആവശ്യം വനം മന്ത്രി അംഗീകരിച്ചിട്ടുണ്ട്. തുടർനിർമാണ പ്രവൃത്തികൾ കേന്ദ്ര പൊതുമരാമത്ത് വകുപ്പിനെ ചുമതലപ്പെടുത്തും. സി.പി.ഡബ്ല്യു.ഡിക്ക് മുൻകൂറായി നൽകാൻ നാല് കോടി നീക്കിയിരിപ്പുണ്ട്. ബാക്കി കാര്യങ്ങൾ സംബന്ധിച്ച് അടുത്തയാഴ്ച ഉന്നതവിലങ്ങുമെന്ന് എം.എൽ.എ പറഞ്ഞു.

പരിസ്ഥിതി പഠനം, വെള്ളത്തിൻെറ ലഭ്യതാ പഠനം, മാലിന്യ നിർമാർജന പഠനം എന്നിവ പൂർത്തിയാക്കി പ്രോജക്ട് റിപ്പോർട്ട് സർക്കാറിന് സമർപ്പിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്ന നടപടി അവസാനഘട്ടത്തിലാണ്. ഒരാളൊഴികെ എല്ലാവരും ഭൂമി നൽകാൻ തയാറായിട്ടുണ്ട്. ആദ്യഘട്ടത്തിൽ റോഡ്, മൃഗങ്ങൾക്ക് കൂട്, മൃഗങ്ങളുടെ ആവാസ വ്യവസ്ഥക്ക് അനുയോജ്യമായ രീതിയിൽ ഭൂമി എന്നിവ നടത്തുമെന്ന് എം.എൽ.എ പറഞ്ഞു.

മുൻ സർക്കാറിൻെറ കാലത്താണ് പുത്തൂർ സുവോളജിക്കൽ പാർക്കിനുള്ള നടപടിക്ക് തുടക്കമിട്ടതെങ്കിലും വലിയ തോതിൽ നിർമാണം ആരംഭിച്ചത് യു.ഡി.എഫ് സർക്കാർ അധികാരത്തിൽ വന്ന ശേഷമാണ്. എങ്കിലും ബജറ്റിൽ വേണ്ടത്ര തുക വകകൊള്ളിക്കാതെയും മറ്റും നടപടി ഇഴയുകയാണ്.

ഇത്തവണത്തെ ബജറ്റിലും നാല് കോടി മാത്രമാണ് വകയിരുത്തിയിരിക്കുന്നത്. ആ തുകയാണ് കേന്ദ്ര പൊതുമരാമത്ത് വകുപ്പിന് പ്രാരംഭ നിർമാണത്തിനായി നൽകുന്നത്. ടെൻഡർ പ്രകാരമുള്ള ബാക്കി തുക അനുവദിക്കുമെന്ന് മുഖ്യമന്ത്രി ഉറപ്പ് പറഞ്ഞതായി എം.എൽ.എ അവകാശപ്പെടുന്നുണ്ടെങ്കിലും തെരഞ്ഞെടുപ്പ് അടുത്ത സ്ഥിതിക്ക് അത് പ്രായോഗികമാണോ എന്ന കാര്യത്തിൽ സംശയം ഉയരുന്നുണ്ട്. ബജറ്റിൽ നാമമാത്രമായി തുക വകയിരുത്തിയതിൽ കഴിഞ്ഞ ദിവസം ഫ്രണ്ട്സ് ഓഫ് സു പ്രവർത്തകർ പ്രതിഷേധിച്ചിരുന്നു.

മാധ്യമം 21-2-2016



• പുത്തൂരിലെ നിർദിഷ്ട സുവോളജിക്കൽ പാർക്ക് സ്ഥലമായ കെ. രാജു, പി.എൽ. സുനിൽകുമാർ, സന്ദർശിക്കുന്നു

പുത്തൂർ സുവോളജിക്കൽ പാർക്ക്

കിഫ്ബി വഴി പണം ലഭിക്കും - മന്ത്രി

പുത്തൂർ ▸ സുവോളജിക്കൽ പാർക്കിൻെറ ഒന്നാംഘട്ടം പൂർത്തീകരിക്കാൻ വേണ്ട പണം കിഫ്ബിയിൽനിന്നു ലഭിക്കുമെന്ന കാര്യത്തിൽ ആശങ്ക വേണ്ടെന്ന് വനം മന്ത്രി കെ. രാജു പറഞ്ഞു. പുത്തൂർ സുവോളജിക്കൽ പാർക്കിൻെറ സ്ഥലത്ത് ജീവജാലങ്ങൾക്കും മൃഗങ്ങൾക്കും വേണ്ടിയുള്ള നാലിനം കൂടുകൾക്ക് ആവാസ വ്യവസ്ഥയൊരുക്കുന്നതിൻെറ നിർമാണോദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.

സുവോളജിക്കൽ പാർക്കിൻെറ ആദ്യഘട്ടത്തിനാവശ്യമായ ഫണ്ട് കിഫ്ബിയിൽനിന്ന് നൽകുന്നതിന് സർക്കാർതലത്തിലും തീരുമാനിച്ചിട്ടുള്ളതാണ്.



പുത്തൂർ സുവോളജിക്കൽ പാർക്കിലെ കൂടുകളുടെ നിർമാണോദ്ഘാടനം മന്ത്രി കെ. രാജു നിർവഹിക്കുന്നു

വനത്തിനുള്ളിലെ ജോലികളും നടത്തുന്ന കാര്യത്തിൽ വനം വകുപ്പ് ഉദ്യോഗസ്ഥർക്കെതിരേ വ്യാപക പരാതിയുണ്ട്.

നാൽപത് ശതമാനം ജോലികളിലും അഴിമതിയുണ്ടെന്നാണറിവ്. അതിനാലാണ് കൺവീനർ സമ്പ്രദായം നീക്കിയത്. അഴിമതി നടത്താൻ സർക്കാർ ഒരുതരത്തിലും അനുവദിക്കില്ലെന്നും മന്ത്രി പറഞ്ഞു.

കെ. രാജൻ എം.എൽ.എ. അധ്യക്ഷനായി. സുവോളജിക്കൽ പാർക്ക് സ്പെഷ്യൽ ഓഫിസർ രാജേഷ് രവീന്ദ്രൻ, ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ ദീപ, ഐ.എസ്. ഉമാദേവി, മിനി ഉണ്ണികൃഷ്ണൻ, പി.ജി. ഷാജി തുടങ്ങിയവർ പ്രസംഗിച്ചു.

മാധ്യമം 16-2-2018

മംഗളം 27-7-2016

സുവോളജിക്കൽ പാർക്ക്

- രണ്ടു വർഷത്തിനകം നിർമാണം പൂർത്തിയാക്കും
- പ്രാരംഭഘട്ടത്തിനു പതിനഞ്ച് കോടി

ഒന്നാംഘട്ട നിർമാണം ആറുമാസത്തിനകം

തൃശൂർ: സുവോളജിക്കൽ പാർക്ക് പുത്തൂരിലേക്കു മാറ്റാനുള്ള ഒന്നാംഘട്ട നിർമാണ പ്രവർത്തനങ്ങൾ ആറുമാസത്തിനുള്ളിൽ ആരംഭിക്കുമെന്ന് മന്ത്രി കെ.രാജു. രണ്ടു വർഷത്തിനകം നിർമാണം പൂർത്തിയാക്കുമെന്നും അദ്ദേഹം പറഞ്ഞു. ചെമ്പുക്കാവിൽ മൃഗശാല സന്ദർശനത്തിനുശേഷം മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. നാഷണൽ സൂ അഥോറിറ്റി അംഗീകരിച്ച മാസ്റ്റർ പ്ലാൻ അനുസരിച്ചാണ് നിർമാണം.പുത്തൂരിൽ ഇതിനായി കണ്ടെത്തിയ സ്ഥലം വനഭൂമിയായതിനാൽ വനംവകുപ്പ് നിർമാണച്ചുമതല വഹിക്കും. പുതുക്കിയ ബജറ്റ് പ്രകാരം മൃഗശാല വികസനത്തിനായി വകയിരുത്തിയ 150 കോടി രൂപയിൽ പതിനഞ്ച് കോടി പ്രാരംഭഘട്ട നിർമാണങ്ങൾക്കായി നീക്കിവച്ചിട്ടുണ്ട്.

സെൻട്രൽ പി.ഡബ്ല്യു.ഡി. വകുപ്പുമായുള്ള ചർച്ച ഫലം കണ്ടാൽ സാമ്പത്തിക വിഭാഗവുമായി തീരുമാനിച്ച് നിർമാണ പ്രക്രിയകൾ പൂർത്തിയാക്കും. സ്ഥലം അളന്നു കൃത്യമാക്കൽ, മാസ്റ്റർപ്ലാൻ തയാറാക്കൽ, ഓരോ മൃഗത്തിന്റെയും ആവാസവ്യവസ്ഥ അനുസരിച്ചുള്ള നിർമാണങ്ങൾ എന്നി കാര്യങ്ങളാണ് ഇതുവരെ അംഗീകരിക്കപ്പെട്ടത്. പ്രവേശന കവാടം, പരിസരപ്രദേശങ്ങൾ, പക്ഷികളെയും മൃഗങ്ങളെയും അധിവസിപ്പിക്കുന്ന സ്ഥലങ്ങൾ, പാർക്കിന് ഏരിയ എന്നിവയുടെ നിർമാണമാണ് ഒന്നാംഘട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ആദ്യഘട്ട നിർമാണം പൂർത്തിയാക്കിയാലുടൻ എല്ലാ ജീവികളെയും ഒന്നിച്ച് പുത്തൂരിലേക്ക് മാറ്റും.

336 ഏക്കർ സ്ഥലമാണ് സുവോളജിക്കൽ പാർക്കിനായി പുത്തൂരിൽ മാറ്റി വച്ചിരിക്കുന്നത്. പെമ്പുക്കാവിൽ പതിമൂന്നര ഏക്കർ സ്ഥലത്തു നിന്ന് 336 ഏക്കർ സ്ഥലത്തേക്കുള്ള മാറ്റം. മൃഗങ്ങൾക്ക് അവയുടെ ആവാസത്തിന് അനുയോജ്യമായ രീതിയിൽ കഴിയാൻ സഹായകമാകും. ഇതിന് കൂടുതൽ സ്ഥലം ആവശ്യമുണ്ടെങ്കിൽ ഉൾപ്രദേശങ്ങളിൽ നിന്നും കൂടുതൽ സ്ഥലം അനുവദിക്കും. ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ സുവോളജിക്കൽ പാർക്ക് 225 ഏക്കർ സ്ഥലത്താണ് പ്രവർത്തിക്കുന്നത്. പുത്തൂർ മൃഗശാല പൂർത്തിയാകുന്നതോടെ ഈ സ്ഥാനവും പുത്തൂർ പാർക്കിന് സ്വന്തമാകും. മൃഗശാലയ്ക്ക് ഏറ്റവും അനുയോജ്യമായ സ്ഥലമാണ് പുത്തൂരിൽ കണ്ടെത്തിയത്. നിലവിൽ മികച്ച റോഡും ജലലഭ്യതയുമുണ്ട്. ജലവും റോഡും കൂടുതൽ ആവശ്യമെങ്കിൽ അതും പദ്ധതിയിൽ ഉൾപ്പെടുത്തും.നൈറ്റ് സഫാരി അടക്കമുള്ള ടൂറിസം സാധ്യതകളും പരിഗണിക്കും. പുത്തൂർ മൃഗശാല ഇന്ത്യയിലെ അന്താരാഷ്ട്ര നിലവാരമുള്ള സുവോളജിക്കൽ പാർക്ക് ആക്കി മാറ്റണമെന്നാണ് സർക്കാർ ആഗ്രഹിക്കുന്നതെന്നും കെ.രാജു വ്യക്തമാക്കി. പദ്ധതിക്ക് ആവശ്യമായ ഫണ്ട് 150 കോടിയിൽ കവിഞ്ഞാൽ സാഹചര്യമനുസരിച്ച് അനുവദിച്ചു നൽകാനും സർക്കാർ തയാറാണ്. ഫണ്ടില്ലെന്ന ആശയക്കുഴപ്പത്തിൽ പതിനഞ്ച് വർഷത്തോളം മുടങ്ങി കിടന്ന പുത്തൂർ സുവോളജിക്കൽ പാർക്ക് നിർമാണത്തിന് ഒല്ലൂർ എം.എൽ.എ. കെ.രാജന്റെ അഭ്യർഥന പ്രകാരമാണ് 150 കോടി അനുവദിച്ചു കിട്ടിയതെന്നും മന്ത്രി പറഞ്ഞു.

മന്ത്രിമാർ സന്ദർശനം നടത്തി

തൃശൂർ: വനം വകുപ്പ് മന്ത്രി കെ. രാജു, കൃഷി വകുപ്പ് മന്ത്രി വി.എസ്. സുനിൽകുമാർ എന്നിവരടങ്ങുന്ന സംഘം നിർദിഷ്ട പുത്തൂർ സുവോളജിക്കൽ പാർക്ക് സന്ദർശിച്ച് നിർമാണ പ്രവർത്തനങ്ങൾ വിലയിരുത്തി. ഉദ്യോഗസ്ഥരോടും, ജനപ്രതിനിധികളോടും, പ്രദേശവാസികളോടും മന്ത്രിമാർ വിവരങ്ങൾ തിരക്കി. സുവോളജിക്കൽ പാർക്കിനായി കണ്ടെത്തിയ സ്ഥലം അനുയോജ്യമാണെന്നും നിർമാണം ത്വരിതഗതിയിൽ തുടങ്ങാനാണ് ഉദ്ദേശിക്കുന്നതെന്നും മന്ത്രിമാർ പറഞ്ഞു. ഒല്ലൂർ എം.എൽ.എ. കെ. രാജൻ, തൃശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഷീലാ വിജയകുമാർ, ഡെപ്യൂട്ടി മേയർ വർഗീസ് കണ്ടംകുളത്തി, ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഉമാദേവി എന്നിവരും ജനപ്രതിനിധികളും കലക്ടറേറ്റിലെ മുള്ള ഉദ്യോഗസ്ഥരും മന്ത്രിമാർക്കൊപ്പം സ്ഥലം സന്ദർശിച്ചു.

പകരം സാംസ്കാരിക സമുച്ചയം

തൃശൂർ: പുത്തൂർ സുവോളജിക്കൽ പാർക്ക് മാറ്റത്തോടെ ശൂന്യമാകുന്ന നിലവിലെ മൃഗശാലയുടെ സ്ഥാനത്ത് സംസ്ഥാന തലത്തിൽ പ്രാധാന്യമുള്ള സാംസ്കാരിക സമുച്ചയം പണി തീർക്കുമെന്ന് മന്ത്രി വി.എസ്.സുനിൽകുമാർ.സാംസ്കാരിക നിലയങ്ങൾക്കായി ബജറ്റിൽ വകയിരുത്തിയ നാൽപ്പത് കോടി രൂപയുടെ ഫണ്ടിൽ നിന്നും ഇതിനുള്ള പെലവ് നിർവഹിക്കും.സ്ഥലത്തിന്റെ ആവാസ വ്യവസ്ഥയ്ക്ക് കോട്ടം തട്ടാത്ത നിർമിതിയായിരിക്കും നടപ്പിലാക്കുക.

പുത്തൂർ സുവോളജിക്കൽ പാർക്ക് രണ്ടു വർഷത്തിനകം തയാർ: മന്ത്രി കെ.രാജു

• പുത്തൂരിൽ ദക്ഷിണേഷ്യയിലെ ഏറ്റവും വലിയ മൃഗശാല | • 336 ഏക്കറിൽ പുതിയ മൃഗശാല നിർമിക്കുന്നു

സ്വന്തം ലേഖകൻ

തൃശൂർ • ദക്ഷിണേഷ്യയിലെ ഏറ്റവും വലിയ മൃഗശാലയായ പുത്തൂർ സുവോളജിക്കൽ പാർക്കിന്റെ നിർമാണം ആറു മാസത്തിനകം ആരംഭിക്കുമെന്നു മന്ത്രി കെ.രാജു. രണ്ടു വർഷത്തിനുള്ളിൽ ആദ്യഘട്ട നിർമാണം പൂർത്തിയാക്കി തൃശൂരിൽനിന്നു മൃഗശാല പുത്തൂരിലേക്കു മാറ്റുമെന്നും പദ്ധതി പ്രദേശം സന്ദർശിച്ച മന്ത്രിമാരായ കെ.രാജു, വി.എസ്.സുനിൽകുമാർ എന്നിവർ അറിയിച്ചു.

ദേശീയ മൃഗശാല അതോറിറ്റി അംഗീകരിച്ച മാസ്റ്റർ പ്ലാൻ പ്രകാരം രണ്ടു ഘട്ടങ്ങളിലായി 150 കോടി രൂപ ചെലവഴിച്ചാകും നിർമാണം. പ്രാരംഭ നിർമാണങ്ങൾക്കായി 15 കോടി അനുവദിച്ചു. കേന്ദ്ര പൊതുമരാമത്തു വകുപ്പിനെയാകും നിർമാണച്ചുമതല ഏൽപ്പിക്കുക. ഒന്നര മാസത്തിനുള്ളിൽ ടെൻഡർ നടപടികൾ പൂർത്തിയാക്കും. 336 ഏക്കറിലാണു മൃഗശാല സ്ഥാപിക്കുക. നിലവിൽ രാജ്യത്തെ ഏറ്റവും വലിയ മൃഗശാലയുടെ വിസ്തീർണം 225 ഏക്കർ മാത്രമാണ്. ഒന്നാംഘട്ടത്തിൽ പ്രധാന കെട്ടിട സമുച്ചയവും പക്ഷികൂടുകളും വന്യമൃഗക്കൂടുകളും പാർക്കിങ് ഏരിയയും നിർമിക്കും. രാത്രിസഫാരി അടക്കമുള്ള വിനോദസഞ്ചാര പദ്ധതികൾ രണ്ടാംഘട്ടത്തിൽ തയാറാക്കും. ഇതിനായി ആവശ്യമെങ്കിൽ കൂടുതൽ സ്ഥലം ഏറ്റെടുക്കും.



തൃശൂർ പുത്തൂരിലെ നിർദിഷ്ട സുവോളജിക്കൽ പാർക്ക് സന്ദർശിക്കാനെത്തിയ മന്ത്രിമാരായ കെ.രാജു, വി.എസ്.സുനിൽകുമാർ എന്നിവർ പദ്ധതി വിലയിരുത്തുന്നു. കലക്ടർ വി.രതീശൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഷീല വിജയകുമാർ, കെ.രാജൻ എംഎൽഎ, പാർക്ക് സ്പെഷൽ ഓഫിസർ സി.എസ്.യാലകി, മൃഗശാല ഡയറക്ടർ കെ.ഗംഗാധരൻ തുടങ്ങിയവർ സമീപം.
ചിത്രം: മനോരമ

വന്യജീവികൾക്കു കാടിനു സമാനമായ അന്തരീക്ഷമൊരുക്കിയാവും പാർപ്പിക്കുക. മൂന്നര കിലോമീറ്റർ ചുറ്റളവിൽ നടപ്പാത, പ്രത്യേക ട്രാം സർവീസ്, പ്രകൃതിദത്ത നിബിഡവനം തുടങ്ങിയവ മൃഗശാലയിൽ ഒരുക്കും. മൃഗശാല പുത്തൂരിലേക്കു മാറുന്ന സാഹചര്യത്തിൽ നിലവിൽ മൃഗശാല പ്രവർത്തിക്കുന്ന തൃശൂരിലെ 13.5 ഏക്കർ ഭൂമിയിൽ ആവാസ വ്യവസ്ഥ സംരക്ഷിച്ചുകൊണ്ടുതന്നെ സാംസ്കാരിക സമുച്ചയം നിർമിക്കാൻ ആലോചനയുണ്ട്. സർക്കാർ ബജറ്റിൽ പ്രഖ്യാപിച്ച 40 കോടി രൂപ ചെലവഴിച്ചാകും ഇതെന്നും മന്ത്രിമാർ അറിയിച്ചു. കെ.രാജൻ എംഎൽഎ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഷീല വിജയകുമാർ തുടങ്ങിയവരും ഒപ്പമുണ്ടായിരുന്നു.

മലയാള മനോരമ 27-7-2016

ജീവിക 15-12-2016

സുവോളജിക്കൽ പാർക്ക്

മന്ത്രിയുടെ ഉറപ്പും വെറും വാക്കാകുന്നു

അഞ്ചു മാസം കഴിഞ്ഞു; ഇനിയും ഒരനക്കവുമില്ല

തൃശൂർ: ഇത്തവണയെങ്കിലും പുത്തൂർ സുവോളജിക്കൽ പാർക്കിന്റെ നിർമാണം തുടങ്ങുമെന്നു വിശ്വസിച്ചിരുന്ന തൃശൂർ നിവാസികൾ വീണ്ടും നിരാശരായി. കഴിഞ്ഞ ജൂലൈ 26ന് സുവോളജിക്കൽ പാർക്കിന്റെ നിർദിഷ്ട സ്ഥലം സന്ദർശിച്ച് ആറു മാസത്തിനുള്ളിൽ നിർമാണം തുടങ്ങുമെന്ന് വനം, മൃഗസംരക്ഷണ മന്ത്രി കെ.രാജുവും മന്ത്രി വി.എസ്.സുനിൽകുമാറും ഉറപ്പുനല്കിയിരുന്നു. ഒല്ലൂർ എംഎൽഎ കെ.രാജന്റെ സാന്നിധ്യത്തിലായിരുന്നു മന്ത്രിമാരുടെ ഈ പ്രഖ്യാപനം. മാസം അഞ്ചുകഴിഞ്ഞിട്ടും ഇതുവരെ ടെൻഡർ നടപടികൾ പോലും നടത്താൻ കഴിഞ്ഞില്ലെന്ന സത്യാവസ്ഥ പുറത്തുവന്നതോടെ മന്ത്രി രാജുവിന്റെ വാക്കും വെറുംവാക്കായി മാറുകയാണിപ്പോൾ.

മൂന്നു വർഷത്തിനുള്ളിൽ പുത്തൂർ സുവോളജിക്കൽ പാർക്കിന്റെ ഒന്നാം ഘട്ടം പൂർത്തിയാക്കുമെന്നും മന്ത്രി പ്രഖ്യാപിച്ചിരുന്നു. ഇതിനിടെ സ്പെഷൽ ഓഫീസറായിരുന്ന യേല്ലാക്കി വിരമിച്ചതോടെ പ്രോജക്ട് നടപ്പാക്കാൻ മുൻപരിചയമുള്ള ഉദ്യോഗസ്ഥർ ഇല്ലാതായി. നിലവിൽ വനം വകുപ്പിലെ ചീഫ് കൺസർവേറ്റർക്കാണ് അധിക ചുമതല. നൽകിയിരിക്കുന്നത്. മുൻ പരിചയമുള്ള ഏതാളെയെങ്കിലും സ്പെഷൽ ഓഫീസറായി നിയമിച്ചില്ലെങ്കിൽ സുവോളജിക്കൽ പാർക്കിന്റെ നിർമാണം വേണ്ട രീതിയിൽ നടക്കില്ലെന്നു പറയുന്നു.

പുത്തൂരിലെ നിർദിഷ്ട സ്ഥലത്തു സ്പെഷൽ ഓഫിസറുടെ ഓഫിസ് ഈ മാസംതന്നെ പ്രവർത്തനം ആരംഭിച്ചാലേ നിർമാണ പ്രവർത്തനങ്ങൾക്കുള്ള തുടർനടപടികൾ വേഗത്തിലാക്കാൻ സാധിക്കൂ. എത്രയും വേഗം ടെൻഡർ വിജ്ഞാപനം പുറപ്പെടുവിച്ചില്ലെങ്കിൽ ജനുവരി അവസാനം പോലും നിർമാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിക്കില്ല.

അടുത്ത മാസം അവസാനമെങ്കിലും നിർമാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിച്ചില്ലെങ്കിൽ അടുത്ത സാമ്പത്തിക വർഷത്തെ ബജറ്റിൽ തുക അനുവദിക്കാനും സാധിക്കില്ല. അനുവദിച്ച തുക കൊണ്ട് പണികൾ തുടങ്ങിയെന്നു കാണിച്ചാലേ കൂടുതൽ തുക അനുവദിക്കാൻ കഴിയൂ. ഇത്തരം സാങ്കേതിക പ്രശ്നങ്ങൾ നിലനിൽക്കെ കെ.രാജൻ എംഎൽഎ പോലും നടപടികൾ വേഗത്തിലാക്കാൻ ഇടപെടുന്നില്ലെന്നാണ് ആരോപണം ഉയരുന്നത്.

ടെൻഡർ നടപടി ഉടൻ ആരംഭിക്കണമെന്നും സ്പെഷൽ ഓഫീസറെ നിയമിക്കണമെന്നും ആവശ്യപ്പെട്ട് ഫ്രണ്ട്സ് ഓഫ് സു സെക്രട്ടറി എം.പീതാംബരൻ മന്ത്രിമാർക്കും ജനപ്രതിനിധികൾക്കും കത്തയച്ചിരിക്കയാണിപ്പോൾ. സുവോളജിക്കൽ പാർക്കിന്റെ നിർമാണം, വന്യജീവി സംരക്ഷണം, ഗവേഷണം എന്നിവയുമായി ബന്ധപ്പെട്ട് പ്രാദേശികപരിജ്ഞാനവുമുള്ള കേരളത്തിലെയും മറ്റു സംസ്ഥാനങ്ങളിലെയും വിദഗ്ധരുടെ ഒരു സമിതി രൂപീകരിക്കണമെന്നും ഓസ്ട്രേലിയൻ സൂ ഡിസൈനറായ ജോൺ കോഡ്രിപ്പെടയുള്ളവരുടെ സേവനം അഭ്യർത്ഥിക്കണമെന്നും കത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

ഇഴഞ്ഞുനീങ്ങി സുവോളജിക്കൽ പാർക്ക്





സൂ പിന്നെയും ശൂ..

രണ്ടു സർക്കാരുകളുടെയും
വിവിധ ബജറ്റുകളിലായി
നൽകിയ 28 കോടി രൂപ
ഇഷോൾ പാർക്കിന്റെ പേരിൽ
അക്കൗണ്ടിലുണ്ട്.
എന്നാൽ, സർക്കാർ നടപടികൾ
പൂർത്തീകരിക്കാത്തതിനാൽ
നിർമാണ പ്രവർത്തനങ്ങൾ നിലച്ചിരിക്കുകയാണ്.
ധനകാര്യവകുപ്പ്, വനംവകുപ്പ്, മ്യൂസിയംവകുപ്പ്
എന്നിവിടങ്ങളിൽ നിന്നുള്ള താമസമാണു
പദ്ധതിക്കു വിനയാകുന്നത്.

6 THE TIMES OF INDIA 22-12-2016

Puthur zoo in a limbo, not a single enclosure constructed

Min Convenes Meeting On Jan 4 To Review The Project

Ramavarman.T
@timesgroup.com

Thrissur: Forest minister K Raju has convened a meeting on January 4 at Thiruvananthapuram to review the progress of the plans to shift Thrissur zoo to Puthur forest areas in the backdrop of reports that the actual work on this the long-pending project is yet to take off.

Barring the construction of some office premises, no site preparation to shift animals has begun yet. Not a single enclosure has been constructed at the proposed site to shift the animals from Thrissur Zoo.

It has been over three years since the work on the proposed zoological park at Puthur was formally inaugurated by the then Chief Minister Oommen Chandy

The proposal is to build a zoological park and conservation centre at the forest areas of Puthur and this was expected to be the new location for the animals and birds at Thrissur Zoo.

Different estimates were worked out as the cost for the construction of the park to be set up at an area of 320 acres of near forest land is expected to provide natural habitat for the animals and birds.



Construction of the administrative building at the zoological park

It will have advanced facilities for housing the animals as well for providing an educative and comfortable viewing experience for the visitors

According to the latest assessment, the whole project is estimated to cost Rs 150 crore, and this year's budget had allocated Rs 15 crore for the project.

The first phase of the project itself is estimated to cost Rs 38 crore to Rs 40 crore and the government is yet to come out with a roadmap to implement the first phase of the project.

According to the forest officials, central public works department (CPWD) is yet to give approval for the revised project.

The project will then have to be placed before the empowered committee comprising of the forest, zoo and finance department officials at the state level before going for tendering process.

KITCO was authorised to prepare the environmental impact assessment studies on the project

C. S Yalaki, who was the special officer in charge of Puthur zoological park earlier for long has retired recently and Rajesh Ravindran has been officially designated as his successor.

M Peethambaran of 'Friends of Zoo'(NGO) said the construction work should begin at least by the end of January after completing the tendering process soon. Then only some tangible progress will be achieved in this financial year.

Set up in 1885, Thrissur Zoo is one of the oldest zoos in the country and is home to 550 animals, reptiles, and birds belonging to 55 species.

The 13.5-acre zoo compound includes a natural history museum and an art museum that showcase the socio-cultural heritage of the region. The project to shift the zoon was mooted about 18 years ago and going by the current pace of project execution it might take some more years to complete it.

TIMES OF INDIA 22-12-2016

കേരള കൗമുദി 1-1-2017

■ മന്ത്രി ഇടപെട്ടു; സുവോളജിക്കൽ പാർക്കിൽ

പ്രക്ഷോഭം ഒഴിഞ്ഞ് പുതുവർഷം

തൃശ്ശൂർ: സംസ്ഥാനത്തിന്റെ അഭിമാനപദ്ധതികളിൽ ഒന്നായ പുത്തൂർ സുവോളജിക്കൽ പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ തടസപ്പെടുന്നതിനെതിരെ പുതുവർഷത്തിൽ നടത്താനിരുന്ന പ്രക്ഷോഭം ഒഴിഞ്ഞു. പാർക്കിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട അനിശ്ചിതാവസ്ഥ ഒഴിവാക്കാൻ വനംമന്ത്രി അഡ്വ. കെ. രാജു നാലിന് തിരുവനന്തപുരത്ത് ഉന്നതതലയോഗം വിളിച്ചപ്പോഴാണ് പ്രക്ഷോഭം വഴിമാറിയത്.

നിർമ്മാണ പ്രവർത്തനങ്ങളിലെ കാലതാമസം ഒഴിവാക്കാനുള്ള നിർദ്ദേശങ്ങളും പോംവഴികളും അഡ്വ. കെ. രാജൻ എം.എൽ.എയും യോഗത്തിൽ ഉന്നയിക്കും. സ്പെഷ്യൽ ഓഫീസറെ നിയോഗിക്കാതെയും പ്രധാന നിർമ്മാണപ്രവർത്തനങ്ങൾക്കായുള്ള ടെൻഡർ പോലും ക്ഷണിക്കാതെയും പുത്തൂർ സുവോളജിക്കൽ പാർക്കിന്റെ നിർമ്മാണപ്രവർത്തനങ്ങൾ മാസങ്ങളായി മരവിച്ചു കിടക്കുകയായിരുന്നു. പാർക്കിന്റെ നിർമ്മാണത്തിനുള്ള നടപടികൾ ഉണ്ടായില്ലെങ്കിൽ ജനുവരി ഒന്നിന് സമരപരിപാടി ആരംഭിക്കുമെന്ന് ഫ്രണ്ട്സ് ഒഫ് സൂ, സർവ്വോദയമണ്ഡലം പ്രവർത്തകർ മുന്നറിയിപ്പ് നൽകിയിരുന്നു.

കഴിഞ്ഞ സംസ്ഥാന ബഡ്ജറ്റിലൂടെ അനുവദിച്ച കിട്ടിയതടക്കം 28 കോടി രൂപ വനംവകുപ്പിന്റെ പക്കലുള്ളപ്പോഴാണ് പാർക്കിന്റെ നിർമ്മാണം സംബന്ധിച്ചുള്ള നീങ്ങിയത്. മുമ്പ് ലഭിച്ച വെറും രണ്ടരക്കോടി രൂപയുടെ നിർമ്മാണപ്രവർത്തനങ്ങൾ മാത്രമാണ് പുത്തൂരിലെ നിർദ്ദിഷ്ട സ്ഥലത്ത് നടന്നിട്ടുള്ളത്.

സ്റ്റാഫ് ക്വാർട്ടേഴ്സുകൾ, സ്റ്റോർ റൂം ഇവ മാത്രമാണ് നിർമ്മിക്കാനായത്. വനം മന്ത്രിയായി ചുമതലയേറ്റശേഷം കെ. രാജു ജൂലായ് 25 ന് പുത്തൂരിലെത്തിയിരുന്നു. ടെൻഡർ നടപടി ഉടനെ പൂർത്തിയാക്കുമെന്നും പാർക്കിന്റെ നിർമ്മാണത്തിനുള്ള തടസങ്ങൾ നീക്കുമെന്നും അന്ന് അദ്ദേഹം ഉറപ്പുനൽകിയിരുന്നു.

■ പണി പാളിയത് ഇങ്ങനെ

1. പാനഗവേഷണ വിനോദസഞ്ചാര മേഖലകളിൽ ഏറെ സാദ്ധ്യതകളുള്ള പാർക്കിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ വൈദഗ്ധ്യവുമുള്ള ഒരു സ്പെഷൽ ഓഫീസറെ സ്വതന്ത്ര ചുമതല നൽകി നിയമിക്കുകയായിരുന്നു ആദ്യം ചെയ്യേണ്ടിയിരുന്നത്. എന്നാൽ, വനംവകുപ്പിലെ ഏതെങ്കിലും ഉദ്യോഗസ്ഥന് അഡീഷണൽ ചുമതല നൽകിയതിരുമാനം പാളി.

2. ഈ മേഖലയിൽ വൈദഗ്ധ്യമുള്ള സ്പെഷ്യൽ ഓഫീസർ സി. എസ്. അലാക്കിസർവീസിൽ നിന്ന് വിരമിച്ചിരുന്നു. അലാക്കിക്കു പകരം തൃശ്ശൂരിലെ ഫോറസ്റ്റ് കൺസർവേറ്ററെയാണ് ചുമതലപ്പെടുത്തിയത്.

3. പുത്തൂരിലെ നിർദ്ദിഷ്ട സ്ഥലത്ത് സ്പെഷൽ ഓഫീസറുടെ ഓഫീസ് ഡിസംബറിൽ തന്നെ പ്രവർത്തനം ആരംഭിക്കേണ്ടതായിരുന്നു. അതും നടന്നില്ല. ഈ സ്ഥലത്ത് പണി പൂർത്തികരിച്ചിരിക്കുന്ന രണ്ട് കെട്ടിടങ്ങളിൽ ഒന്ന് ഇതിനായി തയ്യാറാക്കാമെന്നും നിർദ്ദേശമുയർന്നിരുന്നു.

4. സുവോളജിക്കൽ പാർക്കിന്റെ നിർമ്മാണം, വന്യജീവി സംരക്ഷണം, ഗവേഷണം എന്നിവയിൽ അറിവും പ്രായോഗിക പരിജ്ഞാനവുമുള്ള മറ്റ് സംസ്ഥാനങ്ങളിലെ വിദഗ്ധരുടെ സമിതി രൂപീകരിക്കാനുമായില്ല. ആസ്ട്രേലിയൻ സൂഡിസൈനറായ ജോൺ കോ ഉൾപ്പെടെയുള്ളവരുടെ സേവനം പ്രയോജനപ്പെടുത്തണം. ജോൺകോയുടെ സേവനമാണ് സുവോളജിക്കൽ പാർക്കിന് രൂപകല്പന തയ്യാറാക്കാൻ പുത്തൂരിൽ വന്നത്. ഒരാഴ്ചയോളം ഇവിടെ താമസിച്ച് പ്രകൃതിപഠനം നടത്തുകയും ചെയ്തിരുന്നു.



"സ്പെഷൽ ആഫീസർക്ക് സ്വതന്ത്ര ചുമതല നൽകാനും സൂഡിസൈനിംഗ്, നിർമ്മാണ രംഗത്ത് അനുഭവപരിചയവും സാങ്കേതിക ജ്ഞാനവും ഉള്ള വിദഗ്ധനെ മൃഗശാല മാനേജ്മെന്റിന് ചുമതലപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ യോഗത്തിൽ ചർച്ച ചെയ്യും. നിർമ്മാണത്തിനായുള്ള ടെൻഡർ വിജ്ഞാപനം ഉടൻ പ്രസിദ്ധീകരിക്കുക എന്നീ ആവശ്യങ്ങളും ഉൾക്കൊള്ളിക്കും"

▸കെ. രാജൻ എം.എൽ.എ

പതിറ്റാണ്ടുകളുടെ പഴക്കം

സെൻട്രൽ സൂ അതോറിറ്റിയിൽ നിന്ന് പാർക്കിന്റെ മാസ്റ്റർ പ്ലാൻ അംഗീകരിച്ചു കിട്ടാനും ഏറെ താമസമുണ്ടായി. പദ്ധതിക്കായി 27 വർഷം മുമ്പേ ജനകീയ സമരങ്ങളുണ്ടായി. പുത്തുവർഷമുമ്പാണ് പുത്തൂരിലെ വനഭൂമിയിലേക്ക് മൃഗശാല മാറ്റം എന്ന ആശയം യാഥാർത്ഥ്യമായത്.

■ ഉടൻ ചെയ്യാനുള്ളത്

സുവോളജിക്കൽ പാർക്കിലെ ജീവജാലങ്ങൾക്കു വേണ്ടിയുള്ള ആവാസസംവിധാനമൊരുക്കൽ, ജലലഭ്യത, റോഡ്, ട്രാംവേ, പാർക്കിംഗ് ഇടങ്ങിയ വളരെ നിർണ്ണായകമായ നിർമ്മാണജോലികളാണ് അടുത്ത ഘട്ടത്തിലുള്ളത്. ഏകദേശം 150 കോടി രൂപ ചെലവുപ്രതീക്ഷിക്കുന്ന ഈ നിർമ്മാണപ്രവർത്തനങ്ങൾക്കാണ് ടെൻഡർ വിജ്ഞാപനം പോലും ഇടഞ്ഞാതിരുന്നത്.

മേൽനോട്ടങ്ങൾക്കു വേണ്ടി തൃശ്ശൂരിൽ ക്യാമ്പ് ഓഫീസ് തുറക്കുമെന്നും വാഗ്ദാനമുണ്ടായെങ്കിലും അതൊന്നും നടന്നില്ല.

കേരള കൗമുദി 1-1-2017

Mathrubhumi 1-1-2017

പുത്തൂർ സുവോളജിക്കൽ പാർക്ക്

മന്ത്രിതല യോഗം നാലിന്

തൃശൂർ: പുത്തൂരിൽ സുവോളജിക്കൽ പാർക്ക് നിർമാണവുമായി ബന്ധപ്പെട്ട് നാലിന് വനംമന്ത്രി കെ. രാജു തിരുവനന്തപുരത്ത് ഉന്നതതല യോഗം വിളിച്ചു. സ്പെഷൽ ഓഫിസർ സി.എസ്. യെലാക്കി സർവീസിൽനിന്ന് വിരമിച്ചശേഷം നിർമാണ നടപടികൾ അനക്കമറ്റതിനെതിരെ വിവിധ കേന്ദ്രങ്ങളിൽനിന്ന് വിമർശനം ഉയർന്ന സാഹചര്യത്തിൽ സ്ഥലം എം.എൽ.എ കെ. രാജന്റെ ഇടപെടലിനെത്തുടർന്നാണ് യോഗം.

പാർക്ക് നിർമാണവുമായി ബന്ധപ്പെട്ട നടപടികളിലെ മന്ദഗതിയും അനിശ്ചിതാവസ്ഥയും പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് സർവോദയമണ്ഡലം, ഫ്രണ്ട്സ് ഓഫ് സൂ എന്നീ സംഘടനകളും ജനപ്രതിനിധികളും ഇടപെട്ടിരുന്നു. സ്പെഷൽ ഓഫിസർക്ക് സ്വതന്ത്ര ചുമതല, പാർക്ക് രൂപകൽപനയിലും നിർമാണത്തിലും പരിചയവും സാങ്കേതികജ്ഞാനവുമുള്ള വിദഗ്ധനെ മുഴുസമയ നിരീക്ഷണത്തിന് ചുമതല പ്പെടുത്തുക, പുത്തൂരിലെ നിർദിഷ്ട സ്ഥലത്ത് ഓഫിസ് പ്രവർത്തനം ഉടൻ ആരംഭിക്കുക, ടെൻഡർ വിജ്ഞാപനം ഉടൻ പുറത്തിറക്കുക എന്നീ കാര്യങ്ങൾ യോഗം ചർച്ച ചെയ്യുമെന്ന് എം.എൽ.എ വ്യക്തമാക്കി. ഈ സാഹചര്യത്തിൽ പ്രക്ഷോഭ പരിപാടികൾ തൽക്കാലത്തേക്ക് മാറ്റിവെച്ചതായി ഫ്രണ്ട്സ് ഓഫ് സൂ അറിയിച്ചു.

Mathrubhumi 16-8-2017

പുത്തൂർ സുവോളജിക്കൽ പാർക്ക്

മുളങ്കാടുകൾ നീക്കും

സുവോളജിക്കൽ പാർക്കിനുള്ള സ്ഥലത്തെ മുളങ്കാടുകൾ ഉടൻ നീക്കും. ശേഷം ആദ്യ ഘട്ടത്തിൽ നാലു കൂടുകൾ നിർമിക്കും.
28 കോടി രൂപയാണ് ഇതിന് ചെലവ് പ്രതീക്ഷിക്കുന്നത്. പക്ഷികൾ, കരികുരങ്ങ്, സിംഹവാലൻ, കാട്ടുപോത്ത് എന്നിവയ്ക്ക് വേണ്ടിയുള്ള കൂടുകളാണ് ഒരുങ്ങുന്നത്.



പുത്തൂർ സുവോളജിക്കൽ പാർക്കിൽ അടുത്ത ദിവസങ്ങളിൽ മുളിച്ചു മാറ്റുന്ന മുളങ്കാടുകൾ.

പുത്തൂർ സുവോളജിക്കൽ പാർക്ക് നിർമാണം അനന്തമായി നീളുന്നു

തൃശൂർ: പുത്തൂർ സുവോളജിക്കൽ പാർക്ക് നിർമാണം അനന്തമായി നീളുന്നു. ഫെബ്രുവരി 20ന് ഓഫിസ് ഉദ്ഘാടനം ചെയ്തതല്ലാതെ നിർമാണവുമായി ബന്ധപ്പെട്ട കരാർനടപടിപോലും കൈക്കൊണ്ടിട്ടില്ല. കാര്യങ്ങളുടെ പോക്ക് ഇങ്ങനെയാണെങ്കിൽ ഈ സാമ്പത്തിക വർഷവും പാർക്കെന്ന സ്വപ്നം യാഥാർഥ്യമാകില്ല.

കരാർ കമ്പനികളെ ക്ഷണിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഇഴയുകയാണ്. ഇതിന് പിറകെ 40 ദിവസം കരാർ നൽകുന്നതിന് സമയവും നൽകേണ്ടതുണ്ടെന്നതുൾപ്പെടെയുള്ള നടപടികൾ കഴിയുമ്പോഴേക്കും ഈ സാമ്പത്തിക വർഷവും തീരും.

സ്വതന്ത്രചുമതലയുള്ള സ്പെഷൽ ഓഫിസറുടെ അഭാവമാണ് പാർക്ക് നിർമാണത്തിന് പ്രധാന തടസ്സം. മധ്യ മേഖല ചീഫ് ഫോറസ്റ്റ് കൺസർവേറ്ററാണ് നിലവിൽ സ്പെഷൽ ഓഫിസർ. മധ്യമേഖലയുടെ പ്രവർത്തനങ്ങളാൽ വീർപ്പുമുട്ടുന്ന ഇദ്ദേഹത്തിന് പാർക്കിന്റെ കാര്യത്തിൽ നടപടി സ്വീകരിക്കാൻ സമയ പരിമിതിയുണ്ട്. സ്വതന്ത്രചുമതലയുള്ള സ്പെഷൽ ഓഫിസറില്ലാത്തതാണ് നിർമാണത്തിന് മേൽനോട്ടം വഹിക്കുന്ന കേന്ദ്ര പൊതുമരാമത്ത് വകുപ്പുമായി സംസ്ഥാന വനംവകുപ്പ് ധാരണാപത്രം ഒപ്പിടാൻ വൈകിയത്.



ഓഫിസ് തുറന്ന് ഒരുമാസം കഴിഞ്ഞതിന് ശേഷമാണ് ധാരണാപത്രത്തിൽ ഒപ്പിടാനായത്.

ആസ്ട്രേലിയൻ മൃഗശാല ഡിസൈനർ ജോൺകോയുടെ നേതൃത്വത്തിൽ വിദഗ്ധ സമിതി രൂപവത്കരിക്കണമെന്ന ആവശ്യവും നടന്നില്ല. ഈ ആവശ്യങ്ങൾ സർക്കാർ മുഖവിലക്കെടുത്താൽ മാത്രമെ കാര്യങ്ങൾക്ക് ഗതിവേഗം ഉണ്ടാവുകയുള്ളൂ.

മാത്രമല്ല, പാർക്ക് നിർമാണത്തിനായി സർക്കാർ ബജറ്റിൽ വകയിരുത്തിയ തുക കുറവാണെന്ന ആക്ഷേപവുമുണ്ട്.

നാലുകോടിയാണ് ബജറ്റിൽ വകയിരുത്തിയത്. കഴിഞ്ഞ ബജറ്റിൽ അനുവദിച്ച 28 കോടികൂടി ആയാലും കാര്യങ്ങളൊന്നും എവിടെയുമെത്തില്ല. 40 കോടിക്ക് മുകളിൽ പണം ലഭ്യമായാൽ മാത്രമെ ഒന്നാംഘട്ട നിർമാണം പൂർത്തിയാകാനാകൂ.

മാധ്യമം 17-5-2017

'സുവോളജിക്കൽ പാർക്ക്: സർക്കാർ സമീപനം സ്വാഗതാർഹം'

തൃശൂർ: പുത്തൂരിലെ നിർദിഷ്ട സുവോളജിക്കൽ പാർക്കിന് ഫണ്ട് അനുവദിച്ച സംസ്ഥാന സർക്കാർ തീരുമാനം സ്വാഗതാർഹമാണെന്ന് ഫ്രണ്ട്സ് ഓഫ് സു അഭിപ്രായപ്പെട്ടു.

10 വർഷമായി സംസ്ഥാന ബജറ്റിൽ നാമമാത്ര തുകയാണ് നീക്കിവെച്ചിരുന്നത്. ആദ്യഘട്ടം നിർമാണത്തിന് 161 കോടി രൂപ വേണം. രണ്ടു വർഷംകൊണ്ട് ആദ്യഘട്ടം പൂർത്തിയായാൽ നഗരത്തിലെ മൃഗശാലയിൽ ഇടുങ്ങിയ കൂടുകളിൽ കഴിയുന്ന മൃഗങ്ങളെ പുത്തൂരിലേക്ക് മാറ്റാനും പാർക്കിന്റെ പ്രവർത്തനം തുടങ്ങാനും കഴിയും.

രണ്ടാംഘട്ടം കൂടി പൂർത്തിയാവുമ്പോഴേ രാജ്യാന്തര നിലവിരമുള്ള പാർക്കാവൂ. 150 കോടി രൂപ കൂടി ലഭ്യമായാൽ ആറ് വർഷത്തിനകം എഷ്യയിലെ മികച്ച പഠന-ഗവേഷണ-വിനോദ സഞ്ചാര കേന്ദ്രമായി സുവോളജിക്കൽ പാർക്ക് മാറും. നിർമാണ പ്രവർത്തനങ്ങൾക്ക് 10 കോടി രൂപ പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ട്. ബാക്കി 20 കോടി മുൻ വർഷങ്ങളിലെ ബജറ്റ് വിഹിതങ്ങളിൽനിന്ന് ഉടൻ നൽകാൻ ധനവകുപ്പ് തയാറാകണം.

തുടർന്നുള്ള പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് 'കിഫ്ബി'യിൽ നിന്ന് നൽകുമെന്നാണ് സർക്കാർ ഉറപ്പ് നൽകിയത്. ഇത് യാഥാർഥ്യമാക്കാനുള്ള സാമൂഹിക ജാഗ്രത ഉണ്ടാവണം. ഇതിനായി ഫ്രണ്ട്സ് ഓഫ് സു ശ്രമം തുടരുമെന്ന് സെക്രട്ടറി എം. പിതാംബരൻ അറിയിച്ചു.

മാധ്യമം 4-2-2018


നഗരം
1
വിസ്തൃതി
336 ഏക്കർ
വലുത്
കേരളത്തിലെ
വലിയ ഉദ്യാനം
കാണാം
വാഹനത്തിൽ
സഞ്ചരിച്ച്
കാട്ടുമൃഗങ്ങളെ
കാണാം
ചെലവ്
300 കോടി
കിഫ്ബി
നൽകും
Welcome To പുത്തൂർ
ഉദ്യാനമല്ല, ഇത് സഫാരി പാർക്ക്


6
വരുന്നു
സ്വപ്നപദ്ധതി
മാതൃഭൂമി നഗരം
പുത്തൂരിലെ സ്വപ്നം പൂവണിയാനൊരുങ്ങി. കിഫ്ബി വഴി ലഭിക്കുന്ന 300 കോടി രൂപയാണ് സുവോളജിക്കൽ പാർക്ക് നിർമാണത്തിലെ തടസ്സം നീക്കുക. 4 വർഷം മുമ്പ് നട്ടിയ തറക്കല്ലിന് അർഥം വരാനൊരുങ്ങുകയാണ്. ഒപ്പം തിങ്ങിഞെരുങ്ങി കഴിയുന്ന തൃശ്ശൂർ മൃഗശാലയിലെ മൃഗങ്ങൾക്ക് രക്ഷയും
ആദ്യഘട്ടം
ആവാസവ്യവസ്ഥ
ഒരുക്കൽ
ജോൺകോയുടെ
ഡിസൈനിങ് വൈഭവം
എന്നാലും ആശങ്ക
വെള്ളത്തിന്
മണലിപ്പുഴയിൽ തടയണ
ഇഴഞ്ഞുനിങ്ങുന്ന
പദ്ധതിയെന്ന്
ഫ്രൻഡ്സ് ഓഫ് സൂ
CAMP OFFICE
PATHOL

മംഗളം 4-2-2018

■ തൃശൂർ സുവോളജിക്കൽ പാർക്ക്

സമഗ്ര സമീപനം സ്വാഗതാർഹം: ഫ്രണ്ട്സ് ഓഫ് സൂ

തൃശൂർ: കേരളത്തിന്റെ അഭിമാനപദ്ധതിയായി തൃശൂർ സുവോളജിക്കൽ പാർക്കിനെ അംഗീകരിക്കാനും പ്രസ്തുത പ്രോജക്ടിനെ സമഗ്രതയിൽ കണ്ടുകൊണ്ട് മൊത്തമായി ഫണ്ട് അനുവദിക്കാനുമുള്ള കേരളസർക്കാരിന്റെ നീക്കം സ്വാഗതാർഹമാണെന്ന് ഫ്രണ്ട്സ് ഓഫ് സൂ അഭിപ്രായപ്പെട്ടു. കഴിഞ്ഞ പത്തുവർഷമായി സംസ്ഥാന ബജറ്റിൽ നാമമാത്രമായ തുക ഇക്കാര്യത്തിൽ നീക്കിവക്കുന്ന പതിവാണുണ്ടായിരുന്നത്. 2012 ലെ ബജറ്റ് മുതൽ വനംവകുപ്പിന്റെ പദ്ധതികളിലൊന്നായാണ് ബജറ്റിൽ വലിയ തുകകൾ നീക്കിവച്ചിരുന്നത്. ആദ്യഘട്ട നിർമാണപ്രവർത്തനങ്ങൾക്ക് 161 കോടി രൂപ ആവശ്യമാണ്. അടുത്ത രണ്ടുവർഷംകൊണ്ട് പ്രസ്തുത ഘട്ടം പൂർത്തീകരിച്ചാൽ തൃശൂരിലെ ഇടുങ്ങിയ കൂടുകളിലുള്ള മൃഗങ്ങളെ പുത്തൂരിലേക്ക് മാറ്റാനും സുവോളജിക്കൽ പാർക്കിന്റെ പ്രവർത്തനം ആരംഭിക്കാനും സാധിക്കും.

രണ്ടാംഘട്ടം കൂടി പൂർത്തീകരിക്കുമ്പോഴാണ് രാജ്യാന്തര നിലവാരത്തിലുള്ള സഫാരിപാർക്കായി മാറുക. ഇതിനായി 150 കോടി കൂടി ലഭ്യമായാൽ ആറു വർഷത്തിനുള്ളിൽ ഏഷ്യയിലെ തന്നെ മികച്ച-പഠന-ഗവേഷണ-വിനോദസഞ്ചാര കേന്ദ്രമായി തൃശൂർ സുവോളജിക്കൽ പാർക്ക് മാറും.ഇപ്പോൾ ആരംഭിക്കുന്ന നിർമാണപ്രവർത്തനങ്ങൾക്കായി 10 കോടിരൂപ കേന്ദ്ര പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ട്.

ബാക്കി 20 കോടി കൂടി മുൻ വർഷങ്ങളിലെ ബജറ്റ് വിഹിതങ്ങളിൽ നിന്ന് ഉടൻ നൽകാൻ ധനകാര്യവകുപ്പ് തയാറാകണം.തുടർന്നുള്ള പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് കിഫ്ബിയിൽനിന്ന് നൽകുമെന്നാണ് സർക്കാർ ഉറപ്പ് നൽകിയിരിക്കുന്നത്.

ഇത് യാഥാർഥ്യമാക്കാനുള്ള സാമൂഹികജാഗ്രതയാണ് ഉണ്ടാകേണ്ടത്. ഇതിനായി ഫ്രണ്ട്സ് ഓഫ് സൂവിന്റെ ശ്രമങ്ങൾ തുടരുമെന്ന് സെക്രട്ടറി എം. പീതാംബരൻ അറിയിച്ചു.

പുത്തൂർ സുവോളജിക്കൽ പാർക്ക്

കിഫ്ബി വഴി പണം ലഭിക്കും - മന്ത്രി

പുത്തൂർ ▸ സുവോളജിക്കൽ പാർക്കിന്റെ രണ്ടാംഘട്ടം പൂർത്തീകരിക്കാൻ വേണ്ട പണം കിഫ്ബിയിൽനിന്നു ലഭിക്കുമെന്ന കാര്യത്തിൽ ആശങ്ക വേണ്ടെന്ന് വനം മന്ത്രി കെ. രാജു പറഞ്ഞു. പുത്തൂർ സുവോളജിക്കൽ പാർക്കിന്റെ സ്ഥലത്ത് ജിവജാലങ്ങൾക്കും മൃഗങ്ങൾക്കും വേണ്ടിയുള്ള നാലിനം കൂടുകൾക്ക് ആവാസ വ്യവസ്ഥയൊരുക്കുന്നതിന്റെ നിർമാണോദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.

സുവോളജിക്കൽ പാർക്കിന്റെ ആദ്യഘട്ടത്തിനാവശ്യമായ ഫണ്ട് കിഫ്ബിയിൽനിന്ന് നൽകുന്നതിന് സർക്കാർതലത്തിലും തീരുമാനിച്ചിട്ടുള്ളതാണ്.



പുത്തൂർ സുവോളജിക്കൽ പാർക്കിലെ കൂടുകളുടെ നിർമാണോദ്ഘാടനം മന്ത്രി കെ. രാജു നിർവഹിക്കുന്നു

വനത്തിനുള്ളിലെ ജോലികളും നടത്തുന്ന കാര്യത്തിൽ വനം വകുപ്പ് ഉദ്യോഗസ്ഥർക്കെതിരേ വ്യാപക പരാതിയുണ്ട്.

നാൽപത് ശതമാനം ജോലികളിലും അഴിമതിയുണ്ടെന്നാണറിവ്. അതിനാലാണ് കൺവീനർ സമ്പ്രദായം നീക്കിയത്. അഴിമതി നടത്താൻ സർക്കാർ ഒരുതരത്തിലും അനുവദിക്കില്ലെന്നും മന്ത്രി പറഞ്ഞു.

കെ. രാജൻ എം.എൽ.എ. അധ്യക്ഷനായി. സുവോളജിക്കൽ പാർക്ക് സ്പെഷ്യൽ ഓഫീസർ രാജേഷ് രവീന്ദ്രൻ, ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ ദീപ, ഐ.എസ്. ഉമാദേവി, മിനി ഉണ്ണികൃഷ്ണൻ, പി.ജി. ഷാജി തുടങ്ങിയവർ പ്രസംഗിച്ചു.

മാതൃഭൂമി 16-2-2018



പുത്തൂർ സുവോളജിക്കൽ പാർക്ക്

പ്രവർത്തന കലണ്ടർ തയാറാക്കി പണി പൂർത്തിയാക്കാൻ തീരുമാനം

തൃശൂർ: പുത്തൂർ സുവോളജിക്കൽ പാർക്ക് 2019ൽ തുറക്കണമെങ്കിൽ കലണ്ടർ തയ്യാറാക്കി പ്രവർത്തനം സമയബന്ധിതമായി നിർവഹിക്കണമെന്ന് കെ. രാജൻ എം.എൽ.എ. ആവശ്യപ്പെട്ടു. പാർക്കിനു ആവശ്യമായ വെള്ളം ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ പുരോഗതി അവലോകനം ചെയ്യുന്നതിനു ജില്ലാ കലക്ടറുടെ ചേമ്പറിൽ ചേർന്ന യോഗത്തിലാണ് എം.എൽ.എ. ആവശ്യം ഉന്നയിച്ചത്.

വെള്ളത്തിന്റെ ലഭ്യതയും ആവശ്യകതയും സംബന്ധിച്ചു ചെന്നൈ വാഡിയ ടെക്നോ എഞ്ചിനീയറിങ് സർവീസസ് റിപ്പോർട്ട് നൽകിയിട്ടുണ്ട്. 8.9 ലക്ഷം ലിറ്റർ വെള്ളമാണ് പ്രതിദിന ഉപയോഗത്തിന് വേണ്ടത്. ഇതിൽ 60 ശതമാനം വെള്ളം പുനരുപയോഗിക്കാനുമാകും. അതിനാൽ ശുദ്ധീകരണ പ്ലാന്റിന്റെ പണി പൂർത്തിയായാൽ പ്രതിദിനം 3.71 ലക്ഷം ലിറ്റർ വെള്ളം കണ്ടെത്തിയാൽ മതിയാകും. പുത്തൂർ ഭൂഗർജല വിതാനം വളരെ താഴ്ന്ന മേഖലയായതിനാൽ വെള്ളം സംഭരിക്കേണ്ടതുണ്ട്. അതിനു സമീപപ്രദേശങ്ങളിലെ ഖനനം നിർത്തിയ കരിങ്കൽ ക്വാറികൾ ഉപയോഗിക്കാമെന്നാണ് പഠന റിപ്പോർട്ട്. പുത്തൂർ പഞ്ചായത്തിന്റെ കൈന്നൂർ ചെമ്പൂർ റോഡിലെ കിണറും കാൽഡിയൻ സിറിയൻ പള്ളിയുടെ കൈനൂരുള്ള ക്വാറിയുൾപ്പടെ 16 ക്വാറികൾ ജലസംഭരണികളായി കണ്ടെത്തിയിട്ടുണ്ട്.

മണലിപ്പുഴയിൽനിന്ന് വെള്ളം പുത്തൂരിലേക്ക് തിരിച്ചുവിടുന്ന കാര്യവും പരിഗണനയിലുണ്ട്. ഇതിന്റെ സാധ്യത സംബന്ധിച്ച് റിപ്പോർട്ട് നൽകുവാൻ ജലസേചന വകുപ്പിനോട് ആവശ്യപ്പെട്ടു. ക്വാറികളിൽ സംഭരിക്കാവുന്ന വെള്ളത്തിന്റെ കണക്കെടുക്കുന്നത് ഉടൻ ആരംഭിക്കും. ക്വാറികൾ ജലസേചന വകുപ്പ് ഏറ്റെടുത്തു കഴിഞ്ഞാൽ മഴവെള്ളം കൂടി ക്വാറികളിൽ സംഭരിക്കുന്നതിന് നടപടി ആരംഭിക്കും. എന്നാൽ അടിയന്തിര ആവശ്യങ്ങൾക്കായി വെള്ളം കരുതുന്നതിനു പുത്തൂർ കായലിൽ പമ്പ് ഹൗസ് സ്ഥാപിക്കാൻ പുത്തൂർ പഞ്ചായത്തിൽ അപേക്ഷ നൽകിയിട്ടുണ്ടെന്നും അധികൃതർ യോഗത്തിൽ പറഞ്ഞു.

സ്ഥലം ഏറ്റെടുക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളുടെ സംയുക്ത സർവെ പുരോഗമിക്കുകയാണ്. പുതിയതായി കണ്ടെത്തിയ ക്വാറികൾ ഏറ്റെടുക്കുന്നതിന് സർക്കാരിന് ഉടൻ അപേക്ഷ നൽകുമെന്ന് യോഗത്തിൽ അധ്യക്ഷത വഹിച്ച ജില്ലാ കലക്ടർ ഡോ. എ. കൗശിഗൻ പറഞ്ഞു.

നന്ദി രേഖപ്പെടുത്തി വിദ്യാർത്ഥികൾ



സുവോളജിക്കൽ പാർക്കിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടക്കുന്നതിൽ നന്ദി രേഖപ്പെടുത്തിക്കൊണ്ട് വിദ്യാർത്ഥികൾ എത്തി. നിർമ്മാണപ്രവർത്തനങ്ങൾ വിലയിരുത്താനായി സ്ഥലത്ത് എത്തിയ വനം വകുപ്പ് മന്ത്രി അഡ്വ. കെ. രാജുവിനെയും എംഎൽഎ അഡ്വ. കെ. രാജനെയും മാന്ദാമംഗലം സെൻറ്. സെബാസ്റ്റ്യൻസ് ഹൈസ്കൂളിലെ വിദ്യാർത്ഥികളാണ് വരവേറ്റത്.നാടൻ തേനും പുസ്തകവും പൂച്ചെണ്ടും നൽകിയാണ് വിദ്യാർഥി കൾ മന്ത്രിയേയും എംഎൽ.എ.യേയും വരവേറ്റത്. സുവോളജിക്കൽ പാർ ക്കിനെ പരിസ്ഥിതി സൗഹൃദമായി നിലനിർത്താനും പ്രാദേശിക സാമ്പത്തിക വികസനത്തിന് ഉപയോഗപ്രദമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ വിദ്യാർഥി കൾ മന്ത്രിക്കും എം.എൽ.എ.യ്ക്കും സമർപ്പിച്ചു. ഇത് സംബന്ധിച്ച ഒരു സെമി നാർ മാന്ദാമംഗലം സെന്റ്. സെബാസ്റ്റ്യൻസ് ഹൈസ്കൂളിൽ സാമൂഹ്യ ശാസ്ത്ര കൗൺസിലിന്റെ ആഭിമുഖ്യത്തിൽ നടന്നിരുന്നു. പ്രസ്തുത സെമി നാറിൽ ഉയർന്നുവന്ന നിർദ്ദേശങ്ങളാണ് വിദ്യാർഥികൾ സമർപ്പിച്ചത്. സ്കൂൾ ചെയർമാൻ ടി.എൽ. അഞ്ജലി കൃഷ്ണ, സ്കൂൾ ലീഡർ ടി.കെ. അഭി, പ്രധാന അദ്ധ്യാപകൻ, എം. പീതാബരൻ മാസ്റ്റർ, അദ്ധ്യാപകരായ വി.ജെ. ജിന്റോ, ലൈല മാനുവൽ എന്നിവർ നേതൃത്വം നൽകി.

മംഗളം 4-11-2018

■ സുവോളജിക്കൽ പാർക്ക്

ആദ്യഘട്ടം ഫെബ്രുവരിയിൽ പൂർത്തിയാക്കും: മന്ത്രി

തൃശൂർ: പുത്തൂരിലെ നിർദിഷ്ട സുവോളജിക്കൽ പാർക്കിന്റെ ആദ്യഘട്ടം അടുത്ത ഫെബ്രുവരി മാസത്തോടെ പൂർത്തീകരിക്കുമെന്ന് മന്ത്രി കെ. രാജു പറഞ്ഞു. ആദ്യഘട്ട നിർമാണം നടന്നുകൊണ്ടിരിക്കുന്ന പ്രദേശത്ത് സന്ദർശനം നടത്തി പ്രവർത്തന പുരോഗതി വിലയിരുത്തിയ ശേഷം മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. 260 കോടി രൂപ മുതൽമുടക്കിൽ രാജ്യാന്തര നിലവാരത്തിൽ നിർമിക്കാൻ ഉദ്ദേശിക്കുന്ന പാർക്കിന്റെ രണ്ടാംഘട്ട പ്രവർത്തികൾ ജനുവരി മാസത്തോടെ ആരംഭിക്കും.

സംസ്ഥാന പദ്ധതി വിഹിതത്തിൽനിന്ന് 30 കോടി ചെലവിൽ നിർമിക്കുന്ന നാലു കൂട്ടുകളുടെയും അനുബന്ധ റോഡുകൾ, സന്ദർശക പാതകൾ തുടങ്ങിയവയുടെയും നിർമാണമാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. രണ്ടാംഘട്ട നിർമാണ പ്രവർത്തനങ്ങൾക്ക് 112.1 കോടി രൂപയുടെ അനുമതി കിഫ്ബിയിൽനിന്ന് ലഭ്യമായതായി മന്ത്രി പറഞ്ഞു. മൂന്നാം ഘട്ടത്തിലുള്ള 188 കോടി രൂപയുടെ വിശദമായ പദ്ധതി സമർപ്പിച്ചിട്ടുണ്ട്. മൃഗ പരിചരണത്തിനായി 7.9 കോടി രൂപ ചെലവിൽ ഹോസ്പിറ്റൽ സമുച്ചയം നിർമിക്കും. ഇതിന് ഭരണാനുമതി നൽകിക്കഴിഞ്ഞു. മൂന്നുകോടി ചെലവിൽ നിർമിക്കുന്ന അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ ഭരണാനുമതി ടെൻഡർ നടപടിക്രമങ്ങൾ പുരോഗമിക്കുകയാണ്. ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി വാട്ടർ അതോറിറ്റി പ്രത്യേക പദ്ധതി തയാറാക്കിയിട്ടുണ്ട്. പാർക്കിലേക്ക് അധികജലം ഉറപ്പുവരുത്തുന്നതിനായി നാലു കാവികൾ കൂടി പുതുതായി നിർമിക്കുന്നുണ്ട്. ഇതിനുള്ള നടപടി സ്വീകരിക്കുമെന്നും മന്ത്രി പറഞ്ഞു. 2020ൽ പൂർണ പ്രവർത്തനസജ്ജമായി പാർക്ക് മാറുമെന്നും മുഴുവൻ ജനങ്ങളുടെയും സഹായസഹകരണങ്ങൾ ഉണ്ടാകണമെന്നും മന്ത്രി അഭ്യർഥിച്ചു. 20 വർഷത്തെ നീണ്ട കാത്തിരിപ്പിനൊടുവിൽ യാഥാർഥ്യമാകാൻ പോകുന്ന പാർക്കിന് പൂർണമായ ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുമെന്ന് ചടങ്ങിൽ സംബന്ധിച്ച സ്ഥലം എംഎൽഎ. കൂടിയായ അഡ്വ. കെ. രാജൻ പറഞ്ഞു. മികച്ച രീതിയിൽ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണെന്നും പദ്ധതി യാഥാർഥ്യമാകുന്നതോടെ ആയിരക്കണക്കിനു വരുന്ന ഭാവിവികസന കുടി പരിഗണിക്കും. സന്ദർശനത്തിനു ശേഷം നിലവിൽ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനും ഭാവിപ്രവർത്തനങ്ങൾ ആലോചിക്കുന്നതിനുമായി ഉന്നതാധികാരസമിതി യോഗം പുത്തൂരിൽ ചേർന്നു. പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനുള്ള സന്ദർശനത്തിൽ മന്ത്രി, എംഎൽഎ. എന്നിവരോടൊപ്പം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഉമാദേവി, പഞ്ചായത്ത് പ്രസിഡന്റുമാരായ മിനി ഉണ്ണിക്കൃഷ്ണൻ, രജിത, വർഗീസ് കണ്ടംകുളത്തി, ശ്രീജ പ്രഭാകരൻ, സെൽവരാജ്, പി.ജി. ഷാജി, ശ്രീനിവാസൻ, സൂപ്രണ്ടിങ് സർവെയർ കെ.ജെ. വർഗീസ്, സി.സി.എഫ്. രാജേഷ് രവീന്ദ്രൻ, ഡി.സി.എഫ്. റീപ, ഡി.എഫ്.ഒ.മാരായ സി. പി.ഡബ്ല്യു.ഡി. ചീഫ് എൻജിനീയർ ജോർജ് ഉൾപ്പെടെയുള്ളവർ പങ്കെടുത്തു.



■ പുത്തൂരിലെ നിർദിഷ്ട സുവോളജിക്കൽ പാർക്കിന്റെ നിർമാണ പുരോഗതി വിലയിരുത്താനെത്തിയ വനംമന്ത്രി കെ. രാജുവിനെ വിദ്യാർഥികൾ സ്വീകരിക്കുന്നു

നന്ദി രേഖപ്പെടുത്തി വിദ്യാർഥികൾ

തൃശൂർ: സുവോളജിക്കൽ പാർക്കിന്റെ നിർമാണ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടക്കുന്നതിൽ നന്ദി രേഖപ്പെടുത്തി വിദ്യാർഥികൾ. നിർമാണ പ്രവർത്തനങ്ങൾ വിലയിരുത്താനെത്തിയ വനം മന്ത്രി അഡ്വ. കെ. രാജുവിനെയും എംഎൽഎ. അഡ്വ. കെ. രാജനെയും മാന്ദാമംഗലം സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂളിലെ വിദ്യാർഥികളാണു വരവേറ്റത്. സുവോളജിക്കൽ പാർക്കിനെ പരിസ്ഥിതി സൗഹൃദമായി നിലനിർത്താനും പ്രാദേശിക സാമ്പത്തിക വികസനത്തിന് ഉപയോഗപ്രദമാക്കുന്നതിനുമുള്ള നിർദേശങ്ങളും വിദ്യാർഥികൾ മന്ത്രിക്ക് സമർപ്പിച്ചു. നാടൻ തേനും പുസ്തകവും പൂച്ചെണ്ടും നൽകിയാണ് വിദ്യാർഥികൾ മന്ത്രിയെ വരവേറ്റത്. സ്കൂൾ ചെയർമാൻ ടി.എൽ. അഞ്ജലികൃഷ്ണ, വിദ്യർഥി കെ. അഖിൽ, പ്രധാന അധ്യാപകൻ എം. പീതാംബരൻ, വി.എ. ജിന്റോ, ലൈല മാനുവൽ എന്നിവർ നേതൃത്വം നൽകി.

പുത്തൂർ സുവോളജിക്കൽ പാർക്ക് 2020 ഒക്ടോബറിനകം: മന്ത്രി രാജു

തൃശൂർ: പുത്തൂർ സുവോളജിക്കൽ പാർക്ക് 2020 ഒക്ടോബറിനകം കമ്മീഷൻ ചെയ്യാനാണ് സർക്കാർ ലക്ഷ്യമിടുന്നതെന്നു മന്ത്രി കെ. രാജു. പുത്തൂരിൽ സുവോളജിക്കൽ പാർക്കിന്റെ നിർമാണപ്രവൃത്തികളുടെ പുരോഗതി വിലയിരുത്തി സംസാരിക്കുകയായിരുന്നു അദ്ദേഹം. രണ്ടാംഘട്ട നിർമാണപ്രവൃത്തികൾ അടുത്തമാസം ആരംഭിക്കുമെന്നും മന്ത്രി പറഞ്ഞു.

രണ്ടാംഘട്ട നിർമാണപ്രവൃത്തികൾക്കു കിഫ്ബിയിൽനിന്ന് 112.10 കോടി രൂപയുടെ അനുമതി ലഭിക്കുകയും ടെൻഡർ നടപടികൾ പൂർത്തിയാവുകയും ചെയ്തിട്ടുണ്ട്. ഉദഗങ്ങൾ, ഉഭയജീവികൾ തുടങ്ങിയവയ്ക്കുള്ള 14 കൂടുകൾ, പാർക്കിംഗ് സൗകര്യം, റിസപ്ഷൻ എന്നിവയുൾപ്പടെയുള്ള സൗകര്യങ്ങളാണ് രണ്ടാംഘട്ടത്തിൽ ഉൾപ്പെടുന്നത്.



പുത്തൂരിൽ സുവോളജിക്കൽ പാർക്കിന്റെ നിർമാണപ്രവൃത്തികളുടെ പുരോഗതി വിലയിരുത്താനായി മന്ത്രി കെ. രാജു എത്തിയപ്പോൾ. കെ.രാജൻ എംഎൽഎ സമീപം.

360 കോടിരൂപയാണ് സുവോളജിക്കൽ പാർക്കിന്റെ ആകെ നിർമാണചെലവ്. ഇതിൽ 30 കോടി രൂപയുടെ ആദ്യഘട്ടനിർമാണപ്രവൃത്തികളിൽ പ്രളയംമൂലമാണ് കാലതാമസം നേരിട്ടതെന്നും മന്ത്രി പറഞ്ഞു. നിർമാണപ്രവൃത്തികൾ യുദ്ധകാലടിസ്ഥാനത്തിലാണ് മുന്നോട്ടുപോകുന്നത്.

പ്രതിദിനം നാലു ലക്ഷം ലിറ്റർ വെള്ളമാണ് പാർക്കിലേക്ക് ആവശ്യമായി വരുക. വാട്ടർ അതോറിറ്റിയുടെ പ്രത്യേക പദ്ധതിവഴി മണലിപ്പുഴയിൽനിന്നു വെള്ളം ലഭ്യമാക്കും. പാർക്കിലേക്ക് അധികജലം ഉറപ്പുവരുത്താനും പരിസരത്തുള്ള നാലു ക്വാറികൾ സർക്കാർ ഏറ്റെടുക്കും. ഇതിന്റെ സർവേ പൂർത്തിയാക്കാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. സെൻട്രൽ പിഡബ്ല്യുഡിയാണ് വൈദ്യുതി ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഒരുക്കുന്നത്. ഹരിതവൽക്കരണത്തിന്റെ ഭാഗമായി 10 ലക്ഷത്തിലധികം തൈകൾ നട്ടുപിടിപ്പിക്കുമെന്നും മന്ത്രി പറഞ്ഞു.

തുറന്ന മൃഗശാലയായാണ് പാർക്ക് വിഭാവനം ചെയ്തിരിക്കുന്നത്. സന്ദർശകർക്കായി സുവോളജിക്കൽ പാർക്കിൽ ട്രാംവേ സൗകര്യം എർപ്പെടുത്തും. സന്ദർശക ഗാലറിയും നിർമിക്കും.

പദ്ധതി പുരോഗതി വിലയിരുത്തുന്നതിനു വനം-വന്യജീവി മന്ത്രിയും സ്ഥലം എംഎൽഎയും പുത്തൂർ പഞ്ചായത്ത് പ്രസിഡന്റും സുവോളജിക്കൽ പാർക്കിന്റെ ചുമതലയുള്ള സ്പെഷൽ ഓഫീസറും ഉൾപ്പടെയുള്ളവരുടെ ഹൈപവർ കമ്മിറ്റിക്കു രൂപം നല്കുകയും ഈ കമ്മിറ്റി എല്ലാ മാസവും യോഗം ചേരുകയും ചെയ്യുമെന്നും മന്ത്രി പറഞ്ഞു.

കെ. രാജൻ എംഎൽഎ, പുത്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മിനി ഉണ്ണികൃഷ്ണൻ, ഡിഎഫ്ഒ പാട്ടീൽ സുയോഗ് സുഭാഷ്റാവു, സുവോളജിക്കൽ പാർക്ക് സ്പെഷൽ ഓഫീസർ കെ.ജെ. വർഗീസ് തുടങ്ങിയവരും മന്ത്രിക്കൊപ്പം പങ്കെടുത്തു.

THE HINDU 16-2-2018

Zoological park work to begin soon

First phase development on 110 acres at Puthur in Thrissur district

STAFF REPORTER
THRISSUR

After a wait of three decades, the stalemate over the construction of the Puthur zoological park is finally over.

After a high-level meeting here on Thursday, Minister of Forests, Animal Husbandry, and Zoos K. Raju said the first phase work would begin on 110 acres in the 330-acre park as soon as permission was received from the Kerala Infrastructure Investment Fund Board.

The Central Public Works Department had been asked to prepare an estimate of the construction, power supply, and water distribution, he said.

The Irrigation Department and the water authority would be in charge of construction of a check-dam and intake well on the Manali Puzha for the water needs of the park. The Central Public Works Department had been given the construction works. An amount of ₹10.29 crore had been handed over to the CPWD, Mr. Raju said.

Tenders for cages

Tenders had been given for cages of birds, monkeys and gaur.

"The cages will be prepared to suit the behaviour of wild animals. Work will be started with the amount allotted in the budget," the Minister said. Efforts would be on to improve the biodiversity of the forest at Puthur. A special team had been appointed to monitor the works, the Minister added.

The zoo in Thrissur is at present situated on 13 acres in the heart of the city. The proposal to shift the zoo to a more spacious area at Puthur had been delayed due to various reasons.



The proposed site of Puthur zoological park. • K.K. NAJEEB

Though foundation stones were laid three times earlier, the zoological park remained a non-starter.

The spacious forest area at Puthur is expected to provide ample space for birds and animals. Proximity of Puthur to the Kerala Forest Research Institute and the Kerala Agriculture University is expected to enable more studies and research.

മാതൃഭൂമി 4-11-2018

സുവോളജിക്കൽ പാർക്ക് രാജ്യാന്തര ഗവേഷണ കേന്ദ്രമാക്കും - മന്ത്രി കെ. രാജു



പുത്തൂർ സുവോളജിക്കൽ പാർക്കിന്റെ നിർമാണം വനംമന്ത്രി കെ. രാജുവിന്റെ നേതൃത്വത്തിൽ വിലയിരുത്തുന്നു

രണ്ടാംഘട്ടം ഡിസംബറിൽ തുടങ്ങും

ഉദ്ഘാടനം 2020-ൽ

പുത്തൂർ ▸ ജൈവവൈവിധ്യത്തെക്കുറിച്ചും ജന്തുജീവികളെപ്പറ്റിയും അറിയാനുള്ള അന്താരാഷ്ട്ര നിലവാരത്തിലുള്ള പഠനഗവേഷണ കേന്ദ്രമാക്കി പുത്തൂർ സുവോളജിക്കൽപാർക്കിനെ മാറ്റുമെന്ന് വനംമന്ത്രി കെ. രാജു പറഞ്ഞു. പുത്തൂരിലെ നിർമാണകേന്ദ്രത്തിൽ പാർക്കിനെ സംബന്ധിച്ച അവലോകനയോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

സുവോളജിക്കൽ പാർക്ക് കേരളത്തിന്റെ അഭിമാനപദ്ധതിയാണ്. പാർക്കിന്റെ ഭാവിപ്രവർത്തനങ്ങളും ശുഭപ്രതീക്ഷയിലാണ്. രണ്ടാംഘട്ടം ഡിസംബറിൽ കഴിയേണ്ടതായിരുന്നു. പ്രളയംമൂലമാണ് അത് വൈകിയത്. എങ്കിലും ഫെബ്രുവരിയിൽ നാലു കൂടുകളുടെ പണി പൂർത്തിയാക്കും. രണ്ടാംഘട്ടം ഡിസംബറിൽത്തന്നെ തുടങ്ങും. 14 കൂടുകളാണ് ഇതിൽ ഉൾപ്പെടുന്നത്. ഇതിന് കിഫ്ബിയിൽനിന്ന് 112.10 കോടി ലഭിച്ചിട്ടുണ്ട്. ടെൻഡർ നടപടികളും പൂർത്തിയായിട്ടുണ്ട്. കേന്ദ്ര പൊതുമരാമത്തു വകുപ്പിനാണ് നിർമാണച്ചുമതല. മൂന്നാംഘട്ട നിർമാണത്തിനുവേണ്ട 188 കോടിരൂപയുടെ വിശദമായ പദ്ധതി തയ്യാറാക്കി സർക്കാരിന് നൽകിയിട്ടുണ്ട്. ഇത് കിഫ്ബിയുടെ പരിഗണനയിലാണ്.

പുത്തൂർ കുരിശുമൂലയിലെ വനംവകുപ്പിന്റെ 330 ഏക്കർ സ്ഥലത്താണ് 360 കോടി രൂപ ചെലവിൽ പാർക്കിന്റെ നിർമാണം നടക്കുന്നത്. രണ്ടാംഘട്ടംകൂടി പൂർത്തിയാകുന്നതോടെ തൃശ്ശൂരിലെ ഉദ്ഘാടനം 2020-ൽത്തന്നെ പൂർണമായി പുത്തൂരിലേക്ക് മാറ്റാൻ കഴിയുമെന്നും മന്ത്രി പറഞ്ഞു.

പാർക്കിന്റെ സ്ഥിതിഗതികളും വിലയിരുത്താനുള്ള ഉന്നതാധികാരസമിതി യോഗവും ഉണ്ടായി. നിർമാണമേഖലകളെല്ലാം മന്ത്രി സന്ദർശിച്ചു. കെ. രാജൻ എം.എൽ.എ., സ്പെഷ്യൽ ഓഫീസറും മുൻ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുമായ കെ.ജെ. വർഗീസ്, വനംവകുപ്പ് ഉദ്യോഗസ്ഥരായ രാജേഷ് രവീന്ദ്രൻ, കെ.എസ്. ദീപ, വിജു വർഗീസ്, സി.ടി. ജോജു, ഡി.എഫ്.ഒ. പാട്ടിൽ സുഭാഷ് സുയോഗ് റാവു, സി.പി.ഡബ്ല്യു.ഡി. എക്സിക്യൂട്ടീവ് എൻജിനിയർ കെ.എം. ജോർജ്, അസി. എൻജിനിയർ ഗീത, പഞ്ചായത്ത് മെമ്പർമാർ എന്നിവരും മന്ത്രിയെ സ്വീകരിക്കാൻ എത്തിയിരുന്നു. സുവോളജിക്കൽ പാർക്കിന്റെ നിർമാണ ജോലികളും ദ്രുതഗതിയിലാക്കിയ വനംമന്ത്രി, കെ. രാജൻ എം.എൽ.എ. എന്നിവരെ ഫ്രൻഡ്സ് ഓഫ് സൂ, മാന്ദാമംഗലം സെൻറ് സെബാസ്റ്റ്യൻസ് സ്കൂൾ എന്നിവരുടെ നേതൃത്വത്തിൽ അനുമോദിച്ചു.

സെന്റ്.സെബാസ്റ്റ്യൻസ് ഹൈസ്ക്കൂൾ, മാന്താമംഗലം

സുവോളജിക്കൽ പാർക്കും പ്രാദേശിക വികസനവും വിദ്യാർത്ഥികളുടെ നിർദ്ദേശങ്ങൾ

ലോക വിനോദസഞ്ചാര ദിനത്തിൽ മാന്താമംഗലം സെന്റ്.സെബാസ്റ്റ്യൻസ് ഹൈസ്ക്കൂളിലെ സാമൂഹ്യശാസ്ത്ര ക്ലബിന്റെ ആഭിമുഖ്യത്തിൽ "സുവോളജിക്കൽ പാർക്കും പ്രാദേശിക വികസനവും" എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാർ നടത്തി. സെമിനാറിൽ ഉരുത്തിരിഞ്ഞ പ്രധാന നിർദ്ദേശങ്ങൾ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്കും എം.എൽ.എ., എം.പി., വനം വകുപ്പ് മന്ത്രി എന്നിവർക്കും സമർപ്പിക്കുകയാണ്.

1. കാഴ്ച്ചപ്പാട്

" ഒരു രാജ്യത്തെ മൃഗങ്ങൾ എങ്ങിനെ പരിപാലിക്കപ്പെടുന്നു എന്നതിൻ നിന്ന് ആ രാജ്യത്തിന്റെ മഹത്വവും ധാർമ്മിക പുരോഗതിയും വിലയിരുത്തനാകും " - മഹാത്മാ ഗാന്ധി.

നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാ ഗാന്ധിയുടെ മേൽ പറഞ്ഞ വാക്കുകൾ സുവോളജിക്കൽ പാർക്കിന്റെ നിർമ്മാണവേളയിൽ ബന്ധപ്പെട്ടവരുടെ മനസ്സിൽ ഉണ്ടാകണമെന്ന് ആശിക്കുന്നു.
മനുഷ്യന്റെ വിനോദത്തിന് വേണ്ടി മൃഗങ്ങൾ പീഡിപ്പിക്കപ്പെടരുത് അവയ്ക്ക് പരമാവധി മെച്ചപ്പെട്ട ആവാസസ്ഥാനം നൽകാൻ മനുഷ്യന് കടപ്പാടുണ്ട്.

2. സംരക്ഷണ-പഠന ഗവേഷണകേന്ദ്രം

ലോക പൈതൃക പട്ടികയിൽ സ്ഥാനം പിടിച്ചിരിക്കുന്ന പശ്ചിമഘട്ട നിരകളിലെ വംശനാശം നേരിടുന്ന ജീവികളേയും സസ്യങ്ങളേയും സംരക്ഷിക്കുവാനും പഠനം നടത്താനുമുള്ള ഒരു ആസ്ഥാനമായി സുവോളജിക്കൽ പാർക്ക് മാറണം. കേവലം വന്യജീവി പ്രദർശന കേന്ദ്രമായി അത് മാറരുത്. ധാരാളം സസ്യങ്ങളും വൃക്ഷങ്ങളും ഇവിടെ ഉണ്ടാകണം.
വെറ്ററിനറി കോളേജ്, ഹോർട്ടികൾച്ചർ കോളേജ്, കേരള വനഗവേഷണ കേന്ദ്രം, ഫോറസ്ട്രി കോളേജ് എന്നീ സ്ഥാപനത്തിലുള്ള വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും പഠന-ഗവേഷണ പ്രവർത്തനങ്ങൾക്കും വേദിയാകണം.

3. കുടിവെള്ളവും ജലസേചനവും

പുത്തൂരിലെ 330 ഏക്കർ സ്ഥലത്ത് വിന്യസിക്കപ്പെടുന്ന വൈവിധ്യമാർന്ന ജീവികൾ, മൃഗങ്ങൾ പ്രതിവർഷം സന്ദർശിക്കാനെത്തുന്ന 30 ലക്ഷം ആളുകൾ എന്നിവർക്കെല്ലാം വെള്ളം ലഭ്യമാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ വേണം. പുത്തൂർ മേഖലയിൽ നിലവിലുള്ള കുടിവെള്ള ജലസേചന പദ്ധതികളെ ബാധിക്കാത്ത വിധത്തിലുള്ള പുതിയ പദ്ധതികൾ വേണം.

- നിർദിഷ്ട സ്ഥലത്തിന്റെ വടക്ക് ഭാഗത്തും കിഴക്കുഭാഗത്തുമായി മഴവെള്ളം സംഭരിച്ച് രണ്ട് തടാകങ്ങൾ സൃഷ്ടിക്കാം
- നിർദ്ദിഷ്ട സ്ഥലത്ത് നിർമ്മിക്കുന്ന കിണറുകളിൽ വെള്ളംലഭിക്കാൻ ഇത് സഹായകമാകും
- പീച്ചി ഡാമിൽ നിന്നും മണലിപ്പുഴയിൽ നിന്നുമുള്ള വെള്ളം ഉപയോഗപ്പെടുത്താം. കുടിവെള്ള സംരക്ഷണ നടപടിയുടെ ഭാഗമായി പുത്തൂർ ഗ്രാമപഞ്ചാത്തിൽ കുന്നുകൾ ഇടിക്കുന്നത് വയലുകൾ നികത്തുന്നത് പൂർണ്ണമായും നിരോധിക്കണം. നീർത്തടാധിഷ്ഠിത പദ്ധതികൾ സജീവമാക്കണം.

4. മാലിന്യ നിർമ്മാർജ്ജനം

- നിർദ്ദിഷ്ട സ്ഥലത്തിനുള്ളിൽ തന്നെ ജൈവമാലിന്യങ്ങളെ അതതുസ്ഥലങ്ങളിൽ തന്നെ സംസ്കരിക്കാനുള്ള ആധുനിക സംവിധാനം ഉണ്ടാക്കണം.
- ഖരമാലിന്യങ്ങൽ കുമിഞ്ഞുകൂടാതിരിക്കാനുള്ള പ്രത്യേക സംവിധാനം ഏർപ്പെടുത്തണം
- പ്ലാസ്റ്റിക് വിമുക്ത മേഖലയാണെന്ന് ഉറപ്പുവരുത്തണം.
- അവശ്യമുള്ള കുടിവെള്ളം പാർക്കിനുള്ളിൽ തന്നെ ലഭ്യമാക്കുകയാണെങ്കിൽ ബോട്ടിലുകളെ നിരോധിക്കാം.
- പാർക്കിംങ്ങ് സ്ഥലത്തും റോഡുകളിലും മാലിന്യം കുമിഞ്ഞുകൂടാതിരിക്കാനുള്ള പ്രത്യേക നടപടികൾ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉറപ്പുവരുത്തണം. ഇതിനായി ഒരു നിശ്ചിത ശതമാനം സംഖ്യ സുവോളജിക്കൽ പാർക്കിൽ നിന്നും ഈടാക്കാവുന്നതാണ്.

5. പാർക്കിംങ്ങ്- വിശ്രമ-സൗകര്യങ്ങൾ

പ്രദിദിനം ശരാശരി 10,000 സന്ദർശകരുണ്ടാകും അവരുടെ വാഹനങ്ങൾക്കുള്ള പാർക്കിംങ്ങ് സൗകര്യവും സന്ദർശകർക്കുള്ള അത്യാവശ്യ ആശ്വാസ സൗകര്യങ്ങളും

ഗ്രാമപഞ്ചായത്ത് ഒരുക്കണം. ഇത് പഞ്ചായത്തിന്റെ സാമ്പത്തിക വികസനത്തിനു സഹായകരമാകും. ഇതിനായി പാർക്കിംങ്ങ് ഏരിയ ഇപ്പോൾ തന്നെ കണ്ടെത്തണം. പാർക്കിംങ്ങ് സ്ഥലത്തിനും മറ്റു സൗകര്യങ്ങൾക്കുള്ള ഫണ്ട് 12-ാം പഞ്ചവത്സരപദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തണം.

6. റോഡ് വികസനം (BOTവേണ്ട)

കുട്ടനെല്ലൂർ നാഷ്ണൻ ഹൈവേ-ബൈപാസ്സ് മുതൽ സുവോളജിക്കൽ പാർക്ക് വരെയുള്ള റോഡ് ഗതാഗതത്തിന് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തണം.

പീച്ചി-വിലങ്ങന്നൂർ-മാന്ദാമംഗലം-പുത്തൂർ റോഡ് വികസിപ്പിക്കണം. വലക്കാവിൽ നിന്ന് പുത്തൂരിലേക്കുള്ള റോഡ് വികസിപ്പിക്കണം (അടിയന്തിര ഘട്ടങ്ങളിൽ ഉപയോഗിക്കാൻ)

പുത്തൂർ-പൊന്നൂക്കര-തൃശ്ശൂർ നാഷ്ണൽ ഹൈവേ ബൈപാസ് റോഡ് വികസിപ്പിക്കണം (അടിയന്തിര ഘട്ടങ്ങളിൽ ഉപയോഗിക്കാൻ)

പുത്തൂർ-ഇരവിമംഗലം-പൂച്ചട്ടി റോഡ് വികസിപ്പിക്കണം.

റോഡ് നിർമ്മാണത്തിന് PWD ജില്ലാപഞ്ചായത്ത്, സംസ്ഥാന ഹൈവേഫണ്ട് ബ്ലോക്ക് പഞ്ചായത്ത് ഫണ്ട്, എം.എൽ.എ, എം.പി.ഫണ്ട് എന്നിവ മാത്രം ഉപയോഗിക്കുക.

(BOT വ്യവസ്ഥയിൽ റോഡുകൾ നിർമ്മിച്ച് വരും തലമുറയെ കഷ്ടപ്പെടുത്തരുത്)

7. വൈദ്യുതി

സുവോളജിക്കൽ പാർക്കിലേക്കും അനുബന്ധറോഡുകളിലേക്കും വൈദ്യുതി വേണ്ടിവരും. ഇതിനായി സൗരോർജ്ജത്തിൽ നിന്നും വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തണം. കൂടാതെ കെ.എസ്.ഇ.ബി.യുടെ പ്രത്യേക പദ്ധതികളും ഇതിനായി ഈവിഷ്കരിക്കണം. ചിലവുകുറഞ്ഞതും മേന്മയേറിയതുമായ തെരുവുവിളക്കുകൾ ഉറപ്പുവരുത്തണം. ഇതിനായി ജില്ലാപഞ്ചായത്ത്, വനംവകുപ്പ് എന്നിവർ മുൻകൈഎടുക്കണം.

8. തൊഴിൽ സാധ്യതകൾ

സുവോളജിക്കൽ പാർക്കിലേക്കും അവിടേക്ക് വരുന്ന സന്ദർശകർക്കും ആവശ്യമായ വിവിധ കാര്യങ്ങളുമായി ബന്ധപ്പെട്ട് നിരവധി തൊഴിൽ അവസരങ്ങൾ ഉണ്ടാകും.

ഗ്രാമപഞ്ചായത്ത് പ്രദേശത്തെ വനിത-പുരുഷ സ്വയം സഹായ സംഘങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകാൻ ഗ്രാമപഞ്ചായത്ത് മുൻകൈ എടുക്കണം.

മൃഗങ്ങൾക്ക് ആവശ്യമായ തീറ്റ സാധനങ്ങൾ, സന്ദർശകർക്കുള്ള നാടൻ ഭക്ഷ്യവിഭവങ്ങൾ, ഇളനീർ, പഴച്ചാറുകൾ പോലുള്ള പാനീയങ്ങൾ, കരകൗശല വസ്തുക്കൾ, സ്നേഹനി വസ്തുക്കൾ എന്നിവയുടെ നിർമ്മാണം, വിപണനം, പാർക്കിനുള്ളിലും പുറത്തും സാങ്കേതിക പരിജ്ഞാനം ആവശ്യമില്ലാത്ത തൊഴിലുകൾ എന്നീ രംഗങ്ങലിൽ ഏറെ തൊഴിൽ സാധ്യതകൾ ഉണ്ടാക്കും. ഈ അവസരങ്ങൾ സാധാരണക്കാരന് പ്രയോജനപ്പെടുത്താനുള്ള ഘടനാപരമായ സൗകര്യങ്ങൾ ഗ്രാമ-ബ്ലോക്ക്-ജില്ലാപഞ്ചായത്തുകൾ കൂടിയാലോചിച്ച് ഒരുക്കി കൊടുക്കണം. ഇതിനായി ഗ്രാമപഞ്ചായത്ത് മുൻകൈ എടുക്കണം.

9. ലഹരി വിമുക്ത മേഖല

സുവോളജിക്കൽ പാർക്കും പരിസരവും ലഹരി വിമുക്തവും പ്ലാസ്റ്റിക്ക് മാലിന്യ വുമുക്തവുമായി പ്രഖ്യാപിക്കാനും അത് നടപ്പിലാക്കാനും പ്രത്യേകം ശ്രദ്ധ വേണം.

10. പക്ഷികൾക്കായി ഫല വൃക്ഷങ്ങൾ

സുവോളജിക്കൽ പാർക്കിലേയക്ക് ദേശാടനപക്ഷികളെ ആകർഷിക്കുന്നതിനായി പക്ഷികൾക്കുള്ള ഭക്ഷ്യ വസ്തുക്കൾ ലഭ്യമാകുന്ന ഫലവൃക്ഷങ്ങൾ നിർദ്ദിഷ്ഠ സ്ഥലത്തും 5 കിലോമീറ്റർ ചുറ്റളവിലും വെച്ചുപിടിപ്പിക്കാനുള്ള ജനകീയ പദ്ധതിയിലേക്ക് വനം വകുപ്പും സന്നദ്ധ സംഘടനകളും മുൻകൈ എടുക്കണം.

നമ്മുടെ പ്രദേശത്തിന്റെ വികസനത്തിനായി മേൽ പറഞ്ഞ നിർദ്ദേശങ്ങൾ പരിഗണിക്കണമെന്ന് സവിനയം അഭ്യർത്ഥിക്കുന്നു.

സാമൂഹ്യശാസ്ത്ര ക്ലബ്
സെന്റ്.സെബാസ്റ്റയൻസ് ഹൈസ്ക്കൂൾ മാന്ദാമംഗലം
തൃശ്ശൂർ - 680014
ഫോൺ : 9446401576
ഇമെയിൽ : stsebastianshs@gmail.com

ജലവിതരണ പ്രവർത്തനങ്ങൾ വേഗത്തിലാക്കണം

തൃശ്ശൂർ സുവോളജിക്കൽ പാർക്കിനായുള്ള നിർദ്ദിഷ്ഠ സ്ഥലത്തേക്ക് ജലം ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വേഗത്തിലാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഫ്രണ്ട്സ് ഓഫ് സൂ ജലസേചന വകുപ്പ് മന്ത്രി മാത്യു ടി തോമസിന് നിവേദനം നൽകി. മണലി പുഴയിൽ നിന്നും വെള്ളം സുവോളജിക്കൽ പാർക്ക് എത്തിക്കാനാണ് പദ്ധതി. കൈനൂർ പ്രദേശത്ത് മണലി പുഴയോട് ചേർന്ന് അക്വയർ ചെയ്ത സ്ഥലത്ത് കിണർ കുഴിച്ച് അവിടെ മോട്ടോർ പമ്പ് ഘടിപ്പിച്ച് വെള്ളം പമ്പ് ചെയ്തു നാല് കിലോമീറ്റർ അകലെയുള്ള പാർക്കിലേക്ക് എത്തിച്ച് പാർക്കിനുള്ളിൽ ജലവിതരണ സൗകര്യങ്ങൾ ഒരുക്കുകയാണ് പദ്ധതി. ഇതിന്റെ ചുമതല വാട്ടർ അതോറിറ്റിക്ക് ആണ് നൽകിയിരിക്കുന്നത്.

ഈ പ്രവർത്തനങ്ങൾ വളരെ മന്ദഗതിയിലാണ് ഇപ്പോൾ നീങ്ങുന്നത്. സുവോളജിക്കൽ പാർക്കിൽ നിർമ്മാണ പ്രവർത്തനങ്ങൾ രണ്ടു മൂന്നു ഘട്ടങ്ങളിലേക്ക് കടക്കുമ്പോൾ നിർമ്മാണ പ്രവർത്തനങ്ങൾക്കും ധാരാളം ജലം ആവശ്യമായി വരും. അതുകൊണ്ട് പാർക്കിലേക്ക് വെള്ളമെത്തിക്കുന്ന പ്രവർത്തനം എത്രയും പെട്ടെന്ന് പൂർത്തീകരിക്കണം എന്നാണ് ആവശ്യപ്പെടുന്നത്.



പുത്തൂർ സുവോളജിക്കൽ പാർക്ക്: ജലവിതരണത്തിൽ മെല്ലെപ്പോക്കെന്ന്

പുത്തൂർ ▸ ഒന്നാംഘട്ട നിർമാണപ്രവർത്തനങ്ങളും അന്തിമഘട്ടത്തിലെത്തിയ പുത്തൂർ സുവോളജിക്കൽ പാർക്കിന്റെ തുടർപ്രവർത്തനങ്ങൾക്ക് ജലലഭ്യത ഉറപ്പുവരുത്തുന്നതിൽ മെല്ലെപ്പോക്കെന്ന് ഫ്രൻഡ്സ് ഓഫ് സൂ. രണ്ടും മൂന്നും ഘട്ടങ്ങളുടെ നിർമാണജോലികളും വൈകാതെ തുടങ്ങാനിരിക്കേ, വെള്ളമില്ലാത്തത് പ്രതിസന്ധിയുണ്ടാക്കുമെന്നാണ് ഇവരുടെ വിലയിരുത്തൽ.

മണലിപ്പുഴയിൽനിന്ന് നാല് കിലോമീറ്റർ ദൂരം റോഡ് വഴി പൈപ്പുകളിലൂടെ നിർമാണസ്ഥലത്തേക്ക് വെള്ളമെത്തിക്കുന്നതിന് വാട്ടർ അതോറിട്ടിക്ക് ചുമതല നൽകിയിരുന്നു.

എന്നാൽ, ഇതുവരെ എസ്റ്റിമേറ്റ് പോലും തയ്യാറാക്കിയിട്ടില്ല. ഇതിനാൽ, ടെൻഡർ നടപടികളും വൈകുകയാണ്.

ഒരുമാസം മുമ്പ് വനം മന്ത്രി കെ. രാജു പാർക്കിന്റെ നിർമാണജോലികളും വിലയിരുത്താൻ സ്ഥലത്ത് എത്തിയിരുന്നു. പ്രവർത്തനങ്ങളും സത്വരമാക്കുന്നതിന് അന്നുതന്നെ ഉന്നതതല യോഗവും ചേർന്നിരുന്നു. ഈ യോഗത്തിൽ വെള്ളത്തിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിന്, പ്രവർത്തനരഹിതമായ ക്വാറികളും ഉപയോഗപ്പെടുത്തുന്നതടക്കമുള്ള മാർഗങ്ങളും സ്വീകരിക്കുന്നതിനും ശ്രമങ്ങളും വേണമെന്ന് ആവശ്യപ്പെട്ടിരുന്നു.

ജലവിതരണം അടക്കമുള്ള കാര്യങ്ങളിൽ വിവിധ വകുപ്പുകളും തമ്മിലുള്ള ഏകോപനം സുഗമമാക്കുന്നതിന് കളക്ടറുടെ നേതൃത്വത്തിൽ നിരീക്ഷണസമിതി അന്വേഷിക്കുമെന്ന് സെക്രട്ടറി എം. പീതാംബരൻ പറഞ്ഞു.

മാതൃഭൂമി 29-11-2018

FRIENDS OF ZOO

Thrissur -14

ബഹുമാനപ്പെട്ട കേരള ജലവിഭവ വകുപ്പ് മന്ത്രി ശ്രീ.അഡ്വ.മാത്യു.ടി.തോമസ് അവർകൾക്ക്

സർ,

കേരളത്തിന്റെ അഭിമാനപദ്ധതിയായ തൃശൂർ സുവോളജിക്കൽ പാർക്കിലേക്കുള്ള വെള്ളം മണലിപ്പുഴയിൽ നിന്ന് എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കേരള വാട്ടർ അതോറിറ്റിയാണ് ഏറ്റെടുത്തിട്ടുള്ളത്

വളരെ സാവധാനത്തിലാണ് കാര്യങ്ങൾ നീങ്ങുന്നത്. എസ്റ്റിമേറ്റ്പോലും കൊടുക്കാൻ ആയിട്ടില്ല. ഇത് നിർമ്മാണപ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കുന്ന സ്ഥിതിയാണിപ്പോൾ.

ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശങ്ങളും നടപടികളും നല്കി സുവോളജിക്കൽ പാർക്കിലേയ്ക്ക് ജലം എത്തിക്കാനുള്ള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തണമെന്ന് സവിനയം അഭ്യർത്ഥിക്കുന്നു.

സ്നേഹപൂർവ്വം

തൃശ്ശൂർ
2.11.2018

എം.പീതാംബരൻ
സെക്രട്ടറി
ഫ്രണ്ട്സ് ഓഫ് സൂ

FRIENDS OF ZOO

Thrissur -14

സുവോളജിക്കൽ പാർക്ക്:
വാട്ടർ അതോറിറ്റി മെല്ലെപോക്ക് അവസാനിപ്പിക്കണം - ഫ്രണ്ട്സ് ഓഫ് സൂ.

സുവോളജിക്കൽ പാർക്കിന്റെ നിർമ്മാണപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കേരള വാട്ടർ അതോറിറ്റി സ്വീകരിക്കുന്ന മെല്ലെപോക്ക് നയം അവസാനിപ്പിക്കണമെന്ന് ഫ്രണ്ട്സ് ഓഫ് സൂ ആവശ്യപ്പെട്ടു.

സുവോളജിക്കൽ പാർക്കിന്റെ ഒന്നാം ഘട്ടം പ്രവർത്തനങ്ങളും രണ്ടും മൂന്നും ഘട്ടങ്ങൾക്കുള്ള ആസൂത്രണവും നല്ലരീതിയിൽ നടക്കുമ്പോഴും വാട്ടർ അതോറിറ്റിയുടെ ഭാഗത്തുനിന്നുള്ള പ്രവർത്തനങ്ങൾ വളരെ സാവധാനത്തിലാണ്.

മണലിപ്പുഴയിൽ നിന്ന് പാർക്കിലേയ്ക്ക് വെള്ളം എത്തിക്കുന്ന പ്രവർത്തനങ്ങൾക്കാണ് വാട്ടർ അതോറിറ്റിയെ ചുമതലപ്പെടുത്തിയത്. മാസങ്ങൾ പിന്നിട്ടിട്ടും ഇതിന്റെ എസ്റ്റിമേറ്റ് പോലും സമർപ്പിക്കാൻ വാട്ടർ അതോറിറ്റി സന്നദ്ധമായിട്ടില്ല.

എസ്റ്റിമേറ്റ് സമർപ്പണത്തിനുശേഷം ടെണ്ടർ വിളിച്ച് വേനൽക്കാലത്തുതന്നെ നിർമ്മാണപ്രവർത്തനങ്ങൾ നടത്തണം. മഴക്കാലമായാൽ നിർമ്മാണപ്രവർത്തനങ്ങൾ പിന്നേയും വൈകും.

ഇക്കാര്യം ഫ്രണ്ട്സ് ഓഫ് സൂ വനംവകുപ്പ് മന്ത്രി കെ.രാജുവിന്റെ ശ്രദ്ധയിൽപെടുത്തിക്കൊണ്ട് നിവേദനം സമർപ്പിച്ചിരുന്നു.

ജലസേചനം, ജലവിതരണം, വൈദ്യുതി, റവന്യൂ, പൊതുമരാമത്ത് എന്നി വിഭാഗങ്ങളെ ഏകോപിപ്പിക്കാൻ കലക്ടറുടെ നേതൃത്വത്തിലുള്ള അവലോകനയോഗങ്ങൾ മൂന്നുമാസത്തിലൊരിക്കൽ വിളിച്ചുചേർക്കണമെന്നും നിവേദനത്തിൽ ആവശ്യപ്പെട്ടിരുന്നു.

ഈ രണ്ട് കാര്യങ്ങളിലും സത്വര നടപടികൾ ഉണ്ടാകുമെന്ന് മന്ത്രി ഉറപ്പു നൽകിയിട്ടുണ്ടെന്ന് ഫ്രണ്ട്സ് ഓഫ് സൂ സെക്രട്ടറി എം.പീതാംബരൻ അറിയിച്ചു. സംസ്ഥാന ജലവിഭവവകുപ്പ് മന്ത്രി അഡ്വ. മാത്യു.ടി.തോമസിനും ഫ്രണ്ട്സ് ഓഫ് സൂ നിവേദനം നൽകിയിട്ടുണ്ട്.

എം.പീതാംബരൻ
സെക്രട്ടറി
ഫ്രണ്ട്സ് ഓഫ് സൂ



മാനം

22/9/2022

സുവോളജിക്കൽ പാർക്ക്

രണ്ടാംഘട്ടം ഡിസംബറിൽ പൂർത്തിയാകും

അടുത്തവർഷം കമ്മിഷൻ ചെയ്യുമെന്ന് മന്ത്രി കെ. രാജൻ

പുത്തൂർ ▸ സുവോളജിക്കൽ പാർക്കിന്റെ രണ്ടാംഘട്ട നിർമാണം ഡിസംബറിൽ പൂർത്തിയാകുമെന്ന് മന്ത്രി കെ. രാജൻ. അടുത്തവർഷം പാർക്ക് കമ്മിഷൻ ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നതായും മന്ത്രി പറഞ്ഞു.

പാർക്കിന്റെ നിർമാണജോലികം വിലയിരുത്താനെത്തിയതായിരുന്നു മന്ത്രി. പതിനഞ്ച് കൂടുകളുടെ നിർമാണമാണ് പൂർത്തിയായിട്ടുള്ളത്. മൃഗങ്ങംക്കുള്ള ആശുപത്രിസമുച്ചയം, അടുക്കളകം, ഐസൊലേഷൻ, ക്വാറന്റീൻ കെട്ടിടങ്ങം, പോസ്റ്റ്മോർട്ടം റൂം, ജലസംഭരണി, ഓറിയന്റേഷൻ സെൻറർ തുടങ്ങി എൺപത് ശതമാനം നിർമാണങ്ങളും പൂർത്തീകരിച്ചു. വൈദ്യുതി

സുവോളജിക്കൽ പാർക്കിലെത്തിയ മന്ത്രി കെ. രാജൻ നിർമാണപുരോഗതി വിലയിരുത്തുന്നു

സബ് സ്റ്റേഷൻ നിർമാണം നടന്നുവരുന്നു.

മുമ്പ് നിർമിച്ച കൂടുകളിലേക്ക് നഗരത്തിലെ മൃഗശാലയിലെ ജീവികളെ മാറ്റുന്ന പ്രക്രിയ തുടങ്ങാനിരിക്കുകയാണ്. ഇതിന്റെ ഭാഗമായി ചില ജീവനക്കാരെ അവിടെനിന്ന് പുത്തൂരിലേക്ക് മാറ്റിത്തുടങ്ങി. കൂടാതെ ജീവികളെ ശുശ്രൂഷിക്കുന്നതിന് പുതിയതായി പതിനഞ്ചുപേരെ നിയമിക്കുന്നതിനും വിജ്ഞാപനം ഇറക്കിയിട്ടുണ്ട്. പാർക്കിന് സ്ഥലം, റോഡുകം, ടാം വേ എന്നിവയുടെ ജോലികളും അവസാനഘട്ടത്തിലാണ്.

ആദ്യം പക്ഷികളെയാണ് പാർക്കിലേക്ക് കൊണ്ടുവരുക. കൂടാതെ നെയ്യാർ ഡാം, തിരുവനന്തപുരം മൃഗശാല എന്നിവിടങ്ങളിൽനിന്ന് മൃഗങ്ങളെയും എത്തിക്കും. ഇന്ത്യയ്ക്കു പുറത്തുനിന്നുള്ള ജീവികളെ എത്തിക്കുന്നതിനുള്ള ആവാസവ്യവസ്ഥയാണ് ഒരുക്കുന്നത്. അഞ്ഞൂറ് തൊഴിലാളികളാണ് മുമ്പ് ഇവിടെ പണിയെടുത്തിരുന്നത്.

കോവിഡ് വന്നതോടെ അത് പകുതിയായി കുറഞ്ഞു. നിർമാണം വൈകാൻ അതും കാരണമായി. പന്ത്രണ്ട് കമ്പനികംക്ക് നൽകിയ ടെൻഡർ പ്രകാരം നിരവധി കരാറുകാരാണ് നിർമാണങ്ങം ഏറ്റെടുത്തിട്ടുള്ളത്.

ഇതോടൊപ്പം മൂന്നാംഘട്ടവും പുരോഗമിക്കുകയാണെന്നും മന്ത്രി പറഞ്ഞു.

സ്പെഷ്യൽ ഓഫീസർ കെ.ജെ. വർഗീസ്, പാർക്ക് ഡയറക്ടർ കീർത്തി, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് കെ.ആർ. രവി, പഞ്ചായത്ത് പ്രസിഡൻറ് മിനി ഉണ്ണിക്കൃഷ്ണൻ, പി.എസ്. ബാബു, സിനി പ്രദീപ് കുമാർ, പി.ബി. സുരേന്ദ്രൻ, പി.എസ്. സജിത്ത്, ഷാജി വാരപ്പെട്ടി, എൻ.ജി. സനൂപ് എന്നിവരും മന്ത്രിക്കൊപ്പമുണ്ടായിരുന്നു.

2022 സെപ്റ്റംബർ ഇരുപത്തിയൊന്നാം തീയതി സംസ്ഥാന റവന്യൂ വകുപ്പ് മന്ത്രി അഡ്വ. കെ. രാജൻ സുവോളജിക്കൽ പാർക്ക് സന്ദർശിച്ചു. നിർമാണ പ്രവർത്തനങ്ങൾ വിലയിരുത്തി. രണ്ടാംഘട്ട നിർമാണ പ്രവർത്തനങ്ങൾ ഡിസംബറിൽ പൂർത്തിയാക്കാനാകുമെന്ന പ്രതീക്ഷ പ്രകടിപ്പിച്ചു. നിർമ്മാണ പ്രവർത്തനങ്ങളുടെ ചുമതലയുള്ള സ്പെഷൽ ഓഫീസർ കെ. ജെ. വർഗീസ് സുവോളജിക്കൽ പാർക്ക് ഡയറക്ടർ ആർ.കീർത്തി എന്നിവരുമായി ചർച്ച നടത്തി.

രണ്ടാംഘട്ട നിർമാണ പ്രവർത്തനങ്ങൾക്ക് തുടക്കം

സുവോളജിക്കൽ പാർക്കിന്റെ രണ്ടാംഘട്ട നിർമാണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം 2019 മാർച്ച് രണ്ടാം തീയതി പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊഫ.സി. രവീന്ദ്രനാഥ് നിർവഹിച്ചു. വനം വകുപ്പ് മന്ത്രി അഡ്വ. കെ. രാജു അധ്യക്ഷനായിരുന്നു. ചീങ്കണ്ണി, ഉരഗങ്ങൾ, ഉഭയജീവികൾ, മാനുകൾ,കടുവ, പുലി, സിംഹം എന്നിവരുടെ ആവാസ ഇടങ്ങൾ വാഹന പാർക്കിംഗ് തുടങ്ങിയവയാണ് രണ്ടാംഘട്ട നിർമ്മാണത്തിൽ ഉൾപ്പെടുന്നത്. മൂന്ന് ഘട്ടങ്ങളിലായാണ് സുവോളജിക്കൽ പാർക്കിന്റെ നിർമ്മാണം പുരോഗമിക്കുന്നത്. കേന്ദ്ര വനം പരിസ്ഥിതി വകുപ്പ്, കാലാവസ്ഥ വ്യതിയാന വകുപ്പ്, കേന്ദ്ര മൃഗശാല അതോറിറ്റി എന്നിവയുടെ അനുമതി ഇക്കാര്യത്തിനായി ലഭിച്ചിരുന്നു.

രണ്ടാംഘട്ട നിർമ്മാണ ഉദ്ഘാടനവേളയിൽ മന്ത്രിമാരായ കെ. കൃഷ്ണൻകുട്ടി, വി.എസ്. സുനിൽകുമാർ, സി.എൻ.ജയദേവൻ എം.പി., എം.എൽ.എ. മാരായ അഡ്വ. കെ. രാജൻ ബി.ഡി. ദേവസി, ഇ.ടി. സൈമൺ, കെ.വി. അബ്ദുൽ ഖാദർ, വനം വകുപ്പ് മേധാവി പി.കെ.കേശവൻ, ചീഫ് വൈൽഡ് ലൈഫ് വാർഡൻ സുരേന്ദ്ര കുമാർ, ചീഫ് എൻജിനീയർ ഭാഗത് സിങ്ങ് ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് രാജേഷ് രവീന്ദ്രൻ ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് ഐ.എസ്. ഉമാദേവി, പുത്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് മിനി ഉണ്ണികൃഷ്ണൻ എന്നിവരും പ്രസംഗിച്ചു.

കോവിഡ് കാലത്ത് നിർമ്മാണം നിലക്കാതെ

കോവിഡ് മഹാമാരി ലോകത്തെ ഭീതിപ്പെടുത്തുന്ന ദിനങ്ങളിലും സുവോളജിക്കൽ പാർക്കിലെ നിർമ്മാണ പ്രാവർത്തനങ്ങൾക്ക് കാര്യമായ തടസ്സങ്ങൾ ഉണ്ടായില്ല. മികച്ച സുരക്ഷാസംവിധാനങ്ങളും ആരോഗ്യരക്ഷ പരിചരണങ്ങളും നൽകിക്കൊണ്ട് പരമാവധി ദിനങ്ങൾ പ്രവർത്തിക്കാൻ നിർമ്മാണ ജീവനക്കാർക്ക് സാധിച്ചു. ഒല്ലൂരിലെ എംഎൽഎയും ചീഫ് വിപ്പുമായ അഡ്വ. കെ. രാജൻ, സുവോളജിക്കൽ പാർക്കിന്റെ ചുമതല വഹിക്കുന്ന ഓഫീസർ കെ.എസ്. ദീപ ഐ.എഫ്.എസ്. നിർമാണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന സ്പെഷൽ ഓഫീസർ കെ.ജെ.വർഗീസ് ഐ.എസ്.എഫ്. എന്നിവരുടെ നേതൃത്വത്തിൽ അതീവ ജാഗ്രതയോടെയാണ് നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിച്ചത്.

ഫ്രണ്ട്സ് ഓഫ് സൂ

തൃശ്ശൂർ - 680014

സുവോളജിക്കൽ പാർക്ക് :
അഭിമാന പദ്ധതിയായി പ്രഖ്യാപിച്ചത് സ്വാഗതാർഹം

- ഫ്രണ്ട്സ് ഓഫ് സൂ

തൃശ്ശൂർ സുവോളജിക്കൽ പാർക്കിന്റെ നിർമ്മാണപ്രവർത്തനങ്ങൾക്കുള്ള ഫണ്ട് "കിഫ്ബി" വഴി ലഭ്യമാക്കാൻ സംസ്ഥാനസർക്കാർ എടുത്ത തീരുമാനത്തെ ഫ്രണ്ട്സ് ഓഫ് സൂ സ്വാഗതം ചെയ്യുന്നു.

മൂന്ന് ഘട്ടങ്ങളിലായി നടക്കുന്ന പ്രവർത്തനങ്ങൾക്ക് ഏകദേശം 350 കോടി രൂപ ചെലവ് വരും. ഇതിൽ 269.75 കോടി രൂപയുടെ പ്രവർത്തനങ്ങൾക്ക് "കിഫ്ബി" അംഗീകാരം നൽകി എന്നതും സന്തോഷകരമായ കാര്യമാണ്. ഈ വർഷത്തെ ബജറ്റ് വിശദാംശങ്ങളിൽ മൂന്നാം വാല്യത്തിൽ തൃശ്ശൂർ സുവോളജിക്കൽ പാർക്ക് എന്ന ശീർഷകത്തിൽ അഞ്ച് കോടി രൂപ വേറെയും അനുവദിച്ചിട്ടുണ്ട്. ഇക്കോ ടൂറിസം പോലുള്ള വകുപ്പുകളിൽ നിന്നുള്ള ഫണ്ടും സുവോളജിക്കൽ പാർക്കിലേക്കായി ഉപയോഗപ്പെടുത്തലും ത്വരിതപ്പെട്ടുവരുന്നു.

ഇത്തവണത്തെ സംസ്ഥാന ബജറ്റ് പ്രസംഗത്തിൽ സുവോളജിക്കൽ പാർക്കിന് തുക അനുവദിച്ച കാര്യം എടുത്തു പറയുക വഴി കേരളത്തിന്റെ അഭിമാനപദ്ധതിയാണ് തൃശ്ശൂർ സുവോളജിക്കൽ പാർക്ക് എന്ന് ഒരിക്കൽ കൂടി സർക്കാർ വ്യക്തമാക്കിയിരിക്കുകയാണ്.

ഇരുപത്തിയഞ്ച് വർഷക്കാലം ഫ്രണ്ട്സ് ഓഫ് സൂ നടത്തികൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ ഫലപ്രദമാകുന്നതിൽ ചാരിതാർത്ഥ്യമുണ്ട്.

സുവോളജിക്കൽ പാർക്ക് യാഥാർത്ഥ്യമാക്കാൻ ശ്രദ്ധയും ശ്രമവും നൽകുന്ന കേരളസർക്കാരിനും മുഖ്യമന്ത്രി സർവ്വശ്രീ. പിണറായി വിജയൻ, വനംവകുപ്പ് മന്ത്രി അഡ്വ.കെ.രാജു, ധനവകുപ്പുമന്ത്രി ഡോ.തോമസ് ഐസക്, തൃശ്ശൂർ ജില്ലയിൽ നിന്നുള്ള മന്ത്രിമാരായ പ്രൊഫ.സി.രവീന്ദ്രനാഥ്, വി.എസ്.സുനിൽകുമാർ, ഏ.സി. മൊയ്തീൻ, അഡ്വ.കെ.രാജൻ എം.എൽ.എ, വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരോടെല്ലാം ഫ്രണ്ട്സ് ഓഫ് സൂ സന്തോഷമറിയിക്കുന്നു, അഭിനന്ദിക്കുന്നു.

നന്ദി രേഖപ്പെടുത്തുന്നു.

തിയതി : 03.02.2019

സ്ഥലം : തൃശ്ശൂർ

സ്നേഹാദരങ്ങളോടെ

എം.പീതാംബരൻ

സെക്രട്ടറി, ഫ്രണ്ട്സ് ഓഫ് സൂ

ഫോൺ : 9446401576



മാതൃഭൂമി നഗരം

2019 ഫെബ്രുവരി 26 ചൊവ്വാഴ്ച

അടുത്ത വർഷം പാർക്ക് വരും

രണ്ടാംഘട്ട നിർമാണോദ്ഘാടനം മാർച്ച് രണ്ടിന്

തൃശ്ശൂരിന്റെ അഭിമാന പദ്ധതിയായ പുത്തൂർ സുവോളജിക്കൽ പാർക്ക് അടുത്തവർഷം അവസാനം തുറന്നുകൊടുത്തേക്കും

കാൽ നൂറാണ് പിന്നിട്ട പ്രയത്നം

സാമ്പത്തിക സഹായം കിഫ്ബി വഴി

ഉന്നം പുലിമുട്ടിൽ

രണ്ടാം ഘട്ടത്തിൽ

മൃഗങ്ങൾക്ക് പരിശീലനം നൽകുന്നതിനുള്ള കൂടുകൾ

പുത്തൂർ സുവോളജിക്കൽ പാർക്കിന്റെ രണ്ടാംഘട്ട നിർമാണത്തിന്റെ തുടക്കം



പുത്തൂർ പുത്തൂർ സുവോളജിക്കൽ പാർക്കിന്റെ രണ്ടാംഘട്ട നിർമാണപ്രവൃത്തി മന്ത്രി സി.രവീന്ദ്രനാഥ് നിർവഹിക്കുന്നു. കെ.രാജൻ, എം.എൽ.എ. മാരായ കെ.രാജു, വി.എസ്.സുനിൽകുമാർ, കെ.കുഞ്ഞിരാമൻ, സി.എൻ.ജയദേവൻ എം.പി. എന്നിവർ സമീപം. ഫോട്ടോ: ജനാർദനൻ

"ചരിത്രാതീതകാലത്തിനും മനുഷ്യ വികസനത്തിന്റെ മികച്ച മാതൃകയാണ് പുത്തൂർ സുവോളജിക്കൽ പാർക്ക്. കാടും പരിസ്ഥിതിയും നിർമിച്ച് പിടിക്കുന്ന ഇത്തരം ബഹുമതികൾ ലഭിക്കുന്നതിനുള്ള നടപടിയുണ്ടാകണം"

—മന്ത്രി സി.രവീന്ദ്രനാഥ്

പുത്തൂർ • പുത്തൂർ സുവോളജിക്കൽ പാർക്കിന്റെ രണ്ടാംഘട്ട നിർമാണത്തിനു തുടക്കം. കിഫ്ബിയിൽ നിന്ന് 112.8 കോടിരൂപയ്ക്ക് അനുമതി ലഭിക്കുകയും ടെൻഡർ നടപടികൾ പൂർത്തിയാവുകയും ചെയ്തു.

പിടിച്ചാൽ ഉടനടി, ഉടമ ഒഴിക്കി, മാനുകൾ, കുറുക്കൻ, പുലി, സിംഹം എന്നിവയുടെ ആവാസവ്യവസ്ഥയിൽ, വലിയ പാർക്കിൽ സഞ്ചരിച്ചു കാണാവുന്ന രണ്ടാംഘട്ടത്തിൽ ഒരുങ്ങുന്നത്. കണ്ട വർഷത്തിനുള്ളിൽ നിർമാണം പൂർത്തിയാക്കുകയാണ് ലക്ഷ്യം.

രണ്ടാംഘട്ടത്തിന്റെ നിർമാണോദ്ഘാടനം മന്ത്രി സി.രവീന്ദ്രനാഥ് നിർവഹിച്ചു. മന്ത്രി കെ. രാജു അധ്യക്ഷനായിരുന്നു.

മന്ത്രിമാരായ കെ.കുഞ്ഞിരാമൻ, വി.എസ്.സുനിൽകുമാർ, സി.എൻ.ജയദേവൻ എം.പി. എംഎൽഎമാരായ സി.കെ.വിനയൻ, ഇ.ടി.ടൈസൺ, കെ.വി.അബ്ദുൾ ഖാദർ, കെ.രാജൻ, വനംവകുപ്പ് മേധാവി കെ.കെ.ഖരൻ, ചീഫ് വൈൽഡ് ലൈഫ് വാർഡൻ സുരേന്ദ്രകുമാർ, ചീഫ് എൻജിനീയർ ഷാജി സ്റ്റീഫൻ, മറ്റു ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

• 112.57 കോടി രൂപ കിഫ്ബിയിൽ നിന്ന് അനുവദിച്ചിട്ടുണ്ട്. ജിറാഫ്, സീബ്ര, കരടി, ആഫ്രിക്കൻ സിംഹം, കടുവ, പുലി, സിംഹം എന്നിവയുടെ ആവാസവ്യവസ്ഥകൾ, ഹിപ്പോപൊട്ടാമസ് ഉൾപ്പെടെയുള്ള ജലജീവികൾക്കുള്ള ആവാസവ്യവസ്ഥ, ഹോസ്പിറ്റൽ, ക്വാറന്റൈൻ സൗകര്യം, ഭക്ഷണശാല, ഓഫീസ് കോംപ്ലക്സ്, ഗേറ്റ്, ടിക്കറ്റ് കൗണ്ടർ, ജീവനക്കാർക്കുള്ള താമസസൗകര്യം, ഗതാഗത സൗകര്യം, ചുറ്റുമതിൽ, കവാടം, ഇലക്ട്രിഫിക്കേഷൻ, ചുറ്റുമതിൽ, കവാടം, ആകൃതിയുടെ പാർക്ക്, കുടിവെള്ള പദ്ധതി, കുടിവെള്ള പദ്ധതി, കുടിവെള്ള പദ്ധതി

പുത്തൂർ സുവോളജിക്കൽ പാർക്ക്; രണ്ടാംഘട്ട നിർമാണം തുടങ്ങി



പുത്തൂർ സുവോളജിക്കൽ പാർക്കിന്റെ രണ്ടാംഘട്ട നിർമാണോദ്ഘാടനച്ചടങ്ങിൽ മന്ത്രി വി.എസ്. സുനിൽകുമാർ പ്രസംഗിക്കുന്നതിനിടെ വനംമന്ത്രി കെ. രാജു തിരുത്തലുമായിടപെട്ടത് വേദിയിൽ കൂട്ടച്ചിരിപടർത്തിയപ്പോൾ

ഒല്ലൂർ ▸ പുത്തൂർ സുവോളജിക്കൽ പാർക്കിന്റെ രണ്ടാംഘട്ട നിർമാണപ്രവർത്തനോദ്ഘാടനം നടന്നു. മന്ത്രി സി. രവീന്ദ്രനാഥ് ഉദ്ഘാടനം നിർവഹിച്ചു. വനംമന്ത്രി കെ. രാജു അധ്യക്ഷനായി.

136 ഹെക്ടറിലാണ് പുത്തൂരിലെ പാർക്ക് സ്ഥാപിക്കുന്നത്. ആവശ്യമെങ്കിൽ ഇനിയും സ്ഥലം ഏറ്റെടുക്കും. സർക്കാരിന്റെ പ്ലാൻ ഫണ്ടും കിഫ് ബി വഴി അനുവദിച്ചതുമടക്കം 360 കോടി രൂപയുടെ നിർമാണപ്രവർത്തനങ്ങളാണ് മൂന്ന് ഘട്ടങ്ങളിലായി പൂർത്തീകരിക്കുന്നത്. കേന്ദ്ര വനം - പരിസ്ഥിതി വകുപ്പ്, കാലാവസ്ഥാവ്യതിയാനവകുപ്പ്, സൂ അതോറിട്ടി എന്നിവയുടേതടക്കം എല്ലാ കേന്ദ്രങ്ങളുടെയും അനുമതി പാർക്കിന് ലഭിച്ചതായും 18 മാസത്തിനുള്ളിൽ തൃശ്ശൂരിലെ മൃഗശാല പൂർണമായും പുത്തൂരിലേക്ക് മാറ്റാൻ കഴിയുമെന്നും വനംമന്ത്രി പറഞ്ഞു. മൃഗശാല മാറ്റിയാൽ അവിടെയുള്ള പതിനാലേക്കർ ഭൂമിയിൽ സാംസ്കാരികകേന്ദ്രം തുടങ്ങാൻ അനുമതി തരണമെന്ന് മന്ത്രി വി.എസ് സുനിൽകുമാർ ആവശ്യപ്പെട്ടു. മന്ത്രി കെ. കൃഷ്ണൻകുട്ടി വിശിഷ്ടാതിഥിയായി.

സി.എൻ. ജയദേവൻ എം.പി., എം.എൽ.എ.മാരായ കെ. രാജൻ, കെ.വി. അബ്ദുൾഖാദർ, ബി.ഡി. ദേവസി, ഇ.ടി. ടൈസൺ, വനംവകുപ്പ് മേധാവി പി.കെ. കേശവൻ, രാജേഷ് രവീന്ദ്രൻ തുടങ്ങിയവർ പ്രസംഗിച്ചു.

ലോക്കാകാതെ സുവോളജിക്കൽ പാർക്ക് നിർമാണം

മൃഗശാലാ മാറ്റം ഈ വർഷംതന്നെ

ഒല്ലൂർ ▸ ലോകിധ്വൻ കാലത്തും പുത്തൂർ സുവോളജിക്കൽ പാർക്കിന്റെ നിർമാണം ലോക്കായില്ല. രണ്ടാംഘട്ടം പൂർത്തീകരിക്കുന്നതിനിടയിലാണ് ലോക്ഡൗൺ വന്നത്. ആവു വർക്കിട പദ്ധതികളുടെ കരാർ കമ്പനികളുടെ കീഴിൽ 280 അതിഥി തൊഴിലാളികളാണ് പണിയെടുത്തിരുന്നത്. ഇവർക്ക് ഭക്ഷണവും താമസവും ഇവിടെതന്നെ ഒരുക്കി. സമ്പൂർണ ലോക്ഡൗൺ കാലത്ത് മാത്രം ജോലികൾ നിർത്തിവെച്ചു. പിന്നീട് പുനരാരംഭിച്ചു. പാർക്കിന്റെ അവശേഷിക്കുന്ന ജോലികൾ പൂർത്തിയായി. മുൻനിശ്ചയപ്രകാരം ഈ വർഷം അവസാനം നഗരത്തിലെ മൃഗശാല ഇവിടേക്ക് മാറ്റാനാകും. രണ്ടാംഘട്ടത്തിൽ ആവശ്യമായ 21 കൂടുകളാണ് ജീവികളുടെ ആവാസവ്യവസ്ഥക്ക് യോജിച്ചവിധം തയ്യാറാക്കിയത്.

പക്ഷികൾ, കരിങ്കുരങ്ങ്, കാട്ടുപോത്ത്, സിംഹവാലൻകുരങ്ങ് തുടങ്ങിയവക്ക് വാസസ്ഥലങ്ങൾ ഒരുങ്ങി. 330 ഏക്കറിലാണ് രാജ്യാന്തര നിലവാരത്തിലുള്ള പാർക്ക് സജ്ജമാക്കുന്നത്. നൂറേക്കറിലാണ് ഇപ്പോൾ നിർമാണം. 3100 മീറ്റർ നീളമുള്ള ചുറ്റുമതിലിന്റെ 1200 മീറ്റർ പൂർത്തിയായി. 360 കോടി ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതിക്ക് 269.75 കോടിയുടെ ഭരണാനുമതിയായി. ഇതിൽ 40 കോടി രൂപ ചെലവഴിച്ചു കഴിഞ്ഞു. ഇതിൽ 30 കോടിയുടെ നിർമാണസാമഗ്രികൾ ഇവിടെ എത്തിച്ചിരുന്നതിനാൽ ജോലികൾ തടസ്സപ്പെട്ടില്ല. വൈദ്യുതി വിതരണം, ജലസംഭരണം, മാലിന്യനിർമാർജനം തുടങ്ങി അവശ്യ സേവനങ്ങളുടെ ടെൻഡർ പൂർത്തിയാക്കി കരാർ നൽകി. പദ്ധതിയുടെ സൂപ്രണ്ട് ഓഫീസറും മുൻ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുമായ കെ.കെ. വർഗീസ് പുത്തൂരിലെ നിർമാണസ്ഥലത്ത് കുമ്പ് ചെല്ലാൻ ജോലികാക്ക് നേതൃത്വം നൽകുന്നത്. ചീഫ് വിപ്പ് കെ.രാജൻ കഴിഞ്ഞദിവസം ഇവിടെയെത്തി അവലോകനയോഗം ചേർന്നു. മാസ്റ്റർ പ്ലാൻ അവസാനം രണ്ടാംഘട്ടവും പൂർത്തീകരിക്കുംവിധമാണ് നിർമാണം പുരോഗമിക്കുന്നത്.



സുവോളജിക്കൽ പാർക്കിന്റെ നിർമാണജോലികൾ ചീഫ് വിപ്പ് കെ.രാജന്റെ നേതൃത്വത്തിൽ വിലയിരുത്തുന്നു

മാതൃഭൂമി 2-6-2020

കാടന്തരീക്ഷത്തിൽ കൂടൊരുക്കം

തൃശ്ശൂർ ▸ പക്ഷികൾക്കുമാത്രം ആകാശം എന്ന അതിർത്തിയുണ്ടാവില്ല. 1.3 ഏക്കറിലെ ഒറ്റക്കൂടിൽ ചീനവലകാംക്ഷുള്ളിലായി അവർ പാർക്കണം. ബാക്കിയുള്ള വയ്യെല്ലാം അവയുടെ സ്വാഭാവിക ആവാസവ്യവസ്ഥയ്ക്കനുസൃതമായി ജീവിക്കാം. തൃശ്ശൂർ പുത്തൂരിലെ സുവോളജിക്കൽ പാർക്കിൽ കൂടൊരുക്കം ദ്രുതഗതിയിൽ നടക്കുന്നു. ജീവികളുടെ മാറ്റം വൈകില്ല.

നാല് കൂടുകളുടെ നിർമാണം



സുവോളജിക്കൽ പാർക്കിന്റെ ചുമതലവഹിക്കുന്ന കെ.എസ്. ദീപ

ഇതിനകം പൂർത്തിയായി. ഏഷ്യയിലെ ഏറ്റവും വലിയ സഫാരി പാർക്കാക്കാൻ കാലമേറെയെടുക്കുമെങ്കിലും കൂടുകളിൽ ഇക്കൊല്ലംതന്നെ അതിഥികളെത്തിത്തുടങ്ങും.

കരിങ്കുരങ്ങ്, സിംഹവാലൻകുരങ്ങ്, കാട്ടുപോത്ത് എന്നിവയുള്ള കൂടുകളും പക്ഷിക്കൂടുമാണ് തയ്യാറായത്. കുരങ്ങിന്റെയും കാട്ടുപോത്തിന്റെയും ആവാസസ്ഥലം സന്ദർശകരുമായി വേർതിരിച്ചിരിക്കുന്നത് കിടങ്ങ് നിർമിച്ചാണ്. ആഴവും വീതിയുമേറിയ കിടങ്ങ് ജീവികളെ ചാടിക്കടക്കില്ല. ഉയരങ്ങളെ അടുത്തുനിന്ന് കാണാൻ പൊട്ടാത്ത ചില്ലിട്ട് നിർമിച്ച ഗാലറിയുമുണ്ട്. പുത്തൂരിൽ വനംവകുപ്പിന് സ്വന്തമായ 136 ഹെക്ടറിലാണ് സഫാരി സൗകര്യമടക്കമുള്ള മൃഗോദ്യാനനിർമാണം നടക്കുന്നത്. ആദ്യഘട്ടത്തിൽ 48 ഹെക്ടറിലാണ് നിർമാണം. പാർക്കിങ്ങിന് മാത്രം 6.4 ഏക്കർ നീക്കിവെച്ചിട്ടുണ്ട്. വണ്ടിയിലെത്തിയാൽ പിന്നീട് യാത്ര ട്രാമിലായിരിക്കും. മൊത്തമുള്ള 22 കൂടുകളുടെ അടുത്തും ട്രാം സ്റ്റേഷനുണ്ട്. സഫാരി പാർക്കിനായി സ്വാഭാവിക വനമേഖല വിപുലമാക്കും.



പുത്തൂർ സുവോളജിക്കൽ പാർക്കിൽ കാട്ടുപോത്തുകൾക്കായി ഒരുക്കുന്നയിടം



തയ്യാറാകുന്ന പക്ഷിക്കൂടാരങ്ങൾ

വലിയ മരങ്ങളും കടയോടെ പിഴുതെടുത്ത് പാർക്കിൽ സ്ഥാപിക്കും. ഇതിനു പുറമേ 150 ഇനങ്ങളിലായി 15,000 മരങ്ങളും ഈ മഴക്കാലത്ത് നട്ടുപിടിപ്പിക്കും. 20,000 പനയും മുളയും നടും. ചീഫ് വിപ്പ് കെ. രാജന്റെ അധ്യക്ഷതയിൽ ജൂൺ അഞ്ചിന് തൈനടീലിന് തുടക്കംകുറിക്കുമെന്ന് സുവോളജിക്കൽ പാർക്കിന്റെ ചുമതലവഹിക്കുന്ന കെ.എസ്. ദീപ പറഞ്ഞു.

മൂന്നുതരം മാൻ, പുള്ളിപ്പുലി, കടുവ, സിംഹം, ജിറാഫ്, സീബ്ര, ഒട്ടകപ്പക്ഷി, ഹിപ്പോ, ഹിമാലയൻ കരിങ്കരടി, കരടി, കുറുക്കൻ, നരി, കഴുതപ്പുലി, മുതല, ഉരഗങ്ങം തുടങ്ങി ഇവിടേയ്ക്ക് എത്തുന്ന ജീവിവൈവിധ്യം ഏറെയാണ്.

ഗവേഷണകേന്ദ്രം, ആശുപത്രി, ഐസൊലേഷൻ സെന്റർ, രാത്രിസഞ്ചാരജീവികംക്കായി പ്രത്യേക കേന്ദ്രം തുടങ്ങിയവയുമുണ്ടാകും.

സഫാരി പാർക്ക് യാഥാർഥ്യമാകുന്നതോടെ പ്രത്യേക വാഹനത്തിൽ ജീവികളെ തൊട്ടരുമ്മിയാത്ര ചെയ്യാനുമാകും.

ഒന്നാം ഘട്ട നിർമ്മാണം പൂർത്തിയാകുന്നു

ഒന്നാംഘട്ട നിർമ്മാണത്തിന്റെ ഭാഗമായി അഡ്മിനിസ്ട്രേറ്റീവ് കെട്ടിടം, മൃഗശാല ആശുപത്രി, സ്റ്റോർ റൂം, പക്ഷികൾ, കരിങ്കുരങ്ങ്, സിംഹവാലൻ കുരങ്ങ്, കാട്ടുപോത്ത് എന്നിവയ്ക്കുള്ള ആവാസ ഇടങ്ങൾ എന്നിവ പൂർത്തിയായതായി വിലയിരുത്തി. 2021 ജനുവരി ഒന്നാം തീയതി തൃശൂരിൽ ചേർന്ന യോഗത്തിൽ വനംവകുപ്പ് മന്ത്രി കെ. രാജു, ചീഫ് വിപ്പ് അഡ്വ. കെ. രാജൻ, പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ പി.കെ. കേശവൻ, അഡ്മിനിസ്ട്രേറ്റീവ് സി.സി.എഫ്. വർമ്മ വനംവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി രാജേഷ് കുമാർ സിൻഹ, വൈൽഡ് ലൈഫ് വാർഡൻ സുരേന്ദ്ര കുമാർ സ്പെഷ്യൽ ഓഫീസർമാരായ കെ.എസ്. ദീപ, കെ.കെ.ജെ. വർഗീസ് എന്നിവർ യോഗത്തിൽ പങ്കെടുത്തു. ഒന്നാംഘട്ട നിർമാണപ്രവർത്തനങ്ങൾ പൂർത്തീകരിച്ചതിനെ തുടർന്ന് ഉദ്ഘാടനവും നിർവഹിച്ചു. 2021 ഫെബ്രുവരി 13ന് വനം വകുപ്പ് മന്ത്രി അഡ്വ. കെ.രാജു ഒന്നാംഘട്ട ഉദ്ഘാടനം ഓൺലൈൻ ആയി നിർവഹിച്ചു. മന്ത്രി എ.സി. മൊയ്തീൻ അധ്യക്ഷത വഹിച്ചു. മന്ത്രിമാരായ ഡോ. ടി.എം. തോമസ് ഐസക്, പ്രൊഫ. സി. രവീന്ദ്രനാഥ് വി.എസ്. സുനിൽ കുമാർ, ചീഫ് വിപ്പ് അഡ്വ. കെ.രാജൻ, എം.എൽ.എ.മാരായ ഗീതാ ഗോപി, വി.ആർ. സുനിൽകുമാർ, തൃശ്ശൂർ മേയർ എം.കെ. വർഗീസ്, വനം വകുപ്പ് സെക്രട്ടറി രാജേഷ് കുമാർ സിൻഹ, വനംവകുപ്പ് മേധാവി പി. കെ. കേശവൻ എന്നിവർ പ്രസംഗിച്ചു.

ഒന്നാംഘട്ട ഉദ്ഘാടനത്തിന് ശേഷം ആറു മാസം പിന്നിട്ടു ഓഗസ്റ്റ് പതിനേഴാം തീയതി മന്ത്രി കെ.രാജു സുവോളജിക്കൽ പാർക്കിൽ എത്തി നിർമാണ പ്രവർത്തനങ്ങൾ വിലയിരുത്തി. മന്ത്രി കെ.രാജൻ സുവോളജിക്കൽ പാർക്ക് ഡയറക്ടർ കെ.എസ്. ദീപ, സ്പെഷൽ ഓഫീസർ കെ.ജെ. വർഗീസ് എന്നിവരും ഒപ്പമുണ്ടായിരുന്നു. ഒക്ടോബർ മാസത്തോടുകൂടി സുവോളജിക്കൽ പാർക്കിലേക്ക് മൃഗങ്ങളെ മാറ്റി തുടങ്ങുമെന്ന് മന്ത്രി അറിയിച്ചു. ഒന്നാം ഘട്ടത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു എങ്കിലും മൃഗങ്ങളെ മാറ്റാനുള്ള അനുമതി കേന്ദ്ര മൃഗശാല അതോറിറ്റിയിൽനിന്നും ലഭിച്ചിരുന്നില്ല.

ചാരിതാർത്ഥ്യവും പ്രതീക്ഷയും

– ഫ്രണ്ട്സ് ഓഫ് സൂ

തൃശ്ശൂർ സുവോളജിക്കൽ പാർക്ക് യാഥാർത്ഥ്യമാക്കുന്നതിൽ എല്ലാവരും എന്നെ സന്തോഷിക്കുന്നു. മൂന്ന് ദശാബ്ദക്കാലത്തെ പരിശ്രമങ്ങളാണ് ഇപ്പോൾ സഫലമായി കൊണ്ടിരിക്കുന്നത്. തൃശ്ശൂർ മൃഗശാല യുടെ ശതാബ്ദി ആഘോഷവേളയിൽ, 1985ൽ തിങ്ങിനിറഞ്ഞ കൂടുകളിൽ കിടന്ന് എതാനും മാനുകൾ മരി ക്കാനിടയായി. അവിടം സന്ദർശിക്കാനുള്ള മഹാകവി വൈലോപ്പിള്ളി ശ്രീധരമേനോൻ ഈ സംഭവത്തിന്റെ പശ്ചാത്തലത്തിൽ 'കൃഷ്ണമൃഗങ്ങൾ' എന്ന കവിത രചിച്ച് ആനുകാലികങ്ങളിൽ വന്നപ്പോഴാണ് മൃഗശാല വികസനം എന്ന ആശയം തൃശ്ശൂരിന്റെ പൊതു മനസ്സിലേക്ക് ഉയർന്നുവന്നത്.

മുൻ മുഖ്യമന്ത്രിയും തൃശ്ശൂരിന്റെ സാംസ്കാരികരംഗത്തെ നിറസാന്നിധ്യവുമായിരുന്ന ശ്രീ.സി.അ ച്യുതമേനോൻ ഇക്കാര്യം ജനപ്രതിനിധികളുടെയും ദരണകൂടത്തിന്റേയും ശ്രദ്ധയിൽപ്പെടുത്തി. ഡോ.സു കുമാർ അഴീക്കോടിനെ പോലുള്ള സാംസ്കാരിക പ്രവർത്തകരും ഇക്കാര്യം അധികൃതരുടെ ശ്രദ്ധയിൽ കൊണ്ടുവന്നു. ഇതേതുടർന്നാണ് ഫ്രണ്ട്സ് ഓഫ് സൂ എന്ന പ്രസ്ഥാനം രൂപീകരിച്ച് അതതുകാലത്തെ ജി ല്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ തൃശ്ശൂർ മൃഗശാലക്കായി മറ്റൊരു സ്ഥലം കണ്ടെത്താൻ ശ്രമങ്ങൾ ആരം ഭിച്ചത്.

1994 കാലഘട്ടത്തിലാണ് പുത്തൂരിൽ വിപുലമായ മൃഗശാല സ്ഥാപിക്കാമെന്ന് നിർദ്ദേശമുണ്ടായ ത് ശ്രീ. ഇ.കെ.നായനാർ മുഖ്യമന്ത്രിയും ടി.കെ.രാമകൃഷ്ണൻ സാംസ്കാരിക വകുപ്പ് മന്ത്രിയും ആയിരു ന്നപ്പോഴാണ് 1996ൽ പുത്തൂരിൽ സുവോളജിക്കൽ പാർക്ക് സ്ഥാപിക്കാനുള്ള ആദ്യത്തെ ഉത്തരവ് ഉണ്ടാ കുന്നത്.

തുടർന്ന് നിരവധി ജനകീയ പ്രവർത്തനങ്ങൾ ഇത് യാഥാർത്ഥ്യമാക്കുന്നതിന് വേണ്ടി നടന്നു. തൃ ശ്ശൂർ എൻജിനീയറിങ് കോളേജ്, അളഗപ്പ ത്യാഗരാജ കമ്മ്യൂണിറ്റിപോളിടെക്നിക്, പുത്തൂർ ഗ്രാമപഞ്ചായ ത്ത്, ജില്ലാദരണകൂടം, സംസ്ക്കാര, ഫ്രണ്ട്സ് ഓഫ് സൂ എന്നിവരുടെ സംയുക്ത ശ്രമങ്ങൾ തുടർന്നു വ ന്നു.

സൂ ആൻഡ് മ്യൂസിയം വകുപ്പിന് കീഴിലുള്ള തൃശ്ശൂർ മൃഗശാല സ്ഥാപിക്കാനായി കണ്ടെത്തിയ സ്ഥലം വനം വകുപ്പിന് കീഴിലുള്ള റിസർവ് ഫോറസ്റ്റ് മേഖലയായിരുന്നു. സ്വാഭാവികമായും വകുപ്പുക ൾ തമ്മിലുള്ള തർക്കം കാലതാമസത്തിന് ഇടയാക്കി.

സുവോളജിക്കൽ പാർക്ക് വനം വകുപ്പിൻറെ ആഭിമുഖ്യത്തിൽ നടത്താനും തൃശൂർ മൃഗശാല യിലെ മൃഗങ്ങളെ അവിടേക്ക് മാറ്റാനും 2011 ൽ ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള ഗവൺമെൻറ് തീരുമാനമെടുത്തത് കാര്യങ്ങൾ എളുപ്പമാക്കി. ശ്രീ. എം.പി.വിൻസെന്റ് എം.എൽ.എ. യുടെ നേതൃത്വത്തി ൽ ജില്ലയിലെ എം.എൽ.എ മാർ സംയുക്തമായി ഇക്കാര്യം ആവശ്യപ്പെട്ടിരുന്നു.

തുടർന്ന് 2016ൽ ശ്രീ.പിണറായി വിജയന്റെ നേതൃത്വത്തിൽ വന്ന മന്ത്രിസഭ സുവോളജിക്കൽ പാർ ക്ക്, വന്യജീവി സംരക്ഷണ ഗവേഷണ കേന്ദ്രം എന്ന സ്ഥാപനം കേരളത്തിന്റെ ഒരു അഭിമാന പ്രോജക്ട് ആയി ഏറ്റെടുത്തു. ഇതിനുള്ള സാമ്പത്തികം 'കിഫ്ബി' ൽ നിന്നും എളുപ്പത്തിൽ ലഭ്യമാക്കാൻ തീരുമാനി ച്ചു.

ഇതിന് അനുകൂലമായ സാഹചര്യം ഒരുക്കുന്നതിന് അഡ്വ.രാജൻ എംഎൽഎയുടെ മികച്ച സം ഘാടന പാഠവവും സഹായകരമായി. ശ്രീ.കെ.രാജൻ നൽകിയ പ്രത്യകമായ ശ്രദ്ധയും സാമർത്ഥമായ നീ ക്കങ്ങളും ഈ പ്രോജക്ട് യാഥാർത്ഥ്യമാക്കുന്നതിന് ഗുണകരമായി.

ആസ്ട്രേലിയൻ സൂ ഡിസൈനറായ ഷോൺ കോ തയ്യാറാക്കിയ മാസ്റ്റർപ്ലാനിലും ലേഔട്ടിലും വലിയ മാറ്റങ്ങളില്ലാതെ ഈ സ്ഥാപനം യാഥാർത്ഥ്യമാകുന്നതോടെ ഏഷ്യയിലെ തന്നെ മികച്ച വന്യജീവി സം രക്ഷണ ഗവേഷണ കേന്ദ്രമായും വിനോദസഞ്ചാര കേന്ദ്രമായും മാറും. നമ്മുടെ നാടിനെ അഭിമാനമായി ഈ സ്ഥാപനം മാറട്ടെ എന്ന് ഫ്രണ്ട്സ് ഓഫ് സൂ ആശംസിക്കുന്നു.

എം .പീതാംബരൻ മാസ്റ്റർ
സെക്രട്ടറി
ഫ്രണ്ട്സ് ഓഫ് സൂ

സുവോളജിക്കൽ പാർക്കിന്റെ ഒന്നാം ഘട്ട നിർമ്മാണം പൂർത്തീകരിച്ചതിന്റെ ഉദ്ഘാടന സപ്ലിമെന്റിലേക്ക് ഫ്രണ്ട്സ് ഓഫ് സൂ കൊടുത്ത ആശംസയുടെ പൂർണ്ണരൂപം ഇതാണ്.

പുത്തൂർ സുവോളജിക്കൽ പാർക്ക് ഒന്നാംഘട്ടം യാഥാർഥ്യമായി

● ഈ മാസം അവസാനം മൃഗങ്ങളെ പാർക്കിലെത്തിക്കും

സ്വന്തംലേഖകൻ

തൃശൂർ: മൂന്നു പതിറ്റാണ്ടിന്റെ കാത്തിരിപ്പിന് വിരാമമിട്ട് പുത്തൂരിൽ ആധുനിക സുവോളജിക്കൽ പാർക്ക് യാഥാർഥ്യമായി. ഇതിന്റെ ഒന്നാംഘട്ട ഉദ്ഘാടനം ഓൺലൈനിലൂടെ മന്ത്രി അഡ്വ. കെ. രാജു നിർവഹിച്ചു. ഒന്നാം ഘട്ടത്തിലെ എല്ലാ നിർമാണവും പൂർത്തിയാക്കിയാണ് പുത്തൂർ സുവോജിക്കൽ തുറന്നു കൊടുക്കുന്നതെന്ന് മന്ത്രി കെ രാജു പറഞ്ഞു. ഈ മാസം അവസാനത്തോടെ വന്യ ജീവികളെ പാർക്കിലെത്തിക്കും. രണ്ടും മൂന്നും ഘട്ട നിർമാണ പ്രവർത്തനങ്ങൾ 60 ശതമാനം പിന്നിട്ടു കഴിഞ്ഞു. ഉടനെ പണികൾ പൂർത്തിയാക്കി സമ്പൂർണ സുവോളജിക്കൽ പാർക്ക് എന്ന ലക്ഷ്യം പൂർത്തിയാക്കും. ഏഷ്യയിലെ ഏറ്റവും മികച്ച പാർക്കായി പുത്തൂർ മൃഗശാലയെ മാറ്റുമെന്നും മന്ത്രി രാജു കൂട്ടിച്ചേർത്തു.



മന്ത്രി എ.സി മൊയ്തീൻ അധ്യക്ഷത വഹിച്ചു.ധനമന്ത്രി തോമസ് ഐസക് മുഖ്യ പ്രഭാഷണം നടത്തി. മന്ത്രിമാരായ പ്രൊഫ. സി. രവീന്ദ്രനാഥ്,അഡ്വ. വി.എസ്. സുനിൽകുമാർ എന്നിവർ മുഖ്യാതിഥികളായി. ഗവ.ചീഫ് വിപ് അഡ്വ. കെ രാജൻ, എംഎൽഎമാരായ ഗീതാ ഗോപി, ഇ.ടി ടൈസൺ, അഡ്വ. വി.ആർ സുനിൽകുമാർ, മേയർ എം.കെ വർഗീസ്, വനം വകുപ്പ് സെക്രട്ടറി രാജേഷ് കുമാർ സിൻഹ, മേധാവി പി കെ കേശവൻ തുടങ്ങിയവർ പങ്കെടുത്തു.

ഒന്നാംഘട്ട നിർമ്മാണത്തിൽ പൂർത്തിയാക്കിയ മൃഗങ്ങൾക്കുള്ള നാല് വാസസ്ഥലങ്ങൾ, പാർക്ക് ഹെഡ് ഓഫീസ്, ആശുപത്രി സമുച്ചയം എന്നിവ പൂർത്തിയാക്കി. മൂന്നാംഘട്ടത്തിൽപെടുന്ന ചുറ്റുമതിൽ, ജലവിതരണം എന്നിവ പൂർത്തീകരണ ഘട്ടത്തിലാണ്. 136.85 ഹെക്ടർ വരുന്ന വനഭൂമിയിൽ വന്യജീവികൾക്ക് 23 വാസസ്ഥലങ്ങളുണ്ട്. പാർക്കിങ് സൗകര്യം, സന്ദർശകർക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ, മൃഗങ്ങൾക്കുള്ള ആശുപത്രികൾ എന്നിവ ഉൾപ്പെടുന്നതാണ് പുത്തൂരിലെ സുവോളജിക്കൽ പാർക്ക്. വിഖ്യാത ഓസ്ട്രേലിയൻ സൂ വിദഗ്ധൻ ജോൺ കോയാണ് പാർക്ക് രൂപകല്പന ചെയ്തത്. സൈലന്റ് വാലി, ഇരവിപുരം,

സുളു ലാന്റ്, കൻഹ തുടങ്ങിയ പേരിൽ മൃഗങ്ങളുടെ ആവാസ വ്യവസ്ഥയെ രൂപപ്പെടുത്തിയാണ് പാർക്ക് സജ്ജീകരിക്കുന്നത്.

■ പുത്തൂർ സുവോളജിക്കൽ പാർക്ക് ഒന്നാം ഘട്ട ഉദ്ഘാടനം

മൃഗങ്ങളെ മാറ്റുന്നതു കേന്ദ്രാനുമതി ലഭിച്ചാലുടൻ: മന്ത്രി കെ. രാജു

ഒല്ലൂർ: കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചാലുടൻതന്നെ പുത്തൂർ മൃഗശാലയിലേക്കു മൃഗങ്ങളെ മാറ്റാൻ കഴിയുമെന്നു മന്ത്രി കെ. രാജു പറഞ്ഞു. പുത്തൂരിൽ ഒന്നാംഘട്ട നിർമാണം പൂർത്തിയാക്കിയ സുവോളജിക്കൽ പാർക്കിന്റെ ഉദ്ഘാടനം ഓൺലൈനിൽ നിർവഹിക്കുകയായിരുന്നു മന്ത്രി.

മൂന്നു ഘട്ടങ്ങളിലായി നടക്കുന്ന പാർക്കിന്റെ പ്രവർത്തനം പൂർണമായി സജ്ജമാകണമെങ്കിൽ മൂന്നാംഘട്ടംകൂടി പൂർത്തീകരിക്കേണ്ടതുണ്ട്.

മൂന്നാംഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള വെള്ളം - വൈദ്യുതി ജോലികൾ ഇതിനകംതന്നെ പൂർത്തീകരിച്ചു. കഴിഞ്ഞതായി മന്ത്രി പറഞ്ഞു.

23 ആവാസകേന്ദ്രങ്ങളാണ് മൊത്തം ഇവിടെ ഒരുക്കുന്നത്. ഒന്നാം ഘട്ടത്തിൽ നാല് ആവാസകേന്ദ്രങ്ങളും രണ്ടാംഘട്ടത്തിൽ എട്ട് ആവാസകേന്ദ്രങ്ങളും മൂന്നാംഘട്ടത്തിൽ 11 ആവാസകേന്ദ്രങ്ങളുമാണ് പൂർത്തീകരിക്കുക. രണ്ടും മൂന്നും ഘട്ട പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണെന്നും മന്ത്രി പറഞ്ഞു.



പുത്തൂർ സുവോളജിക്കൽ പാർക്ക് ഒന്നാംഘട്ട ഉദ്ഘാടനം മന്ത്രി കെ. രാജു ഓൺലൈനിൽ നിർവഹിച്ചപ്പോൾ. മേയർ എം.കെ. വർഗീസ്, ഗവ. ചീഫ് വിപ്പ് കെ. രാജൻ, മന്ത്രിമാരായ പ്രഫ. സി. രവീന്ദ്രനാഥ്, എ.സി. മൊയ്തീൻ, വി.എസ്. സുനിൽകുമാർ തുടങ്ങിയവർ വേദിയിൽ.

മന്ത്രി എ.സി. മൊയ്തീൻ അധ്യക്ഷത വഹിച്ചു. ധനമന്ത്രി തോമസ് ഐസക് മുഖ്യപ്രഭാഷണം നടത്തി. മന്ത്രിമാരായ സി. രവീന്ദ്രനാഥ്, വി.എസ്. സുനിൽകുമാർ എന്നിവർ മുഖ്യാതിഥികളായിരുന്നു.

ഗവ. ചീഫ് വിപ്പ് കെ. രാജൻ, എംഎൽഎമാരായ ഗീതാ ഗോപി, ഇ.ടി. ടൈസൺ, വി.ആർ. സുനിൽകുമാർ, മേയർ എം.കെ. വർഗീസ്, വനംവകുപ്പ് സെക്രട്ടറി രാജേഷ് കുമാർ സിൻഹ, സുവോളജിക്കൽ പാർക്ക് ഡയറക്ടർ കെ.എസ്. ദീപ, പുത്തൂർ പഞ്ചായത്ത് പ്രസിഡന്റ് മിനി ഉണ്ണികൃഷ്ണൻ തുടങ്ങിയവർ സംസാരിച്ചു.



ഒക്ടോബർ 2ന് തുടക്കം

439 പക്ഷിമൃഗാദികൾ പുത്തൂരിലേക്ക്, ആദ്യം മയിൽ പീലിവിടർത്തും

സ്വന്തം ലേഖകൻ

തൃശൂർ

പുത്തൂരിലെ സുവോളജിക്കൽ പാർക്കിലേക്ക് തൃശൂർ മൃഗശാലയിൽനിന്നുള്ള പക്ഷിമൃഗാദികളെ ഒക്ടോബർ രണ്ടു മുതൽ മാറ്റും. 48 ഇനം പക്ഷിമൃഗാദികളെയാണ് ആദ്യഘട്ടം മാറ്റുക. ഇതിനായി കേന്ദ്ര മൃഗശാലാ അതോറിറ്റി മെമ്പർ സെക്രട്ടറി സഞ്ജയ് കുമാർ ശുക്ല അനുമതി നൽകി. മയിലാണ് ആദ്യം പുത്തൂരിലെത്തുക.

ഗാന്ധിജയന്തി ദിനത്തിൽ തുടക്കം കുറിക്കും. മൊത്തം 439 ജീവികളെത്തും.

ചാരത്തത്ത, വൻതത്ത, ചെറിയ നീർക്കാക്ക, പാതിരാക്കൊക്ക്, ശ്രീകൃഷ്ണപ്പരുന്ത്, ചക്കി ങ്ങ, വെൺകൊതുമ്പന്നം, ചായപ്പരുന്ത്, മീൻകൂമൻ, വെള്ളിമൂ മുണ്ടി, വെൺമ്പകം,



ചെറുമുണ്ടി, നീലക്കോഴി, മോതിരത്തത്ത, സിൽവർ ഫെസന്റ്, ആംഹർസ്റ്റിയ ഫെസന്റ്, ഗോൾഡൻ ഫെസന്റ്, കന്യാസ്ത്രീക്കൊക്ക്, ചുളൻഎരണ്ട, ചുക്കർപാടിഡ്ഇ, ഒട്ടകപ്പക്ഷി,

റിയ എന്നീ പക്ഷി ഇനങ്ങൾ പുത്തൂരിലെത്തും. ഉടുമ്പ്, കാരാമ, ചെമ്പോത്ത്, മീൻ മുതല എന്നിവയും പാമ്പിനങ്ങളായ നീർക്കോലി, വെള്ളിക്കെട്ടൻ, ചേര, ഇരുതലമൂരി, മണ്ണുലി, മൂർഖൻ, പച്ചിലപ്പാമ്പ് എന്നിവയും

മ്ലാവ്, പുള്ളിമാൻ, നാടൻകുരങ്ങ്, മുള്ളൻപന്നി, കുറുക്കൻ, മരപ്പട്ടി, സിംഹം, പുള്ളിപ്പുലി, ഹിപ്പോ പൊട്ടാമസ്, പന്നിമാൻ, കടുവ, കൃഷ്ണമൃഗം എന്നിവയേയും എത്തിക്കും.

തിരുവനന്തപുരത്തുനിന്ന് കാട്ടുപോത്തും ഹിമാചൽപ്രദേശിൽനിന്നുള്ള കരടികളേയും മൃഗശാലയിലേക്ക് കൊണ്ടുവരും. വിദേശരാജ്യങ്ങളിൽനിന്നും ഇതര സംസ്ഥാനങ്ങളിൽനിന്നുമായി മൃഗങ്ങളെ എത്തിക്കാനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചു വരികയാണെന്ന് റവന്യൂ മന്ത്രി കെ രാജൻ പറഞ്ഞു.

കൂട്ടിലിട്ട മൃഗങ്ങളുടെ കാഴ്ചയല്ല. കാടിന്റെ ശൗര്യമാണ് പുത്തൂർ സുവോളജിക്കൽ പാർക്കിൽ ഒരുങ്ങുന്നത്. അടച്ചിട്ട കൂടുകളിൽ മൃഗങ്ങളെ കണ്ടു മടങ്ങുന്നതിനുപകരം വിശാലമായ ആവാസ വ്യവസ്ഥയിലുള്ള ജീവിതങ്ങൾ കണ്ടറിയാമെന്നും മന്ത്രി പറഞ്ഞു.

ദേശാഭിമാനി Sat, 23 September 2023
https://epaper.deshabhimani.com/c/73510729




സുവോളജിക്കൽ പാർക്കിലേക്ക്
പക്ഷിമൃഗാദികൾക്ക്
സ്വാഗതം
ഫ്രണ്ട്സ് ഓഫ് സു




THRISSUR ZOOLOGICAL PARK
Wildlife Conservation & Research Centre, Puthur
വന്യജീവി
വാരാഘോഷം
2023
സംസ്ഥാനതല ഉദ്ഘാടനം
തൃശ്ശൂർ സുവോളജിക്കൽ പാർക്ക് പുത്തൂരിലേക്ക്
മൃഗങ്ങളെ എത്തിക്കുന്നതിന്റെ തുടക്കവും
സബ്സ്റ്റേഷൻ ഉദ്ഘാടനവും
2023 ഒക്ടോബർ 2 തിങ്കളാഴ്ച്ച രാവിലെ 10 മണി
തൃശ്ശൂർ സുവോളജിക്കൽ പാർക്ക്, പുത്തൂർ
ഉദ്ഘാടനം
ശ്രീ.എ.കെ.ശശീന്ദ്രൻ
ബഹു: വനം - വന്യജീവി വകുപ്പ് മന്ത്രി
അദ്ധ്യക്ഷൻ
ശ്രീ.അഡ്വ.കെ.രാജൻ
ബഹു: റവന്യു വകുപ്പ് മന്ത്രി

Mathrubhumi
മാതൃഭൂമി

വനം-വന്യജീവി വാരാഘോഷം

സംസ്ഥാനതല ഉദ്ഘാടനം സുവോളജിക്കൽ പാർക്കിൽ

ഒല്ലൂർ ▸ മൃഗശാലാമാറ്റത്തിന്റെ ആദ്യഘട്ടത്തിൽ സുവോളജിക്കൽ പാർക്കിലേക്ക് പക്ഷിമൃഗാദികളെ മാറ്റുന്ന ചടങ്ങ് കെങ്കേമമാക്കാൻ തീരുമാനം. കഴിഞ്ഞ ദിവസം മന്ത്രി കെ. രാജന്റെ അധ്യക്ഷതയിൽ ചേർന്ന ചടങ്ങിൽ വിപുലമായ സംഘാടകസമിതിയെ തിരഞ്ഞെടുത്തു. ഒക്ടോബർ രണ്ടിന് ഗാന്ധിജയന്തിദിനത്തിൽ നടക്കുന്ന പരിപാടിയിൽ ആറു മന്ത്രിമാർ പങ്കെടുക്കുമെന്ന് കെ. രാജൻ പറഞ്ഞു. ജില്ലയിൽനിന്നുള്ള മൂന്നു മന്ത്രിമാർക്കു പുറമേ, മന്ത്രിമാരായ എ.കെ. ശശീന്ദ്രൻ, ജെ. ചിഞ്ചുറാണി, കെ. കൃഷ്ണൻകുട്ടി എന്നിവരും പങ്കെടുക്കും.



ആറ് മന്ത്രിമാർ പങ്കെടുക്കും

തൃശ്ശൂർ മൃഗശാലയിൽനിന്ന് കൊണ്ടുവരുന്ന മയിലുകൾക്ക് പുത്തൂരിൽ സ്വീകരണമൊരുക്കും. വാദ്യമേളങ്ങളോടെ ഘോഷയാത്രയും ഉണ്ടാകും. വനം-വന്യജീവി വാരാഘോഷത്തിന്റെ സംസ്ഥാനതല ഉദ്ഘാടനവും പുത്തൂരിലാകും. ചടങ്ങ് മോടിയാക്കാൻ ജില്ലാ ഭരണകൂടത്തിന്റെ പിന്തുണയുണ്ടാകുമെന്ന് കളക്ടർ വി.ആർ. കൃഷ്ണതേജ അറിയിച്ചു. മന്ത്രി കെ. രാജൻ ചെയർമാനായും പഞ്ചായത്ത് പ്രസിഡന്റ് മിനി ഉണ്ണികൃഷ്ണൻ കൺവീനറായും പാർക്ക് ഡയറക്ടർ ആർ. കീർത്തി കോ-ഓർഡിനേറ്ററായും വിവിധ കമ്മിറ്റികളും തിരഞ്ഞെടുത്തു.

ചെമ്പംകണ്ടത്ത് കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപറേഷന്റെ ഭൂമിയിൽ അതിഥികൾക്ക് താമസിക്കാൻ മുളകൊണ്ടുള്ള പത്ത് കുടിലുകളും നിർമിക്കാനും തീരുമാനിച്ചു. അഞ്ചു മാസത്തിനുള്ളിൽ തൃശ്ശൂരിലെ എല്ലാ മൃഗങ്ങളെയും ജീവികളെയും പുത്തൂരിലേക്ക് കൊണ്ടുവരാനുള്ള സൗകര്യം സുവോളജിക്കൽ പാർക്കിൽ സജ്ജമായതായി സ്പെഷ്യൽ ഓഫീസർ കെ.ജെ. വർഗീസ് പറഞ്ഞു. പുത്തൂർ റോഡ് വികസനത്തിന് ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകാനുള്ള 48 കോടി രൂപ റവന്യൂ എൽ.എ. വിഭാഗത്തിന് നൽകാനും സർക്കാർ ഉത്തരവായി. അടുത്ത മാസം പണം നൽകും. പുത്തൂർ ജങ്ഷനിൽ വൈദ്യുതിലൈനുകൾ ഭൂഗർഭ സംവിധാനത്തിൽ സ്ഥാപിക്കും. വനംവകുപ്പ് സി.സി.എഫ്. കെ.ആർ. അനുപ്, കെ.ആർ. രവി, വർഗീസ് കണ്ടംകുളത്തി, എം. പീതാംബരൻ, സന്തോഷ് കാക്കനാട്ട് എന്നിവരും യോഗത്തിൽ പങ്കെടുത്തു.

23/09/2023 GURUVAYUR Pg 02





ജോൺ കോയുടെ ആശയം; കിഫ്ബിയുടെ സഹായം

തൃശൂർ ▸ നിർമാണം മുഴുവൻ പൂർത്തീകരിച്ച് പാർക്ക് തുറക്കുംമുമ്പേ തന്നെ പ്രശസ്ത ആസ്ട്രേലിയൻ സൂ ഡിസൈനറായ ജോൺകോയുടെ ആശയത്തിൽ പുത്തൂരിൽ യാഥാർഥ്യമാകുന്ന സുവോളജിക്കൽ പാർക്ക് ഇതിനകം രാജ്യാന്തരശ്രദ്ധ നേടിക്കഴിഞ്ഞു. ജോൺ കോ പുത്തൂരിലെത്തിയാണ് ഡിസൈൻ തയ്യാറാക്കിയത്. വിവിധ സംസ്ഥാനങ്ങളിലെ മൃഗശാലാ അധികൃതരാണ് ഇവിടെയെത്തുന്നത്.

വനത്തിന്റെ പശ്ചാത്തലത്തിൽ കുന്നും മലകളും പച്ചപ്പും നിറഞ്ഞ ഭൂപ്രകൃതിയാണ് പുത്തൂർ പാർക്കിന്റെ സവിശേഷത. 20 വർഷത്തെ സംസ്ഥാന ബജറ്റുകളിൽനിന്ന് മാത്രം ലഭിച്ച 40 കോടി മാത്രം ഉപയോഗിച്ച് ഇഴഞ്ഞും കിതച്ചും നീങ്ങിയ പദ്ധതിക്ക് ജീവൻ വെച്ചത് 2018-ലാണ്. സ്ഥലം എം.എൽ.എ യായ കെ. രാജൻ ഗവ. ചീഫ് വിപ്പായ കാലത്താണ് കിഫ്ബി വഴി 269 കോടി രൂപ ലഭ്യമാക്കിയത്. പിന്നീട് നിർമാണം വേഗത്തിലായി.

ഇതിനിടെയുണ്ടായ പ്രളയവും മഹാമാരിയും പ്രതിസന്ധിയുണ്ടാക്കിയെങ്കിലും രണ്ടു വർഷം മുമ്പുതന്നെ ഒന്നാം ഘട്ടം പൂർത്തീകരിച്ചു. ഈ മാസത്തിൽത്തന്നെ രണ്ടാംഘട്ട നിർമാണവും കഴിയും. പുത്തൂർ സുവോളജിക്കൽ പാർക്ക് യാഥാർഥ്യമാക്കി പെൺകടുവയെ കൊണ്ടുവന്ന സാഹചര്യത്തിൽ ഇതിനുവേണ്ടി പ്രവർത്തിച്ചവരോട് സന്തോഷം രേഖപ്പെടുത്തുന്നതായി ഫ്രണ്ട്സ് ഓഫ് സൂ സെക്രട്ടറി എം. പീതാംബരൻ പറഞ്ഞു.

ചാരിതാർത്ഥ്യമെന്ന് ഫ്രണ്ട്സ് ഓഫ് സൂ

സുവോളജിക്കൽ പാർക്കിൽ വൈഗ എന്ന പെൺകടുവയ്ക്ക് സംരക്ഷണം നൽകാൻ സാധിച്ചതിൽ സന്തൃപ്തിയും ചാരിതാർത്ഥ്യവും എന്ന് ഫ്രണ്ട്സ് ഓഫ് സൂ സെക്രട്ടറി എം.പീതാംബരൻ അറിയിച്ചു. പുത്തൂരിൽ ഉള്ള തൃശ്ശൂർ സുവോളജിക്കൽ പാർക്കിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്ന് പശ്ചിമഘട്ട മലനിരകളിലെ വംശനാശം നേരിടുന്ന വന്യജീവികൾക്ക് സംരക്ഷണം നൽകുകയും അവയെ സംബന്ധിച്ച് ഗവേഷണം നടത്തുകയുമാണ്.

വീണ്ടും കാട്ടിലേക്ക് പോയി സ്വയം ഇരതേടി ജീവിക്കാൻ പറ്റാത്ത ആരോഗ്യസ്ഥിതിയിലായ വൈഗയ്ക്ക് സംരക്ഷണം നൽകുന്നത് നല്ല കാര്യമാണ്.





സംതൃപ്തിയുണ്ടെന്ന് ഫ്രണ്ട്സ് ഓഫ് സൂ

തൃശ്ശൂർ: പുത്തൂർ സുവോളജിക്കൽ പാർക്കിൽ വൈഗ എന്ന പെൺ കടുവയ്ക്ക് സംരക്ഷണം നൽകാൻ സാധിച്ചതിൽ സംതൃപ്തിയും ചാരിതാർത്ഥ്യവും അറിയിക്കുന്നതായി ഫ്രണ്ട്സ് ഓഫ് സൂ സെക്രട്ടറി എം.പീതാംബരൻ അറിയിച്ചു. സുവോളജിക്കൽ പാർക്കിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്ന് പശ്ചിമഘട്ട മലനിരകളിലെ വംശനാശം നേരിടുന്ന വന്യജീവികൾക്ക് സംരക്ഷണം നൽകുകയും അവയെ സംബന്ധിച്ച് ഗവേഷണം നടത്തുകയുമാണ്. വീണ്ടും കാട്ടിലേക്ക് പോയി സ്വയം ഇരതേടി ജീവിക്കാൻ പറ്റാത്ത ആരോഗ്യസ്ഥിതിയിലായ വൈഗയ്ക്ക് സംരക്ഷണം നൽകുന്നത് നല്ല കാര്യമാണ്. ജനപ്രതിനിധികൾ, സാമൂഹ്യപ്രവർത്തകർ തുടങ്ങിയവരുടെ സംയുക്തമായ നിസ്വാർത്ഥ പരിശ്രമം കൊണ്ടാണ് പാർക്ക് സാദ്ധ്യമായതെന്നും അദ്ദേഹം പറഞ്ഞു.

ആദ്യം എത്തിയത് വൈഗ എന്ന കടുവ

രണ്ടുവർഷം മുമ്പ് വയനാട്ടിൽ വനംവകുപ്പിന്റെ പിടിയിലായതും പിന്നീട് നെയ്യാർ ഡാം മേഖലയിലേക്ക് മാറ്റുകയും ചെയ്ത രണ്ട് കടുവകളെ പുത്തൂരിലെ സുവോളജിക്കൽ പാർക്കിനോട് അനുബന്ധിച്ചുള്ള ക്വാറന്റൈനിൽ മേഖലയിൽ വിശ്രമത്തിന് അവസരമൊരുക്കാൻ വനം വകുപ്പ് തീരുമാനിച്ചു. 11 വയസ്സുള്ള വൈഗ, പതിനാല് വയസ്സുള്ള ദുർഗ്ഗ എന്നീ കടുവകളെ ആണ് ഏപ്രിൽ മാസം അവസാനവാരത്തിൽ എത്തിക്കാനായി ധാരണയായത്.

സുവോളജിക്കൽ പാർക്കിലെ ക്വാറന്റൈനിൽ മേഖലയിൽ ഈ രണ്ട് കടുവകൾക്കുള്ള പ്രത്യേക താമസ സംവിധാനങ്ങളും ഒരുക്കി. ഇവയ്ക്ക് വിശ്രമിക്കാൻ സിമൻറ് തട്ടുകൾക്കു പകരം ചടച്ചി മരം കൊണ്ടുള്ള കട്ടിൽ ഒരുക്കി. എയർ കൂളർ, പെഡസ്റ്റൽ ഫാൻ ദിവസത്തിൽ രണ്ടുനേരം ഹോസ് ഉപയോഗിച്ച് നക്കലുമെല്ലാം തയ്യാറാക്കി. കൂടുകൾക്ക് മീതെ ഓലകൊണ്ട് മേഞ്ഞ് പരമാവധി തണൽ ഒരുക്കി. കടുവക്ക് വിശ്രമ സ്ഥാനം ഒരുക്കുന്നതിന് സുവോളജിക്കൽ പാർക്ക് ഡയറക്ടർ ആർ. കീർത്തി, വെറ്റിനറി ഡോക്ടർ ആർ.രാജ്, എന്നിവർ നേതൃത്വം നൽകി. ചീഫ് ഫോറസ്റ്റ് വെറ്റിനറി ഓഫീസർ അരുൺ സക്കറിയയുടെ നേതൃത്വത്തിലാണ് നെയ്യാറിൽ നിന്നും നിന്നും കടുവകളെ പുത്തൂരിൽ എത്തിച്ചത്.

2023 ഏപ്രിൽ 22 വൈഗ എത്തി

ഏപ്രിൽ 22 ശനിയാഴ്ച പുലർച്ചെ ആറു മണിയോടു കൂടിയാണ് എലിഫൻറ് ആംബുലൻസ് ലോറിയൽ രണ്ട് വാഹനങ്ങളുടെ അകമ്പടിയോടെ സുവോളജിക്കൽ പാർക്കിൽ വൈഗ എത്തിയത്. മന്ത്രി കെ.രാജൻ, ജില്ലാ കളക്ടർ വി.ആർ. കൃഷ്ണ തേജ, പാർക്ക് ഡയറക്ടർ ആർ. കീർത്തി, ഫ്രണ്ട്സ് ഓഫ് സൂ സെക്രട്ടറി എം. പീതാംബരൻ മാസ്റ്റർ എന്നിവർ സന്നിഹിതരായിരുന്നു.

സംതൃപ്തിയോടെ ഫ്രണ്ട്സ് ഓഫ് സൂ

മൃഗങ്ങൾക്ക് മെച്ചപ്പെട്ട ആവാസ സൗകര്യം ഒരുക്കുക എന്ന ലക്ഷ്യത്തോടെ മുപ്പത് വർഷക്കാലമായി ഫ്രണ്ട്സ് ഓഫ് സൂ നിരവധി പരിശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ഇതിന്റെ ഭാഗമായാണ് പുത്തൂരിലെ സുവോളജിക്കൽ പാർക്ക് രൂപംകൊണ്ടത്. സുവോളജിക്കൽ പാർക്കിലേക്ക് ആദ്യമായി എത്തുന്ന കടുവയ്ക്ക് പരമാവധി മെച്ചപ്പെട്ട ആവാസസ്ഥാനം

ഒരുക്കി കണ്ടതിൽ വളരെ സംതൃപ്തി തോന്നി. ഇത് ചാരിതാർത്ഥ്യത്തിന്റെ നിമിഷം കൂടിയാണെന്ന് സെക്രട്ടറി എം. പീതാംബരൻ മാസ്റ്റർ അറിയിച്ചു.

മന്ത്രിമാരുടെ വിലയിരുത്തൽ

മൂന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ വിലയിരുത്താൻ സംസ്ഥാന വനം വകുപ്പ് മന്ത്രി എ.കെ. ശശീന്ദ്രനും റവന്യൂ വകുപ്പ് മന്ത്രി അഡ്വ. കെ. രാജനും 2023 ജൂൺ എട്ടിന് സുവോളജിക്കൽ പാർക്കിൽ എത്തി. പാർക്ക് സന്ദർശിച്ച ശേഷം നിർമ്മാണത്തിന്റെ ചുമതലയുള്ള സ്പെഷൽ ഓഫീസർ കെ. ജെ. വർഗീസ് പാർക്ക് ഡയറക്ടർ ആർ.കീർത്തി ഐ.എസ്.എഫ്, സി.സി. എഫ്. സെൻട്രൽ സർക്കിൾ കെ. ആർ. അനൂപ്, പുത്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് മിനി ഉണ്ണികൃഷ്ണൻ എന്നിവരുമായി ചർച്ച നടത്തി. 2024ൽ പുതുവത്സര സമ്മാനമായി സുവോളജിക്കൽ പാർക്ക് സമർപ്പിക്കാനാകുമെന്ന് മന്ത്രിമാർ പ്രതീക്ഷ പ്രകടിപ്പിച്ചു.

ദുർഗ്ഗ പുത്തൂരിൽ

പുത്തൂർ സുവോളജിക്കൽ പാർക്കിലേക്ക് രണ്ടാമത്തെ പെൺ കടുവ ദുർഗ 2023 ജൂൺ 25 ആം തീയതി എത്തി. ഐസൊലേഷൻ ക്യൂബിക്കിളിലാണ് പാർപ്പിച്ചിരിക്കുന്നത്. വയനാട്ടിലെ ചെതലയിൽ നിന്നുമാണ് ദുർഗയെ വനം വകുപ്പിന് ലഭിച്ചത് പിന്നീട് നെയ്യാറിൽ സംരക്ഷണ കേന്ദ്രത്തിലേക്ക് മാറ്റുകയായിരുന്നു. പുത്തൂർ സുവോളജിക്കൽ പാർക്കിലെ വെറ്റിനറി ഡോക്ടർമാരായ ഡോ. രാജ്, ഡോ. ബിനോയ് ക്യൂറേറ്റർമാരായ രജിൻ, അശ്വിനി, അനിമൽ കീപ്പർ റെജിൻ എന്നിവർ ഇതിനായി നെയ്യാറിൽ പോയിരുന്നു.

ഗാന്ധിജയന്തി ദിനത്തിൽ മയിലുകൾ എത്തി

തൃശ്ശൂർ മൃഗശാല മാറ്റ ത്തിന് 2023 ഒക്ടോബർ 2 ഗാന്ധിജയന്തി ദിനത്തിൽ തുടക്കമാകും. ഒക്ടോബർ രണ്ടിന് തൃശൂർ മൃഗശാലയിൽ നിന്നുള്ള മൂന്ന് മയിലുകളെയാണ് ആദ്യം പുത്തൂരിലെത്തിക്കുന്നത്. ഈവർഷത്തെ വന്യജീവി വാരാഘോഷത്തിന്റെ സംസ്ഥാനതല ഉദ്ഘാടനവും ഇതോടൊപ്പം സുവോളജിക്കൽ പാർക്കിൽ നടക്കുമെന്ന് മന്ത്രി കെ. രാജൻ പറഞ്ഞു. സംഘാടക സമിതി യോഗം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി. സംഘാടക സമിതി യോഗത്തിൽ പുത്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് മിനി ഉണ്ണികൃഷ്ണൻ അധ്യക്ഷത വഹിച്ചു. തൃശൂർ കോർപ്പറേഷൻ മേയർ എം.കെ. വർഗീസ്, സുവോളജിക്കൽ പാർക്ക് ഡയറക്ടർ ആർ. കീർത്തി, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് കെ.ആർ. രവി, നടത്തറ ഗ്രാമപഞ്ചായത്ത്

പ്രസിഡന്റ് ശ്രീവിദ്യ രാജേഷ് പാണഞ്ചേരി ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് പി.പി. രവീന്ദ്രൻ, ഫോറസ്റ്റ് ചീഫ് കൺസർവേറ്റർ കെ.ആർ. അനൂപ്, ഫ്രണ്ട്സ് ഓഫ് സൂ സെക്രട്ടറി എം. പീതാംബരൻ, ഇന്ദിരമോഹൻ, ടി.കെ. ശ്രീനിവാസൻ എന്നിവർ പ്രസംഗിച്ചു.

ഗാന്ധിജയന്തി ദിനത്തിൽ തൃശൂർ മൃഗശാലയിൽ നിന്നും എത്തിച്ച മൂന്നു മയിലുകളെ മന്ത്രിമാരായ എ.കെ. ശശീന്ദ്രൻ കെ.രാജൻ, ഡോ.ആർ. ബിന്ദു എന്നിവർ ചേർന്ന് സ്വീകരിച്ചശേഷം പാർക്കിലേക്ക് തുറന്നുവിട്ടു. വന്യജീവി വാരാഘോഷത്തിന്റെ ഉദ്ഘാടനവും നടന്നു. മന്ത്രി കെ. രാജൻ അധ്യക്ഷത വഹിച്ചു. ടി.എൻ. പ്രതാപൻ എം.പി., തൃശ്ശൂർ മേയർ എം.കെ. വർഗീസ് എന്നിവർ ചടങ്ങിൽ മുഖ്യാതിഥികളായി. വന്യജീവി വാരാഘോഷത്തിന്റെ ഭാഗമായി ഘോഷയാത്രയും നടന്നു.

വയനാട്ടിൽ നിന്നും മറ്റൊരു കടുവ

വനംവകുപ്പ് വയനാട്ടിൽ പിടികൂടിയ മറ്റൊരു കടുവയേയും 2023 ഡിസംബർ 19 ആം തീയതി ചൊവ്വാഴ്ച പുത്തൂരിലെ പാർക്കിൽ എത്തിച്ചു. മുഖത്ത് മുറിവേറ്റ നിലയിലായിരുന്നു കടുവ. 13 വയസ്സാണ് കടുവയുടെ പ്രായം. ഡോക്ടർമാരുടെ സംഘം കടുവയ്ക്ക് ചികിത്സ നൽകി വിശ്രമ കേന്ദ്രത്തിലേക്ക് മാറ്റി. പിന്നീട് രുദ്രൻ എന്ന് പേരിട്ടു.



1.നെയ്യാർ ലയൺ സഫാരി പാർക്കിൽ നിന്നു വൈഗയെ വാഹനങ്ങളുടെ അകമ്പടിയോടെ തൃശൂർ പുത്തൂർ സുവോളജിക്കൽ പാർക്കിലേക്ക് എത്തിക്കുന്നു. 2. രാവിലെ പാർക്കിലെത്തിച്ച വൈഗയുടെ കൂട് മാറ്റാനുള്ള തയാറെടുപ്പിൽ. 3.ക്രെയിൻ ഉപയോഗിച്ച് ലോറിയിലെ കൂട്ടിൽ നിന്നു പാർക്കിലെ കൂട്ടിലേക്കു മാറ്റുന്നു. 4. വൈഗയുടെ കൂട്ടിനു സമീപം മന്ത്രി കെ.രാജൻ, പാർക്ക് ഡയറക്ടർ ആർ.കീർത്തി, കലക്ടർ വി.ആർ. കൃഷ്ണതേജ എന്നിവർ.

ചിത്രങ്ങൾ: ഉണ്ണി കോട്ടക്കൽ • മനോരമ

വൈഗയെത്തി

പുത്തൂരിലെ ആദ്യ അന്തേവാസിയായി...



ആനയെ ലോറിയിലേക്കു കയറ്റാൻ കഷ്ടപ്പെടുന്നു

വിജേഷ് വാഴി
തൃശൂർ

• ശാരീരിക പ്രശ്നങ്ങളുണ്ടെന്ന് പലവിധ ആശങ്കയിൽ കഴിഞ്ഞ വനംവകുപ്പിനെ അമ്പരപ്പിച്ച് വൈഗയെത്തി. പുത്തൂർ സുരക്ഷിതമേഖലയിൽ പുതുതായി നിർമിച്ച ആനക്കോട്ടയിലാണ് വൈഗയെ തളച്ചത്. ഇവിടെ ഇനി വൈഗയുടെ ചികിത്സയും പരിപാലനവും. ഇന്നലെ രാവിലെ 10.30-ഓടെ തൃശൂർ പുത്തൂരിലെത്തിച്ച വൈഗയെ ലോറിയിൽനിന്ന് ഇറക്കുന്നതിനിടെ ചെറിയ പരിഭ്രാന്തിയുണ്ടായി. ഇതോടെ ഡോക്ടർമാരുടെ നിർദേശപ്രകാരം ലോറിയിൽത്തന്നെ കുറച്ചുനേരം നിർത്തി. പിന്നീട് പതുക്കെ ആനയെ പുറത്തിറക്കി. ഇതിനുശേഷം ആനയെ കൂട്ടിലേക്ക് കയറ്റാൻ ശ്രമിച്ചപ്പോൾ വീണ്ടും പരിഭ്രാന്തിയുണ്ടായി. ഇതോടെ ആനയെ കൂട്ടിലേക്ക് കയറ്റാതെ പുറത്തുതന്നെ നിർത്തി. ഇതിനുശേഷം ആനയെ കുളിപ്പിച്ചു. ഇതിനുശേഷമാണ് ആനയെ കൂട്ടിലേക്ക് കയറ്റിയത്. ഇന്നലെ രാത്രി ആനയ്ക്ക് ഭക്ഷണം നൽകിയിട്ടുണ്ട്. ആന ഇതുവരെ ഭക്ഷണം കഴിച്ചിട്ടില്ല. ഇന്നുമുതൽ ആനയ്ക്ക് ഭക്ഷണം നൽകിത്തുടങ്ങുമെന്ന് അധികൃതർ പറഞ്ഞു.

ശരാശരി: ഏഴു കിലോ പോത്തിറച്ചി

• ഒരു ദിവസം ഏഴു കിലോ പോത്തിറച്ചിയാണ് വൈഗയുടെ ഭക്ഷണം. കൂടാതെ ഉപഹാരമായി ലഭിക്കുന്ന പഴങ്ങളും വൈഗയ്ക്കു നൽകുന്നുണ്ട്. ഇതിനുപുറമേ ഗുളിക രൂപത്തിൽ മരുന്നുകളും നൽകുന്നുണ്ട്. ഇതിനുപുറമേ ഒരു ദിവസം ഒരു കെട്ട് പുല്ലും നൽകുന്നുണ്ട്. വലിയ ഏറ്റവും കൂടുതൽ ഇഷ്ടമുള്ള ഭക്ഷണമായ ശർക്കരയുണ്ടയും വൈഗയ്ക്ക് നൽകുന്നുണ്ട്. ഇതിനുപുറമേ ഒരു ദിവസം ഒരു കെട്ട് പുല്ലും നൽകുന്നുണ്ട്. വലിയ ഏറ്റവും കൂടുതൽ ഇഷ്ടമുള്ള ഭക്ഷണമായ ശർക്കരയുണ്ടയും വൈഗയ്ക്ക് നൽകുന്നുണ്ട്.

പുത്തൂർ പർക്കിലെ നെയ്തിടം ഓഫീസ് റോഡ്, സുപ്രണ്ടൻസിന്റ്, ആന ലൈൻ കിടപ്പുമുറി, ചുറ്റുമതിൽ എന്നിവ ചേർന്ന് ഒന്നരയേക്കർ ഏറ്റുമാണ്. ഇവിടെ രണ്ടു മാസം നിരീക്ഷണത്തിലായിരിക്കും വൈഗയുടെ ആരോഗ്യനില പൂർണമായും തൃപ്തികരമാണെന്ന് ഉറപ്പുവരുത്തിയതിനുശേഷമായിരിക്കും വൈഗയെ കുട്ടികൾക്കായുള്ള ഉദ്യാനത്തിലേക്ക് മാറ്റുക. ഇതിനുശേഷമായിരിക്കും വൈഗയെ പുത്തൂരിലെ മറ്റ് ആനകളുടെ കൂടെ നിർത്തുക. ഇതിനുശേഷമായിരിക്കും വൈഗയെ പുത്തൂരിലെ മറ്റ് ആനകളുടെ കൂടെ നിർത്തുക.

രാത്രിയാത്ര രാജകീയം

• ലോറിയിലുള്ള കൂറ്റൻ കൂട് ലോറിയിൽനിന്ന് ഇറക്കി പുത്തൂരിലെത്തിക്കുന്നതുവരെ ആനയുടെ ചിത്രങ്ങൾ പുറത്തുവരാതിരിക്കാൻ വനംവകുപ്പ് പ്രത്യേക ശ്രദ്ധ പുലർത്തിയിരുന്നു. ഇതിനായി ലോറിയുടെ പിന്നിലും മുന്നിലും വനംവകുപ്പിന്റെ വാഹനങ്ങൾ അകമ്പടിയായി ഉണ്ടായിരുന്നു. ലോറിയുടെ മുന്നിലുള്ള വാഹനത്തിൽ വൈഗയുടെ ചിത്രങ്ങൾ പുറത്തുവരാതിരിക്കാൻ വനംവകുപ്പിന്റെ പ്രത്യേക ശ്രദ്ധ പുലർത്തിയിരുന്നു. ലോറിയുടെ മുന്നിലുള്ള വാഹനത്തിൽ വൈഗയുടെ ചിത്രങ്ങൾ പുറത്തുവരാതിരിക്കാൻ വനംവകുപ്പിന്റെ പ്രത്യേക ശ്രദ്ധ പുലർത്തിയിരുന്നു.

പാർക്കിലേത് വനസമാന ദൃശ്യാനുഭവം -മന്ത്രി കെ. രാജൻ

തൃശൂർ• മൃഗങ്ങളും മനുഷ്യരും വനത്തിന്റെ പുതിയിടിൽ കാണാൻ കഴിയുന്ന വിധത്തിലാണ് പുത്തൂരിലെ സുവോളജിക്കൽ പാർക്ക് രൂപകൽപ്പന ചെയ്തിരിക്കുന്നതെന്നും ഇത് കേരളത്തിനാകെ അഭിമാനമാണെന്നും മന്ത്രി കെ. രാജൻ പറഞ്ഞു. പുത്തൂർ സുവോളജിക്കൽ പാർക്കിലെ ആനക്കോട്ടയിലേക്ക് വൈഗയെ കൊണ്ടുവന്നതിനുശേഷം മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു മന്ത്രി.

കേരളം ഒരു കാടുകൂടി വിനോദസഞ്ചാരത്തിനായി തുറന്നുകൊടുക്കുകയാണ്. വിനോദസഞ്ചാരത്തിനായി തുറന്നുകൊടുക്കുന്നതിനുമുമ്പ് ഇവിടെ ഒരുക്കിയിരിക്കുന്ന സൗകര്യങ്ങൾ വിലയിരുത്തുന്നതിനായാണ് താൻ ഇവിടെ എത്തിയതെന്നും മന്ത്രി പറഞ്ഞു. കാടിനുള്ളിൽ കാണുന്ന അനുഭവമാണ് ഇവിടെ ഒരുക്കിയിരിക്കുന്നത്. ഇതിനുവേണ്ടി ഒരുപാട് പ്രയത്നം കൂടാതെ ഒരുപാട് പണവും ചെലവഴിച്ചിട്ടുണ്ട്. ഇതിനുവേണ്ടി പ്രവർത്തിച്ച വനംവകുപ്പിലെ ഉദ്യോഗസ്ഥരെയും മന്ത്രി അഭിനന്ദിച്ചു.

'നല്ല കുട്ടിയായി കയറി, ഇറങ്ങാൻ മടി'

വെള്ളാനിക്കര ഓഫീസിൽനിന്ന് കൂട്ടിയെടുത്ത് കൊണ്ടുവന്ന വൈഗയെ ലോറിയിൽ കയറ്റുന്നതിനും ഇറക്കുന്നതിനും ഏറെ പണിപ്പെടേണ്ടിവന്നു. ലോറിയിൽ കയറിയ വൈഗ ഇറങ്ങാൻ മടികാണിച്ചു. ഒടുവിൽ ഏറെ പണിപ്പെട്ടാണ് വൈഗയെ ലോറിയിൽനിന്ന് ഇറക്കിയത്. ഇതിനുശേഷം വൈഗയെ കുളിപ്പിച്ചു. ഇതിനുശേഷമാണ് വൈഗയെ കൂട്ടിലേക്ക് കയറ്റിയത്. ഇന്നലെ രാത്രി വൈഗയ്ക്ക് ഭക്ഷണം നൽകിയിട്ടുണ്ട്. വൈഗ ഇതുവരെ ഭക്ഷണം കഴിച്ചിട്ടില്ല. ഇന്നുമുതൽ വൈഗയ്ക്ക് ഭക്ഷണം നൽകിത്തുടങ്ങുമെന്ന് അധികൃതർ പറഞ്ഞു.

ചുരമിറങ്ങി നാട്ടിലെത്തിയ വൈഗ

തൃശൂർ• 2020-ൽ വയനാട് ചിലമ്പാടിയിൽനിന്നാണ് വൈഗ വനംവകുപ്പിന്റെ പിടിയിലായത്. ജനവാസകേന്ദ്രത്തിൽ കടുവയെ കയറിയ കൂടിന്റെ മുന്നു വാതിലും അടച്ചിരുന്നു. മാർച്ച് വരെയായി 10 കിലോമീറ്റർ ദൂരം വൈഗയെ കൊണ്ടുപോയി.

പുത്തൂർ വരെയുള്ള യാത്രയിലുടനീളം വൈഗയെ നിരീക്ഷിച്ചു. അഞ്ച് ഡോക്ടർമാരുടെ പ്രത്യേക സംഘത്തെയും നിയോഗിച്ചിരുന്നു. ചുമതലയുള്ള ഡോക്ടർമാരുടെ പ്രത്യേക സംഘത്തെയും നിയോഗിച്ചു. ഓരോമണിക്കൂറിലും വൈഗയുടെ ശാരീരികനിലയും ഡോക്ടർമാർ വിലയിരുത്തിയിരുന്നു. ഓരോമണിക്കൂറിലും വൈഗയുടെ ശാരീരികനിലയും ഡോക്ടർമാർ വിലയിരുത്തിയിരുന്നു.

ജോൺ കോയുടെ ആശയം; കിഫ്ബിയുടെ സഹായം

തൃശൂർ• നിർമാണ മുന്നാഴ്ച മുൻപേയിരുന്നു വൈഗയുടെ വരവെന്നും നിർമാണം പൂർത്തിയാക്കാൻ കഴിഞ്ഞതിനു സർക്കാരിനും പുത്തൂരിലെ പ്രത്യേക കുട്ടികൾക്കും നന്ദിയുണ്ടെന്നും മന്ത്രി കെ. രാജൻ പറഞ്ഞു. ഓരോരുത്തരുടെയും പ്രയത്നമാണ് ഇവിടെ കാണുന്നതെന്നും ഡോക്ടർമാരുടെ സംഘത്തിനും കുട്ടികൾക്കും നന്ദിയുണ്ടെന്നും മന്ത്രി പറഞ്ഞു.

താമസം കനത്ത കാവലിൽ

തൃശൂർ• പുത്തനാനയിൽ കഴിയുന്ന ആദ്യ ആന വൈഗയാണ്. ഇതിൽ 24 മണിക്കൂറും മുഴുവൻ സമയവും ഡോക്ടർമാർ, ആയിമാർ, വാച്ചർമാർ, സൂപ്പർവൈസർമാർ, ആർആർടി അംഗങ്ങൾ എന്നിവരുടെ സേവനം ഉറപ്പുവരുത്തിയിട്ടുണ്ട്. ഇവരുടെ കണ്ണുകൾ വൈഗയിൽ തന്നെയുണ്ടാകും. ആനയുടെ ഭക്ഷണം, ചികിത്സ എന്നിവയിൽ ഇവർക്ക് പൂർണ ശ്രദ്ധയുണ്ടാകും. ഇതിനുപുറമേ ഒരു ഡോക്ടർ സംഘവും വൈഗയുടെ പരിപാലനത്തിനുണ്ടാകും. ഇതിനുപുറമേ ഒരു ഡോക്ടർ സംഘവും വൈഗയുടെ പരിപാലനത്തിനുണ്ടാകും.

THE HINDU
Region
THE HINDU 23-4-2023 APRIL

Puthur Zoological Park gets its first tigress from Neyyar

Revenue Minister K. Rajan says work on third phase of the park project will be completed by August-September. It is expected that the zoo can be opened for the public by the end of the year

The Hindu Bureau
THRISSUR

Ending years of wait, the Puthur Zoological Park, Asia's largest of its kind, is becoming a reality soon. Vaiga, a tigress from the Neyyar Wildlife Sanctuary, was translocated to the Puthur Zoological Park on Saturday. Vaiga, a 13-year-old tigress which was trapped in Wayanad, was earlier shifted to Neyyar.

Noted zoo designer John Koe has designed the Puthur Zoological Park, the country's first designer zoological park, in 350 acres. In all, 511 animals and birds of 64 species will be brought to the zoological park in a phased manner between June and October this year. Apart from Thrissur and Thiruvananthapuram zoos, animals and birds will be brought from other zoos in the country.



Vaiga, the tigress that was brought to the Puthur Zoological Park from the Neyyar Wildlife Sanctuary on Saturday. K.K. NAJEEB

Revenue Minister K. Rajan, zoological park director R. Keerthi, District Collector V.R. Krishna Teja, Puthur panchayat president Mini Unnikrishnan and team received the tigress which is the first animal to be brought to the Puthur Zoological Park.

Vaiga has been taken to Chandanakunnu, the isolation centre of the park. The tigress will presently be under observation in a special cage. After the observation period, it will be shifted to the special space arranged for tigers in the zoological park. Another tigress, Durga, from the Neyyar Wildlife Sanctuary too will be shifted to Puthur soon.

A team comprising veterinary surgeons, two supervisors and four keepers accompanied the tigress from Neyyar to Puthur.

Special cooling system has been arranged for the tigress to beat the heat. Fan and cooler have been set up in the cage. Palm leaves have been spread over the cage and water will be sprinkled every hour. Surveillance cameras too have been installed in the cage.

Mr. Rajan said the work on the third phase of the project will be completed by August-September. It is expected that the zoo can be opened for the public by the end of the year. The park, developed at a cost of ₹306 crore, will also provide an opportunity for visitors to enjoy the beauty of the forest, he said.

മാതൃഭൂമി 26-6-2023

പുതിയ കൂട്ടിലേക്ക്...



പുത്തൂർ സുവോളജിക്കൽ പാർക്കിലേക്ക് ബന്ധവാഴ്ച എന്തിനു പെൺകടുവ വഴിയ കൊണ്ടുവന്ന കൂട്ടിൽനിന്നിറങ്ങി പുതിയ താമസസ്ഥലത്തേക്ക് | ഫോട്ടോ: ബേ. ഫിലിപ്പ്

ഗർജിച്ച് ദുർഗയെത്തി മംഗളയും സിംഹവാലനും പിറകെയെത്തും

തൃശ്ശൂർ ▸ പുത്തൂർ സുവോളജിക്കൽ പാർക്കിൻ വരാഹത്തെ പെൺകടുവ ദുർഗയെത്തി. വെറ്ററിനേറിയൻ കുണിക്കിൽ കയറിയ ഉടനെ പലതവണ ഗർജിച്ച് ശബ്ദം പ്രകടിപ്പിച്ചു.

ശനിയാഴ്ച രാത്രി എട്ടിനാണ് നെയ്യാറിൽനിന്ന് 14 വയസ്സുള്ള ദുർഗയുമായി യാത്ര തിരിച്ചത്. യാത്രയിൽ ഒന്നരമണിക്കൂർ ഇടവിട്ട് കടുവയെ പരിശോധിച്ച് ആരോഗ്യസ്ഥിതി വിലയിരുത്തി. പുത്തൂർ സുവോളജിക്കൽ പാർക്കിലെ സെറിനറി വൈദ്യർമാരായ ഡോ. രാജ്, ഡോ. ബിനോയ്, കൃഷ്ണരാജ രാജ, അശ്വിനി, ആഷിയൽ കിഡ്സ് ബെൽ എന്നിവർ ഇതിനായി നെയ്യാറിലേക്ക് പോയിരുന്നു. ഡി.എഫ്.ഒ. സുരേഷ്കുമാറും സംഘവും കടുവയെ കൊണ്ടുവന്ന വാഹനത്തെ അനുഗമിച്ചു.

ഞായറാഴ്ച വെളുപ്പിന് അഞ്ചോടെ പുത്തൂരിലെത്തിയെങ്കിലും കളക്ടർ വി.ആർ. കൃഷ്ണതേജ, മന്ത്രി കെ. രാജൻ എന്നിവരെത്തിയശേഷം ഏഴരയോടെയാണ് കടുവയുടെ കൂട് ലോറിയിൽനിന്ന് താഴെയിറക്കിയത്. കൂടുതുറന്ന ഉടൻ ദുർഗ ചാടിയെണീറ്റ് പുതിയ താമസസ്ഥലത്തേക്ക് നടന്നു.

നെഹറുട്രോഫി വള്ളംകളിയെന്ന പെൺകടുവയെ പാർപ്പിച്ചിരിക്കുന്നതിൻറെ സമീപത്താണ് ദുർഗയുള്ളത്. ഇടയ്ക്ക് വേട്ടയാടാൻ കഴിയാത്ത നിലയിൽ വയനാട്ടിലെ വെറ്ററിനറി ആശുപത്രിയിലാണ് ദുർഗയെ വനംവകുപ്പിന് ലഭിച്ചത്. നെയ്യാറിലെ സംരക്ഷണകേന്ദ്രത്തിലേക്ക് മാറ്റുകയായിരുന്നു. വനംവകുപ്പ് സംരക്ഷണം നൽകി പരിപ്പിച്ചിരിക്കുന്ന ചില ഉഗണ്ടകളുടെ പുത്തൂരിലേക്ക് കൊണ്ടുവരാൻ ശ്രമിക്കുന്നുണ്ട്.

പാലക്കാട്ടുനിന്ന് അവശനിലയിൽ കൊണ്ടുവന്ന പുള്ളിപ്പുലിക്കുട്ടി സുവോളജിക്കൽ പാർക്കിലുണ്ട്. തേക്കടിയിൽനിന്ന് മംഗളയെന്ന പെൺകടുവയും തട്ടേക്കാട് വനംവകുപ്പിൻ കിഴിലുള്ള സിംഹവാലൻ കുരങ്ങും വൈകാതെ പുത്തൂരിലെ പാർക്കിലെത്തും.

കാട്ടിലേക്ക് തിരിച്ചുവിടാൻ കഴിയാത്ത ചില ജീവികളും ഉടനെയും വനംവകുപ്പിന്റെ സംരക്ഷണത്തിലുണ്ട്. അവയെയെല്ലാം ഇവിടേക്ക് എത്തിക്കാനാണ് ശ്രമമെന്നും വയനാട് ആർ. കീർത്തി പറഞ്ഞു. വനംവകുപ്പ് ചീഫ് ഫൊഫഷണൽ വാർഡൻ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുമായ ശങ്കറും കഴിഞ്ഞ ദിവസം പാർക്ക് സന്ദർശിച്ചു. പുത്തൂരിൻ ആദ്യമെത്തിയ അദ്ദേഹം സുവോളജിക്കൽ പാർക്കിന്റെ പൂർത്തനങ്ങളിൽ സംതൃപ്തി രേഖപ്പെടുത്തി.

■ പുത്തൂർ പാർക്കിൽ വരും വിദേശമൃഗങ്ങളും

തുറക്കും മുൻപേ ലൈവ്!

പാർക്കിൽ എല്ലാ സൗകര്യങ്ങളും ഉറപ്പാക്കണം. ആദ്യ ഘട്ടത്തിൽ പുത്തൂരിലെത്തിച്ച മൃഗങ്ങൾക്ക് വിദഗ്ധ പരിചരണവും പരിശീലനവും നൽകണം

പരിശീലന ഉദ്യോഗസ്ഥരുടെ ആദ്യ വീഴ്ചയെത്തുടർന്നാണ് രണ്ടാമത്തെയാൾക്ക് ചുമതല നൽകിയത്. ഇയാൾ ഇപ്പോൾ ഉദ്യോഗത്തിൽ തുടരുന്നുണ്ട്

– എം. പീതാംബരൻ മാസ്റ്റർ, സെക്രട്ടറി, പ്രൊജക്ട് കമ്മിറ്റി

സൗകര്യങ്ങൾ

- ഇന്ത്യൻ ആഫ്രിക്കൻ ഇനങ്ങൾക്കായി പ്രത്യേകം പ്രത്യേകം ഇടങ്ങൾ
- വിശാലമായ പാർക്കിംഗ് സ്ഥലം
- വിനോദത്തിന് ആർക്കിടെക്ചർ ഭംഗിയുള്ള കഫേ
- സന്ദർശകർക്ക് ഇരിക്കാനുള്ള ഇടങ്ങൾ
- ടോയ്‌ലറ്റുകൾ
- സന്ദർശക പാതകൾ
- ടോയ്‌ലറ്റുകൾ
- കഫറ്റീരിയ
- അഡ്മിനിസ്ട്രേറ്റീവ് ഓഫീസുകൾ
- കുടിവെള്ളം



നിലവിലുള്ളത്

- മൂന്ന് കടുവകൾ, ഇന്നലെ രണ്ടെണ്ണത്തിനുകൂടി കൂടൊരുക്കി
- ഒരു പുലിക്കുട്ടി
- ഒരു സിംഹവാലൻ കുരങ്ങ്
- 11 പക്ഷികൾ

- പാർക്കിലുള്ള മറ്റ് മൃഗങ്ങൾക്കുള്ള കൂടുകളുടെ പണി പുരോഗമിക്കുന്നു
- നാലാം ഘട്ടത്തിലെ കൂടുകൾക്കുള്ള സ്ഥലമാണ് കോൺക്രീറ്റിട്ട് ഉറപ്പിക്കുന്നത്
- ഇനിയുള്ള മൃഗങ്ങളുടെ കൂടുകളും പാർക്കിന്റെ മറ്റു കാര്യങ്ങളും ഒരുമിച്ചാണ് പൂർത്തിയാക്കുന്നത്

പിടികൂടുന്നവയെല്ലാം മൃഗശാലയിലാകരുത്

പരിശീലനം ലഭിച്ചവരെയും പരിചരിക്കാനും ഉൾപ്പെടെ കൊണ്ടുവന്ന് പാർക്കിൽത്തന്നെ

ഇവരുടെ ഉത്തരവാദിത്തം ഒരുപോലെയാണെന്നും ഇവർക്കെതിരെ നടപടിയുണ്ടാകുമെന്നും അറിയിച്ചു. ഇവരുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയശേഷമാണ് ഇവർക്ക് സ്ഥിരനിയമനം നൽകുന്നത്.

മാതൃഭൂമി 2023 ജൂൺ 09 • വെള്ളിയാഴ്ച

04 നാട്ടുവർത്തമാനം

സുവോളജിക്കൽ പാർക്ക് പുതുവത്സര സമ്മാനം

മൂന്നാംഘട്ട നിർമാണം വിലയിരുത്താൻ മന്ത്രിമാരെത്തി



പുത്തൂർ ഉദയഗിരിക്കോട്ടയിൽ മന്ത്രിമാരായ എ.കെ. ശശീന്ദ്രനും കെ. രാജനും പക്ഷിപാതകയായുള്ള കൂടുകൾ സന്ദർശിക്കുന്നു



എ. ഉദയഗിരി ഉദയഗിരിക്കോട്ടയിൽ... പുത്തൂർ ഉദയഗിരിക്കോട്ടയിൽ മന്ത്രി എ.കെ. ശശീന്ദ്രനെ മുതലപാതകയായുള്ള കൂടും കണ്ടിപ്പുകയുന്ന മന്ത്രി കെ. രാജൻ

പുത്തൂർ ▸ പുത്തൂർ സുവോളജിക്കൽ പാർക്ക് 2024-ലെ പുതുവത്സരസമ്മാനമായി സമർപ്പിക്കുമെന്ന് മന്ത്രിമാരായ എ.കെ. ശശീന്ദ്രനും കെ. രാജനും പറഞ്ഞു. രണ്ടാംഘട്ട നിർമാണങ്ങളുടെ പൂർത്തീകരണം വിലയിരുത്താനെത്തിയതായിരുന്നു വനംമന്ത്രി എ.കെ. ശശീന്ദ്രൻ. ഇന്ത്യയുടെ പുതുതലമുറയ്ക്ക് ഉഭയജീവികളെയും മറ്റു ജീവികളെയും കൊണ്ടുവരുന്നതിന് പൊതുജനപിന്തുണ നൽകിയിരുന്നു. ഇതോടൊപ്പം മൃഗശാല ലൈസൻസിനും അപേക്ഷിച്ചിട്ടുണ്ട്. നിരവധി എൻഒസികളും ഇതിനായി സമർപ്പിച്ചിട്ടുണ്ട്.

സൂ അതോറിറ്റി ഓഫ് ഇന്ത്യ നിർദേശിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരം തന്റെ വാർഡ് നടപ്പിലാക്കാൻ ശ്രമിച്ചിട്ടുണ്ട്. ഇതുകൊണ്ടുവേണ്ടി നിർമിച്ച ആശുപത്രി, പോസ്റ്റ്മോർട്ടം കേന്ദ്രം, ക്വാറന്റൈൻ, ഫെൻസിങ്ങും വനംമന്ത്രി സന്ദർശിച്ചു. പാർക്കിന്റെ 60 ശതമാനം നിർമാണവും കഴിഞ്ഞതായും മന്ത്രി പറഞ്ഞു. സന്ദർശിക്കുന്ന കാടുമായി പുത്തൂരിൽ ഇനി കാണുകയെന്ന് മന്ത്രി കെ. രാജൻ പറഞ്ഞു. കിഫ്ബി വഴിയുള്ള സഹായം കൊണ്ട് മാത്രമാണ് പാർക്ക് യാഥാർഥ്യമാക്കാനായത്. ഇതിൽനിന്ന് ലഭിച്ച 170 കോടി രൂപ ഉടനുവരെ ചെലവഴിച്ചു. രണ്ടുകളിൽനിന്ന് പുതുതായി ലഭിച്ച 40 കോടിയും ചെലവഴിച്ചു. ഈ വർഷത്തെ ബജറ്റിൽ ആറു കോടി രൂപ പ്രത്യേക പാർക്കിന് അനുവദിച്ചിട്ടുണ്ട്.

പുത്തൂർ പഞ്ചായത്തിനും അയ്യോ വാസികേന്ദ്രത്തും വരുമാനം ലഭിക്കാനുള്ള വിധത്തിലുള്ള പദ്ധതികളും നടപ്പാക്കും. പാർക്ക് സൂക്ഷിക്കുന്നതിനും പുത്തൂർ റോഡ് വികസനവും പൂർത്തീകരിക്കുന്നതിനുവേണ്ടി 15 മീറ്ററിൽ വീതികൂട്ടി പുനർനിർമിക്കുന്നതിന് അനുവദിച്ച 25 കോടിയിൽ മൂവാറ്റുകോപ്പ് 23 കോടി രൂപ സമ്പൂർണമായി നൽകേണ്ടവരും. ഇത് അടുത്ത മാസം തന്നെ നിർമാണം ചെയ്യും.

പുതിയ പാലം നിർമിക്കാൻ 10 കോടിയും അനുവദിച്ചിട്ടുണ്ട്. റോഡ് നിർമാണത്തിന് ആവശ്യമായ സ്ഥലം കിഫ്ബി വഴി ലഭിക്കുന്നതിന് ധനവകുപ്പിനോടും ആവശ്യപ്പെട്ടിട്ടുണ്ട്.

അടുത്തടുത്തായി ഉദയഗിരിയും പുത്തൂരിലെത്തും. പാർക്കിലേക്ക് ഒരു വിദേശനാണയം ലഭിക്കുന്നതിനുള്ള പദ്ധതികളും മറ്റു ജീവികളെയും ഘട്ടംഘട്ടമായി കൊണ്ടുവരുമെന്നും മന്ത്രി കെ. രാജൻ പറഞ്ഞു. പാർക്ക് സൂപ്രണ്ട് രാഹിനാഥ് കെ.ബി, വർക്കിങ് പ്ലാൻ ഓഫീസർ കെ.ആർ. അനൂപ്, പഞ്ചായത്ത് പ്രസിഡന്റ് ലിസി ഉള്ളിട്ടൻ എന്നിവരും മന്ത്രിമാർക്കൊപ്പം ഉണ്ടായിരുന്നു.

വയനാടിനെ വിറപ്പിച്ച കടുവ പുത്തൂർ പാർക്കിൽ; 60 ദിവസം ക്വാറന്റൈൻ

നൽകിയത് എട്ട് കിലോഗ്രാം ചിക്കൻ



വയനാട്ടിൽ നിന്നും പിടിക്കൂടിയ നരഭോജി കടുവയെ പുത്തൂർ സുവോളജിക്കൽ പാർക്കിന് സമീപം പ്രത്യേകം സജ്ജമാക്കിയ കൂട്ടിൽ എത്തിച്ചപ്പോൾ

പുത്തൂർ: വയനാട്ടിൽ നിന്നും പിടിക്കൂടിയ നരഭോജി കടുവയെ പുത്തൂർ സുവോളജിക്കൽ പാർക്കിൽ എത്തിച്ചു. മുഖത്തും ആഴത്തിലുള്ള മുറിവിന് ചികിത്സ നൽകി, 60 ദിവസം വരെയുള്ള ക്വാറന്റൈൻ പൂർത്തിയാക്കിയശേഷം പാർക്കിൽ ഉൾക്കൊള്ളിക്കാനുള്ള അനുമതിതേടും. കടുവയുടെ മുഖത്തെയും കാലിലെയും മുറിവ് ഡോക്ടർമാർ വിശദമായി പരിശോധിച്ചു. കാട്ടിൽ മറ്റ് മൃഗവുമായി ഏറ്റുമുട്ടിയുണ്ടായ പരിക്കായിരിക്കുമെന്നാണ് അനുമാനം.

വനംവകുപ്പിന്റെ പ്രത്യേകം തയ്യാറാക്കിയ വാഹനത്തിലാണ് ഇന്നലെ രാവിലെ 8.20ന് കടുവയെ വാഹനത്തിൽ നിന്നും ഐസൊലേഷൻ കേന്ദ്രത്തിലേക്ക് മാറ്റിയത്. 13 വയസാണ് കടുവയുടെ പ്രായം. നല്ല വലിപ്പവുണ്ട്. ഭക്ഷണം ഔദ്യോഗികമായി വെളിപ്പെടുത്തിയിട്ടില്ല. മുഖത്തുള്ളത് ആഴത്തിലുള്ള മുറിവാണ്.

പ്രായമുള്ള കടുവയായതിനാൽ ചികിത്സ കരുതലോടെ വേണമെന്ന് ഡോക്ടർമാർ പറഞ്ഞു. മുറിവിന്റെ ആഴം കണക്കാക്കിയുള്ള ആന്റി ബയോട്ടിക് മരുന്നുകളാണ് നൽകുന്നത്. തൃശൂർ വെറ്ററിനറി കോളേജിൽ നിന്നുള്ള ഡോക്ടർമാർ കൊപ്പം വയനാട്ടിൽ നിന്നുള്ള ഡോക്ടർമാരും ചേർന്നാണ് ചികിത്സ നൽകുന്നത്. തിങ്കളാഴ്ച രാത്രി തന്നെ കടുവയ്ക്ക് പുത്തൂരിൽ താമസസ്ഥലം ഒരുക്കിയിരുന്നു. വയനാട്ടിലെ കൂടല്ലൂരിൽ ക്ഷീരകർഷകനായ പ്രജീഷിനെ ആക്രമിച്ച് കൊന്ന് ശരീരഭാഗങ്ങൾ ഭക്ഷിച്ച കടുവയാണിത്.

വയനാട്ടിൽ നിന്ന് കൊണ്ടുവന്നപ്പോൾ എട്ട് കിലോഗ്രാം ചിക്കനാണ് കടുവയ്ക്ക് നൽകിയത്. പുത്തൂരിലെത്തിയ ശേഷവും ചിക്കൻ നൽകിയതല്ലാതെ അധികം കഴിച്ചില്ല. ദിവസം എട്ട് കിലോഗ്രാം ബീഫടക്കമുള്ള ഭക്ഷണമാണ് പുത്തൂരിൽ നൽകുക. സുവോളജിക്കൽ പാർക്കിൽ ഒരുക്കിയ ഇഷ്ടമുള്ള സ്ഥലമാണ് കടുവകൾക്ക് ഒരുക്കിയിരിക്കുന്നത്. പത്ത് ദിവസം നീണ്ട പരിശ്രമത്തിനൊടുവിലാണ് കടുവയെ വയനാട്ടിൽ നിന്ന് പിടിച്ചതായത്. നെയ്യാറിൽ നിന്ന് കൊണ്ടുവന്ന വൈഗ, ദുർഗ എന്നീ കടുവകളും തെപ്പക്കാട്ടിയും പക്ഷികളും സിംഹവാലൻകുരങ്ങും പാർക്കിലുണ്ട്.

> പിടിക്കപ്പെട്ട കടുവയ്ക്ക് വിദഗ്ധ ചികിത്സയും പരിചരണവും ഉറപ്പാക്കും. കടുവയുടെ പരിക്കുകൾ ഭേദമായി പൂർണ ആരോഗ്യം വീണ്ടെടുത്ത ശേഷം ഉന്നത ഉദ്യോഗസ്ഥരുടെ അനുമതിയോടെ മാത്രമേ പാർക്കിൽ ഉൾക്കൊള്ളിക്കുന്നതിനെക്കുറിച്ച് തീരുമാനമെടുക്കൂ.
>
> - ആർ. കീർത്തി,
> പുത്തൂർ സുവോളജിക്കൽ പാർക്ക് വയനാകർ



ചികിത്സക്കൊപ്പം കടുവക്ക് പുത്തൻ പേരും

രുദ്രൻ

ഒല്ലൂർ: വയനാട്ടിൽനിന്ന് പൂത്തൂർ സുവോളജിക്കൽ പാർക്കിലെത്തിച്ച് ചികിത്സ നൽകുന്ന കടുവക്ക് 'രുദ്രൻ' എന്ന് പേരിട്ടു. വയനാട്ടിലെ വാകേരിയിൽ ക്ഷീര കർഷകനെ കൊന്ന് ഭക്ഷിച്ച കടുവയെ കൂട് വെച്ച് പിടിച്ചാണ് പുത്തൂരിൽ എത്തിച്ചത്.

കടുവയുടെ ശരീരത്തിലേറ്റ മുറിവ് ശസ്ത്രക്രിയ നടത്തി തുന്നിക്കെട്ടിയിരിക്കുകയാണ്. വലത് കൈയിലെ മുറിവിന് ചികിത്സ തുടങ്ങിയിട്ടുണ്ട്. ശസ്ത്രക്രിയ കഴിഞ്ഞ് മയക്കം വിട്ടതോടെ ഭക്ഷണം കഴിക്കാനും വെള്ളം കുടിക്കാനും തുടങ്ങി. അഞ്ച് കിലോ പോത്തിറച്ചി പലതവണകളായി കഴിച്ചതായി സുവോളജിക്കൽ പാർക്ക് ജീവനക്കാർ പറഞ്ഞു. കൂട്ടിൽ എഴുന്നേറ്റ് നടക്കുന്നുണ്ട്.

പങ്കെടുത്തു.

മൃഗശാലാമാറ്റം: ആശങ്ക വേണ്ടെന്ന് മന്ത്രി

ഒല്ലൂർ ▸ പുത്തൂർ സുവോളജിക്കൽ പാർക്കിന്റെ നിർമാണം വേഗത്തിലാക്കാൻ കരാർ കമ്പനികൾക്ക് നിർദേശം നൽകിയതായി മന്ത്രി കെ. രാജൻ. തൃശ്ശൂരിലെ മൃഗശാലയിൽനിന്ന് ആറുമാസത്തിനുള്ളിൽത്തന്നെ മുഴുവൻ ജീവികളെയും പുത്തൂരിലേക്ക് മാറ്റും. പുത്തൂരിൽ കടുവകളെത്താൻ തുടങ്ങിയിട്ട് ഒരുവർഷമായിട്ടും ഒന്നിനെയും തുറന്ന ആവാസമേഖലയിലേക്ക് മാറ്റാൻ കഴിയാത്തത് സംബന്ധിച്ച് മാതൃഭൂമിയിൽ വന്ന വാർത്തയോട് പ്രതികരിക്കുകയായിരുന്നു മന്ത്രി.

ഈ വർഷംതന്നെ പാർക്ക് തുറക്കുമെന്നതിൽ ശങ്ക വേണ്ടെന്നും ഇതുസംബന്ധിച്ച് തിരുവനന്തപുരത്ത് നടത്തുന്ന ഉന്നതാധികാരസമിതി യോഗത്തിലെ തീരുമാനങ്ങളുമായി മുന്നോട്ടുപോകുമെന്നും

'വൈഗ' വന്നിട്ട് ഒരാണ്ട്

ചൂറന്നുവിടാൻ കഴിയാതെ അധികൃതർ



മന്ത്രി വ്യക്തമാക്കി. വന്യമൃഗങ്ങളെ ജനവാസകേന്ദ്രത്തിലെത്തുന്നത് പതിവായ സാഹചര്യത്തിൽ സുവോളജിക്കൽ പാർക്കിനു കൂടുതൽ സമ്മർദമുണ്ടാകാതിരിക്കാനും നിർമാണം പെട്ടെന്ന് പൂർത്തീകരിക്കാനും ബന്ധപ്പെട്ട മന്ത്രിമാരും വകുപ്പുമേധാവികളും ഇടപെടണമെന്നും ഫ്രണ്ട്സ് ഓഫ് സൂ സെക്രട്ടറി എം. പീതാംബരൻ ആവശ്യപ്പെട്ടു.

1-3-2024

ദീപിക TCR 2024 മാർച്ച് 21 വ്യാഴം

മൃഗശാലാമാറ്റം

സുവോളജിക്കൽ പാർക്കിന് ആറുമാസംകൂടി സമയം

- പഴയ മൃഗശാലയിൽനിന്നുള്ള മാറ്റത്തിനു ചൂട് തടസം
- മഴ ലഭിച്ചാൽ ആദ്യം മാനുകളെ എത്തിക്കും

സി.എസ്. ദീപു

തൃശൂർ: ചെമ്പുക്കാവിലെ പഴയ മൃഗശാലയിൽനിന്നു പുത്തൂർ സുവോളജിക്കൽ പാർക്കിലേക്കു മൃഗങ്ങളെ മാറ്റുന്നതിനുള്ള കാലാവധി നീട്ടി കേന്ദ്ര മൃഗശാലാ അതോറിറ്റി. മാർച്ച് ആറുവരെയായിരുന്നു ആദ്യഘട്ട അനുമതി. സമയപരിധി ആറുമാസത്തേക്കു നീട്ടിയാണ് ഡൽഹി ഉത്തരവിറങ്ങിയത്.

നേരത്തേ, മയിലുകളും വെള്ളിമൂങ്ങയും ഉൾപ്പെടെയുള്ള ഇരുപതോളം പക്ഷികളെ പുത്തൂരിലേക്കു മാറ്റിയിരുന്നു. ദുർഗയും വൈഗയും വയനാട്ടിൽനിന്നു പിടികൂടിയ തുമ്പിക്കൈ കടുവകളെയും ലിയോയെന്ന പുലിക്കുട്ടിയെയും പാർക്കിലെ ഐസൊലേഷൻ കൂടുകളിലാണു പാർപ്പിച്ചിട്ടുള്ളത്.

നിർമാണം പുരോഗമിക്കുന്ന പുത്തൂർ പാർക്കിലെ കടുത്ത ചൂടാണ് പഴയ മൃഗശാലയിൽനിന്നു മൃഗങ്ങളെ മാറ്റുന്നതിനുള്ള ബുദ്ധിമുട്ടെന്നു പാർക്ക് ഡയറക്ടർ ആർ. കീർത്തി പറഞ്ഞു. മഴ ലഭിച്ചാലുടൻ ആദ്യം മാനുകളെയും കുരങ്ങുകളെയും പിന്നാലെ മറ്റു മൃഗങ്ങളെയും എത്തിക്കുമെന്നും അവർ പറഞ്ഞു.

നിലവിൽ മാനുകളും സിംഹങ്ങളും ഒട്ടകപ്പക്ഷിയും എമുവും ഹിപ്പൊപ്പൊട്ടാമസും വിവിധയിനം പാമ്പുകളുമടക്കം അഞ്ഞൂറോളം മൃഗങ്ങളെയാണു മാറ്റാനുള്ളത്. വിദേശത്തുനിന്നു കംഗാരുവിനെയും അനാക്കോണ്ടയെയും ജൂണിൽ എത്തിക്കും. ഈമാസം തിരുവനന്തപുരത്തുനിന്നു കാട്ടുപോത്തിനെ എത്തിക്കുമെന്നും അറിയിച്ചിരുന്നു.

തൃശൂർ മൃഗശാലയിൽനിന്നുള്ള മൃഗങ്ങളെ പുത്തൂരിലെത്തിക്കുന്നതിനാണു പ്രഥമ പരിഗണന നൽകേണ്ടതെന്നു ഫ്രണ്ട്സ് ഓഫ് സൂ ആവശ്യപ്പെട്ടു. ചൂടു കൂടിവരുന്നതിനാൽ അനുകൂലന്തിനു സാധ്യതയുള്ള ജീവികളെ മാറ്റുന്നതിനാണു മുൻഗണന നൽകേണ്ടത്. അടിയന്തരഘട്ടത്തിൽ സേവനം തേടുന്നതിനു ചകരം, സംസ്ഥാനത്തിന്റെ വിവിധയിടങ്ങളിൽ കണ്ടെത്തുന്ന ആരോഗ്യപ്രശ്നങ്ങളുള്ള ജീവികളെ ഇവിടേക്കെത്തിക്കുന്നതു പാർക്കിന്റെ പ്രവർത്തനത്തെ ബാധിക്കുമെന്നും ഇത്തരം ജീവികൾക്കായി വനംവകുപ്പിന്റെ കീഴിൽ വന്യജീവി സംരക്ഷണ- പരിപാലന കേന്ദ്രങ്ങൾ ആരംഭിക്കുകയാണു വേണ്ടതെന്നും സംഘടന ചൂണ്ടിക്കാട്ടുന്നു.

ആദ്യഘട്ടത്തിൽ പുത്തൂരിലേക്കു മാറ്റിയ എല്ലാ പക്ഷികളും പൂർണ ആരോഗ്യത്തിലാണ്. ഗുരുതരപരിക്കുകളുമായി എത്തിച്ചകടുവയടക്കമുള്ള മൃഗങ്ങളും ആരോഗ്യം വീണ്ടെടുത്തു. എന്നാൽ, ജീവനക്കാരുടെ എണ്ണവും പരിപാലനച്ചെലവും വർധിച്ച സാഹചര്യത്തിൽ ബജറ്റിൽ പ്രഖ്യാപിച്ച ആറുകോടി മതിയാകില്ലെന്നാണു വിലയിരുത്തൽ.

പക്ഷിമൃഗാദികളെ പുത്തൂരിലേക്ക് മാറ്റുന്നതിൽ അനിശ്ചിതത്വം

തൃശ്ശൂർ മൃഗശാലയിൽ നിന്നും പുത്തൂർ സുവോളജിക്കൽ പാർക്കിലേക്ക് പക്ഷിമൃഗാദികളെ മാറ്റുന്നതിന്റെ ഔപചാരികമായ ഉദ്ഘാടനം 2023 ഒക്ടോബർ 2 ഗാന്ധിജയന്തി ദിനത്തിൽ വളരെ ആഘോഷമായി നടന്നു. മൂന്ന് മയിലുകളെ ഉദ്ഘാടനദിവസം പാർക്കിലേക്ക് എത്തിക്കുകയും ചെയ്തു. തൃശൂർ മൃഗശാലയിൽ നിന്നും പുത്തൂരിലെ സുവോളജിക്കൽ പാർക്കിലേക്ക് മൃഗങ്ങളെ മാറ്റാൻ സെൻട്രൽ സൂ അതോറിറ്റിയുടെ അനുമതി ആവശ്യമുണ്ട്. അതനുസരിച്ച് കേന്ദ്ര മൃഗശാല അതോറിറ്റിയുടെ അനുമതി 2023 സെപ്റ്റംബർ മാസം ആറാം തീയതി ലഭിക്കുകയും ചെയ്തു. തുടർന്നുള്ള ആറുമാസക്കാലം ആണ് സമയം അനുവദിച്ചത്. ഗാന്ധിജയന്തി ദിനത്തിൽ സുവോളജിക്കൽ പാർക്കിൽ നടന്ന ചടങ്ങിൽ വെച്ച് വനം വകുപ്പ് മന്ത്രിയും മറ്റു മന്ത്രിമാരും ആവർത്തിച്ച് പറഞ്ഞത് രണ്ടുമാസത്തിനുള്ളിൽ പരമാവധി പക്ഷിമൃഗാദികളെ പുത്തൂരിൽ എത്തിക്കുമെന്നാണ്. പിന്നീട് വിലയിരുത്തലിനു വേണ്ടി വനം വകുപ്പ് മന്ത്രി വന്നപ്പോഴും 2024ൽ പുതുവർഷ സമ്മാനമായി തൃശ്ശൂർ സുവോളജിക്കൽ പാർക്ക് സമൂഹത്തിനു സമർപ്പിക്കും എന്നാണ് പറഞ്ഞിരുന്നത്. ആവാസ ഇടങ്ങളെല്ലാം പണിപൂർത്തീകരിച്ചു എന്നും അവകാശപ്പെട്ടിരുന്നു. മറ്റ് നിർമ്മാണ പ്രവർത്തനങ്ങളിൽ നിന്നും തികച്ചും വ്യത്യസ്തമാണ് ആവാസ ഇടങ്ങളുടെ നിർമ്മിതി. പുറമേക്ക് കാണുമ്പോൾ പണി പൂർത്തിയായി എന്ന് തോന്നിയാലും ഉൾഭാഗത്ത് ധാരാളം സൂക്ഷ്മതല പ്രവർത്തനങ്ങൾ ഇനിയും അവശേഷിക്കുന്നുണ്ടാകും. സമയവും ശ്രദ്ധയും വളരെ ആവശ്യമാണ്.

അതുകൊണ്ട് തന്നെ ഒക്ടോബർ മാസം മുതൽ കാര്യമായി പക്ഷിമൃഗാദികളെ പുത്തൂരിൽലേക്ക് മാറ്റിയില്ല. എന്തുകൊണ്ടാണ് ഇപ്രകാരം കാലതാമസം വരുന്നത് എന്ന കാര്യത്തിന് വ്യക്തമായ ഉത്തരം നൽകാൻ ആർക്കും സാധിച്ചില്ല. ഒക്ടോബർ മുതൽ നവംബർ ഡിസംബർ ജനുവരി മാസങ്ങളിൽ എല്ലാം താരതമ്യേന തണുപ്പുള്ള കാലാവസ്ഥയും ആയിരുന്നു. ഫ്രണ്ട്സ് ഓഫ് സൂ ഇക്കാര്യം പലപ്പോഴും ചൂണ്ടിക്കാണിച്ചതാണ്. പിന്നീട് മാർച്ച് അവസാനവും ഏപ്രിൽ ആദ്യവാരത്തിൽ മായാണ് ഏതാനും പക്ഷികളെ കൊണ്ടുവരാനുള്ള ശ്രമം നടന്നത് അപ്പോഴേക്കും ചൂട് വളരെ കൂടുതൽ ആണ് എന്ന് ആക്ഷേപം ഉയർന്നു. കൊണ്ടുവന്ന പക്ഷികൾക്ക് ആവശ്യമായ എല്ലാ പരിചരണങ്ങളും തണുപ്പുള്ള അന്തരീക്ഷവും എല്ലാം സൃഷ്ടിച്ചിരുന്നു എന്ന് അധികൃതരും അവകാശപ്പെടുന്നുണ്ട്. പക്ഷേ, ആക്ഷേപത്തെ തുടർന്ന്

പക്ഷിമൃഗാദികളെ മാറ്റുന്നത് പെട്ടെന്ന് നിർത്തി വെക്കുകയാണ് ഉണ്ടായത്. മെയ് മാസം രണ്ടാം വാരത്തോടുകൂടി മഴ ആരംഭിക്കുകയും ചെയ്തു. ചൂട് എന്നുള്ള പ്രശ്നം ഒഴിവായി. ഇതിനിടക്കാണ് സുവോളജിക്കൽ പാർക്ക് ഡയറക്ടർ സ്ഥലം മാറിപ്പോകുന്നത്. പുതിയ ഒരു ഡയറക്ടർക്ക് സ്വതന്ത്ര ചുമതല കൊടുക്കാൻ സാധിച്ചില്ല. മറ്റ് ധാരാളം ഉത്തരവാദിത്തങ്ങൾ ഉള്ള ഒരു ഉദ്യോഗസ്ഥനെയാണ് പാർക്ക് ഡയറക്ടറുടെ ചുമതലയും ഏൽപ്പിച്ചത്. അതും കാല വിളംബത്തിന് കാരണമായി. ഫ്രണ്ട്സ് ഓഫ് സൂ ഇക്കാര്യം നിരന്തരം അധികൃതരുടെ ശ്രദ്ധയിൽ കൊണ്ടുവന്നിരുന്നു.

വിദഗ്ധ പരിശോധന വേണം

മൂന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്ന ഈ ഘട്ട ത്തിൽ ഇടങ്ങളുടെ ഇതുവരെയുള്ള നിർമ്മാണത്തെ സംബന്ധിച്ച് ഒരു വിദഗ്ധ സമിതിയെ കൊണ്ട് പരിശോധന നടത്തണമെന്ന് ഫ്രണ്ട്സ് ഓഫ് പല തവണ അഭ്യർത്ഥിച്ചിരുന്നു. മൃഗശാല രൂപകൽപനയുമായി ബന്ധപ്പെട്ട വരും മൃഗശാലകളിൽ മൃഗ പരിപാലനവുമായി ബന്ധപ്പെട്ടവരും അനുഭവ പരിചയം ഉള്ള ഏതാനും വിദഗ്ധരുടെ സംഘമാണ് ഇത്തരത്തിലുള്ള ആവാസ ഇടങ്ങളുടെ നിർമ്മിതിയെ സംബന്ധിച്ച് സൂക്ഷ്മ പരിശോധന നടത്തി വിലയിരുത്തേണ്ടത്. മൃഗപരിപാലന രംഗത്ത് അനുഭവസമ്പത്തുള്ളവർ കുറവായിരിക്കും എന്നതുകൊണ്ട് മൃഗപാലകർ ആയി ജോലി ചെയ്യാൻ താല്പര്യം ഉള്ളവരെ മുൻകൂട്ടി തന്നെ തെരഞ്ഞെടുത്ത് അവർക്ക് മൃഗശാലകളിൽ പരിശീലനം നൽകി പുത്തൂരിൽ എത്രയും പെട്ടെന്ന് എത്തിക്കണമെന്ന് നിർദ്ദേശവും ഫ്രണ്ട്സ് ഓഫ് സൂ അധികൃതരുടെ മുമ്പാകെ വച്ചിട്ടുണ്ട്.



NGO raises concern over delay in shifting animals to Puthur zoo

Cites bringing in injured animals as reason, demands setting up rehabilitation centres

EXPRESS NEWS SERVICE @ Thrissur

FRIENDS of Zoo, a non-profit organisation, has come out against the delay in shifting animals from the Thrissur zoo to the Puthur Zoological Park.

The organisation, which played a key role in prompting the state government to construct a new zoological park at Puthur, has stated that the shifting of every injured and trapped animal rescued from different parts of the state to Puthur is affecting the operations of the zoo. Sharing concerns over the delay in shifting the remaining animals, mainly carnivores and bison, from the Thrissur zoo, organisation secretary M Peethambaran said that the authorities at Puthur zoo are busy treating the injured animals brought to the park. "Hence, the shifting procedures are getting delayed," he said.

As per the directions of the Central Zoo Authority, the shifting of animals from Thrissur zoo to the park in Puthur should be completed within a period of six months. "The shifting procedures began on October 1, 2023, and should be completed in March. So far, only some birds have been shifted to the new zoo. The process is not even partially completed and the authorities will not be able to finish it within the stipulated time," said Peethambaran.

Instead of taking the injured and trapped animals to the Puthur zoo, the organisation has suggested the state government set up wildlife rehabilitation centres at the forest fringes. "This way, the injured animals could be treated from the spot itself and could be taken back to the woods," he said.

A total of four tigers and a leopard cub rescued from various parts of the state have been accommodated in Puthur to provide expert medical treatment.

പദ്ധതി നബാർഡിന്റെ പരിഗണനയിലെന്ന് വനംവകുപ്പ്

വന്യജീവി പരിചരണപദ്ധതി വൈകുന്നു



വി. മുരളി
വടക്കാഞ്ചേരി

▸ മനുഷ്യ-വന്യജീവി സംഘർഷം സജീവ ചർച്ചാവിഷയമാകുമ്പോഴും വന്യജീവികളുടെ വെറ്ററിനറി പരിചരണത്തിനുള്ള പദ്ധതി റിപ്പോർട്ടാണ് നടപ്പിലാകാതെ പോകുന്നത്. പദ്ധതി നബാർഡ് അംഗീകരിച്ചാൽ ഈ സാമ്പത്തികവർഷം തന്നെ ഇത് സാധ്യമാകുമെന്നാണ് വനം അധികൃതർ പറയുന്നത്. മനുഷ്യ-വന്യജീവി സംഘർഷം മൂലമുള്ള പ്രശ്നങ്ങളും കാര്യക്ഷമതയും വിദഗ്ധവുമായി കൈകാര്യം ചെയ്യാൻ റാപ്പിഡ് റെസ്പോൺസ് ടീമിനും(ആർ.ആർ.ടി) വെറ്ററിനറി എമർജൻസി ടീമിനും(വി.ഇ.ടി.) കൂടുതൽ സൗകര്യങ്ങളും ഏർപ്പെടുത്തണമെന്നതാണ് റിപ്പോർട്ടിലെ നിർദേശം.

വാഴച്ചാൽ, മലയാറ്റൂർ ഫോറസ്റ്റ് ഡിവിഷനുകളിലെയും പീച്ചി-വാഴാനി വന്യജീവി സങ്കേതത്തിലെയും സംഘർഷസാഹചര്യങ്ങളും പരിഹരിക്കാനും ഇത് സഹായകമാകും. ശാസ്ത്രീയ രക്ഷാപ്രവർത്തനങ്ങളും ഏകോപിപ്പിക്കാനും രക്ഷിച്ച മൃഗങ്ങളുടെ ശരിയായ വെറ്ററിനറി പരിചരണത്തിനും ആർ.ആർ.ടി. ടീമുകളും അനിവാര്യമാണ്. പരിശീലനം ലഭിച്ച ജീവനക്കാരും വാച്ചർമാരുമുള്ള സംയുക്ത ടീമിന് സജീവമായി ഇക്കാര്യങ്ങളിൽ ഇടപെടാനാകും. നിലവിൽ കേരള വനം- വന്യജീവി വകുപ്പിലെ ആർ.ആർ.ടി., വി.ഇ.ടി. യൂണിറ്റുകൾക്കുള്ള അടിസ്ഥാനസൗകര്യങ്ങളും വളരെ അപര്യാപ്തമാണ്.

പാലപ്പിള്ളി വനം റേഞ്ചിലെ വെറ്റിങ്ങപ്പാടത്ത് നിർദിഷ്ട യൂണിറ്റിനായി അനുയോജ്യമായ സ്ഥലം കണ്ടെത്തിയിരുന്നു. വനംവകുപ്പിന്റെ അധീനതയിലുള്ള ഈ പ്രദേശം പദ്ധതിക്ക് അനുയോജ്യമാണെന്നാണ് വിദഗ്ധരുടെ അഭിപ്രായം. നിലവിൽ മൃഗശാലയോടുചേർന്ന് വന്യജീവികളുടെ പുനരധിവാസം ഒരുക്കുന്നത് കേന്ദ്ര മൃഗശാലാ ചട്ടങ്ങൾക്ക് വിരുദ്ധമാണ്.

അനാകോണ്ട, ജിറാഫ്...; എലാൻഡുകളും പുത്തൂരിലേക്ക്



ബോമ ക്യാപ്ചറിംഗിലൂടെ മാനുകൾ

ഇപ്പോഴും ക്യുറേറ്റർമാരായില്ല

ആദ്യഘട്ടമെത്തിക്കുക 80മൃഗങ്ങളെ

മൃഗശാലയിലുള്ളത്: മാനുകൾ 191

എത്തിച്ചുനൽകുന്നത്: 9 കമ്പനികൾ

തൃശൂർ മൃഗശാലയിൽ നിന്ന് പക്ഷിമൃഗാദികളെ മാറ്റുന്നത് വൈകുന്നു

നടപടികൾ വേഗത്തിലാക്കണമെന്ന് 'ഫ്രണ്ട്സ് ഓഫ് സൂ'



തൃശൂർ പുത്തൂർ സുവോളജിക്കൽ പാർക്കിലേക്ക് തൃശൂർ മൃഗശാലയിൽ നിന്ന് പക്ഷിമൃഗാദികളെ മാറ്റുന്ന നടപടി വൈകുന്നു. സുവോളജിക്കൽ പാർക്ക് ഈ വർഷം തുടക്കത്തിൽ തന്നെ പൊതുജനങ്ങൾക്ക് തുറന്ന് കൊടുക്കുമെന്നായിരുന്നു മന്ത്രി കെ. രാജൻ അവകാശപ്പെട്ടിരുന്നത്.

എന്നാൽ തൃശൂരിലെ മൃഗശാലയിൽ നിന്ന് മൃഗശാലയിൽ നിന്നും ജന്തുക്കളെ മാറ്റുന്നത് ഫോലും പൂർത്തിയാക്കാനായിട്ടില്ല. മൃഗങ്ങളെ മാറ്റുന്നത് വൈകുന്നതിനാൽ സുവോളജിക്കൽ പാർക്കിന്റെ പ്രവർത്തനം തുടങ്ങാൻ ഇനിയും സമയം എടുത്തേക്കും. സുവോളജിക്കൽ പാർക്കിലേക്ക് പക്ഷിമൃഗാദികളെ മാറ്റുന്നതിനുള്ള കേന്ദ്ര മൃഗശാല അതോറിറ്റിയുടെ അനുമതിയുടെ കാലാവധി നീട്ടിയിട്ടുണ്ട്.

ആദ്യഘട്ട അനുമതിയുടെ കാലാവധി മാർച്ച് ആറ് വരെയായിരുന്നു. ഈ കാലാവധി നീട്ടി കേന്ദ്ര മൃഗശാല അതോറിറ്റി 14ന് ഉത്തരവിറക്കി. ആറ് മാസത്തേക്കാണ് കാലാവധി നീട്ടിയത്. സുവോളജിക്കൽ പാർക്കിന്റെ രൂപീകരണത്തിൽ സുപ്രധാന ഘട്ടമാണിത്.

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി കണ്ടെത്തുന്ന ആരോഗ്യപ്രശ്നങ്ങളുള്ള ജീവികളെ പരിചരിക്കാൻ സുവോളജിക്കൽ പാർക്കിനെ ഏൽപ്പിക്കുകയാണ്. ഇവയുടെ ചുമതല കൂടി സുവോളജിക്കൽ പാർക്കിനെ ഏൽപ്പിക്കുന്നത് പ്രധാന ലക്ഷ്യത്തിൽ നിന്ന് വ്യതിചലിക്കാൻ ഇടയാക്കുമെന്ന് ഫ്രണ്ട്സ് ഓഫ് സൂ സെക്രട്ടറി എം. പീതാംബരൻ പറഞ്ഞു.

തൃശൂരിൽ നിന്ന് മൃഗങ്ങളെ മാറ്റുന്നത് വൈകാനും ഈ നടപടി ഇടയാക്കും. ജീവികളെ സുവോളജിക്കൽ പാർക്കിലേക്ക് മാറ്റുമ്പോൾ ചുട് കൂടി വരുന്ന സാഹചര്യം കൂടി പരിഗണിക്കണം. ജീവിക്കാനും സാഹചര്യങ്ങളുമായി പൊരുത്തപ്പെടാനും കൂടുതൽ ക്ഷമതയുള്ള ജീവികളെ മാറ്റുന്നതിന് മുൻഗണന നൽകണം. മാറ്റപ്പെടുന്ന ജീവികളുടെ ആരോഗ്യപരിപാലനത്തിനും അനുകൂലനപ്പെടലിനും ആവശ്യമായ എല്ലാവിധ ഭൗതിക സൗകര്യങ്ങളും ഒരുക്കിയെന്ന് ഉറപ്പുവരുത്തണം.

കൂട്ടത്തോടെ ജീവികളെ മാറ്റാതിരിക്കുക. ഓരോ ആഴ്ചയിലും പരിമിതമായ എണ്ണം ജീവികളെ മാറ്റുകയും അവ പുതിയ സാഹചര്യത്തോട് പൊരുത്തപ്പെടുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുകയും ചെയ്യുക തുടങ്ങിയ നടപടികൾ അനിവാര്യമാണ്.

ഗുരുതരമായ പരിക്കുകളോടെ വനപ്രദേശങ്ങളിൽ നിന്ന് സുവോളജിക്കൽ പാർക്കിലേക്ക് കൊണ്ടുവന്ന കടുവകളും പുള്ളിപ്പുലിയും ആരോഗ്യം വീണ്ടെടുത്ത് സാധാരണ സ്ഥിതിയിലേക്ക് മടങ്ങിയിട്ടുണ്ട്.

സുവോളജിക്കൽ പാർക്കിന് സംസ്ഥാന സർക്കാർ അനുവദിച്ചത് ആറ് കോടി രൂപയാണ്. സാമ്പത്തിക പ്രതിസന്ധിയെ അഭിമുഖീകരിക്കുന്ന സംസ്ഥാന സർക്കാർ കൂടുതൽ തുക അനുവദിച്ചിട്ടില്ല.

ഈ സാമ്പത്തിക വർഷവും മുൻ വർഷത്തെ തുക തന്നെയാണ് ബജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ജീവനക്കാരുടെ എണ്ണവും ജീവികളുടെ പരിപാലന ചെലവും വർദ്ധിച്ച സാഹചര്യത്തിൽ ഈ തുക അപര്യാപ്തമാണ്.

സുവോളജിക്കൽ പാർക്കിനുള്ള തുക 16 കോടിയായി വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് ഫ്രണ്ട്സ് ഓഫ് സൂ സർക്കാരിന് നിവേദനം സമർപ്പിച്ചതായും പീതാംബരൻ പറഞ്ഞു.

ജന്മഭൂമി 30-4-2024

സുവോളജിക്കൽ പാർക്കിൽ അടിയന്തരമായി ഡോക്ടർമാരെ നിയമിക്കണം- ഫ്രണ്ട്സ് ഓഫ് സൂ



തൃശൂർ : സുവോളജിക്കൽ പാർക്കിൽ അടിയന്തരമായി ഡോക്ടർമാരുടെയും പൂർണ്ണ സജ്ജമായ ആശുപത്രിയുടെയും സേവനം ലഭ്യമാക്കണമെന്ന് ഫ്രണ്ട്സ് ഓഫ് സുആവശ്യപ്പെട്ടു. സുവോളജിക്കൽ പാർക്കിൽ മൂന്ന് ഡോക്ടർമാരാണ് ആവശ്യമായിട്ടുള്ളത്. എന്നാൽ ഒരു ഡോക്ടർ പോലും സുവോളജിക്കൽ പാർക്കിന്റേതായിട്ടില്ല .അത്യാവശ്യഘട്ടങ്ങളിൽ മറ്റ് ഇടങ്ങളിൽ നിന്നുള്ള ഡോക്ടർമാരുടെ സേവനം തേടുകയാണ്. ആശുപത്രിക്കും കാരണ്ടെയിനും ആവശ്യമായകെട്ടിടങ്ങൾ നിർമ്മിച്ചു വെങ്കിലും മരുന്നുകൾ ഉപകരണങ്ങൾ എന്നിവയൊന്നും പര്യാപ്തമല്ല. പോസ്റ്റ് മാറ്റത്തിനുള്ള സൗകര്യവുമില്ല. സുവോളജിക്കൽ പാർക്കിൽ ലഭ്യമായ പരിമിതമായ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് മെച്ചപ്പെട്ട ശ്രദ്ധയും ശുശ്രൂഷയും മൃഗങ്ങൾക്ക് നൽകാൻ ജീവനക്കാർ പരിശ്രമിക്കുന്നുണ്ട്. ആവാസവ്യവസ്ഥകളുടെ നിർമ്മാണവും പൂർത്തിയായിട്ടില്ല. 23 ആവാസ വ്യവസ്ഥകളിൽ 4 എണ്ണം മാത്രമാണ് പൂർണ സജ്ജമായിട്ടുള്ളത്. സുവോളജിക്കൽ പാർക്കിന്റെ പ്രവർത്തനങ്ങൾക്കായി പ്രതിവർഷം 14 കോടി രൂപ ആവശ്യം ആണെന്നിരിക്കെ സംസ്ഥാന ബഡ്ജറ്റിൽ കേവലം ആറ് കോടി രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. സുവോളജിക്കൽ പാർക്കിന്റെ പ്രതിമാസ അവലോകന പരിപാടികൾ കൂടുതൽ സുതാര്യവും സുവ്യക്തവും ആകേണ്ടതുണ്ട് എന്നും ഫ്രണ്ട്സ് ഓഫ് സൂ സെക്രട്ടറി എം. പീതാംബരൻ മാസ്റ്റർ പറഞ്ഞു.

സുവോളജിക്കൽ പാർക്കിൽ മുഴുവൻ സമയ ഡയറക്ടറെ നിയമിക്കണം: ഫ്രണ്ട്സ് ഓഫ് സൂ

തൃശ്ശൂർ: ഇന്ത്യയിലെ ആദ്യത്തെ ഡിസൈനർ മൃഗശാല എന്ന സവിശേഷതയുള്ള പുത്തൂർ സുവോളജിക്കൽ പാർക്ക് നിർമാണം പൂർത്തിയാകുമ്പോൾ വിനോദസഞ്ചാരരംഗത്തിനും വന്യജീവിസംരക്ഷണത്തിനും ഗവേഷണത്തിനും പുത്തൻ കരുത്തായി മാറും.

ആവാസ സംവിധാനങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ച് പക്ഷിമൃഗാദികളെ തൃശ്ശൂർ മൃഗശാലയിൽ നിന്ന് പുത്തൂരിലേക്ക് മാറ്റുന്ന പ്രക്രിയ തുടരേണ്ട കാലഘട്ടമാണ് ഇത്. ഇതിനായി കേന്ദ്ര മൃഗശാല അതോറിറ്റി 2023 സെപ്റ്റംബർ ആറാം തീയതി അനുമതി നൽകിയതാണ്. അതനുസരിച്ച് 2023 ഒക്ടോബർ രണ്ടാം തീയതി മൂന്ന് മയിലുകളെ പുത്തൂരിലേക്ക് കൊണ്ടുവന്നു കൊണ്ട് ജീവികളുടെ മാറ്റത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു.

പത്തുമാസം പിന്നിടുമ്പോഴും കേവലം 39 ജീവികളെ മാത്രമാണ് പുത്തൂർ സുവോളജിക്കൽ പാർക്കിലേക്ക് മാറ്റിയത്. അതിൽ തന്നെ 10 ജീവികൾ മരണമടഞ്ഞു. സുവോളജിക്കൽ പാർക്കിന്റെ പുതിയ സ്ഥലത്തേക്ക് തൃശ്ശൂരിൽ നിന്നും മൃഗങ്ങളെ മാറ്റുമ്പോൾ മെച്ചപ്പെട്ട ആവാസ വ്യവസ്ഥയും താരതമ്യേന പ്രായം കുറഞ്ഞതും ഗർഭാവസ്ഥയിൽ അല്ലാത്തതുമായ ജീവികളെയാണ് ആദ്യ ഘട്ടത്തിൽ മാറ്റേണ്ടിയിരുന്നത്.

അതിനുപകരം പ്രായം ചെന്നതും ഗർഭാവസ്ഥയിൽ ഉള്ളതുമായ ജീവികളെ മാറ്റിയപ്പോൾ ഇത്തരത്തിലുള്ള ബുദ്ധിമുട്ടുകൾ ഉണ്ടായി. ഇക്കാര്യത്തിൽ അടിയന്തിരമായ പുനർചിന്തനം ആവശ്യമാണെന്ന് ഫ്രണ്ട്സ് ഓഫ് സൂ ഭാരവാഹി അറിയിച്ചു. അല്ലാത്തപക്ഷം പുതിയ സുവോളജിക്കൽ പാർക്കിനെ സംബന്ധിച്ച് ജനങ്ങൾക്ക് ആശങ്ക ഉണ്ടായേക്കാവുന്ന സാഹചര്യമുണ്ടാകും. ഇത് ഒഴിവാക്കണം.

ആരോഗ്യപരമായി സുസ്ഥിതിയുള്ള ജീവികളെ ഘട്ടംഘട്ടമായി മാറ്റുകയും, അവയെ പുതുങ്ങിയത് രണ്ടു മാസമെങ്കിലും സസൂക്ഷ്മം നിരീക്ഷിക്കുകയും ചെയ്യുന്ന സാഹചര്യം ഉണ്ടാകണം.

ആവാസവ്യവസ്ഥകളുടെ നിർമ്മാണം ഇനിയും പൂർത്തിയാക്കാനുണ്ടെന്ന് അധികൃതർ ഇപ്പോൾ പറയുന്നു.

എങ്കിൽ പിന്നെ പത്തു മാസം മുമ്പ് തിരക്കിട്ട് ഉദ്ഘാടനം നടത്തിയത് എന്തിനാണ് എന്ന ചോദ്യത്തിന് ഉത്തരം ഇല്ല. നിർമ്മാണം പൂർത്തിയാക്കുക, ജീവികളെ പുത്തൂരിലേക്ക് മാറ്റുക തുടങ്ങിയ പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ നടക്കേണ്ടുന്ന ഈ കാലഘട്ടത്തിൽ സുവോളജിക്കൽ പാർക്കിന്റെ ഡയറക്ടർ സ്ഥാനത്ത് മുഴുവൻ സമയം ചെലവഴിക്കാവുന്ന ഒരു വ്യക്തിയാണ് ആവശ്യമായിട്ടുള്ളത്.

ഇപ്പോൾ ഡയറക്ടറുടെ ചുമതല വഹിക്കുന്ന വ്യക്തിക്ക് മറ്റ് രണ്ട് പ്രധാനപ്പെട്ട സ്ഥാപനങ്ങളുടെ കൂടി ചുമതലയുണ്ട്.

രണ്ടു വ്യത്യസ്ത ജില്ലകളിലായി. അതുകൊണ്ടുതന്നെ സുവോളജിക്കൽ പാർക്കിന്റെ ദൈനംദിന പ്രവർത്തനങ്ങളെ സസൂക്ഷ്മം നിരീക്ഷിച്ച് ദിശാഗതി നിർണയിക്കാൻ സാധിക്കുകയില്ല.

ഇക്കാരണത്താൽ സുവോളജിക്കൽ പാർക്കിന് ഒരു മുഴുവൻ സമയ ഡയറക്ടറെ അടിയന്തരമായി നിയമിക്കുകയോ ഇപ്പോൾ ഉള്ള ഡയറക്ടർക്ക് മറ്റു ചുമതലകളിൽ നിന്നും മാറ്റം നൽകുകയോ ചെയ്യണമെന്ന് സംസ്ഥാന വനം വകുപ്പ് മന്ത്രിക്ക് നിവേദനം നൽകിയതായി ഫ്രണ്ട്സ് ഓഫ് സൂ സെക്രട്ടറി എം. പീതാംബരൻ മാസ്റ്റർ അറിയിച്ചു.

28-8-2024 തത്സമയം

Animal shifting to Puthur park put off

TIMES NEWS NETWORK

Thrissur: Translocation of animals and birds from Thrissur zoo to the new Puthur Zoological Park has been suspended following the death of four birds and a deer, translocated earlier.

DEATH OF 4 BIRDS, 1 DEER

According to zoological park sources, the birds which had died included two rose ringed parakeets, one chukar partridge and one silver pheasant. One rose ringed parakeet had died on Dec 15, 2023, while the other one had died on Dec 23. One of the parakeets had died after food getting stuck in trachea while inflighting claimed the life of the other, as per the postmortem report. The silver pheasant had died on March 10 this year due to acute septicaemia.

File photo



Puthur Zoological Park officials said they had submitted details, including postmortem reports, to designated officials

The hog deer had died on April 19 and its postmortem had indicated it had died due to bacterial infection.

Park officials denied reports that they had concealed the deaths. They said they had submitted details, including postmortem reports, to designated officials like Central Zoo Authority officials. Explanations have been sought from two curators in the incident, though there are no hints of any human error in the deaths. The animals and birds were aged, an official said.

Friends of Zoo secretary M Peethambaran has demanded posting of full-time veterinarians and proper treatment facilities at the earliest at the zoological park.

30-4-2024

TIMES OF INDIA

താളം തെറ്റി സുവോളജിക്കൽ പാർക്ക്

മുഴുവൻ സമയ ഡയറക്ടറെ നിയമിക്കണമെന്ന് ഫ്രണ്ട്സ് ഓഫ് സൂ

തൃശൂർ: പുത്തൂർ സുവോളജിക്കൽ പാർക്കിൽ മുഴുവൻ സമയ ഡയറക്ടറെ നിയമിക്കണമെന്ന് സംസ്ഥാന വനം വകുപ്പ് മന്ത്രിക്ക് നിവേദനം നൽകി ഫ്രണ്ട്സ് ഓഫ് സൂ. പാർക്കിന്റെ നിർമ്മാണം പൂർത്തീകരിച്ച് പക്ഷിമൃഗാദികളെ തൃശൂർ മൃഗശാലയിൽ നിന്ന് പുത്തൂരിലേക്ക് മാറ്റുന്ന പ്രക്രിയ തുടരേണ്ട കാലഘട്ടമാണിത്.

ഇതിനായി കേന്ദ്ര മൃഗശാല അതോറിറ്റി കഴിഞ്ഞ സെപ്റ്റംബർ ആദ്യം നിയമി അനുമതി നൽകിയതാണ്.

ഒക്ടോബർ രണ്ടാം തീയതി ആഘോഷമായി മൃഗങ്ങളിലുകളെ പുത്തൂരിലേക്ക് എത്തിച്ചു. എന്നാൽ 10 മാസം പിന്നിടുമ്പോഴും കേവലം

39 ജീവികളെ മാത്രമാണ് പുത്തൂർ സുവോളജിക്കൽ പാർക്കിലേക്ക് മാറ്റിയത്. അതിൽ തന്നെ 10 ജീവികൾ മരണപ്പെട്ടു. വാർഡുകുസഹജമായ കാരണങ്ങളാലാണ് മരണം നടന്നത് എന്ന് അധികൃതർ വിശദീകരിക്കുന്നുണ്ട്.

പുതിയ സ്ഥലത്തേക്ക് മൃഗങ്ങളെ മാറ്റുമ്പോൾ കൈപ്പറ്റ ആരോഗ്യമുള്ളതും താരതമ്യേന പ്രായം കുറഞ്ഞതും ഗർഭാവസ്ഥയിൽ അല്ലാത്തതുമായ ജീവികളെയാണ് ആദ്യ ഘട്ടത്തിൽ മാറ്റേണ്ടിയിരുന്നത്.



അതിനുപകരം പ്രായം ചെന്നതും ഗർഭാവസ്ഥയിൽ ഉള്ളതുമായ ജീവികളെ മാറ്റിയപ്പോൾ ഇത്തരം ബുദ്ധിമുട്ടുകൾ ഉണ്ടായി. ആരോഗ്യപരമായി സുസ്ഥിതിയുള്ള ജീവികളെ ഘട്ടംഘട്ടമായി മാറ്റുകയും, അവയെ പുതുജീവിതത്തിന് രണ്ടു മാസമെങ്കിലും സമയക്രമം നിരീക്ഷിക്കുകയും ചെയ്യുന്ന സാഹചര്യം ഉണ്ടാകണം.

ആവാസവ്യവസ്ഥകളുടെ നിർമ്മാണം ഇനിയും പൂർത്തിയാക്കാനുണ്ടെന്ന് അധികൃതർ. ഇപ്പോൾ പറയുന്നു. എങ്കിൽ പിന്നെ പത്തു മാസം മുമ്പ് തിരക്കിട്ട് ഉദ്ഘാടനം നടത്തിയത് എന്തിനാണ് എന്ന ചോദ്യത്തിന് ഉത്തരം ഇല്ല. നിർമ്മാണം പൂർത്തിയാക്കുക, ജീവികളെ പുത്തൂരിലേക്ക് മാറ്റുക തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തേണ്ടുന്ന കാലഘട്ടത്തിൽ സുവോളജിക്കൽ പാർക്കിന് മുഴുവൻ സമയ ഡയറക്ടറെ അടിയന്തരമായി നിയമിക്കണമെന്ന് അദ്ദേഹത്തിന് ഫ്രണ്ട്സ് ഓഫ് സൂ സെക്രട്ടറി എം. പീതാംബരൻ മാസ്റ്റർ വനം വകുപ്പ് മന്ത്രിക്ക് നിവേദനം നൽകിയത്.

30-4-2024

തൃശൂർ സുവോളജിക്കൽ പാർക്കിൽ മുഴുവൻസമയ ഡോക്ടർമാരെ നിയമിക്കണം: ഫ്രണ്ട്സ് ഓഫ് സൂ

തൃശൂർ: സുവോളജിക്കൽ പാർക്കിൽ അടിയന്തരമായി ഡോക്ടർമാരുടെയും പൂർണ സജ്ജമായ ആശുപത്രിയുടെയും സേവനം ലഭ്യമാക്കണമെന്ന് ഫ്രണ്ട്സ് ഓഫ് സൂ ആവശ്യപ്പെട്ടു. സുവോളജിക്കൽ പാർക്കിൽ മുന്ന് ഡോക്ടർമാരാണ് ആവശ്യമായിട്ടുള്ളത്.

എന്നാൽ ഒരു ഡോക്ടർ പോലും സുവോളജിക്കൽ പാർക്കിന്റെതായിട്ടില്ല. അടിയന്തരഘട്ടങ്ങളിൽപ്പോലും ഇടപെടുന്നതിനായുള്ള ഡോക്ടർമാരുടെ സേവനം തേടുകയാണ് ആശുപത്രിക്കും. കാറന്റൈനും ആവശ്യമായ കെട്ടിടങ്ങൾ നിർമിച്ചു വെങ്കിലും മരുന്നുകൾ, ഉപകരണങ്ങൾ എന്നിവയൊന്നും പര്യാപ്തമല്ല. പോസ്റ്റ്മോർട്ടത്തിനുള്ള സൗകര്യവുമില്ല.

സുവോളജിക്കൽ പാർക്കിൽ ലഭ്യമായ പരിമിതമായ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കഴിവിനെ പരമാവധി മെച്ചപ്പെട്ട ശ്രദ്ധയും ശുശ്രൂഷയും മൃഗങ്ങൾക്ക് നൽകാൻ ജീവനക്കാർ പരിശ്രമിക്കുന്നുണ്ട്. ആവാസവ്യവസ്ഥകളുടെ നിർമാണവും പൂർത്തിയായിട്ടില്ല. 23 ആവാസ വ്യവസ്ഥകളിൽ നാലെണ്ണം മാത്രമാണ് പൂർണ സജ്ജമായിട്ടുള്ളത്. സുവോളജിക്കൽ പാർക്കിന്റെപ്രവർത്തനങ്ങൾക്കായി പ്രതിവർഷം 14 കോടി രൂപ ആവശ്യമാണെന്നിരിക്കെ സംസ്ഥാന ബജറ്റിൽകേവലം നൂറ് കോടി രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. സുവോളജിക്കൽ പാർക്കിന്റെ പ്രവർത്തനങ്ങൾ സജീവമാക്കാൻ എല്ലാവരുടെയും കൂട്ടായ പരിശ്രമം ആവശ്യമാണെന്ന് ഫ്രണ്ട്സ് ഓഫ് സൂ സെക്രട്ടറി എം. പീതാംബരൻ പറഞ്ഞു.

30-4-2024

അവസാനഘട്ടത്തിലേക്ക് പുത്തൂർ പാർക്ക്

മുഴുവൻ സമയ ഡയറക്ടർ, സുരക്ഷാ ഓഡിറ്റിംഗ്...?

തൃശൂർ: പുത്തൂർ സുവോളജിക്കൽ പാർക്ക് പൂർത്തീകരണ ഘട്ടത്തിലേക്ക് കടക്കുമ്പോൾ ഇനിയും പരിഹരിക്കപ്പെടാതെ കിടക്കുന്നത് മുഴുവൻ സമയ ഡയറക്ടറുടെ നിയമനവും സുരക്ഷാ ഓഡിറ്റിംഗും. ഇതിനായി ഉടൻ നടപടിയുണ്ടാകണമെന്ന് ആവശ്യപ്പെട്ട് വനം, വന്യജീവി വകുപ്പ് മന്ത്രിക്കും സുവോളജിക്കൽ പാർക്ക് ഡയറക്ടർക്കും വീണ്ടും കത്ത് നൽകിയിട്ടുണ്ട്.

- എം.പീതാംബരൻ
സെക്രട്ടറി, പ്രൊജക്ട് കമ്മിറ്റി



പുത്തൂർ സുവോളജിക്കൽ പാർക്ക്

■ നിലവിലുള്ള മൃഗപാലകർ: 14
■ വേണ്ടത്: 50

പാർക്കിന്റെ പരിരക്ഷയ്ക്കായി ചുറ്റുമതിലുകൾ കെട്ടിയടച്ചിട്ടുണ്ടെങ്കിലും അടിയന്തരമായി ചില പ്രധാന സുരക്ഷാ നടപടികൾ കൂടി സ്വീകരിക്കേണ്ടതുണ്ട്. ഇതിനായി ഉടൻ തന്നെ ഒരു ഡയറക്ടറെ നിയമിക്കണം. ഇതിനായി ഫയൽ നീക്കങ്ങൾ നടക്കുന്നുണ്ട്. ഇതിനുപുറമെ പാർക്കിന്റെ സുരക്ഷാ ഓഡിറ്റിംഗും നടത്തണം. ഇതിനായി ഫയർഫോഴ്സിന്റെ സഹായം തേടിയിട്ടുണ്ട്. ഇതിനുള്ള നടപടികൾ ഉടൻ പൂർത്തിയാക്കും. ഇതിനുശേഷം മൃഗങ്ങളെ പാർക്കിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ ആരംഭിക്കും.

ജീവികൾക്ക് ഒരുക്കിയിരിക്കുന്ന ആവാസ സൗകര്യങ്ങളിൽ ചിലതിൽ കുട്ടികൾ, അപകടങ്ങൾ എന്നിവ കണക്കിലെടുത്ത് ഉടൻ തന്നെ ചില മാറ്റങ്ങൾ വരുത്തുന്നുണ്ട്. ഇതിനായി ഉടൻ തന്നെ ഒരു ഉദ്യോഗസ്ഥനെ നിയമിക്കുമെന്നും അധികൃതർ അറിയിച്ചു.

അധികചുമതല നൽകി താത്കാലിക പരിഹാരം

മൂന്ന് മാസത്തിലേറെയായി പാർക്കിന് മുഴുവൻ സമയ ഡയറക്ടർ ഇല്ല. 24 മണിക്കൂറും പ്രവർത്തിക്കുന്ന ഡയറക്ടറാണ് വേണ്ടത്. നിലവിലെ ഡയറക്ടർക്ക് രണ്ട് ജില്ലകളിലായി രണ്ട് പദവികളുണ്ട്. മൃഗങ്ങളെ കാര്യക്ഷമമായി നിരീക്ഷിക്കാനാകില്ല. പക്ഷിമൃഗാദികളെ പുതിയസ്ഥലത്തേക്കുകൊണ്ടുവരുമ്പോഴുള്ള മാനസിക സമ്മർദ്ദം, സ്വഭാവവ്യതിയാനങ്ങൾ എന്നിവ നിരീക്ഷിച്ച് പരിചരണത്തിനായി നിർദ്ദേശം നൽകേണ്ടകൃത്യനിഷ്ഠരായ ഡോക്ടർമാർ ആകേണ്ടതെന്നും വിദഗ്ധർ ചൂണ്ടിക്കാട്ടുന്നു.

പ്രശ്നങ്ങൾ പലത്

- വനം വകുപ്പ് ഉദ്യോഗസ്ഥന്മാർക്ക് മൃഗശാലകളിലെ അനുഭവസമ്പത്ത് ഉണ്ടാകണമെന്നില്ല
- പക്ഷിമൃഗാദികൾ, സസ്യലതാദികൾ എന്നിവയിൽ സാങ്കേതികമായ പരിജ്ഞാനമുള്ളവർ വേണം
- ജീവ ശാസ്ത്രജ്ഞനും മൃഗശാല വിദ്യാഭ്യാസ ഓഫീസറും പാർക്കുകളിൽ അനിവാര്യം
- മൃഗശാലയിൽ നിന്ന് വനംവകുപ്പിലേക്ക് മാറുമ്പോഴുള്ള സാങ്കേതിക പ്രശ്നങ്ങളും പരിഹരിക്കണം

കോട കേരള 2-12-2024

പുരസ്കാരം സമർപ്പിച്ചു



പ്രാദേശികം

18 സെപ്തംബർ 2024 തിങ്കൾ

കേരള കൗമുദി 03

പുത്തൂർ സുവോളജിക്കൽ പാർക്ക്

മൃഗങ്ങളെ മാറ്റൽ അതിവേഗം; ആധുനിക മ്യൂസിയമാകാൻ മൃഗശാല

തൃശൂർ: ഇന്ത്യയിലെ ആദ്യത്തെ ഡിസൈനർ മൃഗശാലയായ തൃശൂരിലെ പുത്തൂർ സുവോളജിക്കൽ പാർക്കിലേക്ക് മൃഗങ്ങളെ മാറ്റുന്നതിന് വേഗം കൂട്ടിയതോടെ ഏതാനും മാസങ്ങൾക്കുള്ളിൽ പാർക്ക് സന്ദർശകർക്കായി സജ്ജമാക്കാൻ കഴിയുമെന്ന പ്രതീക്ഷയിൽ അധികൃതർ. പാർക്കിന്റെ മൂന്നാംഘട്ട അവസാനഘട്ടമായ ഇവിടെ ഉടൻ പൂർത്തിയാകും. മൃഗങ്ങളെപുത്തൂരിലെത്തിക്കുന്നതോടെ ചെന്നൈ അരിഗ്നർ അണ്ണാ സുവോളജിക്കൽ പാർക്കിന് ശേഷം രാജ്യത്തെ രണ്ടാമത്തെ വലിയ മൃഗശാലയായി പുത്തൂർ മാറും. ഇതിന് കൺസർവേഷൻ ആൻഡ് റിസർച്ച് സെന്റർ ഫോർ വൈൽഡ് അനിമൽസ് എന്നാണ് പേര്. ഇതിനോടകം 1,500 ഓളം മൃഗങ്ങളെ പുത്തൂരിലെത്തിച്ചു കഴിഞ്ഞു. ഇനി 2,000 ത്തോളം മൃഗങ്ങളെയാണ് എത്തിക്കാനുള്ളത്. ഇതിൽ 1,000 ത്തോളം മൃഗങ്ങളെ ഇതിനകം തന്നെ പുത്തൂരിലെത്തിച്ചു കഴിഞ്ഞു. ഇതിൽ 500 ഓളം മൃഗങ്ങളെ തുറന്ന കൂടുകളിലേക്ക് മാറ്റിയിട്ടുണ്ട്. ഇവയിൽ ഭൂരിഭാഗവും ഇന്ത്യൻ വംശജരാണ്. ഇവയെ കൂടാതെ ആഫ്രിക്കൻ വംശജരായ സിംഹം, കടുവ, പുള്ളിപ്പുലി, കരടി, ചീറ്റപ്പുലി, ഹിപ്പോപ്പൊട്ടാമസ്, സീബ്ര, ജിറാഫ്, കാണ്ടാമൃഗം, ഒട്ടകപക്ഷി, ഇമു, ഫ്ലമിംഗോ, ഹിപ്പോപ്പൊട്ടാമസ് തുടങ്ങിയവയും പുത്തൂരിലുണ്ട്. ഇവയുടെ ആവാസവ്യവസ്ഥയിലുള്ള ഇരസായ സ്ഥലത്തുള്ള സ്ഥിരം കൂടുകളിലേക്ക് മാറ്റി തുടങ്ങി. വന്യമൃഗങ്ങളിലും മാനുകളെ കൊണ്ടുവന്നത് തുടരും. അടുത്ത വർഷം ജനുവരിയോടെ എല്ലാ ജീവികളെയും മാറ്റാനാണ് ലക്ഷ്യമിട്ടിരുന്നത്. മാൻ വർഗത്തിൽപ്പെട്ട 60 എണ്ണത്തോടെയും ഉടൻ പുത്തൂരിലെത്തിക്കും. കലമാൻ, പുള്ളിമാൻ, പന്നിമാൻ എന്നിവയിൽനിന്ന് 20 എണ്ണം വീതമാണ് കൊണ്ടുവരിക.

മാനുകളെ എത്തിക്കൽ പ്രയാസകരം

പാർക്കിലേക്ക് മാനുകളെ എത്തിക്കുന്നതാണ് ഏറെ പ്രയാസകരം. മുഴുവൻ മാനുകളെയും പാർക്കിലെത്തിച്ച് ആവാസവ്യവസ്ഥയുമായി ഇണക്കിയാൽ ആശ്വാസമാകും. മാനുകളെപ്പോലെ അമിത സമ്മർദ്ദവും ഭയവും മറ്റു ജീവികൾക്ക് പൊതുവേ കുറവാണ്. അതിനാലാണ് ഇടക്കത്തിൽത്തന്നെ മാനുകളെ പൂർണമായി മാറ്റാൻ ശ്രമം തുടങ്ങിയത്. പൊതു രീതി പ്രകാരമാണ് ഇവയെ എത്തിക്കുന്നത്. കൃത്യദൂരങ്ങളെയും ഒഴിവാക്കുന്നതും. മാനുകൾ തമ്മിൽത്തമ്മിൽ പുൽത്തകിടിയും കുടിവെള്ളത്തിന് നീർച്ചാലുകളും സൃഷ്ടിച്ചു. സിംഹം, പുലി, കടുവ എന്നിവയെയും ജനുവരിയോടെ എത്തിക്കാൻ നടപടികളായി.

നാട്ടാണ് കടന്ന പെരുമ

നൂറാണ്ട് പിന്നിട്ട പെരുമയും ചരിത്രവുമുള്ള തൃശൂരിലെ മൃഗശാല ഇനി ഓർമ്മയാകും. നഗരമധ്യത്തിൽ 13.5 ഏക്കർ വിസ്തൃതിയിൽ 1885ൽ പ്രവർത്തനം ആരംഭിച്ച മൃഗശാല ഇന്ത്യയിലെ ഏറ്റവും പഴക്കമുള്ള ഒന്നാണ്. ദക്ഷിണേന്ത്യയിലെ തന്നെ വിനോദസഞ്ചാരകേന്ദ്രമായി വളർന്ന മൃഗശാല അങ്ങനെയിരിക്കുമ്പോഴാണ് പുതിയിടം കുട്ടംപുഴയും ശക്തൻതമ്പുരാൻ അടക്കമുള്ള പ്രമുഖർ ഉപയോഗിച്ചിരുന്ന വസ്തുക്കളും പ്രദർശിപ്പിച്ചിട്ടുണ്ട്. പാമ്പുകളെ വളർത്തുന്നതിനായി പ്രത്യേകം തയ്യാറാക്കിയ മ്യൂസിയവുമുണ്ട്.

"ജനുവരിയോടുകൂടി ഭൂരിഭാഗം മൃഗങ്ങളെയും മാറ്റാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്"

-ടി.വി. അനിൽകുമാർ, മൃഗശാല സൂപ്രണ്ട്



പ്രാദേശികം

20 സെപ്തംബർ 2024 വെള്ളി

കേരള കൗമുദി 03

പുത്തൂർ ഫർക്കിൽ

വിദേശമൃഗങ്ങൾ എത്താൻ വൈകും

പണി അതിവേഗം

പൂർത്തിയായത്

1. പാർക്കിംഗ് ഗ്രൗണ്ട്
2. ദിനോസർ മാറിയന്റൺ കേന്ദ്രം
3. ആഫ്രിക്കൻ സഫാരി
4. ഗ്ലാസ്സിൽ
5. സർവീസ് റോഡ്
6. സന്ദർശക പാർക്കിംഗ്
7. മെയിൻ ഗേറ്റ്

നിലവിലുള്ള പക്ഷികൾ 39

മാനുകൾ 38

ഫ്ലമിംഗോ തുടരും

akaumudi പ്രാദേശികം 20 നവംബർ 2024 ബുധൻ തൃശൂർ കേരളകൗമുദി 03

സുരക്ഷ കൂട്ടണം, മുഴുവൻ സമയ ഡയറക്ടറും വേണം

തൃശൂർ: പുഞ്ചുർ സുവോളജിക്കൽ പാർക്കിന്റെ നിർമ്മാണപ്രവർത്തനം പൂർത്തീകരിക്കുന്ന ഘട്ടത്തിൽ പാർക്കിന്റെ എല്ലാവിധ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകേണ്ടുന്ന ഡയറക്ടർ പദവിയിൽമുഴുവൻ സമയഉദ്യോഗസ്ഥനെനിയോഗിക്കണമെന്നാവശ്യമുയരുന്നു. പെണ്ണുക്കാവിലെമൃഗശാലയിൽ നിന്ന് കൂട്ടത്തിൽ പക്ഷിമൃഗാദികളെകൊണ്ടുവരുന്നഘട്ടത്തിൽ അടിയന്തരമായി സുരക്ഷാ ഓഡിറ്റ് നടത്തണമെന്നും കറവുകൾ ഈ ഘട്ടത്തിൽ പരിഹരിക്കണമെന്നും ഫ്രണ്ട്സ് ഓഫ് സൂ ആവശ്യപ്പെട്ടു. പക്ഷിമൃഗാദികളെ പുഞ്ചുരിലേക്ക് കൊണ്ടുവരുമ്പോൾ ചുരുങ്ങിയത് 50 മൃഗപാലകർ വേണം.

നിലവിൽ 15 പേർമാത്രമുള്ളത്. 40 പേരെയെങ്കിലും തെരഞ്ഞെടുത്ത് മറ്റ് മൃഗശാലകളിലും ഇവിടെയുമായി പരിശീലനം നൽകണം. മൃഗപാലകർക്ക് പ്രഥമശുശ്രൂഷ നൽകുമ്പോൾ ചുരുങ്ങിയത് രണ്ട് പേരെങ്കിലും ഉള്ള ഗ്രൂപ്പുകളായി തിരിച്ച് പ്രഥമശുശ്രൂഷ നൽകണം. രാത്രികാലങ്ങളിൽ ഒരു കാരണവശാലും ഓഫീസർ മാത്രമായി എവിടെയും പോകരുതെന്നാണ് നിർദ്ദേശം.



"സുവോളജിക്കൽ പാർക്കിൽ ഇതുവരെ തയ്യാറാക്കിയിരിക്കുന്ന ആവാസ പഠന സൗകര്യങ്ങളുടെ വീഡിയോ ക്ലിപ്പിംഗുകൾ, ഫോട്ടോകൾ എന്നിവ പാർക്കിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയ ഓസ്ട്രേലിയൻ സൂ ഡിസൈനർ ജോൺ കോവിന് അയച്ച് പ്രതികരണം ആരായുകയും വേണം

എം.പീതാംബരൻമാസ്റ്റർ

സെക്രട്ടറി, ഫ്രണ്ട്സ്ഓഫ്സൂ.

ജീവശാസ്ത്രജ്ഞരുംവേണം

ജീവികളുടെ എണ്ണം കൂട്ടുന്ന സാഹചര്യത്തിൽ ശാസ്ത്രീയമായ നിരീക്ഷണം നടത്തി നിർദ്ദേശം നൽകാൻ പ്രാപ്തനായ യോഗ്യതയും അനുഭവപരിചയവും ഉള്ള ജീവശാസ്ത്രജ്ഞനെനിയോഗിക്കണമെന്നും നിർദ്ദേശിക്കുന്നു. ജീവികളെ പുതിയ സ്ഥലത്തേക്ക് കൊണ്ടുവരുന്ന ഈ ഘട്ടത്തിൽ അവയുടെ മനോനില, സ്വഭാവം, ഭക്ഷണകാര്യങ്ങൾ എന്നിവ സംബന്ധിച്ച് മൃഗശാലകളിൽ മുൻകാല പ്രവർത്തനപരിചയവും ആവശ്യമായയോഗ്യതയുള്ളവ്യക്തികൾ ക്യൂറേറ്റർ, അസിസ്റ്റന്റ്ക്യൂറേറ്റർ തസ്തികകളിൽ ഉണ്ടായിരിക്കണം.

ഇൻഷ്വറൻസ് ഉൾപ്പെടെ വേണം

- ജീവനക്കാർക്ക് കടിവള്ളം, ഇൻഷുറൻസ് സംവിധാനങ്ങൾ ഉറപ്പുവരുത്തണം.
- രാത്രികാല യാത്രാസൗകര്യം ഉറപ്പുവരുത്തണം
- മൃഗപാലക പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ആരോഗ്യ, സുരക്ഷാ ഇൻഷുറൻസ് സംവിധാനം ഏർപ്പെടുത്തണം.
- പാർക്കിന്റെ പ്രധാന സ്ഥലങ്ങളിലെല്ലാം സി.സി.ടി.വി നിരീക്ഷണവും വെളിച്ചവും ഉറപ്പുവരുത്തണം.
- പുഞ്ചുരിലേക്ക് പക്ഷിമൃഗാദികളെകൊണ്ടുവരുമ്പോൾ കേന്ദ്ര മൃഗശാല അതോറിറ്റി നിർദ്ദേശിക്കുന്ന സ്ഥലസൗകര്യം ഉദ്യോഗസ്ഥർ ഉറപ്പുവരുത്തി സാക്ഷ്യപത്രം നൽകണം.
- മൃഗശാലവിദ്യാഭ്യാസത്തിന് വിദ്യാഭ്യാസത്തിനും ഗവേഷണ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകാൻ മൃഗശാല എഡ്യുക്കേഷൻ ഓഫീസറെ നിയമിക്കണം.

THRISSUR ZOOLOGICAL PARK

സുവോളജിക്കൽ പാർക്കിന് മുഴുവൻ സമയ ഡയറക്ടർ ഉണ്ടാകും

തൃശൂർ: സുവോളജിക്കൽ പാർക്കിന് മുഴുവൻ സമയം ചുമതലയുള്ള ഡയറക്ടർ ഉടനെതന്നെ ഉണ്ടാകുമെന്ന് കേരള സംസ്ഥാന വനം വകുപ്പ് മന്ത്രി എ. കെ. ശശീന്ദ്രൻ ഫ്രണ്ട്സ് ഓഫ് സൂ ഭാരവാഹികളോട് പറഞ്ഞു. വെള്ളിയാഴ്ച തൃശൂർ സുവോളജിക്കൽ പാർക്ക് സന്ദർശിക്കുന്ന വേളയിൽ ഇക്കാര്യത്തെക്കുറിച്ച് ഫ്രണ്ട്സ് ഓഫ് സൂ നല്കിയിരുന്ന നിവേദനത്തെക്കുറിച്ച് ശ്രദ്ധയിൽപെടുത്തിയപ്പോഴാണ് ഇപ്രകാരം വ്യക്തമാക്കിയത്.

ഇതുസംബന്ധിച്ച തീരുമാനങ്ങൾ ആയിട്ടുണ്ട്. ഉടനെതന്നെ ഉത്തരവ് ഇറങ്ങും എന്ന് മന്ത്രി പറഞ്ഞു.

അനിമൽ കീപ്പർമാരുടെ എണ്ണം വർദ്ധിപ്പിക്കുക ക്യൂറേറ്റർ തസ്തികയിൽ നിയമനം നടത്തുക ഇടങ്ങിയ കാര്യങ്ങളിലും ഉടനെ നടപടികൾ ഉണ്ടാകുമെന്ന് മന്ത്രി അഭിപ്രായപ്പെട്ടു.

തൃശൂർ മൃഗശാലയിൽ നിന്ന് പുഞ്ചുർ സുവോളജിക്കൽ പാർക്കിലേക്ക് ജോലി മാറ്റം വാങ്ങാൻ താല്പര്യമുള്ളവരുടെ എണ്ണം കണക്കാക്കി ബാക്കി ആവശ്യമായിവരുന്ന അനിമൽ കീപ്പർമാരെ തെരഞ്ഞെടുത്ത് പരിശീലനം നൽകുന്ന കാര്യം സജീവമായി പരിഗണിക്കുമെന്ന് റവന്യൂ വകുപ്പ് മന്ത്രി കെ രാജനും അഭിപ്രായപ്പെട്ടതായി ഫ്രണ്ട്സ് ഓഫ് സൂ സെക്രട്ടറി എം. പീതാംബരൻ മാസ്റ്റർ അറിയിച്ചു.



സുവോളജിക്കൽ പാർക്ക് നിർമ്മാണം വേഗത്തിൽ

വരും,മുഴുവൻ സമയ ഡയറക്ടർ

റോഡ് പദ്ധതിയും പൂർത്തിയാക്കും

തൃശൂർ: അന്താരാഷ്ട്ര നിലവാരത്തിലൊരുങ്ങുന്ന പുത്തൂർ സുവോളജിക്കൽ പാർക്കിന് മുഴുവൻസമയ ഡയറക്ടറെ നിയമിക്കും. ഈ മാസത്തിലെ മറയായി പാർക്കിന് മുഴുവൻ സമയ ഡയറക്ടർ ഇല്ലായിരുന്നു. ഇക്കാര്യം കഴിഞ്ഞദിവസം കേരളകൗമുദി റിപ്പോർട്ട് ചെയ്തിരുന്നു. നിലവിലെ ഡയറക്ടർക്ക് രണ്ട് ജില്ലകളിലായി രണ്ട് ചുമതലകളുണ്ട്. ഈ ചുമതലകളും കാര്യക്ഷമമായി നിർവഹിക്കാൻ ഇവർക്ക് കഴിഞ്ഞിരുന്നില്ല. പാർക്ക് ഈണിൽ പൂർണമായും പൊതുജനങ്ങൾക്ക് ഉപകാരപ്രദമാക്കണമെന്ന് മന്ത്രിമാരായ കെ. രാജനും എ.കെ. ശശീന്ദ്രനും പ്രഖ്യാപിച്ചതിന് പിന്നാലെയാണ് പാർക്കിന് മുഴുവൻസമയ ഡയറക്ടറെ നിയോഗിക്കുന്നത്. ഇതുസംബന്ധിച്ച തീരുമാനമായതായും ഉടൻ ഉത്തരവ് ഇറങ്ങുമെന്നുമാണ് വിവരം. പാർക്കിലെ നിർമ്മാണപ്രവർത്തനങ്ങൾക്കും വേഗം കൂട്ടിയിട്ടുണ്ട്. പക്ഷിഗാദികളെ പുതിയ സ്ഥലത്തേക്ക് കൊണ്ടുവരുമ്പോഴുള്ള മാനസിക സമ്മർദ്ദം, സ്വഭാവവ്യത്യാസങ്ങൾ എന്നിവ നിരീക്ഷിച്ച് പരിചരണത്തിനായി നിയോഗം നൽകേണ്ട ക്യൂറേറ്റർമാരുടെ കാര്യത്തിലും പാർക്കിലുള്ള അനിമൽ കീപ്പർ മാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിലും കൃഷ്ണ തുടങ്ങിയ നടപടികൾ ഉണ്ടാകും. തൃശൂർ ഗുഡ്ഷെഡിൽ നിന്ന് പുത്തൂർ പാർക്കിലേക്ക് ജൈവമാലിന്യം വാങ്ങാൻ താല്പര്യമുള്ളവരുടെ എണ്ണം കണക്കാക്കി ബാക്കി ആവശ്യമായിവരുന്ന അനിമൽ കീപ്പർ മാരെ തെരഞ്ഞെടുത്ത് പരിശീലനം നൽകുന്ന കാര്യം പരിഗണിക്കുമെന്ന് കെ. രാജൻ വ്യക്തമാക്കിയിട്ടുണ്ട്.

പാർക്കിലേക്കുള്ള 5 മീറ്റർ വീതിയിലുള്ള മോഡൽ റോഡിന്റെയും പുത്തൂർ സമാന്തര പാലത്തിന്റെയും നിർമ്മാണം വേഗത്തിൽ പൂർത്തിയാക്കാൻ നിരന്തരം ഇടപെടുമെന്ന് പൊതുമരാമത്ത് മന്ത്രി പി.എ മുഹമ്മദ് റിയാസിന്റെ പ്രഖ്യാപനത്തിൽ ഏറെ പ്രതീക്ഷ. ഒല്ലൂർ മണ്ഡലത്തിൽ 51.34 കോടിയുടെ പൊതുമരാമത്ത് റോഡുകളുടെ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. കിഫ്ബിയുടെ 63കോടിയുടെ റോഡ് പദ്ധതിക്ക് ഭൂമിഏറ്റെടുക്കലിൽ പുരോഗതിയുണ്ട്.

KAUMUDI IMPACT

മന്ത്രിമാർ പാർക്ക് സന്ദർശിക്കുന്ന വേളയിൽ മുഴുവൻ സമയ ഡയറക്ടറുടെ അഭാവം സംബന്ധിച്ച് ഫ്രണ്ട്സ് ഒഫ് സൂ നൽകിയിരുന്ന നിവേദനത്തെക്കുറിച്ച് ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ഉടൻ ഉത്തരവ് ഇറങ്ങുമെന്നും ഉറപ്പ് നൽകിയിട്ടുണ്ട്.

എം.പീതാംബരൻ, സെക്രട്ടറി, ഫ്രണ്ട്സ് ഒഫ് സൂ

പാർക്കും കായൽ ടൂറിസം പദ്ധതിയും മരാട്ടിപ്പാറ് വല്ലൂർ കുന്നും പൂർണ്ണ അർത്ഥത്തിൽ യാഥാർത്ഥ്യമാകുന്നതോടെ പുത്തൂരിലെ സാമ്പത്തിക വളർച്ചയിൽ കുതിപ്പ് കൂടുതൽ ടൂറിസ്റ്റുകളെത്തുന്നതോടെ പുത്തൂരിലെ സാമ്പത്തിക വളർച്ചയിൽ കുതിപ്പ് കൂടുതൽ റോഡിന്റെയും പാലത്തിന്റെയും നിർമ്മാണം ഒരു വർഷം കൊണ്ട് പൂർത്തിയാക്കാനുള്ള ഇടപെടലുകളുണ്ടാകും.

- മന്ത്രി കെ. രാജൻ

ഏഷ്യയിലെ ഏറ്റവും വലിയ സുവോളജിക്കൽ പാർക്ക് കാണാൻ ലോകത്തിന്റെ വിവിധ കോണുകളിൽ നിന്നും പുത്തൂരിൽ എത്തുന്ന ആളുകളുടെ സഞ്ചാരത്തിനും മികച്ച രീതിയിൽ തന്നെ ആയിരിക്കണമെന്നാണ് പൊതുമരാമത്ത് വകുപ്പ് ലക്ഷ്യമിടുന്നത്.

- മന്ത്രി പി.എ മുഹമ്മദ് റിയാസ്



തൃശ്ശൂർ സുവോളജിക്കൽ പാർക്കിൽ ഹോളോഗ്രാം സൂവിന്റെ നിർമ്മാണ ഉദ്ഘാടനം സംസ്ഥാന റവന്യൂ വകുപ്പ് മന്ത്രി അഡ്വ. കെ. രാജൻ നിർവഹിച്ചപ്പോൾ. സുവോളജിക്കൽ പാർക്ക് സ്പെഷൽ ഓഫീസർ കെ.ജെ. വർഗ്ഗീസ് ഐ.എഫ്.എസ്., ഡയറക്ടർ ബി.എൻ.നാഗരാജ ഐ.എഫ്.എസ്., പുത്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, മിനി ഉണ്ണികൃഷ്ണൻ ഫ്രണ്ട്സ് ഓഫ് സൂ സെക്രട്ടറി, എം. പീതാംബരൻ മാസ്റ്റർ എന്നിവർ സമീപം

www.janmabhumi.in

പുത്തൂർ സുവോളജിക്കൽ പാർക്കിലേക്ക് ഇരുനില ബസ്

തൃശൂർ : പുത്തൂർ സുവോളജിക്കൽ പാർക്കിലേക്ക് നഗരത്തിൽ നിന്ന് ഇരുനില ബസ് കെഎസ്ആർടിസി ബസ് ട്രാൻ റൺ നടത്തി. ഈ മാസം നാണ് മുഖ്യമന്ത്രി പിണറായി വിജയൻ പുത്തൂരിലെ പുതിയ സുവോളജിക്കൽ പാർക്കിന്റെ ഭ്ഘാടനം നിർവഹിക്കുക. അതിനു മുന്നോടിയായാണ് കെഎസ്ആർടിസി തൃശൂർ നഗരത്തിൽനിന്ന് സുവോളജിക്കൽ പാർക്കിലേക്ക് ഡബിൾ ഡക്കർ ബസ് സർവീസ് പ്രഖ്യാപിച്ചത്.

ബസ്സിന്റെ മുകളിലെ മാനം ഗ്ലാസ് നിലയിലാണ്. രണ്ട് നിലകളിലുമായി യാത്രക്കാർക്കുള്ള സീറ്റുകൾ ക്രമീകരിച്ചിരിക്കുന്നു. തൃശൂർ കെ എസ് ആർ ടി സി ട്രാൻസ്പോർട്ട് ബസ്റ്റാൻഡിൽ നിന്ന് പുഴയ്ക്കൽ പാടം വഴി സുവോളജിക്കൽ പാർക്കിൽ സന്ദർശനം നടത്തി തിരിച്ച് കെഎസ്ആർടിസി സ്റ്റാൻഡിൽ എത്തുന്ന തിരിയിലാണ് സർവീസ് ആസൂത്രണം ചെയ്തിട്ടുള്ളത്. പ്രാരംഭഘട്ടത്തിൽ വിനോദത്തിൽ ഒരു സർവീസ് വീതമാകും ഉണ്ടാവുക. പിന്നീട് സർവീസുകളുടെ എണ്ണം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കും. ട്രയൽ സർവീസിൽ പങ്കെടുക്കാൻ മന്ത്രിമാരായ കെ.രാജൻ, ഗണേഷ് കുമാർ, കെ.കൃഷ്ണൻകുട്ടി എന്നിവരും എത്തിയിരുന്നു. പുതിയ ഇലക്ട്രിക് ഡബിൾ ഡെക്കർ ബസ് ജനുവരിയോടെ തൃശൂരിലെത്തും. ടെണ്ടർ നടപടികൾ പൂർത്തിയാക്കി 40 ഓളം സീറ്റുകളിൽ കുട്ടികൾ ഉൾപ്പെടെ ഇരിക്കുന്നതിനുള്ള സൗകര്യമാണ് ബസ്സിനുള്ളിൽ ഒരുക്കിയിട്ടുള്ളത്. പുത്തൂർ സുവോളജിക്കൽ പാർക്കിലും ഇലക്ട്രിക് കെ.എസ്. ആർ.ടി.സി ബസ്സുകൾ വരും. തൃശ്ശൂർ കെ.എസ്. ആർ.ടി.സി സ്റ്റാൻഡിൽനിന്നുള്ള അവസാനം ഒരു കുടുംബമാണ് ഡബിൾ ഡക്കർ ബസിലുടെയെന്നും മന്ത്രികെ. രാജൻ പറഞ്ഞു.

ഗോഡിന്റെ വാഗ്ദാനങ്ങളിലുള്ള കേരിൽ, ഇലക്ട്രിക് കമ്പികൾ എന്നു തിരിയിൽ മാറ്റിക്കൊണ്ട് യാത്ര സുഖകരം ആകുക എന്ന് പരിശോധിക്കുമെന്ന് മന്ത്രിമാർ വകുപ്പ് മന്ത്രി കെ.രാജൻ പറഞ്ഞു. ഇലക്ട്രിസിറ്റി കേരിൽ വിഭാഗം ഉദ്യോഗസ്ഥരും ജനപ്രതിനിധികളും കോർപ്പറേഷൻ ഉദ്യോഗസ്ഥരും യാത്രയിൽ ഉണ്ടായിരുന്നു. കെഎസ്. ആർ.ടി.സി ബസ് സ്റ്റാൻഡ് നവീകരണത്തിന്റെ ഡിസൈൻ, പേപ്പർ പാർക്കുകളെല്ലാം പൂർത്തിയായി. ടെണ്ടർ നടപടികൾ പൂർത്തിയാക്കി 40 ദിവസത്തിനുള്ളിൽ കെട്ടിടം പൊളിക്കുമെന്നും നഗരത്തെ വകുപ്പ് മന്ത്രി പറഞ്ഞു. പുതിയതായി നിർമിക്കുന്ന തൃശ്ശൂർ കെ.എസ്. ആർ.ടി.സി സ്റ്റാൻഡിന്റെ ഗ്രീഡിസൈനും മന്ത്രി കെ. രാജൻ പ്രകാശനം ചെയ്തു. പി.ബാലചന്ദ്രൻ എംഎൽഎ, വി വിൽസൺ വിഎന്നീ ഡിസൈൻ രൂപകൽപ്പന ചെയ്തത്.

താനിലെത്തിൽ നിന്നും സുവോളജിക്കൽ പാർക്കിലേക്ക് നടത്തിയ ബസ് യാത്രയുടെ ഫ്ലാഗ് ഓഫ് വകുപ്പ് മന്ത്രി കെ. രാജൻ, നഗരത്ത വകുപ്പ് മന്ത്രി കെ.ബി ഗണേഷ്കുമാർ പറഞ്ഞു. ഇലക്ട്രിസിറ്റി കേരിൽ വിഭാഗം ഉദ്യോഗസ്ഥരും ജനപ്രതിനിധികളും കോർപ്പറേഷൻ ഉദ്യോഗസ്ഥരും യാത്രയിൽ ഉണ്ടായിരുന്നു. കെഎസ്. ആർ.ടി.സി ബസ് സ്റ്റാൻഡ് നവീകരണത്തിന്റെ ഡിസൈൻ, പേപ്പർ പാർക്കുകളെല്ലാം പൂർത്തിയായി. ടെണ്ടർ നടപടികൾ പൂർത്തിയാക്കി 40 ദിവസത്തിനുള്ളിൽ കെട്ടിടം പൊളിക്കുമെന്നും നഗരത്ത വകുപ്പ് മന്ത്രി പറഞ്ഞു. പുതിയതായി നിർമിക്കുന്ന തൃശ്ശൂർ കെ.എസ്. ആർ.ടി.സി സ്റ്റാൻഡിന്റെ ഗ്രീഡിസൈനും മന്ത്രി കെ. രാജൻ പ്രകാശനം ചെയ്തു. പി.ബാലചന്ദ്രൻ എംഎൽഎ, വി വിൽസൺ വിഎന്നീ ഡിസൈൻ രൂപകൽപ്പന ചെയ്തത്.



കെഎസ്ആർടിസി ഡബിൾ ഡക്കർ ബസ് പരിക്ഷണ ഓട്ടത്തിന്റെ ഭാഗമായി ഇന്നലെ പുത്തൂർ സുവോളജിക്കൽ പാർക്കിൽ എത്തിയപ്പോൾ

പ്രസിഡന്റ് ഇന്ദിര മോഹനൻ, കോർപ്പറേഷൻ വൈസ് ചെയർപേഴ്സൺ വർഗ്ഗീസ് കണ്ടംകുളത്തി, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങി യവരും ട്രയൽ റൺ ബസിൽ ഡബിൾ ഡക്കർ ബസ് യാത്രയിൽ പങ്കെടുക്കുന്നു.

■ സുവോളജിക്കൽ പാർക്കിൽ മുഴുവൻ സമയ ഡയറക്ടറില്ല

പണി ഇനി ഇഴയും?

സ്വന്തം ലേഖകൻ

തൃശൂർ: പുത്തൂർ സുവോളജിക്കൽ പാർക്കിൽ മുഴുവൻ സമയം ഡയറക്ടറില്ലാത്തതിനാൽ അവസാനവട്ട നിർമാണം വൈകുമെന്ന് ആശങ്ക.

ഡയറക്ടറുടെ ചുമതലയുള്ള ഉദ്യോഗസ്ഥന് രണ്ട് വ്യത്യസ്ത മൃഗശാലകളിലെ പ്രധാനപ്പെട്ട പണികളുടെ മേൽനോട്ടച്ചുമതലയുണ്ട്. ഇതിനാൽ മൈസൂരിനടുത്ത് പ്രാർത്തനങ്ങൾ നിരീക്ഷിച്ച് പാർക്കിലെ നിർമാണപുരോഗതിയിൽ തീരുമാനമെടുക്കാനില്ല. ഡയറക്ടറെ മുഴുവൻ സമയത്തേക്ക് നിയമിക്കുകയോ ഒരു പുതിയ ചുമതലയിൽനിന്നും ഒഴിവാക്കുകയോ വേണമെന്നാണ് ആവശ്യം.

ഇക്കാര്യം ഉന്നയിച്ച് പ്ലാനിംഗ് സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം മേധാവിക്ക് കത്തുനൽകിയിട്ടുണ്ട്. ആരോഗ്യമുള്ളവരെ ഘട്ടംഘട്ടമായി പുത്തൂരിലേക്ക് മാറ്റുകയും അവയെ രണ്ടു മാസത്തിലൊരിക്കൽ നിരീക്ഷിക്കുകയും ചെയ്യേണ്ടതുണ്ട്.

പണി വൈകിയാൽ നഷ്ടങ്ങളേറെ

- വന്യജീവി വിസംരക്ഷണ ഗവേഷണത്തിനും വിനോദ സഞ്ചാരത്തിനും സഹായകരമാകുന്ന സ്ഥാപനമാണിത്.
- ആവാസ വ്യവസ്ഥകളുടെ നിർമാണം ഇനിയും പൂർത്തിയാക്കാനുള്ളതിനാൽ പണികൾ വൈകുന്നത് ധനനഷ്ടമുണ്ടാക്കും.
- മൃഗങ്ങളെ പുത്തൂരിലേക്ക് മാറ്റിയാലും പാർക്കിലെ സാഹചര്യങ്ങളോട് പൊരുത്തപ്പെടാൻ വീണ്ടും മാസങ്ങളെടുക്കും.
- പ്രായം കൂടുതലുള്ള മൃഗങ്ങൾ സ്ഥലത്തിൽ അല്പമായുള്ള ജീവികളെ മാറ്റുന്നത് ബുദ്ധിമുട്ടായിരിക്കുമെന്നത്.



> നിർമാണം പൂർത്തിയാക്കുക, ജീവികളെ പുത്തൂരിലേക്ക് മാറ്റുക തുടങ്ങിയ പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ നടത്താനുള്ള സമയത്ത് സുവോളജിക്കൽ പാർക്കിന്റെ ഡയറക്ടർ സ്ഥാനത്ത് മുഴുവൻ സമയം ചെലവഴിക്കാവുന്ന ഉദ്യോഗസ്ഥന് അനിവാര്യമാണ്.
> - എം. പീതാംബരൻ മാസ്റ്റർ, സെക്രട്ടറി, ഫ്രണ്ട്സ് ഓഫ് സു

- പുത്തൂരിലുള്ള മൃഗങ്ങൾ: 27 പക്ഷികൾ, 1 പന്നിമാൻ
- തൃശൂർ മൃഗശാലയിൽനിന്നെത്തിച്ചവ: 38 (36 പക്ഷികൾ, 2 പന്നിമാൻ)
- ചത്തത്: 9 പക്ഷികളും 1 പന്നിമാനും
- ജനവാസമേഖലകളിൽ നിന്ന് പിടികൂടിയത്: 4 കടുവ, 1 പുള്ളിപ്പുലി
- തൃശൂർ മൃഗശാലയിലുള്ളത്: 489

ജീവികളെ തിടുക്കത്തിൽ മാറ്റി?

ആവാസ സംവിധാനങ്ങളുടെ നിർമാണം പൂർത്തീകരിച്ച് പക്ഷിമൃഗാദികളെ തൃശൂർ മൃഗശാലയിൽനിന്ന് പുത്തൂരിലേക്ക് മാറ്റേണ്ട സമയമാണിത്. സെൻട്രൽ സൂ അതോറിറ്റി (കേന്ദ്ര മൃഗശാലാ അതോറിറ്റി) ഇതിന് അനുമതി നൽകിയത് 2023 സെപ്റ്റംബർ ആദ്യമാണ്. 2023 ഒക്ടോബർ രണ്ടിന് ഗാന്ധിജയന്തി ദിനത്തിൽ മൃഗ്തമിഴകളെ പുത്തൂരിലേക്കൊണ്ടുവന്ന് ജീവികളുടെ മാറ്റത്തിന്റെ ഉദ്ഘാടനം തുടങ്ങിയതോടെ നിർവഹിച്ചിരുന്നു. 10 മാസം പിന്നിടുമ്പോഴും 39 ജീവികളെ മാത്രമാണ് മാറ്റിയത്. നിലവിൽ ഒഴിവാക്കുന്നതിനുള്ള നടപടിയിലാണ് എന്നാണ് ഔദ്യോഗിക വിശദീകരണം. പുത്തൂരിലേക്ക് മാറ്റുന്നതിനുള്ള മൃഗങ്ങളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടെന്നും അധികൃതർ പറയുന്നു.

സുവോളജിക്കൽ പാർക്ക് യാഥാർത്ഥ്യമാകുന്നു

നാൽപ്പത് വർഷക്കാലത്തെ പ്രതീക്ഷകളുടെയും പ്രവർത്തനങ്ങളുടെയും ഫലമായി സുവോളജിക്കൽ പാർക്ക് യഥാർത്ഥ്യമാകുകയാണ്. 2005 ഒക്ടോബർ 28ന് ഉദ്ഘാടനം. മനുഷ്യന്റെ വിനോദത്തിനും ആനന്ദത്തിനുമായി ഒരു കൂട്ടം ജീവികൾ ഇടുങ്ങിയ കൂടുകളിൽ ബുദ്ധിമുട്ട് അനുഭവിക്കുക എന്നത് തികച്ചും അധാർമികമായ കാര്യമാണ്. സംരക്ഷണത്തിനും ഗവേഷണത്തിനു വേണ്ടി ആണെങ്കിൽ പോലും ജീവികൾക്ക് പരമാവധി മെച്ചപ്പെട്ട ആവാസ ഇടങ്ങൾ തയ്യാറാക്കി കൊടുക്കേണ്ടത് സംസ്കാര സമ്പന്നനായ മനുഷ്യന്റെ ഉത്തരവാദിത്വമാണ്. ഈയൊരു ചിന്തയാണ്, കേവലം മൃഗശാല എന്നതിനുപരിയായി ഒരു സുവോളജിക്കൽ പാർക്ക് വന്യജീവിസംരക്ഷണ ഗവേഷണകേന്ദ്രം എന്ന നിലയിലേക്ക് മനുഷ്യന്റെ ചിന്തകൾ വികസിച്ചത്.

പക്ഷിമൃഗാദികൾക്കും പരമാവധി മെച്ചപ്പെട്ട ആവാസ ഇടങ്ങൾ ഒരുക്കാൻ സാധിക്കുന്നു എന്നതാണ് ഇതിന്റെ ഏറ്റവും പ്രധാനപ്പെട്ട സദ്ഫലം. അതോടൊപ്പം സംരക്ഷണ - ഗവേഷണ പ്രവർത്തനങ്ങളും. പശ്ചിമഘട്ട നിരകളിൽ വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന ജീവികളുടെ സംരക്ഷണത്തിനും ഗവേഷണത്തിനുമായി ഈ സുവോളജിക്കൽ പാർക്ക് നിലകൊള്ളുന്നു. വരുംതലമുറയിലുള്ള വിദ്യാർഥികൾക്കും ഗവേഷകർക്കുമെല്ലാം പഠനത്തിനുള്ള ഒരു ഇടമായി ഇത് മാറട്ടെ. സുവോളജിക്കൽ പാർക്ക് വരുന്നതിന്റെ പേരിൽ പുത്തൂരിലും പരിസരത്തും ഭൂമിയുടെ വില തന്നെ ക്രമാതീതമായി വർദ്ധിച്ചു. ഒരു സെൻറ് ഭൂമി വാങ്ങി ഒരു കൂര വെക്കാൻ ആഗ്രഹിക്കുന്നവർക്ക് വലിയ സാമ്പത്തിക ചെലവ് വരുന്ന സാഹചര്യവും ഉണ്ടായിരിക്കുന്നു. അതുകൊണ്ടുതന്നെ ഈ സ്ഥാപനവുമായി ബന്ധപ്പെട്ട രൂപംകൊള്ളുന്ന തൊഴിലവസരങ്ങളിൽ സമീപപ്രദേശത്ത് ഉള്ളവർക്ക്, യോഗ്യതയുള്ളവർ ആണെങ്കിൽ, മുൻഗണന നൽകുന്നത് ഒരു നീതിയും യുക്തിയുമാണ്.

പ്രത്യക്ഷമായും പരോക്ഷമായും നിരവധി തൊഴിൽസാധ്യതകൾ സുവോളജിക്കൽ പാർക്കുമായി ബന്ധപ്പെട്ട് ഉണ്ടാവും. അവ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ യുവാക്കളേയും സ്വയംസഹായ സംഘങ്ങളേയും പ്രോത്സാഹിപ്പിക്കാനും മാർഗനിർദേശം നൽകാനും ത്രിതല പഞ്ചായത്തുകൾക്കും കേന്ദ്ര - സംസ്ഥാന ഗവൺമെൻറ്കൾക്കും സാധിക്കേണ്ടതുണ്ട്. ഈ മേഖലയുടെ കാർഷിക പ്രാധാന്യം നിലനിർത്തുമ്പോഴാണ് ഇതെല്ലാം സാധ്യമാകുക. സുവോളജിക്കൽ പാർക്കിനോടനുബന്ധിച്ച് മാൻ സഫാരി പാർക്ക്, ഹോളോഗ്രാം സൂ, പെറ്റിങ്ങ് സൂ എന്നിവയുടെ നിർമ്മാണവും പുരോഗമി

ക്കുന്നു. സുവോളജിക്കൽ പാർക്കിന്റെ കാഴ്ച – അനുഭവ വൈവിധ്യത്തിന് ഇവയും സഹായകമാകും. സുവോളജിക്കൽ പാർക്ക് യാഥാർത്ഥ്യമാക്കുന്നതിന് വേണ്ടി പ്രത്യക്ഷമായും പരോക്ഷമായും പിന്നിട്ട 40 വർഷക്കാലം സഹകരണവും ശക്തിയും പകർന്ന എല്ലാവരോടും ഈ അവസരത്തിൽ ആത്മാർത്ഥമായ നന്ദി അറിയിക്കുന്നു.

ഫ്രണ്ട്സ് ഓഫ് സൂ

കേരളത്തിന്റെ അഭിമാനമായി 'ഡ്രീംപാർക്ക്' തുറക്കുമ്പോൾ



▸ഭാസിപാങ്ങിൽ





പുത്തൂർ വിദേശ മൃഗങ്ങൾക്കും അനുകൂലം

പതിറ്റാണ്ടുകളുടെ കാത്തിരിപ്പ്

ഡിജിറ്റൽ പുസ്തകവും വീഡിയോയുമായി ഫ്രണ്ട്സ് ഓഫ് സൂ

തൃശ്ശൂർ സുവോളജിക്കൽ പാർക്കിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ച് ഫ്രണ്ട്സ് ഓഫ് സൂ ഡിജിറ്റൽ പുസ്തകവും വീഡിയോയും തയ്യാറാക്കി പ്രസിദ്ധീകരിച്ചു. സുവോളജിക്കൽ പാർക്ക് യാഥാർത്ഥ്യമാക്കുന്നതിന് വേണ്ടി മൂന്നര ദശാബ്ദത്തിലേറെ കാലം നിരന്തരം പരിശ്രമിച്ചുകൊണ്ടിരിക്കുന്ന അനൗപചാരിക സന്നദ്ധസംഘടനയാണ് ഫ്രണ്ട്സ് ഓഫ് സൂ.




ഡിജിറ്റൽ പുസ്തകം പ്രസിദ്ധീകരിച്ചു

തൃശ്ശൂർ: സുവോളജിക്കൽ പാർക്കിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ച് ഫ്രണ്ട്സ് ഒഫ് സൂ ഡിജിറ്റൽ പുസ്തകവും വീഡിയോയും പ്രസിദ്ധീകരിച്ചു. പാർക്ക് യാഥാർത്ഥ്യമാക്കുന്നതിന് പ്രവർത്തിച്ച ഫ്രണ്ട്സ് ഒഫ് സൂവിന്റെ പരിശ്രമങ്ങളുടെ ചരിത്രമാണ് ബുക്കിലുള്ളത്. തൃശ്ശൂർ മൃഗശാലയുടെ ശതാബ്ദി വർഷമായ 1985 മുതൽ സുവോളജിക്കൽ പാർക്ക് യാഥാർത്ഥ്യമാകുന്ന 2025 വരെ, മൃഗശാല ആധുനികവത്കരണത്തിനായി നടത്തിയപരിശ്രമങ്ങൾവിവരിക്കുന്നതിനോടൊപ്പം ഈ കാലഘട്ടത്തിൽ മലയാളം ഇംഗ്ലീഷ് പത്രങ്ങളിൽ വന്ന വാർത്തകളും ഡിജിറ്റൽ ബുക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഫ്രണ്ട്സ് ഓഫ് സൂ സെക്രട്ടറിയും സർവോദയ ദർശൻ ചെയർമാനുമായ എം.പീതാംബരൻമാസ്റ്ററാണ് ഡിജിറ്റൽബുക്ക് തയ്യാറാക്കിയത്. സർവോദയ ദർശൻ കൺവീനർ വി.പ്രസന്നവീഡിയോക്ക് ശബ്ദം നൽകി.

തൃശൂർ മൃഗശാലയുടെ ശതാബ്ദി വർഷമായ 1985 മുതൽ സുവോളജിക്കൽ പാർക്ക് യാഥാർത്ഥ്യമാകുന്ന 2025 വരെ, മൃഗശാല ആധുനികവൽക്കരണത്തിനായി നടത്തിയ നിരന്തര പരിശ്രമങ്ങളുടെ ചരിത്രമാണ് ഇ - ബുക്കിൽ (ഡിജിറ്റൽ പുസ്തകം) രേഖപ്പെടുത്തിയിരിക്കുന്നത്. പരിശ്രമഘട്ടങ്ങൾ വിവരിക്കുന്നതിനോനോടൊപ്പം ഈ കാലഘട്ടത്തിലെ മലയാളം - ഇംഗ്ലീഷ് പത്രങ്ങളിൽ വന്ന പ്രധാന വാർത്തകളും ഡിജിറ്റൽ ബുക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 40 വർഷത്തെ ശ്രമങ്ങളുടെ നാൾവഴിയും പട്ടികപ്പെടുത്തിയിട്ടുണ്ട്. 272 പേജുകൾ ഉണ്ട്. ഫ്രണ്ട്സ് ഓഫ് സൂ സെക്രട്ടറിയും സർവോദയ ദർശൻ ചെയർമാനുമായ എം. പീതാംബരൻ മാസ്റ്റർ ആണ് ഡിജിറ്റൽ ബുക്ക് തയ്യാറാക്കിയിരിക്കുന്നത്. ചരിത്രഗാഥയുടെ വീഡിയോക്ക് ശബ്ദം നൽകിയിരിക്കുന്നത് സർവോദയ ദർശൻ കൺവീനർ വി. പ്രസന്നയാണ്.

കേവലം മൃഗശാലയിൽ നിന്ന് ആധുനികരീതിയിലുള്ള സുവോളജിക്കൽ പാർക്കിലേക്കുള്ള വികാസത്തിന്റെ വ്യക്തമായ ചിത്രം വർത്തമാനകാല സമൂഹത്തിനും വരും തലമുറയ്ക്കും ലഭ്യമാക്കാൻ ഡിജിറ്റൽ ബുക്കും വീഡിയോയും സഹായകമാകും.





തൃശ്ശൂർ സുവോളജിക്കൽ പാർക്കിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ചുള്ള ആഘോഷപരിപാടികളുടെ കൊടിയേറ്റം റവന്യൂ വകുപ്പ് മന്ത്രി അഡ്വ. കെ. രാജൻ നിർവഹിക്കുന്നു.

THE NEW INDIAN EXPRESS
KERALA
02 THRISSUR
MONDAY 13.10.2025


Spotted dear at the zoo

Mooted in 1978, zoological park set to be inaugurated on Oct 28; will let visitors catch a glimpse of wildlife in their natural habitat

NO MORE CRAMPED SPACES, SPRAWLING 336-ACRE PUTHUR ZOO TO OPEN SOON

GOPIKA VARRIER @Thrissur

WHEN the Thrissur Zoological Park, Wildlife Conservation and Research Centre at Puthur opens on October 28, it will not be just another project to boast of. Rather, it will mark the victory of a group of people who fought passionately over the years to ensure better facilities for animals. Along the way, determined interventions from some, including Revenue Minister K Rajan, to follow up the vision have played their part too. Chief Minister Pinarayi Vijayan is scheduled to inaugurate the Puthur zoo spread across 336 acres.

Mooted in 1978, a zoological park in Puthur remained a mere idea for several years even as demands to ensure proper space for animals in the old Thrissur zoo continued to rise. Though the then Chief Minister Oommen Chandy laid the foundation stone for the zoo in March 2012, the work made little progress. However, in 2018, KIIFB-approved funding in addition to the ₹40 crore granted by the state government. Currently, the shifting of animals from the Thrissur zoo is progressing, with the process slated to be completed by the end of October.

After the inaugural day, entry will be restricted so that the animals do not suffer any stress, according to Puthur zoo director B N Nagaraj.

"From January 1, 2026, the zoo with healthy animals will be fully open and people can watch them like in their natural habitat. We are working towards making it the best-ever experience for anyone who visits Puthur zoo," he said.

Once the shifting is completed, Puthur will host 47 species of animals brought from the old zoo.

"Proceedings to bring animals from Karnataka and Tamil Nadu are under way. Animals like Himalayan bear, crocodile, cheetah and Asiatic lion will be brought from other states while giraffe, zebra, macaw and eland (a type of antelope) have to be brought from other countries. By January, Puthur will be a thriving zoological park," Nagaraj added.

> Animals like Himalayan bear, crocodile, cheetah and Asiatic lion will be brought from other states while giraffe, zebra, macaw and eland (a type of antelope) have to be brought from other countries
>
> B N Nagaraj, director, Puthur Zoo




A pelican in the endosure for water birds

In the 1970, several buck-tailed deer in Thrissur zoo were found dead allegedly due to ill-health and congested space. This led to a major movement after the formation of an informal forum called Friends of Zoo. M Peethamparan, its secretary, and his team made crucial interventions to make Puthur zoo a reality.

TASTE OF FREEDOM

Tiger Chanthu is now experiencing open space for the first time in its 23 years of life in captivity. Chanthu came to Thrissur zoo around 11 years ago. It remained in cages and never got an opportunity, until now, to step into an open habitat. When Chanthu was allowed to roam around in the free-space enclosure in Puthur, even the veterinarians and zoo staff were surprised at its curiosity, looking around and studying the space. "We were all anxious about how Chanthu would respond as he has always lived in a closed space. Though he was a bit confused in the early days after shifting to Puthur, now he is active and seemingly happy," said Puthur zoo director Nagaraj.

4 zones, 70 species

The zoo has been designed in the 'land immersion' style. A visitor will be able to watch the animal in its natural habitat which will be at a certain elevation from the walkway for the public. The animals will be kept in four different zones, namely African Zululand, Silent Valley, Shola Grassland, and Kanha. While the number of animal species to be shifted from Thrissur is 47, the zoo will have a total of 70 species once animals from other states and abroad are acquired.

In addition, a Hologram Zoo — which uses animal projections and provides information about them — and a Pet Zoo to familiarise visitors with pet animals will also be set up in Puthur. Besides, the zoological park master plan proposes to set up a captive breeding facility for Nilgiri tahr and lion-tailed macaque in the future, towards meeting conservation goals. The Puthur zoo is also equipped with an exclusive water-filtering plant, making it the only zoo in India to have such an elaborate system for the re-use of water.

KSRTC buses will be used for in-house traffic at vast zoological park while a double decker bus will operate services from Thrissur city to Puthur — a 7km journey.

Major transformation expected in tourism sector

According to rough estimates, the new zoo will have 12,000 to 20,000 visitors per day in its initial days, and will rise gradually, marking a significant transformation in Kerala's tourism sector.

"Puthur zoo will transform this high range village and its repercussions will be felt across Kerala," Revenue Minister K Rajan said.


A resting area at the zoo


Zoo director B N Nagaraj with a rhea bird


The walkway of the Puthur Zoo in Thrissur | EXPRESS

6 THE HINDU SPOTLIGHT Friday, October 17, 2025

Kerala is set to witness a new approach to zoo management. Ending the traditional practice of confining animals in enclosures, Thrissur Zoological Park, which will be opened soon, will offer animals a dignified and near-natural life. Sunil Mankaasheri visits the park to get a view of the facilities there

A Kerala zoo story



A space to live: A panoramic view of Thrissur Zoological Park at Puthur. Built to a deer-without bars, the park gives both animals and visitors an experience closer to the wilderness than to a cellular enclosure. Deer roaming freely in the park. S.S. KUMAR

For seven years tiger Bubla, his orange coat blazing through the emerald wilderness, ruled the forest terrains of the Wayanad Wildlife Sanctuary unchallenged.

But a fierce territorial duel with another big cat for space and survival cost him all his canine teeth, with which he incised food and fought his rivals.

The loss of canines took away his bite force and deprived him of his ability to hunt in the wild. Weakened by hunger, Bubla began to wander beyond the forest's edge and started looking for cattle and other easy prey in human settlements of Sarabhikkavil, Thazhe Thiruvaa, and Vadamkkavala, near Pulpally, in Wayanad district.

The presence of the big cat in human habitations triggered fear and people demanded that the animal be captured and removed from the area.

Eventually, Bubla was trapped in a cage set by forest officials at Vadamkkavala in February 2024, thus ending his solitary hunger.

Setting the tiger free again was out an option for the wildlife managers, as they feared that the animal may not survive in the wild and could return to habitations looking for prey. So one could think of the possibility of it coming back to human settlements, as there also existed the possibility of it attacking humans.

It was eventually decided that the animal be shifted to Thrissur Zoological Park at Puthur, one of Asia's largest zoological parks. The proposal was widely welcomed as it offered the animal the option of roaming around freely in a near-nature space rather than being confined in a cramped cage.

"The park is not a space to lock up animals but to give them a dignified, near-natural life and help people understand their place in the ecosystem," says Revenue Minister K. Rajan, explaining the very idea of the park.

CM to open park on October 28

On October 28, Chief Minister Pinarayi Vijayan will inaugurate the park, marking the beginning of a significant phase in Kerala's wildlife care, conservation, and education programmes.

For nearly three decades, the idea of a larger zoo in Thrissur had been doing the rounds. The old zoo, spread over 12.5 acres in the city centre and has been established for over a century, was crowded and outdated, with more than 400 animals confined to the enclosures.

The turning point came in 2012, when Australian zoo architect Jon Coe, who had played a key role in setting up over 85 zoological projects worldwide, visited the site at Puthur.

"Jon found the terrain and the ecosystem perfect for a new-generation zoo," recalls M. Premanandan, secretary of Friends of Zoo, an organisation that had been campaigning for the project. "Our dream was to give animals space to live, not just survive."

The idea of the park gained traction when the State government included it on the list of projects to be funded by the Kerala Infrastructure Investment Fund Board.

"A dream that began 30 years ago is finally taking shape," says Rajan, who represents the Ollur Assembly constituency of Thrissur in the State Assembly. "This isn't just another zoo – it's a statement of how Kerala treats its wildlife. We have invested over ₹120 crore to make this a world-class conservation space," he says.

Designed by Jon, the park redefines the concept of a zoo. It's not a spectacle of confinement, but a sanctuary of coexistence. Built as a zoo without bars, the park answers wildlife habitats across India and beyond, giving both animals and visitors an experience closer to the wilderness than to an cellular enclosures, says the park managers.

"My principal responsibility was to see that the facility came up as conceived by Jon," says K.J. Varghese, special officer of the park.

The park is divided into nine zones and has a dedicated conservation area, each echoing a distinct ecological region. From the dry, rain-linked Zululand Zone to the mist-laden Sholo Grassland Zone, every space tells a story of adaptation and coexistence.

"Each zone here is a miniature version of its parent ecosystem. We recreated the landscapes, soil textures, microclimate, and even the vegetation that has been brought in," says Varghese.

> The idea is to let people see wildlife in action – climbing, stalking, playing. It's not just about display. It's about animal behaviour, ecology, and emotions.
> K.K. RAJAN, Revenue Minister

Nine worlds, one wilderness

In the Kanha Zone, for instance, visitors will watch India's big cats – tiger, leopard, and clouded leopard – on rough stretches of sal and teak forest. Elevated decks and viewing tunnels allow people to observe the animals in motion within natural landscapes.

"The idea is to let people see wildlife in action – climbing, stalking, playing," says K.K. Rajaraj, Director of the park. "It's not just about display. It's about animal behaviour, ecology, and emotions," he says.

Walk a little further, and the terrain changes dramatically. Red soil replaces green, the air feels drier, and the architecture shifts to thatched, conical huts – welcome to the Zululand Zone.

In this zone, everything, from the terrain to the buildings, follows the spirit of the African homesteads. One can see giraffes, zebras, shoats, ostriches, and hippos.

Visitors can stroll across boardwalks above the hippo swamps, where elephants mimic the eroded edges of African rivers. For a moment, Thrissur feels a world away.

At the Sholo Grassland Zone, the air cools and the landscape turns emerald. Nilgiri tahrs, nilgiri tares, and grassland birds glide through the open space, surrounded by native plants that replicate the Western Ghats ecosystem.

"The shola forests are fragile, unique, and stunning. We've recreated the microclimate – mist, moss, and meadow – so that even the birds feel at home," says Varghese.

Nearby, a Bear Zone shelters sloth bears and Himalayan black bears in shaded woods, while the Grassland Zone hosts wild dogs – dhole, jackal, and hyena – in large, open plains that encourage natural pack behaviour.

The park features hologram tunnels, where visitors can watch 3D projections of extinct or rare animals. Visitors walk through immersive environments where they can see holographic animals, such as in tunnels, where they appear to fly around, or in fenced enclosures, where they seem to be alive.





A leopard and wild goat at the Puthur zoo. S.S. KUMAR

These experiences allow guests to feel like they are visiting different locations and time periods. Hologram tunnels allow visitors to walk through spaces where animals fly around them and sky roofs show animals walking overhead. Another attraction is the Petting Zone, which allows children to interact safely with small and young animals, nurturing empathy and awareness.

"Our goal is to make learning irresistible," says the curator. "When a child can see, touch, and understand an animal, they grow up wanting to protect it."

A nocturnal house is getting ready to showcase owls and reptiles under soft light, while interpretive trails explain animal behaviour, forest ecology, and conservation challenges.

Conservation comes alive

Beyond the visitor trails, the park houses a conservation and research complex equipped for breeding endangered species, veterinary care, and wildlife rehabilitation. The zoo also plans to collaborate with universities and conservation agencies to study animal behaviour and ecosystem management.

Sustainability is built into every layer of the project. "We've planted thousands of trees – bamboo, teak, and forest species apart from the innumerable garden plants to build a self-sustaining ecosystem," adds Varghese.

The water requirements of the park are met from the two perennial ponds, two recharged quarries that hold 6.65 million litres of water, and from the Bharath river. Solar panels power the administrative units, and reed beds treat wastewater, and natural drainage channels ensure rainwater harvesting across the site.

Electric buses will take the visitors along the 6.5-km-long, ring-shaped visitor path. Cafeterias, restrooms, and resting spaces have been put up. The Kerala State Road Transport Corporation will launch a double-decker bus, which will offer a tour linking the city with the park.

A journey through biomes

Visitors won't just walk through the park – they'll journey through biomes. Interpretation centres, interactive exhibits, and shaded walkways replace cluttered signages and cages. From the rattle of hoofstock to the call of birds echoing across the lake, every sense is engaged.

Workers are busy engaged in giving the finishing touches to the project. Landscaping teams plant saplings. Engineers test electric buses. Curators fine-tune enclosures for their first residents.

"My responsibility was to make sure the project doesn't rest in file's stores," says Varghese. "Animal enrichment isn't a one-time job. It has to evolve – the animals must stay curious and active."

The government hopes that the park will have an annual footfall of 30 to 35 lakh by the fifth year. At present, only a third of the project area has been developed as it is designed park.

"The park will grow and evolve with time. It is to prove that development and compassion can coexist," Rajan says.

Although scheduled to open on October 28, entry to the park will be restricted for a few months. The animals shifted to the park should get adapted to the new habitat, say the park authorities. The park combines education, research, and tourism to build awareness about wildlife and nature among visitors, according to the park managers.

Life will be a relaxed affair for Bubla as he can spend his days undisturbed and well-fed, unwinding that suits the predator.



Into her stride: Ayoub Zululand — the 40-acre thermal zone of Thrissur Zoological Park, where every detail, from the rugged terrain to the thatched architecture, captures the wide spirit of the African homelands. S.S. KUMAR


തനിനിറം
പുത്തൂരിനൊരു
പുത്തൻ ലുക്ക്
സന്ദർശനം
എത്തിച്ചേരാൻ
ഇത് ഞങ്ങളുടെ കഥയിലെ
വനംവകുപ്പിനെ
ഏൽപ്പിക്കണം
ജോൺ കോ വരുന്നു
ഇത് ഞങ്ങളുടെ കഥയിലെ











സുവോളജിക്കൽ പാർക്ക്
സാംസ്കാരിക സമ്മേളനം
ഉദ്ഘാടനം.

സർക്കാർ വകുപ്പുകൾ തമ്മിലെ പോരിൽ തെന്നി നീങ്ങിയ പിറവി

സാങ്കേതിക വടംവലികളിൽ നിരന്തരമായി ഉടക്കി കിടന്നിരുന്ന പുത്തൂരിലെ സുവോളജിക്കൽ പാർക്കെന്ന സ്വപ്നം യാഥാർത്ഥ്യമാക്കാൻ അവിശ്രമം നിഷ്കാമ കർമ്മികളായിരുന്നവരുടെ പങ്ക് അടയാളപ്പെടുത്താതെ പോകുന്നത് കൃതജ്ഞതയാകും. ഫ്രണ്ട്സ് ഓഫ് സു എന്ന സംഘടനയും പുത്തൂർ ഉൾപ്പെടുന്ന ഒല്ലൂർ നിയോജകമണ്ഡലത്തെ രണ്ടുതവണ നിയമസഭയിൽ പ്രതിനിധീകരിക്കൻ അവസരം കിട്ടുകയും അതിൽ ഒരു തവണ മന്ത്രിയിൽ രണ്ടാം സ്ഥാനക്കാരനുകുകയും ചെയ്ത അഡ്വ. കെ. രാജന്റെ ഭരണ നൈപുണ്യവും സമർപ്പിത ജനസേവനമനോഭാവവും സ്വർണ്ണലിപികളിൽ രേഖപ്പെടുത്തേണ്ടത് കാവ്യനീതി മാത്രം.

2006ൽ അധികാരമേറ്റ വി.എസ്. അച്യുതാനന്ദന്റെ മന്ത്രിസഭയിൽ റവന്യൂ മന്ത്രി തൃശ്ശൂർ ജില്ലക്കാരനായ കെ.പി. രാജേന്ദ്രൻ ആയിരുന്നു. പുത്തൂരിൽ ആധുനിക മൃഗശാല സ്ഥാപിതമാക്കാൻ വളരെ താൽപര്യപൂർവം രാജേന്ദ്രൻ പ്രവർത്തിച്ചു. റവന്യൂ വകുപ്പ് അഡീഷണൽ സെക്രട്ടറി സി.രഘുവിനെ ഇതിനായി ചുമതലപ്പെടുത്തി. ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിൽ ബ്രൗൺ വനവരി ക്കരണത്തിന് റവന്യൂ ഭൂമി കണ്ടെത്തിയെ കിലും അത് വനംവകുപ്പിന്റെ ഭൂമി തന്നെ യാണ് എന്ന് പറഞ്ഞുകൊണ്ട് നിരസിച്ചു.

2006 ഡിസംബർ 26ന് കേരളപ്പിറവിയുടെ സുവർണജൂബിലി ആഘോഷങ്ങളുടെ സംസ്ഥാനതല സമാപന സമ്മേളനം തൃശ്ശൂർ തോപ്പ് സ്റ്റേഡിയത്തിൽ രാഷ്ട്രപതി എ.പി.ജെ. അബ്ദുൽ കലാം ആണ് ഉദ്ഘാടനം ചെയ്തത്. രാഷ്ട്രപതിയുടെ പ്രസംഗത്തിൽ കേരളത്തിന്റെ ഏതാനും അഭിമാന പദ്ധതികൾ പ്രഖ്യാപിക്കുമെന്ന് അറിയിപ്പുണ്ടായിരുന്നുവെങ്കിലും തൃശ്ശൂർ സുവോളജിക്കൽ പാർക്ക് പ്രഖ്യാപനം ഉണ്ടായില്ല.

2007 ഡിസംബർ 25-ന് പുത്തൂരിൽ ഭൂമിയും ബ്രൗൺ ഭൂമിയുടെ രേഖയും കൈമാറാനും സുവോളജിക്കൽ പാർക്കിന്റെ പ്രഖ്യാപനത്തിനും വേണ്ടിയെന്ന നിലയിൽ വലിയൊരു യോഗം നടന്നെങ്കിലും ഭൂമി കൈമാറ്റം ഉണ്ടായില്ല. 2010 ജൂലൈ 1ന് പരിസ്ഥിതി ദിനത്തിൽ ആധുനിക മൃഗശാലയുടെ നിർമ്മാണ ഉദ്ഘാടനവും ചുറ്റുമതിലിന്റെ ശിലാസ്ഥാപനവും പുത്തൂരിൽ മുഖ്യ മന്ത്രി വി.എസ്. അച്യുതാനന്ദൻ നടത്തിയെങ്കിലും വനംവകുപ്പ് സ്ഥലം വിട്ടുകൊടുക്കാത്തതിനാൽ നിർമ്മാണം നടന്നില്ല.

വനംവകുപ്പിനെ ഏൽപ്പിക്കണം

സുവോളജിക്കൽ പാർക്ക് യാഥാർത്ഥ്യമാക്കുന്നതിന് പ്രസ്തുത പ്രൊജക്ട് വനംവകുപ്പിനെ ഏൽപ്പിക്കണമെന്ന് ആവശ്യപ്പെട്ട് ഫ്രണ്ട്സ് ഓഫ് സു തൃശ്ശൂരിൽ ജനകീയ കൺവെൻഷൻ നടത്തി. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.വി.ദാസൻ ഉദ്ഘാടനം ചെയ്തു. ഫ്രണ്ട്സ് ഓഫ് സു സെക്രട്ടറി എം.പീതാംബരൻ അദ്ധ്യക്ഷത വഹിച്ചു. പുത്തൂർ പഞ്ചായത്ത് പ്രസിഡന്റ് ജോണി ചിറയത്ത്, അഡ്വ.എൻ.കെ.ഗംഗാധരൻ, അഡ്വ.ടി.ഗോപകുമാർ, വി.വി.മുരളീധരൻ, പി.വി.ഗംഗാധരൻ , പി.കെ.ശ്രീനിവാസൻ, കെ.വി.അബ്ദുൾ അസിസ്, ടി.കെ. വാസു, പ്രൊഫ.കെ. ബി.ഉണ്ണിത്താൻ, കെ.കെ.കുട്ടൻ, ജെയിംസ് മുട്ടിക്കൽ പ്രസംഗിച്ചു. കൺവൻഷൻ അംഗീകരിച്ച പ്രമേയം സംസ്ഥാനത്ത് പുതുതായി ചുമതലയേറ്റ സർക്കാരിന് നേരിട്ട് നൽകാനും സാമൂഹ്യ സമ്മർദ്ദം ശക്തമാക്കാനും തീരുമാനിച്ചു.

പുതിയ മന്ത്രിസഭ, പുതിയ തീരുമാനം

2011 ൽ നടന്ന നിയമസഭാ തെരഞ്ഞെടുപ്പിനു ശേഷം മുഖ്യമന്ത്രിയായി ചുമതലയേറ്റ ഉമ്മൻ ചാണ്ടി ഒല്ലൂർ എം.എൽ.എ.യും എം.പി. വിൻസെന്റിന്റെ നേതൃത്വത്തിൽ ശരിയായ വിധത്തിലുള്ള നീക്കങ്ങൾ ആരംഭിച്ചു. ഫ്രണ്ട്സ് ഓഫ് സു ഭാരവാഹികളുമായി വിശദമായ ചർച്ചകൾ നടത്തി വിൻസെന്റ് പ്രവർത്തന രൂപരേഖ തയ്യാറാക്കി. വകുപ്പുകൾ തമ്മിലുള്ള തർക്കങ്ങൾ പരിഹരിക്കാൻ സുവോളജിക്കൽ പാർക്ക് നിർമ്മാണം വനംവകുപ്പിനെ ഏൽപ്പിക്കാമെന്ന ഫ്രണ്ട്സ് ഓഫ് സു നിർദ്ദേശം എം.പി. വിൻസെന്റ് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിക്ക് നിവേദനമായി നൽകി. മുഖ്യമന്ത്രിയായി സ്ഥാനമേറ്റ ശേഷം ഉമ്മൻചാണ്ടിക്ക് ലഭിച്ച ആദ്യ നിവേദനമായിരുന്നു അത്.

തൃശ്ശൂർ ജില്ലയിലെ മുഴുവൻ എം.എൽ.എ.മാരുടെയും ഒപ്പ് നിവേദനത്തിലുണ്ടായിരുന്നു. വിഷയം സജീവമായി പരിഗണിക്കാമെന്നും പരിഹാരം കണ്ടെത്താമെന്നും അതിന് ആവശ്യമായ ക്രമീകരണങ്ങൾ ഉണ്ടാക്കാമെന്നും മുഖ്യമന്ത്രി ഉറപ്പു നൽകി. 2011 ജൂലൈ 1ന് മുഖ്യമന്ത്രി തിരുവനന്തപുരത്ത് യോഗം വിളിച്ചു. വനം മന്ത്രി കെ.ബി. ഗണേഷ് കുമാർ മൃഗശാല വകുപ്പ് മന്ത്രി പി.കെ. ജയലക്ഷ്മി, സഹകരണ മന്ത്രി സി.എൻ. ബാലകൃഷ്ണൻ, തേനീമ്പിൽ രാമകൃഷ്ണൻ എം.എൽ.എ., എം.പി വിൻസെന്റ് എം.എൽ.എ., ഫ്രണ്ട്സ് ഓഫ് സു സെക്രട്ടറി എം. പീതാംബരൻ മാസ്റ്റർ, പഞ്ചായത്ത് പ്രസിഡന്റ് ജോണി ചിറയത്ത്, ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ടി.പി. ജോജി, പുത്തൂർ പഞ്ചായത്ത് സ്ഥിരം സമിതി ചെയർമാൻ ടി.കെ. ശ്രീനിവാസൻ, വിവിധ വകുപ്പ് സെക്രട്ടറിമാർ പങ്കെടുത്ത യോഗം പാർക്കിന്റെ നിർമ്മാണം വനംവകുപ്പിനെ ഏൽപ്പിക്കാൻ തീരുമാനിച്ചു. നിർമ്മാണം പൂർത്തീകരി ക്കുന്ന മുറയ്ക്ക് തൃശൂർ മൃഗശാലയിലെ മൃഗങ്ങളെ പുത്തൂർ സുവോളജിക്കൽ പാർക്കിലേക്ക് മാറ്റാനും മൃഗശാല വകുപ്പ് തീരുമാനിച്ചു. പ്രസ്തുത പ്രവർത്തനങ്ങൾക്ക് നോഡൽ ഓഫീസറായി സി. എസ്. യേലാക്കി ഐ. എഫ്. എസ്. നിയമിക്കപ്പെട്ടു. 2011 ജൂലായ് 25ന് മന്ത്രി കെ.ബി. ഗണേഷ് കുമാറും സ്പെഷൽ ഓഫീസർ സി.എസ്. യേലാക്കി എന്നിവർ പുത്തൂരിലെ നിർദ്ദിഷ്ട സ്ഥലം സന്ദർശിച്ചു. ഡിസംബർ 1ന് തൃശൂർ രാമനിലയത്തിൽ സുവോളജിക്കൽ പാർക്ക് സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പി ക്കാൻ ചേർന്ന യോഗത്തിൽ വനം മന്ത്രി കെ.ബി. ഗണേഷ് കുമാർ, സഹകരണ മന്ത്രി സി.എൻ. ബാലകൃഷ്ണൻ, എം.എൽ.എ.മാരായ അഡ്വ. തേനീമ്പിൽ രാമകൃഷ്ണൻ, എം.പി. വിൻസെന്റ് എന്നിവർ പങ്കെടുത്തു. ഈ യോഗത്തിൽ സമർപ്പിക്കപ്പെട്ട നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തി മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ തീരുമാനിച്ചു.

ജോൺകോ വരുന്നു


സുവോളജിക്കൽ പാർക്കിന് ആധുനിക രീതിയിലുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് സംസ്ഥാന സർക്കാർ ക്ഷണിച്ചതനുസരിച്ച് ലോകപ്രശസ്ത മൃഗശാലകളുടെ സൂ ഡിസൈനറും നിരവധി സുവോളജിക്കൽ പാർക്കുകൾക്ക് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയ വിദഗ്ധനുമായ ജോൺ കോ പുത്തൂരിലെ നിർദ്ദിഷ്ട സ്ഥലം സന്ദർശിച്ചു. അദ്ദേഹത്തിന്റെ കൂടി നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ആധുനിക കാലഘട്ടത്തിന് അനുയോജ്യ മായ മാസ്റ്റർ പ്ലാൻ രൂപകൽപ്പന ചെയ്തു. ജില്ലാ കളക്ടർ ഡോ.എം.എസ്. ജയ പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകി. 2012 ജൂൺ എട്ടാം തീയതി കേന്ദ്ര മൃഗശാല അതോറിറ്റി (സെൻട്രൽ സൂ അതോറിറ്റി) മെമ്പർ സെക്രട്ടറി ബി. എസ്. ബൊണാൾ നിർദ്ദിഷ്ട സ്ഥലം സന്ദർശിച്ചു. 2012 ഓഗസ്റ്റ് 28-ന് സുവോളജിക്കൽ പാർക്ക് മാസ്റ്റർ പ്ലാനിന് സെൻട്രൽ സൂ അതോറിറ്റി അംഗീകാരം നൽകി. കേവലം ഒരു മൃഗശാല എന്നതിനുപരിയായി പശ്ചിമഘട്ട നിരകളിലെ വംശനാശം നേരിടുന്ന മൃഗങ്ങളുടെയും സസ്യങ്ങളുടെയും സംരക്ഷണത്തിനും ഗവേഷണത്തിനുള്ള ഒരു കേന്ദ്രം (കൺസർവേഷൻ ആൻഡ് റിസർച്ച് സെന്റർ) എന്ന നിലക്കുള്ള പുതിയ മാസ്റ്റർ പ്ലാൻ അംഗീകരിച്ചു. അതനുസരിച്ചുള്ള നിർമ്മാണപ്രവർത്തനങ്ങൾ വനംവകുപ്പ് ആരംഭിക്കുന്നതിന്റെ ഉദ്ഘാടനം 2013 മാർച്ച് 16ന് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി നിർവ്വഹിച്ചു. ഇതിന്റെ ഭാഗമായി അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ നിർമ്മാണം പോലീസ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഏറ്റെടുത്ത് തുടങ്ങി വെച്ചു.



അഡ്വ.കെ.രാജൻ



എം.പീതാംബരൻ



പ്രൊഫ.ജോൺ സിറിയക്

സംസ്ഥാനത്തിന്റെ അഭിമാന പദ്ധതി

2016 ൽ പിണറായി വിജയന്റെ നേതൃത്വത്തിൽ മന്ത്രിസഭ അധികാരമേറ്റപ്പോൾ ഒല്ലൂർ നിയോജക മണ്ഡലം എം.എൽ.എ. അഡ്വ.കെ. രാജനായിരുന്നു. സുവോളജിക്കൽ പാർക്കിനെ സംബന്ധിച്ച നാളിതുവരെയുള്ള പരിശ്രമ ഘട്ടങ്ങളെക്കുറിച്ച് അദ്ദേഹത്തിനു ഫ്രണ്ട്സ് ഓഫ് സു വിശദമായി ധരിപ്പിച്ചു. എല്ലാ കാര്യങ്ങളും എഴുതിയെടുത്ത് ഭാവി പ്രവർത്തനങ്ങളെക്കുറിച്ച് ഒരു രൂപരേഖ തയ്യാറാക്കി അദ്ദേഹം സ്വന്തം പാർട്ടികാരൻ കൂടിയായ വനംവകുപ്പ് മന്ത്രി അഡ്വ. കെ. രാജുവിനോട് വിശദമായി സംസാരിച്ചു. സംസ്ഥാന ത്തിന്റെ അഭിമാന പദ്ധതിയായി തൃശ്ശൂർ സുവോളജിക്കൽ പാർക്കിനെ പരിഗണിക്കാൻ തീരുമാ നിച്ചു. ഇതനുസരിച്ച് മുൻഗണനയിൽ കിഫ്ബി ഫണ്ട് ലഭിക്കുന്ന പദ്ധതിയായി സുവോളജിക്കൽ പാർക്ക് മാറി.

ഓരോ വർഷവും സംസ്ഥാന ബഡ്ജറ്റ് വഴി അഞ്ചോ ആറോ കോടി രൂപ കിട്ടിയതുകൊണ്ട് ഇത്രയും വലിയ പ്രോജക്ട് നിർമ്മാണം ബുദ്ധിമുട്ടായിരുന്നു. കിഫ്ബി ഏറ്റെടുക്കുന്ന പദ്ധതി കളിൽ സുവോളജിക്കൽ പാർക്ക് വന്നതോടു കൂടി ധന സംബന്ധമായ അനിശ്ചിതത്വങ്ങൾ നീങ്ങി. പുതിയ സ്പെഷൽ ഓഫീസറായി കെ.ജെ. വർ ഗീസ് നിയമിക്കപ്പെട്ടു. തുടർന്ന് അതിവേഗത്തിൽ നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിച്ചു. പുതിയ ആവാസ ഇടങ്ങളുടെ നിർമ്മാണ ഉദ്ഘാടനം 2018 ഫെബ്രുവരി 15ന് വനം മന്ത്രി അഡ്വ. കെ.രാജു നിർവഹിച്ചു. രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ 2019 മാർച്ച് 2ന് മന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് ഉദ്ഘാടനം നിർവഹിച്ചു. മൂന്നാംഘട്ട നിർമ്മാണപ്രവർത്തനങ്ങളുടെ പൂർത്തീകരണ പ്രഖ്യാപനം 2021 ഫെബ്രുവരി 13ന് വനം മന്ത്രി കെ.രാജു നിർവ്വഹിച്ചു.

2021ൽ അധികാരമേറ്റ മന്ത്രിസഭയിൽ മുഖ്യ മന്ത്രിയായി രണ്ടാമൂഴം പിണറായി വിജയനായിരുന്നു വനം വകുപ്പ് മന്ത്രിയായി എ.കെ. ശശീന്ദ്രനും റവന്യൂ വകുപ്പ് മന്ത്രിയായി ഒല്ലൂരിൽ നിന്നും വീണ്ടു തെരഞ്ഞെടുക്കപ്പെട്ട അഡ്വ. കെ. രാജനും നിയോഗിക്കപ്പെട്ടു. സുവോളജിക്കൽ പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങളെ കൂടുതൽ സജീവമാക്കാൻ ഇത് സഹായിച്ചു. 2023 ഒക്ടോബർ 2ന് ഗാന്ധിജയന്തി ദിനത്തിൽ സംസ്ഥാന വന്യജീവി വാരാ ഘോഷങ്ങളുടെ ഉദ്ഘാടനം പുത്തൂർ സുവോളജിക്കൽ പാർക്കിലാണ് നട ന്നത്. അന്ന് തൃശൂർ മൃഗശാലയിൽ നിന്ന് ആദ്യമായി മയിലുകളെ തൃശൂർ സുവോളജിക്കൽ പാർക്കിൽ സജ്ജമാക്കിയ ആവാസ സ്ഥലത്തേക്ക് തുറന്നുവിട്ടു. തൃശൂർ മൃഗശാലയിൽ നിന്നും പുത്തൂർ സുവോളജിക്കൽ പാർക്കിലേക്കുള്ള പക്ഷിമൃഗാദികളുടെ മാറ്റം ഔപചാരികമായി ആരംഭിച്ചു. ഇതിനിടക്ക് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് യാദൃശ്ചികമായി പിടിക്കപ്പെട്ട ഏതാനും കടുവകളും പുള്ളി പുലിയും പുത്തൂർ സുവോളജിക്കൽ പാർക്കിൽ ചികിത്സക്കും കരുതൽ വാസ ത്തിനുമായി എത്തി. 60 മാനുകൾക്കാണു സുവോളജിക്കൽ പാർക്കിൽ ആവാസ ഇടം ഉള്ളത്. ബാക്കിയുള്ള മാനുകളെ ഉൾപ്പെടുത്തിക്കൊണ്ട് സുവോളജിക്കൽ പാർക്കിനോട് ചേർന്ന് തയ്യാറാക്കാൻ തീരുമാനിച്ചു. മാൻ സഫാരി പാർക്കിന്റെ നിർമ്മാണ ഉദ്ഘാടനം 2025 ഓഗസ്റ്റ് 16ന് മന്ത്രി അഡ്വ.കെ. രാജൻ നിർവഹിച്ചു.

സുവോളജിക്കൽ പാർക്കിൽ തന്നെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലെ മൃഗങ്ങളെ ഡിജിറ്റൽ സാങ്കേതിക വിദ്യ ഉപയോഗിച്ച് അടുത്ത് കാണാൻ സാധിക്കുന്ന വിധത്തിൽ ഒരു ഹോളോഗ്രാംസുവും പെറ്റ് സുവും തയ്യാറാക്കുന്നതിന്റെ ഉദ്ഘാടനം നടന്നുകഴിഞ്ഞു. അങ്ങിനെ മൂന്നര പതിറ്റാണ്ട് വിഭാവനം ചെയ്ത മായ ഇച്ഛാശക്തിയിൽ ഫ്രണ്ട്സ് ഓഫ്സു അധികാരകേന്ദ്രങ്ങളിൽ ചെലുത്തിയ സമ്മർദ്ദങ്ങളുടെ പുവണിയലായി നാളെ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം നിർവ്വഹിക്കാനാകുംവിധത്തിൽ തൃശൂർ സുവോളജിക്കൽ പാർക്ക് യാഥാർത്ഥ്യമായി.

(അവസാനിച്ചു)

തൃശൂർ മൃഗശാല ഇടതു ഭരണനേട്ടം


നിഷ്പ്രയാസ


പിണറായി വിജ


അഡ്വ.കെ.രാജൻ


രാഷ്ട്രപതിഭവൻ


ഉമ്മൻചാണ്ടി

തൃശൂർ സുവോളജിക്കൽ പാർക്ക് – വന്യ ജീവി സംരക്ഷണ ഗവേഷണ കേന്ദ്രം പുതുതിരി യാഥാർത്ഥ്യമാവുകയാണ്. 2011 മുഖ്യമന്ത്രി പിണറായി വിജയൻ ഓപചാരികമായി മൃഗശാല തുറക്കും. തൃശൂരിനെ സംബന്ധിച്ച് മാത്രമല്ല സംസ്ഥാനത്ത് തന്നെ സ്വപ്നാതീതമായ വികസനമാണ് യാഥാർത്ഥ്യമാകുന്നത്.

സംസ്ഥാനത്തെ ഏറ്റവും മനുഷ്യത്യ, വന്യജീവികളെ സ്നേഹിക്കുന്നവരിൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്ന കേന്ദ്രമായി മാറുകയാണ് പുത്തൂർ. അനുബന്ധ വികസനങ്ങൾ പുത്തൂരിന്റെയും സമീപ പ്രദേശങ്ങളുടെയും മുഖച്ഛായ മാറ്റും. ആ നിലയിൽ പ്രാധാന്യം ഉൾകൊണ്ടുള്ള ഉത്സവാന്തരീക്ഷ ചടങ്ങുകളാണ് ജനങ്ങൾ ഏറ്റെടുത്തിട്ടുള്ളത്.

വെറും 16.5 ഏക്കറിൽ ചെറു കൂടുകളിൽ ഇരുമ്പ് കുടുകളിൽ നടവി ലാക്കപ്പെട്ട് വന്യജീവികൾ ഒതുങ്ങി കഴിഞ്ഞിരുന്ന മൃഗശാല പുത്തൂരിൽ 336 ഏക്കർ വരുന്ന അതിവിശാലമായ പ്രദേശത്ത് സ്വാഭാവിക ആവാസ വ്യവസ്ഥയിലേക്ക് പോകുകയാണ്. 350 കോടി ചെലവിൽ ഏഷ്യയിലെ തന്നെ ഏറ്റവും വലിയ ഡിസൈനർ സൂ എന്ന വിശേഷണവും പുതിയ മൃഗശാലക്കുണ്ട്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള വന്യജീവികളും, സസ്തനികളും പക്ഷികളും ഇവിടെ എത്തുകയാണ്. അനുബന്ധമായി മാൻ സഫാരി പാർക്ക്, ഹെറിറ്റേജ് ഗ്രാം സൂ, പെറ്റിംഗ് സൂ എന്നിവയും ഒരുങ്ങുന്നു. വന്യജീവി സംരക്ഷണം, ഗവേഷണം, വിദ്യാഭ്യാസം, വിനോദം എന്നീ ലക്ഷ്യങ്ങളുമായുള്ള അതി വിപുലമായ സംവിധാനങ്ങളാണ് പുത്തൂരിൽ ഉയർന്നു വരുന്നത്. ഇങ്ങനെ ഒരു സ്ഥാപനം തൃശൂരിൽ യാഥാർത്ഥ്യമായതിന് പിന്നിൽ തൃശൂരിലെ ജനങ്ങളുടെ 40 വർഷത്തെ ജനാഗ്രഹത്തോടൊത്തുള്ള നിരന്തര പരിശ്രമം ഉണ്ട്. അതിന്റെ ക്രെഡിറ്റ് ബന്ധപ്പെട്ട മുഴുവൻ ജനങ്ങൾക്കും അവകാശപ്പെട്ടതാണ്. എങ്കിലും ചിലർ പ്രത്യേക പരാമർശങ്ങൾ അർഹിക്കുന്നവരായുണ്ട്. മൃഗശാല യാഥാർത്ഥ്യമാക്കാനുള്ള വിവിധ ഘട്ടങ്ങളിൽ അവരുടെ സംഭാവനകൾ നന്ദി പൂർവ്വം സ്മരിക്കാതിരിക്കാൻ ആകില്ല.


മൃഗശാല സ്ഥലമാക്കിയതിന്റെ ക്രെഡിറ്റ് അതിന് പണം കണ്ടെത്തി നിർമ്മാണം പൂർത്തിയാക്കിയ സംസ്ഥാനത്തെ പിണറായി സർക്കാരിനുള്ളതാണ്. തൃശൂരിന്റെ എംഎൽഎ എന്ന നിലയിൽ സ്വന്തം അഭിമാന പ്രശ്നമായി കണ്ട് അതിന് വഴിയൊരുക്കിയ റവന്യൂ മന്ത്രി കെ രാജൻ ഉള്ളതാണ്. പല തലങ്ങളിൽ ഏറെ വിമർശന വിധേയമായ കിഫ്ബിയെ അതിന്റെ വിമർശക മനസുകളിൽ പോലും തൃശൂർ മൃഗശാല വികസന പദ്ധതിപ്രദേശമാക്കി മാറ്റി.

മൃഗശാല മാറ്റത്തിന് കീറാമുട്ടിയായിരുന്ന വനം – സാംസ്കാരിക വകുപ്പുകളുടെ ചരടുവലി പൊരുത്തത്തിൽ പ്രായോഗിക ബുദ്ധിയോടെ ഇടപെട്ട് മൃഗശാല വനവകുപ്പ് തന്നെ തുടങ്ങട്ടെ എന്ന ധീരമായ നിലപാട് എടുത്ത മുൻ മന്ത്രി ഉമ്മൻചാണ്ടിക്ക് ഉള്ളതാണ് ക്രെഡിറ്റ്. മൃഗശാലയ്ക്കുവേണ്ടി ഭൂമി ലോകപ്രശസ്തനായ ആസ്ട്രേലിയൻ ഡിസൈനർ ജോൺ കോയ കണ്ടെത്തി ലോകോത്തര നിലവാരത്തിൽ ആസൂത്രണം ചെയ്തതും ഉമ്മൻചാണ്ടിയുടെ സംഭാവനയാണ്. അതിനെല്ലാം ഉമ്മൻ ചാണ്ടിയെ സമർത്ഥമായി ഏകോപിപ്പിച്ച മുൻ എംപി വിൻസെന്റിനും അഭിമാനിക്കാം.

പുത്തൂരിലേക്കുള്ള മൃഗശാല മാറ്റത്തെ ജനകീയ ആവശ്യമാക്കി മാറ്റിയെടുക്കുന്നതിലും ജനങ്ങളുടെയും അധികാര കേന്ദ്രങ്ങളുടെയും ശ്രദ്ധയിൽ കൊണ്ട് വന്ന് ജാഗ്രതയോടെ പോരാടുന്നതിലും നിർണ്ണായക പങ്ക് വഹിച്ച പ്രാണിസ് ഓഫ് തൃശൂർ എന്ന പ്രസ്ഥാനത്തിനും അതിന്റെ ഊർജ്ജസ്വലനായ സെക്രട്ടറി സർവ്വോദയ നേതാവ് എം പീതാംബരൻ മാസ്റ്റർക്കും അഭിമാനിക്കാം. മൃഗശാല മാറ്റത്തിന്റെ നാൾവഴികൾ ചരിത്ര രേഖയാക്കിയതും നിസ്വാർത്ഥ കാര്യമല്ല. വലിയ സംഭാവനയാണ്.

ഒടുവിൽ വൈജ്ഞാനികളെ തന്നെ പെയ്താണ് മൃഗശാല യാഥാർത്ഥ്യമാകുന്നത്. മൃഗശാല മാറ്റത്തിന്റെ നാൾവഴി പരിശോധിക്കുമ്പോൾ സ്മരിക്കപ്പെടേണ്ടവരായി അനേകം പേരുണ്ട്.

1994 ൽ തൃശൂർ മൃഗശാലയുടെ ശോചനീയ അവസ്ഥ വെളിയിലാണ് മൃഗശാല മാറ്റത്തിന്റെ തുടക്കം കുറിച്ചത്. അന്നത്തെ ഡിഎഫ്ഒ ആയിരുന്ന കെ.വി. ഷംസുദ്ദീൻ ഐഎഫ്എസ് ആണ് മൃഗശാല മാറ്റത്തിന് ആദ്യം തുടക്കമിട്ടത്. അന്നത്തെ കലക്ടർ ടി.വി. അനുപമ ഐഎഎസ് ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ ഇതിന് പിന്തുണ നൽകി. അന്നത്തെ മൃഗശാല സൂപ്രണ്ട് ഡോ. കെ.കെ. കുഞ്ചു മൃഗശാല മാറ്റത്തിന് ശാസ്ത്രീയ പിൻബലം നൽകി. അന്നത്തെ ഡിഎഫ്ഒ ഷംസുദ്ദീൻ ഐഎഫ്എസ് ആണ് മൃഗശാല മാറ്റത്തിന് ആദ്യം തുടക്കമിട്ടത്. അന്നത്തെ കലക്ടർ ടി.വി. അനുപമ ഐഎഎസ് ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ ഇതിന് പിന്തുണ നൽകി. അന്നത്തെ മൃഗശാല സൂപ്രണ്ട് ഡോ. കെ.കെ. കുഞ്ചു മൃഗശാല മാറ്റത്തിന് ശാസ്ത്രീയ പിൻബലം നൽകി.



1994 ൽ തൃശൂർ മൃഗശാലയുടെ ശോചനീയ അവസ്ഥ വെളിയിലാണ് മൃഗശാല മാറ്റത്തിന്റെ തുടക്കം കുറിച്ചത്. അന്നത്തെ ഡിഎഫ്ഒ ആയിരുന്ന കെ.വി. ഷംസുദ്ദീൻ ഐഎഫ്എസ് ആണ് മൃഗശാല മാറ്റത്തിന് ആദ്യം തുടക്കമിട്ടത്. അന്നത്തെ കലക്ടർ ടി.വി. അനുപമ ഐഎഎസ് ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ ഇതിന് പിന്തുണ നൽകി. അന്നത്തെ മൃഗശാല സൂപ്രണ്ട് ഡോ. കെ.കെ. കുഞ്ചു മൃഗശാല മാറ്റത്തിന് ശാസ്ത്രീയ പിൻബലം നൽകി. അന്നത്തെ ഡിഎഫ്ഒ ഷംസുദ്ദീൻ ഐഎഫ്എസ് ആണ് മൃഗശാല മാറ്റത്തിന് ആദ്യം തുടക്കമിട്ടത്. അന്നത്തെ കലക്ടർ ടി.വി. അനുപമ ഐഎഎസ് ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ ഇതിന് പിന്തുണ നൽകി. അന്നത്തെ മൃഗശാല സൂപ്രണ്ട് ഡോ. കെ.കെ. കുഞ്ചു മൃഗശാല മാറ്റത്തിന് ശാസ്ത്രീയ പിൻബലം നൽകി.

14 ഏക്കറിലൊതുങ്ങുന്നതായിരുന്നു അന്ന് പ്രവർത്തിച്ചിരുന്ന മൃഗശാല. പിന്നീട് കൊളംകോട് പാലസിന് പിറകിൽ രണ്ട് ഏക്കർ സ്ഥലം കൂടി ഏറ്റെടുത്തു കൂടുതൽ സ്ഥലം ലഭ്യമാക്കാനാകില്ലെന്ന് കണ്ടാണ് മൃഗശാല മാറ്റത്തിലേക്കിറങ്ങിയത്.

ഈ സമയത്താണ് തെക്കേ നടയ്ക്കലുള്ള അക്രമത്തിൽ ഏതാനും കുഷ്ഠരോഗികൾ പാർത്തിരുന്ന കോളനി ഒഴിപ്പിച്ചിരുന്നു. ഇവരെ മെഡിക്കൽ കോളേജിലേക്ക് മാറ്റിയ ശേഷം കോളനി പൊളിച്ചുനീക്കുകയായിരുന്നു. ഈ സ്ഥലം കൂടി ചേർത്ത് മൃഗശാല വിപുലീകരിക്കാനുള്ള നീക്കം നടന്നിരുന്നു. എന്നാൽ ഇതിനെതിരെ ശക്തമായ പ്രതിഷേധം ഉയർന്നു വന്നതോടെ ഈ നീക്കം ഉപേക്ഷിച്ചു. ഇതിനിടെ കുടുംബശ്രീ ഉൾപ്പെടെയുള്ള സംഘടനകൾ മൃഗശാല മാറ്റത്തിനെതിരെ രംഗത്തെത്തിയിരുന്നു. ഇതിനിടെ കുടുംബശ്രീ ഉൾപ്പെടെയുള്ള സംഘടനകൾ മൃഗശാല മാറ്റത്തിനെതിരെ രംഗത്തെത്തിയിരുന്നു.

ശക്തനിൽ ആഘോഷം തന്നെ വിവാദമായിരുന്നു. മൃഗശാലക്ക് വയസ്സ് 'തുടങ്ങുന്നു പക്ഷേ' എന്ന തലക്കെട്ടിൽ ഈ ലേഖകൻ തന്നെ എക്സ്പ്രസ്സിൽ ലേഖനം എഴുതിയിരുന്നു. കാരണം തൃശൂർ മൃഗശാലയുടെ തുടക്കം വിയ്യൂരിലെ ജയിൽ വളപ്പിലാണ്. 1885ൽ തൃശ്ശിനാപ്പള്ളിയിൽ നിന്നും രാജകീയ പരിവാരമായെത്തിയ കാക്കത്തമ്പുരാട്ടിയെ ജയിൽ ഗോവിന്ദൻ മൂന്നിൽ ഇപ്പോഴും അന്നത്തെ ശിലാഫലകമുണ്ട്. പിന്നീട് 1911 –ലാണ് ചെമ്പുക്കാവിലേക്ക് മാറ്റിയത്. ആദ്യം ടൗൺ ഹാൾ വളപ്പിൽ ആയിരുന്നു താൽക്കാലിക മൃഗശാല. അവിടെ നിന്നാണ് നിലവിലുള്ള സ്ഥലത്തേക്ക് മാറ്റിയത്.

ശക്തന്റെ ആഘോഷം കഴിഞ്ഞിയുടെ നിർദ്ദേശത്തിൽ സർക്കാർ അഭിപ്രായം ആരാഞ്ഞു. കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം പിച്ചി വനാന്തരത്തിൽ 60 ഏക്ര സ്ഥലം മൃഗശാലക്കായി അനുവദിച്ചു. എന്നാൽ അതിലെ വൃക്ഷങ്ങളോ ട് സാംസ്കാരിക വകുപ്പിന് യോജിപ്പുണ്ടായില്ല. പിച്ചിയിൽ അനുവദിച്ചതിന്റെ ഇരട്ടി സ്ഥലം അധികൃത് ചെയ്ത് വനം വകുപ്പിനെന്നതും വൃക്ഷ നിബിഡമായ ചെമ്പുക്കാവിലെ മൃഗശാല വളപ്പ് തൃശൂരിന്റെ ശ്വാസകോശമായി സംരക്ഷിക്കാൻ വനംവകുപ്പിന് കൈമാറണമെന്നുമായിരുന്നു വ്യവസ്ഥ. നിലവിലുള്ള മൃഗശാല വളപ്പ് കൈമാറാൻ സാംസ്കാരിക വകുപ്പ് തയ്യാറല്ല. പിന്നെ ഉടക്കുകളുടെ ഘോഷയാത്രയായി.

മാത്രമല്ല തൃശൂർ നഗരത്തിനുള്ള കുടിവെള്ള സ്രോതസായ ജലാശയത്തോട് ചേർന്ന് അനുവദിക്കപ്പെട്ട 60 ഏക്കർ സ്ഥലത്ത് മൃഗശാല തുടങ്ങുന്നതിന് എതിരെ പാരിസ്ഥിതിക പ്രശ്നങ്ങളും ഉയർന്നുവന്നു. മൃഗശാല സങ്കീർണ്ണത്തിൽ പുതിയ ലോകക്രമം ഉയർന്നു വരികയും സെൻട്രൽ സൂ അതോറിറ്റി വ്യവസ്ഥയും കേന്ദ്രനിയമങ്ങളും കൊണ്ടുവന്നു. വ്യവസ്ഥകളും അനുസരിച്ച് മൃഗശാല പ്രവർത്തിക്കാൻ ആകാത്ത സ്ഥിതി വന്നു. 1994 മുതൽ അംഗികാരം ഇല്ലാതായി. മൃഗശാല മാറ്റത്തിന്റെ പേരിലാണ് ഇപ്പോഴും തുടർന്ന് വരുന്നത്.

മൃഗശാല മാറ്റത്തിന് നിർണ്ണായക സാഹചര്യം വന്ന അന്വേഷണത്തിലാണ് പുത്തൂരിൽ വനംവകുപ്പിന്റെ പുതിയ സ്ഥലം കണ്ടെത്തിയത്. വനം വകുപ്പ് നിർദ്ദേശിച്ച മൂന്നു സ്ഥലങ്ങളിൽ വിദഗ്ദസംഘം അനുയോജ്യമെന്ന് കണ്ടത് പുത്തൂരായിരുന്നു.

വനം –സാംസ്കാരിക വകുപ്പുകൾ തർക്കം തുടർന്നു. ആര് മൃഗശാല നടത്തും എന്നതിലായി തർക്കം.

തർക്കം തീർക്കാൻ അവർ ലീഡർ കെ കരുണാകരൻ ഇപ്പോൾ ശ്രമിച്ചതായി കെപി വിശ്വനാഥൻ ആയിരുന്നു വനം മന്ത്രി. സാംസ്കാരിക മന്ത്രി ടി എം ജേക്കബ്. അക്കാലത്ത് അവരിലെ കിടിപിടിയ്ക്കൽ പോയ സമയം സാംസ്കാരിക വകുപ്പ് ചുമതല ലീഡർ ഏറ്റെടുത്തു. ലീഡർ തന്നെ യോഗം വിളിച്ചു. മൃഗശാല വനം വകുപ്പിനെ ഏൽപ്പിക്കുവായിരുന്നു യോഗം. യോഗത്തിന്റെ തലേന്ന് കൈക്കോടതി വിധി വന്നു. യോഗം നടന്നില്ല. പിന്നെ തീരുമാനമെടുക്കാൻ 2011 ൽ ഉമ്മൻചാണ്ടി മുഖ്യമന്ത്രിയാകേണ്ടിവന്നു.

(തുടരും)

പുത്തൂർ സുവോളജിക്കൽ പാർക്കിന്റെ പിറവിക്ക് പിന്നിലെ മഹായജ്ഞം

മനുഷ്യർക്ക് കാഴ്ച സുഖവും സന്തോഷവും നൽകാൻ തൃശൂർ മൃഗശാലയിൽ കൂട്ടിലടക്കപ്പെട്ട പക്ഷിമൃഗാദികൾക്ക് മെച്ചപ്പെട്ട ആവാസ സ്ഥാനം അവകാശപ്പെട്ടതാണെന്ന് ഗാന്ധിയൻ ദർശനത്തിലുന്നി രൂപപ്പെട്ട പ്രസ്ഥാനമായിരുന്നു ഫ്രന്റ്സ് ഓഫ് സു

അവിശ്രമമായി യജ്ഞസമർപ്പണ മനോഭാവത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ സാക്ഷാൽക്കാരമാണ് ഉദ്ഘാടനത്തിന് സജ്ജമായുള്ള പുത്തൂർ സുവോളജിക്കൽ പാർക്ക്

കേരളത്തിന്റെ സാംസ്കാരിക തല സ്ഥാനമായ തൃശ്ശൂർ പട്ടണത്തിലെ മൃഗശാലയിൽ നിന്നുകൊണ്ട് ഗാന്ധിജിയുടെ ഈ വാക്കുകൾ ഓർത്താൽ നാം സ്വയം അലിഞ്ഞ് ഇല്ലാതാകുമായിരുന്നു. തൃശ്ശൂർ മൃഗശാലയിലെ ഇടുങ്ങിയ കൂടുകളിൽ പക്ഷിമൃഗാദികൾ അനുഭവിച്ചിരുന്ന ദുരിതങ്ങൾ കാണുമ്പോൾ നമ്മുടെ എല്ലാ മഹത്വവും ധാർമികതയും ചോർന്നുപോകുമായിരുന്നു. വന്യ മൃഗങ്ങളെ കൂട്ടിലടച്ച് ബുദ്ധിമുട്ടിക്കുന്നതിനോട് ഗാന്ധിമാർഗ്ഗ - സർവോദയ മനസ്സുള്ളവർ ഒരിക്കലും അനുകൂലിക്കുന്നില്ല. മനുഷ്യരുടെ ആനന്ദത്തിനു വേണ്ടിയും ഗവേഷണങ്ങൾക്ക് വേണ്ടിയും മൃഗങ്ങളെ കൂട്ടിൽ അടക്കുമ്പോൾ അവയ്ക്ക് പരമാവധി മെച്ചപ്പെട്ട ആവാസ സംവിധാനം ഒരുക്കിക്കൊടുക്കേണ്ടത് മനുഷ്യന്റെ ഉത്തരവാദിത്വമാണ്.

ഇത്തരമൊരു ധാർമികതയുടെ അടിസ്ഥാനത്തിലാണ് തൃശ്ശൂർ മൃഗശാലയിൽ ഇടുങ്ങിയ കൂട്ടിലടയ്ക്കപ്പെട്ട മൃഗങ്ങൾക്ക് മെച്ചപ്പെട്ട ആവാസസ്ഥാനം ഉണ്ടാക്കിക്കൊടുക്കുന്നതിനെക്കുറിച്ചുള്ള ചിന്ത ഉണ്ടായത്. കൂട്ടിലടച്ച മൃഗങ്ങളെ പിന്നിട് കാട്ടിലേക്ക് തുറന്നു വിട്ടാൽ അവയ്ക്ക് അധികകാലം ജീവിക്കാനാകില്ല എന്ന തിരിച്ചറിവും ഇതിന്റെ പിന്നിൽ ഉണ്ടായിരുന്നു. തൃശ്ശൂർ മൃഗശാല വിപുലീകരിക്കണം എന്ന് കാലാകാലങ്ങളിൽ പ്രകൃതിസ്നേഹികളും മൃഗസ്നേഹികളും സാംസ്കാരിക പ്രവർത്തകരും എല്ലാം ആവശ്യപ്പെട്ടിരുന്നു.

സുവോളജിക്കൽ പാർക്ക് എന്ന ആശയം

തൃശൂർ മൃഗശാലയുടെ ശതാബ്ദി വർഷമായ 1985ൽ മൃഗശാലയിൽ കൃഷ്ണമൃഗങ്ങളുടെ വാസസ്ഥല ത്തേക്ക് തെരുവുനായ്ക്കൾ കടന്നുകയറി ഏതാനും കൃഷ്ണമൃഗങ്ങൾക്ക് ജീവാപായം വരുത്തി. മഹാകവി വൈലോപ്പിള്ളി ശ്രീധരമേനോൻ ഈ ദുരന്തം അറിഞ്ഞ് അതിവ ദുഃഖിതനായി. കൃഷ്ണമൃഗങ്ങൾ എന്ന കവിത രചിച്ചു. കവിത ഏറെ ചർച്ച ചെയ്യപ്പെട്ടതോടെ മൃഗശാല തൃശ്ശൂർ നഗരത്തിന് പുറത്ത് കൂടുതൽ വിസ്തൃതമായ സ്ഥലത്തേക്ക് മാറ്റണമെന്ന ആവശ്യം ശക്തമായി.

പട്ടണത്തിന്റെ കേവലം 13 ഏക്കർ സ്ഥലത്ത് അഞ്ഞൂറിലേറെ പക്ഷിമൃഗാദികൾ ഇടുങ്ങിയ കൂടുകളിൽ നരകയാതന അനുഭവിക്കുന്ന സ്ഥിതിയായിരുന്നു. തൃശ്ശൂരിൽ ജനിച്ചു വളർന്ന മുൻ മുഖ്യമന്ത്രി .സി. അച്യുതമേനോൻ, സാംസ്കാരികനായകൻ ഡോ. സുകുമാർ അഴീക്കോട് എന്നിവർ വിഷയം ഏറ്റെടുത്ത സന്ദർഭത്തിൽ ഏതാനും ഗാന്ധിമാർഗ്ഗ പ്രവർത്തകരും മൃഗസ്നേഹികളുമായ ഏതാനും വ്യക്തികൾ തൃശ്ശൂർ മൃഗശാലയിൽ എത്തി സുവോളജിക്കൽ പാർക്കിനായുള്ള ശ്രമങ്ങൾക്ക് പിന്തുണ അറിയിച്ചു. തുടർന്നാണ് മൃഗശാല സുപ്രണ്ടായി രുന്ന കെ. രവീന്ദ്രൻ ഇതിനായുള്ള രേഖകൾ തയ്യാറാക്കി ബന്ധപ്പെട്ടവർക്ക് സമർ പ്പിച്ചത്. പരിശ്രമങ്ങൾക്ക് പിന്തുണ നൽകുന്നതിനുവേണ്ടി ഫ്രണ്ട്സ് ഓഫ് സു എന്ന ഒരു അനൗപചാരിക സംഘടനയും രൂപീകരിച്ചു. ആദ്യകാലത്ത് ഫ്രണ്ട്സ് ഓഫ് സു യോഗങ്ങളിൽ ജില്ലാകളക്ടർമാരാണ് അധ്യക്ഷത വഹിച്ചി രുന്നത്. കാലാകാലങ്ങളിലെ കളക്ടർമാരുടെ സമ്പൂർണ്ണ പിന്തുണയോടെയും മൃഗശാല ഉപദേശക സമിതിയുടെ സഹകരണത്തോടെയും ഫ്രണ്ട്സ് ഓഫ് സു മൃഗശാല വിപുലീകരണത്തിന് പരിശ്രമങ്ങൾ നടത്തി.

ആഗോള മൃഗശാല നയം

ഐക്യരാഷ്ട്രസഭയുടെ ആഭിമുഖ്യത്തിൽ 1992ൽ പ്രസിദ്ധീകരിച്ച വേൾഡ് സു കോൺസർവേഷൻ സ്ട്രാറ്റജി രേഖ ലോകത്തെവിടെയുമുള്ള മൃഗശാലയിലെ ഓരോ മൃഗങ്ങൾക്കും ആവശ്യമായ ആവാസസ്ഥലം, വിസ്തൃതി എന്നിവ നിർണയിച്ചു. അതു പ്രകാരം തൃശ്ശൂർ മൃഗശാലയുടെ വിസ്തൃതി പര്യാപ്തമായിരുന്നില്ല. 1995 നു മുമ്പ് നിർദിഷ്ട സൗകര്യങ്ങൾ ഒരുക്കിയില്ലെങ്കിൽ ആഗോളതലത്തിലും ദേശീയതലത്തിലും നൽകുന്ന അംഗീകാരവും സാമ്പത്തികസഹായങ്ങളും നഷ്ടപ്പെടുമെന്ന മുന്നറിയിപ്പുണ്ടായ ഘട്ടത്തിലാണ് ഫ്രണ്ട്സ് ഓഫ് സു പ്രവർത്തനങ്ങൾ സജീവമാക്കിയത്.

ജനകീയ പ്രവർത്തനങ്ങൾ

ഫ്രണ്ട്സ് ഓഫ് സുവിന്റെ അഭ്യർത്ഥനയിൽ അന്നത്തെ ജില്ലാ കളക്ടർ ജി. രാജീവ് സദാനന്ദന്റെ നേതൃത്വത്തിലുണ്ടായ ശ്രമങ്ങളിൽ ആദ്യത്തേത് മൃഗശാല ഉപദേശകസമിതി ചേർന്ന് പുതിയ സ്ഥലം കണ്ടെത്തുന്നതിനു ഒരു കമ്മിറ്റി രൂപീകരിച്ചതാണ് രാമവർമ്മപുരം, പീച്ചി, പുത്തൂർ എന്നിവിടങ്ങളിൽ സ്ഥലങ്ങൾ കണ്ടെത്തിയെങ്കിലും രാമവർമ്മപുരത്തും പീച്ചിയിലും ജനങ്ങൾ താല്പര്യം പ്രകടിപ്പിച്ചില്ല. അങ്ങിനെയാണ് പുത്തൂർ നിർദ്ദേശിക്കപ്പെട്ടത്.

1994ൽ കെ.കരുണാകരൻ മുഖ്യമന്ത്രിയായിരിക്കേ മൃഗശാലാ മാറ്റത്തിന് നിർദേശം നൽകി. അന്നത്തെ പുത്തൂർ പഞ്ചായത്ത് പ്രസിഡന്റ് എം. ശങ്കരൻ കുട്ടിയുടെ നേതൃത്വത്തിലുള്ള ഭരണസമിതിയും നിർദിഷ്ട പ്രദേശം ഉൾപ്പെടുന്ന കൈനൂർ ഈസ്റ്റ് ഗ്രാമസഭാ യോഗവും സുവോളജിക്കൽ പാർക്കിനെ സ്വാഗതം ചെയ്തും എല്ലാവിധ സഹായസഹകരണങ്ങൾ വാഗ്ദാനം ചെയ്തുകൊണ്ടും പ്രമേയങ്ങൾ പാസാക്കി ബന്ധപ്പെട്ടവർക്കു നൽകി. നിർദ്ദിഷ്ട സ്ഥലത്ത് മൃഗശാലക്കായി അനുമതിക്ക് അപേക്ഷിക്കണം എങ്കിൽ സ്ഥലത്തിന്റെ കോണ്ടൂർ ഭൂപടവും ചുറ്റുപാടുമുള്ള പ്രദേശത്തെ സാമൂഹ്യ- സാമ്പത്തിക സർവ്വേ റിപ്പോർട്ടും ആവശ്യമായിരുന്നു.

1995 മെയ് 16ന് ജില്ലാ കളക്ടർ രാജീവ് സദാനന്ദന്റെ അധ്യക്ഷതയിൽ ഫ്രണ്ട്സ് ഓഫ് സുവിന്റേയും മൃഗശാല അധികൃതരുടെയും സംയുക്ത യോഗം ചേർന്നു. കോണ്ടൂർ സർവേയും സാമൂഹ്യ സാമ്പത്തിക സ്ഥിതിവിവര സർവേയും ജനകീയമായി നടപ്പാക്കാൻ തീരുമാനിച്ചു. ഫ്രണ്ട്സ് ഓഫ് സു, പുത്തൂർ പഞ്ചായത്ത്, തൃശ്ശൂർ എൻജിനീയറിങ് കോളേജിലെ സിവിൽ വിഭാഗം, സംസ്കാര വിദ്യാ ഭ്യാസ ഗവേഷണ കേന്ദ്രം, അളഗപ്പ ത്യാഗരാജ പോളിടെക്നിക് കമ്മ്യൂണിറ്റി വിഭാഗം എന്നിവരുടെ സംയുക്ത ശ്രമത്താൽ രണ്ട് പ്രവർത്തനങ്ങളും ജനകീയമായി തീർത്ത് രേഖകൾ സംസ്ഥാന സു ഡയറക്ടർ സി. എസ്. യേലാക്കിക്ക് കൈമാറി. മൃഗശാല സൂപ്രണ്ട് കെ. രവീന്ദ്രൻ, പഞ്ചായത്ത് ഭരണസമിതി ഭാരവാഹികളായ എം. ശങ്കരൻ കുട്ടി, ജോണി ചിറയത്ത്, വി.വി.മുരളീധരൻ, ഫ്രണ്ട്സ് ഓഫ് സു ഭാരവാഹികളായ എം. പീതാംബരൻ, പ്രൊഫ. ജോൺസ് സിറിയക്, കെ.വി. അബ്ദുൽ അസീസ് പത്രപ്രവർത്തകനായ ബാലകൃഷ്ണൻ കുന്നത്ത് എന്നിവർ സന്നിഹിതരായിരുന്നു.

സർവ്വേയുടെ ജനകീയ പ്രവർത്തനങ്ങൾക്ക് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജോണി ചിറയത്ത്, വൈസ് പ്രസിഡന്റ് കെ.നന്ദൻ കുന്നത്ത്, സ്ഥിരംസമിതി ചെയർമാൻ ടി.കെ. ശ്രീനിവാസൻ, ഗ്രാമപഞ്ചായത്ത് അംഗങ്ങളായ ടി. പി.വാസു, വി.ആർ.രമേശ്, വി.വി.മുരളീധരൻ, വി.ഡി. സുരേഷ്, കെ.ആർ. ഉണ്ണി, ലത വിശ്വംഭരൻ, മോളി മാത്യൂ, പി.വി.ജോർജ്ജ്, മിനിമോൾ, കെ.ഭാർഗവി, ബേബി ഡേവിസ്, മുൻ പഞ്ചായത്ത് അംഗം കെ.പി.ഔസേപ്പ് (കണ്ണുക്കാടൻ ഔസേപ്പുണ്ണി) പൊതുപ്രവർത്തകരായ ടി.ആർ.പ്രഭാകരൻ, ഷാജൻ തോട്ടുങ്ങൽ, കെ.കെ. അയ്യപ്പകുട്ടി, പി.ജി. ഷാജി, എം.അരവിന്ദാക്ഷൻ, രവി കാട്ടുങ്ങൽ, കെ.കെ.വേലായുധൻ കുട്ടി, മുരിയാടൻ രവീന്ദ്രൻ, കെ.എം. ശിവദാസൻ, താണാശ്ശേരി വിജയൻ, ഡോ.പി. ഉണ്ണികൃഷ്ണ വാര്യർ, സൈമൺ നെല്ലിശ്ശേരി, അളഗപ്പ പോളിടെക്നിക് പ്രതിനിധി കെ. രാധാ കൃഷ്ണൻ എന്നിവർ നേതൃത്വം നൽകി.

നിർദേശിക്കപ്പെട്ട സ്ഥലം വനംവകുപ്പിന്റെ കീഴിലും, മൃഗശാല സു ആൻഡ് മ്യൂസിയം വകുപ്പിന്റെ കീഴിലും ആയിരുന്നു. മൃഗശാല ആധുനികവൽക്കരിക്കാൻ വനഭൂമി വിട്ടുകിട്ടണമെന്ന് മൃഗശാല വകുപ്പും ഭൂമി വനംവകുപ്പിന്റേതായ തുകൊണ്ട് മൃഗശാല നടത്തിപ്പ് വനംവകുപ്പും ആവശ്യപ്പെട്ടത് വകുപ്പുകൾ തമ്മിലുള്ള തർത്തതിലേക്കു നയിച്ചു. മറ്റൊരു വകുപ്പിനുവേണ്ടി വനഭൂമി കൈമാറുന്നത് വനേതര ആവശ്യത്തിനെന്ന് വ്യാഖ്യാനിക്കപ്പെടുമെന്നും വന നിയമങ്ങൾ അനുസരിച്ച് അതിന് സാധിക്കില്ല നിയമപരമായി അംഗീകാരം കിട്ടാനും പ്രയാസമാണെന്നും വനംവകുപ്പ് നിലപാടെടുത്തു അംഗീകാരം കിട്ടുന്നു എങ്കിൽ തന്നെ തത്തുല്യമായ റവന്യൂഭൂമി വനംവകുപ്പിന് നൽകു കയും അത്രയും സ്ഥലത്ത് പുതിയ വനവൽക്കരണത്തിനായുള്ള പണം കൈമാറുകയും വേണം. പ്രസ്തുത പദ്ധതി വനംവകുപ്പിനെ ഏൽപ്പിക്കുകയാണെങ്കിൽ സാങ്കേതിക തടസ്സ ങ്ങൾ മറികടക്കും . ഇ.കെ. നായനാർ മുഖ്യമന്ത്രിയും ടി.കെ. രാമകൃഷ്ണൻ സാംസ്കാരിക വകുപ്പ് മന്ത്രിയും പി.ആർ. കുറുപ്പ് വനംവകുപ്പ് മന്ത്രിയും ആയിരുന്ന കാലഘട്ടത്തിൽ 1996ൽ മൃഗശാല ആധുനികവൽക്കരിക്കാൻ സർക്കാർ തീരുമാനിച്ചു. ഇക്കാര്യം സാംസ്കാരിക വകുപ്പിന്റെ പ്രസിദ്ധീകരണത്തിൽ രേഖപ്പെടുത്തി.

1997 ഒക്ടോബർ 4ന് ജന്തുക്ഷേമ ദിനത്തിൽ തൃശ്ശൂരിൽ മൃഗശാല ആധുനികവൽക്കരണം ത്വരിതപ്പെടുത്താനാവശ്യപ്പെട്ട് വിപുലമാക്കുക. ജനകീയ കൺവെൻഷൻ ജില്ലാ കളക്ടർ ടിക്കാറാം മീണയുടെ അധ്യക്ഷതയിൽ നടന്നു. തൃശ്ശൂർ ലോക്സഭാംഗം വി.വി.രാഘവൻ ഉദ്ഘാടനം ചെയ്തു.സർവോദയ മണ്ഡലത്തിന്റെയും ഫ്രണ്ട്സ് ഓഫ് സു വിന്റെയും സെക്രട്ടറി എം.പീതാംബരൻ അവതരിപ്പിച്ച തുടർ പ്രവർത്തനരേഖ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട അധികൃതരുമായി നിരന്തരം ബന്ധപ്പെട്ട് സുവോളജിക്കൽ പാർക്ക് എന്ന ആശയത്തെ സജീവമാക്കാം അതുവഴി / യാഥാർത്ഥ്യമാക്കാനും കൺവെൻഷൻ തീരുമാനിച്ചു.

വാർഡ്, ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നീ തലങ്ങളിലെല്ലാം സുവോളജിക്കൽ പാർക്ക് നിർമ്മാണം എത്രയും പെട്ടെന്ന് ആരംഭിക്കണമെന്ന് പ്രമേയങ്ങൾ പാസാക്കി. മാറിമാറി വരുന്ന മന്ത്രിസഭകളെ അതു വരെയുള്ള കാര്യങ്ങൾ ബോധ്യപ്പെടുകയെന്നത് യജ്ഞം കണക്കെ ഫ്രന്റ്സ് ഓഫ് സു നടത്തി.

(തുടരും)



ആഹ്ലാദകരമായ അന്തരീക്ഷത്തിൽ സുവോളജിക്കൽ പാർക്കിന്റെ ഉദ്ഘാടനം



പതിറ്റാണ്ടുകളുടെ കാത്തിരിപ്പിന് ശേഷം വളരെ ആഹ്ലാദകരമായ അന്തരീക്ഷത്തിൽ വലിയൊരു ജനാവലിയെ സാക്ഷി നിർത്തിക്കൊണ്ട് തൃശ്ശൂർ സുവോളജിക്കൽ പാർക്ക് എന്ന വന്യജീവി സംരക്ഷണ ഗവേഷണ കേന്ദ്രത്തിന്റെ ഉദ്ഘാടനം 2025 ഒക്ടോ ബർ 28ന് ചൊവ്വാഴ്ച വൈകുന്നേരം അഞ്ചുമണിക്ക് കേരള മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു.

വനം വകുപ്പ് മന്ത്രി എ. കെ.ശശീന്ദ്രൻ ഉദ്ഘാടന സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു. മന്ത്രിമാരായ കെ എൻ ബാലഗോപാൽ, കെ.രാജൻ, കെ. കൃഷ്ണൻകുട്ടി, പ്രൊഫ. ആർ ബിന്ദു, റോഷി അഗസ്റ്റിൻ തൃശ്ശൂർ കോർപ്പറേഷൻ മേയർ എം.കെ. വർഗീസ് മുൻ മന്ത്രിമാരായ കെ. രാജു, കെ.പി. രാജേന്ദ്രൻ, വി.എസ്. സുനിൽകുമാർ, പാർലമെന്റ് അംഗം കെ. രാധാകൃഷ്ണൻ എം.എൽ.എമാരായ മുരളി പെരുനെല്ലി, ഇ.ടി. ടൈസൺ, വി.ആർ. സുനിൽ കുമാർ, കെ.കെ. രാമചന്ദ്രൻ, പി. ബാലചന്ദ്രൻ, സേവിയർ ചിറ്റിലപ്പിള്ളി, എൻ. കെ. അക്ബർ, യു.ആർ. പ്രദീപ് തുടങ്ങിയവർ പങ്കെടുത്തു. ആയിരക്കണക്കിനാളുകൾ പങ്കെടുത്ത സാംസ്കാരിക ഘോഷയാത്രയ്ക്ക് ശേഷം ആയിരുന്നു ഉദ്ഘാടനം.

ആദ്യ സന്ദർശകർ വൈലോപ്പിള്ളി സ്മാരക വിദ്യാലയത്തിൽനിന്ന്

സുവോളജിക്കൽ പാർക്കിന്റെ ഉദ്ഘാടനത്തിനുശേഷം ഓൺലൈനായി അപേക്ഷ നൽകുന്നവർക്ക് നവംബർ, ഡിസംബർ മാസങ്ങളിൽ പരീക്ഷണ അടിസ്ഥാനത്തിൽ സന്ദർശനം അനുവദിച്ചിരുന്നു. ഇപ്രകാരം രജിസ്റ്റർ ചെയ്തു നവംബർ ഒന്നാം തീയതി സുവോളജിക്കൽ പാർക്ക് സന്ദർശിക്കാനായി ആദ്യമായി എത്തിയത് ഒല്ലൂരിലെ മഹാകവി വള്ളത്തോൾ വൈലോപ്പിള്ളി സ്മാരക ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിലെ വിദ്യാർഥികളാണ്.

1985 ൽ തൃശ്ശൂർ മൃഗശാലയുടെ അപര്യാപ്തതകളെക്കുറിച്ച് കൃഷ്ണ മൃഗങ്ങൾ എന്ന കവിതയിലൂടെ പൊതുജന ശ്രദ്ധയിലേക്ക് കൊണ്ടുവന്നത് മഹാകവി വൈലോപ്പിള്ളി ശ്രീധരമേനോൻ ആണ്. അദ്ദേഹം ഉണർത്തിവിട്ട പൊതുമനസ്സ് മൃഗശാല ആധുനികവൽക്കരണത്തിനായുള്ള ശ്രമങ്ങളാരംഭിച്ചു. 40 വർഷത്തിനുശേഷം 2025 ൽ ആധുനിക മൃഗശാല ആയ സുവോളജിക്കൽ പാർക്കിലേക്ക് ആദ്യ സന്ദർശകരായി എത്തിയത് മഹാകവിയുടെ നാമധേയത്തിലുള്ള വിദ്യാലയത്തിൽ നിന്നാണ് എന്നത് ശ്രദ്ധേയമായി. വിദ്യാലയത്തിലെ പ്രധാന അധ്യാപിക എ.വി. വിജനയുടെ നേതൃത്വത്തിൽ 60 വിദ്യാർത്ഥികളും 9 അധ്യാപകരും രണ്ട് പി.ടി.എ. അംഗങ്ങളും ആദ്യ സന്ദർശന സംഘത്തിൽ ഉണ്ടായിരുന്നു.

മലയാള മനോരമ



ഒല്ലൂർ വൈലോപ്പിള്ളി ഹയർ സെക്കൻഡറി സ്കൂളിലെ വിദ്യാർഥികൾ പുത്തൂർ സുവോളജിക്കൽ പാർക്ക് സന്ദർശിച്ചപ്പോൾ.

പുത്തൂർ സുവോളജിക്കൽ പാർക്ക്

ആദ്യ സന്ദർശകരായി വൈലോപ്പിള്ളി സ്കൂളിലെ വിദ്യാർഥികൾ

പുത്തൂർ● ഉദ്ഘാടനത്തിനു ശേഷം സുവോളജിക്കൽ പാർക്കിലേക്കുള്ള ആദ്യ സന്ദർശകരായി വൈലോപ്പിള്ളി സ്കൂളിലെ വിദ്യാർഥികൾ. ഒല്ലൂർ വൈലോപ്പിള്ളി വൊക്കേഷനൽ ഹയർ സെക്കൻഡറി സ്കൂളിലെ വിദ്യാർഥികളും അധ്യാപകരും പിടിഎ അംഗങ്ങളുമാണ് പാർക്കിൽ എത്തിയത്. രജിസ്ട്രേഷൻ വഴി പാർക്കിലേക്ക് പ്രവേശനം നൽകുന്ന സംവിധാനം ആദ്യമായി ഉപയോഗപ്പെടുത്തിയ സ്കൂളാണിത്.

തൃശൂർ മൃഗശാലയിലെ കൃഷ്ണമാനുകളുടെ ദുരിതത്തെക്കുറിച്ച് 1985ൽ മഹാകവി വൈലോപ്പിള്ളി എഴുതിയ കവിത പ്രസിദ്ധീകരിച്ചതിനു പിന്നാലെയാണ് മൃഗശാല മാറ്റത്തെക്കുറിച്ച് ചർച്ചകൾ ആരംഭിച്ചത്. 30 വർഷത്തിനുശേഷം കവിയുടെ പേരിലുള്ള വിദ്യാലയത്തിൽ നിന്നുള്ള വിദ്യാർഥികൾ തന്നെ പാർക്കിലെ ആദ്യ സന്ദർശകരായി എന്നത് കൗതുകകരമായി. പ്രിൻസിപ്പൽ എ.വി.വിജന നേതൃത്വം നൽകിയ സന്ദർശനത്തിൽ 60 വിദ്യാർഥികളും 9 അധ്യാപകരും 2 പിടിഎ അംഗങ്ങളും പങ്കെടുത്തു.

ഗാന്ധിമാർഗ്ഗം ഫലപ്രദം സർവ്വോദയം പ്രായോഗികം

ഒരു സാമൂഹിക പ്രശ്നം പരിഹരിക്കുന്നതിനും സാമൂഹിക ദൗത്യം ഏറ്റെടുത്തു ലക്ഷ്യപ്രാപ്തി കൈവരിക്കുന്നതിനും ഗാന്ധിമാർഗ്ഗം അഥവാ സർവ്വോദയ സമീപനമാണ് ഏറ്റവും ഫലപ്രദവും പ്രായോഗികവും എന്ന് തൃശ്ശൂർ സുവോളജിക്കൽ പാർക്കും സാക്ഷ്യപ്പെടുത്തുകയാണ്. ആരെയും ശത്രുപക്ഷത്ത് നിർത്താതെ, എല്ലാവരിലും നന്മയുണ്ട് എന്ന വിശ്വാസത്തിൽ അടിയുറച്ച് മറ്റുള്ളവരിൽ അനുകൂലമായ മാനസിക അന്തരീക്ഷം സൃഷ്ടിക്കുക എന്ന സർവ്വോദയ സത്യാഗ്രഹ രീതിയാണ് സുവോളജിക്കൽ പാർക്കിന്റെ കാര്യത്തിലും സ്വീകരിച്ചത്.

പക്ഷിമൃഗാദികൾക്ക് കൂടുതൽ മെച്ചപ്പെട്ട ആവാസ ഇടങ്ങൾ ലഭ്യമാക്കുക എന്ന കാര്യത്തിൽ ഏറെക്കുറെ പുരോഗതി ഉണ്ടായിട്ടുണ്ട്. സമ്പുഷ്ടീകരണ (Enrichment) ത്തിന്റെ കാര്യത്തിൽ ഇനിയും മുന്നോട്ടുപോകണം. ഇതിനായി കൂടുതൽ പഠനങ്ങളും അവലോകനങ്ങളും പരിശ്രമങ്ങളും വേണം. അത് അനിവാര്യമായ ഒരു തുടർപ്രക്രിയയാണ്. മൃഗശാല ആധുനികവൽക്കരണത്തിനായുള്ള പരിശ്രമങ്ങൾ നടക്കുന്നതിനിടയിൽ മറ്റ് രണ്ട് ജനകീയ സമരങ്ങളിൽ സജീവമാകേണ്ടി വന്നു. ഇവയിൽ നിന്നുള്ള അനുഭവങ്ങൾ ലേഖകന് സുവോളജിക്കൽ പാർക്കിനായുള്ള ശ്രമങ്ങൾക്ക് വ്യക്തമായ ഒരു ദിശാബോധം ലഭിക്കാനും രീതിശാസ്ത്രം രൂപപ്പെടുത്താനും സഹായിച്ചു. കൈനൂർ സമരം, ലാലൂർ സമരം എന്നിവയായിരുന്നു ആ ജനകീയ സമരങ്ങൾ. അതേസമയം, സുവോളജിക്കൽ പാർക്കിന്റെ കാര്യത്തിൽ സമരാന്തരീക്ഷം ഉണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. എന്നാൽ,സത്യാഗ്രഹ സമീപനം നിലനിർത്തുകയും ചെയ്തു. കക്ഷിരാഷ്ട്രീയത്തിൽ നിന്നും അധികാര (തെരഞ്ഞെടുപ്പ്) രാഷ്ട്രീയത്തിൽ നിന്നും മാറി നിന്നുകൊണ്ട് നിഷ്പക്ഷ - നിസ്വാർത്ഥ നിലപാട് സ്വീകരിക്കുന്ന സർവോദയ ശൈലി ജനങ്ങളുടെയും അധികൃതരുടെയും വിശ്വാസം എളുപ്പത്തിൽ ആർജ്ജിക്കുന്നതിന് സഹായകമായി.

കൈനൂർ സമരം

തൃശ്ശൂർ ജില്ലയിലെ പുത്തൂർ ഗ്രാമപഞ്ചായത്തിലെ കൈനൂർ പ്രദേശത്ത് അയ്യമ്പിള്ളി കുന്നിൻ മുകളിൽ കേരള സർക്കാരിന്റെ വകയായ കന്നുകാലി



കൈനൂർ സമരത്തെ തുടർന്ന് സർക്കാർ വക പന്നി വളർത്തൽ കേന്ദ്രം അവിടെനിന്ന് മാറ്റാനുള്ള ഉത്തരവ് റവന്യൂ മന്ത്രി കെ.പി. രാജേന്ദ്രൻ ഡോ. സുകുമാർ അഴീക്കോടിന് കൈമാറുന്നു. തൃശ്ശൂർ ജില്ലാ കലക്ടർ ഡോ. എം.ബീന, സമരസഹായ സമിതി കൺവീനർ എം. പീതാംബരൻ മാസ്റ്റർ, സമരസമിതി കൺവീനർ സി. ശിവദാസൻ എന്നിവരാണ് സമീപം. ആറ് വർഷം നീണ്ടുനിന്ന കൈനൂർ സമരത്തെ ആസ്പദമാക്കി എം. പീതാംബരൻ മാസ്റ്റർ രചിച്ച 'ജനകീയ സമരങ്ങളും മുന്നേറ്റങ്ങളും : ഗാന്ധി മാർഗ്ഗ സമീപനം' എന്ന പുസ്തകത്തിൽ നിന്നാണ് ഈ ചിത്രം.

വികസന ബോർഡ് (കെ. എൽ. ഡി. ബോർഡ്) നടത്തുന്ന പന്നി വളർത്തൽ കേന്ദ്രത്തിൽനിന്ന് വൻതോതിൽ മാലിന്യം ഒലിച്ചിറങ്ങി താഴ്വാരങ്ങളിൽ താമസിക്കുന്ന ജനങ്ങളുടെ ജീവിതം ദുസ്സഹമാക്കി. നിരവധിയായ രോഗങ്ങൾ, ദുർഗന്ധം ജല - വായു മലിനീകരണം, സാമൂഹികമായ ഒറ്റപ്പെടൽ എന്നിവ യുണ്ടായി. 2003 മുതൽ വിവിധരൂപങ്ങളിൽ നാട്ടുകാർ സമരങ്ങൾ നടത്തി യെങ്കിലും പല മാർഗത്തിലും അതിനെ നിർവീര്യമാക്കാൻ അഴിമതിക്കാരായ ഉദ്യോഗസ്ഥർക്ക് സാധിച്ചു. പിന്നീട് കൈനൂരിലേയും കുരുടൻ ചിറ പ്രദേശത്തെയും വനിതാ സ്വാശ്രയ സംഘങ്ങൾ സമരത്തിന് നേതൃത്വം നൽകാൻ എത്തി. ഇപ്രകാരം ഒരു വർഷം കൂടി പിന്നിട്ടപ്പോഴാണ് അവർ സർവോദയ മണ്ഡലം സംസ്ഥാന വൈസ് പ്രസിഡണ്ട് ആയിരുന്ന എം. പീതാംബരൻ മാസ്റ്ററെ സമീപിച്ചത്. സമരത്തിന് മാർഗ്ഗനിർദ്ദേശം നൽകണം എന്നതാ യിരുന്നു അഭ്യർത്ഥന. രണ്ട് ഉപാധികൾ അദ്ദേഹം മുന്നോട്ടുവെച്ചു.

ഒന്ന്, ലക്ഷ്യം നേടുന്നതുവരെ സമരരംഗത്ത് ഉണ്ടാകുമെന്ന് ഉറപ്പ് വേണം. രണ്ട്, സമരപരിപാടികൾ അഹിംസാത്മകമായിരിക്കണം. നാട്ടുകാർ യോഗം ചേർന്ന് ഈ രണ്ട് ഉപാധികളും അംഗീകരിച്ചു. നാട്ടുകാരുടെ പൊതുവായ ഒരു സമരസമിതിയും സമരത്തെ പിന്തുണക്കാൻ അതിനായി ഒരു ഐക്യ ദാർഢ്യസമിതി(സഹായ സമിതി)യും രൂപീകരിക്കപ്പെട്ടു. ടി.വി.ഗോപി (ചെയർ

മാൻ) സി. ശിവദാസൻ (കൺവീനർ) പി. കെ. അനിത ടീച്ചർ, നളിനി ബാബു (വനിതാവിഭാഗം ഭാരവാഹികൾ) ചന്ദ്രൻ തെങ്ങുംപുള്ളി, കെ.ആർ.ഉണ്ണി എന്നിവർ ഉൾപ്പെടുന്നതായിരുന്നു സമരസമിതി.

എം. പീതാംബരൻ മാസ്റ്റർ കൺവീനർ ആയി ഐക്യദാർഢ്യ സമിതിയും രൂപീകരിച്ചു അതതുകാലത്തെ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടും ആയിരുന്ന സാവിത്രി ദാസ്, എം.രഘുനാഥ് എന്നിവർ ചെയർമാന്മാരായി പ്രവർത്തിച്ചു. ഗാന്ധിയൻ സർവോദയ രീതികളിലൂടെ, സത്യാഗ്രഹ മാർഗ്ഗത്തിൽ സമരം പുരോഗമിച്ചു. അങ്കണവാടി വിദ്യാർത്ഥികൾ മുതൽ വയോവൃദ്ധർ വരെ സമര ത്തിൽ പ്രത്യക്ഷമായി പങ്കെടുത്തു. സമരത്തെ സംബന്ധിച്ച് തൃശ്ശൂർ ജില്ല മുഴുവൻ ചർച്ചയുണ്ടായി. സംസ്ഥാനത്തെ സാംസ്കാരിക നേതാക്കളെല്ലാം തന്നെ ഓരോ ഘട്ടങ്ങളിലായി സമര പരിപാടികളിൽ പങ്കെടുത്തു കൊണ്ടി രുന്നു. അഖിലേന്ത്യ തലത്തിൽ മേധാപട്കർ, പദയാത്ര ഗാന്ധി പി. വി. രാജ ഗോപാൽ, ഡോ.സുകുമാർ അഴീക്കോട്, ഡോ. വയലാ വാസുദേവൻ പിള്ള, വൈശാഖൻ, ഡോ. കെ.കെ. രാഹുലൻ എന്നിവരെല്ലാം സമരത്തിന് പ്രോത്സാ ഹനം നൽകി. പരിപാടികളിൽ പങ്കെടുത്തുകൊണ്ടിരുന്നു.

പ്രസ്തുത പ്രദേശത്തെ ജനങ്ങളുടെ ആരോഗ്യ ശുചിത്വ കാര്യങ്ങളെ ക്കുറിച്ച് സംസ്ഥാന തലത്തിൽ പ്രഗൽഭർ ഉൾപ്പെടുന്ന ജനകീയ കമ്മീഷൻ തെളിവെടുപ്പ് നടത്തി. റിപ്പോർട്ട് അധികൃതർക്ക് സമർപ്പിച്ചു. സാമൂഹിക സമ്മർദം ശക്തമായതോടുകൂടി സർക്കാർവക പന്നി വളർത്തൽ കേന്ദ്രം അടച്ചുപൂട്ടാനും മറ്റൊരു സ്ഥലത്തേക്ക് മാറ്റാനും ആർ.ഡി.ഒ. ഉത്തരവിട്ടു. ഉത്തരവ് നടപ്പാക്കാൻ അധികാരികൾ തയ്യാറാകാത്ത സാഹചര്യത്തിൽ ഡോ. സുകുമാർ അഴീക്കോട്, മേധാപട്കർ എന്നിവർ അതാതുകാലത്തെ മുഖ്യമന്ത്രി മാർക്ക് കത്തെഴുതുകയും ചെയ്തു.

എത്രയും പെട്ടെന്ന് പ്രശ്നപരിഹാരം ഉണ്ടാകും എന്ന മറുപടിയും ലഭിച്ചി രുന്നു. മുഖ്യമന്ത്രിമാർ ആയിരുന്ന വി.എസ്. അച്യുതാനന്ദൻ, ഉമ്മൻചാണ്ടി എന്നിവരെല്ലാം ഉറപ്പുകൾ കൊടുത്തിട്ടും പരിഹാരം ഉണ്ടാകാത്ത സാഹചര്യ ത്തിൽ അനിശ്ചിതകാല നിരാഹാരത്തിന് ഡോക്ടർ സുകുമാർ അഴീക്കോട് തയ്യാറാകുകയും ചെയ്തു. ജനകീയ സമരങ്ങളും ഡോ. അഴീക്കോടിന്റെ നിരാ ഹാര പ്രഖ്യാപനവുമെല്ലാം സൃഷ്ടിച്ച സാമൂഹ്യ സമ്മർദ്ദത്തെ അതിജീവിക്കാൻ അധികൃതർക്ക് സാധിക്കാതായി. പ്രസ്തുത പന്നി വളർത്തൽ കേന്ദ്രം കൂത്താ ട്ടുകുളത്തേക്ക് മാറ്റാനും നടപടികൾ പൂർത്തിയാക്കാനും തയ്യാറായി. കൈനൂർ ഗ്രാമം മാലിന്യത്തിൽ നിന്ന് മുക്തമാകുകയും ചെയ്തു.

ലാലൂർ സമരം

തൃശ്ശൂർ മുനിസിപ്പാലിറ്റിയിലെ എല്ലാ വാർഡുകളിലേയും മാലിന്യം ശേഖരിച്ച് ലാലൂർ എന്ന പ്രദേശത്താണ് നിക്ഷേപിച്ചിരുന്നത്. കോർപ്പറേഷൻ ആയപ്പോൾ കൂട്ടിച്ചേർത്ത പഞ്ചായത്തുകളിലെയും മാലിന്യം ഇവിടെ എത്തി. ശരിയായ മാലിന്യസംസ്കരണം നടക്കാത്തത് മൂലം ലാലൂർ പ്രദേശത്ത് വലിയ മാലിന്യ മലകൾ രൂപം കൊണ്ടു. വായു – ജല മലിനീകരണം മൂലം ജനങ്ങൾക്ക് നിരവധിയായ രോഗങ്ങൾ ഉണ്ടായി.

ലാലൂർ പ്രദേശത്തേക്ക് മറ്റിടങ്ങളിൽ നിന്നും ആളുകൾ വരാതായി. കുടുംബബന്ധങ്ങൾ പോലും തകരുന്ന സാഹചര്യത്തിലേക്ക് കാര്യങ്ങൾ എത്തി. 1988 കാലഘട്ടത്തിൽ നാട്ടുകാരുടെ സമരം ആരംഭിച്ചു. എ.വി. ആര്യൻ സമര പരിപാടികൾക്ക് നേതൃത്വം നൽകി. സമരപരിപാടികളെ പലതരത്തിൽ അടിച്ചമർത്താൻ അധികൃതർ ശ്രമിച്ചുകൊണ്ടേയിരുന്നു. കൈനൂർ സമരം അവസാനിച്ച ഘട്ടത്തിൽ, 2009 ൽ ലാലൂരിൽ വൻതോതിൽ മാലിന്യ മലക്ക് തീപിടിച്ചു പരിസ്ഥിതി മലിനീകരണം ദുസ്സഹമായി. തുടർന്ന് ഉണ്ടായ വലിയ മഴയിൽ മാലിന്യം പ്രദേശത്തെ വീടുകളിലേക്കും ഒലിച്ചെത്തി. കിണറുകളെല്ലാം മലീമസമായി. സമരസമിതി കൂടുതൽ സജീവമായി ഇടപെടാൻ തുടങ്ങി. ടി.കെ.



ലാലൂർ സമര സഹായ സമിതി കൺവീനർ എം.പീതാംബരൻ മാസ്റ്ററുടെ നിവേദനത്തെ തുടർന്ന് മനുഷ്യാവകാശ കമ്മീഷൻ അംഗം ആർ. നടരാജൻ, മാലിന്യം നിറഞ്ഞ ലാലൂർ ഗ്രൗണ്ട് സന്ദർശിക്കുന്നു. 2012 മാർച്ചിൽ. 19ന് ഉത്തരവ് മാലിന്യ നിക്ഷേപം നിർത്തലാക്കി. ഇപ്പോൾ ഇവിടെ പത്മശ്രീ ഐ. എം. വിജയൻ സ്പോർട്സ് കോംപ്ലക്സ്.



ലാലൂർ മാലിന്യവിരുദ്ധസമരത്തിന്റെ നൂറാംദിവസം കെ.ജി.ശങ്കരപ്പിള്ള നിരാഹാരസത്യാഗ്രഹവും സർവ്വോദയമണ്ഡലം നേതാവ് എം.പീതാംബരൻ മൗനവ്രതവും ആരംഭിച്ചപ്പോൾ

വാസു (ചെയർമാൻ), സി.പി. ജോസ് (കൺവീനർ), അഡ്വ. രഘുനാഥ് കഴുങ്കേൽ (വൈസ് ചെയർമാൻ), കെ. ജി. ഉണ്ണികൃഷ്ണൻ, കെ.ജി. അനിൽകുമാർ, ലൂയിസ് താഴത്ത, കെ. കെ. ഓമന, കെ.യു. പ്രഭാകരൻ, കെ.കെ. തോമസ്, ബേബി മാളിയേക്കൽ, കെ.കെ. ഗോപാലൻ, പി.എൽ. ജോസ് എന്നിവരടങ്ങുന്നതായിരുന്നു സമരസമിതി.

ജില്ലയിലെ മുഴുവൻ മനുഷ്യാവകാശ പരിസ്ഥിതിസംരക്ഷണ സംഘടനകളുടെയും പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് തൃശ്ശൂർ സെൻറ് തോമസ് കോളേജിൽ വിപുലമായ ഐക്യദാർഢ്യ സമ്മേളനം നടന്നു. പ്രസ്തുത യോഗം മുൻ സ്പീക്കറും മന്ത്രിയും ആയിരുന്ന വി.എം. സുധീരൻ ഉദ്ഘാടനം ചെയ്തു. കെ.വി. അബ്ദുൽ അസീസ് ചെയർമാനും സർവോദയ മണ്ഡലം സംസ്ഥാന വൈസ് പ്രസിഡൻറ് എം.പീതാംബരൻ സെക്രട്ടറിയും ആയുള്ള സമര സഹായ സമിതി രൂപീകരിച്ചു. പൂനം റഹീം, ശ്രീധരൻതേറമ്പിൽ എന്നിവരായിരുന്നു മറ്റു ഭാരവാഹികൾ. തുടർന്ന് ഗാന്ധിയൻ – സർവോദയ രീതിയിലുള്ള സത്യാഗ്രഹ പരിപാടികൾ ആരംഭിച്ചു. പ്രശസ്ത കവി പ്രൊഫ. കെ.ജി. ശങ്കരപ്പിള്ള, പ്രൊഫ. സാറാജോസഫ്, ഡോ. വയലാ വാസുദേവൻ പിള്ള, തുടങ്ങിയവരെല്ലാം ലാലൂരിൽ എത്തി സത്യാഗ്രഹത്തിൽ പങ്കാളികളായി.

ഡോ. സുകുമാർ അഴീക്കോട് സത്യഗ്രഹ പരിപാടികൾ ഉദ്ഘാടനം ചെയ്തു. എഴുത്തുകാരനും ചിന്തകനുമായ കെ. വേണു,ടി. കെ. വാസു, കെ. കെ. ഓമന തുടങ്ങിയവർ അനിശ്ചിതകാല നിരാഹാരവും നടത്തി. ഒരു ഘട്ടത്തിൽ സർക്കാർ ഉറപ്പു നൽകിയതിനെ തുടർന്ന് സമര സമിതി സംഘടിപ്പിച്ച സന്തോഷ സംഗമത്തിൽ ഗാനഗന്ധർവ്വൻ കെ. ജെ യേശുദാസും പങ്കെടുത്തിരുന്നു.

കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : ആർ. നടരാജൻ
ബഹു. അംഗം

എച്ച്.ആർ.എം.പി. നംബർ 529/2012.

പരാതിക്കാരൻ : എം. പീതാംബരൻ
പ്രൈവറ്റ് പ്രസിഡന്റ്, സംസ്ഥാന സമിതി
കേരള സർവ്വോദയമണ്ഡലം
തൃശ്ശൂർ - 14.

എതിർകക്ഷി :1. സെക്രട്ടറി
തൃശ്ശൂർ കോർപ്പറേഷൻ
തൃശ്ശൂർ.

2. ജില്ലാ കളക്ടർ
തൃശ്ശൂർ.

ഇടക്കാല ഉത്തരവ് തീയതി 2012 മാർച്ച് 19

1. 30-11-2011 ൽ എടുത്ത തീരുമാന പ്രകാരം ഇപ്പോഴുള്ള മാലിന്യങ്ങൾ നീക്കം ചെയ്യാൻ യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിക്കാൻ കമ്മീഷൻ തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറിയോടും ജില്ലാ ഭരണകൂടത്തിനോടും ശുപാർശ ചെയ്യുന്നു.

2. ടി സ്ഥലത്ത് ഇനിയും മാലിന്യം സംഭരിക്കരുതെന്ന് കമ്മീഷൻ ടി എതൃകക്ഷികളോട് നിർദ്ദേശിക്കുന്നു.

ഒപ്പ്
ആർ. നടരാജൻ
അംഗം
കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

//പകർപ്പ്//

രജിസ്ട്രാർ

ലാലൂർ സമരം : മനുഷ്യാവകാശ കമ്മീഷൻ ഉത്തരവ്.

ഉറപ്പുകൾ പാലിക്കാത്ത ഘട്ടം വന്നപ്പോൾ സത്യഗ്രഹ പരിപാടികൾ വീണ്ടും ആരംഭിച്ചു. 2012 മാർച്ച് മാസത്തിൽ ലാലൂരിലെ മാലിന്യമലക്ക് വീണ്ടും തീ പിടിച്ചു. വിഷവായു ശ്വസിച്ച് കൊണ്ട് നിരവധി പേർ ആശുപത്രിയിലായി. ഇത്തരം ഒരു സാഹചര്യത്തിൽ ലാലൂർ സമര സഹായ സമിതിയുടെ കൺവീനറും സർവോദയ മണ്ഡലം സംസ്ഥാന വൈസ് പ്രസിഡണ്ടുമായ എം. പീതാംബരൻ മാസ്റ്റർ മനുഷ്യാവകാശ കമ്മീഷന് 2011 നവംബറിലും 2012 മാർച്ചിലും നിവേദനം നൽകി. പ്രസ്തുത നിവേദനത്തിന്റെ അടിസ്ഥാനത്തിൽ 2012 മാർച്ച് മാസത്തിൽ മനുഷ്യാവകാശ കമ്മീഷൻ അംഗം ആർ. നടരാജൻ ലാലൂർ സന്ദർശിച്ചു. പുകമയമായ ആ പ്രദേശത്തെ ജനങ്ങളുടെ ജീവിതം എത്രമാത്രം ദുസ്സഹമാണ് എന്ന് അദ്ദേഹത്തിന് ബോദ്ധ്യപ്പെട്ടു. ഉടനെതന്നെ അദ്ദേഹം ഉത്തരവ് പുറപ്പെടുവിച്ചു. മാർച്ച് 19-ാം തീയതി മനുഷ്യാവകാശ കമ്മീഷൻ ഇറക്കിയ ഉത്തരവ് പ്രകാരം പിന്നീട് ലാലൂരിൽ മാലിന്യനിക്ഷേപം ഉണ്ടായില്ല. തൃശ്ശൂർ കോർപ്പറേഷനും ജില്ലാ ഭരണകൂടത്തിന് അധിപനായ ജില്ലാ കലക്ടർക്കും ആണ് മനുഷ്യാവകാശ കമ്മീഷൻ ഇക്കാര്യത്തിൽ നിർദ്ദേശം നൽകിയിരുന്നത്.

അന്നത്തെ കളക്ടറായിരുന്ന ഡോ. എം.എസ്. ജയ ഐ.എ.എസ്. തൃശൂർ കോർപ്പറേഷൻ ചെയർമാനായിരുന്ന ഐ.പി. പോൾ എന്നിവർ മനുഷ്യാവകാശ കമ്മീഷന്റെ ഉത്തരവ് പാലിക്കണമെന്ന ശക്തമായ നിലപാട് സ്വീകരിച്ചു. അതിനുശേഷം മറ്റ് വാർഡുകളിൽ നിന്നും ലാലൂരിലേക്ക് മാലിന്യം കൊണ്ടു വന്നില്ല. നിലവിലുള്ള മാലിന്യത്തെ വേർതിരിച്ച് സംസ്കരിക്കാനുള്ള നടപടികളും ആരംഭിച്ചു. 2016 ൽ കേരള സർക്കാരിൽ മന്ത്രിമാരായിരുന്ന വി.എസ്. സുനിൽകുമാർ, എ.സി.. മൊയ്തീൻ എന്നിവർ പ്രത്യേകം താൽപര്യമെടുത്ത് ഈ പ്രദേശം സ്പോർട്സ് കോംപ്ലക്സിനായി തെരഞ്ഞെടുക്കുകയും ചെയ്തു. ഫുട്ബോൾ ഇതിഹാസം പത്മശ്രീ. ഐ. എം. വിജയന്റെ പേരിൽ അന്താരാഷ്ട്ര നിലവാരമുള്ള ഒരു സ്പോർട്സ് കോംപ്ലക്സ് ഇപ്പോൾ ലാലൂരിൽ സജ്ജമാകുന്നു.

നന്ദിപൂർവ്വം ഫ്രണ്ട്സ് ഓഫ് സൂ

ഈ രണ്ടു സമരങ്ങളിൽ നിന്നുള്ള അനുഭവങ്ങൾ ഏറെ വിലപ്പെട്ടതായിരുന്നു. മൃഗശാല ആധുനികവൽക്കരണ പ്രവർത്തനങ്ങളിൽ ഈ പാഠങ്ങൾ വളരെ പ്രയോജനപ്പെട്ടു. അതത് കാലത്ത് മാറിമാറിവരുന്ന ജനപ്രതിനിധികളെയും മന്ത്രിമാരെയും ഉദ്യോഗസ്ഥന്മാരെയും സൗഹാർദ്ദപൂർവ്വം കാര്യങ്ങൾ പറഞ്ഞ് ബോദ്ധ്യപ്പെടുത്താനും അവരെ കൂടി ഒപ്പം നിർത്തിക്കൊണ്ട് ജന മനസ്സിന്റെ

ആഗ്രഹമായ ആധുനിക മൃഗശാല അഥവാ സുവോളജിക്കൽ പാർക്കിന് വേണ്ടിയുള്ള ശ്രമങ്ങൾ തുടർന്നു.

ഇടുങ്ങിയ കൂടുകളിൽ കഴിയുന്ന പക്ഷിമൃഗാദികൾക്ക് കൂടുതൽ മെച്ചപ്പെട്ട ആവാസ ഇടങ്ങൾ ഒരുക്കുക എന്ന മഹത്തായ ഒരു ലക്ഷ്യത്തിനു വേണ്ടി യാണ് ഫ്രണ്ട്സ് ഓഫ് സൂവിന്റെ പരിശ്രമങ്ങൾ എന്ന് ഏവർക്കും ബോദ്ധ്യ പ്പെട്ടു. ജനങ്ങളുടെ മനസ്സ് അതിനൊപ്പമാണെന്നും ജനപ്രതിനിധികൾക്ക് അറിയാമായിരുന്നു. കക്ഷിരാഷ്ട്രീയത്തിന്റേതോ അധികാര(തെരഞ്ഞെടുപ്പ്) രാഷ്ട്രീയത്തിന്റേതോ ആയ മുൻവിധികളോ, സ്വാർത്ഥതാല്പര്യങ്ങളോ ഒന്നും തന്നെയില്ലാത്ത സർവ്വോദയ നേതൃത്വം ഇക്കാര്യത്തിൽ സജീവമായിരുന്നു. അതുകൊണ്ട് കാര്യങ്ങൾ കുറേക്കൂടി എളുപ്പമായി. എല്ലാവരുടെയും സഹക രണം ലഭിക്കുകയും ചെയ്തു. സുവോളജിക്കൽ പാർക്ക് യാഥാർഥ്യമാകുന്ന തിനോടൊപ്പം തന്നെ സഫാരി പാർക്ക്, ഹോളോഗ്രാം സൂ, പെറ്റിങ്ങ് സൂ എന്നിവയെല്ലാം രൂപപ്പെട്ടുവരുന്നു. അതത് കാലത്തെ ഭരണാധികാരികളു ടെയും ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും അശ്രാന്തപരിശ്രമം ഇതിനുവേണ്ടി ഉണ്ടായിരുന്നു. പവിത്രമായ ലക്ഷ്യത്തിനു വേണ്ടിയുള്ള മുന്നേ റ്റത്തിൽ ഒപ്പം നിന്ന എല്ലാവർക്കും രേഖപ്പെടുത്തുന്നു.

എം.പീതാംബരൻ മാസ്റ്റർ
സെക്രട്ടറി, ഫ്രണ്ട്സ് ഓഫ് സൂ

ഫ്രണ്ട്സ് ഓഫ് സൂവിന് സ്നേഹോപഹാരം



സുവോളജിക്കൽ പാർക്ക് യാഥാർത്ഥ്യമാക്കുന്നതിന് വേണ്ടി മൂന്ന് ദശാബ്ദത്തിലേറെയായി പരിശ്രമിച്ചുകൊണ്ടിരിക്കുന്ന ഫ്രണ്ട്സ് ഓഫ് സൂവിന് സുവോളജിക്കൽ പാർക്കിന്റെ വക സ്നേഹോപഹാരം സംസ്ഥാന റവന്യൂ വകുപ്പ് മന്ത്രി അഡ്വ. കെ. രാജൻ സമ്മാനിച്ചു. ഫ്രണ്ട്സ് ഓഫ് സൂ സെക്രട്ടറി എം. പീതാംബരൻ മാസ്റ്റർ ഉപഹാരം സ്വീകരിച്ചു.

മുൻ റവന്യൂ വകുപ്പ് മന്ത്രി കെ.പി. രാജേന്ദ്രൻ, ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് വി.എസ്. പ്രിൻസ്, പുത്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് മിനി ഉണ്ണികൃഷ്ണൻ, സുവോളജിക്കൽ പാർക്ക് ഡയറക്ടർ ബി.എൻ. നാഗരാജൻ ഐ.എഫ്.എസ്, ജില്ലാ പഞ്ചായത്ത് അംഗം കെ.വി. സജു, പുത്തൂർ സഹകരണ സംഘം പ്രസിഡന്റ് പി.ജി. ഷാജി എന്നിവർ പങ്കെടുത്തു.


THRISSUR
ZOOLOGICAL



04 | കേരളകൗമുദി | Established by C. V. Kunjuraman as a periodical in 1911

ജനകീയ ഇച്ഛാശക്തിയുടെ ഫലം



തുറക്കുന്നു ഇന്ത്യയിലെ ആദ്യ ഡിസൈനർ സൂ

പുത്തൂർ പാർക്കിലേക്ക് ദൂർഗയും

അഭിമാനമാകാൻ പുത്തൂർ പാർക്ക്









CM opens Puthur Zoological Park

Ramavarman T | TNN

Chief minister Pinarayi Vijayan on Tuesday inaugurated Thrissur Zoological Park amid a festive atmosphere. The inaugural function held on zoo campus at Puthur, about 10km away from the city, was marked by the participation of prominent personalities and people from various walks of life.

Apart from the numerous hurdles experienced during the construction phase of the project, its inaugural function was also engulfed in an air of uncertainty, against the backdrop of the ongoing CPI-CPM standoff over the PM SHRI project. CPI leader and revenue minister K Rajan, who is also the local MLA, was the driving force behind the completion of the project, and there were even doubts whether the CM would skip the event.

However, the event, which marked the inauguration of a major eco-tourism and environmental education project not just in the state but in the country concluded in a grand manner. Pointing out that resource crunch was the main factor that was delaying the project, the CM said it was



TOI

CM Pinarayi Vijayan along with ministers Roshy Augustine, A K Saseendran and K Rajan during zoo inauguration

the formation of the KIIFB which made it possible to execute the project with an investment of Rs 371 crore.

"The state was also able to retain and expand the achievements it had made during the early decades in education and health care fields using the funds mobilised through KIIFB. It is important to note that the state was able to sustain the growth in these fields when the rest of India, and even some developed countries, were facing negative growth," he said.

The 'Friends of Zoo' leader M Peethambaran, who has been campaigning for shifting of animals from the crowded Thrissur zoo in the city to a larger campus for the past three decades, termed the inauguration of the zoological park as a landmark development.

Rajan said the work on the zoological park would never be completed as it is an evolving project. Already the construction of a petting zoo and a hologram zoo using new technology has started through public-private partnership. More such components are expected to be taken up in future, he said.

The new zoo will have 24 enclosures having a capacity to house 834 animals. However, initially the zoo will house only 434 animals mainly translocated from the existing zoo. There are also plans to bring animals from Karnataka and Tamil Nadu, as well as from some other countries, Rajan said. He said the zoo will be open to the public only from Jan and only select visitors, mainly students, will be permitted to enter till then.

Ministers, including A K Saseendran and K N Balagopal, artists, including Kalamandalam Gopi and Jayaraj Warier, were present.



സുവോളജിക്കൽ പാർക്ക് യാഥാർത്ഥ്യമാക്കാൻ മുന്ന് ദശാബ്ദത്തിലേറെ പരിശ്രമിച്ച ഫ്രണ്ട്സ് ഓഫ് സൂവിന് സ്നേഹോപഹാരം മന്ത്രി കെ. രാജൻ സെക്രട്ടറി എം.എം. പീതാംബരൻ മാസ്റ്റർക്ക് കൈമാറുന്നു

ഫ്രണ്ട്സ് ഓഫ് സൂവിന് സ്നേഹോപഹാരം

തൃശൂർ: സുവോളജിക്കൽ പാർക്ക് യാഥാർത്ഥ്യമാക്കാൻ മുന്ന് ദശാബ്ദത്തിലേറെ പരിശ്രമിച്ച ഫ്രണ്ട്സ് ഓഫ് സൂവിന് സ്നേഹോപഹാരം മന്ത്രി കെ. രാജൻ സമ്മാനിച്ചു.ഫ്രണ്ട്സ് ഓഫ് സൂ സെക്രട്ടറി എം. പീതാംബരൻ മാസ്റ്റർ ഉപഹാരം സ്വീകരിച്ചു. മുൻ മന്ത്രി കെ.പി. രാജേന്ദ്രൻ, ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് വി.എസ്. പ്രിൻസ്, പുത്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് മിനി ഉണ്ണികൃഷ്ണൻ, സുവോളജിക്കൽ പാർക്ക് ഡയറക്ടർ ബി.എൻ. നാഗരാജൻ, ജില്ലാ പഞ്ചായത്ത് അംഗം കെ.വി. സജു, പുത്തൂർ സഹകരണ സംഘം പ്രസിഡൻറ് പി.ജി. ഷാജി എന്നിവർ പങ്കെടുത്തു.



8 വർത്തമാനം

▸▸ പുത്തൂർ സുവോളജിക്കൽ പാർക്ക് ഉദ്ഘാടനം ഇന്ന്
▸▸ പൊതുജനത്തിന് പ്രവേശനം ജനുവരിയിൽ മാത്രം



Where the wild breathes free .....

...Continued from page 07

The long wait is finally over and Puthur Zoological Park, a landmark project envisioned as a new-generation wildlife habitat, is all set to open its gates. Spread across 336 acres, the park promises a world-class experience where animals and birds roam in carefully crafted, open habitats instead of cages. The master plan, designed by Australian zoo architect Jon Coe, has been completed after years of phased construction.

The government invested ₹370.5 crore in the project: ₹40 crore from plan funds, ₹122 crore through KIIFB for the second phase, and ₹208.5 crore for the third. Each stage was closely reviewed before moving forward.Special enclosures are ready for nocturnal species like owls and reptiles, ensuring tourists can glimpse animals that usually stay hidden. Thrissur Zoo's animals are being shifted to the new park, while rare species including white tigers will be brought in from other zoos across India. Adding to the innovation, a Hologram Zoo is being set up, where visitors can witness animals from every continent through cutting-edge digital projection. Plans are also under way for a Pet Zoo, opening alongside the main park.

"It's not about locking up animals. It's about giving them a dignified, near-natural life – and helping people understand their place in the ecosystem," says Revenue Minister K. Rajan.

On October 28, Chief Minister Pinarayi Vijayan will inaugurate the park marking the beginning of a new era in Kerala's approach to wildlife care, conservation, and education.

From Dream to Reality

For nearly three decades, the idea of a larger zoo for Thrissur's animals lingered in files and discussions. The old zoo, just 13.5 acres in the city centre established over a century ago was overcrowded and outdated, with more than 450 animals confined to concrete enclosures.

A turning point came in 2012, when world-renowned Australian zoo architect Jon Coe, known for over 85 zoological projects worldwide, visited the Puthur site several times. "He told us that the terrain and ecosystem were perfect for a new-generation zoo," recalls M. Peethambaran, secretary of Friends of Zoo, an organisation that had long campaigned for the project. "Our dream was to give animals space to live, not just survive." The project gained momentum when the Pinarayi Vijayan government included it under the Kerala Infrastructure Investment Fund Board (KIIFB).

"A dream that began 30 years ago is finally taking shape," says Minister Rajan. "This isn't just another zoo. It's a statement of how Kerala treats its wildlife. We have invested over ₹370 crore to make this a world-class conservation space."

A Sanctuary Reimagined

Designed by Jon Coe, who specialises in integrating animals, people, and plants, through design, the Thrissur Zoological Park represents a radical rethinking of what a zoo can be: not a spectacle of confinement, but a sanctuary of coexistence. Built as a zoo without bars, the park mirrors wild habitats across India and beyond, giving both animals and visitors an experience closer to the wilderness than to an urban enclosure.

My principal responsibility was to see that the facility came up as conceived by Jon Coe, says K.J. Varghese, Special Officer of the Thrissur Zoological Park.

The park is divided into nine zones and a dedicated conservation area, each echoing a distinct ecological region. From the dry, sun-baked Zululand Zone to the mist-laden Shola Grassland Zone, every space tells a story of adaptation and coexistence.

"Each zone here is a miniature version of its parent ecosystem," "We didn't just build cages; we recreated landscapes the soil texture, the microclimate, even the vegetation," Mr. Varghese said.

Nine Worlds, One Wilderness

In the Kanha Zone, for instance, visitors will watch India's big cats the tiger, leopard, and Asiatic lion roam through stretches of sal and teak forest. Elevated decks and viewing tunnels allow people to observe the animals in motion, not behind cages but within naturally contained landscapes.

"The idea is to let people see wildlife in action – climbing, stalking, playing," says B.N. Nagaraj, Director of the Zoological Park. "It's not just about display. It's about behaviour, ecology, and emotion."

A Slice of Africa

Walk a little further, and the terrain changes dramatically. Red soil replaces green, the air feels drier, and the architecture shifts to thatched, conical huts welcome to Zululand.

"In Zululand, everything, from the terrain to the buildings, follows the spirit of the African savannah." You'll meet giraffes, zebras, elands, ostriches, and hippos. Even the reed bed for hippos doubles as a natural water filter.

Visitors can stroll across boardwalks above the hippo swamps, where clay banks mimic the muted edges of African rivers. For a moment, Thrissur feels a world away.

Whisper of the Sholas

At the Shola Grassland Zone, the air cools and the landscape turns emerald. The Nilgiri tahr, raptors, and grassland birds glide through the open space, surrounded by native plants that replicate the Western Ghats ecosystem.

"The shola forests are fragile, unique, and stunning. We've recreated the microclimate: mist, moss, and meadow so that even the birds feel at home,"says Mr. Varghese.

Nearby, a Bear Zone shelters sloth bears and Himalayan black bears in shaded woods, while a Grassland Zone hosts wild dogs dhole, jackal, and hyena in large, open plains that encourage natural pack behaviour.

Touch of Magic

Innovation meets imagination at Puthur. The park features hologram tunnels, where visitors can watch 3-D projections of extinct or rare animals move around them. Visitors walk through immersive environments where they can see holographic animals, such as in "tunnels" where they appear to fly around, or in "fenced enclosures" where they seem to act alive.

These experiences allow guests to feel like they are visiting different locations and time periods. Hologram tunnels allow visitors to walk through spaces where animals fly around them, and sky roofs show animals walking overhead. Another attraction is Petting Zoo, which allows children to interact safely with small and young animals, nurturing empathy and awareness.

"Our goal is to make learning irresistible," say the curators. "When a child can see, touch, and understand an animal, they grow up wanting to protect it."

A nocturnal house is getting ready to showcase owls and reptiles under soft light, while interpretive trails explain animal behaviour, forest ecology, and conservation challenges.

Conservation Comes Alive

Beyond the visitor trails, the park houses a conservation and research complex equipped for breeding endangered species, veterinary care, and wildlife rehabilitation. The zoo also plans collaborations with universities and conservation agencies to study animal behaviour and ecosystem management.

"This is where the future of Kerala's wildlife protection lies," says the zoo director. "We're combining education, research, and tourism to build awareness that conservation begins at home."

Sustainability is built into every layer of the project. "We've planted thousands of trees bamboo, palms, and forest species apart from lakhs of garden plants to build a self-sustaining ecosystem," Mr. Varghese adds. "Six rainwater ponds, two abandoned quarries that store 643 million litres of water, and a daily draw of four lakh litres from the Manali River ensure water sufficiency year-round." Solar panels power administrative units and reed beds treat wastewater, and natural drainage channels ensure rainwater harvesting across the site.

The layout features a 6.5-km ring-shaped visitor path with four stops, serviced by electric buses that continuously loop through the park. Visitors can hop on or off at leisure or walk the lush trails. Cafeterias, restrooms, and resting spaces dot the circuit.

The Kerala State Road Transport Corporation (KSRTC) has launched a double-decker "Thrissur City Views" route linking the city with the zoo a scenic, circular tour designed for tourists and locals alike.

"We are not just opening a zoo," Minister Rajan stresses. "We're opening a world of learning, leisure, and conservation a green lung for Thrissur."

Beyond the Enclosure

Visitors won't just walk through the park they'll journey through biomes. Interpretation centres, interactive exhibits, and shaded walkways replace cluttered signage and cages. From the rustle of bamboo to the call of birds echoing across the lake, every sense is engaged.

As the finishing touches are applied before the October 28 inauguration, the park buzzes with quiet excitement. Landscaping teams plant saplings. Engineers test the electric buses. Curators fine-tune enclosures for their first residents.

"My responsibility was to make sure the project stayed true to Jon Coe's vision," says Varghese. "Animal enrichment isn't a one-time job. It has to evolve; the animals must stay curious and active."

The government envisions that by the park's fifth year, 20 to 25 lakh visitors annually will experience Puthur's living wilderness. Currently, only a third of the total area has been developed as a zoological park. In future safaris covering both herbivores and carnivores will be introduced.

"We are starting a journey that will grow with time," Minister Rajan says. "Kerala is showing that development and compassion can coexist." Though opened on October 28, there will be restricted entry to the park for a few months. The animals shifted to the park should get adapted to the new habitat, noted the zoo authorities.

The Wild, Reimagined

When Rudra pads softly through his new forest enclosure, the sound of leaves rustling under his paws echoes a quiet triumph not of man over beast, but of understanding over neglect.

Here, in the Thrissur Zoological Park at Puthur, the wild breathes again: freer, greener, and closer than ever before. Because this time, the zoo isn't a cage. It's a conversation with nature.

With its grand opening, Puthur is expected to emerge as a major highlight of the Ollur tourism corridor. Road connectivity is being upgraded to BM BC standards, with ₹47.30 crore sanctioned for land acquisition and ₹41.29 crore for road construction.

A new bridge costing ₹10 crore has been built parallel to the existing Puthur bridge, while nearby roads including the Paryappillimoola-Mandamangalam road (₹7 crore) and Puthur-Puzhampallam-Marathakkara junction road (₹9 crore) have been fully rebuilt.

Thrissur Zoological Park design places animals above visitor experience: Coe

Ramavarman T | TNN

Jon Coe, the Aussie who designed Thrissur Zoological Park at Puthur, is an iconic figure in the field of zoo and museum design for his radical break in the concepts and practices of habitat design for captive animals. He focused on establishing immersion habitats in zoos where limited disturbance is done to the environment and terrain where the zoo is proposed to be built. In zoos designed by him, animals are given preference over visitors. Coe and his team dissociated from the project after they submitted the design in 2012. With chief minister Pinarayi Vijayan set to inaugurate the Thrissur zoo on Tuesday, Coe, who is over 90 years of age now, shared his reflections with TOI in an email interview.

INAUGURATION TODAY

Your early days of association with Thrissur Zoological Park.

■ I developed the master plan for the new Thrissur zoo in 2012 in collaboration with Biley Menon, Chitra Biley and Michael Little of Idea Design in Kochi. We were inspired by the dedication of C S Yalakki, the then additional assistant chief conservator of forests and P O Nameer, head of Wildlife Studies, Kerala Agricultural University. We also received strong support from local community leaders. While our work was limited to early planning and design stages, I have been following the construction progress. I am delighted to hear of the park's opening. I congratulate Kerala govt, forest department and local community for their steadfast commitment to achieving such a grand vision of building a facility and landscape that will enhance the local economy, educate and delight countless visitors and support animal welfare and nature conservation throughout the Western Ghats. I believe it will also introduce a model for integrated zoo design excellence throughout the region.



TALKING TO TOI

Take us through your design philosophy.

■ Our goal was to set a new standard for zoos in India and the region in advancing visitor experience, animal welfare and conservation education. We attempted to conceal animal barriers and off-exhibit structures and install dense native plantings so that visitors feel they are visiting the animals' natural world. In time, it will feel more like a nature park than a zoological park. Whenever possible, we placed animals above visitors in positions of respect. Animals need to be held off display at night for safety reasons. Here, we provided all animals with large off-display exercise yards for 16 hours each day when the zoo is not open. The forestry site provided is very steep and beautiful with picturesque black granite outcroppings. It is also very difficult to develop, a major reason construction extended over this long period.

The challenges you faced with the Thrissur project.

■ Our work thrives on lasting collaboration and growing understanding between designer and client leadership throughout the project. We enjoyed working closely with Yalakki, helping him learn our design philosophy and process. Unfortunately, he was soon assigned to another project, followed by other govt officials we never had the opportunity to collaborate with directly. The basic understanding of why things are designed in specific ways and places is difficult to maintain when key participants change over extended periods.

What do you think could have been achieved, had you continued associating with the project?

■ Ideally, the design process doesn't end with submitting final construction drawings, especially when builders have little experience with international zoo construction details and finishes. While the technical drawings and specifications prepared by Idea Design were excellent, and I am confident the final construction was properly executed, our best work includes considerable art direction during construction. However, this opportunity was not available and considering the extended construction period, it would have been difficult to sustain.

FIRST DESIGNER ZOO IN INDIA



Developed with an investment of ₹371 crore

KIIFB | ₹331crore + Plan fund | ₹40 crore

KIIFB allocated additional ₹17 crore for further development

Area | 338 acre

Construction of petting zoo and hobgram zoo have begun through public-private partnership

To house 534 animals of 80 species

- 211 mammals of 32 species
- 73 reptiles and amphibians of 18 species
- 250 birds of 30 species
- **Exotic animals** – giraffe, zebra, antelope, ostrich, emu, rhea and macaw parrots

Follows Central Animal Welfare Organization guidelines



Deviation from original design, say experts


Thrissur: The absence of a team with proficiency in zoo construction and animal behaviour to supervise the construction phase of Thrissur Zoological Park has reportedly led to a gulf between the original design concepts and ground reality, according to experts. They said there was much deviation from the dreams of Jon Coe, the project's original designer, in preserving the natural ambience intact while constructing the zoo.

Zoo director Nagaraj B N conceded that Central Zoo Authority (CZA) hasn't formally issued certification to the zoo. "But that is only a formality as CZA team has carried out an inspection and expressed satisfaction. Anyway, the permission granted earlier, as a temporary measure, is still valid," he added.

Revenue minister K Rajan said investment proposals of Rs 100 crore for the Puthur zoo are likely to materialise before the year-end. The zoo will be opened to the public only after Jan, he added. Zoo special officer K J Varghese said tender process for bringing exotic animals from abroad is in the final stage. TNN




കേരള കൗമുദി
അഭിമാനവാതിൽ
തുറന്ന്....


കൺമുന്നിൽ വനലോകം
സഫാരി പാർക്കും ഹോളോഗ്രാം സൂവും
പകൽ രാത്രിയാകും
ഒപ്പം 'സഞ്ചരിക്കാം'
24 തന്നത് ആവാസവ്യവസ്ഥകൾ
ചെലവിട്ടത് 371 കോടി രൂപ
സുവോളജിക്കൽ പാർക്ക്: ഡിജിറ്റൽ പുസ്തകം
Not just Monthly-Deposit. Now it is Multi-Deposit.
bob Flexi SDP


ഗ്രാമദേശികം
03



16 2025 ഒക്ടോബർ 28 ചൊവ്വ

THR മനോരമ

മിഴിതുറക്കുന്നു, അനന്ത സാധ്യതകൾ

എന്നാൽ പോകാം പുത്തൂരിലേക്ക്

സുവോളജിക്കൽ പാർക്ക്: ഡിജിറ്റൽ പുസ്തകം

തൃശൂർ

സുവോളജിക്കൽ പാർക്കിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ച് ഫ്രണ്ട്സ് ഓഫ് സു ഡിജിറ്റൽ പുസ്തകവും വീഡിയോയും തയ്യാറാക്കി.

തൃശൂർ മൃഗശാലയുടെ ശതാബ്ദി വർഷമായ 1985 മുതൽ സുവോളജിക്കൽ പാർക്ക് യാഥാർഥ്യമാകുന്ന 2025 വരെ, മൃഗശാല ആധുനികവൽക്കരണത്തിനായി നടത്തിയ നിരന്തര പരിശ്രമങ്ങളുടെ ചരിത്രമാണ് ഇ ബുക്കിൽ (ഡിജിറ്റൽ പുസ്തകം) രേഖപ്പെടുത്തിയിരിക്കുന്നത്.

ഈ കാലഘട്ടത്തിലെ മലയാളം, ഇംഗ്ലീഷ് പത്രങ്ങളിൽ വന്ന പ്രധാന വാർത്തകളും ഡിജിറ്റൽ ബുക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കൂടാതെ, 40 വർഷത്തെ ശ്രമങ്ങളുടെ നാൾവഴിയും പട്ടികപ്പെടുത്തിയിട്ടുണ്ട്. 226 പേജുള്ള പുസ്തകം ഫ്രണ്ട്സ് ഓഫ് സു സെക്രട്ടറി എം പി താംബരനാണ് തയ്യാറാക്കിയിരിക്കുന്നത്.

ചരിത്ര ഗാഥയുടെ വിഡിയോയ്ക്ക് ശബ്ദം നൽകിയിരിക്കുന്നത് സർവോദയ ദർശൻ കൺവീനർ വി പ്രസന്നയാണ്.




28
ദേശാഭിമാനി
വരൂ, പുത്തൂർ വിളിക്കുന്നു

തൃശൂർ സുവോളജിക്കൽ പാർക്ക് നാടിന് സ്വന്തം

സ്വപ്നം കാടിറങ്ങി; ലോകം പുത്തൂരിലേക്ക്

സി എ പ്രേമചന്ദ്രൻ

തൃശൂർ

ഇത് സ്വപ്നമല്ല. ഇനി വന്യസൗന്ദര്യം കൺനിറഞ്ഞ് കാണാം. കാടിറങ്ങിയ മൃഗങ്ങൾക്കും പക്ഷികൾക്കും സ്വന്തം ആവാസ ഇടങ്ങളുമായി രാജ്യത്തെ ആദ്യ ഡിസൈൻ സൂ മുഖ്യമന്ത്രി പിണറായി വിജയൻ നാടിന് സമർപ്പിച്ചു. നാല് പതിറ്റാണ്ടായുള്ള തടസ്സങ്ങളെല്ലാം നീക്കിയ എൽഡിഎഫ് സർക്കാരിന്റെ നിശ്ചയദാർഢ്യവും തുടർഭരണവുമാണ് സുവോളജിക്കൽ പാർക്ക് യാഥാർഥ്യമാക്കിയത്. പടങ്ങിന് നാടാകെ ഒഴുകിയെത്തിയത് സർക്കാരിനുള്ള അംഗീകാരമായിമാറി.

കിഫ്ബി ധനസഹായത്തോടെ 171 കോടി രൂപ ചെലവിലാണ് 336 ഏക്കറിൽ അന്താരാഷ്ട്ര നിലവാരമുള്ള പാർക്ക് സജ്ജമാക്കിയിട്ടുള്ളത്. ലോക പ്രശസ്ത മൃഗശാലാ ഡിസൈനർ ജോൺ കോ രൂപകൽപ്പന ചെയ്ത പ്രകൃതി പഠനശാലയിൽ 24 ആവാസ ഇടങ്ങളാണ് ഒരുക്കിയത്. സൈലന്റ് വാലി സോൺ, ഇരവിപുരം, കൻഹ, ആഫ്രിക്കൻ സഫാരി, ലാൻഡ് സോൺ എന്നിങ്ങനെ



തൃശൂർ സുവോളജിക്കൽ പാർക്കിന്റെ ഉദ്ഘാടന മുന്നോടിയായുള്ള സാംസ്കാരിക ഘോഷയാത്ര

മൃഗങ്ങളുടെ ജൈവ സ്വഭാവം അനുസരിച്ച് പ്രത്യേകം ഇടങ്ങൾ ഒരുക്കി. വിവിധ ഭൂഖണ്ഡങ്ങളിലെ ആൾമർ സഫാരിയുടെ അനുഭൂതി ഉളവാക്കുന്ന ഹോളാഗ്രാം സൂ ഇന്ത്യയിൽ ആദ്യമായി തൃശൂരിലെത്തും. വിദേശ അതുമ മൃഗങ്ങളെ താലോലിക്കാൻ പെറ്റിങ് സൂവും ഒരുങ്ങുകയാണ്. പാർക്കിലേക്ക് ഡബിൾ ഡെക്കർ കെഎസ്ആർടിസി ബസ് ഓടും. മൃഗങ്ങൾ ഇണങ്ങുന്നതുവരെ രണ്ടു മാസം സഞ്ചാരികൾക്ക് നിയന്ത്രണമുണ്ട്.

പതിനായിരങ്ങൾ പങ്കെടുത്ത ഘോഷയാത്രയോടെയാണ് മുഖ്യമന്ത്രി പാർക്ക് നാടിന് സമർപ്പിച്ചത്. ചടങ്ങിൽ മന്ത്രി എ കെ ശശീന്ദ്രൻ അധ്യക്ഷനായി. മന്ത്രിമാരായ കെ രാജൻ, കെ എൻ ബാലഗോപാൽ, ആർ ബിന്ദു, സുവോളജിക്കൽ പാർക്ക് സ്പെഷ്യൽ ഓഫീസർ കെ ജെ വർഗീസ്, ഡയറക്ടർ ബി എൻ നാഗരാജൻ, കെ പി രാജേന്ദ്രൻ എന്നിവർ സംസാരിച്ചു. മന്ത്രിമാരായ റോഷി അഗസ്റ്റിൻ, കെ കൃഷ്ണൻകുട്ടി, കെ രാധാകൃഷ്ണൻ എംപി, മേയർ എം കെ വർഗീസ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി എസ് പ്രിൻസ് തുടങ്ങി രാഷ്ട്രീയ സാമൂഹ്യ രംഗത്തെ പ്രമുഖരും പങ്കെടുത്തു.



നിർമ്മാണപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ സ്പെഷൽ ഓഫീസർ ജെ.ജെ. വർഗ്ഗീസ് ഐ.എസ്.എഫ്. മുഖ്യമന്ത്രിക്ക് ഉപഹാരം സമ്മാനിക്കുന്നു

▸▸ പുത്തൂർ സുവോളജിക്കൽ പാർക്ക് ഉദ്ഘാടനം ഇന്ന്
▸▸ പൊതുജനത്തിന് പ്രവേശനം ജനുവരിയിൽ മാത്രം









See Zoo

മുഷ്ത് വർഷത്തെ കാത്തിരിപ്പിന് ശേഷം പുത്തൂർ സുവോളജിക്കൽ പാർക്ക് ഇന്ന് തുറക്കും. 336 ഏക്കറിൽ പൂർത്തിയായ പാർക്ക് വൈകിട്ട് 4ന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.
വലുപ്പത്തിൽ ഏഷ്യയിലെ തന്നെ രണ്ടാമത്തെ സുവോളജിക്കൽ പാർക്കാണ് യാഥാർഥ്യമാകുന്നത്.
ഉദ്ഘാടനം കഴിഞ്ഞാലും രണ്ട് മാസത്തോളം ട്രയൽ റൺ ആണ്. പ്രവേശനം നിയന്ത്രിതം.
ജനുവരി മുതൽ പൊതുജനത്തിന് പൂർണമായും തുറന്നു നൽകും.

ചോദ്യത്തിന് ഉത്തരം പറയൂ, മൃഗശാല കാണാം
▸▸ ഒപ്പം മഹീര സമ്മാനങ്ങളും
ORO GOLD & DIAMONDS









പുത്തൂരിനു കിട്ടി, പീച്ചിക്കു പോയി!

▸▸ സുവോളജിക്കൽ പാർക്ക് സ്ഥാപിക്കാൻ ആദ്യം നീലം കണ്ടെത്തിയത് പീച്ചി ഡാമിനരികെ

എൻ.പി.രാജ്



30 വർഷത്തെ കാത്തിരിപ്പാ!

1995: മൃഗശാല വികസനത്തിനു കടക്കെണിയിൽ പ്രതിസന്ധി നേരിടുന്നതിനിടെ ആദ്യ യോഗം. പുത്തൂരിൽ പാർക്കിനു സ്ഥലം കണ്ടെത്തുന്നു.
1996: പ്രാഥമിക പഠനങ്ങൾ നടത്തുന്നു. മാനുഷിക ഇടപെടലിനെ തുടർന്ന് പദ്ധതി ഉപേക്ഷിക്കുന്നു.
1997: മൃഗശാലയിൽ അപൂർവ ഇനം സിംഹവാലൻ കുരങ്ങിന്റെ ആദ്യ പ്രസവം നടന്നു.
1998: മണ്ണുത്തി വരെ രാപകൽ യാത്ര.
2003: വീണ്ടും മണ്ണുത്തിയിൽ മൃഗശാല നിർമിക്കുന്നു. മൃഗങ്ങളെ മാറ്റുന്നു.
2007: മന്ത്രി കെ.പി. രാജേന്ദ്രൻ പ്രഖ്യാപിച്ചു. നിർമാണം തുടങ്ങിയില്ല.
2008: വനംവകുപ്പിന്റെ പുനരുദ്ധാരണ പദ്ധതിയിൽ മൃഗശാല ഉൾപ്പെടുത്തി.
2010: പദ്ധതിയിൽ മൃഗശാല മാറ്റുന്നതിന്റെ ഉദ്ഘാടനം. മൃഗങ്ങൾ വിഷം കഴിച്ചു ചത്തു.
2011: സുവോളജിക്കൽ പാർക്ക് നടത്തിപ്പിനുള്ള ഏജൻസിയായി മൃഗസംരക്ഷണ വകുപ്പിനെ തിരഞ്ഞെടുത്തു. ഭൂമി ഏറ്റെടുക്കൽ നടപടികൾ തുടങ്ങി.
2012: മാർച്ചിൽ സുവോളജിക്കൽ പാർക്കിനു തറക്കല്ലിട്ടു. ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായില്ല.
2013: പദ്ധതിക്കു തിരിച്ചടി. മൃഗശാല ഇരുമ്പുപാലത്തേക്കു മാറ്റാൻ തീരുമാനം.
2014: 150 കോടിയുടെ എസ്റ്റിമേറ്റിന് അനുമതി. ഭരണാനുമതി നിർമാണം തുടങ്ങുന്നു.
2016: പദ്ധതിക്കു പരിസ്ഥിതി അനുമതി ലഭിക്കുന്നു. ഭരണാനുമതി നിർമാണം തുടങ്ങുന്നു.
2018: 193 കോടി അനുവദിച്ചു ഭരണാനുമതി നിർമാണം തുടങ്ങുന്നു.
2019: ഭരണാനുമതി നിർമാണം തുടങ്ങി.
2021: മൃഗശാല പുത്തൂർക്കായി മാറ്റുന്നു.
2023: പ്രവേശനം ഇന്ന് തുറക്കും.
2024: പുത്തൂരിൽ മൃഗശാല ഭരണകാലം നിശ്ചയിച്ചു. കുരങ്ങുകളും പുതിയിടത്തു.

ഇവരെ മറ








മനോരമ
TCR | www.manoramaonline.com/news | 2025 ഒക്ടോബർ 29 ബുധൻ 9
മൃഗസാമ്രാജ്യത്തിൽ
വഴിതെറ്റാതിരിക്കാൻ..
ചെലവ്
370.5
കോടി രൂപ
വിസ്തൃതി
336
ഏക്കർ
പ്രത്യേകത
23
സ്വാഭാവിക തീം സോണുകൾ
പൂർത്തിയായത്
98%
നിർമാണം
3
ഘട്ടമായി
Welcome to
വണ്ടർലാൻഡ്
കുട്ടിലെ കാര്യം
നാല് സ്റ്റോപ്പുകളോടെ കെഎസ്ആർടിസി
വിശ്രമകേന്ദ്രങ്ങളും സ്റ്റാളുകളും
അത്യുത്തരാഫ്രിക്കയിലേക്ക്
പൂർണമായും തുറക്കില്ല

കൂടിയത് സൂ ഉദ്ഘാടനത്തിന്

നടന്നത് പുത്തൂർപ്പൂരം

പുത്തൂർ • ''നേരത്തെ ഇടം പിടിച്ചവർക്കു മുന്നിൽ ആളുകൾ വന്ന് നിൽപ്പുറപ്പിച്ചതിനാൽ അവർക്ക് കാണാൻ പറ്റാത്ത സ്ഥിതിയായിരിക്കുന്നു. തിരികെ പോകുമ്പോൾ തിരക്കു കൂട്ടാതെ ശ്രദ്ധയോടെ പോകണം.'' പാർക്ക് ഉദ്ഘാടനം ചെയ്ത ശേഷം പ്രസംഗിക്കാൻ ക്ഷണിച്ചപ്പോൾ, പ്രസംഗത്തിനു മുൻപ് തനിക്ക് ഒരു പ്രത്യേക കാര്യം പറയാനുണ്ട് എന്നു പറഞ്ഞ് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞ വാക്കുകളാണിത്. 30 വർഷത്തെ തൃശൂർക്കാരുടെ കാത്തിരിപ്പാണ് ഇതെന്ന് ഇവിടെ എത്തിച്ചേർന്ന ജനക്കൂട്ടത്തെ കണ്ടാൽ അറിയാമെന്നും മുഖ്യമന്ത്രി പറഞ്ഞു. തങ്ങളുടെ കണക്കുകൂട്ടൽ തെറ്റാറില്ലെങ്കിലും ഇക്കുറി തെറ്റിയെന്നാണ് മന്ത്രി രാജൻ പറഞ്ഞത്. പുത്തൂർ പഞ്ചായത്തിലെയോ സമീപ പഞ്ചായത്തുകളിലെയോ മാത്രമല്ല, ജില്ലയുടെ നാനാഭാഗങ്ങളിൽ നിന്നടക്കം ആളുകൾ എത്തിയതോടെ ജനക്കൂട്ടം പ്രതീക്ഷയിൽ കവിഞ്ഞു. 4 മണിക്കുള്ള ഉദ്ഘാടനത്തിന് അര മണിക്കൂർ മുന്നേ എത്തിയവരിൽ പലർക്കും സീറ്റ് കിട്ടിയില്ല. അപ്പോഴേക്കും ഇരിപ്പിടങ്ങൾ നിറഞ്ഞുകവിഞ്ഞിരുന്നു. സദസ്സിൽ വിതരണം ചെയ്യാനെത്തിയ പല ഹാരപ്പൊതികൾ മുഴുവൻ പേർക്കും എത്തിക്കാനായില്ലെന്ന് സംഘാടകർ അനൗൺസ് ചെയ്യുന്നുണ്ടായിരുന്നു.



പുത്തൂർ സുവോളജിക്കൽ പാർക്കിന്റെ ഉദ്ഘാടനച്ചടങ്ങിന് എത്തിയ സദസ്സിന്റെ ഒരു ഭാഗം.

പുത്തൂരിലേക്കുള്ള റോഡ് നിറയെ തോരണങ്ങളും ആശംസാ ബോർഡുകളുമായിരുന്നു. പുത്തൂർ പള്ളിക്കു സമീപത്തു നിന്നും പൂപ്പള്ളി മൂലയിൽ നിന്നും ഘോഷയാത്രകൾ ഉണ്ടായിരുന്നു. കുടുംബശ്രീ യൂണിറ്റുകൾ സംഘങ്ങളായി സുവോളജിക്കൽ പാർക്കിലേക്ക് നീങ്ങി. കുട്ടികളും സംഘങ്ങളായി പങ്കുചേർന്നു. പാട്ടും നൃത്തവും അകമ്പടിയായി. ഘോഷയാത്രകൾ പൂർണമായി എത്തിച്ചേരും മുൻപു തന്നെ ഉദ്ഘാടന ചടങ്ങുകൾ ആരംഭിക്കേണ്ടി വന്നു. ഉദ്ഘാടന ചടങ്ങ് കഴിഞ്ഞ ശേഷം സദസ്സിൽ നിന്ന് പുറത്തിറങ്ങാനും ആളുകൾ ഏറെ നേരം കാത്തിരിക്കേണ്ടി വന്നു. വാഹനങ്ങൾ പുറത്തുകടക്കാൻ ഏറെ ബുദ്ധിമുട്ടി. പുത്തൂർ പഞ്ചായത്ത് പ്രസിഡന്റ് മിനി ഉണ്ണികൃഷ്ണന്റെ സജീവമായ ഇടപെടലുകൾ മന്ത്രി കെ.രാജൻ പ്രത്യേകം പരാമർശിച്ചു. ജില്ലാ പഞ്ചായത്ത് അംഗം കെ.വി.സജു, പാർക്ക് സ്പെഷൽ ഓഫിസർ കെ.ജെ.വർഗീസ്, ഫ്രണ്ട്സ് ഓഫ് സൂ ചെയർമാൻ എം.പി താംബരൻ എന്നിവർ പ്രസംഗിച്ചു.



തൃശൂർ പുത്തൂർ സുവോളജിക്കൽ പാർക്ക് ഉദ്ഘാടനം ചെയ്തപ്പോൾ എൽഇഡി വാളിൽ മൃഗശാലയുടെ ദൃശ്യങ്ങൾ തെളിഞ്ഞുവരുന്നത് കാണുന്ന ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.എസ്.പ്രിൻസ്, മന്ത്രിമാരായ ആർ.ബിന്ദു, റോഷി അഗസ്റ്റിൻ, ഉദ്ഘാടനം ചെയ്ത മുഖ്യമന്ത്രി പിണറായി വിജയൻ, മന്ത്രിമാരായ എ.കെ.ശശീന്ദ്രൻ, കെ.രാജൻ, കെ.എൻ ബാലഗോപാൽ എന്നിവർ. ചിത്രം: ഉണ്ണി കോട്ടക്കൽ • മനോരമ

പുത്തൂർ സുവോളജിക്കൽ പാർക്ക് ഉദ്ഘാടനം ചെയ്തു

▸▸ സഫലീകരിക്കുന്നത് വൈലോപ്പിള്ളിയടക്കമുള്ളവരുടെ ആഗ്രഹമെന്നു മുഖ്യമന്ത്രി

മനോരമ ലേഖകൻ

തൃശൂർ • തുടർഭരണം ലഭിച്ചതിനാലാണ് ദീർഘകാലത്തെ സ്വപ്നമായ സുവോളജിക്കൽ പാർക്ക് സാക്ഷാത്കരിക്കപ്പെട്ടതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. പുത്തൂർ സുവോളജിക്കൽ പാർക്കിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

ഒരുഘട്ടത്തിൽ നല്ലരീതിയിൽ മുന്നോട്ടു പോയ പ്രവർത്തനം പിന്നൊരു ഘട്ടത്തിൽ മന്ദീഭവിച്ചു പോകുന്ന പല ദുരനുഭവങ്ങൾ മുൻപ് ഉണ്ടായിരുന്നു. ആ വിഷമസ്ഥിതി ഈ പദ്ധതിക്ക് ഉണ്ടായില്ല. തൃശൂരിലെ മൃഗശാല മറ്റൊരു സ്ഥലത്തേക്ക് മാറ്റണമെന്ന ആവശ്യത്തിന് ദശാബ്ദങ്ങളുടെ പഴക്കമുണ്ട്.

ആ മൃഗശാലയിലെ മൃഗങ്ങളുടെ ദുരവസ്ഥ 'കൃഷ്ണമൃഗങ്ങൾ' എന്ന കവിതയിലൂടെ വൈലോപ്പിള്ളി എഴുതിയിട്ടുണ്ട്. അദ്ദേഹത്തെപ്പോലെയുള്ള പലരുടെ ആഗ്രഹമാണ് സഫലീകരിച്ചത്. മുടങ്ങിക്കിടന്ന പദ്ധതി കിഫ്ബി മുഖേന 341 കോടി രൂപ ചെലവഴിച്ചാണ് യാഥാർഥ്യമാക്കിയത്.

മന്ത്രി എ.കെ. ശശീന്ദ്രൻ അധ്യക്ഷത വഹിച്ചു. മന്ത്രിമാരായ കെ. എൻ. ബാലഗോപാൽ, കെ. രാജൻ, ആർ.ബിന്ദു, കെ. കൃഷ്ണൻകുട്ടി, റോഷി അഗസ്റ്റിൻ, മേയർ എം.കെ. വർഗീസ്, കെ.രാജു, കെ.പി. രാജേന്ദ്രൻ, വി.എസ്. സുനിൽകുമാർ, കെ.രാധാകൃഷ്ണൻ എംപി, എംഎൽഎമാരായ മുരളി പെരുനെല്ലി, ഇ.ടി. ടൈസൺ, വി.ആർ. സുനിൽകുമാർ, കെ.കെ. രാമചന്ദ്രൻ, പി. ബാലചന്ദ്രൻ, സേവ്യർ ചിറ്റിലപ്പിള്ളി, എൻ.കെ. അക്ബർ, യു.ആർ. പ്രദീപ്, ഐ.എം. വിജയൻ, ജോപോൾ അഞ്ചേരി, കലാമണ്ഡലം ഗോപി തുടങ്ങിയവർ പ്രസംഗിച്ചു.

പേജ് 2

സുവോളജിക്കൽ പാർക്ക്: സന്തോഷവും സംതൃപ്തിയും നന്ദിയും അറിയിച്ച് ഫ്രണ്ട്സ് ഓഫ് സൂ

തൃശ്ശൂർ സുവോളജിക്കൽ പാർക്ക് പ്രവർത്തനമാരംഭിച്ചതിൽ വളരെ ഏറെ സന്തോഷവും സംതൃപ്തിയും ഉണ്ടെന്ന് ഫ്രണ്ട്സ് ഓഫ് സൂ. പാർക്ക് യാഥാർത്ഥ്യമാക്കുന്നതിന് ആത്മാർത്ഥമായി പരിശ്രമിച്ച സംസ്ഥാന ഗവൺമെന്റിനും ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും ഫ്രണ്ട്സ് ഓഫ് സൂ നന്ദി രേഖപ്പെടുത്തി.

തൃശൂർ മൃഗശാലയിൽ ഉണ്ടായിരുന്ന പക്ഷിമൃഗാദികൾക്ക് കൂടുതൽ മെച്ചപ്പെട്ട ആവാസ സൗകര്യങ്ങൾ ഇതുമൂലം ലഭിക്കുകയാണ്. പശ്ചിമഘട്ട മലനിരകളിൽ വംശനാശം നേരിടുന്ന പക്ഷിമൃഗാദികളെ സംരക്ഷിക്കുന്നതിനും അവയെ സംബന്ധിച്ച് ഗവേഷണങ്ങൾ നടത്തുന്നതിനും സുവോളജിക്കൽ പാർക്കിന് സാധിക്കും. കൂടാതെ, സുവോളജിക്കൽ പാർക്കിനുള്ളിൽ 336 ഏക്കറിൽ സജ്ജീകരിച്ചിരിക്കുന്ന സസ്യലതാദികളും വൃക്ഷങ്ങളും വളരെ പ്രധാനപ്പെട്ട സമ്പത്താണ്. മൃഗങ്ങളെകുറിച്ചും സസ്യങ്ങളെ കുറിച്ചുള്ള പഠനം നടത്തുന്നതിനും ഗവേഷണം നടത്തുന്നതിനുള്ള ഒരു സ്ഥാപനമായി സുവോളജിക്കൽ പാർക്ക് മാറുകയാണ്.

ജോൺ കോ വിഭാവനം ചെയ്ത രീതിയിലേക്ക് സുവോളജിക്കൽ പാർക്കിന്റെ ആവാസ ഇടങ്ങൾ ക്രമേണ മെച്ചപ്പെടുത്തി വരുന്നതായിരിക്കും. ഇതോടെ പ്രകൃതിയുമായി ഇണങ്ങി നിൽക്കുന്ന മികച്ച ഒരു സുവോളജിക്കൽ – ബൊട്ടാണിക്കൽ പാർക്കായി ഇത് മാറും. ഫ്രണ്ട്സ് ഓഫ് സൂ നാല് പതിറ്റാണ്ട് കാലമായി ഇതിനുവേണ്ടി പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അതിനോടൊപ്പം നിന്ന എല്ലാവർക്കും ഈ അവസരത്തിൽ നന്ദി അറിയിക്കുന്നു.

എം. പീതാംബരൻ മാസ്റ്റർ
സെക്രട്ടറി,
ഫ്രണ്ട്സ് ഓഫ് സൂ

തൃശ്ശൂർ സുവോളജിക്കൽ പാർക്ക്
വന്യജീവി സംരക്ഷണ-ഗവേഷണ കേന്ദ്രം, പുത്തൂർ

പരിശ്രമഘട്ടങ്ങൾ - നാൾവഴികൾ
ഫ്രണ്ട്സ് ഓഫ് സൂ

✔ **1885 –** വിയ്യൂർ പാർക്കെന്ന പേരിൽ വിയ്യൂരിൽ മൃഗശാല ആരംഭിച്ചു.

✔ **1913–14 –** മൃഗശാല തൃശ്ശൂർ-ചെമ്പൂക്കാവിലേക്ക് മാറ്റുന്നു.

✔ **1985–86 –** മൃഗശാല ശതാബ്ദി ആഘോഷ വർഷം മാനുകളുടെ മരണത്തെക്കുറിച്ച് മഹാകവി വൈലോപ്പിള്ളി ശ്രീധരമേനോൻ കൃഷ്ണമൃഗങ്ങൾ എന്ന കവിത പ്രസിദ്ധീകരിക്കുന്നു. മൃഗശാലയുടെ സ്ഥലപരിമിതിയെക്കുറിച്ച് ചർച്ച ആരംഭിക്കുന്നു.

✔ **1987 –** മുൻ മുഖ്യമന്ത്രി സി. അച്യുതമേനോന്റെ പ്രതികരണം, 'മൃഗശാല വിപുലീകരണം ആവശ്യം.'

✔ **1990 –** വേൾഡ് സൂ കോൺസർവേഷൻ സ്റ്റാറ്റജി പ്രകാരം ഐക്യരാഷ്ട്ര സഭയുടെ പ്രഖ്യാപനം.

✔ **1992 –** വേൾഡ് സൂ കോൺസർവേഷൻ സ്ട്രാറ്റജി പ്രകാരം ഓരോ മൃഗത്തിനുമുള്ള സ്ഥലവിസ്തൃതി പ്രഖ്യാപിച്ചു.

✔ **1994 –** നിർദ്ദിഷ്ട വിസ്തൃതി നൽകാൻ സാധിക്കാത്തതുകൊണ്ട് തൃശ്ശൂർ മൃഗശാലയ്ക്ക് യോഗ്യതയില്ലാതെയായി.

✔ **1995 –** മൃഗശാല ഉപദേശസ സമിതിയും, ഫ്രണ്ട്സ് ഓഫ് സൂവും മൃഗശാല വിപൂലീകരണം എന്ന് ആവശ്യമുന്നയിക്കുന്നു. സ്ഥലം കണ്ടെത്താനുള്ള കമ്മിറ്റി രൂപീകരിക്കുന്നു.

✔ **1995 മെയ് 16 –** ജില്ലാ കളക്ടർ രാജീവ് സദാനന്ദൻ ഐ.എ.എസിന്റെ അദ്ധ്യക്ഷതയിൽ ഫ്രണ്ട്സ് ഓഫ് സൂ യോഗം. മൃഗശാല വിപുലീകരണത്തിനായി നടപടികൾ ആരംഭിക്കുന്നു.

✔ **1995 –** പുത്തൂരിലെ സ്ഥലം നിർദ്ദേശിക്കപ്പെടുന്നു.

✔ **1996 –** നിർദ്ദിഷ്ട സ്ഥലത്ത് കോൺടൂർ സർവ്വേ, സാമൂഹിക-സാമ്പത്തിക സർവ്വേ എന്നിവ നടത്തുന്നു. ഫ്രണ്ട്സ് ഓഫ് സൂ, തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജ് സിവിൽ വിഭാഗം, അളഗപ്പ നഗർ ത്യാഗരാജാർ പോളിടെക്നിക് കമ്മ്യൂണിറ്റി വിഭാഗം, സംസ്കാര വിദ്യാഭ്യാസ ഗവേഷണ കേന്ദ്രം എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ.

✔ **1996 ഏപ്രിൽ –** പുത്തൂരിലെ നിർദ്ദിഷ്ട സ്ഥലം വൈൽഡ് ലൈഫ് സാംങ്ച്വറിയായി വനംവകുപ്പ് പ്രഖ്യാപിച്ചു.

✔ **1996 ഒക്ടോബർ –** ഫ്രണ്ട്സ് ഓഫ് സൂവിന്റെ ആഭിമുഖ്യത്തിൽ മൃഗശാല ആധുനികവത്കരണത്തെക്കുറിച്ച് സെമിനാർ - തൃശ്ശൂരിൽ.

✔ **1997 –** ജനകീയ ആസൂത്രണത്തിന്റെ ഭാഗമായി നിർദ്ദിഷ്ട സ്ഥലം ഉൾപ്പെടുന്ന പുത്തൂർ ഗ്രാമപഞ്ചായത്തിലെ കൈനൂർ ഈസ്റ്റ് ഗ്രാമസഭ മുതൽ ജില്ലാ പഞ്ചായത്ത് വികസന സെമിനാറിൽ വരെ ഈ ആവശ്യമുന്നയിച്ച് പ്രമേയം പാസ്സാക്കുന്നു. സംസ്ഥാന ഗവണ്മെന്റിനോട് ആവശ്യപ്പെടുന്നു.

✔ **1997 ജൂൺ 30 –** കേന്ദ്ര മൃഗക്ഷേമ സമിതിയുടെ (CPCSEA) ചെയർപേഴ്സനായ മേനകാഗാന്ധി തൃശ്ശൂർ മൃഗശാല സന്ദർശിച്ച് വിപുലീകരണം ആവശ്യപ്പെടുന്നു.

✔ **1997 ഒക്ടോബർ –** വന്യജീവി വാരത്തിൽ ഫ്രണ്ട്സ് ഓഫ് സൂ സംഘടിപ്പിക്കുന്ന ജില്ലാ സെമിനാർ - മൃഗശാല ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ ഉദ്ഘാടനം : വി.വി.രാഘവൻ എം.പി, അദ്ധ്യക്ഷൻ : ടിക്കാറാം മീണ (ജില്ല കളക്ടർ)

✔ **1997 –** സാംസ്കാരിക വകുപ്പ് പ്രസിദ്ധീകരണത്തിൽ ആധുനികവൽക്കരണത്തെക്കുറിച്ച് സൂചന.

✔ **1998 –** കേരള ബജറ്റിൽ 5 ലക്ഷം രൂപ വകയിരുത്തുന്നു.

✔ **2003 സെപ്തംബർ 15 –** വകുപ്പ് മന്ത്രി ടി.എം. ജേക്കബ് തൃശ്ശൂർ മൃഗശാല ആധുനികവത്കരണം വണ്ടല്ലൂർ മാതൃകയിലായിരിക്കുമെന്ന് പ്രഖ്യാപിക്കുന്നു.

✔ **2003 സെപ്തംബർ 16 –** മൃഗശാല പ്രഖ്യാപനത്തെ സ്വാഗതം ചെയ്തു കൊണ്ട് പുത്തൂരിൽ പൊതുയോഗം.

✔ **2003 ഒക്ടോബർ –** വന്യജീവി വാരാഘോഷത്തോടനുബന്ധിച്ച സെമിനാർ – ഉദ്ഘാടനം പി.പി. ജോർജ്ജ് എം.എൽ.എ. ഡോ. ജേക്കബ് ചീരൻ മുഖ്യ പ്രഭാഷണം.

✔ **2006 ഡിസംബർ 17 –** രാഷ്ട്രപതിയുടെ സന്ദർശനവേളയിൽ മൃഗശാല ആധു നികവൽക്കരണം സംബന്ധിച്ച പ്രഖ്യാപനം ഉണ്ടാകുമെന്ന് അറിയിപ്പ്.

✔ **2006 ഡിസംബർ 20 –** കേരളപ്പിറവിയുടെ അമ്പതാം വാർഷികത്തിന്റെ സ മാപനത്തോടനുബന്ധിച്ച് രാഷ്ട്രപതി എ.പി.ജെ അബ്ദുൾ കലാം തൃശ്ശൂരിൽ വന്നു, പ്രഖ്യാപനം ഉണ്ടായില്ല.

✔ **2006 ഡിസംബർ 21 –** ഇക്കാര്യം സൂചിപ്പിച്ച് മുഖ്യമന്ത്രിക്ക് ഫ്രണ്ട്സ് ഓഫ് സൂ കത്ത് അയയ്ക്കുന്നു.

✔ **2006 ഡിസംബർ 28 –** സന്നദ്ധ സംഘടന പ്രതിനിധികളുടെ യോഗം ഫ്രണ്ട്സ് ഓഫ് സൂ വിളിച്ചുചേർക്കുന്നു. മൃഗശാല ആധുനികവത്കരണം പങ്കാളിത്ത വികസനപദ്ധതിയാക്കണമെന്ന നിർദ്ദേശം രൂപപ്പെടുന്നു.

✔ **2007 ജനുവരി 9 –** ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി ജിജി തോംസൺ ഐ.എ.എസ് മൃഗശാല ആധുനികവത്കരണത്തിന്റെ സ്പെഷൽ ഓഫീസ റായി നിയോഗിക്കപ്പെട്ടു.

✔ **2007 ജനുവരി 29 –** റവന്യൂ മന്ത്രി കെ.പി. രാജേന്ദ്രൻ, രാജാജി മാത്യു തോമസ് എം.എൽ.എ, സ്പെഷൽ ഓഫീസർ ജിജി തോംസൺ എന്നിവർ നിർദ്ദിഷ്ട സ്ഥലം സന്ദർശിക്കുന്നു.

✔ **2007 മാർച്ച് –** വിദഗ്ധ സമിതി രൂപീകരിക്കുന്നു. ഡോ. എസ്.കെ. മുഖർജി ചെയർമാൻ.

✔ **2007 ഏപ്രിൽ –** മൃഗശാല ആധുനികവത്കരണത്തിനായി മൃഗശാല വകുപ്പ് അപേക്ഷ സമർപ്പിക്കുന്നു.

✔ **2007 നവംബർ –** സ്പെഷൽ ഓഫീസറുടെ ഓഫീസ് തൃശൂർ രാമനിലയത്തിൽ ഉദ്ഘാടനം.

✔ **2007 നവംബർ –** കേന്ദ്ര മൃഗശാല അതോറിറ്റി ഇവാലുവേഷൻ കമ്മിറ്റി അംഗം ബ്രിജേഷ് കിഷോർ ഗുപ്ത സ്ഥലം പരിശോധിക്കുന്നു.

✔ **2007 നവംബർ 13 –** കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ ഉത്തരവ് - വന മേഖലയിൽ മൃഗശാല സ്ഥാപിക്കുമ്പോൾ ബദൽ ഭൂമി നൽകേണ്ടതില്ല. (വനം വകുപ്പിന്റെ കാര്യത്തിൽ)

✔ **2007 ഡിസംബർ 25 –** ബദൽ ഭൂമി കൈമാറ്റം, മൃഗശാല സ്ഥാപന പ്രഖ്യാപനം - പുത്തൂരിൽ.

✔ **2007 ഡിസംബർ –** കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ ഉത്തരവ് (ബദൽ വനഭൂമി സംബന്ധിച്ച്) റദ്ദ് ചെയ്യുന്നു.

✔ **2008 ജനുവരി –** സംസ്ഥാന റവന്യൂ വകുപ്പ് നൽകിയ ബദൽ ഭൂമി നീലക്കുറിഞ്ഞി മേഖലയിൽ, നിലവിൽ വനംവകുപ്പിന്റെ ഉടമസ്ഥതയിൽ ഉള്ളതാണെന്ന് വനംവകുപ്പ് അറിയിപ്പ്.

✔ **2008 മാർച്ച് 20 –** മൃഗശാല ആധുനികവത്കരണം, സാദ്ധ്യതകൾ - ശില്പശാല / സംഘാടകർ ഫ്രണ്ട്സ് ഓഫ് സൂ.

✔ **2008 മാർച്ച് 25 –** സംസ്ഥാന വിദഗ്ധ സമിതി നിർദ്ദിഷ്ട സ്ഥലം സന്ദർശിക്കുന്നു. തുടർന്ന് തൃശൂർ രാമനിലയത്തിൽ അവലോകന യോഗം.

✔ **2008 ആഗസ്റ്റ് 4 –** വിദഗ്ധ സമിതി ചെയർമാൻ ഡോ. എസ്.കെ. മുഖർജിയും, ഡോ. ബി.സി. ചൗധരിയും നിർദ്ദിഷ്ട സ്ഥലം സന്ദർശിക്കുന്നു. ഡിജിറ്റൽ സർവ്വേയ്ക്ക് അുമതി നിഷേധിച്ച് വനംവകുപ്പ്.

✔ **2008 ആഗസ്റ്റ് –** നിർദ്ദിഷ്ട പ്രദേശം ഔഷധ ഉദ്യാന പ്രൊജക്ടിന്റെ സ്ഥലമാണെന്ന് പ്രഖ്യാപിച്ച് വനംവകുപ്പിന്റെ ബോർഡ് പ്രദർശിപ്പിച്ചു.

✔ **2008 സെപ്തംബർ 13 –** മന്ത്രിമാരായ കെ.പി. രാജേന്ദ്രൻ, എം.എ ബേബി എന്നിവർ നിർദ്ദിഷ്ട സ്ഥലം സന്ദർശിക്കുന്നു.

✔ **2008 സെപ്തംബർ –** ജിജി തോംസൺ സ്പെഷൽ ഓഫീസർ സ്ഥാനം ഒഴിഞ്ഞു. ഡെപ്യൂട്ടി കളക്ടർ പി.കെ. ജയശ്രീക്ക് താൽക്കാലിക ചുമതല.

✔ **2008 ഒക്ടോബർ 16 –** മുഖ്യമന്ത്രിക്ക് ഫ്രണ്ട്സ് ഓഫ് സൂ നിവേദനം (മുഴുവൻ സമയ സ്പെഷൽ ഓഫീസർ വേണം)

✔ **2008 ഒക്ടോബർ 22 –** റവന്യൂ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി സി. രഘുവിന് സ്പെഷൽ ഓഫീസറുടെ അധിക ചുമതല.

✔ **2009 ജനുവരി –** മൃഗശാല ആധുനികവൽക്കരണത്തിന് ക്രമപ്രകാരം അപേക്ഷ വനംവകുപ്പിന് ലഭിച്ചില്ല എന്ന് വനംവകുപ്പ് മന്ത്രി അറിയിച്ചു.

✔ **2009 മെയ് 16 –** തൃശ്ശൂരിലെ നിർദ്ദിഷ്ട സ്ഥലം സാംസ്കാരികവകുപ്പിന് കൈമാറാൻ സർക്കാർ തീരുമാനം.

✔ **2009 സെപ്തംബർ 29 –** നിർദ്ദിഷ്ട സ്ഥലത്ത് 50 ഏക്കർ സ്ഥലത്ത് മൃഗശാല സ്ഥാപിക്കാൻ സാംസ്കാരികവകുപ്പിന്റെ (മൃഗശാല വകുപ്പിന്റെ) നിർദ്ദേശം.

✔ **2010 ജൂൺ 5 –** പരിസ്ഥിതി ദിനം – തൃശ്ശൂർ മൃഗശാല പുത്തൂരിലേക്ക് മാറ്റുന്നതിന്റെ ഉദ്ഘാടനവും, ചുറ്റുമതിലിന്റെ ശിലാസ്ഥാപനവും മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ നിർവ്വഹിച്ചു.

✔ **2010 ജൂലായ് 23 –** കേന്ദ്രമന്ത്രി ജയറാം രമേശുമായി സംസാരിച്ച ശേഷം മന്ത്രി എം.എ ബേബിയുടെ അറിയിപ്പ് – ആധുനികവൽക്കരണത്തിന് അനുമതി വാക്കാൽ ലഭിച്ചു എന്ന്.

✔ **2010 ഒക്ടോബർ 4 –** ചർച്ചായോഗം – മൃഗശാല ആധുനികവൽക്കരണം; പ്രതീക്ഷകളും പ്രവർത്തനങ്ങളും – തൃശ്ശൂർ ഗാന്ധി പീസ് ഫൗണ്ടേഷൻ ഹാളിൽ.

✔ **2010 ഡിസംബർ 12 –** മൃഗശാല അധുനികവത്കരണത്തിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് മുഖ്യമന്ത്രിക്ക് ഫ്രണ്ട്സ് ഓഫ് സൂവിന്റെ തുറന്ന കത്ത്.

✔ **2011 ജനുവരി 28 –** കേന്ദ്ര മൃഗശാല ടെക്നിക്കൽ കമ്മിറ്റി നിർദ്ദിഷ്ട സ്ഥലം സന്ദർശിക്കുന്നു.

✔ **2011 ഫെബ്രുവരി –** ബജറ്റിൽ ഫണ്ട് വകയിരുത്തിയില്ല.

✔ **2011 മാർച്ച് –** ഫ്രണ്ട്സ് ഓഫ് സൂവിന്റെയും സർവ്വോദയ മണ്ഡലത്തിന്റെയും നേതൃത്വത്തിൽ തൃശ്ശൂരിൽ ചർച്ചായോഗം.

✔ **2011 മെയ് 9 –** തൃശ്ശൂരിൽ വിപുലമായ കൺവെൻഷൻ.

✔ **2011 മെയ് 17 –** മൃഗശാല ആധുനികവൽക്കരണം ചർച്ച ചെയ്യാൻ എം.പി. വിൻസെന്റ് എം.എൽ.എ. വിളിച്ചുചേർത്ത യോഗം തൃശ്ശൂർ രാമനിലയത്തിൽ.

✔ **2011 മെയ് 28 –** മുഖ്യമന്ത്രി ഉമ്മൻചാണ്ടിക്ക് ഫ്രണ്ട്സ് ഓഫ് സൂവിന്റെ നിവേദനം.

✔ **2011 ജൂലായ് 8 –** മൃഗശാല ആധുനികവൽക്കരണം സംബന്ധിച്ച് മുഖ്യ മന്ത്രി ഉമ്മൻചാണ്ടി തിരുവനന്തപുരത്ത് യോഗം വിളിച്ചു. മന്ത്രിമാരായ കെ.ബി. ഗണേഷ് കുമാർ, പി.കെ. ജയലക്ഷ്മി, സി.എൻ. ബാലകൃഷ്ണൻ, വകുപ്പ് സെക്രട്ടിമാർ, ഫ്രണ്ട്സ് ഓഫ് സൂ പ്രതിനിധികൾ എന്നിവർ പങ്കെടുത്തു. സുവോളജിക്കൽ പാർക്ക് നിർമ്മാണത്തിന്റെ ചുമതല വനംവകുപ്പിനെ ഏൽ പ്പിക്കാനും, തൃശ്ശൂർ മൃഗശാലയിലെ മൃഗങ്ങളെ അങ്ങോട്ട് മാറ്റാനും തീരുമാ നിച്ചു.

✔ **2011 ജൂലായ് 11 –** സർക്കാർ തീരുമാനത്തെ സ്വാഗതം ചെയ്തുകൊണ്ട് പുത്തൂരിൽ അഭിനന്ദന യോഗം. ഉദ്ഘാടനം – എം.പി. വിൻസെന്റ് എം. എൽ.എ.

✔ **2011 ജൂലായ് 25 –** വനംവകുപ്പ് മന്ത്രി കെ.ബി. ഗണേഷ് കുമാർ പുത്തൂ രിലെ സ്ഥലം സന്ദർശിക്കുന്നു.

✔ **2011 നവംബർ –** ആധുനിക മൃഗശാലയുടെ കരട് മാസ്റ്റർ പ്ലാൻ പ്രസിദ്ധീ കരിച്ചു.

✔ **2011 ഡിസംബർ 13 –** മന്ത്രി കെ.ബി. ഗണേഷ് കുമാറിന്റെ നേതൃത്വത്തിൽ സുവേളജിക്കൽ പാർക്കിനെക്കുറിച്ച് ചർച്ചചെയ്യാൻ തൃശ്ശൂർ രാമനിലയത്തിൽ യോഗം.

✔ **2012 ഫെബ്രുവരി 4 –** നടപടികൾ ത്വരിതപ്പെടുത്തണമെന്ന് അഭ്യർത്ഥിച്ച് മുഖ്യമന്ത്രിക്ക് ഫ്രണ്ട്സ് ഓഫ് സൂവിന്റെ കത്ത്.

✔ **2012 ഫെബ്രുവരി 24 –** തൃശ്ശൂർ മൃഗശാല പുത്തൂരിലേക്ക് മാറ്റി സ്ഥാപിക്കാൻ സർക്കാർ ഉത്തരവ് ഇറക്കി. വനംവകുപ്പിന്റെ തൃശ്ശൂർ ഡിവിഷനിൽ പട്ടിക്കാട് ഫോറസ്റ്റ് സ്റ്റേഷനിൽ പറവട്ടാനി റിസർവ്വിൽ പെടുന്ന സ്ഥലം – GD (MS) 16/20/2012 F & WLD 136.85 ഹെക്ടർ സ്ഥലം.

✔ **2012 മാർച്ച് 2 –** ആസ്ട്രേലിയൻ സൂ ഡിസൈനറായ ഡോൺ കോ പുത്തൂരിൽ നിർദ്ദിഷ്ട സ്ഥലം സന്ദർശിക്കുന്നു, പഠനം നടത്തുന്നു.

✔ **2012 മാർച്ച് 3 –** ആധുനുക മൃഗശാല സങ്കൽപ്പം – എന്ന വിഷയത്തിൽ ജോൺ കോയുടെ നേതൃത്വത്തിൽ സെമിനാർ – മണ്ണുത്തി ഫോറസ്ട്രി കോളേജിൽ.

✔ **2012 മാർച്ച് 9 –** ജോൺ കോ തയ്യാറാക്കിയ കരട് മാസ്റ്റർ പ്ലാൻ സംസ്ഥാന സർക്കാറിന് സമർപ്പിക്കുന്നു.

✔ **2012 മാർച്ച് –** കരട് മാസ്റ്റർ പ്ലാൻ ഉൾപ്പെടുത്തിക്കൊണ്ട് സംസ്ഥാന വനം വകുപ്പ് ഔദ്യോഗികമായി കേന്ദ്ര മൃഗശാല അതോറിറ്റിക്ക് അപേക്ഷ നൽകുന്നു.

✔ **2012 ജൂൺ 8 –** കേന്ദ്ര മൃഗശാല അതോറിറ്റിയുടെ (CZA) മെമ്പർ സെക്രട്ടറി ബി.എസ്. ബൊണാൾ ഐ.എഫ്.എസ് – പുത്തൂരിലെ നിർദ്ദിഷ്ട സ്ഥലം സന്ദർശിക്കുന്നു.

✔ **2012 ജൂൺ –** സി.എസ്. യേലാക്കി ഐ.എഫ്.എസ്. സ്പെഷൽ ഓഫീസറായി നിയമിക്കപ്പെട്ടു. (അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് – വിജിലൻസ്)

✔ **2012 ആഗസ്റ്റ് 25 –** സുവോളജിക്കൽ പാർക്കിനുള്ള മാസ്റ്റർ പ്ലാൻ കേന്ദ്ര മൃഗശാല അതോറിറ്റി അംഗീകരിച്ചു.

✔ **2012 ഒക്ടോബർ 15 –** സുവോളജിക്കൽ പാർക്കിന്റെ മാസ്റ്റർ പ്ലാൻ സംസ്ഥാന വനംവകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

✔ **2013 മാർച്ച് 16 –** സുവോളജിക്കൽ പാർക്കിന്റെ ശിലാസ്ഥാപനം മുഖ്യ മന്ത്രി ഉമ്മൻചാണ്ടി നിർവ്വഹിച്ചു.

✔ **2013 സെപ്തംബർ –** നിർമ്മാണപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തണമെന്ന് അഭ്യർത്ഥിച്ച് മുഖ്യമന്ത്രിക്ക് ഫ്രണ്ട്സ് ഓഫ് സൂ കത്ത് നൽകി.

✔ **2013 ഒക്ടോബർ 1 –** സുവോളജിക്കൽ പാർക്ക് സംബന്ധമായ കാര്യങ്ങൾ അവലോകനം ചെയ്യാൻ മുഖ്യമന്ത്രി തിരുവനന്തപുരത്ത് ഉന്നതതലയോഗം വിളിച്ചുകൂട്ടി ഫ്രണ്ട്സ് ഓഫ് സൂ പ്രതിനിധികളും പങ്കെടുത്തു.

✔ **2013 ഒക്ടോബർ 10 –** സുവോളജിക്കൽ പാർക്കിന്റെ നിർമ്മാണപ്രവർത്തന ത്തിനായുള്ള താൽപര്യം പ്രകടിപ്പിക്കൽ പത്രിക (EOI) ക്ഷണിച്ചു.

✔ **2014 ഫെബ്രുവരി 17 –** 2012ൽ തയ്യാറാക്കിയ 150.15 കോടിയുടെ പ്രാഥമിക എസ്റ്റിമേറ്റിന് ഭരണാനുമതി.

✔ **2014 മാർച്ച് 16 –** ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ കേരള സംസ്ഥാന പോലീസ് ഭവന നിർമ്മാണ കോർപ്പറേഷനെ ഏൽപ്പിക്കുന്നു. കോർപറേഷൻ മാനേജിംഗി ഡയറക്ടർ ഡോ. അലക്സാണ്ടർ ജേക്കബ് ഐ.പി.എസ്. പുത്തൂർ സന്ദർശിക്കുന്നു.

✔ **2015 മാർച്ച് 8 –** നിർമ്മാണപ്രവർത്തനം അവലോകനം – മുഖ്യമന്ത്രി യോഗം വിളിച്ചു.

✔ **2015 ജൂൺ 29 –** ജലശുദ്ധീകരണം തുടങ്ങിയ കാര്യങ്ങൾക്ക് ചെന്നൈ യിലെ വാഡിയ എഞ്ചിനീയറിംഗ് ഏജൻസിയെ ഏൽപ്പിക്കുന്നു.

✔ **2015 സെപ്തംബർ 30 –** പരിസ്ഥിതി ആഘാത പഠനത്തിന് കിറ്റ്കോയെ ഏൽപ്പിക്കുന്നു.

✔ **2015 ഡിസംബർ 18 –** തിരുവനന്തപുരത്ത് അവലോകന യോഗം.

✔ **2016 ജൂലായ് 8 –** ബജറ്റ് പ്രസംഗത്തിൽ സുവോളജിക്കൽ പാർക്ക് നിർമ്മാണ ഫണ്ട് കിഫ്ബിയിൽ നിന്ന് നൽകും എന്ന പ്രഖ്യാപനം.

✔ **2016 മാർച്ച് 17 –** പരിസ്ഥിതി അനുമതി ലഭിച്ചു.

✔ **2016 ഡിസംബർ 8 –** രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ കേന്ദ്ര പൊതു മരാമത്ത് വകുപ്പി(CPWD)നെ ഏൽപ്പിക്കുന്നു.

✔ **2016 ഡിസംബർ 17 –** നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തണം എന്ന് ആവ ശ്യപ്പെട്ടുകൊണ്ട് ഫ്രണ്ട്സ് ഓഫ് സൂ നിവേദനം നൽകുന്നു.

✔ **2017 ജനുവരി 11 –** അവലോകനയോഗം ചേരുന്നു.

✔ **2017 ഫെബ്രുവരി 20 –** സ്പെഷൽ ഓഫീസറുടെ ഓഫീസ് പുത്തൂരിൽ ആരംഭിക്കുന്നു.

✔ **2017 ഫെബ്രുവരി 21 –** CPWD യുമായി ധാരണാപത്രം (MOU) ഒപ്പുവയ് ക്കുന്നു.

✔ **2017 ഒക്ടോബർ 12 –** 130 കോടിയുടെ രണ്ടാം ഘട്ടത്തിന് ഭരണാനുമതി.

✔ **2018 ഫെബ്രുവരി 15 –** ഒന്നാം ഘട്ടത്തിലെ ആവാസ ഇടങ്ങളുടെ നിർമ്മാണ ഉദ്ഘാടനം വനംവകുപ്പ് മന്ത്രി അഡ്വ. കെ. രാജു നടത്തി.

✔ **2018 ഏപ്രിൽ 11 –** കലക്ടറുടെ ചേംബറിൽ യോഗം.

✔ **2018 ആഗസ്റ്റ് 8 –** 183.82 കോടി രൂപയ്ക്ക് ഭരണാനുമതി (ഘട്ടം 3)

✔ **2018 നവംബർ 3 –** വനംവകുപ്പ് മന്ത്രിക്ക് വിദ്യാർത്ഥികളുടെ സ്വീകരണം, നിർദ്ദേശ സമർപ്പണം.

✔ **2018 നവംബർ 28 –** ജലവിതരണ സംവിധാനം നിർമ്മാണ ചുമതല വാട്ടർ അതോറിറ്റിക്ക് നൽകി.

✔ **2018 ഡിസംബർ 19 –** കാറി, വെറ്റ്ലാന്റ് ഏറ്റെടുക്കാനുള്ള ഭരണാനുമതി.

✔ **2019 ഫെബ്രുവരി 13 –** വനഭൂമി ഉപയോഗിക്കുന്നതിന് കേന്ദ്ര വനംവകുപ്പ് – കാലാവസ്ഥാ വകുപ്പിന്റെ അനുമതി.

✔ **2019 മാർച്ച് 2 –** രണ്ടാംഘട്ട നിർമ്മാണപ്രവർത്തനങ്ങളുടെ ഉദ്ഘാടനം. വിദ്യാഭ്യാസമന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് നിർവ്വഹിച്ചു.

✔ **2019 മാർച്ച് 27 –** ടെൻഡർ പൂർത്തിയാക്കി.

✔ **2020 ജൂൺ 5 –** പരിസ്ഥിതി ദിനത്തിൽ വൃക്ഷത്തൈ നടീൽ ഉദ്ഘാടനം അഡ്വ. കെ. രാജൻ എം.എൽ.എ (ചീഫ് വിപ്പ്) നിർവ്വഹിച്ചു.

✔ **2021 ജനുവരി 1 –** വിലയിരുത്തൽ യോഗം.

✔ **2021 ഫെബ്രുവരി 13 –** ഒന്നാംഘട്ട നിർമ്മാണ പൂർത്തീകരണം ഉദ്ഘാടനം മന്ത്രി കെ. രാജു നിർവ്വഹിച്ചു.

✔ **2022 സെപ്തംബർ 21 –** റവന്യൂ മന്ത്രി അഡ്വ. കെ. രാജൻ സ്ഥലം സന്ദർശിച്ചു, വിലയിരുത്തൽ യോഗം നടന്നു.

✔ **2023 ഏപ്രിൽ 22 –** പെൺകടുവ വൈഗ എത്തുന്നു.

✔ **2023 ജൂൺ 8 –** വനംവകുപ്പ് മന്ത്രി എ.കെ. ശശീന്ദ്രന്റെ സന്ദർശനം – വിലയിരുത്തൽ.

✔ **2023 ജൂൺ 20 –** പാലക്കാട് നിന്ന് അവശനിലയിൽ പുലിക്കുട്ടിയെ ചികിത്സയ്ക്കായി കൊണ്ടുവരുന്നു.

✔ **2023 ജൂൺ 25 –** പെൺകടുവ ദുർഗ എത്തുന്നു.

✔ **2023 സെപ്തംബർ 6 –** തൃശ്ശൂരിൽ നിന്ന് പുത്തൂരിലേക്ക് മൃഗങ്ങളെ മാറ്റാൻ കേന്ദ്രമൃഗശാല അതോറിറ്റിയുടെ അനുമതി.

✔ **2023 ഒക്ടോബർ 2 –** തൃശ്ശൂരിൽനിന്ന് മൂന്ന് മയിലുകൾ എത്തി. സംസ്ഥാന വന്യജീവിവാരം ഉദ്ഘാടനം മന്ത്രി എ.കെ. ശശീന്ദ്രൻ നിർവ്വഹിച്ചു.

✔ **2023 ഡിസംബർ 9 –** ആൺ കടുവ രുദ്രൻ വയനാട്ടിൽനിന്ന് എത്തി.

✔ **2024 ജനുവരി 30 –** ആൺ കടുവ ധ്രുവൻ എത്തി.

✔ **2024 ഏപ്രിൽ 30 –** ഡോക്ടർമാരേയും ആവശ്യമായ സ്റ്റാഫിനേയും നിയമിക്കണം എന്ന് ഫ്രണ്ട്സ് ഓഫ് സൂ നിവേദനം.

✔ **2024 ആഗസ്റ്റ് 28 –** മുഴുവൻ സമയ ഡയറക്ടറെ നിയമിക്കണം – ഫ്രണ്ട്സ് ഓഫ് സൂ നിവേദനം.

✔ **2024 ഡിസംബർ 2 –** മുഴുവൻ സമയ ഡയറക്ടർ എത്തി.

✔ **2025 ആഗസ്റ്റ് 10 –** മാൻ സഫാരി പാർക്കിന്റെ നിർമ്മാണ ഉദ്ഘാടനം റവന്യൂ മന്ത്രി അഡ്വ. കെ. രാജൻ നിർവ്വഹിച്ചു.

✔ **2025 സെപ്തംബർ 26 –** ഹോളോഗ്രാം സൂവിന്റെ നിർമ്മാണ ഉദ്ഘാടനം മന്ത്രി അഡ്വ. കെ. രാജൻ നിർവ്വഹിച്ചു.

✔ **2025 ഒക്ടോബർ 18 –** ഉദ്ഘാടന ആഘോഷങ്ങളുടെ കൊടിയേറ്റം.

✔ **2025 ഒക്ടോബർ 21 –** പെറ്റിംഗ് സൂ നിർമ്മാണ ഉദ്ഘാടനം – സ്പീക്കർ എ.എൻ.ഷംസീർ.

✔ **2025 ഒക്ടോബർ 28 –** തൃശ്ശൂർ സുവോളജിക്കൽ പാർക്ക് : വന്യജീവി സംരക്ഷണ-ഗവേഷണ കേന്ദ്രം, പുത്തൂർ – ഉദ്ഘാടനം – ബഹുമാനപ്പെട്ട മുഖ്യ മന്ത്രി പിണറായി വിജയൻ.





എം.പീതാംബരൻ മാസ്റ്റർ

തൃശ്ശൂർ സുവോളജിക്കൽ പാർക്ക്

വന്യജീവി സംരക്ഷണ ഗവേഷണ കേന്ദ്രം, പുത്തൂർ

പരിശ്രമ ഘട്ടങ്ങൾ

സർവ്വോദയ ദർശൻ
തൃശ്ശൂർ : 680751
₹400